# മരുഭൂമിയിലെ പ്രവാചകൻ

കെ.എൽ. ഗൗബ

വിവർത്തനം:

ജമാൽ കൊച്ചങ്ങാടി

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

## പ്രസാധകക്കുറിപ്പ്

**മാ**നവചരിത്രത്തിന് പുതിയ താളവും ലയവും നൽകിയ അതുല്യ വ്യക്തിത്വമാണ് മുഹമ്മദ്നബി തിരുമേനി. വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ ആഗതരായ ലക്ഷത്തിലേറെ ദൈവദൂതന്മാരുടെ ശൃംഖലയിലെ സമാപ്തബിന്ദു. ഗ്രീക്ക് മിത്തോളജിയിൽ ദൈവവും മനുഷ്യനും താൽപര്യ സംഘട്ടനങ്ങളാൽ പരസ്പരം ഇടയുന്നതായി നാം കാണുന്നു. പുരോഗതിക്ക് സഹായകമാവുന്ന 'അഗ്നി' മനുഷ്യന് നൽകിയ പ്രൊമിത്യൂസിനെ, സിയുസ് ദേവൻ എക്കാലത്തേക്കും കഠിന ശിക്ഷയേൽക്കാൻ ശപിക്കുന്നു. എന്നാൽ, വിശുദ്ധ ഖുർആനാകട്ടെ, കാരുണ്യാതിരേകത്തോടെ പെരുമാറുന്ന സ്രഷ്ടാവിനെയാണ് പരിചയപ്പെടുത്തുന്നത്. ആത്മീയവും ഭൗതികവും ഐഹികവും പാരത്രികവുമായ വിജയത്തിനും വളർച്ചക്കും സന്ദിഗ്ധ ഘട്ടങ്ങളിൽ മാർഗദർശനം നൽകുന്നു അല്ലാഹു. ദശാസന്ധികളിൽ അനുസ്യൂതം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ദിവ്യകാരുണ്യത്തിന്റെ സമ്പൂർണ സാക്ഷാത്കാരം മുഹമ്മദ്നബിയിലൂടെ സ്ഥാപിതമായി. വിഖ്യാത ചരിത്രകാരനായിരുന്ന എച്ച്.ജി. വെൽസിന്റെ ഭാഷയിൽ, ഒട്ടകങ്ങളുടെ മൂക്കുകയറ് പിടിക്കാൻ മാത്രം അറിയാമായിരുന്നവരെ വിശ്വോത്തര നാഗരികതയുടെ ഉടമകളാക്കിയത് ഈ പ്രവാചകദൗത്യമായിരുന്നു. അക്കാലത്ത് ഇരുൾമുറ്റിനിന്ന ഭൂവിഭാഗങ്ങളെല്ലാം ആ പൊൻപ്രഭയിൽ പുളകമണിഞ്ഞു. പ്രസിദ്ധ അമേരിക്കൻ ഗവേഷകനായ മൈക്കിൾ എച്ച്. ഹാർട്ട്, ചരിത്രത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ നൂറ് വ്യക്തികളെക്കുറിച്ചെഴുതിയ കൃതിയിൽ ഒന്നാമതെണ്ണിയത് മുഹമ്മദ്നബിയെയാണെന്നത് യാദൃച്ഛികമല്ല. വിശുദ്ധ ഖുർആനിൽനിന്നുറവയെടുത്ത ഈ സാംസ്കാരിക രൂപവത്കരണം നബിതിരുമേനിയുടെ ജീവിതവുമായി ഇഴചേർന്നിരിക്കുന്നു. ഈ പരസ്പരാന്വയം അസാധാരണമായ ആഖ്യാനപാടവത്തോടെ വിവരിക്കുകയാണ് കെ.എൽ. ഗൗബ. ലാഹോറിലെ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകനായിരുന്ന ലാലാ ഹർകൃഷ്ണലാലിന്റെ പുത്രനായി പിറന്ന കന്യലാൽ ഗൗബ പിന്നീട് ഖാലിദ് ലത്വീഫ് ഗൗബയായി. നൂറോളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'പാസ്സീവ് വോയ്സ്' എന്ന കൃതിയാണ് അവസാനത്തേത്. പ്രഗൽഭനായൊരു നിയമ വിശാരദൻ

കൂടിയായിരുന്നു ഗൗബ. ഇന്ത്യൻ സുപ്രീം കോടതിയിൽ സീനിയർ വക്കീലായിരിക്കെയാണദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്.

പ്രവാചകജീവിതത്തെ ചരിത്രകാരന്റെ അക്കാദമിക ശൈലിയിൽ പകർത്താനല്ല ഈ ഗ്രന്ഥത്തിൽ ശ്രമിച്ചിട്ടുള്ളത്. ദൈവിക ബോധനത്തിന്റെ ആധാരത്തിൽ സമൂഹത്തിന്റെ ഭാഗധേയം കുറിച്ച പ്രവാചകന്റെ ജീവിതം ചേതോഹരമായി വിവരിക്കുകയാണിതിൽ. മൂലകൃതിയിൽ സാന്ദർഭികമായി ദൈവവചനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. പക്ഷേ, അവ വിശുദ്ധ ഖുർആന്റെ അക്ഷരംപ്രതിയുള്ള പാഠങ്ങളല്ല; ആശയങ്ങൾ മാത്രമാണ്. വിവർത്തനം ചെയ്തിരിക്കുന്നതും ഈ വാക്യങ്ങളാണ്. അവ്യക്തതയോ ആശയകാലുഷ്യമോ ഉണ്ടാക്കുന്ന ചില പ്രയോഗങ്ങളും ഭാഗങ്ങളും ഒഴിവാക്കിയിട്ടുണ്ട്. ചിലവ പരിഷ്കരിച്ചിട്ടുമുണ്ട്.

പ്രശസ്ത സാഹിത്യകാരനായ ജമാൽ കൊച്ചങ്ങാടിയാണ് ഇതിന്റെ മൊഴിമാറ്റം നിർവഹിച്ചത്.

## ഉള്ളടക്കം


1. ഒട്ടകക്കാരൻ 11
2. പ്രവാചകൻ 29
3. അഭയാർഥി 64
4. പരിഷ്കർത്താവ് 85
5. യോദ്ധാവ് 120
6. ജേതാവ് 137
7. മനുഷ്യൻ 170

ഒന്ന്

# ഒട്ടകക്കാരൻ

**ക**ടലിൽ ചെന്തളിക മുങ്ങിയതോടെ, മാനം പൊൻചേലയായി. മഴവിൽ നാളങ്ങൾ കുന്നുകൾക്കലകുവെച്ചു.

യസ്‌രിബിൽനിന്നുള്ള വഴി, മക്കാ താഴ്‌വരയിലേക്ക് പോകുന്ന വഴിയുമായി സന്ധിക്കുന്നിടത്തേക്ക് ഒരു സാർഥവാഹക സംഘം വരുന്നു. ഒറ്റനോട്ടത്തിൽ തിരിച്ചറിയാം, അത് വെറുമൊരു കച്ചവടസംഘമല്ലെന്ന്. സ്ഥാനചിഹ്നങ്ങളുടെ പ്രൗഢിയും മേത്തരം പടക്കുതിരകളുടെ പെരുമാറ്റരീതികളും തിളങ്ങുന്ന പല്ലക്കുകളോടുകൂടിയ സുശിക്ഷിതമായ ഒട്ടകങ്ങളുടെ കൂട്ടവും - ഒക്കെക്കൂടി കണ്ടാൽ അതിപ്രധാനമായ ഒരു ദൗത്യവുമായി ഏതോ അറബി നേതാവ് മക്കയിലേക്ക് പോവുകയാണെന്നു സ്പഷ്ടം.

നഗരത്തിലെ വിശാലമായ മൈതാനത്ത് ഒരഗ്നികുണ്ഡമെരിയുന്നു. അതിൽനിന്നു സർപ്പിളാകൃതിയിലുയരുന്ന ജ്വാലകൾ സാന്ദ്രമാകുന്ന സാന്ധ്യ ശോണിമയിലലിയുകയാണ്. സംഗീതവും ചിരിയും കൊണ്ടവിടം മുഖരിതമാണ്. ഒരു വലിയ വിരുന്നിനുള്ള ഒരുക്കം. അതിഥികൾ ഒറ്റക്കും കൂട്ടായും ഒട്ടകപ്പുറത്ത് വന്നുകൊണ്ടിരിക്കുന്നു. മരുഭൂമിയുടെ മക്കളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട, അപൂർവമായ ഒരവസരം.

അതിഥികൾ തീയ്ക്ക് ചുറ്റും തിന്നാനിരിക്കുകയായി. അറബികളുടെ സൽക്കാരപ്രിയം പ്രകടമാകുംവിധം വേണ്ടത്ര വിഭവങ്ങൾ. വലിയ താമ്പാലങ്ങളിൽ ചോറും ആട്ടിറച്ചിയും. പലതരത്തിലുള്ള ഇറച്ചിക്കറികൾ നിറഞ്ഞ പാത്രങ്ങൾ. നല്ല ചൂടും കടുപ്പവുമുള്ള കട്ടൻചായയും കുരുമുളകിട്ട കാപ്പിയും. ഇരുനൂറിലേറെയുണ്ട് വിരുന്നുകാർ - പല പ്രായങ്ങളിലും പദവികളിലുമുള്ളവർ. ഗോത്രത്തലവന്മാർ മുതൽ ബദുക്കൾ വരെയുണ്ട്. നഗര ഭരണാധികാരികൾ മുതൽ എളിമയാർന്ന കച്ചവടക്കാർ

വരെ. ഖുറൈശി പ്രമാണിമാരുണ്ട്, സൈനിക തലവന്മാരുണ്ട്; ഹുബ്ൽ ക്ഷേത്രത്തിലെ പ്രഭാഷകരുണ്ട്. അവർ വലിച്ചുവിട്ട പുക-ചുവപ്പും നീലയും കുങ്കുമവും മഞ്ഞയും-നിറങ്ങളുടെ സമ്മിശ്ര കാഴ്ചയായി. മുൻവശത്ത് അല്ലെങ്കിൽ പാർശ്വഭാഗത്ത് ഭംഗിയായി കെട്ടിയിട്ട, എതിർവർണങ്ങളിലുള്ള ഉത്തരീയങ്ങൾ അരക്കെട്ടിനു താഴെ വീണുകിടക്കുന്നു. ആകർഷകമായ തലപ്പാവുകൾ, ആദരണീയരായ യോദ്ധാക്കളെ പട്ടണ പ്പരിഷ്കാരങ്ങൾ പിന്തുടരുന്നവരിൽനിന്ന് വിഭിന്നരാക്കുന്നു.

മക്കയിൽ നടക്കാവുന്ന ശ്രദ്ധേയമായ ഒരൊത്തുകൂടൽ തന്നെയായിരുന്നു അത്. ആതിഥേയൻ അബ്ദുൽ മുത്ത്വലിബ്, അറേബ്യയിൽ ഏറ്റവും പ്രധാനപ്പെട്ട ദേവാലയത്തിന്റെ, കഅ്ബയുടെ ഊരാളൻ. ഈ രാവിൽ അബ്ദുൽ മുത്ത്വലിബ് സുസ്മേരവദനനാണ്, അദ്ദേഹം സന്തുഷ്ടനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അതിഥികൾക്ക് എന്തു വേണമെന്ന് തിരക്കുന്നു. തമാശ പറയുന്നു; ചിരിക്കുന്നു; വിരുന്ന് ഉല്ലാസപ്രദമാക്കിത്തീർക്കുന്നു. അദ്ദേഹത്തിന്റെ ഉയരവും ശരീരഘടനയും വെച്ചുനോക്കുമ്പോൾ മരുഭൂമിയിലെ രാജകുമാരന്മാർക്കിടയിൽ മറ്റൊരു രാജകുമാരനെന്ന് കാണാൻ വിഷമമില്ല. കാര്യപ്രാപ്തിയുള്ളവനെന്ന് ഒറ്റനോട്ടത്തിൽ വ്യക്തം. തീക്ഷ്ണ ദൃഷ്ടികളും വിശാലമായ നെറ്റിയും സുദൃഢ വക്ത്രത്തിനു മീതെ നീണ്ട് അഴകാർന്ന നാസികയും അദ്ദേഹം കുലീനനായ ഒരു അറബ് കുടുംബക്കാരനെന്നു വിളിച്ചോതുന്നു.

'ഞാനവനു മുഹമ്മദ് എന്നു പേരിട്ടു' അബ്ദുൽ മുത്ത്വലിബ് പറഞ്ഞു. ഒരു കറുത്ത അടിമ എടുത്തുകൊണ്ട് അവിടെയെങ്ങും നടക്കുകയായിരുന്ന ഇളംപൈതലിനെക്കുറിച്ച്, അതിഥികൾ ചോദിച്ചതിനു മറുപടി പറയുകയായിരുന്നു അദ്ദേഹം.

'മുഹമ്മദ് എന്ന് എന്തിനു പേരിടണം?' അവർ ചോദിച്ചു. 'നിങ്ങളുടെ മഹത്തായ കുടുംബത്തിൽനിന്നുതന്നെ എന്തുകൊണ്ടൊരു പേരിട്ടുകൂടാ?' ഹാശിം, അബ്ദുമനാഫ്, കിലാബ്, ലുഅയ്യ്, ഗാലിബ്, മുദ്‌രിക, നള്ർ, അദ്നാൻ, ഉദദ്, നാബിത്, ഇസ്മാഈൽ, ഇബ്റാഹീം.... ഇവയിൽനിന്ന് മാനമുള്ളൊരു പേരെടുക്കാവുന്നതല്ലേയുള്ളൂ അബ്ദുൽ മുത്ത്വലിബിന്. 'അതെന്താണെന്നോ?' തുടുത്തുരുണ്ട കവിളുകളെ വാത്സല്യപൂർവം തഴുകിക്കൊണ്ട് അബ്ദുൽ മുത്ത്വലിബ് പറഞ്ഞു: 'ഞാനിപ്പോ ഇവന്നിട്ട പേര് മഹത്താണെന്ന് ഒരുനാൾ തെളിയും. എനിക്കങ്ങനെ തോന്നുന്നു.'

അബ്ദുൽ മുത്ത്വലിബിനെ ഇത്രമാത്രം സന്തുഷ്ടനായി അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഇതിനുമുമ്പ് കണ്ടിട്ടില്ല. ആണും പെണ്ണുമായി അദ്ദേഹത്തിനു മക്കൾ പതിനെട്ടുണ്ടെന്നാണു ചിലർ പറയുന്നത്. എന്നാൽ, ഏറ്റവുമിഷ്ടം അബ്ദുല്ലയെയായിരുന്നു. അബ്ദുല്ലയോടുള്ള അതിരറ്റ വാത്സല്യം കാരണം, ഇബ്റാഹീമിനെപ്പോലെ, ആ പുത്രനെ കഅ്ബയിലെ വിഗ്രഹങ്ങൾക്കു മുമ്പാകെ ബലിയർപ്പിക്കാൻ പോലും അദ്ദേഹം

പ്രതിജ്ഞയെടുത്തതാണ്. ദേവന്മാർക്ക് അബ്ദുല്ലയെ ബലിയർപ്പിക്കുന്നതിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ഖുറൈശിത്തലവന്മാർക്കേ കഴിഞ്ഞുള്ളൂ. അതിനുപകരം നൂറ് ഒട്ടകത്തെയാണറുത്തത്. കൊച്ചു മുഹമ്മദിൽ, അവന്റെ പിതാവിന്റെ സൗമ്യവും ലജ്ജാഭരിതവുമായ കണ്ണുകളും മറ്റംഗസാദൃശ്യങ്ങളും അദ്ദേഹം ദർശിച്ചിരുന്നു. അബ്ദുല്ലയുടെ മോൻ ഒരുനാൾ, ഗോത്രക്കാർക്കിടയിൽ വലിയ വലിയ ഒരാളായിത്തീരും. കഅ്ബയുടെ ഭരണത്തിൽ തന്റെ പിൻഗാമിയാകും – ഈ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സൂചനയായിട്ടാണ് അദ്ദേഹം അവനെ 'മുഹമ്മദ്' എന്നു വിളിച്ചത്. രാവേറെ ചെല്ലുവോളം സദ്യവട്ടം നീണ്ടുനിന്നു. ദഫ്ഫിന്റെ സംഗീതവും പാട്ടും ചിരിയുമൊക്കെ ആമിന കേൾക്കുന്നുണ്ടായിരുന്നു. താരപ്രശോഭിതമായ, തെളിഞ്ഞ ആകാശത്തിനു ചോട്ടിൽ കിടന്ന് അവളോർത്തു: ഇതുപോലൊരു രാത്രിയാണ് നജ്ജാർ ഗോത്രത്തിൽ നിന്ന് കുലീനമായ ഖുറൈശി കുടുംബത്തിലേക്ക് താൻ പുതുപെണ്ണായി വന്നത്; ഏതാനും മാസങ്ങൾക്ക് മുമ്പുമാത്രം.

ഇന്നവൾ വിധവയാണ്. ഒരിളം പൈതൽ മാറോടു ചേർന്നുകിടന്ന് മുല ഈമ്പിക്കുടിക്കുന്നു; അവളവനെ തന്നോട് കൂടുതൽ ചേർത്തുപിടിക്കുന്നു. എല്ലാ കുഞ്ഞുങ്ങളും അമ്മക്ക് കൺമണി തന്നെ. പക്ഷേ, ആദ്യത്തെ കനിയേക്കാൾ മധുരതരമായി മറ്റൊന്നുമില്ല.

# 2

എന്നാൽ, ആമിനയുടെ ഹൃദയം പറഞ്ഞു: മാന്യനും സുമുഖനുമായ അബ്ദുല്ല തന്റെ ജീവിതത്തിൽ ഉണ്ടാക്കിയിട്ടുപോയ ശൂന്യത നികത്താൻ ഒരാഹ്ലാദത്തിനും കഴിയില്ല. ഒരുപക്ഷേ, ഭാവിയുടെ സ്ഫടികച്ചില്ലിലൂടെ നോക്കാൻ കഴിഞ്ഞിരുന്നെങ്കിൽ തന്റെ അരുമയായ മുഹമ്മദിൽ ഒരു മഹാനിയോഗം ദർശിക്കാൻ ആമിനക്ക് കഴിയുമായിരുന്നേനെ. അങ്ങനെ തന്റെ നഷ്ടത്തിലുള്ള നൊമ്പരം കുറക്കാനും. അബ്റഹത്തിനും സൈന്യത്തിനും ഉണ്ടായ പരാജയം, ഈ കുഞ്ഞിന്റെ ജനനസമയത്തായത് യാദൃച്ഛികമെങ്കിലും സത്യമാണ്.* ഇക്കാലത്തുതന്നെ പ്രകൃതിയുടെ അസാധാരണമായ ദൃഷ്ടാന്തങ്ങൾ മക്കയിൽ കേൾക്കാനിടയായി–ഖോസ്റോസ് കൊട്ടാരത്തിലെ നാലു ഗോപുരങ്ങൾ നിലംപതിപ്പിച്ച ഭയങ്കര ഭൂമികുലുക്കമുണ്ടായി; മണലാരണ്യത്തിന്റെ ആകാശത്തിൽ അസാധാരണമായ ഒരു നക്ഷത്രം കാണായി. ഒരായിരമാണ്ടോളം കത്തിനിന്നിരുന്ന മജൂസികളുടെ** വിശുദ്ധാഗ്നി അണഞ്ഞു; സാവാ തടാകം പൊടുന്നനെ വരണ്ടുപോയി.

---

* ക്രിസ്ത്യാനികൾ മക്കയെ ആക്രമിച്ച 'ആനക്കലഹം' എന്ന ചരിത്രസംഭവമാണിവിടെ സൂചിപ്പിക്കുന്നത് (വിവ.)

** അഗ്നിപൂജകർ

ഈ സംഭവങ്ങൾ അശുഭ നിമിത്തങ്ങളാവണമെന്നില്ല, അവ യാദൃച്ഛികം മാത്രമാവാം. നമ്മുടെ അന്ധവിശ്വാസത്തെയും വിശ്വാസ്യതയെയും നോക്കി യുക്തിവാദിയായ ചരിത്രകാരൻ മന്ദഹസിച്ചെന്നും വരാം. എന്നാൽ, അറേബ്യയിൽ ചിതറിക്കിടന്നിരുന്ന ഗോത്രങ്ങളെ ഒരു വലിയ സാമ്രാജ്യമാക്കി വാർത്തെടുക്കാൻ വരുന്ന, വരുംകാലത്തിനു മുഴുവൻ പ്രചോദകമായ സന്ദേശവുമായി വരുന്ന അനശ്വരനായ ഒരാളുടെ നിയോഗത്തിലേക്ക് ദൈവം വിരൽ ചൂണ്ടുകയായിരുന്നില്ല ഈ ദൃഷ്ടാന്തങ്ങളിലൂടെയെന്ന് ആർക്ക് തീർത്തു പറയാനാവും?

മുഹമ്മദിന്റെ നിയോഗത്തെക്കുറിച്ച് അന്നത്തെ മക്കക്ക് ഒന്നുമറിയില്ല, എന്നാൽ അതിന്റെ തലവന്മാർക്കും പോരാളികൾക്കും ഒന്നറിയാം; അവൻ ഖുറൈശിനേതാവ് അബ്ദുൽ മുത്ത്വലിബിന്റെ പേരക്കിടാവാണെന്ന്. അബ്ദുൽ മുത്ത്വലിബിനു വയസ്സുകാലത്തു കിട്ടിയ വെളിച്ചമാണവൻ. പലപ്പോഴും അവനെ ഉപ്പൂപ്പായുടെ കൈകളിൽ കാണാം. അദ്ദേഹത്തിന്റെ മുഖത്ത് തെരുപ്പിടിച്ച് അവൻ കളിക്കും. അന്യരെ കണ്ടാൽ നാണത്തോടെ സ്വയം ഒളിക്കും. പിതൃവ്യന്മാർക്ക്, പ്രത്യേകിച്ച് അബൂത്വാലിബിനും ഹംസക്കും അവനെ വലിയ ഇഷ്ടമാണ്. പിതാവിന്റെ സ്നേഹം അറിഞ്ഞിട്ടേയില്ലാത്ത കുട്ടി. നാട്ടാചാരം, ഒരുമ്മയുടെ പരിചരണവും അവന്നു നഷ്ടപ്പെടുത്തി. ഏതാനും മാസമേ പെറ്റുമ്മയുടെ മുലകുടിച്ചുള്ളൂ. കുറച്ചു ദിവസം അബ്ദുൽ മുത്ത്വലിബിന്റെ കുടുംബത്തിൽപെട്ട ഒരടിമപ്പെണ്ണിന്റെ, ഥുവൈബിയയുടെ മുലകുടിച്ചു. അറബികളുടെ ആചാരമനുസരിച്ച്, ഏതാനും മാസമായപ്പോൾ അവനെ പോറ്റാൻ ഹലീമയെ ഏൽപിച്ചു; ബനൂസഅ്ദ് ഗോത്രത്തിലെ ഒരു ഗ്രാമീണ സ്ത്രീയെ. അറേബ്യയുടെ ധീരപുത്രന്മാരെ പോറ്റുന്ന മുലപ്പാൽ കുടിച്ചാണിപ്പോൾ മുഹമ്മദ് വളരുന്നത്.

അബ്ദുൽ മുത്ത്വലിബ് ശക്തി-പ്രതാപങ്ങളുടെ ഉച്ചിയിലെത്തിനിൽക്കുന്ന കാലമായിരുന്നു അത്. ദേവാലയത്തിലെ കൈക്കാരനായിട്ട് പതിറ്റാണ്ടുകൾ അഞ്ചു കഴിഞ്ഞു. ഇപ്പോൾ മക്കയുടെ മുഴുവൻ നായകനാണ്. പത്തു പ്രമാണിമാരടങ്ങുന്ന പ്രഭുജനാധിപത്യത്തിലധിഷ്ഠിതമായിരുന്നു നഗരഭരണം. ഖുസയ്യ് കുടുംബത്തിൽനിന്ന് നിശ്ചയിക്കപ്പെട്ടവരായിരുന്നു ഇവർ. നഗരത്തിലെ മതപരവും രാഷ്ട്രീയവുമായ എല്ലാ സുപ്രധാന പരിപാടികളുടെയും നിയന്ത്രണം ഇവർക്കായിരുന്നു. ഓരോരുത്തർക്കും അധികാരം വിഭജിച്ച് നൽകപ്പെട്ടു. കഅ്ബയുടെ താക്കോൽ സൂക്ഷിക്കേണ്ട ചുമതല അബ്ദുദ്ദാർ കുടുംബത്തിന്, സംസം കിണറുകളുടെ നിയന്ത്രണം ഹാശിം കുടുംബത്തിന്, സിവിലും ക്രിമിനലുമായ എല്ലാ കേസുകളിലും തീർപ്പു കൽപിക്കേണ്ടിയിരുന്നത് തൈമുബ്നു മുർറ കുടുംബക്കാർ. പട്ടാളത്തിന്റെ നേതൃത്വം, അയൽ ഗോത്രങ്ങളുമായുള്ള ബന്ധം, ഇവയുൾപ്പെടെ മറ്റു ചുമതലകൾ ഖുറൈശികൾ കൈകാര്യം ചെയ്തു.

അവകാശാധികാരങ്ങൾ ഇങ്ങനെ വികേന്ദ്രീകരിച്ചിരുന്നുവെങ്കിലും അബ്ദുൽ മുത്ത്വലിബിന്റെ പ്രായവും വ്യക്തിത്വവും സ്വാധീനവും അദ്ദേഹത്തെ ഈ നഗരഭരണാധിപന്മാരുടെ മുഴുവൻ നേതാവാക്കി - അതുവഴി അറേബ്യയുടെ മുഴുവനും. കാരണം, മക്ക അന്നറിയപ്പെട്ടിരുന്നത് 'ഉമ്മുൽ ഖുറാ' (നഗരങ്ങളുടെ മാതാവ്) എന്നായിരുന്നുവല്ലോ.

മക്ക സ്ഥിതിചെയ്തിരുന്നത് തരിശായ താഴ്‌വാരത്തിലായിരുന്നു. ഈന്തപ്പഴ കൃഷിയോ ഉറവകളോ കിണറുകളോ തോട്ടങ്ങളോ പഴത്തോപ്പുകളോ ഇല്ലാത്ത നഗരം. എങ്കിലും പച്ചപ്പ് തീരേ നഷ്ടപ്പെട്ടിട്ടില്ല. ഓർമകൾക്കപ്പുറമുള്ള കാലം തൊട്ടേ മരുഭൂമിയിലൂടെ പോകുന്ന സാർഥവാഹക സംഘങ്ങൾക്ക് പ്രയാണപഥങ്ങളുടെ മർമപ്രധാന കേന്ദ്രമായിരുന്നു മക്ക. സുഗന്ധധൂമങ്ങൾ, മൃഗചർമങ്ങൾ, പഴവർഗങ്ങൾ, തുണിത്തരങ്ങൾ, പുതപ്പുകൾ, യമനിൽനിന്നുള്ള തുകൽ സാധനങ്ങൾ, അബ്സീനിയയിൽനിന്നുള്ള ആനക്കൊമ്പുകൾ, ദമാസ്കസിൽനിന്നുള്ള സുന്ദരികൾ, ഈജിപ്തിൽ നിന്നുള്ള അടിമകൾ. എന്നാൽ വ്യാപാരകേന്ദ്രം മാത്രമായിരുന്നില്ല മക്ക. രണ്ടാമതൊരു സവിശേഷത കൂടിയുണ്ടായിരുന്നു അതിന്. ഹിംസാരഹിതമായ പ്രദേശം - ഹറം - എന്ന നിലയിലത് പവിത്രമാക്കപ്പെട്ടിരുന്നു.

കഅ്ബക്കു ചുറ്റുമായിട്ടാണ് നഗരം കിടക്കുന്നത്. മക്കയിലെ അഭിജാത ഭവനങ്ങൾ, അതിന്റെ ചുമരുകളോട് ചേർന്നുനിൽക്കുന്നു. വാസ്തുശിൽപ കലാപരമായി കഅ്ബ അത്ര ആകർഷകമായ സ്മാരകമൊന്നുമല്ല. തുറന്ന മതിലുകളോടു കൂടിയ പരുക്കൻ കെട്ടിടം. ജാലകങ്ങളില്ല, വാതിലിലൂടെ അരിച്ചരിച്ച് കടന്നുവരുന്ന വെളിച്ചം മാത്രം. ഏകദൈവ മഹത്വത്തെ വാഴ്ത്താൻ ഇബ്റാഹീമും മകൻ ഇസ്മാഈലും പടുത്തുയർത്തിയതാണ് എന്നൊരു പാരമ്പര്യമുണ്ടതിന്. ജറൂസലം ദേവാലയത്തിന് ആയിരമായിരം വർഷം മുമ്പ്, ക്രിസ്തുവിനു രണ്ടായിരം വർഷം മുമ്പാണിത് സ്ഥാപിതമായതെന്ന് ചരിത്രകാരന്മാർ കണക്കാക്കുന്നു. കഅ്ബയെന്നത് സൂചിപ്പിക്കുന്നത് ഒരു ചതുരത്തെയാകുന്നു; അതിൽനിന്നാണ് ഈ അഭയകേന്ദ്രത്തിന് ഇപ്പേർ (ഹറം) വന്നുകൂടിയത്. ഈ ആരാധനാലയം പടുത്തുയർത്തിയവർക്ക് വാസ്തുശിൽപവിദ്യാപരമായ കുറേ പ്രശ്നങ്ങളെങ്കിലും തരണം ചെയ്യാനുണ്ടായിരിക്കണം. യാതൊരു മോടിയുമില്ലാത്ത, ഋജുവായ നാലു ചുമരുകളുയർത്തുകയെന്നതിൽ പരിമിതമായിരുന്നു അവരുടെ കഴിവുകൾ.

അനേകം വിഗ്രഹങ്ങൾ. രാപ്പകലില്ലാതെ എപ്പോഴും കഅ്ബയിൽ വന്നു കൂടിയ ഭക്തജനങ്ങളെ സഹതാപപൂർവം നോക്കുന്ന കുടവയറനായ ഒരു ദേവൻ -ഹുബ്ൽ- ആയിരുന്നു അവയിൽ പ്രധാനി. തീർഥാടനകാലത്തെ വാർഷികമേളകൾക്ക് ദൂരസ്ഥലങ്ങളിൽനിന്ന് എത്തിച്ചേരാറുള്ള വിവിധ കച്ചവട സമൂഹങ്ങൾക്ക് പ്രത്യേകം ആരാധനാവിഗ്രഹങ്ങ

ളുണ്ടായിരുന്നു. ഉണ്ണിയേശുവിനെ എടുത്തുനിൽക്കുന്ന കന്യാമേരിയുടെ ബിംബവുമുണ്ട് കൂട്ടത്തിൽ. അങ്ങനെ യഹൂദരും ക്രിസ്ത്യാനികളും മജൂസികളും കഅ്ബയിൽ തങ്ങളുടെ വിശ്വാസചിഹ്നങ്ങൾ കണ്ടെത്തി.

കഅ്ബയുടെ പവിത്രത പരക്കെ അംഗീകരിക്കപ്പെട്ടതാണ്. അതുകൊണ്ടുതന്നെ, അതിന്റെ ഭരണഭാരം ഖുറൈശികൾക്ക് മറ്റു ഗോത്രങ്ങൾക്കിടയിൽ മതപരമായ അധീശത്വം നേടിക്കൊടുത്തു. വിഗ്രഹദൈവങ്ങൾക്ക് നിവേദ്യമായർപ്പിക്കപ്പെട്ട സ്വർണവും വെള്ളിയും ഉൾപ്പെടെ അനേകം വിലപിടിച്ച ദ്രവ്യങ്ങൾ കൈകാര്യം ചെയ്യേണ്ടത് അവരായിരുന്നു. ക്ഷേത്രത്തിന്റെ താക്കോലുകൾ ആദ്യം സൂക്ഷിച്ചിരുന്നത് യമൻ ഭരണാധികാരികൾ നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥന്മാരായിരുന്നുവെങ്കിലും ഒരിക്കൽ ഈ അവകാശം കൈയിൽ വന്നുചേർന്നപ്പോൾ ഖുറൈശികൾ പിന്നെ അത് കൈവിട്ടില്ല. അബ്റഹത്തിന്റെ നേതൃത്വത്തിൽ വന്നവർ ആക്രമിച്ചപ്പോഴും, തങ്ങളുടെ തന്നെ വിഗ്രഹപൂജകരായ നാട്ടുകാർ ആക്രമിച്ചപ്പോഴും അതിനെയെല്ലാം വിജയകരമായി അവർ ചെറുത്തുനിന്നു. ആത്മവിശ്വാസമുള്ളവരായിരുന്നു ഖുറൈശികൾ; അതുകൊണ്ട് ദേവാലയഭരണം അവരിൽനിന്നെടുക്കപ്പെട്ടില്ല. അബ്റഹത്തും സംഘവും മക്കയെ ആക്രമിച്ച് അബ്ദുൽ മുത്ത്വലിബിന്റെ ഒട്ടകങ്ങളെ പിടികൂടിയപ്പോൾ, മക്കയുടെ ആ അപോസ്തലൻ, കഅ്ബയുടെ സുരക്ഷിതത്വത്തേക്കാൾ അസ്വസ്ഥനായത് സ്വന്തം മുതലിന്റെ കാര്യത്തിലാണ്. അബ്ദുൽ മുത്ത്വലിബ് തന്റെ ഒട്ടകങ്ങളെ തിരിച്ചുനൽകണമെന്നാവശ്യപ്പെട്ടപ്പോൾ അബ്റഹത്ത് ചോദിച്ചു: 'സ്വന്തം കാലികളുടെ കാര്യത്തിലാണല്ലോ കഅ്ബയേക്കാൾ നിങ്ങൾക്ക് ഉൽക്കണ്ഠ!' അബ്ദുൽ മുത്ത്വലിബ് മറുപടിയോതി: 'ശരിയാണ്; എന്റെ ഒട്ടകങ്ങളെ ഓർത്താണ് എനിക്ക് വിഷമം. ഞാനാണല്ലോ അവയുടെ ഉടമസ്ഥൻ. കഅ്ബയുടെ കാര്യം അതിന്റെ ഉടമസ്ഥൻ നോക്കിക്കൊള്ളും.'

അബ്റഹത്ത് നശിപ്പിക്കാനാഗ്രഹിച്ച കഅ്ബാ ദേവാലയം പരമ്പരാഗതമായി അങ്ങേയറ്റം പരിശുദ്ധി കൽപിക്കപ്പെട്ട ഒന്നായിരുന്നു. അറബിവംശജർക്ക് യഹോവ നൽകിയ സമ്മാനമാണതെന്ന നിലക്കാണ് അവരതിനെ നോക്കിക്കണ്ടിരുന്നത്. അത് ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും ആരാധനാഗേഹമാണ്; അല്ലാഹുവിന്റെ ഭവനമാണ്; മുന്നൂറ്ററുപത് വിഗ്രഹങ്ങളുടെ പുണ്യാലയമാണ്; രാജ്യത്തെ സർവേശ്വരക്ഷേത്രമാണ്. നാട്ടുകാരുടെ ഇഷ്ടപാരമ്പര്യങ്ങളുടെ കേന്ദ്രം. പൊതു തീർഥാടനകേന്ദ്രം. അറബികൾ ഒന്നിക്കുകയാണെങ്കിൽ, അവരതിനെ അലങ്കരിക്കും; മനോഹരമാക്കും; ലോകത്തിലെ മറ്റേതൊരു സ്മാരകത്തേക്കാളും സമ്പന്നമാക്കും. സാബിഉകളും അഗ്നിപൂജകരും അവിടെ നിവേദ്യമർപ്പിച്ചു; യഹൂദർ അഗാധമായ ഭക്തി പ്രകടിപ്പിച്ചു; ചൈനയിലെയും ഇന്ത്യയിലെയും വ്യാപാരികൾ ആദരവ് പ്രകടിപ്പിച്ചു. ക്രിസ്ത്യാനികൾ

മാത്രമാണ് അസൂയയും വിഷണ്ണതയും പ്രദർശിപ്പിച്ചത്.

# 3

കാലത്തിന്റെ മൺതരികൾ അതിവേഗം പൊഴിഞ്ഞുകൊണ്ടിരുന്നു.

മക്കയുടെ അന്തരീക്ഷം, അതിന്റെ പവിത്രത എന്തുതന്നെയായിരുന്നാലും, ഇപ്പോൾ അത്ര ഹിതകരമല്ല. ഹലീമയിൽ പോറ്റാനേൽപിക്കപ്പെട്ട മുഹമ്മദ്, സഅ്ദ് ഗോത്രക്കാർക്കിടയിൽ വളർന്നുവന്നു - ഗോത്രത്തിലെ മറ്റേതൊരു കുഞ്ഞിനെയും പോലെ. ആദ്യമാദ്യം പോറ്റുമ്മയുടെ മുല ഈമ്പിക്കുടിച്ചു; പാലു കിട്ടാതാവുമ്പോൾ പ്രതിഷേധത്തോടെ ചീറിക്കരഞ്ഞു. പിന്നെ, വെട്ടുകിളി വേവിച്ചതിന്റെ ചാറിന്മേൽ ചുണ്ടുകൾ വെച്ച് ഒച്ചയുണ്ടാക്കുകയോ പതമുള്ള ഒരു കഷ്ണം റൊട്ടി ഞൊട്ടിനുണയുകയോ ചെയ്തു. തന്റെ പ്രായക്കാരായ മറ്റു കുട്ടികളെപ്പോലെ മണ്ണിൽ കളിക്കുകയും മണ്ണപ്പമുണ്ടാക്കുകയും ചെയ്തു. നഗ്നശീർഷനും നഗ്നപാദനുമായ, താണ ഉടുപ്പണിഞ്ഞ ആ കുട്ടിക്ക്, ഗ്രാമത്തിലെ മറ്റു സാധാരണ കുട്ടികളിൽനിന്ന് വ്യതിരിക്തമായ എന്തെങ്കിലും പ്രത്യേകതകൾ തോന്നിച്ചില്ല. എന്നിരുന്നാലും മുഹമ്മദിനെ ഹലീമ സ്നേഹിച്ചു, മുഹമ്മദിനോളം പ്രായമുള്ള തന്റെ മകനെപ്പോലെത്തന്നെ അവരവനെയും കരുതി. സ്നേഹത്തിന്റെ വല നെയ്യാൻ ആറു വർഷം തന്നെ നീണ്ടൊരു കാലയളവാണ്. ഹലീമയുടെ മനസ്സിൽ മുഹമ്മദിനോട് അത്രമാത്രം സ്നേഹവായ്പാണുണ്ടായിരുന്നത്. അവനെ തിരിച്ചുകൊണ്ടുപോകാൻ ഉപ്പൂപ്പ ആളെ അയച്ചപ്പോൾ അവർ കരഞ്ഞുപോയി.

ഹലീമയെ ഏൽപിക്കുമ്പോൾ മുഹമ്മദ്, അശുവായ ഒരു പിഞ്ചുപൈതലായിരുന്നുവെങ്കിൽ ഇപ്പോൾ ആമിന മകനെ കാണുന്നത് ഒരു കൊച്ചു മനുഷ്യനായിട്ടാണ് - അവനു തിരിച്ചറിവുണ്ട്; സ്വന്തമായൊരു ഇച്ഛാശക്തിയുണ്ട്; സ്വാതന്ത്ര്യബോധമുണ്ട്. അവൻ രസകരമായ അഭിപ്രായപ്രകടനങ്ങൾ നടത്തും; ഉമ്മയെ മൃദുവായി ഉമ്മവയ്ക്കും, അവർക്ക് ഏറ്റവും വിലപ്പെട്ട നിധിയാണവൻ. ഉപ്പൂപ്പയുടെ കാൽക്കലിരുന്ന് അദ്ദേഹത്തിന്റെ വാളുകൊണ്ട് അവൻ കളിക്കും. അല്ലെങ്കിൽ കുപ്പായക്കോന്തല പിടിച്ചുവലിച്ച് കളിക്കും. എന്നാൽ, ഉമ്മയുടെയും ഉപ്പൂപ്പയുടെയും കൂടെ അധികനാൾ കഴിയാനും വിധി ആ കുഞ്ഞിനെ അനുവദിച്ചില്ല. തുബായിലെ പുതിയ ഭരണാധികാരിയെ, ഖുറൈശികളുടെ അഭിനന്ദനമറിയിക്കാൻ അബ്ദുൽ മുത്ത്വലിബിനു സൻആയിൽ പോകേണ്ടിവന്നു. അദ്ദേഹത്തിന്റെ പ്രായത്തിലുള്ള ഒരാൾക്ക് ദുഷ്കരമായിരുന്നു ഇത്തരമൊരു യാത്രയെന്ന് അത് തെളിയിക്കുകയും ചെയ്തു. ഖുറൈശികളെയാകമാനം ദുഃഖിതരാക്കി, എൺപത്തിരണ്ടാം വയസ്സിൽ അദ്ദേഹം അന്ത്യയാത്ര പറഞ്ഞു.

ഒട്ടേറെ മക്കളും പേരക്കിടാങ്ങളുമടങ്ങുന്ന വലിയൊരു കുടുംബത്തെ വിട്ടുകൊണ്ടാണ് അബ്ദുൽ മുത്ത്വലിബ് വിടപറഞ്ഞത്. മൂത്ത മകൻ അബ്ദുൽഉസ്സ-സ്വാർഥനും സങ്കുചിത മനഃസ്ഥിതിക്കാരനും ഉപജാപക്കാരനുമായ അയാളുടെ അസഹിഷ്ണുത അയാളുടെ അഹന്തപോലെത്തന്നെ വ്യാപ്തിയുള്ളതായിരുന്നു. കഅ്ബയുടെ അനന്തരാവകാശം തനിക്കാണെന്നയാൾ വിശ്വസിച്ചു. എന്നാൽ, തികച്ചും വിപരീതമായിരുന്നു, അയാളുടെ സഹോദരൻ അബൂത്വാലിബിന്റെ സ്വഭാവം. ഉള്ളു തുറന്നുകാട്ടുന്ന മന്ദഹാസമണിഞ്ഞ ദയാലുവായ മനുഷ്യൻ. മനസ്സ് പ്രതിഫലിപ്പിക്കുന്ന മുഖം, കൂട്ടു പുരികങ്ങൾ, വിചാരമടക്കിയ മിതഭാഷണം - ഇതെല്ലാം മികച്ചൊരു രാജ്യതന്ത്രജ്ഞനാണദ്ദേഹമെന്ന് വെളിവാക്കുന്നു. സുമുഖനും ധീരനും യുവാവുമായ ഹംസയുടെ കണ്ണുകളിൽ ക്രൗര്യമുണ്ട്; രക്തസാക്ഷികളെ സൃഷ്ടിക്കാൻ തക്ക വിശ്വാസാവേശമുളവാക്കുന്നതാണദ്ദേഹത്തിന്റെ സ്വരം. അബ്ബാസാവട്ടെ, ഒരു ദാർശനികനോ പുണ്യാത്മാവോ ആയിരുന്നിരിക്കണം.

അബ്ദുൽ മുത്ത്വലിബിന്റെ ഓഹരിയായി മുഹമ്മദിനു കിട്ടിയത് വളരെ നിസ്സാരമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടെ അവൻ അബൂത്വാലിബിന്റെ സംരക്ഷണയിലായി; തനിക്കേറ്റവും പ്രിയപ്പെട്ട മൂത്താപ്പയുടെ. തന്റെ വർഗക്കാരിൽ മിക്കവരെയും പോലെ അബൂത്വാലിബും കച്ചവടക്കാരനായിരുന്നു. മരുഭൂമിയിലൂടെയുള്ള വ്യാപാരയാത്രകളിൽ വാത്സല്യത്തിടമ്പായ, സരസനായ ഒരു സഹയാത്രികനെ മുഹമ്മദിൽ അദ്ദേഹം കണ്ടെത്തി. മുഹമ്മദ് ഇതിനകം കുമാരനായി വളർന്നുകഴിഞ്ഞു. അതേസമയം, കാഴ്ചയിലും സംഭാഷണത്തിലും പ്രായത്തേക്കാൾ കവിഞ്ഞ ബുദ്ധി പ്രകടിപ്പിക്കുകയും ചെയ്തു.

# 4

വർഷങ്ങൾ പിന്നെയും കഴിഞ്ഞു. കൗമാരം യൗവനത്തിനു വഴിമാറിക്കൊടുത്തു. പൗരുഷം പുഷ്പിച്ചുതുടങ്ങി.

തന്റെ വംശത്തിന്റെ സവിശേഷ ഗുണങ്ങളെല്ലാം മുഹമ്മദ് സമാർജിച്ചു കഴിഞ്ഞിരുന്നു. അവ സുദൃഢമായും സുവ്യക്തമായും വികസിക്കുകയും ചെയ്തു. മണൽക്കാട്ടിലൂടെയുള്ള അലച്ചിലുകൾ, പൊരിയുന്ന വെയിലത്തും കൊടുങ്കാറ്റടിക്കുന്ന രാത്രികളിലുമുള്ള നീണ്ട യാത്രകൾ - ഇതെല്ലാം അദ്ദേഹത്തിന് ഉരുക്കിന്റെ കരുത്തുപകർന്നു. കൈക്കരുത്തിന്റേതല്ലാത്ത നിയമങ്ങളൊന്നുമറിയാത്ത, കാടൻ ഗോത്രക്കാരെയും മാംസഭോജികളായ ജന്തുക്കളെയും കൊണ്ട് സ്വൈരംകെട്ട, വിജനവും ഊഷരവുമായ ഈ നാട്ടിൽ ഓരോരുത്തനും സ്വന്തം ജാഗ്രതയെ തന്നെ വേണം ആശ്രയിക്കാൻ. ഖഡ്ഗപ്രയോഗത്തിലും കുതിരയോട്ടത്തിലും നിപുണനായിരുന്ന മുഹമ്മദിന്, ആ വക കാര്യങ്ങളിൽ പെട്ടെന്ന് തീരു

മാനമെടുക്കാൻ കഴിഞ്ഞിരുന്നു. ആ കഴിവും സഹജമായ ധൈര്യവുമായിരുന്നു അദ്ദേഹത്തിന്റെ രക്ഷ. നിയന്ത്രിതമായ മിതാഹാരം ശീലിച്ചു വളർന്ന അദ്ദേഹത്തിന്റെ ദേഹം ശോഷിച്ചതായിരുന്നുവെങ്കിലും കരുത്തുറ്റതും മെയ്‌വഴക്കമുള്ളതും എന്തും സഹിക്കാൻ ത്രാണിയുള്ളതുമായിരുന്നു. ശരീരത്തിന്റെ കരുത്തേറിയ ഈ ചട്ടക്കൂടിനുള്ളിൽ അജയ്യമായ നിശ്ചയദാർഢ്യമുള്ള ഒരു ചൈതന്യം കുടികൊണ്ടിരുന്നു. തന്റെ നാടിന്റെ പ്രകൃതിയും ജീവിതരീതിയുടെ പാരുഷ്യവും യൂഫ്രട്ടീസ്-ടൈഗ്രീസ് നദികൾക്കപ്പുറമുള്ള തന്റെ സമകാലികരിൽ സാധാരണമായ സുഖഭോഗാസക്തികളിൽനിന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തി.

ശരാശരി ഉയരം, വട്ടമുഖം, ആരോഗ്യം പ്രതിഫലിപ്പിക്കുന്ന കപോലങ്ങൾ - ഇതായിരുന്നു മുഹമ്മദിന്റെ ആകാരം. നേരേയുള്ള നടപ്പ്, നിവർന്നുള്ള നിൽപ്, പ്രപഞ്ചത്തെ ധീരമായി നോക്കുന്ന കണ്ണുകൾ, കറുത്തു കരുത്തില്ലാത്ത അഴകാർന്ന തലമുടി. ആ കണ്ണുകളിൽ അജ്ഞേയമായ ഒരു ഭാവമുണ്ട്; സംശയമില്ല.

കഅ്ബാ പരിപാലനത്തിൽ പിതാവിന്റെ പിൻഗാമിയായിരുന്ന അബൂത്വാലിബിന്, വ്യാപാരിയെന്നതിലുപരി ഖുറൈശികൾക്കിടയിലും മക്കാ നിവാസികൾക്കിടയിലും വലിയ സ്വാധീനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംരക്ഷണയിലായിരുന്നതിനാൽ മുഹമ്മദിനും നഗരത്തിൽ പ്രാധാന്യവും അംഗീകാരവും ലഭിച്ചു. യൗവനം പിന്നിട്ട ഒത്ത പുരുഷനായി വളർന്നു കഴിഞ്ഞപ്പോഴേക്ക്, അദ്ദേഹത്തിന്റെ ആകാരഭംഗിയും നിർഭയമായ നോട്ടവും അനുഗൃഹീതമായ പെരുമാറ്റവും ആളുകളിൽ ആദരം ജനിപ്പിച്ചിരുന്നു. ധിഷണാനിർഭരമായ പ്രത്യുൽപന്നമതിത്വവും തിന്മകൾക്കെതിരായ സത്യസന്ധതാബോധവും ജീവിതത്തിലെ സൂക്ഷ്മാംശങ്ങളിൽ പോലുമുള്ള ആത്മാർഥതയും അദ്ദേഹത്തിന് 'അൽഅമീൻ' (സത്യസന്ധൻ) എന്ന പേർ നേടിക്കൊടുത്തു.

മുഹമ്മദിന്റെ സ്വഭാവം ഒരു ദന്തഗോപുരവാസിയുടേതായിരുന്നില്ല. അത് പ്രകൃതിയിൽനിന്ന് കരുപ്പിടിപ്പിച്ച്, അനുഭവംകൊണ്ട് രൂപപ്പെടുത്തിയതാണ്. പതിനാലാം വയസ്സിൽ ഖുറൈശികൾക്കുവേണ്ടി ആയുധമേന്തിയ അദ്ദേഹം വ്യാപകമായി യാത്ര ചെയ്തിട്ടുണ്ട്. അതുകൊണ്ട് ലാഭചേതങ്ങളും ജയപരാജയങ്ങളും ഉൾപ്പെടെ ജീവിതത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് നന്നായറിയാം.

യുദ്ധത്തിനും വ്യാപാരത്തിനും വേണ്ടിയുള്ള യാത്രകളിൽനിന്ന് മുഹമ്മദ് തന്റെ വംശത്തെയും രാജ്യത്തെയും കുറിച്ച് പഠിച്ചു. മണലാരണ്യത്തിന്റെ ലാവണ്യവും ഭീകരതയും അദ്ദേഹം കണ്ടു. അലഞ്ഞുനടക്കുന്ന ഗോത്രങ്ങളുടെ പാരമ്പര്യങ്ങളറിഞ്ഞു. ഐതിഹ്യങ്ങൾ കേട്ടു ലോകത്തെ

* Manism- സൊരാഷ്ട്രിയനിസത്തോട് സാദൃശ്യമുള്ള മതം.

ക്കുറിച്ച് ഒരുപാടു കാര്യങ്ങൾ മനസ്സിലാക്കി. ക്രിസ്ത്യാനിയും യഹൂദനും തമ്മിൽ, സൊരാഷ്ട്രിയനും മാനി*യും തമ്മിൽ, മനുഷ്യനും മനുഷ്യനും തമ്മിൽ - എല്ലാവിധ വിവേചനങ്ങൾക്കുമപ്പുറത്തായിരുന്നു അദ്ദേഹ ത്തിന്റെ മനസ്സ്. അറിയപ്പെട്ട ലോകത്തിന്റെ ഹൃദയമാണ് തന്റെ നാടെന്ന് മുഹമ്മദ് കണ്ടെത്തി. പക്ഷേ, എത്ര ചഞ്ചലവും അശാന്തവുമായ ഹൃദയം! അറേബ്യക്ക് ഒരു കേന്ദ്രീകൃത ഭരണനേതൃത്വമുണ്ടായിരുന്നില്ല. തമ്മിൽ പടവെട്ടുന്ന അനേകം ഗോത്രങ്ങളായി അത് ചിതറിക്കിടന്നു. അതിർത്തികൾക്കപ്പുറത്തു നിന്ന് വിദൂരമായ ഇടിമുഴക്കങ്ങളുടെ മുരൾച്ച എത്തി. മക്കത്തെ വിശുദ്ധ സ്ഥലത്തു - ഹറമിൽ - വച്ച് നടത്തുന്ന യുദ്ധം മാത്രമേ കുറ്റകരമായി കണക്കാക്കപ്പെട്ടുള്ളൂ. കൂടെക്കൂടെയുണ്ടാ വുന്ന വിരോധങ്ങളെ ചൊല്ലി ഗോത്രവർഗക്കാർ, ഹറമിനു പുറത്ത്, ഉന്മൂ ലനാശം വരുത്തി. ബൈസാന്റിയക്കാരുടെയും ഖോസ്റോ സാമ്രാജ്യ ക്കാരുടെയും ദൃഷ്ടിയിൽ അറബികൾ പൂർണമായും ഒരപരിഷ്കൃത വർഗ മായിരുന്നു. റോമൻ ചരിത്രകാരന്മാർ അവരുടെ ദേശത്തെ വിശേഷിപ്പി ക്കുന്നത് ഭീകരനാട് എന്നത്രെ. പരിഷ്കൃത ലോകത്ത് തന്റെ വംശ ത്തിന്റെ സ്ഥാനം മോശമാണെന്ന് മുഹമ്മദ് കണ്ടു - ആശ്രയിക്കാവുന്ന ചങ്ങാതിമാരോ നമ്പാവുന്ന ശത്രുക്കളോ അല്ല അവർ. റോമാ-പേർഷ്യ ൻ സാമ്രാട്ടുകൾ അറേബ്യയുടെ അതിർത്തികൾക്കപ്പുറം വന്നുനിന്ന് നില വിളിക്കുക മാത്രമാണ് ചെയ്തത്. കാരണം, മരുഭൂമിയുടെ ഭരണംകൊണ്ട് വലുതായൊന്നും നേടാനില്ലെന്ന് അവർക്കറിയാം.

അറേബ്യയുടെ ചരിത്രത്തിൽ രാജവംശങ്ങൾ കൂണുകൾ പോലെ, നശിക്കാൻ മാത്രം ഉയർന്നുവന്നിട്ടുണ്ട്. ബദുവിന്റെ സ്വാതന്ത്ര്യാഭിവാഞ്ഛ ശക്തമായിരുന്നു. സമാധാന സംരംഭങ്ങൾ തനിക്ക് മെച്ചമുണ്ടാക്കുന്നതാ ണെങ്കിൽ പോലും, അത് നിയന്ത്രണവും വിധേയത്വവും ആവശ്യപ്പെടു ന്നുവെങ്കിൽ അതിനെ അവൻ വെറുത്തിരുന്നു. യഥാർഥ ഭരണനൈ പുണ്യം അവർക്കുണ്ടായിരുന്നില്ല. കുലപതികളുടെ തീരുമാനങ്ങൾക്ക് കുറേയൊക്കെ ശക്തിയുണ്ടായിരുന്നുവെങ്കിലും അവ നിർബാധം നടപ്പി ലാക്കാനുള്ള അധികാരം ആർക്കുമില്ല. വലിഞ്ഞുകയറിവരുന്ന സമാധാ നത്തിൽ ജനങ്ങൾക്ക് താൽപര്യമില്ല. പരിഹാസം, അത് ഗദ്യത്തിലാ യാലും പദ്യത്തിലായാലും അറബി പെട്ടെന്ന് പ്രതികരിക്കും. അതേസ മയം അത്യുക്തിയോടും അതിപ്രശംസയോടും അവന് ആസക്തിയുമാണ്. ചെറിയ കാരണം മതി, വലിയ പ്രത്യാഘാതങ്ങൾക്ക്. കന്നുകാലി മോഷ ണത്തെയും കിണറിന്റെയും തൊഴുത്തിന്റെയും ഉപയോഗത്തെയും ചൊല്ലിയുള്ള തർക്കങ്ങളാണ് വലിയ വിവാദങ്ങളും കുഴപ്പങ്ങളുമായി വള രുക. ചോരക്ക് ചോര - തലമുറകളിലൂടെ അത് പ്രതിധ്വനിക്കുന്നു.

അയൽനാടുകളിലെ രാജവംശ ഭരണകൂടങ്ങളിൽ ഏറ്റവും പുരാതനം യമന്റേതായിരുന്നു. അറേബ്യൻ ഉപദ്വീപിന്റെ തെക്കേ അറ്റത്തുള്ള മഅ് രിബ് ആയിരുന്നു അതിന്റെ പ്രധാന കേന്ദ്രം. എന്നാൽ, സംഹാരാത്മക

മായ ഒരു വേലിയേറ്റത്തെ തുടർന്ന് യമന്റെ ആസ്ഥാനം സ്വൻആയിലേക്ക് മാറി. അവിടെ അബ്റഹത്ത് ഒരുഗ്രൻ ചർച്ച് പണിതു. മുഹമ്മദിന്റെ ജനനസമയത്തായിരുന്നു ഇത്. ഇതിന്റെ താൽപര്യങ്ങൾക്ക് വേണ്ടിയാണയാൾ മക്ക ആക്രമിച്ചത്. യമനിലെ രാജാക്കന്മാർ നൂറ്റാണ്ടുകളായി 'തുബ്ബ' എന്ന പേരിൽ വിളിക്കപ്പെട്ടു. ശക്തിയെ സൂചിപ്പിക്കുന്ന ഈ പദത്തിന്റെ നിഷ്പത്തി ആഫ്രിക്കൻ ഭാഷയിൽനിന്നത്രെ. യമൻ കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നത് വടക്കുകിഴക്ക് കിടക്കുന്ന ഹിറാ സാമ്രാജ്യം. സ്വൻആയിലെ രാജവംശത്തിന്റെ തന്നെ ഭിന്നശാഖയിൽപെട്ടവരാകുന്നു ഹിറാ രാജാക്കന്മാർ. അയൽരാജ്യത്തെ പേർഷ്യൻ സ്വേച്ഛാധിപതികളുമായി അപ്പപ്പോൾ കലഹിച്ചുകൊണ്ട് നാലു ശതകങ്ങളായി അവർ നാടുവാഴുന്നു-വടക്കുപടിഞ്ഞാറുള്ള ഗസ്സാൻ ആണ് മൂന്നാമത്തെ രാജവംശം. അതിനും അഞ്ചാറ് നൂറ്റാണ്ട് പഴക്കമുണ്ട്. അവർ കൂടുതൽ കരുത്തരായ അയൽനാടുകളുമായി അസ്ഥിരസഖ്യങ്ങളുണ്ടാക്കിവന്നു.

ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ യമന്റെ പേര്, നാട്ടിൽ തലങ്ങും വിലങ്ങും പ്രകമ്പനങ്ങളുണ്ടാക്കിയെങ്കിലും അറേബ്യയുടെ മധ്യഭാഗം ഗോത്രവർഗകേന്ദ്രമായി അവശേഷിച്ചിരുന്നു. ഗോത്രങ്ങൾ ശിഥിലമെങ്കിൽക്കൂടെ, തെക്കൻ അറബികളിൽനിന്ന് വ്യത്യസ്തമായി ഇവർക്ക് വാസ്തുവിദ്യയിലും മറ്റു കലകളിലും കൃഷിയിലും അൽപമൊക്കെ താൽപര്യമുണ്ടായിരുന്നു. അവരുടെ വീക്ഷണം വന്യവും മരുഭൂമിപോലെ നിയമശൂന്യവുമായിരുന്നു. ഇടയന്മാരും അലഞ്ഞുനടക്കുന്നവരുമായിരുന്നു അവർ. അവർക്ക് എണ്ണമില്ലാത്തത്ര ഉപവിഭാഗങ്ങളുണ്ടെങ്കിലും അഞ്ചു ഗോത്രങ്ങൾക്കാണ് പ്രാമുഖ്യം. ഉപദ്വീപിന്റെ മധ്യത്തിലുള്ള റബീഅ ഗോത്രക്കാർ യമൻ രാജവംശവുമായുള്ള രക്തബന്ധം തങ്ങൾക്കാണെന്നവകാശപ്പെട്ടു. പടിഞ്ഞാറ് ഖുറൈശികൾ; മക്ക അവരുടെ കൈയിലാണ്. വടക്ക് ഖയ്സ്, തമീം, ഹവാസിൻ എന്നീ ഗോത്രങ്ങളും.

ഇങ്ങനെ തന്റെ നാടിനെക്കുറിച്ച് വിഹഗവീക്ഷണം നടത്തവെ, പടിഞ്ഞാറേ തീരത്തിന്റെ മേൽപകുതി മുഴുവൻ തന്റെ വംശമായ ഖുറൈശികളും കൂട്ടരും കൂടിയാണ് അധീനമാക്കിവെച്ചിരിക്കുന്നതെന്ന് മുഹമ്മദ് മനസ്സിലാക്കി. മക്ക അതിന്റെ ആസ്ഥാനം. അടുത്ത സ്ഥാനം എണ്ണമറ്റ പ്രമാണിമാർക്കാണ്. അവരെ ആരും അത്ര ബഹുമാനിച്ചിരുന്നില്ല. തെക്കും കിഴക്കും വടക്കും യമൻ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾ. പേർഷ്യയുടെയും ബൈസാന്റിയയുടെയും ആശ്രയത്വത്തിലേക്കു പാതിയും ആണ്ടുപോയ അവിടങ്ങളിലാവട്ടെ എത്രതന്നെ ശ്രമിച്ചിട്ടും സ്വന്തം പ്രദേശങ്ങളിൽ പോലും ആധിപത്യം പുലർത്താൻ കഴിയാത്ത വിധം ദുർബല ഭരണങ്ങളാണുണ്ടായിരുന്നത്. നഗരങ്ങളുടേത് സങ്കുചിതമായ ജീവിതമായിരുന്നുതാനും. ഓരോരുത്തന്റെയും താൽപര്യം സ്വന്തം വർഗജീവിതത്തിലാണ് കേന്ദ്രീകരിച്ചത്. ഓരോരുത്തരും സ്വന്തം നഗരത്തിന്റെ പുരോഗതിയിൽ മാത്രം ശ്രദ്ധവെച്ചു. നഗരങ്ങളോടുരുമ്മി കട

ന്നുപോകുന്ന സാർഥവാഹക സംഘങ്ങൾക്ക് കാവൽമാടങ്ങളായി, അല്ലെങ്കിൽ തങ്ങളുടെ സാമൂഹികാവബോധത്തിന്റെ കേവലാസ്തിത്വത്തിലേക്ക് നയിച്ചുകൊണ്ട് ചളിയിലും കല്ലിലും തീർത്ത ബദുചേരികൾ. അതിന്നപ്പുറം, അഭേദ്യങ്ങളായ പ്രതിരോധങ്ങളായി വരണ്ട മണലാരണ്യങ്ങൾ. തലക്കുമീതെ പിച്ചളത്തകിടുപോലെ തിളങ്ങുന്ന ആകാശത്തിന്റെ കണ്ണഞ്ചിക്കുന്ന പ്രഭ, കാൽകീഴിലെ ഭൂമി ഇരുമ്പുപോലാവുന്നു. പകൽ വിശ്രമിക്കാനോ രാത്രി ഉറങ്ങാനോ ആവാത്തിടം. തൊണ്ട വരളുകയും നാവ് ദാഹിച്ചുഴലുകയും ചെയ്യുമ്പോൾ വിദൂരമരീചികൾ കാഴ്ചയെ പരിഹസിക്കുന്നു. അനേക നാഴികകളിലായി പരന്നു കിടക്കുന്ന മണലിന്റെ അനന്തമായ സാഗരം.

# 5

ഇബ്റാഹീമും ഇസ്മാഈലും പടുത്തുയർത്തിയ കഅ്ബയിൽനിന്ന്, മക്കയിൽനിന്നുതന്നെ അല്ലാഹുവിനെ നിഷ്കാസനം ചെയ്ത്, തത്സ്ഥാനത്ത് മുന്നൂറിലേറെ കള്ളദൈവങ്ങളെ ബലാൽക്കാരമായി കുടിയിരുത്തിയിരുന്നു; ജനങ്ങളുടെ വീടുകളിൽ മറ്റു വിഗ്രഹങ്ങളും. പിതാവിനെ സ്വാധീനിക്കാൻ കഴിയുമെന്ന് വിശ്വസിക്കപ്പെട്ട, ദൈവപുത്രിമാരെയും മാലാഖകളെയുമാണ് ചിലർ ആരാധിച്ചിരുന്നതെങ്കിൽ മറ്റുചിലർ സൂര്യചന്ദ്രന്മാരെ പൂജിച്ചു. പൊതുവെ എല്ലാവരും നക്ഷത്രങ്ങളുടെ അധീശത്വത്തിൽ വിശ്വസിച്ചു. താരനിബിഡമായ നഭോമണ്ഡലത്തെ, മരുഭൂമിയിലെ ഗോത്രവർഗക്കാർ ആരാധിച്ചതിൽ അദ്ഭുതമില്ല. ഹേമന്തരാവുകളിൽ സ്വന്തം ലാവണ്യം അനാവരണം ചെയ്യുന്ന വീനസ്, ശാലീനമുഖിയായ ചന്ദ്രിക, പ്രശോഭിതയായ ഒറിയോൺ- അങ്ങനെ നക്ഷത്രസമൃദ്ധമായ അർധരാത്രിയിലെ അംബരം കണ്ണഞ്ചിപ്പിക്കുകയും ചേതനയെ തൊട്ടുണർത്തുകയും ചെയ്യുന്നതാണല്ലോ. നിശ്ശബ്ദമായ മരുഭൂമിക്കുമീതെ, കൂടാരങ്ങൾക്കും മയങ്ങിയുറങ്ങുന്ന മനുഷ്യർക്കും മീതെ, അർധരാത്രിയിൽ പതിയിരുന്നാക്രമിക്കാൻ തക്കംപാർത്ത് താഴെ ഇരിക്കുന്നവരെ നോക്കി താരങ്ങൾ, അവയുടെ മിന്നുന്ന പാതയിൽ ഊഞ്ഞാലാടുന്നു. തിരിച്ചറിയാനാവാത്ത മരുഭൂവിൽ വഴിയടയാളപ്പെടുത്താൻ, മഴവരുന്നത് പ്രവചിക്കാൻ, സുഖദുഃഖങ്ങളും ആഹ്ലാദവേദനകളും കൊണ്ടുവരുന്നതെന്ന് ജ്യോത്സ്യന്മാർ വിശ്വസിക്കുന്ന ഋതുപരിവർത്തനങ്ങളെക്കുറിച്ച് സൂചന ലഭിക്കാൻ-അങ്ങനെ പലവഴിക്കും അവർക്കാവശ്യമായ അറിവിന്നുറവകളായിരുന്നു അവ.

അറബികളുടെ മതപരമായ ജീവിതത്തിൽ വളരെയേറെ പുണ്യസ്ഥലങ്ങളും ഒട്ടേറെ ആരാധനാനുഷ്ഠാനങ്ങളും ഉണ്ടായിരുന്നെങ്കിലും ധൈഷണികമായ കാഴ്ചപ്പാട് അവയിലൊന്നിലുമുണ്ടായിരുന്നില്ല. ഉറച്ചുപോയ പാരമ്പര്യക്രമങ്ങളും ആചാരങ്ങളും, എന്തിനെന്ന ചോദ്യങ്ങൾ ചോദിച്ച്

അലോസരപ്പെടുത്താതെ, അതേപടി അനുകരിക്കുകയായിരുന്നു ഗോത്ര വർഗക്കാർ. ചില കൂട്ടർ ദേവീദേവന്മാരെ പ്രസാദിപ്പിക്കാൻ നരബലി പോലും നടത്തിയിരുന്നു-ക്രിസ്ത്യാനികൾക്ക് ദേവിമാർ മുഖ്യസ്ഥാനീ യരുമായിരുന്നു.

റോമുമായി കൂട്ടുകെട്ടിലേർപ്പെട്ട അറബികൾ ക്രൈസ്തവതയുടെ ഉപരിതലസ്പർശിയായ ഒരു രൂപമാണ് പ്രദർശിപ്പിച്ചത്. യഹൂദവർഗക്കാർ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി വ്യാപിച്ചുകിടന്നു. ഉദ്ഭവം, ബന്ധം, ഭാഷ, സ്വഭാവരീതികൾ എന്നിവയിലെല്ലാം യഹൂദീയതക്ക് സാധർമ്യം അവകാശപ്പെടാനാവും. ക്രൈസ്തവതയും ഏറെ വിദൂരതയിലല്ല. പടി ഞ്ഞാറ് കടലിനപ്പുറം കിടക്കുന്ന അബ്സീനിയ, വടക്ക് റോമാസാമ്രാജ്യം-ഈ രണ്ട് വലിയ അയൽരാജ്യങ്ങളുടെയും മതമായി രുന്നു ക്രൈസ്തവത. ക്രിസ്തുമതത്തിന്റെ നിയമരാഹിത്യവും പെരു മാറ്റസംഹിതയില്ലായ്മയും അറബ്മനസ്സിൽ അവരോട് പ്രത്യേക മമത യുണ്ടാക്കി. പത്തു കൽപനകൾ-തീർച്ചയായും അതുള്ളത് തന്നെ. എന്നാൽ, ഇവയുടെയെല്ലാം മേൽ, കൂടുതൽ സുപ്രധാനമായ ഒരു പതി നൊന്നാം പ്രമാണം ഭാഗ്യവശാൽ നിഴൽ വീഴ്ത്തിയിരുന്നു. 'നിങ്ങളൊരു പാപിയാണെങ്കിൽ, അത് പരസ്യമാവാൻ അനുവദിക്കരുത്; അതുവഴി, നിങ്ങൾക്ക് ദീർഘകാലം പാപഫലം ആസ്വദിക്കാം.'

മുൻകൂട്ടി മഥനം ചെയ്യാവുന്ന സാഹചര്യങ്ങൾ ഇതാണെന്നിരിക്കിലും യഹൂദീയതക്കോ ക്രൈസ്തവതക്കോ അറബ്മണ്ണിൽ വേരോടുക എളു പ്പമല്ലായിരുന്നു. അറബികൾ ജീവിതത്തെ അനായാസം നോക്കിക്കണ്ട പ്പോൾ യഹൂദമതം, കൂടുതൽ വിഷാദാത്മകമായിരുന്നു. അവർക്കത് ശോകാർദ്രമായൊരു ദുരന്തകഥയാണ്-മൂല്യസംഹിതയോ പ്രത്യാശയോ ഇല്ല. ജൂതന്മാർക്ക് ദൈവം അവരുടേതു മാത്രമായ സ്വത്തായിരുന്നു. പ്രവാ ചകൻ വരുമെന്ന് വാഗ്ദത്തം ചെയ്യപ്പെട്ട, തെരഞ്ഞെടുക്കപ്പെട്ട ജനത യാണ് തങ്ങളെന്ന് അവർ കണക്കാക്കി. എന്തുകൊണ്ടാണ് ജൂതന്മാരെ ദൈവം അവിടത്തെ പ്രത്യേക സംപ്രീത സമുദായമായി തെരഞ്ഞെടു ത്തതെന്നോ, അങ്ങനെ ചെയ്തിട്ടും എന്തിനാണ് അനേകം ശതാബ്ദ ങ്ങൾ അവരെ കഠിനദുഃഖത്തിന് അവൻ വിധേയരാക്കിയതെന്നോ, എന്തു കൊണ്ടാണ് അവരോടിത്തരം ഉദാസീനത കാട്ടിയതെന്നോ എവിടെയും വിശദീകരിച്ചുകണ്ടില്ല. സ്നാപക യോഹന്നാനായി എലിജാ പ്രവാചകൻ പ്രത്യക്ഷപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പദവിക്ക് അനുയോജ്യമായ സ്വീക രണം ലഭിക്കാതെ പോയതെന്തുകൊണ്ടാണ്? പരിതപ്തയായ സലോമി യുടെ പ്രേമാർഥനകൾ നിരസിച്ചുകൊണ്ട് താനൊരു അതിമാനുഷനാ ണെന്നു തെളിയിച്ചിട്ടും പ്രവാചകത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ അംഗീകരിക്കപ്പെടാതെ പോയതെന്തുകൊണ്ടാണ്? മനുഷ്യരാശിയുടെ പാപങ്ങളത്രയും കഴുകിക്കളയാൻ സർവശക്തനായ ദൈവം തന്റെ ഏകപുത്രനെ നിയോഗിക്കുക എന്ന അപകടം ചെയ്ത

പ്പോൾ, ജൂതന്മാർ അദ്ദേഹത്തെ പരിഹസിക്കുകയും കള്ളന്മാർക്കിടയിൽ തൂക്കുകയും ചെയ്തത് എന്തിനാണാവോ? സർവോപരി, ഈ ദൈവദ്രോഹങ്ങളെല്ലാം ചെയ്തിട്ടും, ദൈവം തമ്പുരാൻ കൂടുതൽ കൃതജ്ഞതയുള്ള ഒരു ജനതയെ തെരഞ്ഞെടുക്കാതിരുന്നത് എന്തുകൊണ്ടാണ്?

ഈ സമയത്ത് ക്രൈസ്തവതയും ആത്മീയൗന്നത്യത്തിന്റെ പ്രദർശനമൊന്നും കാഴ്ചവെക്കുന്നില്ല. ക്രിസ്തുസഭയിൽ ഒട്ടേറെ വിഭിന്ന ഗ്രൂപ്പുകൾ. സ്വർഗരാജ്യത്തിൽ ആകപ്പാടെ കലാപം. സാത്താനാവട്ടെ സുഖമായി, സ്വൈരമായി ഭൂമിയിൽ ഞെളിഞ്ഞുനടക്കുന്നു. ത്രിയേകത്വത്തെയും ഏകത്വത്തിൽ നാനാത്വത്തെയും കുറിച്ചുള്ള വിവാദങ്ങളിൽ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് രണ്ടാം സ്ഥാനം മാത്രം. യേശുക്രിസ്തു 'പുത്രൻ' മാത്രമായിരിക്കുമ്പോൾ അവിടുത്തെ അനുയായികൾ ഫാദറും മദറുമാകുന്നു; സിസ്റ്റർമാരുടെ വലിയൊരു വൃന്ദവുമുണ്ട്. ഈ നൂറ്റാണ്ടിൽ ക്രിസ്തുമതം കാണിച്ച അത്യപൂർവമായ അദ്ഭുതകൃത്യം, ലോകജനതക്ക് അത് കന്യാസ്ത്രീമഠങ്ങൾ സംഭാവന ചെയ്തുവെന്നതാണ്.

# 6

മുഹമ്മദ് ഇപ്പോൾ ഒരു ഇരുപതുകാരനാണ്. മനുഷ്യത്വത്തിന്റെ ലക്ഷണമൊത്ത മാതൃക-സൗമ്യൻ; ഊർജസ്വലൻ; ആലോചനാശീലൻ; കർമനിരതൻ. അദ്ദേഹം സത്യസന്ധനായിരുന്നു; അധ്വാനശീലനായിരുന്നു; മനസ്സാക്ഷിയുള്ളവനായിരുന്നു. വ്യാപകമായി സഞ്ചരിച്ചിട്ടുണ്ട്; പല രാജ്യങ്ങളിലെയും കച്ചവടക്കാരുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിട്ടുണ്ട്. അദ്ദേഹം ധിഷണാശാലിയാണ്. ആളുകളെയും വസ്തുതകളെയും സംബന്ധിച്ച അറിവ് ശരാശരിയിലും കവിഞ്ഞതാണ്. പക്ഷേ, കുറച്ചു ചങ്ങാതിമാരേയുള്ളൂ; അബൂത്വാലിബ് കഴിഞ്ഞാൽ കുറച്ച് സഹായികളും. അദ്ദേഹത്തിന്റെ പല പെരുമാറ്റ രീതികളിലും ഒരസാധാരണത്വം പ്രകടമാകുന്നു. കള്ളത്തരം കൊണ്ട് ചെയ്യുന്ന തെറ്റുകൾ അദ്ദേഹം പൊറുത്തതായറിയില്ല; പരിഹാസത്തിലോ വൃത്തികേടിലോ ആനന്ദം തേടുന്നതായും കേട്ടിട്ടില്ല. തന്റെ പ്രായക്കാരായ ചെറുപ്പക്കാരുടെ കൂട്ടത്തിൽ കണ്ടെന്നുവരില്ല; സ്ത്രീകളുമായി ഒരു പഞ്ചായത്തുമില്ല. ചുരുക്കിപ്പറഞ്ഞാൽ, സത്യസന്ധനും പ്രിയങ്കരനുമായ ഒരു നല്ല മനുഷ്യൻ. എന്നാൽ കൊള്ളിമീൻപോലെ ലോകത്തെ ജ്വലിപ്പിക്കുന്ന തരക്കാരനുമായിരുന്നില്ല. പൗരസഭകളിൽ അദ്ദേഹം പ്രത്യേകിച്ചെന്തെങ്കിലും താൽപര്യം പ്രകടിപ്പിച്ചതായി തെളിവുകളില്ല. മക്കയിലെ ഭൗതികവും സാമൂഹികവുമായ ജീവിതത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ അൽപമാത്രവും അസ്പഷ്ടവുമത്രെ.

'ഹിൽഫുൽ ഫുളൂൽ' എന്ന സന്ധിവ്യവസ്ഥയുടെ സൂത്രധാരനായിരുന്നു വെന്നതു നേരുതന്നെ. സമാനലക്ഷ്യങ്ങളോടെ നിലനിന്നിരുന്ന ഒരു

പുരാതന സംഘടനയുടെ സ്മരണക്കായി രൂപം നൽകിയതായിരുന്നു ഇത്. മക്കാപ്രദേശത്തുവച്ച് ഒരാൾ അനീതിക്കോ തെറ്റിനോ ഇരയായാൽ–അയാൾ മക്കാനിവാസിയാവട്ടെ, അന്യനാവട്ടെ–അതിനെ പ്രതിരോധിക്കു കയും തെറ്റു ചെയ്തയാളെക്കൊണ്ട് പ്രായശ്ചിത്തം ചെയ്യിക്കുകയും ആയിരുന്നു സംഘടനയുടെ ലക്ഷ്യം. അംഗങ്ങൾ അതിനായി സത്യപ്ര തിജ്ഞയെടുക്കേണ്ടതുണ്ട്. വിധവകളും അനാഥരും ദരിദ്രരും പാവപ്പെ ട്ടവരും സംഘടനയുടെ സവിശേഷ പരിഗണനക്ക് വിധേയമായി. ഇത്തരം സംഘടനകൾ ലോകത്തെല്ലായിടത്തും, കാലാകാലങ്ങളിൽ ഉണ്ടായിട്ടു ണ്ടെങ്കിലും 'ഹിൽഫുൽ ഫുളൂലി' ന്റെ പ്രണേതാവിന്റെ യുവസഹജ മായ സാഹസികതയെ മക്കാനഗരം കൗതുകപൂർവമാണ് വീക്ഷിച്ചത്.

ഭൗതികവിഭവങ്ങളുടെ കാര്യത്തിലും മുഹമ്മദിന് വ്യക്തമായ പങ്കു ണ്ടെന്നു പറഞ്ഞുകൂടാ. ഒരു വംശമെന്ന നിലക്ക് അറബികൾ ദരിദ്രരായി രുന്നു. മുഹമ്മദാവട്ടെ അവരിൽ ഏറ്റവും ദരിദ്രനും. അതുകൊണ്ടുതന്നെ, ചുറ്റുമുള്ള ലോകത്തിന്റെ വിത്തപ്രതാപാധികാരങ്ങളുടെ തോതനുസരിച്ചു നോക്കുമ്പോൾ അബൂത്വാലിബിന്റെ സഹോദരപുത്രനായ മുഹമ്മദ് വിനീ തനായ ഒരു ഒട്ടകക്കാരനായി മാത്രം പരിഗണിക്കപ്പെട്ടു.

ഈ സമയത്ത് മക്കയിൽ ഖദീജ എന്ന ഒരു വിധവ ഉണ്ടായിരുന്നു. ഗണ്യമായ സ്വത്തുക്കളും നടന്നുകൊണ്ടിരുന്ന വലിയൊരു വ്യാപാരവും വിട്ടേച്ച്, അവരുടെ ഭർത്താവ് മരിച്ചിട്ട് അധികനാളായില്ല. അത് സത്യസ ന്ധമായും കാര്യപ്രാപ്തിയോടെയും നടത്തിക്കൊണ്ടുപോകാനും മരുഭൂ വിന്നപ്പുറം വിദൂരനഗരങ്ങളിൽ ദീർഘയാത്രകൾ നടത്താനും പറ്റിയ ഒരാളെ തേടിക്കൊണ്ടിരുന്ന ഖദീജ, അബൂത്വാലിബിന്റെ സഹോദരപുത്ര നായ മുഹമ്മദ് എന്ന യുവാവിനെക്കുറിച്ച് കേൾക്കാനിടയായി. 'അൽഅ മീൻ' (സത്യസന്ധൻ) എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹത്തെ അവർ വിളിച്ചുവരുത്തി.

മുപ്പതുകളുടെ ഒടുവിലെത്തിനിൽക്കുന്ന, എന്നാൽ യൗവനയുക്ത യായ ഒരു സ്ത്രീയെയാണ് ഖദീജയിൽ മുഹമ്മദ് കണ്ടത്. കുറിയ ദേഹ പ്രകൃതി, പ്രസാദാത്മകമായ വട്ടമുഖം, വിശാലമായ നെറ്റി, ആഭിജാത്യം പ്രസ്ഫുരിപ്പിക്കുന്ന മൃദുലമായ കരങ്ങൾ. ഖദീജയും ഖുറൈശികുലജാത തന്നെ. സാമൂഹികാവസ്ഥയിൽ പല മടങ്ങ് അന്തരമുണ്ടെങ്കിലും മുഹ മ്മദ് തന്റെ ഗോത്രക്കാരനാണെന്നറികേ, അവർക്ക് സന്തോഷമായി, മുഹ മ്മദിന്റെ പെരുമാറ്റം ഇഷ്ടമായി. അദ്ദേഹത്തിന്റെ സമീപനം മാന്യവും വിശ്വസ്തവുമാണ്.

ബുദ്ധിസാമർഥ്യവും തെളിയിക്കപ്പെട്ട വിശ്വസ്തതയുമുള്ള ഒരു മാനേ ജറുടെ സേവനം ലഭിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു ആ മാന്യ സ്ത്രീക്ക്. തന്നോട് പ്രീതിയുള്ള ആ സ്ത്രീയെ സേവിക്കുന്നത് മുഹമ്മ ദിന്നും ഇഷ്ടം തന്നെയായിരുന്നു. തന്റെ കഴിവുകൾ പ്രകടിപ്പിക്കാനും

വേണ്ടത്ര പ്രതിഫലം ലഭിക്കാനും അത് സഹായിക്കുമല്ലോ എന്നിങ്ങനെ വലിയ പ്രതീക്ഷകളോടെ മുഹമ്മദ് ഖദീജയുടെ വ്യാപാരദൗത്യമേറ്റെടുത്തു; ആ പ്രതീക്ഷകൾ വിഫലമായില്ല. അബൂത്വാലിബിന്റെ ആളെന്ന നിലയിൽ അദ്ദേഹം വാണിജ്യകേന്ദ്രങ്ങളിൽ അറിയപ്പെട്ടിരുന്നു. കച്ചവടക്കാർ പുത്തൻ ചരക്കുകളുമായുള്ള മുഹമ്മദിന്റെ വരവിനെ എന്നും സ്വാഗതം ചെയ്തിരുന്നുവല്ലോ. ഖദീജക്കുവേണ്ടിയുള്ള ദൗത്യവുമായി ദമാസ്കസിലേക്ക് യാത്രയായി. സിറിയയിലേക്ക് പോകാൻ, മക്കക്ക് പുറത്ത് സാർഥവാഹകസംഘത്തിനും വഴികണ്ടെത്തേണ്ടതുണ്ടായിരുന്നു. അറേബ്യയിലെ സുപ്രധാന നഗരങ്ങളിലൊന്നായ യസ്‌രിബിലൂടെയാണ്- മക്ക കഴിഞ്ഞാൽ അടുത്ത സ്ഥാനം ഇതിന്നായിരുന്നു- അദ്ദേഹം പോയത്. കാൽ ലക്ഷത്തോളം ജനങ്ങൾ പാർക്കുന്ന തിരക്കേറിയ നഗരം. ഈന്തപ്പനകളാൽ സമ്പന്നം. തെക്ക്, ഉർവരമായ യമനിൽനിന്നുള്ളവരായിരുന്നു നഗരവാസികളേറെയും. യസ്‌രിബ് മുതൽ പത്‌റ വരെയുള്ള വഴി അത്യന്തം രസാവഹമാണ്-ഇടക്കിടെ കാണാൻ കഴിയുന്ന മണലിന്റെയും ചരലിന്റെയും ചുണ്ണാമ്പുകല്ലിന്റെയും കൂനകൾ; ഒട്ടകങ്ങൾക്ക് മാത്രം കുടിക്കാൻ പറ്റുന്ന ഉപ്പുവെള്ളമുള്ള കുളങ്ങൾ, ഓരു പ്രദേശങ്ങൾ. അപൂർവം കർഷകരുപയോഗിക്കുന്ന ഒരു കിണറിന്റെയോ മറ്റോ ചുറ്റുമായി ചിലപ്പോൾ വിളഞ്ഞ കണ്ടങ്ങൾ കണ്ടെന്നുവരാം. അലഞ്ഞുതിരിയുന്ന ബദുക്കൾ കന്നുകാലികളെയും കുതിരകളെയും ആട്ടിൻകുട്ടികളെയും മേച്ചുകൊണ്ട്, രക്ഷാരഹിതമായ കുഗ്രാമങ്ങളിൽ പാർക്കുന്നവരാണ്; മറ്റുള്ളവർ പട്ടണത്തിലും.

പടിഞ്ഞാറ് നജ്ദിലെ ഉയർന്ന പ്രദേശങ്ങൾ താണ്ടിയാണ് മുഹമ്മദ് പത്‌റയിലെത്തുന്നത്. വിശാലമായ മണൽകാട്ടിൽ ഹൃദയാവർജകമായി ഉയർന്നുനിൽക്കുന്നവയാണ് ക്രമരഹിതമായി ചിതറിക്കിടക്കുന്ന ഈ മലകൾ. പ്രധാന മലമ്പാതയിൽനിന്ന് വേണ്ടത്ര ഇടവിട്ടിട്ടായിരുന്നു വരമ്പുകളും പാറക്കൂട്ടങ്ങളുമെന്നതിനാൽ യാത്രാതടസ്സമേതുമുണ്ടായില്ല.

പത്‌റ നഫുദിന്റെ വടക്കേ അറ്റത്താണ് സ്ഥിതിചെയ്യുന്നത്. ആ ഉപദ്വീപിന്റെ പ്രാദേശിക ലക്ഷണം വ്യക്തമാക്കുന്ന ചുവന്ന മണൽശിലകളുടെ മഹാസമുദ്രമത്രെ നഫുദ്. ഈ തരിശുഭൂമിക്കപ്പുറമാണ് ശാദ്വലമായ ഹയ്ഫയും ജറൂസലമും ദമാസ്കസും.

ദമാസ്കസിലേക്കുള്ള വഴിയിലുടനീളം - യസ്‌രിബിലും പത്‌റയിലും കാഫിലെയും ഇത്‌റയിലെയും ഗ്രാമങ്ങളിലും മുഹമ്മദ് തന്റെ ചരക്കുകൾ വിറ്റഴിച്ചു. നല്ല വിലപേശലുകൾ നടത്തി, തന്റെ മുതലുടമക്ക് ഗണ്യമായ ലാഭമുണ്ടാക്കിക്കൊണ്ടേ അദ്ദേഹം മടങ്ങിയുള്ളൂ.

അതേസമയം, ഖദീജ അദ്ദേഹം വരുന്നതും കാത്തിരിക്കുകയായിരുന്നു. മുഹമ്മദിനെ അനുയാത്ര ചെയ്ത, മൈസറ എന്ന ഭൃത്യൻ അദ്ദേഹത്തിന്റെ വിജയകഥകളത്രയും അവരുടെ ചെവിയിലെത്തിച്ചിരുന്നു. മുഹ

മ്മദുമായുള്ള കൂടിക്കാഴ്ചകൾ അവരുടെ മനസ്സിൽ അഗാധമായ പ്രതികരണങ്ങളുണ്ടാക്കി. താൻ അദ്ദേഹത്തെ സ്നേഹിക്കുകയാണെന്ന് അവർ അവ്യക്തമായറിഞ്ഞു.

മുഹമ്മദിനെ സംബന്ധിച്ചിടത്തോളം, സ്ത്രീകളെ വലുതായി പരിഗണിച്ചിരുന്നില്ല. ജീവിതത്തെക്കുറിച്ച്, സമകാല സംഭവങ്ങളെക്കുറിച്ച് കൂടുതൽ ജാഗ്രത്തായിരുന്ന അദ്ദേഹം, വേണ്ടതിലേറെ ജീവിതവ്യവഹാരം ഉൾക്കൊണ്ടു. സ്ത്രൈണലാവണ്യത്തിന്റെ പ്രചോദനശക്തി കാണാനുള്ള കണ്ണില്ലായിരുന്നുവെന്നല്ല, ഒരു മനുഷ്യനെന്ന നിലയിൽ അനിശ്ചിതത്വത്തിന്റെ മുഹൂർത്തങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്നുമല്ല. പുരുഷത്വപ്രാപ്തിക്ക് വൈകിയെന്നും അർഥമാക്കേണ്ടതില്ല. എന്നാൽ, തന്റെ പ്രായക്കാരായ യുവാക്കൾക്കുണ്ടാകാറുള്ളതുപോലെ സ്ത്രീവിഷയത്തിൽ അത്ര കവിഞ്ഞ താൽപര്യമൊന്നും അദ്ദേഹത്തിനില്ലായിരുന്നു. ഇപ്പോൾ തനിക്ക് ഇരുപത്തഞ്ചു വയസ്സുണ്ട്. ലോകത്തെക്കുറിച്ച് ഒരു പ്രാഥമിക പരിജ്ഞാനമൊക്കെയുണ്ട്. ചരക്കുമാറ്റക്കച്ചവടത്തിലൊക്കെ രസകരമായി തമാശപൊട്ടിക്കുമായിരുന്നു അദ്ദേഹം. അഹന്തയോ അതിവിനയമോ അദ്ദേഹത്തിനില്ലായിരുന്നു. മൃദുലമനസ്കൻ. പാവങ്ങളോടും പീഡിതരോടും നിറഞ്ഞ സഹാനുഭൂതിയും സംപ്രീതിയുമുള്ളയാൾ. ഇത്തരം സ്വഭാവമുള്ള ഒരാൾക്ക് വൈവാഹികജീവിതത്തിന്റെ കഷ്ടപ്പാടുകളിൽനിന്ന് രക്ഷപ്പെടാനാവില്ല.

ഖദീജ സമ്പന്നയായിരുന്നു. പക്ഷേ, സമ്പത്ത് അദ്ദേഹത്തിനത്ര പ്രശ്നമായിരുന്നില്ല. അബ്ദുൽ മുത്ത്വലിബിന്റെ പേരക്കിടാവായ, സുമുഖനായ, പേരുകേട്ട കച്ചവടക്കാരനായ, സത്യസന്ധതക്ക് പ്രശസ്തനായ അദ്ദേഹത്തിന് തന്റെ സമുദായത്തിലെ ഏറ്റവും സമ്പന്നയും സുന്ദരിയുമായ സ്ത്രീയെ വേണമെങ്കിൽ ജീവിതപങ്കാളിയായി ലഭിക്കുമായിരുന്നു. ഖദീജയാവട്ടെ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, നിറയൗവനത്തിൽ വിധവയായ ഒരു സ്ത്രീയാണ്. മാത്രമല്ല, നാട്ടുവഴക്കങ്ങൾക്കനുസരിച്ച് തന്നേക്കാളേറെ പ്രായക്കൂടുതലുണ്ട്.

എന്നാൽ, സിറിയയിലേക്കുള്ള യാത്രയിൽ അനുഭവപ്പെട്ട ഖദീജയുടെ മാന്യമായ പെരുമാറ്റവും സംഭാഷണവും സ്വരത്തിലെ സൗമ്യതയും സർവോപരി തന്നിലർപ്പിച്ച വിശ്വാസവും മുഹമ്മദിന് ഇഷ്ടപ്പെട്ടിരുന്നു. ജീവിതത്തിന്റെ പൂമുഖവാതിൽക്കൽ നിൽക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം സഹാനുഭൂതിക്കും വിശ്വാസത്തിനും ശരീരാകർഷണത്തേക്കാൾ പ്രാധാന്യമുണ്ട്. ഒരു യുവഭാര്യക്ക് സാധാരണയിലേറെ ശ്രദ്ധ ആവശ്യമാണ്; അവൾക്ക് ശരീരത്തിന്റെയും ആടകളുടെയും ആവശ്യങ്ങളുണ്ട്; അവ സംതൃപ്തിക്കുവേണ്ടി ആവലാതിപ്പെട്ടുകൊണ്ടിരിക്കും. ജീവിതാപരാഹ്നത്തിലെത്തി നിൽക്കുന്ന ഒരു സ്ത്രീക്ക്, ലൈംഗികതയുടെ ക്ഷണികമായ വിളികൾക്കോ ബാഹ്യഭംഗികൾക്കോ എന്ത് പ്രാധാന്യമു

ണ്ടെന്ന് തിരിച്ചറിയാനാവും. തന്റെ യുവഭർത്താവിനെ സംബന്ധിച്ചിട ത്തോളം അവൾ അർപ്പണബോധമുള്ള ഒരടിമയായിരിക്കും; ജീവിതസമ രത്തിൽ വിജയം കൈവരിക്കാൻ അയാൾക്കവൾ പ്രോത്സാഹനം നൽകും. അതുകൊണ്ടാവാം ചുറുചുറുക്കുള്ള ചെറുപ്പക്കാർക്കുവേണ്ടി യുള്ള മത്സരത്തിൽ യുവതികളെ അവരേക്കാൾ പ്രായമുള്ള സ്ത്രീകൾ

പരാജയപ്പെടുത്തുന്നത്.

ഒരു വിവാഹബന്ധത്തിനുള്ള അഭ്യർഥന, രണ്ടിൽ ആരുടെ ഭാഗത്തു നിന്നാണുണ്ടായതെന്നറിയില്ല; അത് തികച്ചും വ്യക്തിപരമായ ഒരു രഹസ്യമാണ്. തന്റെ ഹൃദയം പൂർണമായും അദ്ദേഹത്തിനു നേരെ തിരിഞ്ഞുവെന്ന് തോന്നിയപ്പോൾ, ആ ന്യായമായ പ്രതിപത്തി പ്രതിരോധിച്ചുനിർത്താതെ, ഖദീജ പൂർണമായും അടിയറവു പറയുകയാണുണ്ടായതെന്നാണു വിശ്വസിക്കേണ്ട ത്. അവർ, ഇരുവരുടെയും ഒരു സുഹൃത്തുവഴി, തന്റെ ആഗ്രഹമറിയിക്കുകയും മുഹമ്മദ് സസന്തോഷം സ്വീകരിക്കുകയുമാണുണ്ടായത്.

വിവാഹാഘോഷങ്ങൾ വലിയ കീർത്തിയോടെ കൊണ്ടാടി. ഖുറൈശി പ്രധാനികളൊക്കെ സന്നിഹിതരായിരുന്നു. കഅ്ബയുടെ കൈക്കാരൻ എന്ന നിലയിൽ അബൂത്വാലിബ് വിവാഹകർമങ്ങൾക്ക് നേതൃത്വം നൽകി. അദ്ദേഹം ദൈവത്തെ വാഴ്ത്തി.

'നമ്മെ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും പിന്മുറക്കാരാക്കിയ ദൈവം വാഴ്ത്തപ്പെടട്ടെ. ഈ പുണ്യഭൂമി നമുക്ക് നൽകിയ, നമ്മെ തീർഥാലയത്തിന്റെ സംരക്ഷകരും മനുഷ്യരുടെ വിധികർത്താക്കളുമാക്കിയ തമ്പുരാൻ വാഴ്ത്തപ്പെടട്ടെ. സൗഭാഗ്യകരമായ സംഭവങ്ങളൊന്നുമുണ്ടായിട്ടില്ലെങ്കിലും അബ്ദുല്ലയുടെ മകനും എന്റെ സഹോദരപുത്രനുമായ മുഹമ്മദ് ബുദ്ധിശക്തിയിലും മഹത്വത്തിലും, ഭാഗ്യമെന്നു പറയട്ടെ നമ്മുടെ ഗോത്രത്തിൽ ആരെയും കവച്ചുവെക്കുന്നു. മുഹമ്മദ് ഖദീജയെയും ഖദീജ അയാളെയും സ്നേഹിക്കുന്നുണ്ട്. അതുകൊണ്ട് ഞാനവരെ ഭാര്യാഭർത്താക്കന്മാരാക്കുന്നു. വിവാഹാഘോഷത്തിനാവശ്യമായ ഇഷ്ടദാനം നൽകുന്നതിന്റെ ഉത്തരവാദിത്വം ഞാനേറ്റെടുക്കുകയും ചെയ്യുന്നു.'

20 ഒട്ടകങ്ങൾകൊണ്ട് ഖദീജ തൃപ്തിപ്പെട്ടുകൊള്ളുമെന്ന് അവരുടെ ബന്ധുക്കൾ പറഞ്ഞു; അബൂത്വാലിബ് അത് ശരിയാക്കിവെച്ചിട്ടുണ്ടായി

രുന്നു. ചടങ്ങുകളവസാനിപ്പിച്ചുകൊണ്ട് വാദ്യസംഗീതം മുഴങ്ങി. അതിഥികൾ വിഭവസമൃദ്ധമായ സദ്യക്കിരുന്നു. ആഘോഷങ്ങൾ രാവുമുഴുവൻ നീണ്ടുനിന്നു. അതിഥികളുടെ ആഹ്ലാദത്തിനു കൊഴുപ്പുകൂട്ടുന്നതിന്, അബൂത്വാലിബ് സുന്ദരികളായ ഏതാനും അടിമപ്പെണ്ണുങ്ങളോട് താളബദ്ധമായി നൃത്തമാടാൻ കൽപിച്ചു. ലജ്ജാലുവായ മുഹമ്മദ്, ഒരു സുഹൃത്തുമായി സംഭാഷണനിരതനാണെന്ന നാട്യേന, ഒരു മൂലയിലൊതുങ്ങിയിരുന്നു. നർത്തകികളുടെ ഉടൽക്കറുപ്പിലും അധരശോണിമയിലും ആസക്തനോട്ടങ്ങളെറിഞ്ഞ അതിഥികൾ, പരിപാടിയിലെ ഈ ഇനം അതീവ രസത്തോടെ ആസ്വദിച്ചു.

**രണ്ട്**

# പ്രവാചകൻ

**മു**ഹമ്മദ്, ഖദീജയെ വിവാഹം ചെയ്തിട്ട് വർഷം പതിനഞ്ചുകഴിഞ്ഞുപോയി. അറേബ്യയെ, ഭൂമിയിലെ നരകമാക്കി മാറ്റിയ, എല്ലാറ്റിനെയും കരിച്ചുണക്കിക്കളയുന്ന തീക്കാറ്റാഞ്ഞുവീശിയ പതിനഞ്ചു ഗ്രീഷ്മങ്ങൾ. മരവിപ്പിക്കുന്ന വടക്കുപടിഞ്ഞാറൻ കാറ്റു വീശിയെത്തിയ ശൈത്യം. പതിനഞ്ചു വട്ടം, മരുപ്പച്ചകൾ താരണിഞ്ഞു. മരുഭൂമിയുടെ വരണ്ട തൊണ്ടയിലെ ദാഹം തെക്കൻ കാറ്റ് ശമിപ്പിച്ചു.

ഖദീജക്കിപ്പോൾ വയസ്സ് അമ്പത്തിയഞ്ച്. ജീവിതത്തിന്റെ സായാഹ്നത്തിലാണവർ. മുഹമ്മദ് ഇപ്പോഴും പ്രസരിപ്പാർന്ന യുവാവ്. ഇപ്പോഴദ്ദേഹം പിതാവാണ്. ഖദീജ ആറു മക്കളെ പ്രസവിച്ചു. രണ്ടാൺ മക്കളിൽ മൂത്തയാൾ ഖാസിം; ഖദീജ മുഹമ്മദിനെ വിളിച്ചിരുന്നത് 'അബുൽ ഖാസിം' (ഖാസിമിന്റെ പിതാവ്) എന്നായിരുന്നുവല്ലോ. അവസാനം പ്രസവിച്ചതും ഒരാൺകുഞ്ഞിനെയായിരുന്നുവെങ്കിലും അവൻ അൽപായുസ്സായിരുന്നു. സൈനബ്, റുഖിയ, ഉമ്മുകുൽസൂം, ഫാത്വിമ എന്നിവരായിരുന്നു പെൺകുട്ടികൾ.

വിവാഹം മുഹമ്മദിനെ ധനികനാക്കിയെങ്കിലും അദ്ദേഹം മതിമറന്നില്ല. ഉപജീവനത്തിനു വേണ്ടി അധ്വാനം അനിവാര്യമാക്കാത്ത സ്വാതന്ത്ര്യം മാത്രം. മറ്റു പലരുടെയും കാര്യത്തിൽ കാണാറുള്ളതുപോലെ അദ്ദേഹം ഒരു വഷളനായ ഭർത്താവൊന്നുമായിരുന്നില്ല. തന്റെ ഭാര്യയുടെ സ്വത്തുകാര്യങ്ങളിലൊന്നും അദ്ദേഹം കൈകടത്തിയതേയില്ല. ഐശ്വര്യം, അദ്ദേഹത്തിന്റെ സഹജമായ സ്വഭാവത്തിനൊരു മാറ്റവും വരുത്തിയില്ല. സമ്പന്നയായ ഭാര്യയുണ്ടെങ്കിലും താൻ ദരിദ്രനാണെന്നാണദ്ദേഹം ഉള്ളിൽ കരുതിയത്. നിത്യഭക്ഷണവും വസ്ത്രവും മാത്രമേ അദ്ദേഹത്തിനു വേണ്ടൂ-അതുതന്നെ അതീവ ലളിതം. പക്ഷേ, സുഹൃത്തുക്കളെയും

സഹായാർഥികളെയും സംബന്ധിച്ചിടത്തോളം ഖദീജയുടെ സ്വത്ത് വലുത് തന്നെയായിരുന്നു. സ്വന്തം നിലയിൽ എന്തെങ്കിലും ചെയ്യാൻ നിസ്സഹായനായതുകൊണ്ട് അവരിൽ അർഹരായവരുടെ കാര്യം ഖദീജ യോട് ശിപാർശ ചെയ്യുക മാത്രം അദ്ദേഹം ചെയ്യും. ഖദീജയും ദാനശീ ലയായിരുന്നു. പാവങ്ങളെ സഹായിക്കാനവർ ആഗ്രഹിച്ചു. അങ്ങനെ മുഹ മ്മദും ഖദീജയും, പ്രതാപവും വ്യാമോഹവുമില്ലാതെ പല കുടുംബങ്ങ ളിലും പ്രകാശം പ്രസരിപ്പിച്ചു. തന്റെ കാലത്തെ സാമൂഹികപദ്ധതികളി ലൊന്നും മുഹമ്മദ് പ്രധാനപ്പെട്ട സംഭാവനകൾ നൽകിയിട്ടില്ല. അങ്ങനെ യൗവനത്തിന്റെ വാഗ്ദാനം ഇനിയും സാക്ഷാത്ക്കരിക്കാതെ കിടന്നു.

മുഹമ്മദിനിപ്പോൾ മുമ്പെന്നത്തേതിനെയുംകാൾ പ്രത്യേകതയു ണ്ടെന്നു കാണാം. ചങ്ങാതിമാർ അപൂർവം. ചെറുപ്പക്കാരുടെ കൂട്ടത്തിൽ അദ്ദേഹത്തെ കണ്ടെത്താനാവില്ല. സാമൂഹികപരിപാടികളിൽനിന്നൊക്കെ അദ്ദേഹം ഒഴിഞ്ഞുനിൽക്കുകയാണ് പതിവ്. എപ്പോഴും മൗനിയായി, മിത ഭാഷിയായി, ആത്മപരിശോധന നടത്തുന്നതായി അദ്ദേഹം കാണപ്പെട്ടു. അദ്ദേഹത്തിൽ ജീവിത വിരക്തിയുണ്ടായോ? തന്റെ വിധിയിൽ അദ്ദേഹം നിരാശനായിരിക്കുമോ? സമ്പത്തിന്റെയും പ്രശസ്തിയുടെയും ജീവിതസൗഭാഗ്യങ്ങളുടെയും മൃഗതൃഷ്ണകൾ കാട്ടി വിധി പരിഹസി ക്കുകയും ഒടുവിൽ യാത്രാന്ത്യത്തിൽ മണൽക്കാട്ടിലേക്ക് നയിക്കുകയും ചെയ്യുന്ന ഹതഭാഗ്യരിലൊരാൾ മാത്രമാണോ, അദ്ദേഹം?

എന്തിനാണദ്ദേഹം കുന്നുകളിലൂടെ ഇത്രയും നേരം ലക്ഷ്യമില്ലാതെ അലയുന്നത്? കുടുംബത്തിൽനിന്ന് വിട്ടുനിൽക്കുന്ന ഈ സമയമെല്ലാം എന്താണദ്ദേഹം ചെയ്യുന്നത്? ബുദ്ധിയെ കുഴക്കുന്ന എന്തെങ്കിലും സമ സ്യയുണ്ടാവുമോ? അതോ പ്രപഞ്ചത്തെ അമ്പരപ്പിക്കാൻപോന്ന ഒരു ഔഷധമെങ്ങാനും രഹസ്യമായി ഉണ്ടാക്കുകയാവുമോ?

# 2

പതിനഞ്ചു വർഷങ്ങൾ. ചരിത്രത്താളുകളിൽ കുറിക്കപ്പെട്ട മഹാസം ഭവങ്ങൾ.

കിഴക്കും പടിഞ്ഞാറും റോമാസാമ്രാജ്യം തകർച്ചയുടെ ലക്ഷണങ്ങൾ കാട്ടി. സാമ്രാജ്യത്തിന്റെ മരണവേദനകളെ പെരുപ്പിക്കുന്ന ഒത്തിരി അർബുദങ്ങൾ. എന്നാൽ, തസ്ക്കാനിയുടെയും പോന്തുസിന്റെയും വാളു കളെ ബൈസാന്റിയൻ തൊഴിലാളികൾ ഇപ്പോഴും ചെറുത്തുനിൽക്കു ന്നുണ്ട്. കലവറയിൽ ഒട്ടേറെ ആയുധങ്ങൾ സ്വരുക്കൂട്ടിയിരിക്കുന്നു. യുദ്ധ ക്കപ്പലുകൾക്ക് പഞ്ഞമില്ല. ശക്തമായ കോട്ടകളുണ്ട്. സൈനിക അക്കാ ദമികളിൽ തന്ത്രശാസ്ത്രവും അതിന്റെ ക്രമപരിണാമങ്ങളും പഠിപ്പി ക്കുന്നു. എന്നാൽ, സാമ്രാജ്യത്തിന് ഇനിയും അധികകാലം ഈ ആയു

ധങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നവരെ നൽകാനാവില്ല. യുദ്ധത്തിനു മേൽനോട്ടം നൽകാനോ കപ്പലോട്ടാനോ ധീരമായ വിജയത്തിലേക്ക് യുദ്ധതന്ത്രങ്ങളെ ചുരുക്കാനോ ആവില്ല. സീസറിന്റെ സിംഹാസനം ഒരു അഭിസാരികയോടൊപ്പം ജസ്റ്റീനിയൻ പങ്കുവെച്ചപ്പോൾ യൂറോപ്പിലെയും ഏഷ്യയിലെയും ക്യാമ്പുകൾ അനുസ്യൂതമായ രാജദ്രോഹത്തിൽ പ്രക്ഷുബ്ധമായിത്തീർന്നു. ചക്രവർത്തിയുടെ അധികാരവും സ്വേച്ഛയും അന്തിമമായിരിക്കേണ്ട ഈ ക്യാമ്പുകളിലാണ് അദ്ദേഹത്തിന്റെ ആജ്ഞകൾ അനാദരിക്കപ്പെട്ടത്, അനുസരിക്കപ്പെടാതെ പോയത്. പട്ടാളക്കാർ വിറപൂണ്ട ജനറൽമാരെ ശകാരിക്കുകയും പ്രഹരിക്കുകയും ചെയ്തു. ചക്രവർത്തിയുടെ പ്രതിമകൾ അടർത്തിയെറിഞ്ഞു. ക്രിസ്തുവിന്റെ തൂങ്ങപ്പെട്ട രൂപത്തിന്മേൽ കല്ലെറിഞ്ഞു. മോറിസ് ചക്രവർത്തിയെയും മക്കളെയും വധിച്ചതോടെയാണ് ഈ ദുരന്തരംഗം അവസാനിക്കുന്നത്. അവരുടെ ജഡങ്ങൾ കടലിലൊഴുക്കി. അവരുടെ ശിരസ്സുകൾ ബഹുജനാഹ്ലാദത്തിനായി പ്രദർശിപ്പിക്കപ്പെട്ടു. ജടപിടിച്ച പുരികങ്ങളും ചുവന്ന തലമുടിയും ദീക്ഷയില്ലാത്ത തടിയുമുള്ള കുള്ളനായ ഫോക്കസ് കുറച്ചുവർഷം പൂർവസാമ്രാജ്യം ഭരിച്ചു. അക്ഷരാഭ്യാസമോ നിയമപരിചയമോ ആയുധനൈപുണ്യമോ ഇല്ലാത്ത ഒരാൾ. അൽപം നൊന്താൽ ആളിപ്പടരുന്ന, ഭയംകൊണ്ട് കടുപ്പമേറിയ, അധിക്ഷേപത്തിലും ചെറുത്തുനിൽപിലും പെട്ടെന്നു പ്രകോപിതനാകുന്ന വന്യപ്രകൃതനായ അയാളുടെ ഭരണകാലമെമ്പാടും അസ്വസ്ഥതയിലും അന്ധകാരത്തിലുമാണ്ടിരുന്നു-ഒടുവിൽ തന്റെ നിയമധ്വംസനങ്ങൾക്ക് പിഴ കൊടുക്കുവോളം. അങ്കവസ്ത്രവും കിരീടവും നഷ്ടപ്പെട്ട നിലയിൽ, വിലകെട്ട കീറത്തുണിയിലായിരുന്നു അന്ത്യം. ശിരസ്സറുക്കപ്പെട്ട്, നുറുക്കപ്പെട്ട അയാളുടെ നഗ്നമായ ഉടലിനെ നോക്കി ആണും പെണ്ണും ഉൾപ്പെട്ട ആൾക്കൂട്ടം പരിഹസിച്ചാർത്തു ചിരിച്ചു; പിന്നെ, ഒരു വലിയ ചിതയിലേക്കെടുത്തു. സീസറിന്റെ സിംഹാസനത്തിൽ പിന്നീടിരുന്നത് ഹെർക്കുലീസ്. പശ്ചിമ സാമ്രാജ്യത്തിൽ റോമാസൂര്യൻ അസ്തമയത്തോടടുത്തുവെങ്കിലും അതിന്റെ മഹത്പ്രകാശം അപ്പോഴും ലോകത്തിനു ശോഭയേറ്റി. തന്റെ രാജകീയ പ്രഭാവം കൊണ്ട് ജസ്റ്റീനിയൻ പുതുക്കുകയും വികസിപ്പിക്കുകയും ശക്തമാക്കുകയും ചെയ്ത ആ വിസ്തൃത സാമ്രാജ്യം കാറ്റുപോയ ബ്ലാഡർപോലെ ചുരുങ്ങിവീണു. ഇറ്റാലിയൻ പ്രദേശങ്ങളിൽ മിക്കവയും ലോംബാർഡിയക്കാർ തിരിച്ചുപിടിച്ചു. ഡാന്യൂബിൽനിന്ന് കുതിച്ചൊഴുകിയ അവാറുകളും സ്ലാവുകളും ഇടക്കുള്ള പ്രദേശങ്ങളെയത്രയും പ്രളയജലമെന്നോണം വിഴുങ്ങി.

പേർഷ്യയിലാവട്ടെ ഖുസ്രു രണ്ടാമൻ, തന്റെ മുത്തച്ഛനായ ഖുസ്രു ഒന്നാമന്റെ ജാജ്ജ്വല്യമാനമായ നേട്ടങ്ങളുമായി മുന്നോട്ടുനീങ്ങുന്നു. കാൽഡിയനിലെത്തിയ അദ്ദേഹത്തിന്റെ സൈന്യം ദമാസ്കസിനെയും ജറൂസലമിനെയും തൂത്തെറിയുമെന്ന് ഭീഷണി മുഴക്കുന്നു. ആർക്കറിയാം,

അദ്ദേഹത്തിന്റെ സ്വാധീനം യസ്രിബിലേക്കും മക്കയിലേക്കും സ്വൻആ യിലേക്കും വ്യാപിപ്പിക്കുകയില്ലെന്ന്.

ഗോത്രസ്പർധകളും ബാലിശമായ യുദ്ധങ്ങളും ആഭ്യന്തരസംഘട്ട നങ്ങളുമാണ് സ്വന്തം രാജ്യത്ത് മുഹമ്മദിനു കാണാൻകഴിഞ്ഞത്. താൻ സ്നേഹിക്കുന്ന രാഷ്ട്രം അജ്ഞതയിലും അന്ധവിശ്വാസത്തിലും ആഭാ സത്തിലും ആണ്ടുപോയിരിക്കുന്നു. ശക്തിയും സ്ഥൈര്യവും സാഹസിക ത്വവുമുണ്ടായിട്ടെന്ത്?! അവർ ക്രൂരരും മനുഷ്യത്വവിഹീനരും നിയമവി രുദ്ധരുമായിരുന്നു. രാഷ്ട്രമില്ല; നിയമമില്ല; നീതിയില്ല; ഒരു കേന്ദ്രീകൃത ഭരണസംവിധാനമില്ല. അങ്ങനെയൊക്കെയാണെങ്കിലും, തീർച്ചയായും ഗോത്രവീര്യമുള്ളവരായിരുന്നു അവർ. അതിരു കവിഞ്ഞുപോയി പക്ഷേ, ആ സദ്ഗുണം. ചുരുക്കത്തിൽ നിസ്സാര കാര്യങ്ങളെച്ചൊല്ലിയുള്ള കല ഹങ്ങൾമൂലം ഒഴുകുന്ന ചോര, രാജ്യത്തെ മരണവക്ത്രത്തിലെത്തിച്ചിരി ക്കുന്നു. ഏകദൈവ മഹത്വം പ്രകീർത്തിക്കാൻ പടുത്തുയർത്തിയതാണ് കഅ്ബ. പ്രപഞ്ചസ്രഷ്ടാവ് എന്ന സങ്കൽപം തന്നെ അവ്യക്തവും പങ്കി ലവുമായിത്തീർന്നിരിക്കുന്നു. അനേകം വിഗ്രഹങ്ങൾ നിറഞ്ഞ ഒരു ലോകം. സാമൂഹികജീവിതമാകട്ടെ പ്രാകൃതവും ജുഗുപ്സാവഹവും. ശിശുഹത്യ ഭയാനകമാംവിധം വ്യാപകമായിരിക്കുന്നു. സ്ത്രീകളുടെ സ്ഥിതി കന്നുകാലികളുടേതിനേക്കാൾ മോശം. വികാരശമനത്തിലാണ വർക്ക് ഏറെ താൽപര്യം. മദ്യവും ചൂതും വ്യാപകം. സ്വകാര്യത, കൂറ് തുടങ്ങിയ സങ്കൽപങ്ങൾ അസ്പഷ്ടം.

# 3

അബ്ദുൽ മുത്ത്വലിബിന്റെ പൗത്രൻ മുഹമ്മദും ധനികയായ ഖദീജ എന്ന വിധവയും തമ്മിലുള്ള വിവാഹം ഖുറൈശിത്തലവന്മാർ ആഘോ ഷിച്ചിട്ട് വർഷം പതിനഞ്ചു കടന്നുപോയി. മുഹമ്മദിനിപ്പോൾ നാൽപതു കഴിഞ്ഞു. ഭർത്താവ്, പിതാവ് എന്നീ നിലകളിലുള്ള നേട്ടങ്ങൾ കഴി ഞ്ഞാൽ പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതകഥ അസ്പഷ്ടമാണ്. ഒരു ഐതിഹ്യമോ കേട്ടുകേൾവിയോ ഇക്കാലത്തെ അദ്ദേഹത്തിന്റെ ജീവി തത്തിലേക്ക് ക്ഷണിക ദർശനം തന്നെന്നു വരും. എന്നാൽ, അദ്ദേഹ ത്തിന്റെ പൗരപ്രാമുഖ്യത്തെക്കുറിച്ചുള്ള ഒരു സംഭവം ആധികാരികമാ യുണ്ട്.

ഒരു ആയുധലഹളയെത്തുടർന്ന് സമാധാനം പുനഃസ്ഥാപിക്കപ്പെട്ട പ്പോൾ, തങ്ങളുടെ ഗോത്രത്തിന് ആയിടെ ഉണ്ടായ വിജയങ്ങളുടെ പശ്ചാ ത്തലത്തിൽ കഅ്ബ പുതുക്കിപ്പണിയാൻ ഖുറൈശികൾ തീരുമാനിച്ചു. ആ ദേവാലയം പുതുക്കിപ്പണിതു. കെട്ടിടംപണി പുരോഗമിക്കവെ, അതിലെ കറുത്ത ശില കൈകാര്യം ചെയ്യുന്നതിനുള്ള അവകാശത്തെ

ച്ചൊല്ലി ഗോത്രങ്ങൾ തമ്മിൽ ശക്തമായ അഭിപ്രായഭിന്നതയുണ്ടായി. ദേവാലയത്തിൽ ആദ്യം പ്രവേശിക്കുന്ന ആളുടെ തീരുമാനം അനുസരിക്കാമെന്ന്, നീണ്ട ചർച്ചകൾക്കു ശേഷം എല്ലാവരും സമ്മതിച്ചു. സന്ദർഭവശാൽ മുഹമ്മദിനാണ് ഇതിന്ന് ഭാഗ്യം ലഭിച്ചത്. തന്റെ അഭിപ്രായമാരാഞ്ഞപ്പോൾ, അദ്ദേഹം ഇങ്ങനെയാണ് തീരുമാനിച്ചത്: പുണ്യശില ഒരു വലിയ പരവതാനിയിൽ വെച്ച് എല്ലാ ഗോത്രക്കാരും കൂടി അതു പൊക്കി ഉചിതമായ സ്ഥാനത്ത് വയ്ക്കുക. അപ്പോൾ ആ കാര്യത്തിൽ എല്ലാവരും പങ്കുവഹിച്ചു എന്നായല്ലോ. അങ്ങനെ എല്ലാ വിഭാഗങ്ങളെയും പൂർണ സംതൃപ്തരാക്കി മുഹമ്മദ് ആ പ്രശ്നം പരിഹരിച്ചു.

ഈ ഒറ്റ സംഭവവും അടുത്തുള്ള കുന്നുകളിലേക്ക് അലക്ഷ്യമായി അലഞ്ഞുതിരിയുന്നത് പലപ്പോഴും കണ്ടിട്ടുള്ളതുമൊഴിച്ചാൽ ആ കാലത്തെ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള അറിവ് ശിഥിലവും, ഒരു പ്രഹേളികപോലെ അപൂർണവുമാണ്. പലപ്പോഴും മുഹമ്മദ് അഗാധചിന്തയിലാണ്ടതുപോലെ കാണപ്പെട്ടു. അദ്ദേഹം കൂടുതൽ കൂടുതൽ ഏകാകിയായിത്തീർന്നു. മരങ്ങൾ തണൽ വിരിക്കാത്ത, പൂക്കൾ വിരിയാത്ത, നദികളൊഴുകാത്ത ഈ ഇരുണ്ട കുന്നുകൾക്കിടയിൽ, വാപിളർത്തിനിൽക്കുന്ന ചെങ്കുത്തായ പാറകൾക്കിടയിൽ മുഹമ്മദ് അത്യഗാധമായ ധ്യാനത്തിലായിരുന്നു.

# 4

വാസന്ത പുലർക്കാലം. വടക്കുകിഴക്കുനിന്ന് തുളച്ചുകയറുന്ന കാറ്റു വീശുന്നു. കിഴക്ക് വിളറിയ നീലാകാശം തെളിയാൻ തുടങ്ങവേ, നക്ഷത്രങ്ങൾ ഉറക്കംതൂങ്ങി. മുഹമ്മദ് തിടുക്കപ്പെട്ട് ഒരു കുന്നിറങ്ങിവരികയാണ്. ചക്രവാളത്തിന്റെ നാഭിയിൽ മക്ക കിടക്കുന്നു; കവലയിലെ വീട്ടുമേൽക്കൂരകൾ ഇപ്പോൾ മങ്ങിക്കാണാം. പതിവുപോലെ കോഴി ലോകത്തെ ഒരു പുതിയ പുലരിയിലേക്ക് വിളിച്ചുണർത്തുന്നു. കഅ്ബയിൽനിന്ന് അധികം അകലെയല്ലാതെ സ്ഥിതിചെയ്യുന്ന, അമിത പ്രൗഢി തോന്നാത്ത ഒരു വീട്ടിൽ മക്കളോടൊപ്പം ഖദീജ ഉറക്കത്തിലാണ്. മൂലയിൽ ഒരു വിളക്കിന്റെ മങ്ങിയ വെളിച്ചം; വിലങ്ങനെയിട്ട ഒരു ഷാൾ ആ വെളിച്ചം ഉറങ്ങുന്നവരുടെ കണ്ണുകളിൽനിന്നു മറയ്ക്കുന്നു. പൊടുന്നനെ ആരോ ധൃതിയിൽ നടന്നുവരുന്നതിന്റെ കാലൊച്ച കേട്ടു; പിന്നെ ശക്തിയായി വാതിൽക്കൽ മുട്ടുന്നതും.

'ആരത്?' തെല്ലുദ്വേഗത്തോടെ ഖദീജ ചോദിച്ചു.

'ഇത് ഞാനാണ്; ഖാസിമിന്റുപ്പ. വാതിൽ തുറക്കൂ. വേഗം' ഖദീജ കിടക്കയിൽനിന്ന് ചാടിയെണീറ്റ് സാക്ഷ നീക്കി. ശബ്ദം കുഞ്ഞുങ്ങളെ അലോസരപ്പെടുത്തി. അവർ അതിശയത്തോടെ എഴുന്നേറ്റിരുന്നു

നോക്കി. മുഹമ്മദ് വിസ്ഫോടകാവസ്ഥയിലായിരുന്നു. തലമുടിയാകെ പാറിപ്പറക്കുന്നു. കണ്ണുകളിൽ തീക്ഷ്ണഭാവം. വായ വരണ്ടിരിക്കുന്നു.

'അബുൽ ഖാസിം, എന്തു പറ്റി?'

ഒരു നിമിഷം മുഹമ്മദിന് സംസാരിക്കാനായില്ല - പിന്നെ ശ്വാസം വിടാതെ: 'നിന്നോടത് പറയാനെനിക്കാവുന്നില്ല.'

'എന്തുകൊണ്ടാണത് അബുൽ ഖാസിം? രാത്രി എന്താണുണ്ടായത്?!'

ക്ഷമാപൂർവം കേൾക്കാമെന്നു ഖദീജ സമ്മതിച്ചപ്പോഴല്ലാതെ, മുഹമ്മദ് തന്റെ കഥ പറഞ്ഞില്ല.

ഖദീജ അദ്ദേഹത്തിന്റെ കൈപിടിച്ച് മൃദുവായി അമർത്തി. പിന്നെ മറ്റൊരു മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെയാകുമ്പോൾ പറയുന്നത് കുഞ്ഞുങ്ങൾ കേൾക്കില്ലല്ലോ. അപ്പോഴും അദ്ദേഹത്തിന്റെ കണ്ണുകൾക്ക് തീക്ഷ്ണതയുണ്ടായിരുന്നു. അപ്പോഴും അദ്ദേഹം ശ്വാസം കിട്ടാതെ അണയ്ക്കുന്നുണ്ടായിരുന്നു.

'മറ്റെല്ലാ രാത്രിയും പോലെ കഴിഞ്ഞ രാവും ഹിറാ പർവതത്തിൽ എല്ലാം സ്വസ്ഥമായിരുന്നു. നക്ഷത്രങ്ങൾ മാത്രം പതിവിലും കൂടുതൽ തെളിഞ്ഞു കാണപ്പെട്ടു. പ്രാർഥിച്ചു കഴിഞ്ഞ്, കരിമ്പടം പുതച്ച് ഞാൻ ഉറക്കത്തിലായി. പാതിരാകഴിഞ്ഞേറെ ചെന്നുകാണില്ല; ഉച്ചത്തിലുള്ള ഇടിമുഴക്കം കേട്ടാണ് ഞാനുണർന്നത്. മക്കയിലേക്കു നീങ്ങുന്ന ഒരു വലിയ ശ്യാമമേഘം തലക്കുമീതെ എത്തിനിന്നു. ഏതോ വലിയ ശക്തി എന്നെ എഴുന്നേൽപിച്ചതായി തോന്നി. ഒരു മിന്നൽപ്പിണർ നിശാംബരത്തെ കീറിപ്പാഞ്ഞുപോയി. ഒരു ശബ്ദം എന്നെ അഭിസംബോധന ചെയ്യുന്നത് രണ്ടുപ്രാവശ്യം ഞാൻ കേട്ടു. മറുപടി പറയാനാഗ്രഹിച്ചെങ്കിലും എനിക്ക് വാ തുറക്കാനായില്ല. മൂന്നാം വട്ടവും ആ ശബ്ദം ആജ്ഞാപിച്ചു: 'വായിക്കുക'

അപ്പോൾ ഞാൻ പറഞ്ഞു: 'ഞാനെന്താണ് വായിക്കുക?'

മറുപടി കിട്ടി: 'വായിക്കുക, പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിന്റെ നാമത്തിൽ വായിക്കുക.'

വീണ്ടും ഞാൻ പറഞ്ഞു: 'എനിക്ക് വായിക്കാനറിയില്ലല്ലോ.' മലക്ക് മന്ദഹസിച്ചു. നാലാമത്തെ തവണയും വായിക്കാൻ എന്നോട് നിർദേശിച്ചു: 'വായിക്കുക-ഒരു തുള്ളി രക്തത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ച, ആരാധ്യനായ ദൈവത്തിന്റെ നാമത്തിൽ വായിക്കുക. മനുഷ്യന്നറിയാത്തത് അവനെ പഠിപ്പിച്ച ദൈവം, അവന്റെ ആത്മാവിൽ വിജ്ഞാനരശ്മികൾ നിറച്ച ദൈവം.'

'ശരി, എന്നിട്ട്?'

'വീണ്ടും ദൈവശക്തിയുടെ അതേ അസാധാരണ ദൃശ്യം - ഇടി, മിന്നൽ, ഇരുട്ട്. ഖദീജാ, ഞാൻ കിനാവുകാണുകയായിരുന്നില്ല. എനിക്ക് ഭ്രാന്തും പിടിച്ചിരുന്നില്ല.' 'അബുൽ ഖാസിം, അല്ലാഹു അങ്ങയെ വളരെയേറെ സ്നേഹിക്കുന്നുണ്ട്. എന്തിനവൻ അങ്ങയെ ദ്രോഹിക്കണം? അങ്ങ് സത്യം പറയുന്നു. തിന്മക്കു തിന്മ അങ്ങു ചെയ്യുന്നില്ല. അങ്ങ് വിശ്വാസ വാഗ്ദാനങ്ങൾ പാലിക്കുന്നു. എല്ലാ ഇടപാടുകളിലും അങ്ങ് സത്യവാനാണ്. അങ്ങ് ലജ്ജാശീലനാണല്ലോ. അതേസമയം, എന്റെ പ്രിയ ഭർത്താവേ, അങ്ങ് സന്തോഷിച്ചോളൂ, ഇത് നല്ലതിനാണെന്ന്. എനിക്കുറപ്പുണ്ട്, ഏതോ വലിയകാര്യം ചെയ്യാൻ അങ്ങയെ അല്ലാഹു നിശ്ചയിച്ചിരിക്കയാണെന്ന്.'

പിന്നീട്, പകൽസമയത്ത് മുഹമ്മദറിയാതെ ഖദീജ, വൃദ്ധപണ്ഡിതനായ തന്റെ ബന്ധു വറഖയെ പോയിക്കണ്ടു. ജൂതന്മാരുടെയും നസ്രാണികളുടെയും വേദങ്ങൾ പഠിച്ചയാളാണല്ലോ അദ്ദേഹം. ഖദീജ പറഞ്ഞതു കേട്ടപ്പോൾ വറഖക്ക് ആഹ്ലാദം. ചുളിഞ്ഞ മുഖത്ത് മന്ദഹാസം പരന്നു.

'ഖുദ്ദൂസും! ഖുദ്ദൂസും!' അദ്ദേഹം പറഞ്ഞു: 'പുണ്യം! പുണ്യം! മോശക്കും ഈശോക്കും കിട്ടിയ വെളിപാടാണിത്. നാമൂസ് അൽഅക്ബർ. ധൈര്യമായി, സന്തോഷമായിട്ടിരിക്കാൻ മുഹമ്മദിനോട് ചെന്നു പറയിൻ. തന്റെ ജനതക്കിടയിൽനിന്ന് പ്രവാചകനാവാനാണദ്ദേഹത്തിന്റെ നിയോഗം.' ഖദീജക്കുണ്ടായ സന്തോഷം അവാച്യം. വറഖയുടെ സന്ദേശമെത്തിക്കാൻ അവർ വീട്ടിലേക്കു കുതിച്ചു.

'അബുൽ ഖാസിം, ഹിറായിൽ അങ്ങേക്കുണ്ടായ ദർശനം അങ്ങയുടെ മനസ്സിനെ ഒരു തരത്തിലും താറുമാറാക്കുകയില്ലെന്ന് നേരത്തേതന്നെ എനിക്കുറപ്പുണ്ടായിരുന്നു. ജനങ്ങൾക്കിടയിൽ തന്റെ ദൗത്യമെത്തിക്കാൻ പടച്ചവൻ അങ്ങയെ തെരഞ്ഞെടുത്തിരിക്കയാണെന്നിപ്പോൾ പൂർണബോധ്യമായി. അല്ലാഹു ഒഴികെ ആരാധ്യനില്ല; അങ്ങ്, മുഹമ്മദ് അവന്റെ പ്രവാചകനാണ്. ലാ ഇലാഹ ഇല്ലല്ലാഹ്......മുഹമ്മദുർറസൂലുല്ലാഹ്.......'

# 5

ഖദീജയും വറഖയും വെളിപാടുകാര്യം വിശ്വസിക്കാൻ സന്നദ്ധരായെങ്കിലും, ഏകാന്തതയിൽ തനിക്കു ലഭിച്ച ദൈവികദൗത്യത്തിനു താൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കയാണെന്നതിന് നിയുക്ത പ്രവാചകനു കുറേകൂടി വ്യക്തമായ തെളിവ് ആവശ്യമാണെന്ന് തോന്നി. മുഹമ്മദിനു വിധിക്കപ്പെട്ട നിയോഗത്തിനാവശ്യമായ കാര്യങ്ങൾ അദ്ദേഹത്തെ പഠിപ്പിക്കാൻ ഭരമേൽപിക്കപ്പെട്ടത് ജിബ്രീൽ മലക്കായിരുന്നു. ഹിറാ പർവതത്തിൽ വച്ച് പലപ്പോഴും ജിബ്രീൽ അദ്ദേഹത്തെ സന്ധിച്ചു. മിക്കപ്പോഴും

അദ്ദേഹം ധ്യാനനിലീനനായിരുന്നു. സുദീർഘവും ദുഷ്കരവുമായ ആരാധനക്കു ശേഷം വിശ്രമിക്കുമ്പോഴും അദ്ദേഹത്തെ മലക്ക് കണ്ടു.

രണ്ടാം ദിവസം രാത്രി വെളിപാടുണ്ടായി:

'മൂടിപ്പുതച്ചവനേ, എഴുന്നേൽക്കുക. മുന്നറിയിപ്പ് നൽകുക. ദൈവനാമം വാഴ്ത്തുക. വസ്ത്രം ശുദ്ധമാക്കിവയ്ക്കുക. അഴുക്കുകളിൽനിന്നകന്നു നിൽക്കുക. ദൈവവചനങ്ങൾക്ക് ക്ഷമാപൂർവം ചെവിയോർക്കുക.'

മറ്റൊരിക്കൽ പ്രവാചകനെ 'മൂടിപ്പുതച്ചവനേ' എന്നഭിസംബോധന ചെയ്ത്, ഗൗരവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനുള്ളതുകൊണ്ട് രാവേറെ ചെന്നാലും പ്രാർഥനാനിരതനായിരിക്കണമെന്ന് അല്ലാഹു നിർദേശിച്ചു. മറ്റെല്ലാ ദൈവങ്ങളെയും ഉപേക്ഷിച്ച് എപ്പോഴും ഏകദൈവത്തെ ഓർമിക്കാനും അവന്നുവേണ്ടി സ്വയം സമർപ്പിക്കാനും അല്ലാഹു ഉദ്ബോധിപ്പിച്ചു. തനിക്കു മുമ്പയക്കപ്പെട്ട എല്ലാ പുണ്യവാന്മാരുടേതുമെന്നപോലെ അവിടുത്തെ ആത്മാവും അല്ലാഹുവിന്റെ സാമീപ്യം പൂകുമെന്നും വാഗ്ദാനംചെയ്തു. പൊറുക്കലിനെ തേടാനും മുഹമ്മദ് ഉപദേശിക്കപ്പെട്ടു. കാരണം, അല്ലാഹു പൊറുക്കുന്നവനും ദയാനിധിയുമാണ്.

മറ്റവസരങ്ങളിൽ പല ദൈവകൽപനകളും അനാവരണം ചെയ്യപ്പെട്ടു - കള്ളത്തൂക്കം കൊണ്ട് വഞ്ചിക്കുന്നവരോട്, വാഗ്ദാനങ്ങളും കരാറുകളും പാലിക്കാത്തവരോട്, വിധവകളുടെയും അനാഥരുടെയും സ്വത്തുക്കൾ ദുർവിനിയോഗം ചെയ്യുന്നവരോട് സർവേശ്വരന്നുള്ള നീരസം വെളിപ്പെടുത്തുന്നവയായിരുന്നു അവ. തങ്ങളുടെ അടിമകൾക്ക് സ്വാതന്ത്ര്യം നൽകുന്നവരോട്, വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നവരോട്, അനാഥരോടും കഷ്ടപ്പെടുന്നവരോടും നന്മ കാണിക്കുന്നവരോട് നാഥന്നുള്ള സംപ്രീതിയും ആ ദിവ്യകൽപനകളിൽ പ്രകടമായിരുന്നു. ഒരണുത്തൂക്കമെങ്കിലും നന്മ ചെയ്തവർക്കും ഒരണുത്തൂക്കമെങ്കിലും തിന്മ പ്രവർത്തിച്ചവർക്കും അന്ത്യവിധിയുടെ നാളിൽ തക്ക പ്രതിഫലം നൽകുമെന്നതായിരുന്നു മറ്റൊരു വെളിപാട്. വിധിയുടെ ത്രാസ് അനുകൂലമെങ്കിൽ, അവരുടെ ഇഹലോകാനന്തര ജീവിതം സന്തുഷ്ടമായിത്തീരും; അല്ലാത്തവരാകട്ടെ നരകത്തിന്റെ കോപാഗ്നിയിൽ നിപതിക്കും.

തന്നെ പിശാചു ബാധിച്ചിട്ടൊന്നുമില്ലെന്ന് തന്റെ അനുയായികൾക്ക് ഉറപ്പുനൽകാൻ മുഹമ്മദ് ആജ്ഞാപിക്കപ്പെട്ടു-അല്ലാഹു അവിടുത്തെ കൈയൊഴിക്കില്ലെന്നും. എന്തെന്നാൽ, തെറ്റുകൾ സംഭവിച്ചാലും അവൻ പൊറുക്കുന്നവനാണല്ലോ. കർമവും അഭീഷ്ടവുമനുസരിച്ച് അല്ലാഹു പ്രതിഫലം നൽകുമെന്നും മുഹമ്മദിന് ഉറപ്പുനൽകപ്പെട്ടു. ഒരനാഥനായിരുന്ന അദ്ദേഹത്തെ സംരക്ഷിച്ചത്, തന്റെ വർഗത്തിലെ മറ്റുള്ളവരെപ്പോലെ പ്രാപഞ്ചിക പ്രലോഭനങ്ങളിലേക്ക് തിരിഞ്ഞുപോകുമായിരുന്നപ്പോൾ സന്മാർഗത്തിലേക്കു നയിച്ചത്, ദാരിദ്ര്യത്തിൽനിന്നു സമ്പന്നത

യിലേക്കുയർത്തിയത് പ്രപഞ്ചാധിനാഥനല്ലേ? അദ്ദേഹത്തെ പ്രശസ്ത നാക്കിയതും ജീവിതയാതനകൾ ദുർവഹമല്ലാതാക്കിക്കൊടുത്തതും അവൻ തന്നെയല്ലയോ? വെളിപാടിന്റെ ആദ്യരാവ്, ആയിരം രാവുകളേ ക്കാൾ ശ്രേഷ്ഠമല്ലോ. ആ നിശീഥത്തിൽ അവതീർണമായത് പുതിയൊരു പുലരിയിലേക്ക് നയിക്കുന്ന സമാധാനമാണ്; അതായത് ഇസ്ലാം. രണ്ട് പുത്രന്മാർ നഷ്ടപ്പെട്ടതിനു മുഹമ്മദിനെ നോക്കി കുത്തുവാക്കുകൾ പറ യുകയും അവിടുത്തെ പെൺമക്കളെ പരിഹസിക്കുകയും ചെയ്തവരെ ക്കുറിച്ച് ദൈവം പറയുന്നു: 'നാം നിനക്ക് എണ്ണമറ്റ നന്മകൾ നൽകിയിരി ക്കുന്നു. നിനക്കല്ല, നിന്നെ അധിക്ഷേപിക്കുന്നവർക്കും ബിംബാരാധ കർക്കുമാണ് പിൻതലമുറയില്ലാത്തത്.'

മുഹമ്മദ് 'അൽഫാതിഹ'യും പഠിച്ചു. ലളിതമായ ഒരു പ്രാർഥനയാ ണത്; സർവശക്തനോടുള്ള പ്രാർഥന:

'പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. ലോകാലോകങ്ങളുടെ റബ്ബായ അല്ലാഹുവിനു മാത്രമാകുന്നു സ്തോത്രം. പരമദയാലുവും കരുണാവാരിധിയുമായവൻ. പ്രതിഫലദിവസത്തിനധി പൻ. നിനക്കുമാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ, നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ; കോപത്തിനിരയായവരുടെയും വ്യതിചലിച്ചവരുടെയും മാർഗത്തിലല്ല.'

ബുദ്ധിശക്തി എത്ര കുറഞ്ഞവർക്കും സുഗ്രഹവും സുവ്യക്തവുമായ വിശ്വാസം. വിഭിന്ന വീക്ഷണങ്ങൾക്ക് ഒന്നിച്ചുനിൽക്കാൻ കഴിയുന്ന ഒരു പൊതുവേദി, അതിന്റെ ഉള്ളടക്കം ലളിതവും എന്നാൽ ഉജ്ജ്വലവുമാണ് - പ്രപഞ്ചത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും പ്രജ്ഞയു ടെയും സ്രഷ്ടാവായ, സർവജ്ഞനായ, സർവവ്യാപിയായ, പ്രമാദരഹി തമായി മാർഗദർശനം നൽകുന്ന, കാരുണ്യവാരിധിയും ഉദാരമതിയുമായ ഏകദൈവം.

മുഹമ്മദിന്റെ മതസംഹിതയുടെ ലാളിത്യവും വ്യക്തതയും അറേ ബ്യൻ ജനതയിൽ അന്നു നിലനിന്നിരുന്ന മതസങ്കൽപങ്ങളുടെ മരണ മണി മുഴക്കുന്നതായിരുന്നു. അവരുടെ ബുദ്ധിശക്തിക്കും ഭാവനക്കും വിശ്വാസ്യതക്കും കൂടുതലൊന്നും വേണ്ടായിരുന്നു. പ്രകൃതിശക്തികളെ ദൈവസ്ഥാനത്തേക്കുയർത്തേണ്ട ആവശ്യവുമില്ലായിരുന്നു. നക്ഷത്ര ങ്ങൾ, മരങ്ങൾ, പ്രകൃതിപ്രതിഭാസങ്ങൾ എന്നിവയിൽനിന്നും ഇനി വെളി പാടുകളാവശ്യമില്ല. ദേവീദേവന്മാരും പുരോഹിതന്മാരും ആവശ്യമില്ല. കല്ലും മരവും കൊണ്ടുള്ള സ്മാരകങ്ങളോ ലൈംഗിക ബിംബങ്ങളോ വേണ്ടതില്ല. അറബ്ജനതയെ സംബന്ധിച്ചിടത്തോളം പരമോന്നതമായ ഒരു ഈശ്വരശക്തിയെക്കുറിച്ചുള്ള സുദൃഢമായ ഒരു സങ്കൽപം നേര

ത്തേതന്നെ ഉണ്ടായിരുന്നു-ദൈവങ്ങളുടെ ദൈവം, പ്രപഞ്ചേശ്വരൻ, അവന്റെ ഏകത്വത്തിനും നിഷ്പക്ഷതക്കും മുഹമ്മദിന്റെ ദൗത്യത്തിൽ ഊന്നലുണ്ടായിരുന്നു. മുഹമ്മദിന്റെ ദൈവം ജനിച്ചിട്ടില്ലാത്തവനും മരണമില്ലാത്തവനുമാണ്. അവന്റെ പ്രതാപവും കാരുണ്യവും വാക്കുകൾക്കതീതം. മനുഷ്യന്നുള്ളതെല്ലാം അവന്റെ സൃഷ്ടിയാണ്. മുഹമ്മദ് ദൈവികത്വമോ ദൈവികാംശമോ അവകാശപ്പെട്ടില്ല; അവിടുത്തേക്ക് മനുഷ്യരുടെ അംഗീകാരവും ആനുകൂല്യവും ആവശ്യമില്ല. താൻ ഒരു ദൂതുമായി വന്നയാൾ മാത്രമാണെന്നദ്ദേഹം കരുതി - ഒരെളിയ ദൂതൻ. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തന്റെ ജനതയെ ഉദ്ധരിക്കാൻ ദൈവം നൽകിയ ലേപനൗഷധമായിരുന്നു ഇസ്‌ലാം - സമാധാനത്തിന്റെ സന്ദേശം. തന്നിൽ ഭരമേൽപിക്കപ്പെട്ട ദൗത്യവുമായി ദൃഢനിശ്ചയത്തോടും അത്യുത്സാഹത്തോടും കൂടെ, എന്നാൽ വിനയത്തോടും പക്വതയോടും കൂടെ മുന്നോട്ടുനീങ്ങി.

അദ്ദേഹം പ്രബോധനം ചെയ്തുതുടങ്ങിയ ഇസ്‌ലാമിന്റെ സന്ദേശം, പ്രപഞ്ചനാഥന്റെ പരമമായ സ്നേഹത്തിലും കാരുണ്യത്തിലും ശക്തിയിലും അമരത്വത്തിലും ഏകതയിലുമുള്ള വിശ്വാസത്തിൽ നിലീനമായിരുന്നു. അല്ലാഹുവിനോട് മനുഷ്യൻ നന്ദിയുള്ളവനായിരിക്കേണ്ടതിനെക്കുറിച്ച്, വികാരാഭിലാഷങ്ങൾ നിയന്ത്രിക്കേണ്ടതിനെക്കുറിച്ച്, സാഹോദര്യവും കാരുണ്യവും പ്രകടിപ്പിക്കേണ്ടതിനെക്കുറിച്ച് അദ്ദേഹം പ്രബോധനം ചെയ്തു. പ്രതിഫലം നൽകുന്ന നാളിൽ മനുഷ്യന്റെ ചെയ്തികളുടെ കണക്കെടുപ്പു നടത്തുമെന്ന് അദ്ദേഹം തന്റെ ശ്രോതാക്കളെ ഉണർത്തി. മുഹമ്മദ് ഒച്ചപ്പാടും പ്രകടനാത്മകതയും കാണിച്ചില്ല. പൊങ്ങച്ചവും ആത്മപ്രശംസയും അദ്ദേഹത്തിന്റെ പ്രകൃതിക്കന്യമായിരുന്നു. അദ്ദേഹത്തിനു പ്രശസ്തിയിൽ സങ്കോചവും ലജ്ജയുമാണുണ്ടായിരുന്നത്. ലോകം ഇത്തരമൊരാളെ വിശ്വസിക്കുമോ? അതോ, പൊതുസ്ഥലങ്ങളിൽ താൻ പരിഹസിക്കപ്പെടുമോ? മുൾക്കിരീടമണിയിച്ച് കള്ളന്മാരോടൊപ്പം ക്രൂശിക്കുമോ? അതോ ഭ്രാന്തനായി മുദ്രകുത്തുമോ? അതുകൊണ്ടുതന്നെ, അവിടുന്ന് സാവധാനത്തിലും സൂക്ഷ്മതയോടും കൂടിയാണ് തന്റെ നിയോഗത്തിന്റെ പാതയിൽ ചുവടുവെച്ചുനീങ്ങിയത്.

# 6

പ്രവാചകദൗത്യത്തിനു താൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് സത്യത്തിൽ ഇപ്പോൾ തനിക്ക് ഉറച്ച വിശ്വാസമുണ്ടെങ്കിലും വളരെ അവധാനപൂർവമാണ് മുഹമ്മദ് അധ്യാപനമാരംഭിച്ചത്. അദ്ദേഹം ആജ്ഞാപിക്കപ്പെട്ടതും അതിനു തന്നെ. ആദ്യം സ്വന്തം കുടുംബത്തിനു നേരെയാണദ്ദേഹം തിരിഞ്ഞത്. ദൈവദൂതനാണ് താനെന്ന് ആദ്യം അംഗീകരിക്കേണ്ടത് അവരാണ്. ഖദീജ ഉറച്ച വിശ്വാസിയായിക്കഴിഞ്ഞിരുന്നു; ഒരു

പക്ഷേ, സാഹചര്യമനുവദിക്കുന്നതിനേക്കാൾ ബലമുള്ള തണലായി അത്. ഖദീജക്കും സ്വന്തം കുട്ടികൾക്കും ശേഷം അലിയിൽ മുഹമ്മദ് തന്റെ അനുയായിയെ കണ്ടെത്തുന്നു. അബൂത്വാലിബിന്റെ പതിനൊന്നുകാരനായ മകനാണ് അലി. ബാലനായ അലി മുഹമ്മദിനെ അത്യധികം സ്നേഹിച്ചിരുന്നു. തന്റെ കുടുംബത്തിലെ മറ്റുള്ളവരെപ്പോലെ അലിയും മുഹമ്മദിന്റെ ആഹ്വാനം കേട്ടു. തന്റെ ബന്ധുവായ മുഹമ്മദിന് കിറുക്കാണെന്ന് കൂട്ടുകാർ കളിയാക്കിയപ്പോൾ, ചെറുപ്പത്തിന്റെ പ്രസരിപ്പോടെ അലി അവരോട് വഴക്കിട്ടു. മുഹമ്മദിന് അലിയെയും വലിയ ഇഷ്ടമായിരുന്നു. സുമുഖനും ധീരനും ഭാവനാശാലിയും അസാധാരണ ബുദ്ധിശക്തിയുള്ളവനുമായിരുന്ന അലിയിൽ മുഹമ്മദ് ഉറ്റ അനുയായിയെ കണ്ടെത്തി - അപൂർവ സ്വഭാവവിശേഷങ്ങളോടുകൂടിയ ഒരു ബാലൻ. മുഹമ്മദിന്റെ ഓരോ വാക്കും അലി വിശ്വസിച്ചു. അല്ലാഹുവിനും അവന്റെ പ്രവാചകന്നും ഇസ്‌ലാമിനും വേണ്ടി രക്തം ചൊരിയാൻ, ചെറുപ്പത്തിന്റെ പ്രസരിപ്പോടെ അദ്ദേഹം തയ്യാറായി.

മുഹമ്മദിനോടടുപ്പമുണ്ടായിരുന്ന മറ്റൊരു വ്യക്തി സൈദുബ്നു ഹാരിസാണ്. യസ്‌രിബിൽ വച്ച് ഖദീജ വലിയ വിലയ്ക്ക് ലേലത്തിൽ വാങ്ങിയ അടിമയായിരുന്നു സൈദ്. ഭർത്താവായ മുഹമ്മദിന്റെ പരിചരണത്തിന് അവർ സൈദിനെ നിയോഗിച്ചു. സൈദിനെ വളരെ സ്നേഹിച്ചിരുന്ന അവിടുന്ന്, പത്നിയുടെ അനുവാദത്തോടെ അയാൾക്ക് സ്വാതന്ത്ര്യം നൽകി. സ്വതന്ത്രനായ മകനെ കൊണ്ടുപോകാൻ വന്ന പിതാവിനോടൊപ്പം അയാൾ പോയില്ല. തനിക്ക് സ്വാതന്ത്ര്യം നൽകിയ യജമാനയെയും ഭർത്താവിനെയും പരിചരിച്ചുകഴിയാനായിരുന്നു സൈദിനു താൽപര്യം.

മുഹമ്മദിന്റെ പ്രവാചകത്വലബ്ധിയിൽ സൈദിന് യാതൊരു ശങ്കയുമുണ്ടായില്ല. മുഹമ്മദ് എപ്പോഴെങ്കിലും നുണ പറയുകയോ അതിൽനിന്നു മുതലെടുക്കുകയോ ചെയ്തതായി അയാൾക്കറിഞ്ഞുകൂടാ. ജീവിതത്തിൽ സത്യസന്ധവും വിശുദ്ധവുമായ എല്ലാറ്റിനും വേണ്ടിയാണ് മുഹമ്മദ് നിൽക്കുന്നതെന്നു സൈദിനറിയാം. അങ്ങനെ, മൂന്നാമതായി ഇസ്‌ലാമിൽ ചേർന്നയാൾ സൈദായി.

താമസിയാതെ കൊച്ചു അലിയുടെ സ്വഭാവം പരീക്ഷിച്ചറിയുന്നതിനുള്ള അവസരം സമാഗതമായി. അലി തന്റെ മുഴുവൻ സമയവും മുഹമ്മദിനോടൊപ്പം ചെലവഴിക്കുന്നുവെന്നു മാത്രമല്ല, അവിടുത്തെ പുതിയ ആദർശങ്ങൾക്കുവേണ്ടി രക്തം ചിന്താനും അവൻ പ്രതിജ്ഞയെടുത്തിട്ടുണ്ടെന്ന് അബൂത്വാലിബ് അറിഞ്ഞു. അദ്ദേഹം മകനെ തെരഞ്ഞുപോയി. പ്രാർഥിക്കുകയായിരുന്ന ഒരു സംഘമാളുകൾക്കിടയിലാണവനെ അദ്ദേഹം കണ്ടെത്തിയത്. അക്കൂട്ടത്തിൽ മുഹമ്മദും ഖദീജയുമുണ്ടായിരുന്നു.

'മുഹമ്മദ്' അബൂത്വാലിബ് കടുത്ത സ്വരത്തിൽ ചോദിച്ചു: 'ഇതെന്ത് മതം?'

'ഇത് പരമോന്നതനായ അല്ലാഹുവിന്റെ മതം' മുഹമ്മദ് സൗമ്യമായി മറുപടി നൽകി: 'നമ്മുടെ പൂർവപിതാവ് ഇബ്റാഹീം നബിയുടെ മതം.' 'എങ്കിൽ, പിന്നെ നീയാര്?' അബൂത്വാലിബ് മന്ദഹസിച്ചു. 'ഞാൻ, അവന്റെ ദൂതൻ മാത്രം' പുതുതായി നേടിയെടുത്ത ആത്മവിശ്വാസത്തോടെ മുഹമ്മദ് പറഞ്ഞു: 'പ്രിയപ്പെട്ട മൂത്താപ്പാ, ഞങ്ങളോടൊപ്പം ചേരാൻ ഞാനങ്ങയെ ക്ഷണിക്കുന്നു.' അബൂത്വാലിബ് മുഹമ്മദിനെ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. 'മുഹമ്മദ്, എനിക്കറിയാം നിന്റെ ആത്മാർഥത. പക്ഷേ, കാരണവന്മാരുടെ മതം ഞാനെങ്ങനെ ഉപേക്ഷിക്കാൻ? എനിക്കൊന്നേ ചെയ്യാനാവൂ - ബന്ധുക്കളുടെ രോഷത്തിൽനിന്ന് നിനക്ക് അഭയംതരാൻ ഞാൻ ജീവിക്കുന്നേടത്തോളം കാലം എനിക്ക് കഴിഞ്ഞേക്കും. നിനക്കൊരാപത്തും വരില്ലെന്നു ഞാനുറപ്പുതരാം.' പിന്നെ, മകന്റെ നേരെ തിരിഞ്ഞ് പറഞ്ഞു: 'മോനേ അലീ, വാ....'

അലിയുടെ ഹൃദയം ശക്തമായി മിടിച്ചു. പിതാവിന്റെ മുഖത്ത് സധൈര്യം നോക്കിയപ്പോൾ അവന്റെ മുഖം തുടുത്തു: 'അത് പറ്റില്ല വാപ്പാ, അല്ലാഹുവിനെയും പ്രവാചകനെയും സേവിക്കുമെന്ന് ഞാൻ സത്യം ചെയ്തിരിക്കുന്നു.'

മുഹമ്മദ് വാത്സല്യത്തോടെ അലിയുടെ ചുമലിൽ കൈവെച്ചു: 'വേണെങ്കിൽ പൊയ്ക്കോ.'

'അല്ലാഹുവിന്റെ ദൂതരേ, ഇല്ല.' അലിയുടെ കണ്ണുകൾ തിളങ്ങി.

'ശരി, വരില്ലെന്നാണെങ്കിൽ വരേണ്ട' അബൂത്വാലിബ് ഖേദം പ്രകടിപ്പിച്ചു: 'മുഹമ്മദ്, എനിക്കറിയാം, നിന്റെ കൂട്ടത്തിൽ അവന് കുഴപ്പമൊന്നുമില്ലെന്ന്. നീ അവനെ തെറ്റായ കാര്യത്തിലേക്കൊന്നും നയിക്കില്ലെന്നുമറിയാം.'

അലിയും സൈദും ഖദീജയും പ്രബോധനത്തിന്റെ മുഖ്യകേന്ദ്രമായിത്തീർന്നപ്പോൾ, മുഹമ്മദ് തന്റെ അടുത്ത സുഹൃത്തുക്കളിലേക്ക് തിരിഞ്ഞു. അബ്ദുല്ലാഹിബ്നു അബീഖുഹാഫയെ (അബൂബക്ർ) കുഞ്ഞുനാളിലേ അവിടുന്നിനറിയാം. കുട്ടിക്കാലത്ത് ഒരുമിച്ചു കളിച്ചിട്ടുണ്ട്; യൗവനത്തിൽ രഹസ്യങ്ങൾ കൈമാറിയിട്ടുണ്ട്. ഇപ്പോഴും അവർ ആത്മസ്നേഹിതർ; തന്റെ കളിക്കൂട്ടുകാരനായ അബ്ദുല്ല ഇപ്പോൾ കഅ്ബയുടെ ഒരു പ്രധാന ഉദ്യോഗസ്ഥനാണ് - അബ്ദുൽകഅ്ബ. തൊഴിൽ കച്ചവടം. അസാധാരണമാംവിധം വിവേകവും സത്യസന്ധതയും നീതിബോധവുമുണ്ടെന്ന് കേൾവികേട്ടയാൾ. സമ്പത്തുണ്ട്; സ്വഭാവശുദ്ധിയുണ്ട്; പൊതുജനാഭിപ്രായവുമുണ്ട്. പക്ഷേ, അയാളെ തന്റെ ദൗത്യം

ബോധ്യപ്പെടുത്താൻ അവിടുന്നിനാവുമോ? എന്തിന് ഒറ്റപ്പെട്ടുപോയ ഒരു ചങ്ങാതിയുടെ ലക്ഷ്യങ്ങൾക്കുവേണ്ടി അയാൾ തന്റെ തൊഴിലും സമൂഹത്തിലെ സമുന്നതസ്ഥാനവും കൈവെടിയണം? എന്നാൽ, ഏതാനും മാസങ്ങൾ പിന്നിട്ടപ്പോൾ മുഹമ്മദിന്റെ ദൗത്യത്തിന് കീഴ്പ്പെട്ട് അബ്ദുൽ കഅ്ബ മുസൽമാനായിത്തീർന്നു.

പുതുവിശ്വാസികളുടെ ദൃഢവിശ്വാസവും ഉത്സാഹവും വർധിപ്പിക്കാൻ ചില പ്രബോധകർക്ക് കഴിയും. അനിതരസാധാരണമായ പ്രത്യുത്പാദനക്ഷമതയാണ് ഇസ്‌ലാം പ്രകടിപ്പിക്കുന്നത്. പുതുതായി വന്നുചേർന്ന ഓരോ അനുയായിയും കൂടുതൽ കൂടുതൽ ആളുകളെ ആകർഷിക്കുന്ന ശക്തികേന്ദ്രങ്ങളായി. അലിയും സൈദും ഖദീജയും അത്യുത്സാഹപൂർവം സന്ദേശ പ്രചാരണത്തിൽ വ്യാപൃതരായി. അബ്ദുൽ കഅ്ബ എല്ലാ കോണിലും വിശ്വാസികളെ സൃഷ്ടിച്ചു; പല ഖുറൈശിപ്രമുഖരെയും പ്രവാചകപാദങ്ങളിലേക്ക് നയിച്ചു. ഔഫിന്റെ മകൻ അബ്ദുർറഹ്മാൻ, അബൂവഖ്ഖാസിന്റെ പുത്രൻ സഅ്ദ്, അൽഅവ്വാമിന്റെ മകൻ സുബൈർ, അബ്ദുല്ലാ മകൻ ത്വൽഹ, സൈദ് മകൻ സഈദ്, മസ്ഊദ് മകൻ അബ്ദുല്ല തുടങ്ങിയവർ അവരിൽ ഉൾപ്പെടുന്നു. ഇസ്‌ലാം ആദ്യം കീഴടക്കിയത് ഇവരെയൊക്കെയാണ്. എണ്ണത്തിൽ ഇവർ അത്രയേറെയില്ലെങ്കിലും ഇവരുടെ ജനനവും കഴിവും ഭൗതികസൗകര്യങ്ങളും പരിഗണിക്കുമ്പോൾ സുപ്രധാനമായ നേട്ടങ്ങളാണിവർ.

അങ്ങനെ മൂന്നാണ്ടുകൾ കടന്നുപോയി. പതുക്കെ, വളരെ പതുക്കെ, അഗോചരമായി മുഹമ്മദിന്റെ ശ്രോതാക്കൾ പെരുകിക്കൊണ്ടിരുന്നു. അവരുടെ എണ്ണം നാൽപതായിത്തീർന്നു. പുതിയ വിശ്വാസം ശക്തിപ്പെടുത്തിയും അതിന്റെ വിശദാംശങ്ങൾ അവരെ പഠിപ്പിച്ചും തന്റെ സമയത്തിലേറെയും അദ്ദേഹം ചെലവഴിച്ചു. ഈ മൂന്നു വർഷങ്ങളിൽ, ഭാവിയുടെ ചക്രവാളങ്ങളിൽ പ്രത്യാശയുടെ നേർത്ത പൊട്ടുകൾ മുഹമ്മദ് കാണാൻതുടങ്ങി.

# 7

തന്റെ കുടുംബവും ആത്മസുഹൃത്തുക്കളുമടങ്ങുന്ന ഒരു ചെറിയ വൃത്തത്തെയാണ് മുഹമ്മദ് തന്റെ മതം പഠിപ്പിച്ചുതുടങ്ങിയതെങ്കിലും ഏതാനും അപരിചിതരും അക്കൂട്ടത്തിൽ വന്നുചേർന്നു. തന്റെ ദൂത് പരസ്യമായി പ്രഖ്യാപിക്കാൻ പ്രവാചകന് സമയം ലഭിച്ചിരുന്നില്ലെങ്കിൽ സങ്കോചത്തിന്റേതായ ഈ നാളുകൾ എത്ര നീണ്ടുപോകുമായിരുന്നുവെന്ന് പറയാൻ പ്രയാസം.

'നാം മറ്റുള്ളവർക്ക് നൽകിയിട്ടുള്ള വിഭവങ്ങളിൽ താങ്കൾ കണ്ണുവെക്കേണ്ടതില്ല' ദിവ്യസ്വരം മുഴങ്ങി: "മറ്റുള്ളവരെ പീഡിപ്പിക്കരുത്. പറ

യുക: 'ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രം.' ആകയാൽ, താങ്കൾ ആജ്ഞാപിക്കപ്പെട്ടതെന്തോ അത് പരസ്യമായി പ്രഖ്യാപിക്കുക; നമ്മുടെ കൽപന അനുസരിക്കാൻ മാത്രം അയക്കപ്പെട്ടവനെന്ന് അവരോട് വ്യക്ത മാക്കുക. ഭൂമിയും ആകാശങ്ങളും ഇടക്കുള്ള വായുമണ്ഡലവും സൃഷ്ടി ച്ചത് നാമല്ലോ. നാം സത്യം പുലർത്തുന്നു. പ്രാർഥനക്കുള്ള സപ്തമു ക്തകങ്ങളും അമൂല്യമായ ഖുർആനും നിങ്ങൾക്കു തന്നതും നാം തന്നെ. അന്ത്യനിമിഷംവരെ ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുക."

തന്റെ നാഥന്റെ ദൗത്യം സാക്ഷാത്ക്കരിക്കാൻ മുഹമ്മദിനു തിടുക്ക മായി. അവിടുന്ന് സ്വഫാപർവതത്തിൽ ഖുറൈശികളുടെ ഒരു യോഗം വിളിച്ചുകൂട്ടി; അവിടെവച്ചാണ് ആദ്യമായി തന്റെ ദൗത്യം വിളംബരം ചെയ്തത്.

'ഞാനെപ്പോഴെങ്കിലും നുണ പറഞ്ഞ് നിങ്ങൾ കേട്ടിട്ടുണ്ടോ?' പ്രവാ ചകൻ ചോദിക്കുന്നു.

'ഒരിക്കലുമില്ല' ഉടനെ ഉണ്ടായി ഏകസ്വരത്തിൽ മറുപടി.

'ഈ പർവതത്തിനു പിന്നിൽ ഒരു വലിയ സൈന്യം നിങ്ങളെ ആക്ര മിച്ചു തുരത്താൻ പതിയിരിപ്പുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളത് വിശ്വ സിക്കുമോ?'

'തീർച്ചയായും ഞങ്ങൾ വിശ്വസിക്കും.'

'എന്നാൽ കേൾക്കൂ'– മുഹമ്മദ് ഖുർആനിക സൂക്തങ്ങൾ ചൊല്ലുക യായി. ആ സ്വരത്തിലെ സംഗീതധ്വനി, അവിടെ കൂടിയിരുന്നവരെ അദ്ഭു തസ്തബ്ധരാക്കി.

ഒരു നൂറ്റാണ്ടോളമായി അറബി ഗദ്യത്തിന്റെ, സാഹിത്യത്തിന്റെ സുവർണദശയായിരുന്നു. കവികളും എഴുത്തുകാരും പെരുകി. അറബ് പ്രതിഭയുടെ കീർത്തി റോമിന്റെയും ഇന്ത്യയുടെയും കൊട്ടാരങ്ങളിൽ വരെ വ്യാപിച്ചു. അറബി ലിപി അതിന്റെ പൂർണതയിലേക്ക് വികസിച്ചു. എന്നാൽ, മുഹമ്മദ് ചൊല്ലിയ സൂക്തം തികച്ചും വ്യത്യസ്തമായിരുന്നു. അതിന്റെ ആഹ്ലാദം സംക്രമാത്മകമായിരുന്നു; ലയം മാന്ത്രികമായിരുന്നു; കൽപന മഹത്തായതായിരുന്നു. മനുഷ്യമസ്തിഷ്കത്തിനു ചെയ്യാവുന്ന സൂത്രപ്പണികൾക്കതീതമാണത്. മധുരവും തീക്ഷ്ണതരവുമായ അത് പ്രത്യാശകളെ ഉണർത്തുന്നു. ആകർഷകമായ പ്രകൃതിദൃശ്യമാണത്. അത് ഇടിമുഴക്കവും മിന്നൽപ്പിണരുമുണ്ടാക്കുന്നു. പ്രപഞ്ചവിജ്ഞാനത്തി ന്റെയും ഗ്രന്ഥങ്ങളുടെയുമെല്ലാം സർവ സാരവും ആകത്തുകയുമാണത്.

'തന്റെ സൃഷ്ടികളെ പടക്കുകയും പക്വതയിലെത്തിക്കുകയും ചെയ്യുന്ന അത്യുന്നതനാണവൻ; അവന്റെ നാമം പ്രകീർത്തിക്കുക. അവൻ മൂല്യനിർണയം നടത്തുകയും മാർഗദർശനം നൽകുകയും

ചെയ്യുന്നു. വയലുകളിൽ ഫലപുഷ്ടിയുണ്ടാക്കുന്നതും അവയെ കരിച്ചു ചാമ്പലാക്കുന്നതും അവനാണ്. ഇഹലോകജീവിതത്തിനു പ്രാധാന്യം കൽപിക്കുന്നവരേ, പരലോകജീവിതമാകുന്നു കൂടുതൽ ഉത്തമവും ശാശ്വതവും; ഇബ്റാഹീമിന്റെയും മൂസായുടെയും ഗ്രന്ഥങ്ങളിൽ ഈ സത്യം തന്നെയാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്.'

പിന്നെയും തുടരുന്നു: 'കരുണാനിധിയും പരമകാരുണികനുമായ ദൈവത്തിന്റെ നാമത്തിൽ. ആദിനോടും സമൂദിനോടും ഫിർഔന്നോടും നാഥൻ എങ്ങനെയാണ് പ്രവർത്തിച്ചതെന്നു നിങ്ങൾക്കറിയുമോ? ദൈവത്തിലേക്ക് മടങ്ങുക. അവന്റെ അടിയാറുകളോടൊന്നിച്ച് സ്വർഗത്തിൽ പ്രവേശിക്കുക.'

'സൂര്യൻ അതിന്റെ ജാജ്ജ്വല്യമാനമായ കിരണങ്ങളാൽ പകലിനെ സൃഷ്ടിക്കുന്നു; രജനി ചന്ദ്രികയാൽ ആവരണം ചെയ്യപ്പെടുന്നു. ആകാശത്തെ സൃഷ്ടിക്കുകയും ഭൂമിയെ പരപ്പാക്കിത്തരുകയും ആത്മാവിനെ പരിപക്വമാക്കുകയും രാവിനെ പടർത്തി പകലിനെ പ്രകാശമാനമാക്കുകയും ചെയ്ത മനുഷ്യവംശ സ്രഷ്ടാവിനെക്കൊണ്ട് സത്യം, നാഥനെ ഭയപ്പെടുകയും കാരുണ്യം കാണിക്കുകയും ഉദാത്തമായ മതത്തിന്റെ അധ്യാപനങ്ങൾ ജീവിതത്തിലേക്ക് പകർത്തുകയും ചെയ്യുന്നവർക്ക് സന്തുഷ്ടിയിലേക്കുള്ള പാത സുഗമം. അവിശ്വാസി വഴിപിഴച്ചുപോവും; അവന്നാണ് നാശം. സമ്പത്തിന് അവനെ രക്ഷിക്കാനാവില്ല. ആകയാൽ, നരകാഗ്നിയെക്കുറിച്ച് നാം നിങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നു.' ഉള്ളിൽ ഭീതിയുള്ള ചിലർ മൗനം പാലിച്ചു; ചിലർ അവിടുത്തെ വാക്കുകളെ പരിഹസിച്ചു. സത്യത്തിന്റെ വലക്കണ്ണികൾ അപ്പോഴും പരന്നു കിടന്നു. ചുരുക്കമാളുകൾ മാത്രം ഇസ്‌ലാമിലേക്ക് വന്നു.

പ്രമുഖ ഖുറൈശി നേതാക്കളെ ഒരു സദ്യക്ക് ക്ഷണിക്കാൻ മുഹമ്മദ് അലിയോട് നിർദേശിച്ചു. നാൽപതുപേരാണ് ക്ഷണം സ്വീകരിച്ചത്. സദ്യ കഴിഞ്ഞപ്പോൾ, മുഹമ്മദ് തന്റെ പുതിയ മതത്തെക്കുറിച്ച് അതിഥികളോട് സംസാരിക്കുകയും അവരുടെ സംശയങ്ങൾക്ക് വിശദീകരണം നൽകുകയും ചെയ്തു.

എന്നാൽ, അബ്ദുൽ ഉസ്സ കഠിനമായ നിന്ദ പ്രകടിപ്പിച്ചുകൊണ്ട്, മുഹമ്മദിനെ തടസ്സപ്പെടുത്തി: 'മുഹമ്മദ്, താൻ ഞങ്ങളെ ക്ഷണിച്ചത് സുവിശേഷം കേൾക്കാനല്ല, സദ്യക്കാണെന്നു ഞാൻ കരുതുന്നു. നേരം വൈകി, ഞങ്ങൾ പോകട്ടെ.'

ഈ അഭിപ്രായപ്രകടനം യോഗം പിരിയാൻ കാരണമായി. പക്ഷേ, പ്രവാചകൻ നിരാശനായില്ല. ഇത്തരം സംഭവങ്ങൾ പ്രതീക്ഷിച്ചതാണല്ലോ.

'അലീ, നീ കണ്ടില്ലേ അബ്ദുൽ ഉസ്സ എത്ര മനഃപൂർവമാണ് എന്നെ

തടസ്സപ്പെടുത്തിയതെന്ന്?! ശരി; നാളെയും നമുക്ക് നോക്കാം. മറ്റൊരു സദ്യക്ക് ഇവരെയൊക്കെത്തന്നെ വിളിക്കുക.'

ഖുറൈശിപ്രമുഖർ വീണ്ടും പ്രതികരിച്ചു. അവർ ബുദ്ധിമാന്മാർ. സദ്യകൾ അവർ നിരാകരിക്കാറില്ല.

പാത്രങ്ങൾ എടുത്തു കൊണ്ടുപോയി. അതിഥികൾ കൈകഴുകി വന്നിരുന്നു. ഒരു പുകവലിക്ക് ഒരുക്കമായി. സമകാല പ്രശ്നങ്ങളിലേക്ക് മുഹമ്മദ് വീണ്ടും സദസ്സിന്റെ ശ്രദ്ധ ക്ഷണിച്ചു-സാമൂഹികജീവിതത്തിലെ അപചയങ്ങൾ, മരണവും മരണാനന്തര കണക്കെടുപ്പും, പ്രമാദരഹിതമായും അവസാനമായും വിധിയെഴുതാൻ കഴിവുള്ള കാരുണ്യവാനായ ന്യായാധിപൻ, പരലോകത്തിലെ പ്രതിഫലങ്ങളും ശിക്ഷകളും, സ്വർഗത്തിലെ തേനും പാലും തുടങ്ങിയ ആകർഷണീയമായ പ്രതിഫലങ്ങൾ. അവിടുന്ന് പറഞ്ഞു: 'നശ്വരനായ ഒരു ജീവി ഇത്രയും വിലപ്പെട്ട വാഗ്ദാനങ്ങൾ തന്റെ ജനതക്ക് നൽകാൻ അപ്രാപ്തനാണ്. ഈ ലോകത്തിലെ വിജയസൗഭാഗ്യങ്ങളും അനശ്വരലോകത്തിലെ ശ്രേയസ്സും ഞാൻ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു നിർദേശിച്ചതനുസരിച്ച് ഞാൻ അവങ്കലേക്ക് നിങ്ങളെ ക്ഷണിക്കുന്നു. അവനാണ് പ്രപഞ്ചനാഥൻ. നിങ്ങളിലാരാണ് എന്നോടൊപ്പം ഈ സേവനത്തിൽ ഭാഗഭാക്കാവുക? എന്റെ സഹോദരനും സഹപ്രവർത്തകനും പോരാളിയുമായിരിക്കാൻ നിങ്ങളിൽ സന്നദ്ധരായ ആരൊക്കെയുണ്ട്?'

മൂകത, വിരുന്നുകാർ അസ്വാസ്ഥ്യത്തോടെ പരസ്പരം നോക്കി. ഈ ക്ഷണം സ്വീകരിക്കാൻ ആരും മുന്നോട്ടു വരുന്നില്ലേ? മുഹമ്മദിന്റെ സഹോദരനാവാൻ, സഹപ്രവർത്തകനാവാൻ ആഗ്രഹിക്കുന്ന ആരുമില്ലേന്നോ? അബ്ദുൽ ഉസ്സ അടക്കിച്ചിരിച്ചു.

അലി, അബ്ദുൽ ഉസ്സയെ നോക്കി. അവന്റെ മുഖം അരുണാഭമായി. അബ്ദുൽ ഉസ്സയെ കടുപ്പിച്ചുനോക്കിക്കൊണ്ടവൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ അവിടുത്തോടൊപ്പമുണ്ടായിരിക്കും. അങ്ങയുടെ ജോലിയിൽ ഞാനും പങ്കുചേരും. അങ്ങയുടെ ശത്രുക്കളോട് ഞാൻ പോരാടും, അവരുടെ എതിർപ്പുകളില്ലാതാക്കും. ഈ വാൾ അങ്ങക്ക് സംരക്ഷണം നൽകും.'

മുഹമ്മദ്, അലിയുടെ അടുത്തേക്ക് ചെന്നു. ആത്മഹർഷത്തോടെ പുണർന്നു. തന്റെ ബന്ധുക്കളെ അഭിമാനപൂർവം നോക്കി പ്രവാചകൻ പറഞ്ഞു: 'ചങ്ങാതിമാരേ, ഇതാ എന്റെ പോരാളി, എന്റെ അനുയായി. അദ്ദേഹം പറയുന്നത് ചെവിക്കൊൾക.' അബ്ദുൽ ഉസ്സ കളിയാക്കിച്ചിരിച്ചു: 'അബൂത്വാലിബ്, ആകയാൽ ഇനി നിങ്ങൾ മോൻ പറയുന്നതു കേട്ട് നടന്നോളൂ.'

തുച്ഛമായ ഈ വിജയം, പുതിയ പ്രവാചകന്റെ ദുഷ്കരദൗത്യം സുഗ

മമാക്കിയില്ല. തന്നിൽ നിക്ഷിപ്തമായ ദൈവിക ലക്ഷ്യത്തെക്കുറിച്ചുള്ള പൂർണബോധ്യത്തോടെ, പ്രത്യാഘാതമെന്തു തന്നെയായാലും ഇസ്‌ലാമിക സന്ദേശം പ്രചരിപ്പിക്കുക എന്ന ദൗത്യവുമായി അവിടുന്ന് മുന്നോട്ടുനീങ്ങുകതന്നെ ചെയ്തു. മുഹമ്മദിന്റെ ശ്രോതാക്കളുടെ വലയം വികസ്വരമാവുംതോറും തങ്ങളുടെ ദൈവങ്ങളുടെ വിധിയോർത്ത് ഖുറൈശികൾ പ്രകമ്പനം കൊള്ളാനും അവയുടെ ശക്തിയിൽ ശങ്കാലുക്കളായിത്തീരാനും തുടങ്ങി. മുഹമ്മദിന്റെ അധ്യാപനങ്ങൾ ഗോത്രത്തിലൊട്ടാകെ അസ്വാസ്ഥ്യവും കോളിളക്കവും സൃഷ്ടിച്ചുകൊണ്ടിരുന്നു. മുന്നൂറിലേറെ ദൈവങ്ങളുടെ സൂക്ഷിപ്പുകാരനായ അബൂത്വാലിബ്, മുഹമ്മദിനോടുള്ള സ്നേഹം കൊണ്ടുമാത്രം അദ്ദേഹത്തിന്റെ ഇത്തരം പ്രവർത്തനങ്ങളെ, അപൂർവം ചിലരോടൊപ്പം പൊറുത്തു.

ഖുറൈശിനേതാക്കളായ അബ്ദുൽ ഉസ്സ, ഉത്ബ, അബൂസുഫ്‌യാൻ തുടങ്ങിയവർ അബൂത്വാലിബ് ഇക്കാര്യത്തിലിടപെടണമെന്നാവശ്യപ്പെട്ടു.

'അബൂത്വാലിബ്, അങ്ങയുടെ സഹോദരപുത്രൻ നമ്മുടെ ദൈവങ്ങളെ തള്ളിപ്പറയുകയും നമ്മുടെ അജ്ഞതയെ കുറ്റപ്പെടുത്തുകയും നമ്മുടെ പൂർവികർ തെറ്റായ ജീവിതമാണ് നയിച്ചിരുന്നതെന്നു ആക്ഷേപിക്കുകയും ചെയ്യുന്നു. ഇതിൽ അങ്ങ് ഇടപെടേണ്ടതുണ്ടെന്നു പറയാനാണ് ഞങ്ങൾ വന്നത്. ഈദൃശപ്രവർത്തനങ്ങളിൽനിന്ന് നിങ്ങളയാളെ തടഞ്ഞില്ലെങ്കിൽ നമ്മുടെ ഗോത്രസമാധാനം നഷ്ടപ്പെടുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു.'

പൊതുവിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി പകപോക്കാൻ തങ്ങൾ നിർബന്ധിതരാകുമെന്നും അതുകൊണ്ട് അബൂത്വാലിബിനു ഇക്കാര്യത്തിൽ തികഞ്ഞ ഉത്തരവാദിത്വമുണ്ടെന്നും ഖുറൈശിമുഖ്യർ അദ്ദേഹത്തെ ഓർമിപ്പിച്ചു. അവരുടെ അവസാന വാക്കുകളിൽ എന്തും ചെയ്യാൻ മടിയില്ലെന്ന ഹുങ്ക് നിറഞ്ഞുനിന്നു:

'ഒന്നുകിൽ അവനെ അങ്ങ് നിലക്കുനിർത്തുക; അല്ലെങ്കിൽ ഞങ്ങൾ കണക്കു തീർത്തോളാം.' എന്നാൽ, അബൂത്വാലിബിന് വലിയ വിജയം വരിക്കാനായില്ല. മുഹമ്മദ് ഉറച്ചുനിന്നു: 'ഏകദൈവസിദ്ധാന്തമല്ലാതെ മറ്റൊന്നും ഞാൻ പ്രചരിപ്പിക്കുന്നില്ല. നമ്മുടെ ജനങ്ങളെ അവരുടെ തെറ്റുകളിൽനിന്നു പിന്തിരിപ്പിക്കുകയാണ് എന്റെ അധ്യാപനങ്ങളുടെ ഉദ്ദേശ്യം. കഅ്ബയുടെ പവിത്രതയെ ഞാൻ വിലവെക്കുന്നില്ലെന്നാണവർ പറയുന്നതെങ്കിൽ അവർക്ക് തെറ്റി. ഞാൻ തുടർച്ചയായി അവിടെ സന്ദർശിക്കാറുണ്ട്. അല്ലാഹു ഒഴികെ മറ്റു ദൈവങ്ങളെ ആരാധിക്കുന്നത് അവർക്ക് ദോഷമല്ലാതെ നന്മയുണ്ടാക്കില്ലെന്ന് മാത്രമേ ഞാൻ പറയുകയുണ്ടായുള്ളൂ.'

അങ്ങനെ പ്രവാചകൻ പഴയതുപോലെ തന്റെ പ്രവർത്തനം തുടർന്നു.

അത്യുന്നതനായ ദൈവത്തിന്റെ മഹത്വങ്ങൾ അദ്ദേഹം പ്രകീർത്തിച്ചു. അവിശ്വാസികളുടെ ദൈവങ്ങളുടെ വന്ധ്യത ചൂണ്ടിക്കാണിച്ചു. അവിടുത്തെ അധ്യാപനങ്ങൾ തീർത്തും സാർഥകവും ലളിതവുമായിരുന്നു. എന്നാൽ, ബഹുദേവതാരാധന അറബികളുടെ മനസ്സിൽ ആഴത്തിൽ വേരൂന്നിക്കഴിഞ്ഞിരുന്നു. പുതുമതത്തിനില്ലാത്ത ആകർഷണീയതകളുണ്ടതിന്. തെരുവുപെണ്ണുങ്ങളെ അണിയിച്ചൊരുക്കി നടത്തുന്ന അക്കാലത്തെ മതാനുഷ്ഠാനങ്ങളും ചടങ്ങുകളും ലൈംഗികാസക്തിയും ആഭാസവും നിറഞ്ഞതായിരുന്നു. തീർഥാടനകേന്ദ്രമായ കഅ്ബയുടെ രക്ഷാധികാരികൾ എന്ന നിലയിൽ ഹുബ്ലിന്റെയും സഹദൈവങ്ങളുടെയും സാമ്രാജ്യത്തിൽ ഖുറൈശികൾക്ക് നിക്ഷിപ്ത താൽപര്യം തന്നെയുണ്ടായിരുന്നു. ഈ താൽപര്യങ്ങളും ചിരസ്ഥായിയായ അന്ധവിശ്വാസങ്ങളും യാഥാസ്ഥിതിക ധാരണകളും, മാറ്റത്തിനെതിരെ സാധാരണ ഉണ്ടാവാറുള്ള ഉദാസീനതയുമെല്ലാംകൂടെ മുഹമ്മദിന്റെ അധ്യാപനങ്ങളുടെ പ്രചാരണത്തിനെതിരെ ഉഗ്രമായ പ്രതിഷേധമുയർത്തി. അത്തരം അവസരങ്ങളിൽ പൊതു താക്കീതുകൾ ഉണ്ടാവുക പതിവാണ്. തങ്ങളുടെ പൂജാപീഠങ്ങളെ ഇളക്കാൻ നിർലജ്ജം വലിഞ്ഞുകേറിവന്ന ധിക്കാരിയെ ഉച്ചാടനം ചെയ്യാൻ ഖുറൈശിമുഖ്യന്മാർ സംഘടിക്കയായി.

ഒരിക്കൽകൂടി ഖുറൈശി തലവന്മാർ അബൂത്വാലിബിനെ തേടിയെത്തി. ഈ പ്രശ്നത്തിന് ഒരറുതി വരുത്തണമെന്ന് ഉറച്ചസ്വരത്തിൽ അവരാവശ്യപ്പെട്ടു. സംഗതികൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. ആദ്യം കണ്ടപ്പോൾ നൽകിയ താക്കീത് അവർ ഓർമിപ്പിച്ചു. മുഹമ്മദിന്റെ ശ്രോതാക്കൾ കൂടിക്കൊണ്ടിരിക്കുന്നതിൽ അവർ ഉത്കണ്ഠ പ്രകടിപ്പിച്ചു. ഇനിയും ഇതവഗണിക്കാനാവില്ല. ആദ്യമാദ്യം കൗതുകത്തിന് ശ്രദ്ധിച്ചുതുടങ്ങിയ ജനങ്ങൾ ഇപ്പോൾ, തങ്ങൾക്ക് ഗുണകരമായ എന്തോ സന്ദേശം അദ്ദേഹത്തിന് നൽകാനുണ്ടെന്ന തോന്നലോടെ സജീവ താൽപര്യം പ്രകടിപ്പിക്കുന്നു. മതത്തിന്റെ പേരിൽ മക്കയിൽ ഏകാധിപത്യത്തിനാണ് മുഹമ്മദ് ശ്രമിക്കുന്നത്. ജനങ്ങൾക്ക് പ്രിയങ്കരമായ വിശ്വാസവും സാമൂഹികഘടനയും ഒരു ഉടച്ചുവാർക്കലിന്റെ ഘട്ടത്തിലാണിപ്പോൾ. ഈ പ്രവർത്തനങ്ങൾ മുളയിൽതന്നെ നുള്ളിക്കളഞ്ഞില്ലെങ്കിൽ ഈ 'സ്വയംപ്രഖ്യാപിത' പ്രവാചകൻ തിരുത്തപ്പെടാതെ മുന്നോട്ടു പോകും.

അവർ പറയുന്നത് ആത്മാർഥമാണെന്ന് അബൂത്വാലിബിനു തോന്നി. പ്രത്യേകിച്ച് ഇങ്ങനെകൂടി കേട്ടപ്പോൾ: 'മകനെ കർശനമായി വിലക്കി, അതിരുകടന്ന ധിക്കാരപരമായ ഈ ഉദ്യമത്തിൽനിന്ന് പിന്തിരിപ്പിച്ചില്ലെങ്കിൽ ഞങ്ങളുടെ മതം സംരക്ഷിക്കാൻ ആയുധമെടുക്കാനാണ് ഞങ്ങളുദ്ദേശിക്കുന്നത്. ഇതിൽ രക്തബന്ധമൊന്നും നോക്കില്ല.'

നിഷ്കളങ്കനായ അബൂത്വാലിബ് ഇതികർത്തവ്യതാമൂഢനായി. ഒരു

വശത്ത് മുഹമ്മദിനോടുള്ള സ്നേഹം; മറുവശത്ത് തന്റെ ഗോത്രത്തോടുള്ള കൂറ്.

'താങ്ങാനാവാത്ത ഉത്തരവാദിത്വങ്ങളുണ്ടാക്കി ഈ കിഴവനെ വിഷമിപ്പിക്കാതിരിക്കാൻ നീ ദയ കാണിക്കണം. നമുക്കെതിരെ ഖുറൈശികളൊന്നിച്ച് എതിർത്താൽ ചെറുത്തുനിൽക്കാനാവില്ല.'

അബൂത്വാലിബിന്റെ വാദങ്ങളെല്ലാംതന്നെ അർഥവത്തായിരുന്നുവെങ്കിലും തന്റെ കർത്തവ്യത്തിലുറച്ചുനിൽക്കാനുള്ള തീരുമാനത്തിൽനിന്ന് മുഹമ്മദ് കടുകിട വ്യതിചലിച്ചില്ല. 'ഖുറൈശികൾ ഇനി സൂര്യചന്ദ്രന്മാരെ തന്നെ എനിക്ക് കൊണ്ടുതന്നാലും, അല്ലാഹു ഏൽപിച്ച ദൗത്യത്തിൽനിന്നെന്നെ പിന്തിരിപ്പിക്കാൻ ഒരു ശക്തിക്കുമാവില്ല. പ്രത്യാഘാതമെന്തുതന്നെയായാലും ഞാൻ മുന്നോട്ടുപോകും.'

ആ വൃദ്ധന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. മുഹമ്മദിന്റെ നെറ്റിയിൽ ചുംബിച്ചുകൊണ്ടദ്ദേഹം പറഞ്ഞു: 'മുമ്പേ എനിക്കറിയാം മറുപടിയെന്തായുമെന്ന്. മുഹമ്മദ്, ഞാൻ ജീവിച്ചിരിക്കുവോളം നിന്നെ ഞാൻ തടസ്സപ്പെടുത്തുകയില്ല.'

തന്റെ ദൗത്യം പരാജയപ്പെട്ട വിവരം ഖുറൈശികളെ അറിയിച്ച അബൂത്വാലിബ് തിടുക്കപ്പെട്ട് അവിവേകമൊന്നും ചെയ്തുകളയരുതെന്ന് അവരെ ഉപദേശിച്ചു. തങ്ങളുടേതിൽനിന്നു വിഭിന്നമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന സഹോദരപുത്രനോട് സഹിഷ്ണുതയോടെ പെരുമാറേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു അദ്ദേഹം. 'അവൻ ആദരണീയനായ ഒരു വ്യക്തിയാണ്.' അബൂത്വാലിബ് കൂട്ടിച്ചേർത്തു: 'നിങ്ങൾ തന്നെ 'അൽഅമീൻ' (വിശ്വസ്തൻ) എന്നാണല്ലോ അവനെ വിളിക്കുന്നത്. അവന്നു ഒരു മതം ലഭിച്ചിരിക്കുന്നു. എന്തിനവനെ പീഡിപ്പിക്കണം?'

എന്നാൽ, പീഡനം തുടരാൻ തന്നെ ഖുറൈശികൾ തീരുമാനിച്ചുകഴിഞ്ഞിരുന്നു. പ്രവാചകന്റെ സ്വാധീനംകുറഞ്ഞ അനുയായികളും പാവങ്ങളുമാണ് മർദനത്തിന്റെ ഭാരം ആദ്യമേറ്റുവാങ്ങേണ്ടിവന്നത്. ഒരുദാഹരണം യാസിറാണ് - അയാളുടെ കാലുകൾ രണ്ട് ഒട്ടകങ്ങളുടേതിൽ കൂട്ടിക്കെട്ടി, ആ മൃഗങ്ങളെ എതിർദിശകളിലേക്ക് തെളിച്ചു. സുമയ്യയെ ക്രൂരമായി പിച്ചിച്ചീന്തി. കത്തിയെരിയുന്ന മണലിൽ, നട്ടുച്ചക്ക്, കാലിൽ കനത്ത കല്ലു വെച്ചുകെട്ടി അബ്സീനിയക്കാരനായ ബിലാലിനെ നിർദയം പീഡിപ്പിച്ചു. കഅ്ബയിലെ ആരാധനകൾ തടഞ്ഞും പ്രാർഥനകൾ തടസ്സപ്പെടുത്തിയും പഴിചാരിയുമൊക്കെ തങ്ങളെ ഉപദ്രവിക്കുന്നത് പ്രവാചകനും അടുത്ത അനുയായികളും സഹിക്കേണ്ടിവന്നു. ഈ പീഡനങ്ങളുടെയെല്ലാം പ്രേരകശക്തി അബ്ദുൽ ഉസ്സയായിരുന്നു.

മാനവവംശത്തിന്റെ അദ്ഭുതാദരങ്ങളെയാകർഷിക്കുന്ന ഗുണങ്ങളിൽ

ഏറ്റവും ഉന്നതമായത് ധീരതയാണല്ലോ. ഒരു പീഡനത്തിനും വ്യതിച ലിപ്പിക്കാനാവാത്ത, ഒരു ഭീഷണിക്കും ഇളക്കാനാവാത്ത നിശ്ചയദാർഢ്യം. നീരസത്തിനും ശത്രുതക്കും ആക്രമിക്കാനാവാത്ത മനോദാർഢ്യം. അവ തീർച്ചയായും ഊർജകേന്ദ്രങ്ങളെ ഉണർത്തി അഗ്നിജ്വാലകൾ പടർത്തും. ആപത്തുകൾ അതിന്റെ ഉച്ചാവസ്ഥയിലെത്തുമ്പോൾ ഈ ഗുണങ്ങളും അവയുടെ പാരമ്യത്തിലെത്തുന്നു. ഒരു ലക്ഷ്യത്തിനുവേണ്ടി സ്വജീവിതം അപായപ്പെടുത്താൻ തയ്യാറാവുന്ന ആ മനുഷ്യനാവട്ടെ എല്ലാവർക്കും പ്രിയങ്കരൻ. അദ്ദേഹത്തിന്റെ ധീരത പടർന്നു കയറുന്ന ഒന്നായിരുന്നു - അതു മറ്റുള്ളവരിലെ ധൈര്യത്തെയും കുലുക്കിയുണർത്തി. എവിടെയും അതിന്റെ കാന്തികപ്രകർഷം കണ്ടു. എല്ലാറ്റിനും ഒരു പുതുചൈതന്യം. ഒരു കാഹളധ്വനിയാലെന്നോണം അത് മാനവഹൃദയങ്ങളെ ഉണർത്തുന്നു. ഖുറൈശികളുടെ പീഡനങ്ങൾക്ക് രണ്ടുതരം പ്രത്യാഘാതങ്ങളാണ് ഉള്ളത് - ഒന്ന്, അത് പ്രവാചകനെയും അനുയായികളെയും പുതിയൊരു വിപദിധൈര്യത്തിലേക്ക് ഉത്തേജിപ്പിക്കുന്നുവെന്നതാണ്. മറ്റൊന്ന്, അവർക്ക് കൂടുതൽ വലിയൊരു ശ്രോതൃവൃത്തത്തിന്റെ സഹതാപാദരങ്ങൾ നേടിക്കൊടുക്കുന്നുവെന്നതും.

രണ്ടാമത് പറഞ്ഞ കൂട്ടരിൽ പ്രധാനി ഹംസയാണ് - പ്രവാചകന്റെ മാതുലൻ. അങ്ങേയറ്റത്തെ സാമർഥ്യമുള്ളൊരു പോരാളി. ആപത്തിന്റെ മുമ്പിൽ എടുത്തുചാടുന്ന ധീരൻ. ആദരണീയൻ. എതിർപ്പുകളൊന്നും കാര്യമാക്കില്ല. സ്വന്തം ഗോത്രത്തിൽ 'സിംഹം' എന്നാണറിയപ്പെടുന്നത്. വീരശൂര പരാക്രമങ്ങളാണ് അദ്ദേഹത്തിന് ആ അഭിധാനം നേടിക്കൊടുത്തത്. അപായം എന്നാൽ അദ്ദേഹത്തിനു വെറും മായയാണ്. ഒരു ദൃശ്യത്തിനും അദ്ദേഹത്തെ ഭയപ്പെടുത്താനാവില്ല. ആ ഹൃദയം യുദ്ധവാദ്യത്തിന്റെ മാന്ത്രികതയാൽ നിറഞ്ഞതായിരുന്നു.

അബ്ദുൽ ഉസ്സയും കൂട്ടരും പീഡനങ്ങൾക്കിടയിൽ പ്രവാചകനെ വ്യക്തിപരമായി അവഹേളിച്ചത് ഹംസ അറിയാനിടയായി. രോഷം കൊണ്ടു തിളച്ചുമറിഞ്ഞ അദ്ദേഹം തോളിലേന്തിയ അമ്പും വില്ലുമായി അബ്ദുൽ ഉസ്സയുടെ കഥകഴിക്കാൻ ഖുറൈശികൾ കൂടിയിരുന്നിടത്തേക്ക് കുതിച്ചുചെല്ലുകയായി. അബ്ദുൽ ഉസ്സയെ അയാളുടെ സ്നേഹിതർ രക്ഷിച്ചു.

കൂടിയിരുന്ന ഖുറൈശികളെ നോക്കി അത്യുച്ചത്തിൽ അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ദൈവങ്ങളുടെ പൂജാപീഠങ്ങൾ ഞാൻ കൈവിട്ടതായി പ്രഖ്യാപിക്കട്ടെ. ഞാൻ ഇപ്പോൾ മുസ്‌ലിമാണ്.' ഹംസയുടെ മതപരിവർത്തനം പ്രവാചകന് കൈവന്ന വിജയമായിരുന്നു. ഒരു വലിയ ആളാണ് കൈയിൽ. ഹംസയുടെ രംഗപ്രവേശം, പ്രസ്ഥാനത്തിനു പുതുചൈതന്യമേകി. ഖുറൈശികളുടെ അഹങ്കാരത്തിനു മങ്ങലേറ്റു. കുറച്ചു നാളത്തേക്കെങ്കിലും തങ്ങളുടെ വിദ്വേഷം പരസ്യമായി പ്രകടിപ്പിക്കാൻ

അവർ തയ്യാറായില്ല. എന്നാൽ, രഹസ്യമായി അവർ മുഹമ്മദിനെ വധിക്കാൻ ഗൂഢാലോചന നടത്തി. തങ്ങളുടെ പദ്ധതി പ്രാവർത്തികമാക്കാൻ ദൃഢബദ്ധനായ ഒരാളെ തേടുകയായിരുന്നു അവർ. എല്ലാ കണ്ണുകളും ഉമറിനു നേരെ തിരിഞ്ഞു.

ഇരുപത്താറുകാരനായ ഉമർ ഒരതികായനാണ്; അസാമാന്യമായ കരുത്തും. പെട്ടെന്ന് വികാരാവേശങ്ങൾക്കടിപ്പെടുന്ന പ്രകൃതം; ഏതു ധീരനെയും ഭയപ്പെടുത്തുന്ന വന്യമായ ഒരു വശം അതിനുണ്ടായിരുന്നു. മറ്റുള്ളവരുടെ വാളുകളേക്കാൾ പേടിപ്പെടുത്തും അദ്ദേഹത്തിന്റെ പേശികൾ. ലക്ഷ്യസാധ്യത്തിന് പറ്റിയ ആൾ അദ്ദേഹം തന്നെ - ഗൂഢാലോചനക്കാർ നയപൂർവം പ്രേരിപ്പിച്ച് അദ്ദേഹത്തിന്റെ പിന്തുണ നേടി. അദ്ദേഹത്തിന്റെ ധീരതയെയും വീരപരാക്രമങ്ങളെയും പ്രകീർത്തിച്ചതിനു ശേഷം, പൊതുതാൽപര്യം മാനിച്ച് കൃത്യമേറ്റെടുക്കാൻ അവർ അഭ്യർഥിച്ചു. ചാതുര്യം നിറഞ്ഞ വാക്കുകൾ ഒടുവിൽ വിജയം കണ്ടെത്തി.

ഉമറിന്റെ ക്രോധസ്വരമുയർന്നു: 'ദൈവദോഷം പറയുന്ന, നമ്മുടെ മതം ലജ്ജാഹീനമെന്നാക്ഷേപിക്കുന്ന, ഗോത്രൈക്യം തകർത്ത ഈ സാബിഇനെ ഞാൻ തുണ്ടം തുണ്ടമാക്കും.'

താനേറ്റെടുത്ത കൃത്യം നടപ്പാക്കുന്നതിന് ആയുധസന്നാഹത്തോടെയാണ് ഉമർ പുറപ്പെട്ടത്. വലിയ കാലുകൾ നീട്ടിവലിച്ച് അദ്ദേഹം തെരുവിലൂടെ പാഞ്ഞു. കൊച്ചുകുട്ടികൾ വീടുകളിലേക്ക് വലിഞ്ഞു - കുസൃതിക്കുഞ്ഞുങ്ങളെ ഉമറിന്റെ പേർ ചൊല്ലിയാണല്ലോ ഉമ്മമാർ അടക്കിനിർത്തിയിരുന്നത്. ഉമറിന്റെ അമർഷം ജ്വലിക്കുന്ന മുഖഭാവവും കൈയിലെ ഭീഷണമായ വാളും കണ്ട് നഗരവാസികളും പരിഭ്രമിച്ചു.

'എങ്ങോട്ടാണാവോ താങ്കൾ?' ഒരു സ്നേഹിതൻ മാർഗമധ്യേ ചോദിച്ചു.

'മതദ്രോഹിയായ മുഹമ്മദിനെ വകവരുത്താൻ' മറുപടി അതായിരുന്നു.

'ഞാൻ പറയുന്നത് കേൾക്കൂ. മുഹമ്മദിനെ കൊല്ലരുത്. അയാളുടെ മരണം, അയാളുടെ ജീവിതത്തേക്കാൾ കുഴപ്പങ്ങളുണ്ടാക്കും. നിങ്ങളിന്നിത് ചെയ്താൽ ഹാശിം കുടുംബം നിങ്ങളെ ഈ ലോകത്ത് വെച്ചേക്കുമെന്ന് തോന്നുന്നുണ്ടോ? നിങ്ങളുടെ തന്നെ കുടുംബത്തിലുള്ള മുസ്‌ലിംകളെ നേർവഴിക്കു കൊണ്ടുവരുകയല്ലേ ആദ്യം വേണ്ടത്?'

'അങ്ങനെയോ, എങ്കിൽ.... അതാര്?' ഉമർ ആരാഞ്ഞു.

'അങ്ങയുടെ സഹോദരി ഫാത്വിമയും ഭർത്താവ് സൈദുബ്നു സഈദും തന്നെ.'

മുഹമ്മദിനോട് പകവീട്ടുന്നത് മാറ്റിവെച്ചിട്ട് ഉമർ സഹോദരിയുടെ വീട്ടിലേക്ക് നടന്നു. മുറ്റത്തെത്തിയപ്പോൾ, പെങ്ങൾ ഉച്ചത്തിൽ എന്തോ വായിക്കുന്നത് കേട്ടു. ഒരു നിമിഷം പടിക്കൽ നിന്നു ശ്രദ്ധിച്ചു: 'എല്ലാറ്റിന്റെയും വിധികർത്താവാണ് എന്റെ ദൈവം.'

ഉമറിനെ കണ്ടപാടെ, പാരായണം ചെയ്തിരുന്ന കടലാസ് ഫാത്വിമ കാൽമുട്ടിനടിയിൽ ഒളിപ്പിച്ചു.

ആളിക്കത്തുന്ന രോഷത്തോടെ ഉമർ അകത്തു കടന്നു. 'ഞാൻ കേട്ടതെന്താണ്? ഖുർആനാണോ അത്?!'

'ഒന്നും കേട്ടിട്ടില്ല.'

'പിന്നെ ഞാൻ പൊട്ടനോ?' ഉമർ അലറി: 'നിങ്ങൾ മുസ്‌ലിംകളായി, ഇല്ലേ?' അദ്ദേഹം സൈദിനെ തറപ്പിച്ചു നോക്കി: 'നിങ്ങളിതിനു വില നൽകേണ്ടിവരും.' ഉമർ മുന്നോട്ടാഞ്ഞു സൈദിനുനേരെ വാൾ വീശി; പക്ഷേ, ഫാത്വിമ സഹോദരന്റെ കൈയിൽ കടന്നുപിടിച്ചു. അത് ഒരപകടവും വരുത്താതെ കൽത്തറയിൽ വീണു. സൈദും ഉമറും തമ്മിൽ ഒന്നേറ്റുമുട്ടിയപ്പോൾ ഫാത്വിമ ഇടക്കു ചാടി. ഫാത്വിമയുടെ ദേഹത്ത് ചോര കണ്ടപ്പോഴാണ് ഉമർ, നിരപരാധിയായ സൈദിന്റെ നേരെയുള്ള കൈയേറ്റം അവസാനിപ്പിച്ചത്.

ഫാത്വിമ നിഷേധാത്മകമായി പറഞ്ഞു: 'ഉമർ, ഞങ്ങൾ മുസ്‌ലിംകളാണ്. ഞങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നു. ഇനി നിങ്ങൾക്ക് ഇഷ്ടം പോലെ ചെയ്യാം.' ഉമർ ആണുങ്ങളോട് പൊരുതിയിട്ടുണ്ട്; ഒരിക്കലും ഒരു സ്ത്രീയുമായി പൊരുതിയിട്ടില്ല. അദ്ദേഹത്തിന്റെ വികാരം കത്തിയുയർന്ന അതേ വേഗത്തിൽ ഒതുങ്ങിയമർന്നു. 'നിങ്ങൾ വായിച്ചുകൊണ്ടിരുന്നതെവിടെ? നോക്കട്ടെ.'

'നിങ്ങളത് നശിപ്പിക്കും.'

'ഇല്ല. വാക്കു പറയുന്നു; ഞാനങ്ങനെ ചെയ്യില്ല. അത് ഞാൻ തിരിച്ചു തരാം'- ഉമറിന്റെ വാക്ക് അദ്ദേഹത്തിന്റെ ചെയ്തിപോലെത്തന്നെ ആത്മാർഥമായിരിക്കും. ഫാത്വിമയുടെ കിടക്കയിലിരുന്ന് ഉമർ ഉറക്കെ വായിച്ചു: 'ത്വാഹാ. ഭൂമിയെ സൃഷ്ടിക്കുകയും ആകാശത്തെ ഉയർത്തുകയും ചെയ്തവനെ ഭയപ്പെടുന്നതിന് ആളുകളെ ഓർമിപ്പിക്കാനല്ലാതെ, നിന്നെ അലോസരപ്പെടുത്താനായിട്ടല്ല മുഹമ്മദേ, നാം നിനക്ക് ഖുർആൻ വെളിപ്പെടുത്തിത്തന്നത്!' അങ്ങനെയങ്ങനെ അവസാനംവരെ വായിച്ചു.

ഹിംസക്കു പകരം ഉത്സാഹമായി: 'ഇത് ആദ്യന്തം വിശിഷ്ടമായി തോന്നുന്നു; ഉദാത്തം തന്നെ. എവിടെ മുഹമ്മദ്?'

ഉമർ സ്വഫാ കുന്നിലേക്കു നടന്നു. ഖുറൈശികളുടെ പീഡനം ഭയന്ന്

മുഹമ്മദ് അവിടെ അർഖമിന്റെ കുടിലിൽ അഭയം പ്രാപിച്ചിരിക്കയായിരുന്നു. അവിടെയെത്തുമ്പോൾ, പ്രവാചകൻ ഒരു ചെറിയ കൂട്ടം അനുചരന്മാരോട് പ്രഭാഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ തങ്ങളുടെ ഗുരുവിന്റെ വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുന്നു. ഉമർ വാതിൽ കടന്നപ്പോൾ തന്നെ അലിയും ഹംസയും അബൂബക്റും അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അതിക്രമിച്ചു കടക്കുന്നതാരെന്നറിയാൻ ശ്രോതാക്കൾ തിരിഞ്ഞുനോക്കി. സായുധനായ ഉമറിനെ കണ്ട് അവരമ്പരന്നു. പ്രവാചകന്റെ സുരക്ഷിതത്വത്തെക്കുറിച്ചോർത്ത് അവരെല്ലാം ചാടിയെഴുന്നേറ്റു. പക്ഷേ, ഭയത്തിനു തീർത്തും അപ്രാപ്യനായിരുന്നു മുഹമ്മദ്. ഉമർ വരുന്നതു കണ്ടയുടനെ അദ്ദേഹം അധ്യാപനം നിർത്തി; ആ സഹോദരനെ സ്വീകരിക്കാൻ മുന്നോട്ടു നടന്നു.

'അല്ലാഹുവിന്റെ നാമം വാഴ്ത്തപ്പെടട്ടെ' പ്രവാചകൻ പറയുകയായി: 'ഇന്നലെകൂടി ഞാൻ അല്ലാഹുവിനോട് പ്രാർഥിച്ചതേയുള്ളൂ, ഉമറുബ്നു ഹിശാമിനെയോ ഉമറുബ്നുൽ ഖത്ത്വാബിനെയോ കൂടെ ചേർത്ത് ഇസ്‌ലാമിനെ ശക്തമാക്കേണമേ എന്ന്. അല്ലാഹു അക്ബർ. ഇതാ ഉമർ.'

ഇതു പറഞ്ഞുകൊണ്ട് പ്രവാചകൻ ഉമറിനു നേരെ കൈ നീട്ടി.

'ഖത്ത്വാബിന്റെ മകൻ ഉമറേ, താങ്കൾക്ക് ഇഷ്ടംപോലെ ഞങ്ങളോടൊപ്പം ഇവിടെ കഴിയാം.'

'അല്ലാഹുവിലും അവന്റെ പ്രവാചകനിലും വിശ്വസിക്കുന്നതിനായിട്ടാണ് ഞാൻ വന്നിട്ടുള്ളത്.'

ഈ പ്രഖ്യാപനത്തോടെ 'അല്ലാഹു അക്ബർ' എന്ന പ്രകീർത്തനങ്ങൾകൊണ്ടന്തരീക്ഷം മുഖരിതമായി.

ഉമറിനെ മാറോടു ചേർത്തുനിർത്തി പ്രവാചകൻ പറഞ്ഞു: 'താങ്കൾ എന്റെ സഹോദരനാണ്.' അവിടെയുണ്ടായിരുന്ന ഓരോരുത്തനും അതേ രീതിയിൽ ഉമറിനെ ആശ്ലേഷിച്ചു. ഉമറിന്റെ മതപ്രവേശം മുസ്‌ലിം ക്യാമ്പിൽ വലിയ ആഹ്ലാദമാണുളവാക്കിയത്.

ഇസ്‌ലാംമതം അങ്ങനെ അതിന്റെ ആദ്യവിജയം നേടി. അത് ആദ്യത്തെ അതിശയം കാണിച്ചു. ദൃഢചിത്തരായ പ്രതിയോഗികൾ ഒരു രാത്രികൊണ്ട് മുസ്‌ലിംകളായിത്തീരുകയെന്നതിനോട് താരതമ്യപ്പെടുത്തുമ്പോൾ മണ്ണിനെ പൊന്നാക്കുന്ന പ്രകൃതിമാറ്റം എത്ര നിസ്സാരം! ഉമറിന്റെ ഇസ്‌ലാമാശ്ലേഷത്തിന് ഒന്നിൽ കൂടുതൽ പ്രാധാന്യമുണ്ട്. നവീനമതത്തിന്റെ ഏറ്റവും കടുത്ത ശത്രുവായിട്ടാണ് ഉമർ അറിയപ്പെട്ടിരുന്നത്. പ്രവാചകനെ വധിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ആളാണ്. പെട്ടെന്നാണ് അദ്ദേഹം പ്രവാചകസന്നിധിയിൽ പ്രത്യക്ഷപ്പെട്ട് ഇസ്‌ലാമിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നത്. എന്താണ് പ്രവാചകൻ ചെയ്യേണ്ടത്? അവി

ടുന്ന് ഉറപ്പു വാങ്ങേണ്ടതുണ്ടോ? അദ്ദേഹം മുസ്ലിംകളോടൊപ്പം ചേർന്നത് അവരുടെ നേതാവിനെ വധിക്കാനാണെങ്കിലോ? ഉമർ ആത്മാർഥമായിത്തന്നെയാണോ ഈ പ്രഖ്യാപനം നടത്തിയത്? ഈയിടെയാണദ്ദേഹം വിഗ്രഹാരാധകരുടെ ചടങ്ങുകളിൽ പങ്കെടുത്ത് കഅ്ബയിലെ ദൈവങ്ങളെ വണങ്ങിയതും മുസ്ലിംകളെ അവഹേളിച്ചതും. പ്രവാചകൻ ഒന്നും ചോദിച്ചില്ല. ഒരു പരീക്ഷണത്തിനും വിധേയമാക്കിയില്ല. ഒരു വ്യവസ്ഥയും ഉന്നയിച്ചതുമില്ല. ആത്മരക്ഷക്കുവേണ്ടി അവിടുന്ന് ഒരു തന്ത്രവും സ്വീകരിച്ചില്ല. ഉമർ ഏകദൈവത്തിലുള്ള വിശ്വാസം പ്രകടിപ്പിച്ചുകഴിഞ്ഞു; അതു മതി. ഉമറിന്റെ മനസ്സ് വായിക്കാൻ മുഹമ്മദ് ശ്രമിച്ചില്ല. ഉമറിന്റെ മനസ്സാക്ഷി അദ്ദേഹവും അല്ലാഹുവും തമ്മിലുള്ള കാര്യമാണല്ലോ.

ഉമറിന്റെ ഇസ്ലാംമതാശ്ലേഷത്തോടെ കൂടുതൽ ആളുകൾ മുസ്ലിംകളായി. ഇസ്ലാംമതം സ്വീകരിക്കുന്നതോടെ ഒരു മുസ്ലിം, കുടുംബവും ഗോത്രവും രാഷ്ട്രവും വിട്ട് വിപുലമായ ഒരു കുടുംബത്തിലെ സഹോദരനാകുന്നു. കൂടുതൽ പ്രധാനപ്പെട്ട ഗോത്രം, വിപുലമായ സൗഭ്രാത്രം. അവന്റെ സാമൂഹികപദവിയോ നിറമോ വർഗമോ പൈതൃകമോ എന്താണെന്നത് പ്രശ്നമേയല്ല. ആരായാലും പ്രവാചകനോടൊപ്പം ഒന്നിച്ചിരുന്നു, ഒരേ പാത്രത്തിൽനിന്ന് ഭക്ഷിക്കാം. ആ മഹാനുമൊന്നിച്ച് നമസ്കരിക്കാം. ഉമറുബ്നു ഹിശാമിനും ഉമറുബ്നുൽ ഖത്ത്വാബിനും വേണ്ടിയുള്ള പ്രവാചകന്റെ പ്രാർഥന ഇസ്ലാമിൽ മറ്റൊരു കിഴ്വഴക്കം വളർത്തി - കൂടുതൽ ബുദ്ധിമാന്മാരെയും ധീരന്മാരെയും ആത്മാർഥതയുള്ളവരെയും ഇസ്ലാമിലേക്ക് കൊണ്ടുവരുന്നതിനുള്ള ത്വര. ഒരാൾ തന്റെ മതത്തെ നിന്ദിക്കുകയോ അവഹേളിക്കുകയോ ചെയ്തിട്ടുള്ളയാളാണെങ്കിലും പ്രവാചകന്നതിൽ തെല്ലും ഉത്കണ്ഠയില്ല, അയാൾ സ്വഭാവശുദ്ധിയും ബുദ്ധിയും ഉള്ള ആളായിരുന്നാൽ മതി. അത്തരക്കാരെ അവിടുന്ന് ഇസ്ലാമിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു. അങ്ങനെ ഇസ്ലാം യോഗ്യന്മാരെക്കൊണ്ട് ധന്യമായി. അവർ നൂറ്റാണ്ടുകൾക്ക് ശിഥിലീകരിക്കാനാവാത്ത, എതിർപ്പുകൾക്ക് തകർക്കാനാവാത്ത പാരമ്പര്യങ്ങൾ സൃഷ്ടിച്ചു.

# 8

മുഹമ്മദ് പ്രവാചകനായിട്ട് ആറാമത്തെ വർഷം. അനുയായികളുടെ വർധിച്ച എണ്ണം വ്യക്തമായ വിജയത്തിന് തെളിവായിരുന്നു. ചെന്നായ്ക്കളുടെ ആക്രമണം കുറേയൊക്കെ തടുത്തുനിർത്താൻ അബൂത്വാലിബിനു കഴിഞ്ഞു; എന്നാൽ, മുസ്ലിം പ്രമുഖരുടെ നേരെയുള്ള പീഡനങ്ങൾ ദുസ്സഹമായിത്തീർന്നിരുന്നു. കൈയേറ്റവും അതിക്രമങ്ങളും അവഹേളനങ്ങളും മിക്കവാറും ഉണ്ടായി. പക്ഷേ, പ്രവാചകന്റെ അനുയായികൾ പ്രതികാരം ചെയ്തില്ല. അബ്ദുൽ ഉസ്സയും ഭാര്യ ഉമ്മുജമീലും, അവ

ളുടെ സഹോദരനും ഖുറൈശി നേതാവുമായ അബൂസുഫ്യാനും തിരു മേനിയെ പ്രത്യേകം നിരീക്ഷിച്ചുകൊണ്ടിരുന്നു. നബി പോകുന്നിടങ്ങളി ലെല്ലാം അനുഗമിച്ച്, അദ്ദേഹം നുണയനും മഹാദ്രോഹിയുമാണെന്ന് പറഞ്ഞു പരത്തി, അബൂസുഫ്യാൻ. അവിടുത്തെ വഴികളിൽ കല്ലും മുള്ളും വിതറാൻ ഉമ്മുജമീൽ തന്റെ ദുസ്സാമർഥ്യം മുഴുവൻ പ്രയോഗിച്ചു. പക്ഷേ, പ്രവാചകൻ മന്ദഹസിക്കുക മാത്രം ചെയ്തു. ഇതിന്നു നരക ത്തിൽ പോകേണ്ടിവരുമെന്നു മാത്രം താക്കീതു നൽകി. അബ്ദുൽ ഉസ്സ, അങ്ങനെ 'അബൂലഹബ്' (അഗ്നിയുടെ പിതാവ്) എന്ന അപരനാമത്തിന് അർഹനായിത്തീർന്നു.

ഈ പരീക്ഷണഘട്ടങ്ങളിൽ ഓരോ ആളുടെയും സേവനം തനിക്കാ വശ്യമാണെന്ന് മുഹമ്മദ് മനസ്സിലാക്കി. ആർദ്രഹൃദയനാണദ്ദേഹം. താൻ മൂലം മറ്റുള്ളവർക്കുണ്ടാകുന്ന പ്രയാസങ്ങൾ അവിടുത്തെ വല്ലാതെ വേദ നിപ്പിക്കും. ദൈവികമായ ഒരു നിയോഗമില്ലായിരുന്നെങ്കിൽ, പ്രവാചകന്റെ വേഷം പോലും അദ്ദേഹം ഉപേക്ഷിക്കുമായിരുന്നു. യാതൊരു വിഷമങ്ങ ളുമില്ലാതിരുന്ന സന്തുഷ്ടമായ യൗവനകാലത്തിലേക്ക്, ദാമ്പത്യത്തിന്റെ ആദ്യനാളുകളിലേക്ക് അദ്ദേഹം ഇടക്കൊന്നു തിരിഞ്ഞുനോക്കും. ദൈവി കസന്ദേശത്തിന്റെ ഭാവിയെക്കുറിച്ചോർത്ത് ഒട്ടും മനശ്ചാഞ്ചല്യമില്ല; കാരണം, അല്ലാഹുവിന്റെ മതത്തെ അവൻ തന്നെ പരിരക്ഷിക്കുമെന്ന് അദ്ദേഹത്തിനറിയാം. തനിക്കെന്തു സംഭവിക്കും എന്നതിനെക്കുറിച്ച് നബിക്ക് വേവലാതിയില്ല; തനിക്കും ദൈവിക പരിരക്ഷയുണ്ടെന്നറിയാ മല്ലോ. തന്റെ അനുയായികൾക്കുണ്ടാകുന്ന വൈഷമ്യങ്ങളിലായിരുന്നു അവിടുത്തെ ദുഃഖം മുഴുവൻ.

സാഹചര്യം ധൈര്യമാവശ്യപ്പെടുന്നു. പക്ഷേ, തീരുമാനം മനുഷ്യ നെടുക്കേണ്ടതാണല്ലോ. തന്റെ അനുയായികളോട് ആത്മരക്ഷ നോക്കാൻ നബി ഉപദേശിച്ചു. നൂറിലേറെയില്ലാത്ത തന്റെ അനുയായികളിലോരോ രുത്തരെയും വിളിച്ച് അബ്സീനിയയിൽ അഭയംതേടാൻ അദ്ദേഹം നിർദേ ശിച്ചു. അവിടം ഭരിക്കുന്നത് നീതിമാനായ രാജാവാണല്ലോ.

'ആ രാജ്യത്തെ നേഗസ് രാജാവ് ഒരു മാതൃകാ മനുഷ്യനാണ്. ആരെയും തെറ്റു ചെയ്യാൻ അദ്ദേഹം അനുവദിക്കില്ല. നിങ്ങൾക്കവിടെ ഹൃദ്യമായ വരവേൽപും സഹിഷ്ണുതയും ആതിഥേയത്വവും ലഭിക്കു മെന്ന് എനിക്കുറപ്പുണ്ട്. പിന്നീട് അല്ലാഹു വീണ്ടും ജന്മനാട്ടിൽ തിരിച്ചു വരാനിടയാക്കുംവരെ നിങ്ങളവിടെ കഴിയുക.'

ഏതാനും ദിവസത്തിനകം രണ്ട് ചെറിയ സംഘം അഭയാർഥികൾ രഹസ്യമായി കടൽകടന്നു. അക്കൂട്ടത്തിൽ പ്രവാചകപുത്രി റുഖിയയും ഭർത്താവ് ഉസ്മാനുമുണ്ടായിരുന്നു. നേഗസിന്റെ കൊട്ടാരത്തിലെത്തി യയുടനെ അവരുടെ ആവലാതികൾ രാജാവ് കേൾക്കുകയും സംര ക്ഷണം ഉറപ്പുനൽകുകയും ചെയ്തു.

പലായനത്തെക്കുറിച്ച് ഖുറൈശികൾ കേട്ടിരുന്നതിനാൽ ഉസ്മാനും സംഘവും കഷ്ടിച്ചാണ് മക്കയിൽനിന്ന് രക്ഷപ്പെട്ടത്. പെട്ടെന്ന് ഖുറൈശികൾ ഒരു യോഗം വിളിച്ചുകൂട്ടി, അബ്സീനിയയിലെ നേഗസിന്റെ പിന്തുണ നേടുന്നതിനുള്ള തന്ത്രമാവിഷ്കരിച്ചു. ഇത്തരം പ്രവർത്തനങ്ങളോട് ഉടനെ പ്രതികരിക്കേണ്ടതിന്റെ ആവശ്യകത യോഗം അംഗീകരിക്കുകയും ചെയ്തു. ഉസ്മാന്റെ പിന്നാലെ ഖുറൈശിപ്രതിനിധികളായി അബ്ദുല്ലാഹിബ്നു റബീഉം അംറുബ്നുൽ ആസ്വും അബ്സീനിയയിലെത്തി. കയ്പേറിയ ഒരു വിവാദമാണ് നേഗസിന് ഒത്തുതീർക്കേണ്ടിയിരുന്നത്. മക്കയിൽ വച്ചു ചെയ്ത തെറ്റായ കൃത്യങ്ങളുടെ പേരിൽ മുസ്‌ലിം അഭയാർഥികളെ പുറത്താക്കണമെന്നു രാജാവിനോട് ഖുറൈശികൾ ആവശ്യപ്പെട്ടു - തങ്ങളുടെ പൂർവികരുടെ മതത്തിനെതിരായ ആ തെറ്റ് ആപത്കരമായ ഒരു തുടക്കം കുറിച്ചിരിക്കുകയാണ്.

'ഈ കുറ്റത്തിന് ഒരു പരിഹാരമേയുള്ളൂ: അവർ ക്രിസ്തുമതം സ്വീകരിക്കട്ടെ' നേഗസിന്റെ സഹതാപം നേടാൻ ഖുറൈശികൾ കൂട്ടിച്ചേർത്തു. അബ്സീനിയയിലെ പൗരോഹിത്യത്തിന്റെ പിന്തുണ, പരസ്പരം സഹായിക്കാമെന്ന ധാരണയിൽ, അവർ നേരത്തേതന്നെ സമ്പാദിച്ചിരുന്നു. അതുകൊണ്ട് മുസ്‌ലിംകളെ രാജ്യഭ്രഷ്ടരാക്കണമെന്ന ആവശ്യം അബ്സീനിയൻ വൈദികർ അംഗീകരിച്ചു.

'അനാവശ്യമായി നമ്മളെന്തിനാണ് മക്കക്കാരുടെ വിരോധം സമ്പാദിക്കുന്നത്?' അവർ രാജാവിനെ ഉപദേശിച്ചു: 'മുഹമ്മദിന്റെ ആളുകൾക്ക് ഇവിടെ അഭയം നൽകുന്നത് ഒരിക്കലും നല്ലതിനാവില്ല.'

എന്നാൽ തന്റെ ഉപദേഷ്ടാക്കളുടെയോ മക്കയിൽനിന്നു വന്ന ഗോത്രപ്രമുഖരുടെയോ ആഗ്രഹമനുസരിച്ച് പ്രവർത്തിക്കാൻ രാജാവ് തയ്യാറായിരുന്നില്ല. അദ്ദേഹം അഭയാർഥികളെ കൊട്ടാരത്തിൽ വിളിച്ചുവരുത്തി, എല്ലാവരുടെയും സാന്നിധ്യത്തിൽ അവരുടെ മതത്തെക്കുറിച്ച് ആരാഞ്ഞു.

'നിങ്ങൾ സ്വന്തം ദൈവങ്ങളെ ഉപേക്ഷിച്ചു. എന്നേ്താ, മറ്റാരുടെയെങ്കിലുമോ ദൈവത്തെ സ്വീകരിച്ചിട്ടുമില്ല. എന്താണീ പുതിയ മതം?'

അഭയാർഥികളുടെ വക്താവും അലിയുടെ സഹോദരനുമായ, സുമുഖനായ ജഅ്ഫർ പറഞ്ഞു: 'രാജാവേ, അജ്ഞതയുടെ ആഴത്തിൽ മുങ്ങിക്കിടന്നിരുന്ന ജനതയായിരുന്നു ഞങ്ങൾ. ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിച്ചു. ഞങ്ങൾ, വെറും ശവങ്ങൾ. ഞങ്ങൾക്ക് സദാചാരമുണ്ടായിരുന്നില്ല. ഞങ്ങൾ രക്തബന്ധം പോലും മുറിച്ചിരുന്നു. മനുഷ്യത്വത്തിന്റെ എല്ലാ വികാരങ്ങളും ഞങ്ങളവഗണിച്ചു. ഞങ്ങളിൽ കൈയൂക്കുള്ളവർ ദുർബലരെ ആക്രമിച്ചു. മോശം പൗരന്മാരും മോശം അയൽക്കാരുമായിരുന്നു ഞങ്ങൾ. അങ്ങനെയിരിക്കെയാണ് അല്ലാഹു ഒരു ദൂതനെ അയക്കുന്നത്. അദ്ദേഹം സത്യസന്ധനും വിശ്വസ്തനും സദാചാരനിരതനും അഭിജാത

നുമാണെന്നു ഞങ്ങൾക്കറിയാം. അബ്ദുല്ലാ മകൻ മുഹമ്മദ്; ഞങ്ങളുടെ വന്ദ്യവയോധികനായ അബ്ദുൽ മുത്ത്വലിബിന്റെ പൗത്രൻ. അദ്ദേഹം ഞങ്ങളെ അല്ലാഹുവിങ്കലേക്ക് ക്ഷണിച്ചു. കല്ലുകളെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നത് നിർത്തി പ്രപഞ്ചനാഥനായ ഏകദൈവത്തിൽ വിശ്വസിക്കാൻ ഞങ്ങളെ ഉദ്ബോധിപ്പിച്ചു. സത്യസന്ധരായിരിക്കാൻ, വാക്കു പാലിക്കാൻ, രക്തബന്ധത്തെ മാനിക്കാൻ, സത്യവും നീതിയും പുലർത്താൻ അവിടുന്ന് ഞങ്ങളെ ഉപദേശിച്ചു. അനാഥരുടെ സ്വത്ത് അപഹരിക്കുന്നതിൽനിന്ന്, രക്തച്ചൊരിച്ചിലുണ്ടാക്കുന്നതിൽനിന്ന്, ചാരിത്ര്യമില്ലായ്മയിൽനിന്ന്, സച്ചരിതരായ സ്ത്രീകളെക്കുറിച്ച് അപവാദം പറയുന്നതിൽനിന്ന് അദ്ദേഹം ഞങ്ങളെ വിലക്കി. നമസ്കാരവും സകാത്തും വ്രതാനുഷ്ഠാനവും ഞങ്ങളിൽ നിർബന്ധമാക്കി.

'ഞങ്ങൾക്കദ്ദേഹത്തെ വിശ്വാസമാണ്; അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും വിശ്വാസമാണ്. അല്ലാഹുവിൽ നിന്നയച്ചതും അവിടുന്ന് വിശദീകരിച്ചുതന്നതുമായ നിയമങ്ങളും വ്യവസ്ഥകളുമാണാ സന്ദേശത്തിലുള്ളത്. അവ പ്രായോഗികമാക്കാനുള്ളതാണ്. ഞങ്ങളുടെ ആരാധനാനുഷ്ഠാനങ്ങൾ നിങ്ങളുടെ ജനങ്ങളിൽനിന്ന് വിഭിന്നമാകയാൽ, അതിനു നിർബന്ധിക്കുന്നത് ഞങ്ങളെ തീവ്രമായി വേദനിപ്പിക്കും; അത് ഞങ്ങളോടുള്ള ശത്രുതാപരമായ നടപടിയായിരിക്കും. കാരണം, ഞങ്ങളുടെ മതത്തിൽനിന്ന് പിന്തിരിയാനാണ് അതാവശ്യപ്പെടുന്നത്. അങ്ങനെ, കഅ്ബയിലെ വിഗ്രഹാരാധനയിലേക്ക് തിരിച്ചുപോകാൻ ഞങ്ങൾ നിർബന്ധിതരാകും.'

ഈ തർക്കത്തിൽ തീരേ താൽപര്യമില്ലാതിരുന്ന രാജാവിനെയും മറ്റുള്ളവരെയും ജഅ്ഫറിന്റെ പ്രഭാഷണം ആകർഷിച്ചു.

'അല്ലാഹു നിങ്ങളുടെ പ്രവാചകന്നയച്ച സന്ദേശം വല്ലതും നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ?' രാജാവ് ചോദിച്ചു.

'ഉവ്വ്' ജഅ്ഫർ മറുപടി നൽകി.

'വായിക്കൂ, നാം കേൾക്കട്ടെ.'

തന്റെ ഉടുപ്പിൽനിന്ന് ജഅ്ഫർ ഒരു ചുരുളെടുത്തു. രാജാവ് കൈത്തലത്തിൽ താങ്ങിയ മുഖവുമായി ചെവി കൂർപ്പിച്ചു. 'മർയം' എന്ന സൂറ (അധ്യായം) വായിക്കാമെന്ന് പറഞ്ഞുകൊണ്ട് ജഅ്ഫർ തുടങ്ങി: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം.'

എന്താണിതിന്റെ അർഥമെന്നാരാഞ്ഞു, രാജാവ്.

'കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു' ഇതാണർഥമെന്ന് ജഅ്ഫർ വിശദീകരിച്ചു. അദ്ദേഹം തുടർന്നു: 'ഖാഫ് ഹാ യാ ഐയ്ൻ സ്വാദ്....' ദൈവിക

സൂക്തമോരോന്നായി ചൊല്ലി അതിന്റെ അർഥം കേൾപ്പിച്ചു. ഖുർആന്റെ വാഗ്മിതയിൽ നേഗസ് അതീവാകൃഷ്ടനായി.

'നസ്രേത്തിലെ ഈശോവിന്റെ സുവിശേഷം പോലിരിക്കുന്നു ഇത്. എന്തുകൊണ്ടാണാവോ?!' ഖിന്നനായ അംറിന്റെ നേരെ നോക്കി അദ്ദേഹം പറഞ്ഞു: 'മക്കയിൽനിന്നു വന്ന മാന്യപുരുഷന്മാരേ, ഈ അഭയാർഥികളെ തിരിച്ചയക്കാൻ ഞാൻ ഭയപ്പെടുന്നു. എന്റെ സാമ്രാജ്യത്തിൽ യഥേഷ്ടം ആരാധിക്കാനും ജീവിക്കാനും അവർ സ്വതന്ത്രരായിരിക്കും.'

'ഞങ്ങൾ തിരുമനസ്സിലേക്ക് കൂറുള്ളവരായിരിക്കും' ജഅ്ഫർ പറഞ്ഞു.

# 9

ഇസ്‌ലാമിൽ അനുയായികൾ കൂടുംതോറും, പ്രവാചകന്റെ രക്തത്തിനുവേണ്ടി ശത്രുക്കളുടെ ആർത്തിയും വർധിച്ചുകൊണ്ടിരുന്നു. നേഗസിന്റെ സാമ്രാജ്യത്തിലേക്ക് വീണ്ടും അഭയാർഥിപ്രവാഹമുണ്ടായി. പ്രവാചകനും ഏറ്റവുമടുത്ത പ്രവർത്തകരും അവശേഷിച്ചു. അബൂത്വാലിബിനു സ്വാഭാവികമായും തന്റെ സഹോദരപുത്രന്റെ ജീവന്റെ കാര്യത്തിൽ ഉത്കണ്ഠയുണ്ടായി. നഗരപ്രാന്തത്തിലെവിടെയെങ്കിലും ശക്തമായ ഒരു കോട്ടയിൽ അഭയം തേടിക്കൊള്ളാൻ അദ്ദേഹം ഉപദേശിച്ചു.

സഹോദരപുത്രനെ വിട്ടുകൊടുക്കാൻ ഖുറൈശികൾ അബൂത്വാലിബിൽ സമ്മർദം ചെലുത്തി. അല്ലാത്തപക്ഷം ബനൂഹാശിം ഗോത്രത്തിനൊന്നടങ്കം ഭ്രഷ്ട് കൽപിക്കാനും ഉപരോധമേർപ്പെടുത്താനും അവർ തീരുമാനിച്ചു. അബൂത്വാലിബിന് അതംഗീകരിക്കുകയല്ലാതെ വേറെ മാർഗമൊന്നുമില്ലായിരുന്നു. ഖുറൈശികൾ നടപ്പാക്കിയ ഭ്രഷ്ട് തീരുമാനമനുസരിച്ച് എല്ലാ അറബികളെയും, ബനൂഹാശിം ഗോത്രവുമായി ഏതെങ്കിലും തരത്തിലുള്ള വിനിമയവും ബന്ധവും പുലർത്തുന്നതിൽനിന്നു വിലക്കി. രാജ്യത്തിന്റെ നീരസത്തിനു പാത്രീഭൂതനായ കുപ്രസിദ്ധനും അപകടകാരിയുമായ പ്രക്ഷോഭ നേതാവിനെ ഏൽപിച്ചാൽ മാത്രമേ ഭ്രഷ്ട് പിൻവലിക്കുകയുള്ളൂവെന്ന് വ്യക്തമാക്കപ്പെട്ടു. ഈ വിളംബരം എല്ലാവർക്കും കാണുന്നതിനുവേണ്ടി കഅ്ബയുടെ അകത്തളത്തിൽ ഒരു ചർമപത്രത്തിലെഴുതി തൂക്കപ്പെട്ടു.

പ്രവാചകത്വലബ്ധിയുടെ ഏഴാം വർഷം. മുഹമ്മദിന്റെ പ്രായം അമ്പതോടടുക്കുന്നു; ജീവിതത്തിന്റെ മധ്യാഹ്നം. ഖദീജക്ക് അറുപതു കഴിഞ്ഞു. വാർധക്യദശയെങ്കിലും പടുവൃദ്ധയെന്നു തോന്നില്ല. ഇരുപതു വർഷമായി സ്വന്തം പ്രിയതമനുവേണ്ടി അർപ്പിക്കപ്പെട്ടതായിരുന്നു ആ ജീവിതം. അന്നദ്ദേഹം ഒരു യുവാവായിരുന്നു. സിരകളിൽ പതഞ്ഞൊഴുകുന്ന താരുണ്യം, സർവരാലും സ്നേഹിക്കപ്പെടുന്നവൻ; ജനസ്വാധീനമുള്ളവൻ, എല്ലാ വിധ

ത്തിലും ഒരു വലിയ വാഗ്ദാനം. ഇപ്പോൾ തലമുടിയിൽ നര കേറിയിരിക്കുന്നു. കാലവും സംഭവഗതികളും ആ മുഖത്ത് ഉഴവുചാലുകൾ തീർത്തിരിക്കുന്നു. ഇപ്പോഴദ്ദേഹം സമുദായഭ്രഷ്ടനാണ്. ഒരു പ്രവാചകൻ എന്ന നിലയിൽ ഏഴു സംവത്സരങ്ങൾ വിജയം വരിക്കുന്നതിന് അത്ര പര്യാപ്തമൊന്നുമല്ല. കുറേ അനുയായികളെ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അത്രമാത്രം. ലോക നടപ്പനുസരിച്ച് പറഞ്ഞാൽ അദ്ദേഹത്തിന്റെ പ്രസ്ഥാനം അത്ര ജനസമ്മതിയാർജിച്ചതല്ല; പൊതുവെ വിജയകരമല്ല. എന്നാൽ, അദ്ദേഹത്തിന്റെ പരാജയങ്ങളും പരിമിതികളും ഖദീജക്ക് അദ്ദേഹത്തിലുള്ള വിശ്വാസത്തിന് എന്തെങ്കിലും അന്തരം ഉണ്ടാക്കിയോ? അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ ആത്യന്തിക വിജയത്തിൽ ആ സാധ്വിക്ക് മറിച്ചെന്തെങ്കിലും സംശയമുളവായിട്ടുണ്ടോ? ഇല്ല; തന്റെ ആയുഷ്കാലത്ത് കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും, ആത്യന്തികമായി അത് വിജയിക്കുമെന്ന വിശ്വാസം വർഷം ചെല്ലുന്തോറും വർധിച്ചിട്ടേയുള്ളൂ. ഇസ്‌ലാമിന് സ്മരണീയമായ വിജയമുണ്ടാകുമെന്ന് അവർക്ക് ഉറപ്പുണ്ട്. മുഹമ്മദ് നിരാശപൂണ്ടപ്പോഴെല്ലാം ഖദീജ സാന്ത്വനമായി. അദ്ദേഹത്തിനു മനശ്ശാന്തി നേടിക്കൊടുത്തു. വളരെ അപൂർവം ഭാര്യമാർ മാത്രമേ ഭർത്താവിനെ ഇങ്ങനെ പരിചരിച്ചിട്ടുള്ളൂ. ലോകം മുഴുവൻ അദ്ദേഹത്തെ നോക്കി പരിഹസിച്ചപ്പോൾ ഖദീജ അദ്ദേഹത്തിൽ അഭിമാനം കൊണ്ടു. ലോകം വെറുത്തപ്പോൾ അവർ സ്നേഹിച്ചു. അദ്ദേഹം ഹതാശനായപ്പോഴൊക്കെ പ്രോത്സാഹനം നൽകി. മുഹമ്മദിനും സ്വപത്നിയോട് ഗാഢമായ മാനസിക ബന്ധമുണ്ടായിരുന്നു. മറ്റൊരു സ്ത്രീക്കും കഴിയാത്തവിധം അദ്ദേഹത്തിന്റെ ഹൃദയ സിംഹാസനം അവർ കൈയടക്കിയിരുന്നു. പതിഭക്തയായ ഒരു ഭാര്യയേക്കാൾ, വത്സലയായ ഒരുമ്മയേക്കാൾ അപ്പുറമായിരുന്നു ഖദീജയുടെ സ്ഥാനം. അദ്ദേഹത്തിന്റെ ദൗത്യ ഭാഗധേയങ്ങളുടെ, ഇസ്‌ലാമിന്റെ, അധിഷ്ഠാനമായിരുന്നു അവർ.

# 10

കാലവീഥിയിൽ പിന്നെയും മൂന്നു വർഷങ്ങളുടെ ഉരുൾപ്പാടുകൾ. അങ്ങേയറ്റം പ്രതിബദ്ധരായവരൊഴികെ, മറ്റെല്ലാവരുടെയും മനസ്സിളക്കാൻ ഇത്രയും കാലം മതി. മൂന്നു വർഷത്തെ ഊരുവിലക്ക്. അസ്വീകാര്യത നിറഞ്ഞ പെരുമാറ്റം. സ്വസ്ഥജീവിതം അസാധ്യമാക്കുന്ന ദുർഭിക്ഷത. ഇസ്‌ലാം പ്രതിസന്ധിയിലാണിപ്പോൾ. ഖുറൈശികൾ അവരുടെ വലയം അബൂത്വാലിബിന്റെ ശിഅ്ബി (മലയിടുക്കുകളി)ലേക്ക് ചുരുക്കി. ഹിംസ നിഷിദ്ധമാക്കിയ തീർഥാടനത്തിന്റെ നാളുകളിൽ മാത്രമേ പ്രവാചകൻ വിപ്രവാസത്തിൽനിന്നു പുറത്തുവന്നുള്ളൂ, തന്റെ അനുയായികളുമായി സംസാരിക്കാറുണ്ടായിരുന്നുള്ളൂ. ഇത്തരം അവസരങ്ങളിൽപോലും അവിടുന്ന് പോകുന്നിടങ്ങളിലെല്ലാം അധമനായ അബൂലഹബും പിന്തുടരും - അദ്ദേഹത്തെ നുണയനെന്നും മതഭ്രഷ്ടനെന്നും

ആക്ഷേപിച്ചുകൊണ്ട്. അല്ലാഹുവും പ്രവാചകനും മക്കാ നിവാസികളുടെ ഹൃദയം കവർന്നതുപോലെ തന്നെ, ഹജ്ജിനുവന്ന തീർഥാടകരിൽ, പ്രത്യേകിച്ച് യസ്രിബ് നഗരത്തിൽനിന്നുള്ളവരിൽ ചിലർ, പുതിയ മതത്തെക്കുറിച്ചറിയാൻ ഏറെ ഔത്സുക്യം പ്രകടിപ്പിച്ചിരുന്നു.

നിരോധനം നിലനിൽക്കുകയും ശീതസമരം അതിന്റെ പാരമ്യതയിലെത്തുകയും ചെയ്തിരുന്നെങ്കിലും പല കാരണങ്ങളാലും ഖുറൈശികൾ ഉത്കണ്ഠാകുലരായിരുന്നു. ഒരു തുറന്ന സംഘട്ടനം ഒഴിവാക്കാനാണവർ ശ്രമിച്ചത്. നിരോധനം ഹാശിമികളെ മുഴുവൻ ഭ്രഷ്ടരാക്കിയിരുന്നു. മുഹമ്മദിനു മാത്രം ഭ്രഷ്ട് കൽപിക്കുന്നതിൽ ജനസമ്മതിയുണ്ടായിരുന്നു. എന്നാൽ ഒരു ഗോത്രത്തോട് മുഴുവൻ നീരസത്തോടെ പെരുമാറുന്നതിൽ പൊതുവെ യോജിപ്പുണ്ടായിരുന്നില്ല. കാരണം, ബനൂഹാശിം ഗോത്രത്തിനു മറ്റു ഖുറൈശി ഗോത്രക്കാരുമായി അടുത്ത ബന്ധമുണ്ടായിരുന്നു; മുഹമ്മദ് പ്രചരിപ്പിക്കുന്ന മതസിദ്ധാന്തങ്ങളുമായി അവർക്ക് ബന്ധമില്ലായിരുന്നുതാനും. അതേസമയം മുഹമ്മദും അബൂത്വാലിബും ഉൾപ്പെടുന്ന മുഴുവൻ ഗോത്രത്തിനുമെതിരെ നടപ്പിലാക്കുമായിരുന്നില്ലെങ്കിൽ നിരോധനം കൊണ്ട് പ്രയോജനമുണ്ടാകുമായിരുന്നില്ല. ഈ പ്രതിസന്ധിയിൽ, ഗോത്രങ്ങൾ തമ്മിലുള്ള ഒരു യുദ്ധം ഒഴിവാക്കാനാണ് ഖുറൈശികൾ ആഗ്രഹിച്ചത്. പ്രശ്നപരിഹാരത്തിന് അവർ മറ്റു വഴികൾ തേടുകയായി. പീഡനശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ ഭൗതിക പ്രലോഭനങ്ങളുടെ മാർഗം തേടുകയായി അവർ.

ഒരു ദിവസം പ്രവാചകൻ കഅ്ബയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ശത്രുപ്രമുഖരിലൊരാളായ ഉത്ബ ഇബ്നു റബീഅ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു: 'മുഹമ്മദ്, എനിക്ക് താങ്കളുടെ പിതാവിനെ അറിയാം. നാം സഹോദരന്മാരെപ്പോലെ പരസ്പരം സ്നേഹിച്ചവരല്ലോ. അബ്ദുല്ലയുടെ പുത്രനെന്ന നിലയിൽ ജന്മനാ തന്നെ താങ്കൾക്ക് സമുന്നതമായ ഒരു സ്ഥാനമുണ്ട്. താങ്കളുടെ സ്വഭാവഗുണങ്ങളും ഞങ്ങളറിയുന്നതുതന്നെ. എന്നാൽ, താങ്കൾ ജനങ്ങൾക്കിടയിൽ കാലുഷ്യം സൃഷ്ടിച്ചിരിക്കുന്നു. സന്തോഷത്തോടെ ജീവിച്ച ഞങ്ങൾക്കിടയിൽ കുഴപ്പവും തർക്കവും ഉണ്ടായിരിക്കുന്നു. ഞങ്ങളുടെ ദേവീദേവന്മാരെ താങ്കൾ അധിക്ഷേപിക്കുന്നു. നമ്മുടെ പൂർവികന്മാരിൽ ധർമലോപമാരോപിക്കുന്നു. താങ്കൾ സ്വീകരിക്കുമെങ്കിൽ, വിലപ്പെട്ട പാരിതോഷികം തരാൻ ഞങ്ങൾ തയ്യാറാണ്.'

'എന്താണത്?' പ്രവാചകൻ ചോദിച്ചു.

'ഇതൊക്കെക്കൊണ്ട് കുറേ സമ്പത്തുണ്ടാക്കാമെന്നാണ് താങ്കളുടെ മോഹമെങ്കിൽ, ഞങ്ങളിൽനിന്നു പിരിച്ചെടുത്ത് ഞങ്ങളിലാരെയുംകാൾ സമ്പന്നനാക്കാം. ഇനി സ്ഥാനമാനങ്ങളാണ് വേണ്ടതെങ്കിൽ, താങ്കളെ ഞങ്ങളുടെ മുഴുവൻ നേതാവാക്കാം; താങ്കൾ പറയുന്നത് ഞങ്ങളനുസ

രിക്കും. അധികാരമാണ് വേണ്ടതെങ്കിൽ ഞങ്ങളുടെ രാജാവാക്കാം. ഇനി സ്ത്രീകളെയാണ് വേണ്ടതെങ്കിൽ ഞങ്ങളുടെ പെൺമക്കളിൽ ഏറ്റവും സുന്ദരിയെ തരാം. ഞങ്ങൾക്കൊന്നു മാത്രമേ പറയാനുള്ളൂ - ഞങ്ങളുടെ പൂർവികരുടെ മതത്തെയും ദൈവങ്ങളെയും നിന്ദിച്ചു സംസാരിക്കുന്നത് അവസാനിപ്പിക്കണം.'

'ഇത്രേയുള്ളോ, അബൂ വലീദ്. കൂടുതലൊന്നുമില്ലേ?'

'ഇല്ല.' ഖുറൈശികളുടെ പ്രതിനിധി പറഞ്ഞു: 'ഇതൊന്നും പോരേ?'

'മതി, പക്ഷേ; ഒന്നും വേണ്ട. എനിക്ക് പണമോ അധികാരമോ ആധിപത്യമോ ആവശ്യമില്ല. സ്ത്രീകളെയും വേണ്ട. എന്റെ ജനങ്ങൾക്ക് മുന്നറിയിപ്പു നൽകാൻ അല്ലാഹു എന്നെ അയച്ചതാണ്. ഞാൻ അവന്റെ സന്ദേശം നിങ്ങളിലെത്തിക്കാൻ വന്നവൻ മാത്രം. നിങ്ങളിത് സ്വീകരിച്ചാൽ ഈ ലോകത്തിലും പരലോകത്തിലും ശ്രേയസ്സ് കൈവരും. നിരാകരിച്ചാലോ? അല്ലാഹു തീരുമാനിക്കും!' ഉത്ബ നിരാശനായി മടങ്ങി.

കൊടിയ ദുരിതങ്ങൾക്കിടയിലും മുഹമ്മദിനു ധാർമികവിജയം നേടിക്കൊടുത്ത ഘടകങ്ങളിലൊന്ന് അദ്ദേഹത്തിന്റെ അകളങ്കമായ സത്യദീക്ഷയായിരുന്നു. മണ്ണും ചോരയുംകൊണ്ട് സൃഷ്ടിക്കപ്പെട്ട നശ്വരനായ ഒരു സന്ദേശവാഹകൻ എന്നതിലുപരിയായി ഒന്നും അദ്ദേഹം അവകാശപ്പെട്ടില്ല. ദൈവവുമായി രക്തബന്ധമുണ്ടെന്നോ ഏതെങ്കിലും ദേവന്റെ അവതാരമാണെന്നോ അവകാശപ്പെട്ടില്ല. അമാനുഷമായ അദ്ഭുതകാര്യങ്ങളാൽ താൻ അംഗീകരിക്കപ്പെടണം എന്നും വ്യാമോഹിച്ചില്ല. തനിക്കേതെങ്കിലും വിധത്തിലുള്ള ആധിപത്യമോ അധികാരമോ വേണമെന്നും ആവശ്യപ്പെട്ടില്ല. ദൈവികമായ വെളിപാടുകൾ, തനിക്ക് ലഭിച്ചതുപോലെ തന്നെ, മായം ചേർക്കാതെ അദ്ദേഹം ജനങ്ങൾക്ക് നൽകി. സർവശക്തന്റെ ദൂതനാണ് താനെന്നതിൽ മാത്രമേ അദ്ദേഹം അഭിമാനിച്ചുള്ളൂ.

ദൈവികമായ നിയോഗത്തിന്റെ തെളിവായി അദ്ഭുതകൃത്യങ്ങൾ പ്രതീക്ഷിക്കുന്നവരായിരുന്നു ജനങ്ങൾ. പുണ്യവാളന്മാരും സിദ്ധന്മാരും അദ്ഭുതസിദ്ധിയാൽ രോഗങ്ങൾ മാറ്റുകയും ഭാവികാര്യങ്ങൾ പ്രവചിക്കുകയും ചെയ്യുമെന്നാണല്ലോ കരുതപ്പെടുന്നത്. അവരുടെ അനുഗ്രഹങ്ങളാൽ വന്ധ്യകൾ പ്രസവിക്കുകയും ശാപവചസ്സുകളാൽ സാമ്രാജ്യങ്ങളും രാജാക്കന്മാരും നിലംപൊത്തുകയും ചെയ്യുമത്രെ.

തന്റെ ലോകത്തോട് ഒരു വെല്ലുവിളി മാത്രമേ മുഹമ്മദിന് ഉണ്ടായിരുന്നുള്ളൂ. തനിക്ക് അവതരിക്കപ്പെട്ട വിശുദ്ധ ഖുർആനിലേതുപോലെ അനിതരസാധാരണമായ മഹത്വവും അർഥഗാംഭീര്യവുമടങ്ങുന്ന ഒരു വരിയെങ്കിലുമുള്ള ഒരു അധ്യായമെങ്കിലും കൊണ്ടുവരാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആ ഗ്രന്ഥത്തിന്റെ രചയിതാവ് താനാണെന്നു പറഞ്ഞിരുന്നെങ്കിൽ എല്ലാ കാലത്തേയും മഹാകവിയായി അദ്ദേഹം വിശേഷിപ്പിക്കപ്പെ

ടുമായിരുന്നു. എന്നാൽ ഒരിക്കലും അവിടുന്ന് ഖുർആന്റെ കർത്തൃത്വം അവകാശപ്പെട്ടില്ല.

അവിശ്വാസികൾക്കും അദ്ഭുതകാര്യങ്ങൾ പ്രതീക്ഷിച്ചവർക്കുമുള്ള അദ്ദേഹത്തിന്റെ മറുപടി വളരെ ലളിതവും അസന്ദിഗ്ധവുമായിരുന്നു. മനുഷ്യവംശവും പ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒരുമിച്ചുചേർന്നാലും ഖുർആൻ പോലൊന്ന് സൃഷ്ടിക്കാനാവില്ല. അദ്ഭുതങ്ങൾ കാണിക്കാനല്ല; തന്റെ മതം പ്രചരിപ്പിക്കാനാണ് അല്ലാഹു തന്നെ നിയോഗിച്ചിരിക്കുന്നത്. 'നശ്വരനായൊരു ദൂതനല്ലാതെ മറ്റു വല്ലതുമാണോ ഞാൻ?' അദ്ദേഹം ചോദിക്കും; സ്വയം മറുപടിയും നൽകും. 'മലക്കുകൾ ഭൂമിയിൽ നടന്നിരുന്നെങ്കിൽ, സ്വർഗത്തിൽനിന്ന് ഒരു മലക്കിനെ ദൂതനായി അയക്കുമായിരുന്നില്ലേ? സദ്വാർത്തയും താക്കീതും നൽകുന്നതിനാണ് മുഹമ്മദ്, നാം നിന്നെ അയച്ചിട്ടുള്ളത്' താൻ ആഗ്രഹിക്കുന്നതിലേറെ കഴിവുകൾ തന്നിൽ ആരോപിക്കുന്നവരോടായി അവിടുന്ന് ഖുർആനിൽനിന്നുള്ള ഈ ഭാഗം ഓതിക്കേൾപ്പിക്കും. താനൊന്നാംഗ്യം കാണിച്ചാൽ അല്ലാഹു എല്ലാ ശക്തികളും നൽകുമെന്ന് താനൊരിക്കലും പറഞ്ഞിട്ടില്ല - അദ്ദേഹത്തിനത് സ്പഷ്ടമാണ്. പ്രകൃതിശക്തികൾ തനിക്കറിയാമെന്നോ താനൊരു മാലാഖയാണെന്നോ അദ്ദേഹം അവകാശപ്പെട്ടിട്ടുമില്ല. തന്റെ നാഥനെ പ്രീതിപ്പെടുത്താനല്ലാതെ തനിക്കൊന്നിനും കഴിയില്ലെന്ന് അവിടുന്ന് പേർത്തും പേർത്തും പറഞ്ഞു.

ചിലപ്പോൾ അവർ പറഞ്ഞു: 'ഈന്തപ്പനകളുയർത്തി ഭൂമിയിൽ നിന്ന് ഒരു വസന്തം വിടർത്തുകയോ അരുവികൾ സൃഷ്ടിക്കുകയോ ആകാശം നുറുങ്ങുകളാക്കുകയോ വിണ്ണോളമെത്തുന്ന സ്വർണമന്ദിരം തീർക്കുകയോ അവിടെനിന്ന് നമുക്ക് വായിക്കാനാവുന്ന ഒരു ഗ്രന്ഥം കൊണ്ടുവരുകയോ ചെയ്യാതെ ഞങ്ങൾ നിന്നിൽ വിശ്വസിക്കില്ല.' അത്തരം ദൈവികകൃത്യങ്ങൾ ആവശ്യപ്പെടുന്നവരോട് അദ്ദേഹം സൃഷ്ടിയുടെ മുഴുവൻ കഥ വിവരിക്കും. മനുഷ്യനും മൃഗങ്ങളും രാപ്പകലുകളും വിശാലമായ പ്രപഞ്ചത്തിന്റെ ചലനക്രമങ്ങളും, പൂന്തോട്ടങ്ങളും അരുവികളും ഗിരിനിരകളും സുവർണസന്ധ്യയും, നക്ഷത്രസമൃദ്ധമായ അംബരവും എല്ലാം പരംപൊരുളിന്റെ ഉണ്മയെക്കുറിച്ച് വാചാലമായ ഭാഷയിൽ സംസാരിക്കുന്നുണ്ട്.

# 11

ചിലപ്പോഴൊക്കെ മാനുഷ്യകം തിന്മയുടെ ആവരണമാകുന്നു. അനുയായികളുടെ ആരാധനാപാത്രമായിരുന്നതുകൊണ്ട് മുഹമ്മദ് ദൈവികാംഗീകാരത്തിന്റെ ലഹരിക്കടിപ്പെട്ടുപോയോ? അല്ലെങ്കിൽ, താൻ നശ്വരനാണെന്ന വസ്തുതയെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നുവോ? വിശുദ്ധ ഖുർആൻ അവതരിപ്പിക്കാൻ നിയുക്തനായതുകൊണ്ട് അദ്ദേഹം

മനുഷ്യരിൽനിന്ന് അതീതനായി മാറിയിരുന്നുവോ? അദ്ദേഹം അപ്രമാദിത്വമുള്ളവനായിത്തീർന്നോ? ദൈവികപ്രതിനിധിയായതോടെ മനുഷ്യത്വത്തിന്റെ തലത്തിൽനിന്നദ്ദേഹം അകന്നുപോയോ? പ്രവാചകന് മാനുഷികസ്പർശം നഷ്ടപ്പെട്ടിരുന്നില്ലെന്നതിന് ഒരു ഉദാഹരണം പറയാം. ദൈവികദൗത്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴും അവിടുന്ന് നമ്മിൽ ഒരുവൻ മാത്രമായിരുന്നു.

ഒരു ദിവസം മക്കയിലെ ആഢ്യന്മാരുടെ ഒരു യോഗത്തിൽ തന്റെ നിയോഗത്തെക്കുറിച്ചും ആ ദൂതിന്റെ സവിശേഷതകളെയും ലക്ഷ്യത്തെയും കുറിച്ചും അദ്ദേഹം ഉത്സാഹപൂർവം സംസാരിക്കുകയായിരുന്നു. അപ്പോഴാണ് ഒരന്ധൻ അവിടെ കടന്നുവന്നത്. പ്രവാചകന് രസക്കേട് തോന്നി. അദ്ദേഹത്തിന്റെ നെറ്റി ചുളിഞ്ഞു. അന്ധനെ വേണ്ടവിധം പരിഗണിച്ചില്ല. പ്രവാചകൻ അധ്യാപനം തുടർന്നു.

അതിനിസ്സാരമായ കാര്യം. അവിടുത്തെ നീരസം മനസ്സിലാക്കാവുന്നതേയുള്ളൂ. ദൈവം നീതിമാൻ. പ്രവാചകനു മാത്രമായി യാതൊരു പ്രത്യേക സ്വാതന്ത്ര്യവുമില്ല. ഉടനെത്തന്നെ ദൈവിക ശാസനയുണ്ടായി:- 'അബസ' എന്ന സൂറയിൽ - 'അന്ധൻ സമീപിച്ചപ്പോൾ അദ്ദേഹം മുഖം ചുളിക്കുകയും തിരിഞ്ഞുകളയുകയും ചെയ്തു. താങ്കൾക്കെന്തറിയാം, ഒരുവേള അയാൾ നന്നായിത്തീർന്നേക്കാം.... സ്വയം പോന്നവനായി ചമയുന്നവനാരോ, അവനെ താങ്കൾ ശ്രദ്ധിക്കുന്നു. എന്നാൽ അവൻ നന്നായില്ലെങ്കിൽ താങ്കൾക്കെന്ത്? താങ്കളുടെ അടുക്കൽ ഓടിയെത്തുകയും ഭയപ്പെടുകയും ചെയ്യുന്നവനോട് വൈമുഖ്യം കാട്ടുകയോ?'

പ്രവാചകന്റെ ഹൃദയത്തിൽനിന്നുതന്നെയുള്ള ശബ്ദമായിരുന്നുവോ ഇത്? പശ്ചാത്താപമോ അതിൽ കവിഞ്ഞതോ ആയിരുന്നുവോ? ദുർബലരെയും പാവങ്ങളെയും പ്രവാചകൻ സ്നേഹിക്കുന്നുവെന്ന് എല്ലാവർക്കുമറിയാം. തന്റെ അശ്രദ്ധയിൽ, അനവധാനതയിൽ അദ്ദേഹം ഖേദിച്ചിരിക്കണം. പക്ഷേ, സൂറയിലെ സൂക്തം, പ്രവാചകന്നൊരു ശാസനയെന്നോണമാണ് മുന്നോട്ടുനീങ്ങുന്നത്. അതേസമയം അത് ദൈവികനീതി വ്യക്തമാക്കുന്നതും എല്ലാ കാലത്തേക്കുമുള്ളതുമാണ്. ഈ ദൈവവചനം പ്രഖ്യാപിച്ചതിലൂടെ മുഹമ്മദ് തന്റെ സത്യസന്ധതക്ക് മറ്റൊരു തെളിവുകൂടി നൽകിയിരിക്കയാണ് - അത് തനിക്കെതിരായ ശാശ്വതമായ വിധിയായിരുന്നിട്ടു പോലും. ദൈവേച്ഛക്ക് സാഹ്ലാദം സമർപ്പിക്കപ്പെട്ടതാണ് ആ ജീവിതത്തിന്റെ മുഖ്യസവിശേഷത. ദൈവേച്ഛയിൽ സ്വയം സമർപ്പിക്കുമ്പോൾ പ്രവാചകൻ അനുഭവിച്ചിരുന്ന ആത്മവിസ്മൃതിക്ക് ഉദാഹരണമാണീ സംഭവം.

ഹാശിമികൾ, ശിഅ്ബിൽ തടങ്കലിലാണ്; പ്രവാചകനോടും അവിടുത്തെ അടുത്ത അനുയായികളോടുമൊപ്പം. അങ്ങോട്ടുള്ള വഴികളിലൊക്കെ ശത്രുക്കൾ കണ്ണുംനട്ടിരിക്കുന്നു. രഹസ്യമായി അനുഭാവം പ്രക

ടിപ്പിക്കുന്ന ചിലരില്ലായിരുന്നെങ്കിൽ പട്ടിണിക്ക് ഉപരോധത്തെ അതി ജീവിക്കാനാവുമായിരുന്നുവോ? പുണ്യമാസങ്ങളിൽ മാത്രമാണവർ അൽപം സ്വാതന്ത്ര്യം അനുഭവിച്ചത്.

മക്കയെ അതിന്റെ ദൈവങ്ങളിൽനിന്ന് മോചിപ്പിക്കണേ എന്ന് അബ്സീനിയയിലെ അഭയാർഥികൾ പ്രാർഥിച്ചുകൊണ്ടിരുന്നു. അവരുടെ

പ്രാർഥനയുടെ ഫലമെന്നോണം മക്ക ഇസ്ലാംമതമാശ്ലേഷിച്ചതായി ഒരു വാർത്ത പരന്നു. ഉടനെ മുപ്പത്തിമൂന്ന് അഭയാർഥികൾ അറേബ്യയിലേക്ക് പുറപ്പെട്ടു. കടൽ കടന്നു എത്താറായപ്പോഴാണ് ആ കിംവദന്തി തെറ്റായിരുന്നുവെന്ന് അറിയുന്നത്. മക്ക അപ്പോഴും ബഹുദൈവാരാധകരുടെ കൈയിൽതന്നെ.

അപ്രതീക്ഷിതമായുണ്ടായ ഒരു സംഭവത്തെ തുടർന്ന് തൽക്കാലം തർക്കം നിലക്കുകയായി. ഭ്രഷ്ട്കൽപിച്ചുകൊണ്ടുള്ള വിളംബരമെഴുതിയ ചർമത്തോൽ ചിതൽ തിന്നു. പകയുള്ളവർ പറഞ്ഞു, അത് മുഹമ്മദിന്റെ പണിയാണെന്ന്. എന്നാൽ, അത് ദൈവികദൃഷ്ടാന്തമാണെന്നതിൽ വിശ്വാസികൾക്ക് പൂർണബോധ്യമുണ്ടായിരുന്നു. ഈ പ്രതിഭാസം വ്യാപകമായ പ്രതികരണമാണുളവാക്കിയത്. മുഹമ്മദ് അബൂത്വാലിബിനോട് പറഞ്ഞു: 'മൂത്താപ്പാ, ഖുറൈശികളുടെ വിധിയിന്മേൽ അല്ലാഹു ചിതലിന്നു വിജയം നേടിക്കൊടുത്തു. അതിലുണ്ടായിരുന്ന എല്ലാ അനീതിയും അക്രമവും ചിതൽ തിന്നുതീർത്തു. അല്ലാഹുവിന്റെ നാമം മാത്രം അവ ബഹുമാനിച്ചു.'

അബൂത്വാലിബ് ഖുറൈശിനേതാക്കളെ കണ്ടു സംസാരിച്ചു: 'മുഹമ്മദ് പറയുന്നത് സത്യമാണെങ്കിൽ ഞങ്ങളുടെ ഗോത്രത്തിന്റെ മേൽനിന്നു നിങ്ങൾ പകയുടെ വാളെടുക്കണം; വിദ്വേഷാഗ്നി കെടുത്തുകയും ചെയ്യണം. എന്നാൽ അവൻ കള്ളമാണ് പറഞ്ഞതെങ്കിൽ, ഞാനവനെ നിങ്ങൾക്ക് പിടിച്ചുകൊണ്ടുവന്നു തരും - നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യാം.' ഖുറൈശിനേതാക്കൾ അതു സ്വീകരിച്ചു. അവർ അത്യാകാംക്ഷയോടെ കഅ്ബയിലെത്തി. ഒരു വലിയ ആൾക്കൂട്ടം അവിടെ തടിച്ചുകൂടിയിരുന്നു. എല്ലാം മുഹമ്മദ് പറഞ്ഞതുപോലെത്തന്നെ; അല്ലാഹുവിന്റെ പേരൊഴികെ മറ്റെല്ലാം ചിതൽ തിന്നിരിക്കുന്നു. അബൂത്വാലിബ് സന്തുഷ്ടനായി. നിരോധകൽപന റദ്ദാക്കപ്പെട്ടു. ഹാശിം ഗോത്രക്കാരെ അവരുടെ ബന്ധുക്കളും സ്നേഹിതരും താഴ്വരയിൽനിന്ന് വീടുകളിലേക്ക് സഹർഷം എതിരേറ്റു. പ്രവാചകനും അനുയായികളും തമ്മിലുള്ള ആക

സ്മികസംഗമം അതിരറ്റ ആഹ്ലാദത്തിനു വക നൽകി.

ആയുഷ്കാലം മുഴുവൻ ചൈതന്യം പരത്തിയിരുന്ന അബൂത്വാലിബ് പെട്ടെന്ന് രോഗഗ്രസ്തനായതിനാൽ ഹാശിം ഗോത്രക്കാരുടെ ആനന്ദം നീണ്ടുനിന്നില്ല. അദ്ദേഹം മരണവക്ത്രത്തിലാണെന്ന് അവർക്കറിയാമായിരുന്നു. അദ്ദേഹം ഒരു മുസൽമാനല്ലെങ്കിലും പ്രവാചകന്റെ വളർത്തുപിതാവാണ്; പ്രവാചകത്വത്തിന് അഭയം നൽകിയ ആളാണ്; അദ്ദേഹത്തെ ഓർത്തിട്ടാണ് ഖുറൈശികൾ മുഹമ്മദിനെ അവഹേളിക്കാതിരുന്നത്, തങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കാൻ ആയുധമേന്താതിരുന്നത്. മുഹമ്മദിനാവട്ടെ, അബൂത്വാലിബിനോട് പിതാവോടെന്നതിനേക്കാൾ അടുപ്പമുണ്ടായിരുന്നു. അദ്ദേഹത്തെ തന്റെ ദൗത്യം ബോധ്യപ്പെടുത്താനോ ബഹുദൈവവിശ്വാസത്തിൽനിന്ന് പിന്തിരിപ്പിക്കാനോ പ്രവാചകന്നായില്ല. പക്ഷേ, ആ കാരണവരുടെ ദൃഷ്ടിയിൽ അദ്ദേഹം പതിതനായിരുന്നില്ല; മുഹമ്മദിന്റെ സ്വഭാവശുദ്ധിയെക്കുറിച്ച് അബൂത്വാലിബിനും ബന്ധുക്കൾക്കും ഉത്തമ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾ വിലയിരുത്താനും സ്വഭാവം അപഗ്രഥിക്കാനും നന്നായി അവർക്ക് കഴിഞ്ഞിരുന്നു. പലപ്പോഴും അദ്ദേഹം സ്വാഭിപ്രായമുള്ളവനാണെന്നും ചില സ്വപ്നപ്രശ്നങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അതിശയോക്തിപരമാണെന്നുമുള്ള ആക്ഷേപമൊഴിച്ചുനിർത്തിയാൽ അവിടുത്തെ സത്യസന്ധതയെയും ആത്മാർഥതയെയും ആരുടെയും ശ്രദ്ധയിൽപെടാതെ ഒഴിഞ്ഞുമാറുന്ന പ്രകൃതത്തെയും കുറിച്ച് അവർക്ക് വലിയ മതിപ്പാണ്. അതുകൊണ്ടുതന്നെ അന്ത്യനാളുകളിൽ മുഹമ്മദ് ഇസ്ലാമിലേക്ക് തന്നെ ക്ഷണിച്ചപ്പോൾ അബൂത്വാലിബിന് ആശ്ചര്യമോ ധിക്കാരമായോ തോന്നിയില്ല. പ്രവാചകന്നുനേരെ നോക്കി ആ വയോധികൻ വാത്സല്യപൂർവം മന്ദഹസിക്കുകമാത്രം ചെയ്തു. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനായിരിക്കാം; പക്ഷേ, അബൂത്വാലിബിനെ സംബന്ധിച്ചേടത്തോളം തന്റെ മടിയിലും ചുമലിലും കളിച്ചുവളർന്ന അരുമക്കുഞ്ഞാണ് – അബ്ദുല്ലയുടെ മകൻ.

'മുഹമ്മദ്,' അദ്ദേഹം പറഞ്ഞു: 'നിന്റെ ആഗ്രഹം നിറവേറ്റിയാൽ കൊള്ളാമെന്നുണ്ടെനിക്ക്. എന്നാൽ മരണഭയംകൊണ്ടു മാത്രമാണ് ഞാൻ മുസൽമാനായതെന്ന് ഖുറൈശികൾ കരുതാനിടയാകരുതെന്നുമുണ്ട്.' അബൂത്വാലിബ് ചുണ്ടുകൾ പൂട്ടി; താടി കോട്ടി. മുഹമ്മദിന്റെ സ്വഭാവശക്തിയുടെ മറ്റൊരുദാഹരണമാണീ സംഭവം.

അങ്ങനെ, എൺപതു കഴിഞ്ഞ അബൂത്വാലിബ് മരണമടഞ്ഞു. പക്വമായ പാണ്ഡിത്യവും പ്രശസ്തമായ നിഷ്കളങ്കത്വവും ദൃഢചിത്തതയും കാരുണ്യവും ധീരതയും നിറഞ്ഞ ആ നല്ല മനുഷ്യന്റെ വേർപാട് വിശ്വാസികളെയും അവിശ്വാസികളെയും ഒരുപോലെ വേദനിപ്പിച്ചു. ബുദ്ധികൂർമതയും നിരീക്ഷണപടുത്വവും രാജ്യസ്നേഹവും നിഷ്പക്ഷതയും രണ്ട്

തലമുറകളിലെ മക്കാനിവാസികളുടെ സ്നേഹവിശ്വാസങ്ങൾ അദ്ദേഹത്തിനു നേടിക്കൊടുത്തിരുന്നു. പിതാവായ അബ്ദുൽ മുത്ത്വലിബിന്റെ തികഞ്ഞ പിൻഗാമിയായി പൈതൃകസ്ഥാനമണിഞ്ഞു അദ്ദേഹം.

പ്രവാചകനെ സംബന്ധിച്ചേടത്തോളം, അദ്ദേഹത്തിന്റെ വിയോഗം ഒരു കാരണവരുടെ നഷ്ടത്തിലേറെയാണ്. ഖുറൈശികൾക്കും അവരുടെ ആസൂത്രണങ്ങൾക്കുമിടയിൽ അഭേദ്യമായൊരു കോട്ടയായി അദ്ദേഹം നിലകൊണ്ടു. അബൂത്വാലിബ് ജീവിച്ചിരുന്നപ്പോൾ തന്റെയും ആത്മസുഹൃത്തുക്കളുടെയും സുരക്ഷിതത്വത്തെക്കുറിച്ച് പ്രവാചകന്നു ഏറെ വേവലാതിപ്പെടാനുണ്ടായിരുന്നില്ല. അദ്ദേഹം രംഗത്തുനിന്ന് പിൻവാങ്ങിയതോടെ, തന്റെ ദൗത്യത്തിന്റെ ഭാവി ഇരുണ്ടുവരുന്നതായി പ്രവാചകന്നു കാണാൻ കഴിഞ്ഞു.

# 12

അബൂത്വാലിബിന്റെ നഷ്ടം മുഹമ്മദിന്റെ ഹൃദയഭാരമേറ്റി. കഴിഞ്ഞ യാഴ്ചവരെ ആ വന്ദ്യവയോധികൻ ജീവനോടെയുണ്ടായിരുന്നു. പോയ കാലത്തെക്കുറിച്ച് സംസാരിക്കുമ്പോഴും ഭാവിയെക്കുറിച്ച് അദ്ദേഹത്തിന് ശുഭാപ്തിയുണ്ടായിരുന്നു. ഇന്നദ്ദേഹം ചുട്ടുപഴുത്ത മണലിനടിയിലാണ്.

ആ വർഷം തന്നെ വീണ്ടും കനപ്പെട്ട ദുഃഖങ്ങളുണ്ടായി. അബൂത്വാലിബിന്റെ പിന്നാലെ, ഖദീജയും ജീവിതാന്ത്യത്തോടടുത്തു. താനും പോവുകയാണെന്ന് തന്റെ പ്രേയസി പറയുമ്പോൾ ഹൃദയത്തിലാരോ കഠാര കുത്തിയിറക്കുന്നതായി മുഹമ്മദിനു തോന്നും.

പുറത്ത്, മുറ്റത്ത് അലിയും അബൂബക്റും ഉത്കണ്ഠാപൂർവം എന്തോ സംസാരിക്കുന്നു. പ്രിയ ഖദീജ മരിക്കുകയാണ്. ഫാത്വിമ ആകെ തകർന്ന നിലയിലാണ്. ഇനി എണ്ണപ്പെട്ട നിമിഷങ്ങളേ ഉള്ളൂവെന്ന് മുഹമ്മദിനറിയാം. ഖദീജയൊത്തുള്ള ജീവിതം ഇതാ അവസാനിക്കാറായി. അദ്ദേഹം നിദ്രാവിഹീനനായി പരിചരിച്ചു. നക്ഷത്രസമൃദ്ധമായ വിശാലാംബരത്തിന് താഴെ സൗമ്യമായ രാത്രിയായിരുന്നു അത്. ആത്മാവ് അതിന്റെ നിസ്സാരത അറിയുകയായി. ശശികലയുടെ പ്രതിഫലനം, കടലിൽ വെള്ളിയിതളുകളുതിർത്തു. സ്വന്തം ഹൃദയവികാരത്തിന്റെ പ്രതിധ്വനിയെന്നോണം മന്ദാനിലൻ സൗമ്യമായി വീശി. ഇത്തരം ദൃശ്യങ്ങളിൽ പ്രവാചകൻ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ആഹ്ലാദമറിഞ്ഞിരുന്നു. അത് അദ്ദേഹത്തെ ഓർമകളിലേക്ക് തിരിച്ചുകൊണ്ടുപോകും. താരുണ്യം നിറഞ്ഞ ആദ്യനാളുകൾ. പ്രിയങ്കരിയായ ഖദീജയുമൊത്ത് ജീവിതനൗക തുഴഞ്ഞു തുടങ്ങിയ ആ കാലം, ഭാവിയിലെ വിഷമം പിടിച്ച നാളുകളെക്കുറിച്ചൊന്നും അന്നാലോചിച്ചില്ല. കുട്ടികളുടെ ജനനം, പരസ്പരവിശ്വാസം ഊട്ടിയുറപ്പിച്ച ദിവസങ്ങൾ. സ്നേഹമസൃണമായ സംഭാ

ഷണങ്ങൾ- ഇരുവർക്കും എന്തെല്ലാം ഓർക്കാനുണ്ട്! തങ്ങളൊന്നിച്ച് കൈകോർത്ത് നടന്നുപോയ പാതകൾ, ഇടക്കുണ്ടായ പ്രതിബന്ധങ്ങൾ, ഓടിപ്പിന്നിട്ട ആപത്തുകൾ- എല്ലാം മുഹമ്മദ് ഓർത്തു. ഇപ്പോഴും അവരുടെ കൈകൾ, തന്റെ കരങ്ങളിലുണ്ട്. അവയിൽ കാലം ചുളിവുകളേൽപിച്ചിരിക്കുന്നു. എങ്കിലും അവ മൃദുലമാണ്; ഊഷ്മളമാണ്. അദ്ദേഹം അവരുടെ കണ്ണുകളിലേക്ക് നോക്കി. അദ്ദേഹത്തിന്റെ നേത്രങ്ങൾ തനിക്ക് പറയാനുള്ളതെല്ലാം തന്റെ പ്രേയസിയോട് പറഞ്ഞു; തന്റെ നൊമ്പരം മുഴുവൻ.

കൺപോളകൾ അടഞ്ഞുപോകുംപോലെ തോന്നി, ഖദീജക്ക്. അവരുടെ മനസ്സ് വിസ്മയാവസ്ഥയിലാണ്. തന്റെ മുഹമ്മദ് ശക്തമായ ഒരു സൈന്യവുമായി മക്കയിലേക്ക് പ്രവേശിക്കുന്നത് അവർ സ്വപ്നം കണ്ടു. വാദ്യസംഗീതത്തിന്റെ വീചികളുയർന്നു കേട്ടു. എത്ര ആഹ്ലാദത്തോടെയാണ്, ആവേശത്തോടെയാണ് അദ്ദേഹം നടക്കുന്നത്. അവിടുന്ന് വരുന്നതു കാണാൻ വാതിൽക്കൽ തന്നെ നിൽപുണ്ട് ഖദീജ. ഇളംതെന്നൽ അവരുടെ തലമുടി തഴുകിക്കടന്നു പോയി. ഒരായിരം കണ്ഠങ്ങൾ ശബ്ദിച്ചു. അല്ലാഹു അക്ബർ.

നിത്യശാന്തി പൂകുകയായി.

**മൂന്ന്**

# അഭയാർഥി

**മൃ**ഗതൃഷ്ണകളുടെ പിന്നാലെ, ഭ്രമകൽപനകളാൽ വേട്ടയാടപ്പെട്ട് ജീവിതം ചക്രവാളവീഥിയിലേക്ക് പായുകയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ പ്രവചിച്ചതുപോലെ മാനവഹൃദയത്തിന്റെ തിരിച്ചറിയപ്പെടാത്ത പ്രത്യാശയായി ദിവ്യപുരുഷൻ വരുന്നു. ശ്രദ്ധാപൂർവം ചരിത്രം പരിശോധിച്ചാൽ ഇത്തരമൊരു വ്യക്തിയെ കണ്ടെത്താൻ നമുക്കാവില്ല. അപ്പോളോയുടെ രൂപവും അദ്ഭുത പ്രതിഭയുമുള്ളവരെ കണ്ടെത്താനായേക്കും. നല്ലവരെയും പ്രഗത്ഭരെയും കണ്ടെത്താനായേക്കും. പക്ഷേ, ഈ മഹദ്ഗുണങ്ങളെല്ലാം ഒരൊറ്റ വ്യക്തിയിൽ ഏകോപിക്കുന്നത് കാണാൻ ശ്രമിച്ചാൽ നിഷ്ഫലമായിരിക്കും. ഗലീലിയിലെ ഒരു സാധാരണ മതപ്രബോധകന്റെ മരണത്തെക്കുറിച്ചുള്ള പരമ്പരാഗത വിവരണങ്ങൾക്ക് ചുറ്റും വളർന്ന ഐതിഹാസിക പരിവേഷത്താൽ ചരിത്രം ഗതിമാറി സഞ്ചരിച്ചിട്ടുണ്ട്. മനസ്സിന് ഐന്ദ്രിയവികാരങ്ങളുടെ മേൽ വിജയം വരിക്കാനാവണമെങ്കിൽ രാജാവിനെയും സൈനികനെയും ന്യായാധിപനെയും അതിജയിക്കുന്ന ഒരു സ്വഭാവശക്തി ഉണ്ടാവണം. അത് ജന്തുപരവും ധാതുപ്രകൃതവുമായ വസന്തത്തിന്റെയും നദികളുടെയും കാറ്റിന്റെയും താരങ്ങളുടെയും

പ്രകൃതിയിലെ അനശ്വരശക്തികളുടെയുമടക്കം എല്ലാ അനുഗ്രഹങ്ങളുടെയും സങ്കലനമായിരിക്കണം. ഈ മാതൃകാപുരുഷന്റെ സങ്കൽപത്തോട് അടുത്തുനിൽക്കുന്നത് മുഹമ്മദാണ്; മരുഭൂമിയിലെ പ്രവാചകൻ.

പുരോഗമനോന്മുഖമായ മനസ്സ് ആവർത്തനത്തെ വെറുക്കുന്നു. തികച്ചും നവീനവും സാകല്യാവസ്ഥയിൽ മികച്ചതുമായ ഒന്നിനു രൂപം നൽകാൻ അത് എല്ലാ വിധത്തിലും ശ്രമിക്കുന്നു. പ്രകൃതിയെ താൻ കാണുന്നതുപോലെ, അതെന്തായിരിക്കണമെന്നു താൻ ആഗ്രഹിക്കുന്നതുപോലെ കാൻവാസിലേക്ക് പകർത്താനാണ് ചിത്രകാരൻ ശ്രമിക്കുന്നത്. അൽപം ഇരുണ്ടാൽ വിഷാദാത്മകതയായി. പ്രകാശത്തിനുമേൽ നിഴൽ വീണാൽ അസ്തമയമായി. അയാളുടെ ഹൃദയം ചായങ്ങളുമായിട്ടാണ് കൂടിക്കലരുന്നത്. തന്റെ കാലത്ത്, ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന പ്രതീകങ്ങളത്രെ അയാൾ ആവിഷ്കരിക്കുന്നത്. ഒരാൾക്കും ചുറ്റുപാടിൽനിന്ന് പൂർണമായും തന്നെ വിടർത്തിമാറ്റി, സമകാല സാംസ്കാരിക ചൈതന്യത്തിന് തീർത്തും അന്യമായ ഒരു സംഹിത രൂപപ്പെടുത്താനാവില്ല. അദ്ദേഹം മൗലികതയുള്ളയാളാണെങ്കിൽ, ഇച്ഛാശക്തിയോ ഭാവനാശക്തിയോ ഉള്ളയാളാണെങ്കിൽ, താൻ ശ്വസിക്കുന്ന അന്തരീക്ഷത്തിൽനിന്ന് മണ്ണിൽനിന്ന്, താൻ വളർന്നുവന്ന ധിഷണാസാഹചര്യത്തിൽനിന്ന്, നവീനമായ പലതും പിടിച്ചെടുക്കും. എന്നാൽ, ഭാവനയുടെ മഹിമ കെട്ടിക്കിടക്കുന്നതിലല്ല, പ്രവാഹശക്തിയിലാണ്. ചിത്രകാരന് നിയമങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല. അയാളുടെ ചുമപ്പും പച്ചയും നീലയും മഞ്ഞയും പരസ്പരം ഇടകലരുന്നു. അവയോരോന്നിനും അർഥമുണ്ട്. അവ ചില ആശയങ്ങളെ വഹിക്കുന്നുണ്ട്. പഴയ ചായംകൊണ്ടു തന്നെ അയാൾ വസ്തുക്കൾക്ക് തനിക്കിഷ്ടമുള്ള രൂപം നൽകുന്നു; അവ വിചാരങ്ങളുടെ വ്യാഖ്യാനങ്ങളത്രെ. അതോടെ ഭൂമിയിൽ സത്യം ജനിക്കുകയായി. ചിന്തയുടെയും പ്രകൃതിയുടെയും സംഗമത്തിൽനിന്നു പിറന്ന സൃഷ്ടി ആ പഴയ അനശ്വരാത്മാവിന്റെ ശിശു. പരിമാണാതീതമായ പ്രപഞ്ചത്തിന്റെ ഒരു തുണ്ട്. അത് അദ്ഭുതമായിരിക്കാം; വെളിപാടായിരിക്കാം. അങ്ങനെ സംഭവിക്കുക പതിവല്ല. അന്വേഷിക്കുന്നവൻ എല്ലായ്പ്പോഴും വിസ്മയം കൊണ്ട് മൂഢനായിപ്പോകുന്നു. പിറക്കാനിരിക്കുന്ന തലമുറകൾക്ക് പകർന്നുകൊടുക്കുന്നതാണത്. അത് എല്ലാറ്റിന്റെയും പൈതൃകമുൾക്കൊള്ളുന്നു.

ഒരു പദവിന്യാസാദ്ഭുതമായി, ഓരോ സൂറയായി ഖുർആൻ വികസിച്ചുകൊണ്ടിരുന്നു; സത്യവെളിപാട്. ഇതിനു മുമ്പ് വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരുടെയും തുടർച്ചയായി അന്ത്യപ്രവാചകനെ അത് കണ്ടെത്തുന്നു. സ്നേഹം, കാരുണ്യം, സഹിഷ്ണുത, ധാരണ തുടങ്ങിയ തത്ത്വങ്ങളുടെ ഒരു പുതുവസന്തം വിടരുന്നു. ഗോത്രദൈവങ്ങളിലധിഷ്ഠിതമായ ഗോത്രസാഹസികത്വത്തെ തുടച്ചുമാറ്റി പ്രപഞ്ചസ്രഷ്ടാവും പരി

പാലകനുമായ ഏകദൈവത്തെ, റബ്ബുൽ ആലമീനെ അത് പ്രതിഷ്ഠി ക്കുന്നു. പ്രപഞ്ചത്തിന്റെ മഹാശിൽപി എന്ന സങ്കൽപം എല്ലാ കാലത്തേ ക്കുമായിട്ടുള്ളതാണ്; അതിനു പരമമായ സ്ഥാനം നൽകപ്പെട്ടു. ദൂരം, കാലം, പ്രദേശം, വർഗം എല്ലാം അപ്രസക്തമെന്നു വന്നു. ഇസ്‌ലാമിന്റെ ദൈവം എല്ലാവരുടെയും ദൈവമാണ്. അവൻ ഗോത്രക്കാരുടെ കുട്ടിദൈ വമല്ല. അവന് ആരോടും പക്ഷഭേദമില്ല. ഒരു വിലക്ഷണതയുമില്ല. ആരെയും തെരഞ്ഞെടുക്കപ്പെട്ട ജനതയായി മുദ്രകുത്തിയിട്ടില്ല. അവന് വാസ്തുശിൽപത്തിലോ ഭാഷയിലോ താൽപര്യമില്ല. അവന് ചന്ദനത്തി രിയുടെ സുഗന്ധത്തോട് ആഭിമുഖ്യമോ ദരിദ്രരോട് നീരസമോ ഇല്ല. പിന്നെയെന്താണ് അവന്റെ മുഖദർശനത്തിനുള്ള വഴി? കാരുണ്യവും സഹാനുഭൂതിയുമാണവന്റെ പ്രധാന സ്വഭാവങ്ങൾ.

ഖുർആനിക സൂക്തങ്ങൾ തീവ്രവും കത്തിജ്ജ്വലിക്കുന്നതുമാണ്: “നിന്റെ ദൈവം അല്ലാഹു ആകുന്നു; അവനല്ലാതെ മറ്റൊരു ദൈവമില്ല. എല്ലാ ചരാചരങ്ങളും നിലനിൽക്കുന്നത് അവൻ നിമിത്തമാണ്. ആക യാൽ അവന്റെ അധികാരത്തിന് കീഴ്പ്പെട്ട് അവനെ വണങ്ങുക. തന്റെ സൃഷ്ടികളിൽ അവൻ അനുഗ്രഹം വർഷിക്കുന്നു. അവൻ എല്ലാം കാ ണുന്നു; പക്ഷേ, ആരും അവനെ കാണുന്നില്ല. അവന്റെ ജ്ഞാനനന്മക ളുടെ വൈപുല്യം എല്ലാ സമഗ്രതക്കുമപ്പുറത്താണ്. ഈ പ്രപഞ്ചത്തെ വിസ്മയകരമായ രീതിയിൽ സൃഷ്ടിച്ചവനാണവൻ. പുലരിയും രാത്രിയും സൃഷ്ടിച്ചതും അവനാണ്. ദിവസങ്ങൾ കണക്കാക്കാൻ അവൻ സൂര്യച ന്ദ്രന്മാരെ സൃഷ്ടിച്ചു. നിങ്ങൾക്ക് വഴികാട്ടാൻ താരങ്ങളെ സൃഷ്ടിച്ചു. അവൻ നിങ്ങൾക്ക് മഴമേഘങ്ങളെ നൽകി. ഈന്തപ്പനകളിൽ കായ്കളു ണ്ടാക്കുന്നു. വിസ്മയാവഹമായി സ്വർഗഭൂമികൾ രചിച്ചത് അവനാണ്.” ഒരു സൂക്തമല്ല; ഒരായിരം സൂക്തങ്ങളുണ്ട്- അവന്റെ സർവാതിശായി യായ പരിശുദ്ധിയെക്കുറിച്ച്, അവന്റെ കാരുണ്യത്തെക്കുറിച്ച്. സ്രഷ്ടാവും സംഹാരകനും സംരക്ഷകനുമായ, അശരണരുടെ അഭയകേന്ദ്രമായ ദൈവം. നിരാശക്ക് പ്രത്യാശ നൽകുന്ന, നന്മക്ക് പ്രതിഫലം നൽകുന്ന, തിൻമ ചെയ്യുന്നവരെ ശിക്ഷിക്കുന്ന ദൈവം, അവൻ അപ്രതിരോധ്യനത്രേ; അജ്ഞേയൻ. ജീവചൈതന്യത്തിന്റെ മുഴുവൻ പ്രഭവകേന്ദ്രമായ ആ ദൈവം അമേയനാണ്. പരംപൊരുളാണ്.

വിശുദ്ധ ഖുർആൻ വികസിക്കുന്നത് സർവശക്തന്റെ പ്രകീർത്തന സംക്ഷേപമായി മാത്രമല്ല. ജീവിതത്തിന്റെ ദുർഗമപാതകളിൽ ഒരാൾക്ക് മറ്റൊരാൾ ദീപശിഖയായിത്തീരുന്ന സാന്മാർഗിക നിയമങ്ങളുടെ സംഹിതകൂടിയായിട്ടാണത്.

എല്ലാം നല്ലനിലയിൽ ചെയ്യുക; വിഡ്ഢിത്തം ഒഴിവാക്കുക, തിന്മയി ലേക്കുള്ള ചെകുത്താന്റെ പ്രലോഭനങ്ങളിൽ കുടുങ്ങാതിരിക്കുക; അനാ ഥരുടെ സ്വത്ത് മോഹിക്കാതിരിക്കുക; ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ കുഞ്ഞു

ങ്ങളെ കൊല്ലാതിരിക്കുക; നിങ്ങൾക്ക് ജന്മം നൽകിയ ഗർഭപാത്രത്തെ മാനിക്കുക; മായവും കൃത്രിമവും കാണിക്കാതിരിക്കുക, കാമാസക്തിയിൽനിന്ന് കണ്ണുകൾ പിന്തിരിക്കുക; ആഭരണങ്ങൾ പ്രദർശിപ്പിച്ചു നടക്കാൻ സ്ത്രീകളെ അനുവദിക്കാതിരിക്കുക; പൊങ്ങച്ചം കാണിക്കാതിരിക്കുക; ധർമം കൊടുക്കുക; നമസ്കരിക്കുക; ദയ കാണിക്കുക; മാതാപിതാക്കളോട് ആദരം പ്രകടിപ്പിക്കുക; പരസ്യമായിട്ടായാലും രഹസ്യമായിട്ടായാലും പാപം ചെയ്യാതിരിക്കുക; അനീതിയും അക്രമവും കാട്ടാതിരിക്കുക; അല്ലാഹുവിനോട് പൊറുക്കലിനെ തേടുക; അവനു നേരെ മുഖം തിരിക്കുക; എന്തുകൊണ്ടെന്നാൽ അവൻ കരുണാവാരിധിയും സ്നേഹനിധിയുമാണ്. ഏകാന്തതയിലും സ്വകാര്യതയിലും ദൈവത്തെ സ്മരിക്കുക- ഖുർആന്റെ അധ്യാപനങ്ങളിൽ ചിലതിന്റെ സാരമാണിവ.

പ്രാർഥനയുടെ അനന്തസാധ്യതകൾ ഒരിക്കലും പരാമർശിക്കപ്പെടാതെ പോയിട്ടില്ല: “വിശുദ്ധ ഗ്രന്ഥത്തിൽ നിങ്ങൾക്ക് നാം വെളിപ്പെടുത്തിത്തന്നത് വായിക്കുകയും പ്രാർഥനാനിരതരാവുകയും ചെയ്യുക. പ്രാർഥന മനുഷ്യരെ മാർഗച്യുതിയിൽനിന്നും തെറ്റുകളിൽനിന്നും അകറ്റുന്നു. ദൈവസ്മരണയാണ് ഏറ്റവും വലിയ സത്കൃത്യം.”

സുദീർഘവും ഗംഭീരവും സങ്കീർണവുമായ നിർദേശങ്ങളൊന്നും വിധിച്ചിട്ടില്ല. പുതിയ മതത്തിൽ ലാളിത്യമാണ് പ്രാർഥനയുടെ മുഖമുദ്ര. ഭക്തന്റെ ഹൃദയവിമലീകരണവും ആത്മീയോന്നതിയും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണത്. പ്രവാചകൻ ഒരു പ്രത്യേക പദവിയും ആഗ്രഹിക്കുന്നില്ല. പൗരോഹിത്യം സൃഷ്ടിക്കുന്നില്ല. ആധ്യാത്മിക ജ്ഞാനത്തിന്റെ കുത്തക തനിക്കാണെന്നവകാശപ്പെടുന്നില്ല. ദൈവത്തിനും മനുഷ്യനുമിടക്ക് മാധ്യസ്ഥ്യത്തിനായി സഭകൾ സ്ഥാപിക്കുന്നില്ല. ഓരോരുത്തരും ദൈവത്തിനു മുമ്പിൽ അവനവന്റെ പുരോഹിതൻ. മനുഷ്യവർഗത്തിലൊരുവനും, ജന്മം കൊണ്ട് മറ്റൊരുത്തനേക്കാൾ നല്ലവനോ നീചനോ അല്ല. ദൈവവും അവന്റെ സൃഷ്ടിയും തമ്മിൽ നേരിട്ടാണ് ആശയവിനിമയം. ബലിയോ അനുഷ്ഠാനമോ മന്ത്രമോ യാന്ത്രികോപാധികളോ ഇല്ല. സുഗന്ധദ്രവ്യങ്ങളോ ക്ഷേത്രമോ അൾത്താരയോ ദൈവ സാമീപ്യം നേടാൻ ഭക്തന്നനിവാര്യമില്ല. മണലാരണ്യത്തിലെ മണലിലോ കല്ലിലോ ഒഴുകുന്ന അരുവിയുടെ കരയിലോ മരത്തണലിലോ അല്ലാഹുവിന്റെ ഭൂമിയിൽ, അവന്റെ ആകാശത്തിനു ചുവടെ എവിടെയായിരുന്നാലും അവിടം മുഹമ്മദ് പ്രബോധനം ചെയ്ത മതത്തിനു -ഇസ്‌ലാമിന്- ദേവാലയമാണ്. പക്ഷേ, അത്തരമൊരു ദേവാലയം ഖുറൈശികൾ നിരാകരിച്ചു; പീഡനങ്ങൾ തുടരുകയും ചെയ്തു.

# 2

പ്രവാചകത്വത്തിന്റെ പത്താം വർഷം. അവിടുത്തെ ഭാഗധേയത്തിൽ മാറ്റത്തിന്റെ സൂചനയൊന്നുമില്ല. അനുയായികൾ ചിതറിപ്പോയി. ചിലർ അബ്സീനിയൻ രാജാവിന്റെ സ്നേഹോദാരമായ സംരക്ഷണത്തിൽ അഭയം തേടി. ആത്മരക്ഷാർഥം ചിലർ മക്ക വിട്ടു. അജ്ഞാതമായ എവിടേക്കെല്ലാമോ പോയി. അബൂത്വാലിബും ഖദീജയും യാത്രപറഞ്ഞു പിരിഞ്ഞു. ഖുറൈശികളുടെ വിദ്വേഷം എന്നത്തെയുംകാൾ രൂക്ഷമായിത്തീർന്നു. രക്തബന്ധം പോലും അവർ മറന്നു. കഅ്ബയിലെ ദൈവങ്ങൾ, ഏകദൈവവുമായി യുദ്ധത്തിലാണ്. മനുഷ്യൻ അവന്റെ വിധിയുമായി ഒരു സന്ധിയിലേർപ്പെടേണ്ടതായുണ്ട്.

ഈ പ്രതികൂല സാഹചര്യത്തിൽ മുഹമ്മദിന് മനഃസ്ഥൈര്യം നഷ്ടപ്പെട്ടുവോ? നിരാശയിലാണ്ട അദ്ദേഹം 'എന്നെ കൈവിട്ടതെന്തേ' എന്ന് തന്റെ ദൈവത്തോട് ചോദിച്ചുവോ? തന്റെ ദൗത്യത്തിൽ അദ്ദേഹത്തിന് ആത്മവിശ്വാസം ഇല്ലാതായിത്തീർന്നോ?

സുദൃഢമായ വിശ്വാസം സ്പഷ്ടമായ സ്വരത്തിൽ അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്: ''നിശ്ചയമായും അല്ലാഹുവിന്റെ മിത്രങ്ങൾക്ക് ഭയമോ ദുഃഖമോ ഇല്ല.'' എതിർപ്പുകൾ എത്രമാത്രം ശക്തമായിരുന്നാലും വീക്ഷണം എത്രമാത്രം വിഷാദാത്മകമായിരുന്നാലും മുഹമ്മദിനറിയാം; വിജയം കൈവരാതിരിക്കില്ലെന്ന്. അല്ലാഹുവിന് വേണ്ടിയുള്ള യുദ്ധമാണിത്. അല്ലാഹുവാകട്ടെ അജയ്യനുമാണ്. ഇക്കാലത്തെ മുസ്ലിംകൾക്ക്, തനിക്കുപോലും ചിലപ്പോൾ വിജയിക്കാൻ കഴിയാതെ പോയേക്കാം. എന്നാൽ, ഇസ്ലാം വിജയിച്ചേ തീരൂ. "അവിശ്വാസികൾക്കും ബഹുദൈവാരാധകർക്കും നരകമല്ലാതെ മറ്റൊന്നുമില്ല" എന്നതിൽ അദ്ദേഹത്തിനു തീവ്രവും ദൃഢതരവുമായ വിശ്വാസമുണ്ട്.

"അവിശ്വാസികളേ, കേട്ടാലും"- അദ്ദേഹം പറയുന്നു: "നിങ്ങളാരാധിക്കുന്നതിനെ ഞാനും, ഞാൻ ആരാധിക്കുന്നവനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങളാരാധിക്കാൻ പോകുന്നതിനെയും ഞാൻ ആരാധിക്കുകയില്ല. ഞാൻ ആരാധിക്കാൻ പോകുന്നതിനെ നിങ്ങളും ആരാധിക്കുകയില്ലല്ലോ. എനിക്ക് എന്റേതായ പ്രതിഫലം ലഭിക്കും. നിങ്ങൾക്ക് നിങ്ങളുടേതായ പ്രതിഫലവും".

നിരന്തരമായ കഠിനാധ്വാനത്തിനുള്ള അഭിരുചിയിലാണ് പ്രതിഭയെങ്കിൽ പ്രവാചകൻ അങ്ങേയറ്റത്തെ പ്രതിഭാശാലിയാണ്. നിരുത്സാഹപ്പെടുത്തൽ എത്ര വലുതായിരുന്നാലും ഉദ്യമം എത്ര ദുഷ്കരമായിരുന്നാലും പോരാട്ടം എത്ര നീണ്ടുനിന്നാലും തന്റെ ദൗത്യത്തിൽനിന്ന് അണുപോലും പിന്തിരിയാതെ മുഹമ്മദ് അത്യുത്സാഹത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കും. അല്ലാഹുവിൽ അവിടുത്തേക്കുള്ള വിശ്വാസം അചഞ്ചലമത്രെ. സൂര്യകിരണങ്ങളിലും ക്ഷണികമായ മേഘപാളികളിലും

നൈമിഷികമായ ചിന്തകളിലുമെല്ലാം തന്നെ സർവശക്തന്റെ സ്പഷ്ട മായ സാന്നിധ്യമാണദ്ദേഹം കണ്ടത്. പർവതശൃംഗങ്ങൾ സത്യത്തിലേക്കുള്ള ചൂണ്ടുവിരലുകളാണദ്ദേഹത്തിന്. മരണമോ കഷ്ടപ്പാടുകളോ പരാജയമോ പ്രാപഞ്ചികമായ ഒന്നും തന്നെ അദ്ദേഹത്തെ ഭയപ്പെടുത്തുന്നില്ല. അന്ത്യനാളിൽ എല്ലാ കർമങ്ങളും ചോദിക്കപ്പെടുമല്ലോ എന്ന ഒറ്റ ഭയമേ അദ്ദേഹത്തിനുള്ളൂ. ഏകദൈവസന്ദേശം ജനങ്ങളിലെത്തിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവനാണ് താനെന്നതിൽ അദ്ദേഹത്തിന് ഉറച്ച വിശ്വാസമാണ്. അതിനുവേണ്ടിയാണ് അവിടുത്തെ ശ്രമങ്ങൾ മുഴുവൻ. എല്ലാറ്റിന്റെ ആരംഭവും എല്ലാ വഴികളും ദൈവത്തിലേക്കുള്ളതാണ്.

അങ്ങനെ വിധിവിപര്യയങ്ങളിൽ ആത്മവിസ്മൃതനായി അദ്ദേഹം തന്നിൽ ഭരമേൽപിക്കപ്പെട്ട നിയോഗത്തിൽ അനവരതം മുഴുകി.

മക്കയിൽനിന്ന് 60 നാഴികയകലെ സ്ഥിതിചെയ്യുന്ന ത്വാഇഫ് അറേബ്യയിലെ സുപ്രധാന നഗരങ്ങളിലൊന്നാണ്. വ്യാപാരത്തിലേർപ്പെട്ടിരുന്ന കാലംതൊട്ടേ, മുഹമ്മദിന് ത്വാഇഫ് ഇഷ്ടമാണ്. അബൂത്വാലിബിനും ഖദീജക്കും വേണ്ടി അദ്ദേഹം അവിടെ ഒത്തിരി കച്ചവടം നടത്തിയിട്ടുണ്ട്; അന്നാട്ടുകാർ അതീവഹൃദ്യമായി അദ്ദേഹത്തോടന്ന് പെരുമാറിയിട്ടുണ്ട്. പല നിലക്കും അതിന് ആകർഷണീയതയുണ്ട്. ചുറ്റും നല്ല ഫലഭൂയിഷ്ഠി. ഒരാക്രമണമുണ്ടായാൽ എളുപ്പം ചെറുത്തുനിൽക്കാനാവുന്ന സ്ഥലം. പരിശ്രമശാലികളും ധീരരുമായ നാട്ടുകാർ. ഇസ്ലാമികദൗത്യത്തിനുനേരെ മക്ക ചെവികൊടുത്തില്ലെങ്കിൽ ഒരുപക്ഷേ ഈ നഗരം പ്രവാചകന് അഭയമേകിയെന്നു വരാം.

വിശ്വസ്താനുചരനായ സൈദിനോടൊപ്പം മുഹമ്മദ് നഗരമുഖ്യന്മാർ മുമ്പാകെ ഹാജരായി. സധീരം തന്റെ ദൗത്യം പ്രഖ്യാപിച്ചു. സൃഷ്ടിയുടെ വിസ്മയങ്ങളെക്കുറിച്ച്, ദൈവത്തിന്റെ അദ്ഭുതാവഹമായ കഴിവുകളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പിന്നെ ആത്മവിശ്വാസത്തോടെ പറഞ്ഞു: "ഞാൻ അവന്റെ ദൂതൻ മുഹമ്മദ്. ഇസ്ലാമിക സന്ദേശം നിങ്ങളിലെത്തിക്കാൻ അല്ലാഹു നിയോഗിച്ചതാണെന്നെ."

"ദൈവത്തിന് ഞങ്ങളിൽ മതപരിവർത്തനം വരുത്തണമെന്നുണ്ടെങ്കിൽ നിങ്ങളുടെ സഹായം കൂടാതെതന്നെ അവനത് ചെയ്തോളും"- സഭയിലുണ്ടായിരുന്ന ഒരാൾ പറഞ്ഞു.

"എനിക്ക് നിങ്ങളുടെ വാദങ്ങളംഗീകരിക്കാൻ കഴിയില്ല. ദൈവത്തിന്റെ പ്രതിപുരുഷനാണ് നിങ്ങളെങ്കിൽ, ചർച്ച ചെയ്യാനാവാത്ത വിധം അമാനുഷ പ്രകൃതിയുള്ളവനായിരിക്കും നിങ്ങൾ. അതല്ല; കള്ളമാണ് നിങ്ങൾ പറയുന്നതെങ്കിൽ, അത് മറുപടി അർഹിക്കുന്നില്ല"- മറ്റൊരാൾ.

പ്രവാചകൻ നിശ്ശബ്ദനായി പുറത്തേക്ക് നടന്നു. ത്വാഇഫിലെ ജനങ്ങൾക്ക് അദ്ദേഹത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവർ അവജ്ഞ

യോടെ അദ്ദേഹത്തെ ആട്ടിപ്പായിച്ചു. അവർ അട്ടഹസിച്ചു: "മഠയാ, പോ. ഇവിടന്നു പോ..." കല്ലുകളുമായി ആൾക്കൂട്ടം അദ്ദേഹത്തെ ആക്രമിച്ചു.

ഒടുവിൽ തിരുമേനി ഒരു പഴത്തോട്ടത്തിൽ അഭയം പ്രാപിച്ചു. സൈദ് തന്റെ പ്രവാചകന്റെ മുഖത്തെ ചോര തുടച്ചുകളഞ്ഞു; കാലിലെ മുറിവ് വെച്ചുകെട്ടി.

ഇനിയെങ്ങനെ മക്കയിലേക്ക് തിരിച്ചുപോകുമെന്നായി അവരുടെ ചിന്ത. നടന്നോ, ഒട്ടകപ്പുറത്തോ? അപ്പോൾ അദ്ദാസ് എന്ന ഒരു അടിമ പ്രവാചകന് ഒരു കുല മുന്തിരിയുമായി അവിടെയെത്തി.

"ആരു തന്നയച്ചതാണിത്?" പ്രവാചകൻ തിരക്കി. "ഉത്ബതുബ്നു റബീഅ. ഈ തോട്ടത്തിന്റെ ഉടമ. അദ്ദേഹത്തിനു താങ്കളോട് ദയതോന്നി." "ഞങ്ങളുടെ നന്ദി അദ്ദേഹത്തെ അറിയിക്കുക"- മുന്തിരി വാങ്ങി 'ബിസ്മി ല്ലാഹ്' എന്നു ചൊല്ലി വായിൽ വയ്ക്കവേ പ്രവാചകൻ പറഞ്ഞു.

അൽപംകഴിഞ്ഞ് അദ്ദാസ് ചോദിച്ചു: "മുന്തിരി തിന്നുമ്പോൾ 'ബിസ്മി ല്ലാഹ്' എന്ന് ചൊല്ലിയതെന്തിനാണ്?" "ബിസ്മില്ലാഹ് എന്നു പറഞ്ഞാൽ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നുവെന്നർഥം"- പ്രവാചകൻ വിശ ദീകരിച്ചു. പിന്നീട് ഈ മന്ത്രത്തിന്റെ സവിശേഷത വിവരിച്ചു. ഭക്ഷണ ത്തിനിരിക്കുമ്പോഴും ജോലി തുടങ്ങുമ്പോഴും എന്നല്ല എല്ലാ നല്ല കാര്യ ങ്ങൾ ചെയ്യുമ്പോഴും ദൈവത്തെ സ്മരിക്കുക മുസ്‌ലിംകളുടെ കർത്ത വ്യമാണ്. എല്ലാ വിജയവും എല്ലാ ആഹ്ലാദവും അല്ലാഹുവിന്റെ അനുഗ്ര ഹങ്ങളാണല്ലോ.

"അപ്പോൾ നിങ്ങളുടെ മതം ഞങ്ങളുടേതുമായി വളരെ സാമ്യമുള്ള താണല്ലോ"- ക്രിസ്ത്യാനിയായ ആ അടിമ പറഞ്ഞു: "എന്താണ് വ്യത്യാസം?"

"വ്യത്യാസം ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അതിൽ പറയുന്നു: 'അല്ലാഹു ഏകൻ. എല്ലാവരാലും ആശ്രയിക്കപ്പെടുന്നവൻ. അവനെ ആരും ജനിപ്പിച്ചിട്ടില്ല; അവൻ ആരെയും ജനിപ്പിച്ചിട്ടുമില്ല'- അതു തന്നെ വ്യത്യാസം. അവനെ ആരും ജനിപ്പിച്ചിട്ടില്ല. അവൻ ആരെയും ജനിപ്പിച്ചി ട്ടില്ല."

അദ്ദാസ് മുസ്‌ലിമായി.

മടങ്ങുമ്പോൾ മുഹമ്മദ് തന്റെ പാദങ്ങളിൽനിന്ന് ത്വാഇഫിലെ മണ്ണ് കുടഞ്ഞുകളഞ്ഞു. ആ ഹൃദയം വിങ്ങിയിരുന്നു: "അല്ലാഹുവേ"- അദ്ദേഹം കരഞ്ഞു: "നിന്നോടു കാണിച്ച ഈ അനാദരങ്ങൾ എന്റെ ദൗർബല്യങ്ങളാലല്ലോ സംഭവിച്ചത്. എന്റെ പ്രവൃത്തി പാഴായിപ്പോയല്ലോ. ഞാൻ വിദ്വേഷത്തിനിരയായല്ലോ. നിന്റെ രക്ഷയിലാണെന്റെ ആനന്ദം; നിന്റെ രോഷം ഒരിക്കലും ഉണ്ടാവരുതെന്നേയുള്ളൂ- മറ്റെന്ത് സംഭവി

ച്ചാലും. നിന്റെ സഹാനുഭൂതി സീമാതീതം. നീ ദുർബലരുടെ നാഥനല്ലോ. നിന്റെ രോഷം ഒരിക്കലും എന്റെ മേൽ ചൊരിയാതിരിക്കണേ!"

അസാധാരണമാണദ്ദേഹത്തിന്റെ വാക്കുകൾ. അദ്ദേഹം ആവലാതിപ്പെടുകയല്ല. തന്റെ കർത്തവ്യം തുടരാൻ അദ്ദേഹം ദൃഢബദ്ധനാണ്. അദ്ദേഹം ഹതാശനാണ്; പക്ഷേ, ഖേദം പ്രകടിപ്പിക്കുന്നത് തന്റെ കഴിവില്ലായ്മയിലാണ്. തന്റെ ദൃഢനിശ്ചയത്തെ ബലഹീനമാക്കുന്ന ഒന്നിനോടും അദ്ദേഹം യോജിക്കുന്നില്ല. പൂർണമായും സഹനശക്തിയുള്ളവനാണദ്ദേഹം. തന്റെ നാഥന് തന്നിൽ വിശ്വാസം ഇല്ലാതാവരുതേ- അതുമാത്രമാണദ്ദേഹത്തിന് ഉറപ്പുകിട്ടേണ്ടത്.

# 3

മുഹമ്മദ് മക്കയിൽ തിരിച്ചെത്തി. വാർഷിക തീർഥയാത്രക്കുള്ള സദ്യയൊരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. എവിടെയും നവോന്മേഷം. മക്ക ഉത്സവത്തിമർപ്പിലാണ്. തെരുവുകൾ വർണാഭമായി. ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും സ്മരണ ആഘോഷിക്കാൻ എല്ലാ ഭാഗത്തുനിന്നും ആളുകൾ എത്തിക്കൊണ്ടിരുന്നു- ജൂതന്മാർ, വിഗ്രഹാരാധകർ, നവക്രിസ്ത്യാനികൾ. കച്ചവടക്കാർക്കും കവികൾക്കും ഗായകർക്കും വെള്ളിദിർഹമിന് ശരീരംവിൽക്കുന്ന സ്ത്രീകൾക്കും ആകർഷണകേന്ദ്രമായി തീർഥാടനം; എല്ലാ തരക്കാരുമുണ്ടിവിടെ. എല്ലാവർക്കും സ്വീകാര്യം.

മുറിവൈദ്യന്മാർക്കും അലഞ്ഞുതിരിയുന്ന കലാകാരന്മാർക്കും ഭിക്ഷക്കാർക്കും നല്ല അവസരം. പിന്നാക്കംനിൽക്കുന്ന ഒരു വിഭാഗത്തിന് പ്രചാരണം നേടാൻ പറ്റിയ സന്ദർഭം. വിശുദ്ധ മാസമായതിനാൽ ഒരാപത്തും സംഭവിക്കില്ല. നല്ലതേ നടക്കൂ.

അങ്ങനെ മുഹമ്മദ് ഈ അവസരം പ്രയോജനപ്പെടുത്തുകയായി. തെരുവുകളിലും പൊതുസ്ഥലങ്ങളിലും ചുറ്റിനടന്ന് അദ്ദേഹം കഅ്ബയിലെ വ്യാജദൈവങ്ങൾക്കെതിരെ ശബ്ദമുയർത്തി. വിഭിന്ന അറബ് ഗോത്രങ്ങളോടായി അദ്ദേഹം പറഞ്ഞു: "വിശുദ്ധ മന്ദിരത്തിന്റെ മക്കളേ, ഞാൻ അല്ലാഹുവിന്റെ പ്രവാചകനാകുന്നു. തന്നെ ആരാധിക്കാൻ അവൻ കൽപിക്കുന്നു; തന്നെയല്ലാതൊന്നിനെയും ആരാധിക്കരുതെന്ന് ആജ്ഞാപിക്കുന്നു. എന്റെ ദൗത്യത്തിൽ വിശ്വസിച്ച് സത്യം അംഗീകരിക്കാൻ നിർദേശിക്കുന്നു."

അദ്ദേഹത്തെ അറിയാവുന്ന മക്കാനിവാസികൾ പുഞ്ചിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ അവിശ്വാസത്തിന്നടിമപ്പെട്ടുപോയി. പക്ഷേ, നഗരത്തിലുള്ള അപരിചിതർ, ആ സ്വരത്തിലെ മാന്ത്രികതയിൽ മുഗ്ധരായി നിന്നുപോയി. അദ്ദേഹത്തിന്റെ കറുത്ത കണ്ണുകൾ ഇടക്കിടെ ജ്വലിക്കുകയും ബാഷ്പാവിലമാവുകയും ചെയ്യുന്നതായി അവർ കണ്ടു. അദ്ദേഹമാരാ

യിരുന്നാലും, ആ സിദ്ധാന്തങ്ങളുടെ സ്വീകാര്യത എന്തായിരുന്നാലും അദ്ദേഹം നിശ്ചയമായും ആത്മാർഥതയോടെയാണ് പറയുന്നതെന്ന് അതുകേട്ട പലർക്കും തോന്നി. ഭൗതിക മോഹമൊന്നും ആരോപിക്കാനാവാത്ത ഒരു മനുഷ്യനെ അവർ അദ്ദേഹത്തിൽ കണ്ടു. സംശയങ്ങൾ തീർക്കാൻ അദ്ദേഹത്തിനു സൂത്രവാക്യങ്ങളില്ല. ജീവിതത്തിന്റെ നിഗൂഢതയിലേക്ക്, വസ്തുക്കളുടെ യാഥാർഥ്യത്തിലേക്ക് അദ്ദേഹം ശ്രോതാക്കളെ ഉണർത്തുന്നു. അദ്ദേഹത്തിന്റെ സന്ദേശത്തിൽ അവർ ദൈവിക സ്പർശം കണ്ടു.

ശക്തമായ ഈ പ്രബോധനത്തിന്നിടയിൽ ഒരു ദിവസം പ്രവാചകനെ കാണാൻ യസ്രിബിൽനിന്ന് ആറു പേരെത്തി. പകലിലെ കഠിനാധ്വാനം കഴിഞ്ഞ് തളർന്നെത്തിയ അദ്ദേഹം അഖബാപർവതത്തിന്റെ മീതെ ആറു വെളുത്ത രൂപങ്ങൾ കണ്ടു. സായാഹ്നഭൂതങ്ങൾപോലെ തോന്നി. അവർ ഇറങ്ങിവന്നു. അദ്ദേഹം സ്വയം പരിചയപ്പെടുത്തി. അവർ പതിവുപോലെ വാർഷിക തീർഥാടനത്തിനു എത്തിയവരാണെന്ന് മനസ്സിലായി. അദ്ദേഹത്തിന്റെ സംബോധനയിലും പ്രഭാഷണങ്ങളിലും അവർ ആകൃഷ്ടരായി. ആ സ്വരത്തിലെ ഖുറൈശിമര്യാദ അവർ തിരിച്ചറിഞ്ഞു.

തന്നെക്കുറിച്ചും തന്റെ ദൗത്യത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു; തനിക്കും അനുയായികൾക്കും നേരിടേണ്ടിവന്ന പീഡനങ്ങളെക്കുറിച്ചും. അവർ ശ്രദ്ധാപൂർവം അതെല്ലാം കേട്ടു.

തന്റെ വാക്കുകൾ അവരിൽ മതിപ്പുണ്ടാക്കിയെന്നു കണ്ടപ്പോൾ, അവരെ ഖുർആൻ ചൊല്ലിക്കേൾപ്പിക്കാൻ ഒരവസരം നോക്കി. അൽപനേരമദ്ദേഹം നിർത്തി. ഖുറൈശിയെന്ന നിലയിൽ ശുദ്ധസുന്ദരമായ അറബിയാണ് അദ്ദേഹത്തിൽ നിന്നവർ പ്രതീക്ഷിച്ചത്. പക്ഷേ, ഇത് അവർ മുമ്പൊന്നും കേട്ടിട്ടില്ലായിരുന്ന അറബിയായിരുന്നു. ജറൂസലം മുതൽ ദമാസ്കസ് വരെയുള്ള സഞ്ചാരവീഥികളിൽ മുരളീരവമൊഴുക്കിയ മനുഷ്യനിൽനിന്നാണിത്! അബ്രഹാമിന്റെയും യേശുവിന്റെയും പിൻഗാമിയായ, അന്ത്യ പ്രവാചകനായ മുഹമ്മദാണിത്!

യസ്രിബ് നിവാസികൾ ഇക്കാലത്ത് ഔസ് എന്നും ഖസ്റജ് എന്നും രണ്ടായി വേർതിരിഞ്ഞിരുന്നു. ഇസ്ലാമിനെക്കുറിച്ചറിയാൻ പ്രവാചകസന്നിധിയിലെത്തിയ ആറുപേരും ഖസ്റജ് വിഭാഗത്തിൽപെട്ടവരായിരുന്നു. അവർക്ക് അടുത്തുള്ള ചില യഹൂദഗോത്രങ്ങളുമായി ബന്ധമുണ്ടായിരുന്നു. ചില യഹൂദ സ്നേഹിതന്മാർ വരാനിരിക്കുന്ന ഒരു മിശിഹായെക്കുറിച്ച് സംസാരിക്കുന്നത് അവർ കേട്ടിട്ടുണ്ട്. യഥാർഥത്തിൽ മൂന്നു പ്രവാചകന്മാരെയാണ് യഹൂദർ പ്രതീക്ഷിച്ചിരുന്നത്. ക്രിസ്തു, അദ്ദേഹത്തിന്റെ രണ്ടാം അവതാരമായി എലീജ, പിന്നെ മോശയെപ്പോലെയുള്ള ഒരു പ്രവാചകനും! യോഹന്നാനും യേശുവും വന്നുപോയി. പക്ഷേ, ഒരാൾ ഒരഭിസാരികക്ക് കുരുതികൊടുക്കപ്പെട്ടു; മറ്റൊരാൾ ഒരു

കള്ളനെപ്പോലെ കുരിശിലേറ്റപ്പെട്ടു. മൂന്നു പ്രവാചകന്മാരിൽ ഒരാൾ വരാൻ സമയമായി എന്ന് ഈ യസ്‌രിബുകാർ വിശ്വസിക്കുന്നു. “അവരിൽ നിന്നു നാം ഒരു പ്രവാചകനെ ഉയർത്തിക്കൊണ്ടുവരും. അവർ നമ്മുടെ വചനങ്ങൾ മൊഴിയും” എന്ന മോശയുടെ പ്രവചനം മക്കയിൽ സത്യമായി പുലർന്നതാവാം. ചിലപ്പോൾ മോശയുടെയല്ല; ഇശയ്യയുടെ പ്രവചനമാവാം സത്യമായിത്തീർന്നിരിക്കുന്നത്. അതല്ലെങ്കിൽ, “നീ എന്നെ സ്നേഹിക്കുകയും എന്റെ ശിപാർശകൾ ചെവിക്കൊള്ളുകയും ചെയ്യുമെങ്കിൽ, പിതാവേ ഞാൻ പ്രാർഥിക്കുന്നു: മറ്റൊരു ആശ്വാസദായകനെ നീ അയക്കണേ” എന്ന ക്രിസ്തുവിന്റെ പ്രാർഥന സ്വീകരിക്കപ്പെട്ടതാവാം. ക്രിസ്തുവിന്റെ ശിപാർശകളിൽ ആരെയും പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ല. പക്ഷേ, ആ ആശ്വാസപ്രദൻ തന്നെയായിരിക്കാമിപ്പോൾ അയക്കപ്പെട്ടിരിക്കുന്നത്.

മുഹമ്മദ് വാഗ്ദത്ത പ്രവാചകനായാലും അല്ലെങ്കിലും യസ്‌രിബുകാർക്ക് രണ്ടു കാര്യങ്ങളിൽ ഉത്തമബോധ്യമുണ്ടായിരുന്നു. ഒന്ന്, ജനങ്ങളെ ഒരു കൊടിക്കീഴിൽ അണിനിരത്താൻ കെൽപുറ്റ ധീരനും ദൃഢചിത്തനും സത്യസന്ധനുമായ ഒരു ഗുരു രാജ്യത്തിനാവശ്യമായിരിക്കുന്നു-സാമൂഹിക സംഘടനക്ക് അപമാനകരമായ അനേകം തിന്മകൾ ഉച്ചാടനം ചെയ്യാനത് അനിവാര്യമാണ്. രണ്ട്, തങ്ങൾ തേടുന്ന ആ മനുഷ്യൻ മക്കക്കാരനായ മുഹമ്മദ് തന്നെയാണെന്ന് അവർ കണ്ടെത്തി. യസ്‌രിബിലേക്ക് ഉടൻ തന്നെ തിരിച്ചെത്തി മുഹമ്മദിന്റെ വരവിനെയും ഇസ്‌ലാമികസന്ദേശത്തെയും കുറിച്ച് വിളംബരപ്പെടുത്താൻ അവർക്ക് തിടുക്കമായി.

# 4

ഖദീജയുടെ വിയോഗമുണ്ടാക്കിയ ദുഃഖഭാരം അപ്പോഴും മുഹമ്മദിന്റെ മനസ്സിൽ ഖനീഭവിച്ചുനിന്നു. ഇരുപത്തഞ്ചുവർഷം ദാമ്പത്യസുഖവും പങ്കാളിത്തവും ആസ്വദിച്ചു അദ്ദേഹം. പല സ്ത്രീപുരുഷന്മാരെ സംബന്ധിച്ചും വൈവാഹിക ജീവിതം പരാജയത്തിലാണ് കലാശിക്കുക. എന്നാൽ അദ്ദേഹത്തിന്റേത് അനവദ്യമായ വിജയമായിരുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും ആഹ്ലാദകാരിയായ സമന്വയം. പക്ഷേ, പലപ്പോഴും അദ്ദേഹം ഏകാകിയായ ഒരു മനുഷ്യനാണ്. ഇപ്പോൾ ആ ഏകാന്തത വർധിച്ചിരിക്കുന്നു. അധ്യാപനങ്ങൾക്കും ആത്മപരിശോധനകൾക്കും ശേഷം തിരിച്ചെത്തുമ്പോൾ പരിചരിക്കാൻ ഇന്നു ഖദീജയില്ല. കുട്ടികൾ ഓടിയടുക്കുന്നു. അവർക്ക് ഉമ്മയില്ല. താൻ മുമ്പൊന്നും കേട്ടിട്ടില്ലാത്ത വൈഷമ്യങ്ങൾ പലതും അവർക്ക് പറയുവാനുണ്ട്. ഇതൊക്കെ അങ്ങേയറ്റത്തെ മാനസിക പീഡനങ്ങളാണുണ്ടാക്കിയത്. അബൂബക്റിനെയും അചഞ്ചലചിത്തനായ ഉമറിനെയും പോലുള്ള വിശ്വസ്തരായ സുഹൃത്തുക്കൾ

ഉണ്ടെന്നത് ശരിതന്നെ. എന്നാൽ, പുരുഷന്റെ ദയാവായ്പ് സ്ത്രീയുടെ വാത്സല്യപൂർണമായ പരിചരണത്തിനു പകരമാവില്ലല്ലോ.

അനുയായികളെ സംബന്ധിച്ചിടത്തോളം മുഹമ്മദ് ഒരു പ്രവാചകൻ മാത്രമല്ല, തങ്ങളുടെ ജീവിതത്തിന്റെ മുഴുവൻ വിധാതാവാണ്. അവർ തങ്ങളുടെ ഹൃദയം തന്നെ അദ്ദേഹത്തിന് സമർപ്പിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ദുഃഖം പങ്കിട്ടെടുക്കാൻ അവർക്കാഗ്രഹമുണ്ട്. ഖദീജ അദ്ദേഹത്തിന്റെ ജീവിതത്തെ എത്രമാത്രം അർഥവത്താക്കിയിരുന്നുവെന്ന് അവർക്കറിയാം; അദ്ദേഹത്തിന്റെ സന്തോഷവും മനഃസ്വാസ്ഥ്യവും മിക്കവാറും പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്നും. അക്ഷരാർഥത്തിൽ സമ്പൂർണനായ മനുഷ്യനെയാണ് അവർ അദ്ദേഹത്തിൽ കാണുന്നത്- ദുർബല വികാരങ്ങൾക്ക് അടിമപ്പെടാത്ത, കർമനിരതനായ, ദൃഢചിത്തനായ, ധീരനായ മനുഷ്യൻ. തങ്ങളുടെ പുരുഷന്മാരിലെല്ലാം ആദരണീയമായുള്ള ഗുണങ്ങൾക്കപ്പുറം സ്ത്രീകളെ ആകർഷിക്കുന്ന എന്തോ കൂടി ഉണ്ട് അദ്ദേഹത്തിൽ-അതവർക്കു മാത്രമേ അറിയൂ. അദ്ദേഹം പുനർവിവാഹം ചെയ്യണമെന്നാണിതെല്ലാം സൂചിപ്പിക്കുന്നത്.

പക്ഷേ, ആരെ? പല സുന്ദരികൾക്കും ഇസ്ലാമിന്റെ പ്രവാചകനോട് ഊഷ്മളമായ സ്നേഹാദരങ്ങളുണ്ടെന്നു എല്ലാവർക്കുമറിയാം. അബ്സീനിയയിൽ വെച്ച് വളരെ മുമ്പല്ലാതെ മരിച്ച യുവാവായ സ്വഹാബിയുടെ യുവവിധവയാണ് സൗദ. ഒരിക്കൽ സമ്പന്നനായിരുന്ന ആ ചെറുപ്പക്കാരൻ ഇസ്ലാമികപാത സ്വീകരിച്ചതിനാൽ, ഭൗതികസ്വത്തുക്കളെല്ലാം കൈവിട്ടുപോയിരുന്നു. പിന്നെ ആഇശയുണ്ട്- അബൂബക്റിന്റെ കൊച്ചുമകൾ. അബൂബക്ർ എന്നും പ്രവാചകന്റെ വിശ്വസ്ത സഹചാരിയായിരുന്നു. ഓരോ വാക്കിലും പ്രവൃത്തിയിലും മാതൃകാ മുസൽമാനെയാണ് നബിതിരുമേനി അദ്ദേഹത്തിൽ കണ്ടത്. തന്റെ അരുമ പുത്രിയിലൂടെ ഈ സൗഹൃദം അരക്കിട്ടുറപ്പിക്കണമെന്നുണ്ടായിരുന്നു അബൂബക്റിന്. പ്രസ്ഥാനത്തിനുവേണ്ടി സ്വത്തുക്കളോടൊപ്പം തന്നെത്തന്നെയും സമർപ്പിച്ച അദ്ദേഹം തന്റെ ഗോത്രത്തിലുണ്ടായിരുന്ന അത്യുന്നതമായ സ്ഥാനം പോലും ത്യജിക്കുകയാണുണ്ടായതെന്ന് പ്രവാചകന്നുമറിയാം. സ്വമാതാവിന്റെ അംഗലാവണ്യവും ഖുറൈശികളുടെ ബുദ്ധിശക്തിയും ജന്മസിദ്ധമായുള്ള ആഇശയെ അവിടുന്ന് കണ്ടിട്ടുണ്ട്. തങ്ങളുടെ സ്നേഹബന്ധത്തിന്റെയും പ്രവാചകനിൽ തനിക്കുള്ള വിശ്വാസത്തിന്റെയും ഒരു പ്രതീകമായി വിലപ്പെട്ട ഈ സമ്മാനം അവിടുന്ന് സ്വീകരിക്കണമെന്ന് അബൂബക്ർ ആഗ്രഹിക്കുന്നു.

എന്നാൽ, ആഇശ വളരെ ചെറുപ്പമാണ്. ജീവിതത്തിന്റെ ദുരൂഹതകളിലേക്ക് കടന്നുചെല്ലാനുള്ള പ്രായമായിട്ടില്ല. പത്തുവയസ്സുമാത്രം. വിവാഹച്ചടങ്ങ് നടത്തണമെങ്കിൽ ഇനിയും അഞ്ചുവർഷം വേണം. പക്ഷേ, ആ ദാമ്പത്യബന്ധം ഉടനെതന്നെ നിശ്ചയിച്ചുറപ്പിക്കാൻ അബൂബക്റിന്

തിടുക്കമായി. അങ്ങനെ മുഹമ്മദും ആഇശയും തമ്മിലുള്ള നികാഹ് മുസ്‌ലിംകളെല്ലാം സാഘോഷം കൊണ്ടാടി. അബൂബക്റിന് പ്രവാചകനുമായുള്ള ബന്ധത്തിലൂടെ ഒരു പുതിയ സ്ഥാനം കൈവന്നു.

ആഇശ, ഏതാനും വർഷത്തേക്ക് പേരിനുമാത്രമേ ഭാര്യയായിരുന്നുള്ളു. സൗദയെയും പ്രവാചകൻ വിവാഹം ചെയ്തതോടെ, അവളുടെ പ്രശ്നവും ഗോത്രത്തെ സംതൃപ്തിപ്പെടുത്തിക്കൊണ്ട്, പരിഹൃതമായി. മുഹമ്മദ് സൗദയെ കൂട്ടിക്കൊണ്ടുവന്നത് ആർഭാടമുള്ള ഒരു വീട്ടിലേക്കായിരുന്നില്ല. ഖുറൈശികളിൽനിന്ന് അഭയം തേടി, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് സദാ അലഞ്ഞുകൊണ്ടിരിക്കുന്ന പ്രവാചകന് എതിരാളികളുടെ കൗശലം പരിഗണിച്ച് തന്ത്രപൂർവമായ നിലപാട് എടുക്കേണ്ടതുണ്ടായിരുന്നു. വ്യക്തിപരമായ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ വളരെ പരിമിതം. ബാർലിയപ്പവും വെള്ളവുമാണ് ഭക്ഷണം. ചിലപ്പോൾ പാലും വല്ലപ്പോഴും അൽപം ഇറച്ചിയും-അത്രമാത്രം. തന്റെ പിന്നിപ്പോയ കുപ്പായവും പൊട്ടിയ ചെരിപ്പും അദ്ദേഹം സ്വയം തുന്നും. മനസ്സ് സദാ കെട്ടുപിണഞ്ഞ പ്രശ്നങ്ങളിലായിരിക്കും. രാത്രിയിലേറെയും പ്രാർഥനയിലും- വിശുദ്ധ ഖുർആന്റെ മൂന്നിൽ രണ്ടു ഭാഗവും അവതരിച്ചത് രാത്രിയിലാണ്- ധ്യാനത്തിലും ചെലവഴിക്കും.

ഈ സന്ദർഭത്തിൽ പ്രവാചകന് ഒരു ദർശനം ലഭിക്കുന്നു. മക്കയുടെ മീതെ ഉയർന്നുകിടക്കുന്ന സ്വഫാ-മർവാ മലകൾക്കിടയിലുള്ള താഴ്‌വരയിൽ കിടക്കുമ്പോൾ ഒരു രാത്രി ജിബ്‌രീൽ മലക്ക് സ്വപ്നത്തിൽ വന്നു തന്നെ വിളിച്ചുണർത്തിയതായി അദ്ദേഹത്തിനു തോന്നി. വെള്ളിനിറമുള്ള ഒരു പടക്കുതിരയെ ചൂണ്ടി അതിൽ കയറി തന്നെ അനുഗമിക്കാൻ ജിബ്‌രീൽ നിർദേശിച്ചു. 'അൽബുറാഖ്' എന്നാണ് ആ കുതിരയുടെ പേര്. ഇതിഹാസങ്ങളിലെ കുതിരകളുടെ വേഗത്തിൽ അത് ക്ഷണനേരത്തിനുള്ളിൽ മക്കയും കടന്നുയർന്ന് ജറൂസലമിന്റെ വാതിൽക്കലെത്തുന്നു. മൂസാനബിയും ഈസാനബിയും ഇബ്‌റാഹീംനബിയും സമ്മേളിച്ച ഒരു ദേവാലയത്തിലേക്ക് അവിടുന്ന് ആനയിക്കപ്പെടുന്നു. പ്രാർഥനകൾക്കു ശേഷം വീണ്ടും ബുറാഖിന്റെ പുറത്തുകയറി ബാഹ്യാകാശത്തിലൂടെ സഞ്ചാരം തുടരുന്നു. ക്ഷണമാത്രക്കുള്ളിൽ അദ്ദേഹം ഒന്നാം സ്വർഗത്തിൽ എത്തുകയായി. ജിബ്‌രീൽ വാതിൽക്കൽ മുട്ടിയപ്പോൾ അകത്തുനിന്ന് ഒരു ശബ്ദമുയർന്നു.

"ജിബ്‌രീൽ, നിന്റെ കൂടെയുള്ളതാര്?"

"മുഹമ്മദ്" മലക്കിന്റെ മറുപടി.

"അദ്ദേഹം നിയോഗിക്കപ്പെട്ടുവോ?"- ആ ശബ്ദം അന്വേഷിക്കുന്നു.

''അതെ.''

"എങ്കിൽ, ഇതാ സ്വാഗതം."

ഈ വാക്കുകളോടെ വാതിൽ പതുക്കെ തുറന്നു.

"ഇത് അങ്ങയുടെ പിതാവ് ആദം"- ജിബ്‌രീൽ മുഹമ്മദിന് ആദിമ നുഷ്യനെ പരിചയപ്പെടുത്തി. മുഹമ്മദിന്റെ പ്രവർത്തനങ്ങളിൽ സ്വർഗ വാസികൾക്കുള്ള ആനന്ദം പ്രകടിപ്പിച്ചുകൊണ്ട് ആദം മുഹമ്മദിന്റെ ചുമ ലിൽ തട്ടി: "ആദരണീയനായ മകനേ, പ്രവാചകന്മാരിൽ ഏറ്റവും മഹത്വം നിനക്കാകുന്നു."

ഇങ്ങനെ മൂസാ, ഇബ്‌റാഹീം, ഈസാ തുടങ്ങി തനിക്കുമുമ്പേ കട ന്നുപോയ വിവിധ പ്രവാചകന്മാരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി ക്കൊണ്ട് അദ്ദേഹം ഏഴു സ്വർഗങ്ങളിലൂടെയും കടന്നുപോകുന്നു. ദിവ സേന അമ്പതു പ്രാവശ്യം പ്രാർഥിക്കണമെന്നും മനുഷ്യരാശിയോട് അതു ചെയ്യാൻ അനുനയിക്കണമെന്നും അല്ലാഹു തന്റെ പ്രവാചകനോട് നിർദേ ശിക്കുന്നു. മടക്കയാത്രയിൽ സന്ധിക്കുന്ന മൂസാനബി, നിത്യേന അമ്പതു പ്രാവശ്യം പ്രാർഥിക്കാൻ മനുഷ്യവംശത്തിന്നാവുകയില്ലെന്ന് അറിയിച്ച പ്പോൾ മുഹമ്മദ് വീണ്ടും ദൈവസന്നിധിയിലെത്തുകയും അത് നാൽപ തായി ചുരുക്കുകയും ചെയ്യുന്നു. ആ നിർദേശത്തിന്റെ നിഷ്ഫലത്തെ ക്കുറിച്ച് മൂസാനബി പിന്നെയും മുഹമ്മദിനെ ഉണർത്തുന്നു. രണ്ടോ മൂന്നോ പ്രാവശ്യം ദൈവസന്നിധിയിൽ തിരിച്ചെത്തി തിരുനബി നമ സ്കാരം പ്രതിദിനം അഞ്ചാക്കി ചുരുക്കുന്നു.

ഈ ദർശനം പ്രവാചകന്റെ അനുയായികൾക്കിടയിൽ വിവാദത്തി ന്നിടയാക്കി. കൂടുതൽ നിഷ്ഠയുള്ളവർ അഞ്ചുനേരത്തെ നമസ്കാരം നിയ മമാക്കിക്കൊണ്ടുള്ള ദൈവനിശ്ചയമായാണിതിനെ മനസ്സിലാക്കിയത്. ചിലർ വിശ്വസിച്ചത് പ്രവാചകൻ രാത്രി മുഴുവൻ ആകാശസഞ്ചാരം നട ത്തുകയായിരുന്നുവെന്നാണ്. കേട്ടപാടെ എന്തും വിശ്വസിക്കാത്തവരാ കട്ടെ, അത് ഒരു ദർശനമായംഗീകരിക്കാൻ പോലും വിസമ്മതിച്ചു. പ്രവാ ചകന്റെ ശത്രുക്കളാകട്ടെ അദ്ദേഹത്തെ താഴ്ത്തിക്കെട്ടാൻ ഈ അവസര മുപയോഗപ്പെടുത്തുകയും ചെയ്തു: "നോക്കൂ, അദ്ദേഹം ഒരൊറ്റ രാത്രി കൊണ്ട് ലോകമൊക്കെ കണ്ടയാളാണ്; ഇനി നമ്മോട് സംസാരിക്കില്ല."

"അദ്ദേഹത്തിന്റെ സാങ്കൽപികാശ്വത്തെ എനിക്കിഷ്ടമാണ്. എന്റെ പ്രാതൽ ഇവിടെ; ഉച്ചയൂണ് ഒരു ഗ്രഹത്തിൽ, അത്താഴം മറ്റൊരു ഗ്രഹ ത്തിൽ."

"എഴുപതിനായിരം പേർ രാപ്പകലില്ലാതെ പാടുന്ന സ്വർഗത്തിൽ പോകാനെനിക്കിഷ്ടമില്ല"- മൂന്നാമൻ പറഞ്ഞു: "നരകത്തിൽ ചൂടുണ്ടെ ങ്കിലെന്ത്? ഇത്ര ബഹളമുണ്ടാവില്ലല്ലോ."

പ്രസ്തുത ദർശനത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പരാമർശിക്കു

ന്നുണ്ട്. അതിനാൽ, വിശ്വാസികളുടെ മനസ്സിൽ അതേപ്പറ്റി സംശയമൊന്നുമുണ്ടാവില്ല. പക്ഷേ, അതിന്റെ മൂല്യം കണക്കാക്കുന്നതെങ്ങനെ?

ആദ്യമായി വിശ്വാസികൾക്കിടയിലുണ്ടാകുന്ന വിവാദമാണ്. പ്രവാചകൻ ദർശനത്തെക്കുറിച്ച് സവിശേഷമായി ഒന്നും അവകാശപ്പെട്ടില്ല. അദ്ദേഹം അതിനു വലിയ പ്രാധാന്യമേ നൽകിയില്ല. പക്ഷേ, അനുയായികൾക്കിടയിൽ ഒരു വിവാദം അതേക്കുറിച്ച് ഉയർന്നുവന്നു. യുക്തിബോധം വികാരത്തെ ആഞ്ഞടിക്കുന്നു. വികാരം തിരിച്ചടിക്കുന്നു. ഇസ്‌ലാമിന് ഇളക്കം സംഭവിക്കുകയാണെങ്കിൽ.... ഖുറൈശികൾക്ക് പതിമൂന്ന് വർഷമായി സാധിക്കാത്തതായിരിക്കും ഏതാനും ആഴ്ചകൾകൊണ്ട് ഒര സാധാരണ ദർശനം സാക്ഷാത്കരിക്കാൻ പോകുന്നത്. എന്തായാലും രക്ഷക്ക് അബൂബക്റെത്തി- സിദ്ദീഖുൽ അക്ബർ.

മക്കയിൽ പ്രവാചകദർശനത്തെക്കുറിച്ച് തർക്കം നടന്നുകൊണ്ടിരിക്കുമ്പോൾ, യസ്‌രിബിൽ ആറുപേർ നന്മയുടെ വിളവുകൊയ്യുകയായിരുന്നു. തീർഥാടനം കഴിഞ്ഞ് തിരിച്ചെത്തി അവർ വിതച്ച വിത്തുകൾ, ആ ഭൂമി ഇസ്‌ലാമിനു ഫലഭൂയിഷ്ഠിയുള്ളതാണെന്ന് തെളിയിച്ചു. അടുത്ത തീർഥാടനോത്സവമായപ്പോഴേക്കും പുതുതായി ഇസ്‌ലാം ആശ്ലേഷിച്ച ധാരാളം പേർ പ്രവാചകനെ നേരിൽ കണ്ട് ആദരങ്ങളർപ്പിക്കാൻ മക്കയിലെത്തി. അവർ അഖബയിൽ അദ്ദേഹത്തെ കണ്ടെത്തി. ഇതേ സ്ഥലത്തുവച്ചാണ് കഴിഞ്ഞവർഷം ആറുപേർ മുസ്‌ലിംകളായത്. ഇപ്പോഴിതാ, അവരുടെ നഗരത്തിൽ നിന്നുതന്നെ കൂടുതൽ ആളുകൾ പ്രവാചകനു പിന്തുണ നൽകാൻ വന്നിരിക്കുന്നു. ഏകദൈവത്തോട് മറ്റൊന്നിനെയും പങ്കുചേർക്കില്ലെന്ന്, മോഷ്ടിക്കില്ലെന്ന്, വ്യഭിചരിക്കില്ലെന്ന് അവർ പ്രതിജ്ഞയെടുത്തു. കുട്ടികളെ കൊല്ലുകയില്ലെന്നും അപവാദവും സ്വഭാവഹത്യയും നടത്തില്ലെന്നും അവർ സത്യം ചെയ്തു. പ്രവാചകന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിച്ചുകൊള്ളാമെന്നും ഇസ്‌ലാമിനോട് എല്ലാ കാലത്തും കൂറുപുലർത്താമെന്നും വാഗ്ദാനം ചെയ്തു അവർ. യസ്‌രിബിലെ നവമുസ്‌ലിംകളെ അവരുടെ നഗരത്തിലേക്ക് അനുഗമിക്കാൻ പ്രവാചകൻ മിസ്‌അബുബ്നു ഉമൈറിനെ നിയോഗിച്ചു. ഖുർആനെക്കുറിച്ചും പുതിയ തത്ത്വങ്ങളെക്കുറിച്ചും അന്നാട്ടുകാരെ പഠിപ്പിക്കാനായിരുന്നു ഇത്. ഉത്സാഹശാലിയായ മിസ്‌അബ് കഴിയാവുന്നിടത്തോളം ആളുകളെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ വ്യഗ്രതയുള്ളയാളായിരുന്നു.

മിസ്‌അബ് യസ്‌രിബിലെത്തി ഏതാനും ദിവസം കഴിഞ്ഞപ്പോൾ നഗരത്തിലെ ഉദ്യോഗസ്ഥന്മാരിലൊരാളായ ഉസൈദ് അദ്ദേഹത്തെ ചോദ്യം ചെയ്തു.

“മിസ്‌അബ്, നിങ്ങളിവിടെ വന്നതിന്റെ ഉദ്ദേശ്യമെന്താണ്? ഞങ്ങളുടെ സൈനിക പ്രവർത്തനം നിരീക്ഷിച്ചറിയാനല്ലേ നിങ്ങൾ വന്നത്? ജീവ

നിൽ കൊതിയുണ്ടെങ്കിൽ അടുത്തനിമിഷം യസ്‌രിബ് വിട്ടുപോകുന്ന താണ് നിങ്ങൾക്ക് നല്ലത്.”

“ഇരിക്കൂ. ഞാൻ പറയുന്നതു കേൾക്കൂ.” യാതൊരു അസ്വസ്ഥതയും പ്രകടിപ്പിക്കാതെ മിസ്‌അബ് പറഞ്ഞു. പിന്നീട് ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകസന്ദേശത്തെക്കുറിച്ചും വിശ്വാസപ്രമാണങ്ങളെക്കുറിച്ചും വിവരിച്ചു. ഖുർആനികസൂക്തം ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു. അങ്ങനെ ആദ്യമായി മിസ്‌അബ് ഉസൈദിനെ മുസൽമാനാക്കി.

ഉസൈദും മിസ്‌അബും ചേർന്ന് ഹവാസിൻ രാജകുമാരൻ സഅ്ദിനെ ഇസ്‌ലാമിലേക്ക് കൊണ്ടുവന്നു. അദ്ദേഹം പുതിയ മതത്തിന് വലിയ സ്വാധീനശക്തിയായിരുന്നു. രാജകുമാരനെ അഭിസംബോധന ചെയ്ത് മിസ്‌അബ് എഴുതിയ കത്ത് കൂടുതൽ വിശ്വാസം ഊട്ടിയുറപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു: “എന്റെ ഈ പ്രസ്താവന അങ്ങയെ ആകർഷിച്ചുവെങ്കിൽ ഇത് സ്വീകരിച്ചാലും, ശല്യപ്പെടുത്തുകയാണെങ്കിൽ ഉടനെ, എന്നെ തടയുക.” രാജകുമാരൻ നീതിമാനായ ഒരു നല്ല മനുഷ്യനാണെന്നും രാജ്യത്തിന്റെ പല കാര്യങ്ങളിലും അസംതൃപ്തനായ വിമർശകനാണെന്നും മിസ്‌അബിന്നറിയാം. അതുകൊണ്ടുതന്നെ സൂക്ഷ്മഗ്രാഹിയായ ആ മുസൽമാൻ വിശുദ്ധഖുർആനിൽ നിന്നുള്ള ഏറ്റവും വിശിഷ്ടമായ സൂക്തങ്ങളാണ് തെരഞ്ഞെടുത്തത്. തന്റെ ഉദ്ദേശ്യത്തിന് അതാണേറ്റവും ഉചിതം. പ്രതീക്ഷിച്ചതുപോലെത്തന്നെ, അഗാധമായിരുന്നു പ്രതികരണം. ഹവാസിൻ തലവൻ തന്റെ മുമ്പാകെ സമർപ്പിതമായ വിശ്വാസം സ്വീകരിച്ചു.

മിക്ക നവമുസ്‌ലിംകളെയും പോലെത്തന്നെ സഅ്ദും മതപരിവർത്തനം ചെയ്യപ്പെട്ട ഒരു വ്യക്തിമാത്രമായിരുന്നില്ല; നല്ലൊരു പ്രചാരകൻ കൂടിയായിരുന്നു. വിശ്വാസം പ്രചരിപ്പിക്കാനും മറ്റുള്ളവരെ പുതിയ മതത്തെക്കുറിച്ച് ബോധ്യപ്പെടുത്തി ആകർഷിക്കാനും അദ്ദേഹം ശ്രമിച്ചു. ഹവാസിനിലെ ജനകീയ സഭയിലും അദ്ദേഹം ഈ പ്രശ്നമുന്നയിച്ചു. തന്റെ സംശയങ്ങളെക്കുറിച്ചും അവ എങ്ങനെ ഇല്ലാതാക്കാമെന്നതിനെക്കുറിച്ചും അദ്ദേഹം തന്റെ കൂട്ടരോട് സംസാരിച്ചു. അതുല്യമായ വിശുദ്ധ ഖുർആനെക്കുറിച്ച് ആവേശപൂർവം അദ്ദേഹം വിവരിച്ചു. മക്കയിൽ നിന്നുവന്ന മിസ്‌അബ് എന്ന ബുദ്ധിമാനായ മതപ്രബോധകനുമായി തർക്കിച്ചപ്പോൾ എത്ര തൃപ്തികരമായ മറുപടികളാണ് തനിക്ക് ലഭിച്ചതെന്നും അദ്ദേഹം സ്പഷ്ടമാക്കി. യാതൊരു വിധത്തിലുള്ള പൊങ്ങച്ചമോ അഹങ്കാരമോ ഇല്ലാത്ത ഒരു മനുഷ്യനാണ് അദ്ദേഹം വരച്ചുകാണിച്ച പ്രവാചകൻ. ആധ്യാത്മികമായ കർത്തവ്യത്തിലുപരി അധികാരമോഹമൊന്നുമില്ലാത്ത, പ്രലോഭനങ്ങൾക്കോ ഭീഷണികൾക്കോ കീഴടക്കാനാവാത്ത ഒരാൾ. അതേസമയം രാഷ്ട്രീയമായും സാമൂഹികമായും മരവിച്ചുനിൽക്കുന്ന തന്റെ ജനങ്ങളെ അതിൽനിന്ന് മോചിപ്പിക്കുന്നതിന്

അസാധാരണമായ ഇത്തരം യോഗ്യതകളുള്ള ഒരു നേതാവിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു.

“ഉടനെത്തന്നെ ഒരു തീരുമാനമെടുക്കേണ്ടിയിരിക്കുന്നു”- അദ്ദേഹം ഉപസംഹരിച്ചു. മോശയും യേശുവുമെല്ലാംതന്നെ മനുഷ്യവംശത്തെ പുനസ്സംഘടിപ്പിക്കുകയും ദുശ്ശീലങ്ങളിൽനിന്ന് വിമുക്തമാക്കുകയും ചെയ്യുന്ന ഒരു പ്രവാചകൻ വരുമെന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്റെ സഹോദരന്മാരേ, സ്നേഹിതന്മാരേ, മുഹമ്മദിൽ ഞാൻ ആ മനുഷ്യനെ കാണുന്നു. ഇക്കാര്യത്തിൽ നമുക്ക് പിഴച്ചുകൂടാ. നമ്മളെല്ലാം മുസ്‌ലിംകളാവുകയും അദ്ദേഹത്തെ ഇവിടെ കൊണ്ടുവന്ന് നമ്മുടെ നേതാവാക്കുകയുമാണ് വേണ്ടത്.”

സഅ്ദിന്റെ ആവേശം സാംക്രമികമായിരുന്നു. അദ്ദേഹത്തിന്റെ വാഗ്‌വൈഭവം, പ്രത്യാശകളെയും ആശയങ്ങളെയും പ്രവൃദ്ധമാക്കി. പുതിയ മതം യസ്‌രിബിൽ വ്യാപകമായി പ്രചരിച്ചു. യഹൂദർ, ക്രിസ്ത്യാനികൾ, ബിംബാരാധകർ, നക്ഷത്രപൂജകർ, സാബിഉകൾ, മാഗികൾ, സൊരാഷ്ട്രിയന്മാർ, ന്യായാധിപന്മാർ, കരംപിരിവുകാർ, പണ്ഡിതന്മാർ- തുടങ്ങി ദരിദ്രസമ്പന്നവ്യത്യാസമന്യേ, ആബാലവൃദ്ധം ജനങ്ങളെയും ആ ജ്വരം ബാധിച്ചു. കൊടുങ്കാറ്റിൽ ആളിപ്പടർന്ന കാട്ടുതീ പോലെ അത് നഗരത്തെ ആവരണം ചെയ്തു.

പതിനാലുവർഷം മുമ്പ് സ്മരണീയമായ ഒരു രാത്രിയിൽ ഹിറാപർവതത്തിൽ തെളിഞ്ഞ ഇസ്‌ലാമിന്റെ ദീപശിഖ, ഒടുവിലിതാ, യസ്‌രിബിലെ ലളിതഹൃദയങ്ങളെ തീപിടിപ്പിച്ചിരിക്കുന്നു. ഇനി മക്കാനിവാസികളുടെ ശ്രമമെല്ലാം വിഫലമാണ്. സമയം വൈകിക്കഴിഞ്ഞു. ആ ദീപശിഖ ലോകത്തെ ജ്വലിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.

# 5

അതൊരു തെളിഞ്ഞ ജൂലൈ രാത്രിയായിരുന്നു. വിളറിയ ചന്ദ്രക്കല തല ചായ്ച്ചുറങ്ങുന്നു. മണൽക്കുന്നുകളിലൂടെ ചുടുകാറ്റ് വീശുന്നുണ്ട്. നരച്ച ആകാശത്തിൽ കൂമന്റെ കണ്ണുകൾ പോലെ താരങ്ങൾ തുറിച്ചുനോക്കുന്നു. ‘ദാറുന്നദ്‌വ’യിൽ ഒരു സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. രാജകീയ വസ്ത്രങ്ങളും വളഞ്ഞ വാളുകളും ഖുറൈശികളുടെ ഒരു പൊതുയോഗമാണതെന്ന് വ്യക്തമാക്കുന്നു. തങ്ങൾ പര്യാലോചിക്കുന്ന വിഷയത്തെക്കുറിച്ച് അവർക്കുള്ള ഉത്കണ്ഠ മുഖഭാവത്തിൽ തന്നെ പ്രതിഫലിക്കുന്നുണ്ട്. ഗോത്രത്തിന്റെ എല്ലാ ശക്തിയും സമാഹരിക്കേണ്ടിയിരിക്കുന്നു. കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉസ്മാനുബ്നു ത്വൽഹാ, നഗരത്തിലെ സാമ്പത്തിക മേധാവിയായ ഹാരിസുബ്നു ഖൈസ്, മക്കാസൈന്യത്തിന്റെ നായകനായ അബൂസു

ഫ്യാനുബ്നു ഹർബ് ഇവരെല്ലാമുണ്ട്. ഖാലിദുബ്നുൽ വലീദിന്റെ കാവലുണ്ട്, അബ്ദുൽ ഉസ്സാ ഇബ്നു ഖുസയ്യ് ആണ് അധ്യക്ഷൻ. ഈ പ്രശസ്ത വ്യക്തികൾക്കിടയിൽ അദമ്യനായ അബൂലഹബുമുണ്ട്. മിക്ക മക്കാനിവാസികളും സുഷുപ്തിയിലാണ്ട സമയം. എന്നാൽ, ഇന്നു രാത്രി ഈ 'മഹാന്മാർ'ക്ക് ഉറക്കമില്ല- വിലപ്പെട്ട സമയമാണിത്.

ഭ്രഷ്ട് കൽപിക്കപ്പെട്ടവരെ മക്കയിലെ ചാരന്മാർ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നുണ്ടായിരുന്നു. പ്രവാചകന്റെ ചലനങ്ങളും പദ്ധതികളും അപ്പപ്പോൾ ഖുറൈശികൾ അറിഞ്ഞുകൊണ്ടിരുന്നു. മിസ്അബിന്റെ ദൗത്യ വിജയം, സഅ്ദിന്റെ പ്രവർത്തനങ്ങൾ, അഖബയിൽ നടന്ന ആദ്യത്തെ പ്രതിജ്ഞ, യസ്രിബിൽ നിന്നുള്ള രണ്ടാമത്തെ സംഘമെത്തിയത്, അഖബയിൽവച്ച് രഹസ്യമായി നബിയുമായി സന്ധിച്ചത്, യസ്രിബിലേക്ക് മുസ്ലിംകൾക്ക് ലഭിച്ച ക്ഷണം, ഗോത്രത്തോടും ദൈവങ്ങളോടുമുള്ള ആദരവിനേക്കാൾ രക്തബന്ധത്തിന് മുൻഗണന നൽകിയ അബ്ബാസിന്റെ 'ചതി' തുടങ്ങി എല്ലാം.

അഖബയിൽ വച്ചുണ്ടായ രണ്ടാമത്തെ കരാറിനെയും തുടർന്ന് നബിയുടെ കുടുംബാംഗങ്ങളും ആത്മസ്നേഹിതരും അടക്കമുള്ള മുസ്ലിംകൾ യസ്രിബിലേക്ക് നടത്തിയ പലായനത്തെയും കുറിച്ച് എല്ലാ ഖുറൈശികളും ബോധവാന്മാരായിരുന്നു. ഇപ്പോൾ മക്കയിൽ മുഹമ്മദും അലിയും അബൂബക്റും മാത്രമേയുള്ളൂവെന്നും ചാരന്മാർ മണത്തറിഞ്ഞു; അദ്ദേഹം കൂടുതൽ നാൾ ഇനിയിവടെ ഉണ്ടാവില്ലെന്നും.

മുഹമ്മദിനെ ഇത്രമാത്രം സൗകര്യത്തിനു പിടികൂടാൻ മറ്റൊരവസരം ലഭിക്കുകയില്ലെന്നും സമയം ഒട്ടും പാഴാക്കാനില്ലെന്നും അബൂസുഫ്യാൻ, അബൂജഹ്ൽ (ആദ്യം ഇയാൾ അറിയപ്പെട്ടിരുന്നത് അബൂഹകം ഇബ്നു ഹാശിം എന്നായിരുന്നു), അബൂലഹബ് തുടങ്ങിയവർ തങ്ങളുടെ സഹപ്രവർത്തകരെ ഉണർത്തി. ഇപ്പോൾ ചെറുക്കാൻ ആരുമില്ല. കുടുംബാംഗങ്ങളോ അനുയായികളോ നബിയെ രക്ഷിക്കാനെത്തുകയില്ല. ജനങ്ങൾക്കിടയിൽ ഇനിയും പ്രസിദ്ധി നേടാൻ അദ്ദേഹത്തിനാവില്ല; അദ്ദേഹത്തിന്റെ മരണത്തെപ്പോലെ മറ്റൊന്നും ജനങ്ങളെ സംതൃപ്തരാക്കുകയില്ല. ഇതേ സമയം അദ്ദേഹം യസ്രിബിലേക്ക് രക്ഷപ്പെടുകയാണെങ്കിൽ ആധ്യാത്മികമായി മാത്രമല്ല, ഭൗതികമായും അദ്ദേഹം ആധിപത്യം സ്ഥാപിക്കുകയും അങ്ങനെ മക്കക്ക് ഒരു സ്ഥിരശത്രുവായിത്തീരുകയും ചെയ്യുമെന്നും അവർ ഭയപ്പെട്ടു.

ഖുറൈശികളുടെ തീരുമാനം ഐകകണ്ഠ്യേനയായിരുന്നു. പക്ഷേ, ആരാണ് വധകൃത്യം നിർവഹിക്കുക? അറബികൾക്കിടയിൽ ചോരക്ക് ചോര കൊടുക്കേണ്ടിവരും. അതുകൊണ്ടുതന്നെ ബനൂഹാശിം ഗോത്രവുമായി ചോരക്കളിക്ക് ആരും തയ്യാറല്ലായിരുന്നു. അബൂജഹ്ലിന്റെ ബുദ്ധി പ്രവർത്തിക്കുകയായി. അയാൾക്കൊരു നിർദേശമുണ്ടായിരുന്നു.

എല്ലാവരും ശ്രദ്ധിച്ചുകേട്ടു: "കള്ളം പറയുന്നവന്റെ മരണം നമുക്കെല്ലാം പ്രധാനപ്പെട്ടതാണല്ലോ"- അബൂജഹ്ൽ പറഞ്ഞു: "നമ്മിൽ ഓരോ ഗോത്രവും ഓരോ വീരയോദ്ധാവിനെ നമ്മുടെ ലക്ഷ്യസാധ്യത്തിനു വേണ്ടി അയക്കണമെന്നാണെന്റെ അഭിപ്രായം. ആ നുണയനെ കണ്ടെത്തിയാലുടൻ എല്ലാവരും കൂടി ചാടിവീഴണം. അപ്പോൾ ഏതെങ്കിലു

മൊരു ഗോത്രത്തിൽ വധത്തിന്റെ ഉത്തരവാദിത്വം വരില്ലല്ലോ. ഖുറൈശി കളുടെ തീരുമാനം ഖുറൈശികൾ നടപ്പാക്കുന്നു, അത്രമാത്രം.

"ഇനി ഏതെങ്കിലുമവസരത്തിൽ ബനൂഹാശിം പിഴയായി പണം ആവ ശ്യപ്പെടുകയാണെങ്കിൽ നമുക്കത് കൊടുക്കുകയും ചെയ്യാം."

ആ നിർദേശം ഹസ്താരവത്തോടെ അംഗീകരിക്കപ്പെട്ടു. അബൂ ജഹ്ൽ തന്റെ സ്ഥാനത്തിനൊത്ത രീതിയിലാണ് സംസാരിച്ചത്.

പിന്നെ, തടസ്സമൊന്നുണ്ടായില്ല. മക്കയെ മോചിപ്പിക്കാൻ ചെറുപ്പക്കാർ ചാടിപ്പുറപ്പെടുകയായി. യുവത്വത്തെ ഭരിക്കുന്നത് ബുദ്ധിയേക്കാൾ, പല പ്പോഴും ചപലഹൃദയങ്ങളായിരിക്കുമല്ലോ. ഓരോ ഗോത്രവും അതിന്റെ വിഹിതം നൽകി. അങ്ങനെ, അബൂജഹ്ലിന്റെ ആളുകൾ സുസജ്ജരായി. മുഹമ്മദ്നബി താമസിച്ചിരുന്ന വീട് വളഞ്ഞു. ഇരുണ്ട രാത്രി. നക്ഷത്ര ങ്ങൾ മാത്രം മിന്നുന്നുണ്ട്. വീട്ടിലേക്ക് ആരെങ്കിലും കടക്കുന്നുണ്ടോ എന്ന് സൂക്ഷ്മനിരീക്ഷണം ചെയ്തുകൊണ്ടിരുന്നു. പുരപ്പുറം പോലും നിരീ ക്ഷണവിധേയമായി.

തന്റെ വിധിയെക്കുറിച്ചൊന്നുമറിയാതെ, പരുന്ത് വലയിൽ കുടുങ്ങി യതുതന്നെ. ജീവിതം ഇനി നിമിഷങ്ങൾമാത്രം. നേരം വെളുക്കുമ്പോഴേ ലോകമതറിയൂ.

പ്രഭാതവെളിച്ചത്തിൽ നബിയുടെ കിടക്കയിൽ ആരോ കിടക്കുന്നത് ഘാതകർ കണ്ടു. അവിടുത്തെ പ്രശസ്തമായ പച്ചപ്പുതപ്പ് കട്ടിലിന്റെ കാൽക്കീഴിലേക്ക് വീണുകിടക്കുന്നു. അബൂജഹ്ലിന്റെ ഹൃദയം സന്തോഷം കൊണ്ട് തുടികൊട്ടി. തന്റെ പദ്ധതികളിതാ വിജയകരമായി സാഫല്യമടയുകയായി. തന്റെ ദൈവങ്ങളുടെ അസ്തിത്വം സമർഥിക്ക പ്പെടുകയായി. സൂര്യൻ ഇനിയും ശരിക്കും ഉദിച്ചുകഴിഞ്ഞിട്ടില്ല. മലമുക ളിലൂടെയൊഴുകുന്ന മേഘങ്ങൾ ശോണിമയാർന്നിട്ടുണ്ടെന്നു മാത്രം.

"വരൂ"അയാൾ പറഞ്ഞു: "നാം വേണ്ടതിലേറെ കാത്തു. ഇനി നേരം

പുലർച്ചയാകുംമുമ്പുതന്നെ മക്കയെ വിനാശത്തിൽനിന്ന് മോചിപ്പിക്കാം."

വാളുകൾ തിളങ്ങി. അങ്കണവാതിൽ ഘോരശബ്ദത്തോടെ തുറക്കപ്പെട്ടു. രക്തദാഹികളായ ഖുറൈശികൾ കിടക്കക്കടുത്തേക്ക് പാഞ്ഞടുത്തു. പുതപ്പ് വലിച്ചുമാറ്റി. കിടക്കയിലുണ്ടായിരുന്ന രൂപം എഴുന്നേറ്റിരുന്നു-അത് അലിയായിരുന്നു!

"എന്താ നിങ്ങൾക്ക് വേണ്ടത്?"- അറിയാത്ത നാട്യത്തിൽ, നീരസം ഭാവിച്ചുകൊണ്ട് അലി ആരാഞ്ഞു.

"ആരെയാണ് വേണ്ടതെന്ന് നിനക്കറിയാം. മുഹമ്മദിനെ തന്നെ. എവിടെ അവൻ?" അഹങ്കാരത്തോടെ അവർ ചോദിച്ചു. അലി തോൾ കുലുക്കി അബൂജഹ്ലിനോട് ഉദാസീനനായി പറഞ്ഞു: " നിങ്ങൾ പോയി നോക്ക്."

"വേഗമാകട്ടെ"- അബൂജഹ്ൽ അട്ടഹസിച്ചു. ഈ വീടിന്റെ മുക്കും മൂലയും പരിശോധിക്കണം. എന്നിട്ട് യസ്രിബിലേക്ക് നമുക്ക് പോകാം. നൂറുനാഴിക നീണ്ടുനിൽക്കുന്ന മണൽക്കുന്നുകൾ തെരഞ്ഞാൽ നമുക്കയാളെ കാണാം."

ഇര രക്ഷപ്പെട്ടെന്നറിഞ്ഞപ്പോൾ ഖുറൈശികൾക്കുണ്ടായ രോഷത്തിന് അതിരില്ലായിരുന്നു. തങ്ങളുടെ പദ്ധതിക്ക് ഒരു പിഴവും വരില്ലെന്നായിരുന്നല്ലോ അവർ കരുതിയിരുന്നത്. ആ ഭ്രഷ്ടനെ ജീവനോടുകൂടിയോ അല്ലാതെയോ പിടിച്ചാൽ നൂറൊട്ടകം പ്രതിഫലമായി നൽകുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. അബൂജഹ്ലിന്റെ ആളുകൾ യസ്രിബിലേക്ക് കുതിച്ചു. പ്രാന്തപ്രദേശങ്ങളിൽ മുഹമ്മദിനെ തെരയുന്നതിന് അബൂസുഫ്യാൻ തന്റെ കുതിരക്കാരോട് കൽപിച്ചു. മക്ക മുഴുവൻ മനുഷ്യവേട്ടക്കുള്ള വ്യഗ്രതയിൽ വ്യാപൃതമായി.

'മുഹമ്മദ്, മുഹമ്മദ്, എവിടെ മുഹമ്മദ്?' എവിടെയും ഇതു തന്നെ ചർച്ചാവിഷയം. ഭക്ഷണപ്പൊതിയുമായി പാടം കടന്നു വരുകയായിരുന്ന കൊച്ചു അസ്മാ പുഞ്ചിരിച്ചു. അവൾ വളരെ ചെറുതായതുകൊണ്ട് ആരും ശ്രദ്ധിക്കില്ല. പിതാവ് അബൂബക്ർ എവിടെ ഉണ്ടെന്ന് അവൾക്കറിയാം. അവളുടെ കണ്ണുകളിൽ കുസൃതികളുടെ തിളക്കമുണ്ടെങ്കിലും ഉള്ളിൽ ഉത്കണ്ഠയാണ്. പൊതുകാര്യങ്ങളൊക്കെ നന്നായറിയാമവൾക്ക്.

ആമിറുബ്നു ഫുഹൈറ ആടുകളെ തെളിച്ചുപോകുന്നത് അസ്മാ കണ്ടു. അവൾ ഓടിച്ചെന്ന് അയാളുടെ വലതുകൈയിൽ പിടിച്ചുതൂങ്ങി. അയാൾക്കവളെ അറിയാം; എവിടേക്കാണ് പോകുന്നതെന്നും. ചന്ദ്രൻ ഇനിയും ഉദിച്ചിട്ടില്ലാത്തതുകൊണ്ട് ഇരുട്ട് ഇപ്പോഴും തങ്ങിനിൽപുണ്ട്.

* സീസറിന്റെ സ്വർണവളകൾ-വിവ.

** ഹിജ്റവർഷം നബിയുടെ പലായനത്തോടെയാണ് ആരംഭിക്കുന്നത്- വിവ.

ആട്ടിൻപറ്റത്തെ ആമിർ തിരിച്ചുവിളിച്ചു; ഒരെണ്ണം അയാളുടെ കൂടെ ത്തന്നെ ഉണ്ടായിരുന്നു.

കുന്നും കടന്ന് ഒരു ഒറ്റയടിപ്പാതയിലൂടെ നീണ്ട നേരം നടന്നു. സൗറിൽ ഒരു ഗുഹാമുഖത്ത് അവർ എത്തി. തങ്ങളെ ആരെങ്കിലും പിന്തു ടരുന്നുണ്ടോ എന്നറിയാൻ അസ്മാ ചുറ്റും നോക്കി.

"ആരുമില്ല അസ്മാ"- ആമിർ ഉറപ്പോടെ പറഞ്ഞു. അവൾ ഒരു പാറ യുടെ പിന്നിലേക്ക് ഓടിച്ചെന്നു. കണ്ണുകളിൽ ഒരു തിളക്കം. ഓടിച്ചെന്ന് ഉപ്പയുടെ കൈയിൽ പിടിച്ച് അദ്ദേഹത്തിന് മുത്തം കൊടുത്തു.

"ഈ വഴിക്ക് ആരെങ്കിലും വന്നോ?"- ആമിർ അബൂബക്റിനോട് ആരാഞ്ഞു. അബൂബക്റും പ്രവാചകനും പരസ്പരം നോക്കി.

"അവർ ഞങ്ങളെ കാണേണ്ടതായിരുന്നു. ഉച്ച കഴിഞ്ഞപ്പോൾ അവർ ഗുഹക്ക് പുറത്തുണ്ടായിരുന്നു. അവർ പറഞ്ഞതെല്ലാം ഞങ്ങൾക്ക് കേൾക്കാമായിരുന്നു. സത്യം പറഞ്ഞാൽ പാറയുടെ മറ്റേ ഭാഗത്ത് അവർ ഉണ്ടായിരുന്നു. ഞങ്ങളെ കാണാതിരുന്നത് എന്തുകൊണ്ടാണെന്നറിയില്ല. എനിക്ക് തോന്നി നമ്മുടെയെല്ലാം കഥ കഴിഞ്ഞെന്ന്. ഞാൻ അല്ലാഹു വിന്റെ ദൂതരോട് ചോദിച്ചു, നമ്മൾ രണ്ടുപേരും കൂടി എങ്ങനെയാണവ രോട് പൊരുതി നിൽക്കുകയെന്ന്. 'നമ്മൾ മൂന്നുപേരുണ്ട്; അല്ലാഹു നമ്മോടൊപ്പമാണ്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി-" അബൂ ബക്ർ പറഞ്ഞു.

"ഇപ്പോൾ മനസ്സിലായില്ലേ അവൻ നമ്മോടൊപ്പമാണെന്ന്?" പ്രവാ ചകൻ വിജയഭാവത്തിൽ ഇടക്കു കയറിപ്പറഞ്ഞു.

"അതേ, ഗുരോ"- അക്കാര്യം മറന്നുപോയതിൽ അബൂബക്റിന് അൽപം ലജ്ജ തോന്നി.

ആ അഭയാർഥികൾക്ക് ആട്ടിൻപാലു കൊടുത്ത് ആമിറും അസ്മായും തെല്ലുനേരംകൂടി നിന്നു. അവർ പോയപ്പോൾ, ഒരു കല്ല് തലക്കു വെച്ച് അബൂബക്ർ അന്തിയുറങ്ങാനുള്ള വട്ടമായി. മുഹമ്മദ്നബി പ്രാർഥിക്കു കയാണ്. പ്രയാസങ്ങളും നൈരാശ്യവുമെന്തുതന്നെയായിരുന്നാലും എല്ലാ വിപര്യയങ്ങളുടെയും വിധികർത്താവിലുള്ള വിശ്വാസത്തിന് ഒരു ഭംഗവും സംഭവിക്കില്ല. ഖുറൈശികൾ തങ്ങൾക്ക് കഴിയാവുന്ന എന്തു വഷള ത്തവും ഒരു വിട്ടുവീഴ്ചയുമില്ലാതെ ചെയ്തു. അബ്സീനിയയിലേക്ക് പോയ സ്വഹാബികളെ തെരയുകയാണ് ആദ്യമായിട്ടവർ ചെയ്തത്; പിന്നെ മക്കയിൽനിന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോയവ രെയും. അദ്ദേഹത്തിനും അവർ ഭ്രഷ്ട് കൽപിച്ചുകഴിഞ്ഞതാണല്ലോ. നബി പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോഴും നഗരപ്രാന്തങ്ങളിൽ അവിടുത്തെ ജീവൻ അപായപ്പെടുത്താൻ അവർ അന്വേഷിച്ചു നടക്കുകയായിരുന്നു.

അബൂബക്റിനോടദ്ദേഹം പ്രകടിപ്പിച്ചതുപോലെ, അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ ദൃഢവിശ്വാസം ആ ആത്മാർഥതയെയാണ് വിളിച്ചറിയിക്കുന്നത്. ആ മ്ലാനമായ ചുറ്റുപാടിലും വിശ്വാസത്തിനു ചെറുചലനം പോലുമുണ്ടായില്ല. സംശയത്തിന്റെ നിഴൽപോലും മനസ്സിൽ പോറലേൽപിച്ചില്ല. ശത്രുക്കൾ അദ്ദേഹത്തിന്റെ എല്ലാം അപഹരിച്ചെന്നുവരാം. പക്ഷേ, ആ ദൈവവിശ്വാസത്തെ സ്പർശിക്കാൻ പോലും അവർക്കായില്ല.

മൂന്നുവർഷം മുമ്പ് നബിതിരുമേനിക്ക് വെളിപാടുണ്ടായി: "എല്ലാ അധികാരവും അല്ലാഹുവിനാണെന്ന് അവർ പറയുന്നതു കേട്ട്, മുഹമ്മദേ, നീ മാഴ്കാതെ! അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമത്രെ. ഓ, മുഹമ്മദ്, നീ നിന്റെ ലക്ഷ്യം പൂർത്തീകരിക്കുക! അല്ലാഹു നിന്നെ പീഡിപ്പിക്കുകയാണെങ്കിൽ, മറ്റാരു വിചാരിച്ചാലും അതിൽനിന്ന് നിന്നെ രക്ഷിക്കാനാവില്ല. അവൻ നിനക്ക് ഗുണം ചെയ്യണമെന്നാശിച്ചാലാവട്ടെ, ആ അനുഗ്രഹത്തെ തടയാനും മറ്റാർക്കുമാവില്ല."

"ഞങ്ങളും കാത്തിരിക്കുകയാണ്. നശ്വരജീവികൾ ചെയ്യുന്നതെല്ലാമറിയുന്ന നിന്റെ നാഥനിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുക" എന്ന ദിവ്യസന്ദേശം ലഭിക്കുവോളം കാത്തിരിപ്പ് പ്രവാചകന്റെ ക്ഷമയെ ദുർബലമാക്കിയില്ല.

അതുകൊണ്ടുതന്നെ, ദൗത്യമേറ്റെടുത്തതിന്റെ ആദ്യനാളുകളിലെ അതേ ദൃഢവിശ്വാസസ്വരത്തിൽതന്നെ മക്കയിൽ തന്റെ ജോലിയൊടുങ്ങുംവരെ മുഹമ്മദ് അല്ലാഹുവിന്റെ നാമം പ്രകീർത്തിച്ചുകൊണ്ടേയിരുന്നതായി കാണപ്പെട്ടു. "ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹുവിന്നാണ് സർവസ്തുതികളും. നിങ്ങളുടെ രഹസ്യങ്ങളും മൊഴികളും അറിയുന്നവൻ, അവൻ. നിങ്ങളെ കളിമണ്ണിൽനിന്നു സൃഷ്ടിച്ചവൻ, അവൻ. രാപ്പകലുകളിൽ സ്ഥിതിചെയ്യുന്നതെല്ലാം അവന്റേത്. നിനക്കു മുമ്പുള്ള പ്രവാചകന്മാരും നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ആ നിഷേധങ്ങളും പീഡനങ്ങളും നമ്മുടെ സഹായം എത്തുവോളം അവരെല്ലാം സഹിച്ചിട്ടുണ്ട്."

തന്നെ കശാപ്പുചെയ്യാനുള്ള ഖുറൈശികളുടെ ഗൂഢാലോചനയെയും തന്റെ ചെറിയ അനുയായിവൃന്ദം ചിന്നിച്ചിതറിപ്പോയതിനെയും കുറിച്ച് അറിയാമായിരുന്നുവെങ്കിലും നബിയുടെ വിശ്വാസം പൂർണമായിരുന്നു. പലായനത്തിനു മുമ്പ് മക്കയിൽ അവതരിച്ച അവസാനത്തെ സൂക്തം ആരംഭിക്കുന്നതിങ്ങനെ: "തീർച്ചയായും വിശ്വാസികൾതന്നെയാണ് ജേതാക്കൾ." അന്ത്യവാക്കുകളും തുല്യപ്രാധാന്യമുള്ളതത്രെ: "അല്ലാഹുവാകുന്നു അത്യുന്നത സ്ഥാനീയൻ; എന്തെന്നാൽ, യഥാർഥ രാജാവ് അല്ലാഹുവാകുന്നു. സർവാനുഗ്രഹങ്ങളുടെയും സിംഹാസനത്തിൽ നാഥനല്ലാതെ മറ്റൊരു ദൈവമില്ല."

ശക്തരായ ഒരു സമൂഹത്തെ നേരിടാൻ അബൂബക്റും ആട്ടിടയനായ

ആമിറും കൊച്ചു അസ്മായുമല്ലാതെ തോഴരേതുമില്ലാത്ത അവസ്ഥയിൽ ഇവിടെ പ്രാർഥനാനിരതനായിരിക്കുമ്പോഴും ഇനിയെന്തു സംഭവിക്കുമെന്നതിനെക്കുറിച്ചദ്ദേഹം തീർത്തും നിർഭയനാണ്. താൻ അല്ലാഹുവിന്റെ ദൂതനാണ്; താൻ വധിക്കപ്പെട്ടാൽ അവൻ മറ്റേതെങ്കിലും മാർഗമുണ്ടാക്കും എന്ന് അദ്ദേഹത്തിനറിയാം. വിധിയെക്കുറിച്ചുള്ള നിസ്സംഗത കൊണ്ടാവാമത്. എന്നാൽ വിധിവിശ്വാസം ധീരതയുടെ ഊർജപ്രവാഹമാണ്. അഗാധമായ ധ്യാനത്തിൽ നീലിനനായിരിക്കുമ്പോഴും നബിക്ക് ഉറപ്പു നൽകപ്പെടുന്നുണ്ട്: "വിശുദ്ധ ഖുർആനെ നിനക്ക് നിയമമാക്കിത്തന്നവൻ, നിശ്ചയമായും നിന്നെ വീണ്ടും മാതൃരാജ്യത്ത് തിരിച്ചെത്തിക്കും."

നിശയുടെ അന്ത്യയാമങ്ങളിലും മുഹമ്മദ് പ്രാർഥനാനിരതനാണ്. ജീവിതത്തിലെ ഏറ്റവും സ്മരണീയമായ രാവായിരുന്നു അത്. അബൂസുഫ്യാന്റെ ആളുകൾ കുതിരപ്പുറത്ത് അപ്പോൾ, അദ്ദേഹത്തെ തേടി അടുത്തുള്ള കുന്നുകളിൽ തെരച്ചിൽ നടത്തുന്നുണ്ടായിരുന്നു. താഴ്വരയിൽ മക്ക മയങ്ങുന്നു. തനിക്ക് ജന്മംനൽകിയ നഗരം. തന്റെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും നഗരം. എന്തെന്ത് ഓർമകളാണ് ഈ നഗരത്തെ ചുറ്റി ഉയർന്നുവരുന്നത്! എതിരെ നോക്കിയാൽ ഹിറാപർവതവും അറഫാമലയും. താനലഞ്ഞു തിരിയുകയും പ്രാർഥിക്കുകയും ചെയ്തത് ഇവിടെയാണ്. വീട്ടിൽ നിന്നു നോക്കിയാൽ, കുന്നുകളിൽ സൂര്യപ്രകാശത്തിന്റെ അന്തിമനൃത്തം കാണാമായിരുന്നു. തന്നെ രൂപപ്പെടുത്തിയ ഈ നഗരത്തിൽ താൻ ഇപ്പോൾ അഭയാർഥിയാണ്. അകലെ, അങ്ങ് വടക്ക്, പ്രത്യാശകളുടെ നഗരം- യസ്രിബ്. അവിടെ സുരക്ഷിതമായെത്താൻ കഴിഞ്ഞാൽ ശ്രേയസ്കരമായ ഒരു ഭാവി തന്നെ കാത്തുനിൽപുണ്ടെന്നദ്ദേഹം മനസ്സിലാക്കുന്നുണ്ട്.

ഉൾക്കണ്ണുകളിൽ മക്ക വിളിക്കുകയാണദ്ദേഹത്തെ; ഒരുപക്ഷേ, ഒരുനാൾ അല്ലാഹു അദ്ദേഹത്തിന് ജന്മനഗരത്തിൽ വിജയം നൽകുമായിരിക്കും.

## നാല്

# പരിഷ്കർത്താവ്

**യ**സ്രിബ് ഇളകിവശായി. പ്രവാചകൻ മക്കയിൽനിന്നു പുറപ്പെട്ടതായി വാർത്ത പ്രചരിച്ചിട്ടുണ്ട്; പക്ഷേ, അദ്ദേഹം എത്തിയതുമില്ല. ഖുറൈശികൾ കുതിരപ്പുറത്ത് നബിയെ തെരഞ്ഞ് അലയുന്നു; യസ്രിബുകാരും അദ്ദേഹത്തെ തന്നെ തെരഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ടു കൂട്ടർക്കും

ഇപ്പോൾ, ഈ നിമിഷം അദ്ദേഹത്തെ കിട്ടണം. സാധാരണ ജനങ്ങളുടെ ഉത്കണ്ഠ അതിന്റെ പാരമ്യത്തിലെത്തി. നഗരപ്രാന്തങ്ങളിലേക്കൊഴുകുന്ന ആളുകൾ യാത്രക്കാരോട് ചോദിക്കും: "അദ്ദേഹത്തെ നിങ്ങൾ കണ്ടോ?"

മുഹമ്മദ്നബിയും അബൂബക്റും ഗുഹയിൽനിന്നിറങ്ങി കടൽ ലക്ഷ്യമാക്കി നടന്നു. വിധിയുടെ തുലാത്തട്ടുകളിലൊന്നിൽ മരണമാണ്; മറ്റൊന്നിൽ ഒരു സാമ്രാജ്യവും. പലായനത്തിനിടയിൽ ഒന്നു രണ്ടു തവണയെങ്കിലും അന്ത്യമടുത്തെത്തിയതാണ്. യസ്രിബിലേക്ക് കടൽത്തീരം വഴി പതിവില്ലാത്ത മാർഗത്തിലൂടെയാണ് നബിതിരുമേനിയും അബൂബക്റും പോയിരിക്കുന്നതെന്ന് അറേബ്യയിലെ മികച്ച ഒരു കുതിരയോട്ടക്കാരനായ സുറാഖതുബ്നു മാലിക് അറിഞ്ഞു. തന്റെ കൂട്ടുകാരെയെല്ലാം പിന്നിലാക്കി അയാൾ അവരെ തെരഞ്ഞ് കുതിരപ്പുറത്ത് ചിറകില്ലാതെ പറന്നു. അധികം അകലെയല്ലാതെ പ്രവാചകന്റെയും അബൂബക്റിന്റെയും സുപരിചിത രൂപങ്ങൾ നടന്നുനീങ്ങുന്നതയാൾ തിരിച്ചറിഞ്ഞു. അബൂബക്ർ തിരിഞ്ഞപ്പോൾ സുറാഖ അതിവേഗം പാഞ്ഞുവരുന്നതാണ് കണ്ടത്. അസ്തമയകിരണങ്ങൾ അയാളുടെ കുന്തമുനകളിൽ തട്ടി തിളങ്ങുന്നു. അദ്ദേഹം വിലപിച്ചു: "അല്ലാഹുവിന്റെ പ്രവാചകാ, അതാ ശത്രു എത്തിക്കഴിഞ്ഞു."

പ്രവാചകനു കൂസലുണ്ടായില്ല: "ഒന്നും ഭയപ്പെടാനില്ല അബൂബക്ർ, അല്ലാഹു നമ്മോടൊപ്പമുണ്ട്." പിന്നെ തന്റെ പ്രതിയോഗിയുടെ നേരെ തിരിഞ്ഞ് നബി അഭിവാദ്യം ചെയ്തു: "സുറാഖാ, താങ്കളിവിടെ..?"

സുറാഖയുടെ കുതിര പിന്നിലെത്തിക്കഴിഞ്ഞു. ഉടനേ അത്, തിരമാലകൾ തഴുകി ഈർപ്പമേറിയ മണ്ണിൽതന്നെ വീണു. കുതിരയും കുതിരക്കാരനും മണ്ണിൽ കിടന്നുരുണ്ടു.

ആ ഖുറൈശി ആശ്ചര്യപരതന്ത്രനാണ്. അത്യദ്ഭുതകരായ രക്ഷപ്പെടലുകളെക്കുറിച്ചയാൾ കേട്ടിട്ടുണ്ട്. എന്നാൽ, ഇവിടെ ഒരു സാധാരണ സംഭവം തീർത്തും അസാധാരണമായ പ്രത്യാഘാതമുണ്ടാക്കുന്നു. ദൈവം മാത്രമാണ് അവരെ മരണത്തിൽനിന്നു രക്ഷിച്ചതെന്നും അല്ലാഹുവിനേറ്റം പ്രിയപ്പെട്ട, മുഹമ്മദ്നബിയിൽ താൻ വിശ്വസിക്കുന്നുവെന്നും സുറാഖ പറഞ്ഞു. മുസൽമാനാകാൻ സന്നദ്ധനായ അദ്ദേഹം തനിക്കുവേണ്ടി ദൈവത്തോട് പ്രാർഥിക്കാൻ നബിയോടർഥിച്ചു. തങ്ങളുടെ നേതാവ് നിയമഭ്രഷ്ടർക്ക് കീഴടങ്ങിയിരിക്കുന്നതാണ്, സുറാഖയുടെ അനുയായികൾക്ക് കാണാൻ കഴിഞ്ഞത്.

ഒട്ടകപ്പുറത്തുനിന്നിറങ്ങി പ്രവാചകൻ സുറാഖയെ ഒരു സഹോദരനെയെന്നോണം ആശ്ലേഷിച്ചു: "താങ്കൾ എന്റെ സഹോദരനാണ്. ഇസ്ലാമിന്റെ നാമത്തിൽ, ഖോസ്റോസിന്റെ വളകൾ* താങ്കൾക്കണിയിക്കപ്പെ

ടുന്ന ഒരു നാൾ വരും.”

ഒടുവിൽ, യസ്‌രിബിൽനിന്ന് ഒരു മണിക്കൂർ വഴിദൂരമുള്ള ഖുബാഅ് എന്ന കുഗ്രാമത്തിൽ പ്രവാചകനെത്തി. ഇവിടെ കർഷകരാണ് താമസിക്കുന്നത്. അവരിൽ പ്രമുഖൻ അംറുബ്നു ഔഫാണ്. ഹിജ്റയുടെ എട്ടാം നാളായിരുന്നു അത്; പന്ത്രണ്ടാം രാവും. മൂന്നു ദിവസം ഗുഹയിലും അഞ്ചു ദിവസം യാത്രയിലും കഴിച്ചുകൂട്ടി. ക്ലേശത്തിന്റെയും പീഡനത്തിന്റെയും ഭ്രഷ്ടിന്റെയും കാലം ഇനി ഇന്നലെയുടെ ഓർമകൾ മാത്രം. ഇസ്‌ലാമിൽ ഒരു നവീനയുഗം ആരംഭിച്ചുകഴിഞ്ഞു. ആദ്യമായി ചരിത്രം ഒരു പലായനത്താൽ എണ്ണപ്പെടാൻ തുടങ്ങി.**

പ്രവാചകൻ അംറുബ്നു ഔഫിനോടൊത്ത് ഏതാനും ദിവസം വിശ്രമിച്ചു. പക്ഷേ, വിശ്രമം സാധ്യമാണോ? കുടത്തിലെ ദീപം പോലെ, ഒരു നേതാവിനെ അനുയായികളിൽനിന്ന് മറച്ചുപിടിക്കാനെത്രനാൾ കഴിയും? യസ്‌രിബുകാർക്കിനി പ്രവാചകനെ തെരയേണ്ടതില്ല. അംറിന്റെ വീട്ടിലേക്ക് ഭക്തജനപ്രവാഹം തന്നെയുണ്ടായി. യസ്‌രിബിന്റെ പുതിയ ഭരണാധിപൻ വന്നിരിക്കുന്നുവെന്ന വാർത്ത നാഴികകൾ സഞ്ചരിച്ചു. മറ്റു ഗോത്രങ്ങളുടെ നേതാക്കൾ പ്രവാചകനെ സ്വാഗതം ചെയ്യാനെത്തി; പാവങ്ങൾ അദ്ദേഹത്തെ ഒരു നോക്കു കാണാനും. മാനുഷ്യകത്തിന്റെ ചരിത്രത്തിൽ പ്രവാചകത്വവും ഭരണാധിപത്യവും ഒരാളിൽ സംയോജിക്കുകയാണ്.

മുഹമ്മദ്നബിയുടെ പ്രവേശത്തോടെ യസ്‌രിബ് മദീനതുന്നബി (പ്രവാചക നഗരി) അഥവാ, ‘അൽമദീന’ എന്ന് വാത്സല്യപൂർവം വിളിക്കപ്പെടാൻ തുടങ്ങി. പ്രസന്നമായ ഒരു പ്രഭാതം. നഗരം ഉത്സവപ്രതീതിയിലാണ്. ജനങ്ങളത്രയും ആഹ്ലാദഭരിതരായിരിക്കുന്നു. പ്രവാചകനോടു കാണിക്കുന്ന ഏതൊരു അനാദരവും മദീനക്കേറ്റ അപമാനമായി ഇപ്പോൾ വ്യാഖ്യാനിക്കപ്പെടും. അദ്ദേഹത്തിനെതിരായ ഖുറൈശികളുടെ ഗൂഢാലോചന തങ്ങൾക്കെതിരായുള്ള തെറ്റായിട്ടാണവർ കാണുന്നത്. പിന്തുടർന്നുവന്ന ശത്രുക്കളിൽ നിന്ന് വിജയകരമായി ഒഴിഞ്ഞുമാറാൻ നബിക്ക് കഴിഞ്ഞത് അദ്ദേഹത്തിൽ മദീനാ നഗരമർപ്പിച്ച പ്രത്യാശകൾ ദൈവം അംഗീകരിച്ചതിനു തുല്യമായിരുന്നു. എല്ലാ വീടുകളും അലങ്കരിക്കപ്പെട്ടു. എല്ലാ സ്ത്രീകളും തങ്ങളുടെ ഏറ്റവും വിശേഷപ്പെട്ട വസ്ത്രങ്ങളണിഞ്ഞു. കുട്ടികൾ ആഹ്ലാദം കൊണ്ടുന്മത്തരായി തെരുവീഥികളിലൂടെ ഓടിക്കളിച്ചു. പ്രവാചകന്റെ ഘോഷയാത്ര കടന്നുപോകവെ, നിരത്തുകളിൽ ആഹ്ലാദഭരിതരായ ജനങ്ങൾ തിങ്ങിഞെരുങ്ങി. യുദ്ധഭൂമിയിൽ നിന്നു ധീരയോദ്ധാവ് കൈനിറയെ വിജയവുമായി മാതൃഭൂമിയിൽ തിരിച്ചെത്തിയ പ്രതീതി. റോമാ ചക്രവർത്തിക്കുപോലും അസൂയ തോന്നിക്കുന്ന വരവേൽപ്. അത് ഉദ്യോഗസ്ഥന്മാർ ആസൂത്രണം ചെയ്ത് സംഘടിപ്പിച്ച ഒന്നായിരുന്നില്ല; ജനഹൃദയങ്ങളിൽനിന്നു വന്നതായിരുന്നു.

നബിയുടെ ആതിഥേയരാവാനുള്ള ആഗ്രഹത്തോടെ പലരും മുന്നോട്ടു വന്നു. പ്രാദേശിക നേതാക്കന്മാരിൽ പ്രമുഖനെന്ന നിലക്ക് ആ വിശിഷ്ടാതിഥിക്ക് ആതിഥ്യം നൽകാൻ തനിക്കാണവകാശമെന്ന് സഅ്ദ് വാദിച്ചു. തന്റെ പ്രിയങ്കരനായ നബിയെ സ്വീകരിക്കാൻ, അദ്ദേഹത്തിന്റെ സാന്നിധ്യം കൊണ്ട് തന്റെ വീട് അനുഗ്രഹിക്കപ്പെടാൻ മിസ്അബും ആഗ്രഹിച്ചു. അതുപോലെത്തന്നെ ഈ ഭാഗ്യത്തിനു വേണ്ടി അഭിലഷിച്ചവരാണ് ഉമറും അബൂഅയ്യൂബും. ചിലർ നബിയുടെ ഒട്ടകക്കടിഞ്ഞാൺ തങ്ങളുടെ വീടുകൾക്ക് നേരെ പിടിച്ചുവലിക്കുകപോലും ചെയ്തു. “അവൻ സമർഥനായ മൃഗമാണ്; അവൻ ഇഷ്ടമുള്ളിടത്തേക്ക് കൊണ്ടുപോകട്ടെ”- സൗമ്യമധുരമായി നബിതിരുമേനി പറഞ്ഞു. ഒടുവിൽ അംറിന്റെ മക്കളുടെ തൊഴുത്തിനു മുമ്പിൽ ഒട്ടകം മുട്ടുമടക്കി. പ്രവാചകൻ, ജനങ്ങൾക്കിടയിലൂടെ നടന്നു; തന്റെ ശിഷ്യനായ അബൂഅയ്യൂബിന്റെ വീട്ടിലേക്ക്.

മദീനയിൽ താനാദ്യമായി കാലുകുത്തിയ സ്ഥലത്ത് ഇസ്‌ലാമിന്റെ ഒരു മന്ദിരമുയർത്താൻ നബി ആഗ്രഹം പ്രകടിപ്പിച്ചു. ആ സ്ഥലം അനാഥരായ രണ്ടു ബാലന്മാരുടേതായിരുന്നു. അന്നത്തെ മാർക്കറ്റ് വിലയനുസരിച്ച് വാങ്ങാൻ താൽപര്യം പ്രകടിപ്പിച്ചുകൊണ്ട് അവരുടെ രക്ഷിതാവിന് അദ്ദേഹം ആളെ അയച്ചു. ആ കുട്ടികൾ സമ്പന്നരായിരുന്നതുകൊണ്ട്, സ്ഥലം അദ്ദേഹത്തിനു ഇഷ്ടദാനമായി നൽകപ്പെട്ടു. എന്നാൽ, അത്തരമൊരു പാരിതോഷികം അദ്ദേഹത്തിന്നിഷ്ടമല്ലായിരുന്നു. അതിനു വില നൽകുക തന്നെ ചെയ്തു, പ്രവാചകൻ. ഇവിടെ ഇസ്‌ലാമിന്റെ രണ്ടാമത്തെ ആരാധനാലയത്തിന് തറക്കല്ലിട്ടു. ആദ്യത്തെ പള്ളിയുടെ പണി ഏതാനുംനാൾ മുമ്പുതന്നെ ഖുബായിൽ ആരംഭിച്ചുകഴിഞ്ഞിരുന്നു.

പള്ളിപണിയിൽ ഒരു സാധാരണ തൊഴിലാളിയെപ്പോലെ മുഹമ്മദും പങ്കെടുത്തു. ഏതു കാര്യത്തിലായാലും തന്റെ സഹജീവികളെപ്പോലെത്തന്നെ ഒരു സാധാരണക്കാരനാണ് താനെന്ന് തെളിയിക്കാൻ എന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ മാതൃക, ഈ മഹത്തായ സംരംഭത്തിൽ തോളോടുതോളുരുമ്മി ജോലിചെയ്യാൻ എല്ലാ തുറകളിലുമുള്ളവർക്ക് പ്രേരണയും പ്രചോദനവും നൽകി. അങ്ങനെ സ്നേഹത്തിന്റെയും അർപ്പണ ബോധത്തിന്റെയും കരപരിലാളനയേറ്റ് ആ മന്ദിരമുയർന്നുവന്നു.

കൈവന്നുചേർന്ന ഭാഗ്യം വീണ്ടും കഠിനാധ്വാനം ചെയ്യാൻ പ്രേരണ നൽകുകയായിരുന്നു. ഇസ്‌ലാമികവൃക്ഷം ഫലം നൽകാൻ തുടങ്ങിയപ്പോൾ പ്രവാചകൻ യാതനകളിൽനിന്നു ഒഴിഞ്ഞുമാറിയില്ല. വിജയം ഒരിക്കലും അദ്ദേഹത്തെ ലഹരിപിടിപ്പിച്ചില്ല. അധികാരാധിപത്യങ്ങൾക്ക് അദ്ദേഹത്തിൽ ഒരു സ്വാധീനവും ചെലുത്താൻ കഴിഞ്ഞിരുന്നില്ല. മുമ്പത്തെപ്പോലെത്തന്നെ അപ്പോഴും അദ്ദേഹം വിനയാന്വിതനായിരുന്നു; അല്ലാ

ഹുവിനോട് കൂറുള്ളവനായിരുന്നു. അഹന്തയോ അഹംഭാവമോ ഇല്ല. ആളുകൾക്കെപ്പോഴും പ്രാപ്യൻ. അവർക്ക് കഴിയുന്നത്ര ഉപകാരം ചെയ്തുകൊടുക്കുന്നയാൾ. എല്ലാ ജോലിയും സ്വയം ചെയ്യും. ഉടുപ്പു തുന്നും, മുറി അടിച്ചുവാരും, ചന്തയിൽ നിന്നും സാമാനങ്ങൾ വാങ്ങിക്കൊണ്ടുവരും, ഒട്ടകങ്ങൾക്ക് തീറ്റ കൊടുക്കും. തന്റെ ജനങ്ങളുടെ മാതൃകാപുരുഷനായി വിചിത്ര നേതാവ് തന്നെ.

സുഖസൗകര്യങ്ങളൊന്നും തന്നെ ഇസ്‌ലാമിന്നു വേണ്ടിയുള്ള യാതനകളിൽനിന്ന് അദ്ദേഹത്തെ വഴിതിരിച്ചില്ല. അനുയായികളുടെ വിഭിന്ന താൽപര്യങ്ങൾ ഏകോപിപ്പിക്കുക, പഴയ കുടിപ്പകകളെ അതിജീവിക്കാനവരെ പ്രേരിപ്പിക്കുക, അവരിൽ മാനസികധൈര്യവും ഔദാര്യവും ഉളവാക്കുക, സാമൂഹിക തിന്മകളെ തുടച്ചുനീക്കുക, വിഗ്രഹാരാധനയുടെ അവശിഷ്ടം പോലും ഇല്ലാതാക്കുക- തുടങ്ങിയ കർത്തവ്യങ്ങൾ തന്നെ പ്രാഥമിക ലക്ഷ്യങ്ങളായി ഇപ്പോഴും മനസ്സിൽ തിങ്ങിനിൽക്കുന്നു. അതിനുവേണ്ടിയാണ് തന്റെ മുഴുവൻ ശക്തിയും സാധ്യതകളും സ്വാധീനങ്ങളും അദ്ദേഹം സ്വരൂപിക്കുന്നത്. തന്റെ കാലത്തെ സാമൂഹികവ്യവസ്ഥയുടെ വീഴ്ചകളെക്കുറിച്ച് അദ്ദേഹം അഗാധമായി ചിന്തിച്ചിരുന്നു. ഇപ്പോൾ ആ അഭിപ്രായങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള സാഹചര്യവും അധികാരവുമുണ്ട്. നിത്യജീവിതത്തിൽ ആ ആദർശവിധികൾ കൊണ്ടുവരേണ്ടിയിരിക്കുന്നു.

# 2

മദീനയിലെത്തി ആദ്യത്തെ ഏതാനും മാസങ്ങൾക്കകം പ്രവാചകൻ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ ഒന്നോടിച്ചു പറഞ്ഞാൽ പോരാ.

ഒരു പള്ളിയുടെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞു. ഒട്ടും അപ്രധാനമല്ലാത്ത മറ്റൊരു പ്രശ്നത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. മക്കയിൽ നിന്നു വന്ന അഭയാർഥികളുടെ സ്ഥാനത്തെക്കുറിച്ചാണത്. സൗഹൃദത്തോടെയാണെങ്കിലും അവർ മദീനയിൽ അന്യരാണല്ലോ. ഇവർ 'മുഹാജിറുകൾ' എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ആദ്യമായി ഇസ്‌ലാംമതമാശ്ലേഷിച്ചവരാണവർ; പ്രവാചകന്റെ മാതൃക പിൻപറ്റാൻ വേണ്ടി ഗോത്രബന്ധങ്ങളും കുടുംബബന്ധങ്ങളും ബലികഴിച്ചവർ; മദീനാവാസികൾ 'അൻസ്വാരികൾ' എന്ന പേരിലാണ് അറിയപ്പെട്ടത്. തങ്ങളില്ലായിരുന്നുവെങ്കിൽ പ്രവാചകന് അപ്പോഴും അധികാരമൊന്നുമുണ്ടാകുമായിരുന്നില്ലെന്നും അതുകൊണ്ട് തങ്ങൾക്കാണ് പ്രാമാണ്യമെന്നും അവർ വിചാരിച്ചു. വികാരശീലരാകുമ്പോൾ, വാക്കുതർക്കം മൂക്കുകയായി. ഒടുവിൽ പ്രശ്നം പ്രവാചകസന്നിധിയിലെത്തിയപ്പോൾ, പരിഹാരം കണ്ടെത്താൻ ഒരു പ്രയാസവുമുണ്ടായില്ല. ഇസ്‌ലാമിൽ പ്രാമാണ്യമൊന്നുമില്ലെന്നും എല്ലാ മുസ്‌ലിംകളും സഹോദരങ്ങളാണെന്നും അദ്ദേഹമവരോട് പറഞ്ഞു.

ഓരോ മുഹാജിറിനെയും അൻസ്വാരിയുമായി സാഹോദര്യപാശത്താൽ അദ്ദേഹം ബന്ധിച്ചു- മാനവചരിത്രത്തിൽ അനന്യമായ സംഭവം. ഇരു കൂട്ടരും സഹോദരന്മാരെപ്പോലെ പരസ്പരം സ്നേഹിക്കുകയും പെരു മാറുകയും വേണമെന്ന് അദ്ദേഹം ഉപദേശിച്ചു. ഫലമെന്തായിരുന്നു വെന്നോ? ഓരോ അൻസ്വാരിയും തന്റെ വീട്ടിലെ പകുതി സ്ഥലവും സാമാനങ്ങളും മുഹാജിർ സഹോദരന് വിട്ടുകൊടുത്തു! അൻസ്വാരികളെ സംബന്ധിച്ചിടത്തോളം അതിൽ യാതൊരുവിധ വേദനയുമുണ്ടായില്ല. പ്രവാചകൻ നിർദേശിച്ചതിനേക്കാൾ താൽപര്യത്തോടെയാണവരങ്ങനെ ചെയ്തത്. അങ്ങനെ മദീന സന്തുഷ്ടസമൂഹത്തിനു മാതൃകയായി -തൊഴിലും അതിൽനിന്നുള്ള ആദായവും ന്യായമായി വിഭജിക്കപ്പെട്ടു. സേവിക്കപ്പെടേണ്ടവർ സേവിക്കേണ്ടതുണ്ട്. കൂട്ടായ ത്യാഗബോധത്തെ പരിപോഷിപ്പിക്കുന്ന, വ്യക്തിപരമായ പരിശ്രമങ്ങളെ പ്രോൽസാഹിപ്പി ക്കുന്ന, സ്വയംപര്യാപ്തതയുടെ ഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹം. മദീനയിൽ വേരുറച്ചുകഴിഞ്ഞ ഇസ്‌ലാം, സമൂഹസങ്കൽപത്തെ ക്കുറിച്ചുള്ള പ്രവാചകന്റെ തത്ത്വങ്ങൾക്കെല്ലാം ഇണങ്ങുന്നതായി. അവ യാവട്ടെ, അദ്ദേഹത്തിന്റെ ദൈവസങ്കൽപത്തോട് സദൃശവുമായിരുന്നു. മുഹമ്മദിന്റെ ദൈവം ഏതെങ്കിലും ഗോത്രത്തിന്റെ ദൈവമല്ല, ഇബ്റാഹീം നബിയുടെയും യഅ്ഖൂബ് നബിയുടെയും മാത്രം ദൈവവുമല്ല. അവൻ റബ്ബുൽ ആലമീൻ ആകുന്നു- വിശ്വാസികളും അവിശ്വാസികളുമടങ്ങുന്ന മുഴുവൻ മാനുഷ്യകത്തിന്റെയും എല്ലാ ലോകങ്ങളുടെയും സ്രഷ്ടാവും അന്നദായകനും സംരക്ഷകനുമായ ദൈവം. അതുപോലെത്തന്നെ ഇസ്‌ലാം പടുത്തുയർത്തിയ സമൂഹത്തിലും എല്ലാ വ്യക്തികളും വർണ-വർഗ-വംശഭേദമന്യേ തുല്യരാണ്.

തന്റെ അനുയായികളെക്കൊണ്ട് അനുസരിപ്പിക്കുന്ന കാര്യത്തിൽ മുഹമ്മദ് നബി ആദരണീയനായ ഒരു ഭരണാധികാരിയായിരിക്കാം. എന്നാൽ, തന്റെ ദൗത്യത്തിൽ വിശ്വസിക്കാത്തവരോടുള്ള അദ്ദേഹത്തിന്റെ സമീപനം എന്തായിരുന്നു? ജൂതന്മാരോടും ക്രിസ്ത്യാനികളോടും തുല്യ രീതിയിലുള്ള സഹിഷ്ണുതയും കാരുണ്യവുമാണോ അദ്ദേഹം കാണി ച്ചത്? താനാരാധിക്കുന്ന ദൈവത്തെ അവിശ്വാസികളും, അവർ ആരാധി ക്കുന്ന ദൈവങ്ങളെ താനും ആരാധിക്കുന്നില്ലെന്നു പ്രവാചകൻ പറഞ്ഞിട്ട് ഏതാനും വർഷങ്ങളായി- നീതിമാനായ അല്ലാഹു തനിക്കും അവർക്കും അർഹമായ പ്രതിഫലം നൽകുമെന്നും അദ്ദേഹം അന്ന് പറയുകയു ണ്ടായി. വിധിയുടെ ചിത്രദർശിനിയിലുണ്ടായ വ്യതിയാനങ്ങൾ, ലോകത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ വീക്ഷണത്തിന് ഒരു മാറ്റവും വരുത്തിയിട്ടില്ല. അറേബ്യയിൽനിന്ന് വിഗ്രഹാരാധന തുടച്ചുനീക്കുക യെന്ന പ്രധാന കർത്തവ്യത്തിനപ്പുറം മറ്റു ചില കാര്യങ്ങൾക്കു കൂടി യാണ് അവിടുന്ന് നിയോഗിക്കപ്പെട്ടിട്ടുള്ളതെങ്കിലും അദ്ദേഹം ഇപ്പോഴും വെറും ഒരു ദൂതൻ മാത്രമാണ്. അധികാരം സങ്കൽപങ്ങളിൽ യാതൊര

ന്തരവും ഉണ്ടാക്കിയിട്ടില്ല. മുമ്പത്തെപ്പോലെത്തന്നെ ശ്രോതാക്കൾക്ക് അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. സ്വീകരിച്ചാൽ അവർക്ക് കൊള്ളാം. നിരാകരിച്ചാൽ അല്ലാഹു ചോദിച്ചു കൊള്ളും. ദൈവത്തിന്റെ നിർദേശങ്ങൾ അനുസരിക്കാൻ വന്ന പ്രവാച കനത്രെ മുഹമ്മദ്.

മദീനയിലെ ഒരു പ്രധാന ജനവിഭാഗമാണ് യഹൂദർ. മനസ്സില്ലാമന സ്സോടെയാണെങ്കിലും, പ്രവാചകനു നഗരം നൽകിയ വരവേൽപിൽ അവരും പങ്കെടുത്തിരുന്നു. തേനും പാലുമൊഴുകുന്ന ഭൂമിയിലേക്ക് തങ്ങളെ നയിക്കാൻ വന്നിരിക്കുന്ന പുതിയ പ്രവാചകന്റെ ഭാവിസാധ്യത കളെ അവർ വിലയിരുത്തി. കാലാകാലങ്ങളിൽ പല പ്രവാചകരും വന്നു പോയിട്ടുണ്ട്. ഇവരെയെല്ലാം അവർ സംശയത്തോടെയാണ് വീക്ഷിക്കു ന്നത്. മുഹമ്മദ്നബി മക്കയിലായിരുന്നപ്പോൾ, അദ്ദേഹം വാഗ്ദത്ത മിശിഹയാണെന്ന് വിശ്വസിക്കാൻ അവർക്ക് അർധമനസ്സുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ അവരുടെ അഭിപ്രായമാകെ മാറിയിരിക്കുന്നു. യേശു ക്രിസ്തുവിനെയെന്നപോലെ, ഒരുപക്ഷേ, അതിൽ കൂടുതലായി- കാരണം, അദ്ദേഹം ഒട്ടകക്കാരനിലും ഗോത്രത്തലവനിലും അന്തരം കൽപിക്കുന്നില്ലല്ലോ- അവർ മുഹമ്മദ്നബിയെ സംശയിക്കുന്നു. അദ്ദേ ഹത്തിന്റെ ആദർശങ്ങൾ, 'തെരഞ്ഞെടുക്കപ്പെട്ട ജനം' എന്ന തങ്ങളുടെ വരേണ്യസങ്കൽപങ്ങളുമായി യോജിക്കുന്നില്ലെന്നവർ കണ്ടു. അവരുടെ ആശങ്കകൾ മനസ്സിലാക്കിയ അദ്ദേഹം ആരാധനാസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ആഗ്രഹാനുസരണം പ്രവർത്തിക്കാമെന്നും അവർക്കുറപ്പു നൽകി. മറ്റുവിധേനയും അവരുടെ പിന്തുണ നേടാൻ ശ്രമിച്ചു. അതേസ മയം മദീനാനഗരത്തോടും അവിടത്തെ പൗരന്മാരോടും കൂറുപുലർത്ത ണമെന്ന് അദ്ദേഹം നിർബന്ധിക്കുകയും ചെയ്തു. ഇതെല്ലാം ഒരു ഉടമ്പ ടിയായി, രേഖയായി മാറ്റിയതിലാണ് അദ്ദേഹത്തിന്റെ മഹത്വം.

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമ ത്തിൽ, ഖുറൈശികളായാലും യസ്രിബ്നിവാസികളായാലും എല്ലാ വിശ്വാസികൾക്കും, കുലമേതായാലും എല്ലാ വ്യക്തികൾക്കും പ്രവാച കനായ മുഹമ്മദ് നൽകുന്ന പ്രമാണപത്രമാകുന്നു ഇത്." മുസ്‌ലിംകൾ അനുസരിക്കേണ്ട പല നിയമങ്ങളും പറഞ്ഞതിനുശേഷം അതിൽ വിവരി ക്കുന്നു: "യുദ്ധത്തിലും സമാധാനത്തിലും എല്ലാ മുസ്‌ലിംകൾക്കും പൊതുവായ അവസ്ഥയായിരിക്കും. അവരിലാർക്കും സമാധാനമവസാ നിപ്പിക്കാനോ തങ്ങളുടെ മറ്റു മതങ്ങളിലെ ശത്രുക്കളുടെ നേരെ യുദ്ധം പ്രഖ്യാപിക്കാനോ അധികാരമുണ്ടാവില്ല. യഹൂദർ നമ്മുടെ സഖ്യ ത്തിൽപെട്ടവരാണ്; അവരെ അപമാനത്തിൽ നിന്നും പീഡനത്തിൽനിന്നും നാം രക്ഷിക്കേണ്ടതുണ്ട്. നമ്മുടെ സഹായത്തിലും നമ്മളുമായുള്ള നല്ല ബന്ധത്തിലും അവർക്ക് തുല്യാവകാശമുണ്ട്. ജൂതരും യസ്രിബിൽ താമ

സിക്കുന്ന എല്ലാവരും മുസ്‌ലിംകളുമായിച്ചേർന്ന് ഒരു ജനതയായിരിക്കും. തങ്ങളുടെ മതം ആചരിക്കാൻ എല്ലാവർക്കും സമ്പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും. കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. ശത്രുക്കൾക്കെതിരെ മുസ്‌ലിംകളും യഹൂദരും ഒന്നിച്ചുപോരാടണം. യഹൂദരുടെയും മുസ്‌ലിംകളുടെയും സഖ്യത്തിൽപെട്ടവരെല്ലാം വ്യക്തിപരമായി പരസ്പരം മാനിക്കപ്പെടണം. കുറ്റവാളി അടുത്ത ബന്ധുവാണെങ്കിൽ പോലും വല്ല ക്രമക്കേടോ അനീതിയോ കുറ്റകൃത്യമോ ആരോടെങ്കിലും കാണിച്ചാൽ യഥാർഥ മുസ്‌ലിംകളെല്ലാം അവനെ വെറുക്കണം. ഭാവിയിലുണ്ടായേക്കാവുന്ന തർക്കങ്ങൾ പരിഹരിക്കാൻ, ഈ പ്രമാണമംഗീകരിക്കുന്നവരെല്ലാം പ്രവാചകനുമായി ഉണ്ടാക്കിയ കരാർ അടിസ്ഥാനമാക്കേണ്ടതാണ്.''

ഈ പ്രമാണത്തോടെ ഉദ്ഘാടനം ചെയ്യപ്പെട്ട മതസഹിഷ്ണുത; അത് ക്രിസ്ത്യാനികൾക്കും സൊരാഷ്ട്രിയർക്കും കൂടി ബാധകമാക്കിയതോടെ പൂർണമായി. ക്രൈസ്തവരുടെ അവകാശങ്ങളെക്കുറിച്ച് പ്രവാചകൻ പറയുന്നു: ''നജ്റാനിലെയും സമീപപ്രദേശങ്ങളിലെയും ക്രിസ്ത്യാനികളുടെ ജീവന്നും സ്വത്തിനും മതത്തിനും ദൈവത്തിന്റെ രക്ഷയും പ്രവാചകന്റെ പ്രതിജ്ഞയും ബാധകമായിരിക്കുന്നതാണ്. അവരുടെ വിശ്വാസാചരണത്തിലോ മതാനുഷ്ഠാനങ്ങളിലോ ഒരു വിധത്തിലുള്ള ഇടപെടലും ഉണ്ടായിക്കൂടാ. അവരുടെ അവകാശാധികാരങ്ങളിൽ ഒരു മാറ്റവും വരുത്തിക്കൂടാ. അവരുടെ കുരിശോ ബിംബമോ അനാദരിക്കപ്പെടാനിടയാകരുത്. അവർ മറ്റുള്ളരെ മർദിക്കുകയോ മറ്റുള്ളവരാൽ മർദിക്കപ്പെടുകയോ ചെയ്യരുത്. എന്നാൽ ജാഹിലിയ്യാകാലത്തെ (അജ്ഞതയുടെ കാലഘട്ടമെന്നർഥം) ചോരക്ക് ചോര എന്ന പ്രതികാരമനോഭാവം അവർ പുലർത്താൻ പാടില്ല.''

ഒരു അഗ്നിക്ഷേത്രത്തിന്റെ പുരോഹിതന് പ്രവാചകൻ എഴുതി: "ഫറൂഖ് ഇബ്നുഷക്സാന്നും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾക്കും ദൈവത്തിന്റെ പ്രവാചകൻ മുഹമ്മദ് എഴുതുന്നത്: നിങ്ങളിൽ ആരൊക്കെ മുസ്‌ലിംകളായാലും ആരൊക്കെ നിലവിലുള്ള വിശ്വാസത്തിൽ തുടർന്നാലും ദൈവത്തിന്റെ രക്ഷ അവരുടെ ജീവനിലും സ്വത്തിലുമുണ്ടായിരിക്കും അവർ വസിക്കുന്നത് കുന്നുകളിലാവട്ടെ, സമതലങ്ങളിലാവട്ടെ എവിടെയായാലും അവർ മർദിക്കപ്പെടുകയോ അവരോട് അന്യായം കാണിക്കപ്പെടുകയോ ഇല്ല. ഈ കത്ത് വായിക്കുന്നവരും അവരെ സംരക്ഷിക്കണം. അഗ്നിക്ഷേത്രങ്ങളും അതോടനുബന്ധിച്ച വസ്തുക്കളും കൈവശംവെച്ചനുഭവിക്കുന്നതിന് അവർക്ക് പൂർണസ്വാതന്ത്ര്യമുണ്ടായിരിക്കും. അവരുടെ മതത്തിനും സമൂഹത്തിനും വിശുദ്ധമെന്ന് അവർ കരുതുന്ന കാര്യത്തിൽ നിയന്ത്രണം ചെലുത്താൻ ആർക്കും അവകാശമില്ല.''

മനുഷ്യരോടുള്ള പ്രവാചകന്റെ ഈ സഹിഷ്ണുത തീർത്തും സമഗ്രമാണ്.

മറ്റു ലോകഗുരുക്കളെ ന്യായീകരിക്കാൻ പുറപ്പെടുമ്പോഴൊക്കെ, കത്തോലിക്കാമതത്തിലെ കാരുണ്യം, അദ്ദേഹത്തിന്റെ വീക്ഷണത്തിൽ പ്രകടമായ ഒന്നത്രെ. തനിക്കൊരു സാധാരണ മനുഷ്യന്റെ സ്ഥാനമേ ഉള്ളൂ എന്നവകാശപ്പെടുമ്പോൾ തന്നെ, തനിക്കുമുമ്പേ വന്നുപോയ പ്രവാചകന്മാർക്കെതിരായ അപവാദങ്ങൾ ഖണ്ഡിച്ചുകൊണ്ട് അവരുടെ അനുഗൃഹീതമായ കഴിവുകളെ അദ്ദേഹം വാഴ്ത്തുന്നു; അവർ സന്മാർഗികളും നിഷ്കളങ്കരുമായിരുന്നുവെന്ന് ഉജ്ജ്വലമായി, സമഗ്രമായി പ്രഖ്യാപിക്കുന്നു. അബ്രഹാമിന്റെ സത്യസന്ധതയും ജോസഫിന്റെ സ്വഭാവശുദ്ധിയും അദ്ദേഹം ശക്തമായി ന്യായീകരിക്കുന്നു. യേശുവിലെ ഈശ്വരചൈതന്യത്തെ അദ്ദേഹം അംഗീകരിക്കാതിരിക്കുന്നില്ല; ദൈവവുമായി ആ പ്രവാചകന് ശാരീരികബന്ധമുണ്ടെന്ന അവകാശവാദമൊഴിച്ചുനിർത്തിയാൽ. ഇതര മതങ്ങളിലെ പ്രവാചകന്മാരോടുള്ള ആദരവ്, മുഹമ്മദ് നബി പഠിപ്പിച്ച മതത്തിന്റെ അവിഭാജ്യഭാഗമാണ്.

# 3

മറ്റു പല കാര്യങ്ങളിലും മുഹമ്മദ് നാടകീയമായ പരിവർത്തനങ്ങളുണ്ടാക്കി. യഹൂദരുമായുള്ള ഉടമ്പടിയിൽ, ചോരക്കു ചോരയെന്ന അറബികളുടെ പരമ്പരാഗതമായ, പ്രാകൃതമായ പ്രതികാരമനോഭാവം എന്നന്നേക്കുമായി നിർത്തലാക്കി. മേലിൽ, നിയമവിരുദ്ധമായ എന്തെങ്കിലും ആരുടെയെങ്കിലും ഭാഗത്തുനിന്നുണ്ടായാൽ പ്രവാചകൻ തീരുമാനമെടുക്കും. വാളിന്റെ ഉപയോഗം നിയന്ത്രിച്ചുവെങ്കിലും അത് പൂർണമായും നിരോധിച്ചില്ല. നീതിക്കോ യുക്തിക്കോ പകരംനിൽക്കാൻ വാളിനു കഴിഞ്ഞില്ലെങ്കിലും ഉറയിൽനിന്ന് അത് ഊരേണ്ടിവരുന്ന സന്ദർഭങ്ങളുണ്ടെന്ന് അദ്ദേഹത്തിനറിയാം- സ്വാതന്ത്ര്യം ചവിട്ടിമെതിക്കപ്പെടുമ്പോൾ, നീതി പ്രഹസനമായിത്തീരുമ്പോൾ, അധികാരസ്ഥാനങ്ങളിൽ അൽപന്മാർ പ്രതിഷ്ഠിക്കപ്പെടുമ്പോൾ- അപ്പോഴൊക്കെ ഖഡ്ഗം ആവശ്യമായി വന്നേക്കാം. ഏത് മതവിഭാഗത്തിന്റേതായാലും ദൈവാരാധനക്കായുള്ള മന്ദിരത്തെ, നാശത്തിൽനിന്നു രക്ഷിക്കാൻ വാളുപയോഗിക്കുന്നതിന്ന് ഒരു മുസൽമാന് അവന്റെ മതം അധികാരം നൽകുന്നുണ്ട്. ആത്മരക്ഷക്കായും അവനു വാളുപയോഗപ്പെടുത്താം. പക്ഷേ, അക്രമി സമാധാനത്തോട് അൽപമെങ്കിലും ചായ്‌വ് കാട്ടുന്നെങ്കിൽ അയാളത് ഉറയിലിടേണ്ടതുണ്ട്. പീഡിപ്പിക്കുന്നത് യഹൂദനോ ക്രിസ്ത്യാനിയോ മറ്റൊരു മുസൽമാനോ ആരായിരുന്നാലും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയും മുസൽമാന് ഖഡ്ഗപ്രയോഗമാവാം. വാളുകൊണ്ട് മതം പ്രചരിപ്പിക്കുന്നതിന് വിശുദ്ധ ഖുർആനോ പ്രവാചകനോ ആർക്കും അനുവാദംനൽകിയിട്ടില്ല. അത്തരം

മതപ്രചാരണം ഇസ്‌ലാമികദൃഷ്ട്യാ നിയമവിരുദ്ധമാണ്. അതുപോലെ ത്തന്നെ ആരെയെങ്കിലും ആക്രമിച്ചു യുദ്ധംചെയ്യാനും അനുവാദം നൽകി യിട്ടില്ല.

മദ്യപാനത്തോടും ചൂതാട്ടത്തോടും പ്രവാചകന് ഒരു വിട്ടുവീഴ്ചയു മില്ല. അവ ചെകുത്താന്റെ വേലകളാണ്. പന്നിയുടെയോ ശവത്തിന്റെയോ ഇതര ദൈവങ്ങൾക്ക് ബലിയർപ്പിക്കപ്പെട്ട ജീവികളുടെയോ മാംസം വിശ്വാ സിക്ക് നിഷിദ്ധമാണ്. കാട്ടുജന്തുക്കൾ കടിച്ചോ തട്ടിമുട്ടി വീണോ ചത്തതും കഴുത്തു ഞെരിച്ചു കൊല്ലപ്പെട്ടതുമായ ജന്തുക്കളുടെ മാംസം ഭക്ഷിക്കുന്നതും നിയമവിരുദ്ധമാണ്.

എന്നാൽ, സന്യാസത്തിന്റെയോ വിരക്തിയുടെയോ ജീവിതമല്ല പ്രവാ ചകൻ നിർദേശിക്കുന്നത്. ഭക്ഷണം, രതി, വസ്ത്രം തുടങ്ങിയ ജീവിത ത്തിന്റെ ആഹ്ലാദങ്ങൾ പരിത്യജിക്കുന്നതുകൊണ്ടോ ശരശയ്യയിൽ ശയി ക്കുന്നതുകൊണ്ടോ തപശ്ചര്യയോ ഉപവാസമോ കൊണ്ടോ മാത്രം നേടാ വുന്ന ഒന്നല്ല മോക്ഷം. ഈ ജീവിതത്തിലൂടെ കടന്നുപോകുന്നതിനുവേ ണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അവന് കാണാൻ കണ്ണുകളുണ്ട്; കേൾക്കാൻ കാതുകളുണ്ട്. സ്പർശന-ഘ്രാണ-രസനേ ന്ദ്രിയങ്ങളുണ്ട്. വികാര- വിചാരാനുഭൂതികളുണ്ട്. സഹജാവബോധമുണ്ട്; യുക്തിബോധമുണ്ട്. സൃഷ്ടിയുടെ പ്രക്രിയക്കിടയിൽ പടക്കപ്പെട്ട അവന്, തന്റെ വംശത്തിന്റെ അനുസ്യൂതതിക്കാവശ്യമായ എല്ലാ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ, രതിയും വികാരങ്ങളും സൗന്ദര്യ ബോധവുമില്ലാത്ത പ്രകൃതിവിരുദ്ധനായിരിക്കാനാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചതെന്നു കരുതാൻ ന്യായമില്ല; മറിച്ചാണെങ്കിൽ ആ സൃഷ്ടി വളരെ പിശകിപ്പോയി. പ്രകൃതിയുടെ അപ്രതിരോധ്യശക്തികളെ ഒരി ക്കലും തടഞ്ഞുനിർത്താനാവില്ല. ഭീമാകാരമായ ഹിമശിലകളെ നദീപ്ര വാഹങ്ങൾ ശിഥിലമാക്കുന്നു. ഗിരിമുഖങ്ങളെ മാരുതൻ മാറ്റിമറിക്കുന്നു. ഈ പ്രപഞ്ചത്തിലെ ഓരോ തരിയിലും മനുഷ്യന് നിയന്ത്രിക്കാനാവാത്ത പ്രകൃതിയുടെ ഈ പ്രക്രിയ അനുസ്യൂതം നടക്കുന്നുണ്ട്. മനുഷ്യപ്രകൃ തിക്കുദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരുദ്യമത്തിൽ അവർ പരാജയപ്പെടുമ്പോൾ, അത് മാംസത്തിന്റെ ദൗർബല്യമാണെന്ന് പറഞ്ഞ് പാപമുദ്ര കുത്തുന്നു. ഈ പാപങ്ങൾ മറ്റു മാർഗങ്ങളിലൂടെ കഴുക്കികളയാനാണ് പിന്നത്തെ ശ്രമം. പുണ്യനദികളിൽ അവർ സ്നാനത്തിനു പോകുന്നു. പുരോഹി തന്റെ മുമ്പിൽ കുമ്പസരിക്കുന്നു; തീർഥയാത്ര നടത്തുന്നു; നവവത്സര പ്രതിജ്ഞകളെടുക്കുന്നു. ഒരർഥത്തിൽ അതൊന്നും അവന്റെ പൂർണ മായ കുറ്റമല്ല. തന്റെ ആത്മീയ കാര്യങ്ങളെല്ലാം അവൻ വേദപണ്ഡി തന്മാരെ ഏൽപിക്കുന്നു. ഇത് ജീവിതമാർഗമാക്കിയ ഈ മാന്യന്മാർക്കാ വട്ടെ, പാപങ്ങളുടെ പട്ടിക നീളുന്തോറും ഗുണകരമാണ്. അങ്ങനെ പാപ ങ്ങൾ പെരുകുന്നു. ഈ പൗരോഹിത്യമോ സന്യാസിനിമഠങ്ങളോ പുലർത്തുന്നതും വ്യത്യസ്തമായ ധാർമികനിലവാരമൊന്നുമല്ല. ഇവി

ടെയും നിഷിദ്ധമായ സ്ഥലത്താണ് അവർ ഉറങ്ങുന്നത്; വേണ്ടതിലേറെ അവർ കുടിക്കുന്നു; സൗകര്യംപോലെ സത്യം മറച്ചുവെക്കുന്നു; വിവാഹബന്ധമില്ലാത്ത കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു. ചൂതുകളിക്കുന്നു. എന്നിട്ടോ, വെറുതേ ദൈവനാമം ജപിക്കുകയും! മുഹമ്മദ്നബി പൗരോഹിത്യം അനുവദിച്ചില്ല. പുരോഹിതന്മാരുടെ വാതിൽക്കൽ മനുഷ്യത്വം കളങ്കപ്പെടുന്നു. ദൈവത്തെ സിംഹാസനഭ്രഷ്ടനാക്കി, ആ സ്ഥാനത്ത് തങ്ങൾ പടച്ചുണ്ടാക്കിയ ദൈവങ്ങളെ പ്രതിഷ്ഠിക്കുക മാത്രമല്ല അവർ ചെയ്യുന്നത്; മനുഷ്യമനസ്സാക്ഷിയെ അത്യാർത്തിക്കും ദുർമോഹത്തിനും അടിമപ്പെടുത്തുക കൂടിയാണ്.

അതുകൊണ്ടുതന്നെ ദൈവത്തെയും മനുഷ്യനെയും യഥാർഹമായ സ്ഥാനത്ത് പ്രതിഷ്ഠിക്കാനായിരുന്നു മുഹമ്മദ്നബിയുടെ ശ്രമം മുഴുവൻ. ദൈവവും മനുഷ്യനും തമ്മിൽ നേരിട്ടാണ് ആശയവിനിമയം നടത്തേണ്ടത്; പ്രവാചകനുപോലും അതിലിടപെടേണ്ട കാര്യമില്ല. സ്ഥലകാലഭേദമന്യേ എല്ലാ കാര്യങ്ങളും തീരുമാനിക്കാൻ ദൈവത്തിനു കഴിയും. ഇസ്‌ലാമിൽ പാപങ്ങളുടെ പട്ടിക വളരെ ഹ്രസ്വമാണ്. സന്യാസമോ ജീവിതനിരാസമോ അതിൽ ആവശ്യമായി വരുന്നില്ല. മുഹമ്മദ്നബി വെറുമൊരു മുന്നറിയിപ്പുകാരൻ മാത്രമല്ല; അവിടുന്ന് സന്തോഷകരമായ വാർത്തയും കൊണ്ടുവന്നിട്ടുണ്ട്- "ജീവിതത്തിൽ നല്ല വസ്തുക്കൾ ഭക്ഷിക്കുകയും അല്ലാഹുവിന് നന്ദി പറയുകയും ചെയ്യുക." "വിശ്വസിക്കുന്നവരേ, നിങ്ങൾ ഭൂമിയിൽ ഉത്പാദിപ്പിച്ചവയിൽ നിന്നും സമ്പാദിച്ചവയിൽനിന്നും ചെലവു ചെയ്യുക"- ഇതെല്ലാം ഒരു മുസൽമാന്റെ ജീവിതവീക്ഷണം വ്യക്തമാക്കുന്നുണ്ട്. നിഷിദ്ധമായ ഒരു പരിമിതവൃത്തമൊഴിച്ചാൽ, അവന് ജീവിതാഹ്ലാദം അതിന്റെ നിറവോടെ ആസ്വദിക്കാം; അതെല്ലാം നൽകിയവനെ നന്ദിപൂർവം ഓർക്കണമെന്നു മാത്രം. ഈ സ്വാതന്ത്ര്യങ്ങൾ മനുഷ്യന്റെ കല, സാഹിത്യം, ശാസ്ത്രം തുടങ്ങിയ രചനാത്മകമായ കഴിവുകളെ ഉത്തേജിപ്പിക്കുന്നു; അവനെ ഒരു സാമൂഹികജീവിയാക്കുന്നു. സ്വന്തം വ്യക്തിത്വത്തെ അഭിമാനാർഹമാക്കുന്നു. തന്റെ സമ്പാദ്യം ചെലവഴിക്കുന്നതുപോലെത്തന്നെ മറ്റുള്ളവർക്കും സമ്പാദിക്കാനും വ്യയം ചെയ്യാനും അവകാശമുണ്ട്. സർവോപരി ആഹ്ലാദകരമായി ചിരിച്ചുകൊണ്ടാണവർ ജീവിതവുമായി മുന്നോട്ടുപോകുന്നത്. ജീവിതത്തിന്റെ മധുവും മണവും അവനു കിട്ടുന്നുണ്ട്. അതുകൊണ്ടുതന്നെ ഇസ്‌ലാം മനുഷ്യപ്രകൃതിക്ക് ചേർന്ന സാക്ഷാൽ പ്രകൃതിമതമാകുന്നു.

## 4

വിശാലമായ ഇതേ സങ്കൽപം തന്നെയാണ് വ്യാപാരകാര്യങ്ങളെപ്പറ്റിയും ഇസ്‌ലാമിക നിയമസംഹിതയിലുള്ളത്. ഒട്ടകങ്ങൾ, കുതിരകൾ, ചെമ്മരിയാടുകൾ, കന്നുകാലികൾ തുടങ്ങിയവയെ ഉപയോഗിച്ച് ജീവ

സന്ധാരണം ചെയ്തിരുന്ന അറബികൾ പൊതുവെ നാടോടികളായിരുന്നു. എന്നാൽ, സ്ഥിരമായി കച്ചവടത്തിലേർപ്പെടുകയും കിഴക്കും പടിഞ്ഞാറുമുള്ള പാതകളിലൂടെ വാണിജ്യയാത്ര നടത്തുകയും ചെയ്തിരുന്ന ചില ഗോത്രവർഗങ്ങളുണ്ടായിരുന്നു. ഇതുവരെ വിശുദ്ധ ഖുർആൻ പറഞ്ഞുകൊണ്ടിരുന്നത് വ്യാപാരത്തിന്റെ സാധ്യതയെക്കുറിച്ച് പൊതുവായ കാര്യങ്ങൾ മാത്രമായിരുന്നു. എന്നാൽ, ഇപ്പോൾ പ്രധാന കാര്യങ്ങളിലുള്ള എല്ലാ സംശയങ്ങളും നിവാരണം ചെയ്യേണ്ടിയിരിക്കുന്നു. തീർഥയാത്രാവേളയിൽ പോലും വ്യാപാരം അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ബാങ്ക് കേൾക്കുമ്പോൾ നമസ്കാരത്തിനാണ് വ്യാപാരത്തേക്കാൾ മുൻഗണന നൽകേണ്ടത്.

കരാറുകൾ സത്യസന്ധമായി പാലിക്കേണ്ടതിന് വിശുദ്ധ ഖുർആൻ ഊന്നൽ നൽകുന്നു: "ഉടമ്പടികളും കരാറുകളും പാലിക്കുന്നവരാണ് യഥാർഥ വിശ്വാസികൾ." ഒരു ക്രയവിക്രയം നടക്കുമ്പോൾ ഉഭയകക്ഷികളും പരസ്പരം വിശ്വസിക്കേണ്ടതുണ്ട്. പക്ഷേ, ഏതെങ്കിലും കക്ഷിക്ക് വാമൊഴിയിൽ മാത്രം വിശ്വാസമില്ലെങ്കിൽ ഇരുവരും തമ്മിൽ, മതിയായ സാക്ഷികളുടെ സാന്നിധ്യത്തിൽ ഒരു കരാറുണ്ടാക്കേണ്ടതാണ്. അതേതു രൂപത്തിലുള്ളതുമാകട്ടെ, അതിന്റെ സാരം പവിത്രമാണ്. ഇത്തരം കരാറുകൾ അടിച്ചേൽപിക്കപ്പെടേണ്ടതില്ല. ഓരോരുത്തന്നും താനാഗ്രഹിക്കുന്നതുപോലെ ജോലിചെയ്തു ജീവിക്കാൻ സ്വാതന്ത്ര്യമുണ്ട്. ഒരാൾ മുസൽമാനായിരിക്കാൻ നിർബന്ധിക്കപ്പെടരുത് എന്നതുപോലെത്തന്നെ, സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് ഏതെങ്കിലും കരാറിലേർപ്പെട്ടേ തീരൂ എന്ന് ഒരാളും നിർബന്ധിക്കപ്പെട്ടുകൂടാ. ഒരാൾ മുസ്‌ലിമാകുന്നതോടെ വിശുദ്ധ ഖുർആനും തിരുനബിയും പറഞ്ഞതനുസരിച്ചു ജീവിക്കാൻ ബാധ്യസ്ഥനാകുന്നു. അല്ലാഹുവിന്റെ നിയമങ്ങളനുസരിച്ചുകൊള്ളാമെന്ന കരാറിലാണവർ ഏർപ്പെട്ടിരിക്കുന്നത്. അതുകൊണ്ട്, മറ്റൊരാളുമായി ഒരു ഇടപാടു ചെയ്യുമ്പോൾ അയാൾ ചില കാര്യങ്ങൾ നിർബന്ധമായും അനുഷ്ഠിക്കേണ്ടതുണ്ട്; ചിലത് ഒഴിവാക്കേണ്ടതുമുണ്ട്. എങ്ങനെയായാലും മനുഷ്യസമുദായത്തിന് പൊതുവെ ബാധകമായ, ഏറ്റവും സമുന്നതമായ ധാർമികനിയമം കരാറുകൾ പാലിക്കുക എന്നതുതന്നെയാണ്.

കരാറുകാരന്റെ നന്മയുടെ അടിസ്ഥാനത്തിലാണ് ഇടപാട് നടക്കേണ്ടത്. മനുഷ്യർ തമ്മിൽ പരസ്പരമുള്ള കരാറിലാവുമ്പോൾ ചടങ്ങുകൾ പലതുമുണ്ട്. എങ്ങനെയായിരുന്നാലും ഏതു കാര്യത്തിലും കരാറുകൾ പാലിക്കാൻ വിശ്വാസികൾ പ്രതിബദ്ധരാണ്. അതുപോലെത്തന്നെ അളവിലും തൂക്കത്തിലും കൃത്രിമം നടത്തുന്നവർ ദൈവനിന്ദക്ക് പാത്രീഭവിക്കുമെന്നു പ്രവാചകൻ ഓർമിപ്പിക്കുന്നു. വിശ്വാസികൾ ഇവ കൃത്യമായി

* യഹൂദ പുരോഹിതൻ

** ബാങ്ക് വിളിക്കുന്നയാൾ

പാലിക്കേണ്ടതുണ്ട്. കരാറുകൾ പാലിക്കുക എന്ന നിയമത്തിന്റെ സ്വാഭാവികമായ വശം മാത്രമാണിതും.

കരാറുകളെക്കുറിച്ച് അവയുടെ പൂർണവ്യാപ്തിയിൽ പറയുന്ന പ്രവാചകൻ, പലിശയെ കടുത്ത വാക്കുകളിൽ അധിക്ഷേപിച്ചിട്ടുണ്ട്- പലിശക്കാരൻ പുലിയെയും ചെന്നായയെയും ശത്രുവിനെയുംകാൾ മോശമാണ്. പലിശക്കാരന് ഇടത്താവളങ്ങളോ ശുദ്ധീകരണമേഖലകളോ ഇല്ല. അവരുടെ ഗതി നിത്യനരകാഗ്നിതന്നെ.

ഇസ്‌ലാമിക നിയമങ്ങൾക്ക് പീഡിതരോടും പാവങ്ങളോടും ഉദാരതയുണ്ട്. വരുമാനത്തിൽ നിന്ന് സകാത്ത് നൽകാൻ ആവർത്തിച്ചാവർത്തിച്ച് മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെ, പ്രത്യേകിച്ച് വിധവകളുടെയും അനാഥരുടെയും വസ്തുവഹകൾ നീതിപൂർവം കൈകാര്യം ചെയ്യണമെന്നും കൂടെക്കൂടെ ഓർമിപ്പിക്കുന്നു.

അധമർണരോട് എങ്ങനെ പെരുമാറണമെന്നതു സംബന്ധിച്ചും ഇതേ ആവേശത്തോടെ തന്നെ പറയുന്നുണ്ട്. വായ്പയുടെ കാലാവധി പൂർത്തിയായാൽ അധർമണർ കൃത്യമായി, വിശ്വസ്തമായി, പറഞ്ഞതുപോലെത്തന്നെ അത് തിരിച്ചുകൊടുക്കേണ്ടതാണ്. സാധാരണ ഗതിയിൽ പറഞ്ഞ സമയത്തിനകം വായ്പ തിരിച്ചുനൽകേണ്ടതുണ്ട്. എന്നാൽ, സന്ദർഭവശാൽ തിരിച്ചുനൽകാൻ കഴിഞ്ഞില്ലെങ്കിലോ? ഉത്തമർണൻ അയാൾക്ക് അൽപംകൂടി സാവകാശം കൊടുക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കടംകൊടുത്ത സംഖ്യ സകാത്തായി പ്രഖ്യാപിക്കുകയാവും ഉത്തമം. മറ്റെവിടെയും നിലനിൽക്കുന്ന നിയമങ്ങളിൽനിന്നും വളരെയധികം വിഭിന്നമാണിതെന്ന് നിരീക്ഷിച്ചാൽ വ്യക്തമാകും. കടം തിരിച്ചടക്കാനാവാത്തയാളെ ശിക്ഷിക്കരുതെന്ന് വിശുദ്ധ ഖുർആൻ നിർദേശിക്കുമ്പോൾ, റോമൻ നിയമം അയാൾക്ക് മരണശിക്ഷയാണ് നൽകുന്നത്; പഴയ നിയമമാവട്ടെ, അടിമത്തവും. ജോലിചെയ്തു കടം വീട്ടാൻ നിർദേശിക്കുന്ന ഹമുറാബിയുടെ നിയമം കുറേകൂടി മാനുഷികമാണെന്ന് പറയാം-അധമർണൻ അയാളുടെ ഭാര്യയെയും മക്കളെയും ജോലിക്കായി മൂന്നുവർഷത്തേക്ക് ഉത്തമർണന് വിട്ടുകൊടുക്കേണ്ടതുണ്ട്.

ഈ പരിഷ്കരണങ്ങളിൽ കൂടുതൽ വിപ്ലവകരമായത് ഇസ്‌ലാമിക സമൂഹത്തിൽ സ്ത്രീകൾക്ക് നൽകപ്പെട്ട സ്ഥാനത്തിന്റെ കാര്യത്തിലായിരുന്നു. തന്റെ ആളുകൾ പോലും സ്ത്രീയെ ജംഗമ സ്വത്തായിട്ടാണ് കരുതുന്നതെന്ന് നബി മനസ്സിലാക്കി. പിതാവിന്റെയും ഭർത്താവിന്റെയും സ്വത്തിൽ ഇസ്‌ലാം അവൾക്ക് അവകാശം നൽകി. ഭർത്താവിന്റെ സ്വത്തിൽ വിധവകൾക്കവകാശമുണ്ട്. ഖിൻദകളെപ്പോലുള്ള ചില ഗോത്രക്കാർ പെൺകുഞ്ഞുങ്ങളെ കൊന്നുകളയാറുണ്ടായിരുന്നു. യഹൂദർക്കിടയിൽ സ്ത്രീകളുടെ നില അൽപംകൂടി ഭേദമായിരുന്നു. അവളെ അടിമ

ക്കമ്പോളത്തിൽ, വിൽക്കാൻ അച്ഛനവകാശമുണ്ട്; അയാൾ മരിച്ചാൽ സഹോദരന്മാർക്കും ഈ അവകാശം ലഭിക്കുമെന്ന് മാത്രം. നേരിൽ പ്രത്യക്ഷപ്പെടുമ്പോൾ, ജൂതന്മാരുടെ കണ്ണിൽ അവൾ ഒരു വിലപ്പെട്ട മുതൽ തന്നെ. ക്രിസ്തുമതമാകട്ടെ സ്ത്രീയുടെ ആദിപാപം ഇനിയും പൊറുത്തുകൊടുത്തിട്ടില്ല. ഒരു സർപ്പത്തിന്റെ പ്രലോഭനത്തിന് അവൾ വശംവദയായിരുന്നില്ലെങ്കിൽ ഇന്നും മനുഷ്യവർഗം പൂർണാരോഗ്യത്തോടെ, പൂർണനഗ്നരായി ഏദൻതോട്ടത്തിൽ നല്ല നല്ല തേൻകനികൾ തിന്നു കഴിയുമായിരുന്നു! ക്രൈസ്തവർക്കിടയിൽ, സ്ത്രീ പിശാചിന്റെ പ്രവേശന കവാടങ്ങളായിട്ടല്ലാതെ കരുതപ്പെട്ടിരുന്നില്ല; സീസറിന്റെ, ബാബിലോണിന്റെ, ട്രോയിയുടെ പതനങ്ങൾക്ക് കാരണം അവളാണ്. അവൾക്ക് സ്വർഗരാജ്യം പൂകാൻ കഴിയുമോയെന്ന് ക്രൈസ്തവ സഭക്ക് സംശയമാണ്. അവളെക്കുറിച്ച് ദൈവം എന്തു വിചാരിക്കുന്നുവെന്ന് മത്തായിക്കോ ലൂക്കോസിനോ മാർക്കോസിനോ യോഹന്നാന്നോ പറയാനില്ല. പേർഷ്യയിലും റോമിലും അറേബ്യയിലും യാതൊരു വകതിരിവുമില്ലാത്ത ബഹുഭാര്യാത്വമാണ് നിലനിന്നിരുന്നത്. പെണ്ണിന്റെ എണ്ണത്തിനുവേണ്ടി ക്രിസ്ത്യാനികളും ജൂതരും, പേർഷ്യക്കാരും സെന്ദവസ്തക്കാരും, അറേബ്യൻ ബിംബാരാധകരും അന്യോന്യം പോരടിച്ചു.

പ്രവാചകൻ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ദൂരവ്യാപകമായിരുന്നു. ആദിപാപമെന്ന സങ്കൽപം തന്നെ ഉപേക്ഷിക്കപ്പെട്ടു. ഇസ്‌ലാമിക വിശ്വാസമനുസരിച്ച് എല്ലാ ശിശുക്കളും പാപരഹിതരായിട്ടാണീ ഭൂമിയിൽ പിറന്നുവീഴുന്നത്- അതിൽ ആൺകുഞ്ഞെന്നോ പെൺകുഞ്ഞെന്നോ വ്യത്യാസമില്ല. സ്ത്രീയെ പിശാചിന്റെ സൃഷ്ടിയെന്ന് മുദ്രകുത്തേണ്ട ഒരാവശ്യവുമില്ല. ഒരു തേളിനെയെന്നോണം അവളെ ജനിച്ച ഉടനെ കൊല്ലേണ്ടതില്ല. സ്ത്രീ പുരുഷന്നുവേണ്ടി സൃഷ്ടിക്കപ്പെട്ടവളാണെന്നും പുരുഷൻ സ്ത്രീക്കുവേണ്ടിയല്ലെന്നുമുള്ള ധാരണയും ഇനി വിലപ്പോവില്ല. വിശുദ്ധ ഖുർആനെ സംബന്ധിച്ചിടത്തോളം സ്ത്രീ പുരുഷന്റെ അർധഭാഗമാണ്. ഒരേ വസ്തുക്കളാൽ നിർമിക്കപ്പെട്ടവരാണിരുവരും. “നിന്റെ എല്ലാ ആഗ്രഹവും ഭർത്താവിനുള്ളതാണ്, അവൻ നിന്നെ ഭരിക്കും” എന്നാണ് യഹൂദരുടെ പ്രമാണമെങ്കിൽ “സ്ത്രീ നിങ്ങളുടെ വീട്ടിലെ ഭരണാധികാരിയാണ്” എന്ന് ഇസ്‌ലാം പറയുന്നു. “പുരുഷനെപ്പോലെ അവൾക്കും അവകാശമുണ്ട്; അവളോടുള്ളതുപോലെത്തന്നെ അവൾക്കുമുള്ള അവകാശം.”- ഈ വീക്ഷണമാണ് ഇസ്‌ലാമിന്റെ വിവാഹ- വിവാഹമോചന നിയമങ്ങളിൽ വിശുദ്ധ ഖുർആൻ വിളംബരം ചെയ്യുന്നത്. ബന്ധപ്പെട്ട കക്ഷികളുടെ സാമ്പത്തിക കഴിവ്, പരിഗണന, വാഗ്ദാനം, സ്വീകാരം, നടപടി തുടങ്ങിയ കാര്യങ്ങളിൽ വ്യക്തമായ വ്യവസ്ഥകളോടുകൂടിയ കരാറാണ് ഇസ്‌ലാമിൽ വിവാഹം. ഈ ചടങ്ങിനെക്കുറിച്ച് ഏകപക്ഷീയമായ സങ്കൽപമൊന്നുമില്ല. വിവാഹിതനാവുന്ന ഒരാൾക്ക് അതിനുള്ള പ്രായമായിരിക്കണം. പെൺകുട്ടിക്കും സ്വന്തം അഭിപ്രായം രൂപ

പ്പെടുന്ന പ്രായമുണ്ടാവണം. ഇരുവരും അതിനു സമ്മതിച്ചിരിക്കുകയും വേണം. സ്ത്രീയെ ഇണയായി കിട്ടാൻ ഒരാൾ, അവൾക്കെതിരെ അക്രമമൊന്നും കാണിക്കുകയില്ലെന്നും വാർധക്യത്തിലും സംരക്ഷിക്കുമെന്നും ഉറപ്പു നൽകേണ്ടതുണ്ട്; അതായത്, അവളെ അയാൾ സംരക്ഷിക്കണം. വിശ്വസ്തരായ സാക്ഷികളുടെ മുമ്പാകെയാണ് വിവാഹച്ചടങ്ങുകൾ പൂർത്തിയാക്കേണ്ടത്. വിവാഹമോചനത്തിലും സങ്കീർണമായ നടപടിക്രമങ്ങളൊന്നുമില്ല. രഹസ്യധാരണയോ കള്ളവാക്യമോ വേണ്ട. വിവാഹം ഒരു കരാറായതിനാൽ, അതിന്റെ ലംഘനമോ അത് പാലിക്കുന്നതിൽ വരുത്തിയ വീഴ്ചയോ കാരണമായി ബന്ധം വേർപ്പെടുത്താവുന്നതാണ്. ഇസ്ലാമികവീക്ഷണം യുക്ത്യാധിഷ്ഠിതവും ബുദ്ധിപൂർവകവുമാണ്. പക്ഷേ, വിവാഹമോചനം നടപ്പാക്കുന്നതിനു മുമ്പ്, പുരുഷൻ സ്ത്രീക്ക് ജീവനാംശം നൽകിയിരിക്കണം. അതുപോലെ വിവാഹമൂല്യം ത്യജിച്ചുകൊണ്ട് ഒരു സ്ത്രീക്ക് സ്വാതന്ത്ര്യം ആവശ്യപ്പെടുകയും ചെയ്യാം. മൂന്നു തവണ മൊഴിചൊല്ലാത്തേടത്തോളം കാലം വിവാഹമോചിതർക്ക് വീണ്ടും വിവാഹിതരാകാവുന്നതാണ്. പിതൃത്വത്തെ ആധാരമാക്കിയായിരിക്കും പിന്തുടർച്ച നിശ്ചയിക്കുക. ഇക്കാര്യത്തിൽ ഒരു സംശയവും ഇല്ലാതെ കഴിക്കേണ്ടതുണ്ട്; അതുകൊണ്ട് വിവാഹമുക്തമായ ഒരു സ്ത്രീ മൂന്ന് ആർത്തവകാലം കഴിയുന്നതുവരെ പുനർവിവാഹത്തിൽ ഏർപ്പെടരുത്. 'ഇദ്ദാ' ഘട്ടം കഴിഞ്ഞാൽ വിധവകൾകും പുനർവിവാഹം ചെയ്യാം.

ബഹുഭാര്യാത്വത്തിന് ഇസ്ലാം നിയമപരമായ അനുമതി നൽകുന്നുണ്ടെങ്കിലും അസന്ദിഗ്ധമായി അതിനുള്ള വ്യവസ്ഥകൾ പറയുന്നുണ്ട്. എല്ലാവരോടും തുല്യനിലയിൽ പെരുമാറാൻ കഴിയുമെങ്കിൽ നാലു സ്ത്രീകളെ വരെ ഒരു മുസൽമാന് വിവാഹം ചെയ്യാം. അത് സാധ്യമല്ലെന്നു തോന്നുന്നവന്, ഒരു ഭാര്യയെ മാത്രമേ അനുവദിക്കുന്നുള്ളൂ. ഭാര്യമാരുമായി പിരിയുമ്പോൾ അവരോട് കരുണാപൂർവം വർത്തിക്കേണ്ടതുണ്ടെന്നും കൽപിക്കപ്പെട്ടിട്ടുണ്ട്.

ഒരു മുസൽമാന് മുസ്ലിംസ്ത്രീയെയെന്നപോലെത്തന്നെ പൂർവവേദക്കാരായ വിശ്വാസികളിൽ (ഉദാ: യഹൂദരും ക്രിസ്ത്യാനികളും) പെട്ട സ്ത്രീകളെയോ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട അവിശ്വാസികളുടെ വിശ്വാസികളായ ഭാര്യമാരെയോ വിവാഹം ചെയ്യാം.

സന്തുഷ്ടമായ ദാമ്പത്യജീവിതത്തിന് ഇത്രയും നിയമവ്യാപ്തി നൽകിയ ഇസ്ലാം വ്യഭിചാരത്തെയും പരസ്ത്രീഗമനത്തെയും അക്ഷന്തവ്യമായി കരുതുന്നു. ഇത്തരം കുറ്റങ്ങൾ ദൈവം ഏറ്റവുമധികം വെറുക്കുന്നവയാണ്. വ്യഭിചാരികൾ വ്യഭിചാരിണികളെയല്ലാതെ വിവാഹം ചെയ്യരുത്. അതുപോലെത്തന്നെ വ്യഭിചാരിയോ ബിംബാരാധകനോ അല്ലാത്ത ഒരാളെ വിവാഹം ചെയ്യുന്നതിൽനിന്ന് വ്യഭിചാരിണികളെയും

വിലക്കിയിരിക്കുന്നു. ഇത്തരം വിവാഹങ്ങൾ വിശ്വാസികൾക്ക് നിഷിദ്ധ മാണ്. ചീത്ത സ്ത്രീകൾ ചീത്ത പുരുഷന്മാർക്കും മറിച്ചും, സച്ചരിത രായ സ്ത്രീപുരുഷന്മാർ പരസ്പരവും ആണ് ദാമ്പത്യബന്ധത്തി ലേർപ്പെടേണ്ടതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

സ്ത്രീക്ക് സ്വന്തം ശരീരത്തിലുള്ള അവകാശം- അത് ആർക്ക്, എന്ത ടിസ്ഥാനത്തിൽ നൽകണമെന്ന് തീരുമാനിക്കാനുള്ള അവകാശം- ഇസ്‌ലാ മിക നിയമം വകവെച്ചുകൊടുക്കുന്നു. മാത്രമല്ല, പുരുഷന്നു തുല്യമായി അവൾക്ക് സമൂഹത്തിൽ സമ്പൂർണ പദവിയും നൽകുന്നു. ഇനിയവൾ വിൽക്കാനും വാങ്ങാനും കഴിയുന്ന കന്നുകാലിയല്ല. അവൾ വീടിന്റെ ഭരണാധികാരിയാണ്. പുരുഷന്റെ നല്ല പാതിയാണ്. പുരുഷബന്ധുക്ക ളുടെ പിന്തുടർച്ചാവകാശം സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടിരുന്ന പാര മ്പര്യം അവസാനിച്ചു. മരണമടഞ്ഞ പുരുഷന്റെ സ്വത്തുക്കളിൽ അയാ ളുടെ വിധവക്കും മേലിൽ ന്യായമായ അവകാശമുണ്ടായിരിക്കും. വിവാഹം കഴിഞ്ഞതിന്റെ പേരിൽ ഒരു പുത്രി, അവൾ പിന്നെ കുടുംബ ത്തിൽ അംഗമല്ലാതാകുന്നില്ല. അവർക്കും അവിടെ സ്വത്തവകാശമുണ്ട്. ആയുധമെടുക്കാനോ ഗോത്രസ്വത്തുക്കളും ഗോത്രതാൽപര്യങ്ങളും സംര ക്ഷിക്കാനോ കഴിവില്ലെന്നു വന്നാൽപോലും, ആൺകുട്ടികൾക്കും അർഹ മായ അവകാശം ലഭിക്കാതെ പോകുന്നില്ല. അങ്ങനെ വിശുദ്ധ ഖുർആന്റെ നിയമം, സ്ത്രീപുരുഷഭേദവും പ്രായവും അയോഗ്യതകളല്ലാതാക്കി. ഭാര്യ മാർക്കും പുത്രികൾക്കും സഹോദരികൾക്കും അമ്മമാർക്കും അർഹമായ ഓഹരി നിർണയിക്കപ്പെട്ടിട്ടുണ്ട്. അതുപോലെത്തന്നെ പുരുഷന് മൂന്നിൽ രണ്ടു ഭാഗം അവകാശവും നൽകുന്നു. കുട്ടികൾ, ഒരടിമസ്ത്രീയുടേതാ വട്ടെ, സ്വതന്ത്രവനിതയുടേതാവട്ടെ പിതൃത്വം അംഗീകരിക്കപ്പെട്ടുകഴി ഞ്ഞാൽ ആ കുഞ്ഞുങ്ങൾക്കിടയിൽ യാതൊരു വിവേചനവുമില്ല. അതാ യത് നിയമാനുസൃതമായി വിവാഹം കഴിഞ്ഞതാണെങ്കിലും അല്ലെങ്കിലും ഒരു സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിന് അതിന്റെ പിതൃത്വത്തെ ആധാര മാക്കിയാണ് അവകാശം ലഭിക്കാൻ യോഗ്യതയുണ്ടാകുന്നത്. ഒരു മുസൽമാന്റെ സ്വത്തിൽ മൂന്നിൽ രണ്ടു ഭാഗവും അനന്തരാവകാശി കൾക്കുള്ളതാണ്. ഒരു ഭാഗമേ അയാൾക്ക് വസിയ്യത്ത് ചെയ്യാവൂ.

സ്ത്രീപുരുഷാവകാശങ്ങൾ, കുഞ്ഞുങ്ങൾക്ക് മാതാപിതാക്ക ളിൽനിന്ന് ലഭിക്കേണ്ട അവകാശങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളും മൊത്തത്തിൽ കണക്കിലെടുത്തുകൊണ്ടുള്ള ഈ നിയമങ്ങൾ നീതിയും തുല്യതയുമുള്ളവയാണെന്ന് നിഷ്പക്ഷമായി പരിശോധിച്ചാൽ വ്യക്ത മാകും. യഥാർഥ അനന്തരാവകാശികൾക്കെതിരെ പ്രവർത്തിച്ചേക്കാവുന്ന ഒരാൾക്ക് ആവശ്യത്തിൽ കൂടുതൽ വിവേചനാധികാരം നൽകാതെ, ഇഷ്ട ദാനാവകാശം നിശ്ചയിച്ചതിന്റെ അഭിലഷണീയതയും ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ഈ വക കാര്യങ്ങളെല്ലാം അതതു സമയത്തുതന്നെ

വിശുദ്ധ ഖുർആനിൽ അംഗീകരിച്ചുറപ്പിച്ചിട്ടുണ്ട്.

യഹൂദനോ ക്രിസ്ത്യാനിയോ അല്ലാത്തയാളുകൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന പ്രസ്താവനയെ ഖുർആൻ നിഷേധിക്കുന്നു. അല്ലാഹുവിന്റെ ഇച്ഛക്കനുസൃതമായി ജീവിക്കുന്ന എല്ലാവർക്കുമായി സ്വർഗ കവാടങ്ങൾ തുറന്നിട്ടുള്ളതായി അത് പ്രഖ്യാപിക്കുന്നു. കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണ്; നിങ്ങളെങ്ങോട്ടു തിരിഞ്ഞാലും അവിടെ അവനുണ്ട്. അവന് ഒരു പുത്രന്റെ ആവശ്യമില്ല; കാരണം, എല്ലാം അവന്റെ അധീനത്തിലാണ്; നല്ല കർമങ്ങളിൽ മുസ്‌ലിംകൾ പരസ്പരം സഹായിക്കുക; വർഷംതോറും ഒരു മാസം ഉപവാസമനുഷ്ഠിക്കുക; മക്കയിൽ ഹജ്ജിന് പോവുക, അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുക- അങ്ങനെ പോകുന്നു അതിലെ ഉദ്ബോധനങ്ങൾ.

# 5

പ്രവാചകൻ നടപ്പാക്കിയ സാമൂഹിക പരിഷ്കരണങ്ങൾ മഹത്തും ദൂരവ്യാപകവുമായിരുന്നതിനാൽ അദ്ദേഹം തന്റെ സമയം മുഴുവൻ അതിലാണ് ചെലവഴിച്ചത്. അവിടുന്ന് ഇസ്‌ലാമിന്റെ നായകനാണ്; ഭൗതിക രാഷ്ട്രത്തലവനും. സമൂഹപ്രാർഥനകളിൽ, അപ്പോഴും അദ്ദേഹം അല്ലാഹുവിന്റെയും അവന്റെ സൃഷ്ടിയുടെയും ഐക്യത്തെക്കുറിച്ചാണ് ഉദ്ബോധിപ്പിക്കുക. മക്കയിൽ അവതരിപ്പിച്ച ദിവ്യവചനങ്ങളെപ്പോലെ തന്നെ സർവശക്തന്റെ ഗുണങ്ങൾ വിവരിക്കുന്നവയായിരുന്നു വിശുദ്ധ ഖുർആന്റെ പുതിയ സൂറകളും. ഭ്രഷ്ടരും അഭയാർഥികളുമായിക്കഴിഞ്ഞ കാലങ്ങളിൽ പ്രവാചകനും അവിടത്തെ ചുരുക്കം അഭയാർഥികളും പ്രതാപപ്രകടനത്തിനോ പൊങ്ങച്ചത്തിനോ ശ്രമിച്ചിട്ടില്ല.

സമാധാനത്തിന്റെ അനുകൂല കാലാവസ്ഥ, പ്രാർഥനയെക്കുറിച്ചുള്ള പ്രവാചക വീക്ഷണങ്ങളിൽ യാതൊരു മാറ്റവും വരുത്തിയില്ല. അവിടുത്തെ സംബന്ധിച്ചിടത്തോളം കൃതജ്ഞതാനിർഭരമായ ഒരു ഹൃദയത്തിന്റെ ബഹിർസ്ഫുരണമാണ് പ്രാർഥന. ദൈവസന്നിധിയിലെ ആത്മാർപ്പണമാണത്; സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ഹൃദയസംവാദം. പ്രാർഥനാസ്ഥലത്തെ സംബന്ധിച്ച് യാതൊരു മാറ്റവും, അതുകൊണ്ടുതന്നെ വരുത്തിയില്ല. നീലാകാശത്തിനു താഴെ എവിടെയും അതാവാം; ഉറക്കറയുടെ സ്വകാര്യതയിലുമാവാം. അതിന് പട്ടുവസ്ത്രങ്ങളോ സുഗന്ധധൂമങ്ങളോ പൂജാപുഷ്പങ്ങളോ പനിനീരോ മറ്റനുഷ്ഠാനങ്ങളോ ഒന്നുംതന്നെ വേണ്ട. പാതിരിയോ റബ്ബി*യോ ശാന്തിക്കാരനോ ആവശ്യമില്ല. ഓരോരുത്തന്നും തനിച്ചോ കൂട്ടംചേർന്നോ നമസ്കരിക്കാം. സമൂഹപ്രാർഥനകൾക്ക്, കൂട്ടത്തിൽ കൂടുതൽ നന്നായി ഖുർആനറിയാവുന്ന ഒരാൾ നേതൃത്വം നൽകണമെന്നുമാത്രം- അല്ലെങ്കിൽ ആ കൂട്ട

ത്തിലേക്ക് ക്ഷണിക്കപ്പെട്ട ഒരാളുമാവാമത്. എന്നാൽ അതിനൊക്കെ ഒരു ചിട്ടയും നിഷ്ഠയും നിർണയിക്കപ്പെടേണ്ടിയിരിക്കുന്നു; വിശ്വാസികളെ വിളിച്ചുകൂട്ടാൻ ഒരു വ്യവസ്ഥ ഉണ്ടാവേണ്ടിയിരിക്കുന്നു. ആദ്യം പറഞ്ഞ തിന് ഒരു പ്രയാസവുമില്ല. എന്നാൽ രണ്ടാമത്തെ കാര്യത്തിൽ, വിശ്വാ സികളെ വിളിച്ചുചേർക്കുന്ന കാര്യത്തിൽ പല അഭിപ്രായങ്ങളും ഉയർന്നു വന്നു. ജൂതന്മാരെപ്പോലെ കാഹളം മുഴക്കണമെന്ന് ഒരു കൂട്ടർ; ക്രിസ്ത്യാ നികളെപ്പോലെ മണിനാദമുയർത്തണമെന്ന് മറ്റൊരു കൂട്ടർ. എന്നാൽ, ഉമർ ആയിടെ കണ്ട ഒരു സ്വപ്നം പ്രശ്നം പരിഹൃതമാക്കി-ഉന്നതമായ ഒരു മിനാരത്തിനുമീതെ ഒരാൾ കയറിനിന്നു. സംഗീതസാന്ദ്രമായി അല്ലാ ഹുവിന്റെ മഹത്വം പ്രകീർത്തിക്കുന്ന രംഗമാണദ്ദേഹം സ്വപ്നത്തിൽ കണ്ടത്- അല്ലാഹു മഹാനാകുന്നു; അവനല്ലാതെ ആരാധനക്കർഹൻ മറ്റാ രുമില്ല. മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാകുന്നു...പ്രാർഥനയിലേക്ക്, വിജയത്തിലേക്ക് വിശ്വാസികളെ ക്ഷണിക്കുന്ന ബാങ്കുവിളി തുടങ്ങുന്നത് ‘അല്ലാഹു അക്ബർ’ എന്ന ഏറ്റവും വലിയ ദൈവസ്തുതിയോടെയാണ്.

അങ്ങനെ സ്വപ്നം പ്രശ്നപരിഹാരമുണ്ടാക്കി. യാതൊരു സംഗീതോ പകരണങ്ങളോ മനുഷ്യസ്വരത്തിന്റെ ആലാപനവൈചിത്ര്യങ്ങളോ ഇല്ലാതെ, അന്നുമുതൽ എല്ലാ ദിവസവും അഞ്ചുനേരം മുഅദ്ദിൻ** വിശ്വാ സികളെ അല്ലാഹുവിന്റെ ഭവനത്തിലേക്ക് ആരാധനക്കായി ക്ഷണിക്കുന്നു.

# 6

പ്രവാചകന്റെ അധികാരശക്തി വളർന്നുവന്നതിൽ ആർക്കെങ്കിലും ആശങ്കയുണ്ടാവുകയാണെങ്കിൽ, അദ്ദേഹത്തെ തങ്ങളുടെ രാജാവാകാൻ ക്ഷണിച്ചുവരുത്തിയ യസ്രിബിലെ സാധാരണക്കാർക്കാണതുണ്ടാവേ ണ്ടത്. അക്കാലത്ത് വളരെയേറെ ആദരിക്കപ്പെട്ടുപോന്ന പല സങ്കൽപ ങ്ങളും പ്രയോഗങ്ങളും അദ്ദേഹം തുടച്ചുമാറ്റി. അവരുടെ പൂർവപിതാ ക്കൾക്ക് പേരുദോഷമുണ്ടാക്കിത്തീർക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പരിഷ്കാരങ്ങൾ. അതേസമയം പ്രവാചകന്റെ ഈദൃശ പ്രവർത്തനങ്ങൾ മദീനയിലെ ജനവിഭാഗങ്ങളിൽ, സന്തുഷ്ടരാക്കേണ്ടിയിരുന്നത് യഹൂദ രെയായിരുന്നു. കാരണം, അവരുടെ എല്ലാ പ്രവാചകന്മാരെയും അംഗീ കരിക്കുകയും യഹൂദർക്ക് മനസ്സാക്ഷിയനുസരിച്ച് പൂർണമായ സ്വാതന്ത്ര്യം നൽകുകയും ചെയ്തത് അദ്ദേഹമാണല്ലോ. അതേസമയം യഹൂദരിൽനിന്ന് വേണ്ടത്ര കൂറുണ്ടാവണമെന്ന കാര്യത്തിൽ അദ്ദേഹ ത്തിനു വിട്ടുവീഴ്ചയോ ഔദാര്യമോ ഉണ്ടായില്ല. മദീനയിലേക്ക് പ്രവേ ശിക്കുമ്പോൾ അർധമനസ്സോടെ അദ്ദേഹത്തിന് അവർ നൽകിയ സ്വീകാരം, ഇപ്പോൾ അങ്ങേയറ്റത്തെ വിദ്വേഷമായി മാറിയിരിക്കുന്നു. കാരുണ്യത്തിന് കിട്ടിയ പ്രതിഫലം പക്ഷേ, ദ്രോഹമായിരുന്നു. അറേ ബ്യയെ യഹൂദമതത്തിലേക്ക് പരിവർത്തിപ്പിക്കുന്ന കാര്യത്തിൽ മുഹ

മ്മദ്നബിയെ ഉപകരണമാക്കാൻ കഴിയാത്തതിലുള്ള നിരാശ അവർ മറച്ചുവെച്ചില്ല. അങ്ങനെ അവർ ഇസ്‌ലാമിനെതിരെ ശത്രുപക്ഷം ചേർന്നു. പ്രവാചകനുമായുള്ള ഉടമ്പടി വ്യവസ്ഥകൾ ലംഘിച്ചു. ഇസ്‌ലാമിനേക്കാൾ ഉത്തമം വിഗ്രഹാരാധനയാണെന്ന് അവർ വ്യക്തമാക്കി. അവരുടെ കവികൾ പ്രവാചകനെയും കുടുംബാംഗങ്ങളെയും അപകീർത്തിപ്പെടുത്തുന്ന ആഭാസകവിതകളെഴുതി. വിശുദ്ധ ഖുർആനെ ചന്തസ്ഥലത്തുവച്ചുപോലും ആക്ഷേപിച്ചു. യഹൂദനേതാവ് ശത്രുഗോത്രക്കാരുമായി, എന്തിന് മക്കയിലെ ഖുറൈശികളുമായിപ്പോലും ഗൂഢാലോചന നടത്തി. രാജ്യദ്രോഹികൾ മദീനയിലൂടെ ധിക്കാരപൂർവം ഞെളിഞ്ഞുനടന്നു.

ഇത് മുഹമ്മദ്നബിയുടെ ജീവിതത്തിൽ അനന്യമായ ഒരു സാഹചര്യമായിരുന്നു. താനൊരു പ്രവാചകനാണ്; പ്രബോധകനാണ്. അല്ലാഹുവിന്റെ സന്ദേശം താൻ ജനങ്ങളിലെത്തിക്കുകയേ വേണ്ടൂ. അതുകൊണ്ടുതന്നെ അധിക്ഷേപകരുടെ അശ്ലീലമായ കുത്തുവാക്കുകളും നിന്ദകളും അവഗണിക്കാവുന്നതേയുള്ളൂ. എന്നാൽ, ഒരു രാജ്യത്തിന്റെ സുരക്ഷിതത്വം കാത്തുസൂക്ഷിക്കേണ്ട ആളെന്ന നിലയിൽ ഈ വിശ്വാസപാതകത്തെ, വിദ്വേഷജനകമായ ഉപജാപങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവുമോ?

തനിക്കു ചുറ്റും വർധിച്ചുവരുന്ന ശത്രുക്കളെക്കുറിച്ച് നബി കാണുകയും കേൾക്കുകയും ചെയ്യാതിരുന്നില്ല. വാത്സല്യവും മൃദുലവികാരങ്ങളും അങ്ങേയറ്റമുള്ള മനുഷ്യനായിരിക്കാമദ്ദേഹം. എന്നാൽ, രാജ്യത്തെ രക്ഷിക്കേണ്ട ചുമതല തനിക്കുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കുന്നുണ്ട്; ജനങ്ങളുടെ ഭാവി തന്റെ കരങ്ങളിലാണേൽപിക്കപ്പെട്ടിരിക്കുന്നത്. ഹൃദയംകൊണ്ടല്ല ബുദ്ധികൊണ്ടാണ് ഭരിക്കേണ്ടത്. ചെപ്പടിവിദ്യകളിലൊന്നും അദ്ദേഹത്തിന് വിശ്വാസമില്ല. സ്വയം ജോലിചെയ്യുന്ന ഒരാൾ, കല്ലും മരവും കൊണ്ട് പള്ളി പണിയുന്നയാൾ, ബുദ്ധിശാലിയായ കരകൗശലവിദഗ്ധൻ, ഭരണാധികാരി- ഇതെല്ലാമാണദ്ദേഹം. തികവുറ്റ ശാരീരികശക്തിയുമായി, ഊർജവുമായി തന്റെ ധിഷണാശക്തിയെയും ക്രാന്തദർശിത്വത്തെയും ആജ്ഞാശക്തിയെയും അദ്ദേഹം സമന്വയിപ്പിക്കുന്നു. മണലാരണ്യവും നീലാകാശവും അദ്ദേഹത്തെ ദീർഘദർശനം ചെയ്തതുപോലെ തോന്നും. ഒരിക്കൽ അദ്ദേഹം ദാനത്തിന്റെയും കാരുണ്യത്തിന്റെയും സൽപ്രവൃത്തികളുടെയും മൂല്യങ്ങളെക്കുറിച്ച് പ്രബോധനം നടത്തിയതാണ്. എന്നാൽ, ഇപ്പോൾ എല്ലാറ്റിനും അതിന്റെ സന്ദർഭം വന്നിരിക്കുന്നു. നിലവിലുള്ള സ്ഥിതിവിശേഷം മറ്റു ചില ഗുണങ്ങൾകൂടെ ആവശ്യപ്പെടുന്നുണ്ട്. യുദ്ധത്തിന്റെ, ആയുധങ്ങളുടെ, കുതിരകളുടെ, മനുഷ്യരുടെ, പണത്തിന്റെ, സ്വർണത്തിന്റെ, വിഭവവിതരണത്തിന്റെ- എല്ലാറ്റിന്റെയും ഗണിതശാസ്ത്രം അദ്ദേഹത്തിന് പഠിക്കേണ്ടതുണ്ട്. യുദ്ധത്തിന്റെ ചതുരംഗക്കളി അദ്ദേഹം പഠിക്കുന്നു. തന്റെ സൈന്യം ആൾബലത്തിലും ആയുധശക്തിയിലും ആവശ്യത്തിന് പര്യാപ്തമല്ലെന്നദ്ദേഹം മനസ്സിലാ

ക്കുന്നു. പടനീക്കത്തിലും യുദ്ധതന്ത്രത്തിലും എങ്ങനെ വിജയിക്കാം? ഏതു കോണിലൂടെയാണ് ആക്രമണം നടത്തേണ്ടത്? സൈനികവിന്യാസ സാധ്യതകൾ എന്തെല്ലാമാണ്?- അദ്ദേഹം കിണഞ്ഞു ശ്രമിക്കുന്നത് ഈ സമസ്യകൾക്കുത്തരം കണ്ടെത്താനാണ്. നിയമനിർമാണ രംഗത്തും സാമൂഹിക പരിഷ്കരണത്തിനും നബി നടത്തിയ ശ്രമങ്ങൾ, അദ്ദേഹത്തിന്റെ പ്രവൃത്തിയുടെ സാകല്യ പ്രത്യക്ഷസ്വഭാവങ്ങൾ വെളിപ്പെടുത്തുകയുണ്ടായി; കർമനിരതനായ ഒരു മനുഷ്യന്റെ പ്രവർത്തനശക്തിയും സാമാന്യ ബുദ്ധിയും പ്രായോഗിക ബുദ്ധിയും തെളിയിക്കുകയുണ്ടായി. ഏത് വിജയത്തിലും ദിവ്യസഹായത്തിന് വലിയ പങ്കുണ്ട്- പ്രത്യേകിച്ച്, നബിയുടെ കാര്യത്തിൽ.

അശ്രദ്ധ സംഭവിക്കാതിരിക്കാൻ കടൽത്തീരവഴികളും സാർഥവാഹകർ പോകാറുള്ള മലയോരപ്പാതകളും നിരീക്ഷിക്കാൻ അദ്ദേഹം ചാരന്മാരെ നിയോഗിക്കുന്നു. ജലോപരിതലത്തിലെ പ്രശാന്തമായ നിശ്ചലതയിൽ അദ്ദേഹം വഞ്ചിക്കപ്പെടാറില്ല. അതിനുതാഴെയുള്ള പ്രക്ഷുബ്ധത അദ്ദേഹത്തിന് കണ്ടറിയാനാവും. ശത്രുനീക്കങ്ങളെക്കുറിച്ചദ്ദേഹം ബോധവാനാണ്. ഔപചാരികമായ യുദ്ധപ്രഖ്യാപനമൊന്നുമുണ്ടാവാറില്ല. ഇപ്പോഴും ഖുറൈശികൾ തേടിക്കൊണ്ടിരിക്കുന്ന, ഭ്രഷ്ട് കൽപിക്കപ്പെട്ട പിടികിട്ടാപ്പുള്ളിയാണ് താൻ. തന്റെ തലക്ക് അവർ വിലയിട്ടിട്ടുണ്ട്. പെട്ടെന്നുള്ള ആക്രമണംതന്നെ ഒരു പ്രതിരോധമാകും. ഖുറൈശികളുടെ പദ്ധതികളെയും സഖ്യബന്ധങ്ങളെയും എന്നല്ല, ഓരോ നീക്കത്തെയും കുറിച്ച് ചാരന്മാർ അദ്ദേഹത്തിന് സൂക്ഷ്മവിവരം നൽകും. ശത്രുക്കളുടെ മുന്നിൽ പടക്കളത്തിൽ പ്രവാചകനുമുണ്ട്.

മക്കയെയും ത്വാഇഫിനെയും വിഭജിക്കുന്ന താഴ്‌വരയിൽ, നഖ്‌ലക്കടുത്ത് അഞ്ചുപേരുടെ നേതാവായി നിയുക്തനായ അബ്ദുല്ലാഹിബ്നു ജഹ്ശ്, ഖുറൈശികളുടെ ഒരു സംഘം കൊള്ളമുതലും ബന്ദികളുമായി മദീനയിലേക്ക് മടങ്ങുന്നതു കണ്ടമ്പരന്നു. വീണുകിട്ടിയ ഈ സന്ദർഭം മുസ്‌ലിംകളുടെ പ്രതീക്ഷകളുയർത്തി.

ഈ സംഭവത്തിനു ശേഷം ഏറെ കഴിയുംമുമ്പ് യുദ്ധസാമഗ്രികളും വിലപിടിച്ച ചരക്കുകളും കയറ്റിയ ആയിരത്തോളം ഒട്ടകങ്ങളുമായി ഖുറൈശികളുടെ ഒരു സംഘം സിറിയയിൽനിന്ന് പോവുകയായിരുന്നു. അതിന് നേതൃത്വം നൽകിയിരുന്നത് അബൂസുഫ്‌യാൻ തന്നെയായിരുന്നു. മക്കയോട് ആ സാർഥവാഹകസംഘം അടുക്കുകയായിരുന്നു. അപ്പോൾ പടനീക്കവും എതിർപടനീക്കവുമുണ്ടായി.

ഖുറൈശിസംഘത്തിന്റെ നീക്കങ്ങളറിയാൻ പ്രവാചകൻ കുന്നുകളിൽ, തെരഞ്ഞെടുക്കപ്പെട്ട ചാരന്മാരെ നിയോഗിച്ചിരുന്നു. എതിരാളിയുടെ പടനീക്കത്തെക്കുറിച്ച് അബൂസുഫ്‌യാനും ബോധവാനായിരുന്നു. അയാൾ അവിടെ തമ്പടിക്കാൻ തീരുമാനിച്ചു. സഹായത്തിന് മക്കയിലേക്ക് ആളെ

അയക്കുകയും ചെയ്തു. അബൂസുഫ്യാന്റെ അഭാവത്തിൽ, നഗരസേനയുടെ നേതൃത്വം വഹിച്ചിരുന്ന അബൂജഹ്‌ലിനോട് ഉടനെ സഹായത്തിനെത്താൻ ആവശ്യപ്പെടുകയായിരുന്നു.

ആ സംഘത്തെ രക്ഷിക്കാൻ തികഞ്ഞ അഭിമാനത്തോടെയാണ് മക്കാ പട പുറപ്പെട്ടത്. 100 കുതിരപ്പടയാളികളും 900 കാലാൾപ്പടയും പൂർണമായ എല്ലാ ആയുധസന്നാഹങ്ങളോടും കൂടിയാണ് യാത്രയായത്. പാറിപ്പറക്കുന്ന കൊടികളും തിളങ്ങുന്ന വാളുകളുമായി അവർ വടക്കോട്ട് മാർച്ചുചെയ്തു. അവർ എത്തിക്കഴിഞ്ഞതായി പ്രവാചകനറിയുന്നു. അങ്ങനെയൊന്നും ചിതറിത്തെറിപ്പിക്കാൻ കഴിയുന്ന ഒരു സൈന്യമല്ല അത്. മദീനയെ രക്ഷിക്കാൻ കഴിയണമെങ്കിൽ, ഒരു പ്രത്യക്ഷയുദ്ധം അനിവാര്യം. നബിയോട് എന്നന്നേക്കുമായി കണക്കുതീർക്കാനുള്ള ഖുറൈശികളുടെ ദൃഢനിശ്ചയം അബൂജഹ്‌ലിന്റെ സൈന്യത്തിൽ പ്രകടമായിരുന്നു.

അദ്ദേഹം സ്വന്തം സൈന്യബലം എന്തെന്ന് വിലയിരുത്തി. മദീനക്ക് പറയാൻ ഒരു പട്ടാളമുണ്ടോ? യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ഭാഗത്തുനിന്ന് ഒരു സഹായവുമില്ല. ചിലർ അബൂജഹ്‌ലിന്റെ കുതിരപ്പട്ടാളം മദീനാതെരുവുകളിലൂടെ ഇരച്ചുകയറുന്ന മണിക്കൂറുകളെണ്ണി കഴിച്ചുകൂട്ടുകയാണ്. രാജ്യദ്രോഹം, ഒരു പുഴുവിനെപ്പോലെ രാജ്യസ്നേഹത്തിന്റെ ഊർജസ്വലത തിന്നൊടുക്കുകയാണ്. കയ്യാലപ്പുറത്തെ തേങ്ങകൾ മുമ്പെന്നത്തെയുംകാൾ കൂടുതലാണ്. സുപ്രധാനമായ ഒരു വിഭാഗത്തിന്റെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് പരസ്യമായും ശത്രുപക്ഷത്താണ്. എത്രതന്നെ വിചാരിച്ചാലും മക്കയിൽനിന്നുള്ള ആക്രമണകാരികൾക്കെതിരെ പ്രവാചകന് നിരത്താനാവുന്നത് 313 പേരെ മാത്രമാണ്. അദ്ദേഹത്തിന്റെ സേനയിൽ, ആകപ്പാടെയുള്ളത് 70 ഒട്ടകങ്ങളും രണ്ടു കുതിരകളും മാത്രം. അൻസ്വാരികളിലും മുഹാജിറുകളിലും നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണ് എല്ലാ സൈനികരും. എന്നാൽ, എണ്ണത്തിലും ആയുധത്തിലുമില്ലാത്ത ശക്തി വിശ്വാസത്തിലും ദൃഢനിശ്ചയത്തിലുമുണ്ട്. കീഴടക്കുക അല്ലെങ്കിൽ നശിക്കുക- ആ കൊച്ചു യോദ്ധൃസംഘം തീരുമാനിച്ചുകഴിഞ്ഞു. യുദ്ധം ആഗതമായിക്കഴിഞ്ഞാൽ ഫലം എന്തുതന്നെയായിരുന്നാലും ഒരു മുസ്‌ലിം യുദ്ധഭൂമിയിലിറങ്ങുക എന്നതാണ് ഇസ്‌ലാമിലെ കീഴ്‌വഴക്കം.

നഷ്ടപ്പെടുത്താൻ സമയമില്ല. നഗരഭരണം ഒരു മുഖ്യാനുയായിയെ ഏൽപിച്ചിട്ട് 313 പേരടങ്ങുന്ന സൈന്യത്തെയും നയിച്ച് പ്രവാചകൻ കടൽത്തീരത്തെ തുറമുഖം ലക്ഷ്യമാക്കി യാത്രയാരംഭിച്ചു. അബൂസുഫ്യാന്റെ പട രക്ഷപ്പെട്ടതായും മക്കക്കാർ അങ്ങോട്ട് കുതിച്ചുകൊണ്ടിരിക്കുന്നതായും അറിയാൻ കഴിഞ്ഞ ഉടനേ തന്നെ, അങ്ങേയറ്റത്തെ ഉത്സാഹത്തോടെ അദ്ദേഹം പടപ്പുറപ്പാടു നടത്തുകയാണുണ്ടായത്. ശത്രു

ബദ്റിലെത്തുന്നതിന്റെ പിന്നാലെ തന്നെ തങ്ങളും എത്തണമവിടെ; അവർക്കെതിരെ തമ്പടിക്കുകയും വേണം.

റമദാൻ പതിനേഴ് വെള്ളിയാഴ്ചയാണന്ന്. കുടിനീർ വേണ്ടുവോളം കിട്ടുന്നതിനു തക്ക കിണറ്റിനടുത്താണ് നബിയും കൂട്ടരും തങ്ങിയിരിക്കുന്നതെന്നും അങ്ങനെ മുൻകൂട്ടി കണ്ടറിഞ്ഞ് തങ്ങൾക്കുള്ള മേൽക്കൈ തടഞ്ഞിരിക്കുകയാണെന്നുമറിഞ്ഞപ്പോൾ, അവസരം നഷ്ടപ്പെട്ടതിൽ ശത്രുക്കൾക്ക് അസഹ്യത തോന്നി. എന്നാൽ ശത്രുസൈന്യത്തിന്റെ 'ശക്തി'യെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ, അവരൊന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു. മുഹമ്മദ് ധീരനോ സാഹസികനോ ആയിരിക്കാം; എന്നാൽ, തന്റേതിനേക്കാൾ മൂന്നിരട്ടി ആൾബലമുള്ള, താരതമ്യപ്പെടുത്താൻ പോലുമാവാത്ത വിധം മെച്ചപ്പെട്ട ആയുധശക്തിയുള്ള, സുശിക്ഷിതമായ ഒരു സൈന്യത്തെ ധീരതയും സാഹസികതയും കൊണ്ടു മാത്രം നേരിടാൻ കഴിയുന്നതെങ്ങനെ? ഖുറൈശിസൈന്യത്തിന്റെ നായകർ പരസ്പരം നോക്കി ചിരിച്ചു: ഒരു കൂട്ടക്കശാപ്പിനുള്ള വകയായി.

മറുവശത്ത് പ്രവാചകൻ ശത്രുക്കളെ സമചിത്തതയോടെ നേരിടുകയായിരുന്നു. അപകടം തലക്കു മീതെ തലനാരിഴയിൽ തൂങ്ങിക്കിടക്കുന്ന ഇത്തരം സന്ദർഭങ്ങൾ അത്യപൂർവങ്ങളാണ്. യുദ്ധത്തിന് അവസാനത്തെ ഉത്തരവു നൽകുമ്പോൾ വിശ്വസ്തനായ അബൂബക്ർ അദ്ദേഹത്തിന്റെ തൊട്ടടുത്തുണ്ട്. ഇന്നദ്ദേഹത്തിന്റെ മുഖത്ത് ഭാവവ്യത്യാസം കാണാനുണ്ട്. ആ കണ്ണുകളിലുറങ്ങിക്കിടക്കുമായിരുന്ന സ്വപ്നഭാവം എങ്ങോ പോയ്മറഞ്ഞിരിക്കുന്നു. മുഖത്തെ മ്ലാനതയും ഇല്ലാതായിരിക്കുന്നു. ഒരു പുതിയ ശക്തിയും ചൈതന്യവും അദ്ദേഹത്തിൽ കാണാനുണ്ട്. അമ്പത്താറുകാരനായ അദ്ദേഹം ഇപ്പോൾ കൂടുതൽ ചെറുപ്പമായി, ശക്തനായി തോന്നി. ജനങ്ങളെ നയിക്കാൻ പിറന്ന ഒരു നായകൻ തന്നെ. തന്റെ ആളുകൾ ഓരോരുത്തരും നിർദിഷ്ട സ്ഥലത്തുതന്നെയുണ്ടോ എന്നറിയാൻ അദ്ദേഹത്തിന്റെ തുളച്ചുകയറുന്ന കണ്ണുകൾ ഇടത്തോട്ടും വലത്തോട്ടും പാഞ്ഞു. ജയിക്കാൻ, അല്ലെങ്കിൽ രക്തസാക്ഷിത്വം വരിക്കാനുള്ള നിശ്ചയദാർഢ്യം അദ്ദേഹത്തിന്റെ മുഖത്ത് പ്രതിഫലിക്കുന്നുണ്ട്.

സന്ദർഭത്തിന്റെ ഗൗരവം പ്രകൃതിയും ഉൾക്കൊണ്ടതായി കാണപ്പെട്ടു. മാനത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. സൂര്യമുഖം അപ്രത്യക്ഷമായിരിക്കുന്നു. തണുത്ത വടക്കൻകാറ്റ് താഴ്വാരത്ത് വീശിയടിക്കുന്നുണ്ട്.

തങ്ങളുടെ ദൈവങ്ങളുടെ മഹത്വം വീണ്ടെടുക്കാനുള്ള വെമ്പലോടെ ഉത്ബയുടെയും ശൈബയുടെയും വലീദിന്റെയും നേതൃത്വത്തിൽ ഖുറൈശികൾ ആദ്യമായി ആക്രമണം തുടങ്ങിവെച്ചു. അലിയും ഹംസയും ഉബൈദയും അവരെ നേരിട്ടു. നബി പ്രാർഥിച്ചു: "അല്ലാഹുവേ, നിന്റെ ദൂതൻ നുണയനാണെന്ന് കുറ്റപ്പെടുത്തി, മുഷ്കും ഗർവും കൊണ്ടുന്മത്തരായ ഖുറൈശികൾ, ബിംബാരാധകരാണ് മുമ്പിൽ. നാഥാ, ഈ

സൈന്യം നശിപ്പിക്കപ്പെടാൻ നീ അനുവദിക്കുകയാണെങ്കിൽ, പിന്നെ ഈ ഭൂമുഖത്ത് നിന്നെ ആരാധിക്കാനാരുമുണ്ടാവില്ല. റബ്ബേ, നീ സഹായിക്കണേ! നിന്റെ വാഗ്ദാനം പാലിക്കണേ!"- തന്നെക്കൊണ്ട് കഴിയുന്നതെല്ലാം ഭംഗിയായി ചെയ്ത്, ബാക്കി ദൈവത്തിന് വിട്ട ഒരു മനുഷ്യന്റെ ഹൃദയാന്തരാളത്തിൽനിന്നുയർന്ന പ്രാർഥനയായിരുന്നു അത്.

ആറു നേതാക്കളും തമ്മിൽ നടക്കുന്ന ഉഗ്രമായ പോരാട്ടം സൈന്യങ്ങൾ ആദരവോടെ നോക്കിനിന്നു. ഹംസയെ 'സിംഹം' എന്നു വിളിക്കുന്നത് വെറുതെയല്ല. അലി തന്റെ സാഹസികതയും ബുദ്ധിയും തെളിയിച്ചുകൊണ്ടിരിക്കുന്നു. പല യുദ്ധങ്ങളും നയിച്ചിട്ടുള്ള വലീദ് ഇന്നത്തെപ്പോലെ മറ്റൊരിക്കലും യുദ്ധം ചെയ്തിട്ടില്ല. ആവേശത്തോടെ പൊരുതിയെങ്കിലും ആദ്യം വീണത് അദ്ദേഹമാണ്. പിന്നെ വീണത് ശൈബയായിരുന്നു. അൽപമൊന്ന് പതറിയെങ്കിലും ഉത്ബയുമായുള്ള ഏറ്റുമുട്ടലിൽ ഉബൈദ സമർഥമായി സ്വന്തം നില ഭദ്രമാക്കി പൊരുതിനിന്നു. തങ്ങളുടെ പ്രതിയോഗികളെ നിഷ്പ്രയാസം നിലംപരിശാക്കിയ ഹംസയും അലിയും ഇപ്പോൾ ഉബൈദയുടെ സഹായത്തിനുണ്ട്. ഇപ്പോൾ കരുത്തരായ മൂന്ന് മുസ്‌ലിംകളോടാണ് ഉത്ബ എതിരിടുന്നത്. ഓരോ അടിക്കും തിരിച്ചടിച്ചുകൊണ്ട് ഏറെനേരം പിടിച്ചുനിന്നെങ്കിലും ഒടുവിൽ വലീദിന്റെയും ശൈബയുടെയും ഗതി തന്നെയാണയാൾക്കും സംഭവിച്ചത്. മുസ്‌ലിംകൾ ആർത്തുവിളിച്ചു: 'അല്ലാഹു അക്ബർ.' ആവേശഭരിതരായി അവർ ശത്രുക്കളുടെ നേരെ ചാടിവീണു. നബി, ആഗ്രഹിച്ചിരുന്നില്ലെങ്കിലും രണഭൂമിയിലേക്ക് കുതിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ മുഖം ജ്വലിച്ചു. അദ്ദേഹം ഒരേസമയം യുദ്ധം ചെയ്യുകയും തന്റെ ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു: "അല്ലാഹുവും അവന്റെ മലക്കുകളും നമ്മോടൊപ്പമുണ്ട്. സംശയിക്കേണ്ട, മുസ്‌ലിംകളേ! ഇന്നത്തെ വിജയം നമ്മുടേതാണ്." ആയിരത്തിൽപരം സുസജ്ജരായ സൈനികരോട് പൊരുതുന്നത് വെറും മുന്നൂറുപേർ! എന്നാൽ, അവരുടെ ഉള്ളിൽ ആളിപ്പടരുന്ന ആവേശാഗ്നി നബി കാണുന്നുണ്ട്. ഓരോ മുസൽമാന്നുമറിയാം തങ്ങളാണ് യുദ്ധത്തിൽ മുന്തിനിൽക്കുന്നതെന്ന്. അല്ലാഹുവിന്റെ അംഗീകാരമാണതെന്ന് അവർക്കറിയാം. ഇവിടെയല്ലെങ്കിൽ വിജയം സ്വർഗത്തിൽ തീർച്ചയാണെന്ന് അവർക്കുറപ്പാണ്; ഇസ്‌ലാമിനെ പരാജയപ്പെടുത്തുക സാധ്യമല്ലെന്നും ദൃഢവിശ്വാസമുണ്ട്.

മുസ്‌ലിംകളുടെ ധീരമായ ചെറുത്തുനിൽപിനെ അതിജയിക്കാൻ മക്കക്കാർക്ക് കഴിഞ്ഞില്ല. മികച്ച ആയുധങ്ങളവർക്കുണ്ടായിരുന്നു; ആവേശത്തിലും ഒട്ടും പിറകിലായിരുന്നില്ല. പരാജയമെന്തെന്ന് ഇതേവരെ അറിഞ്ഞിട്ടില്ലാത്ത സമർഥരായ ഖുറൈശികളാണവർക്ക് നേതൃത്വം നൽകിയിരുന്നത്. എന്നാൽ, യുദ്ധവൈദഗ്ധ്യത്തിനോ ശക്തിക്കോ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇവിടെ, ബദ്‌റിൽ പ്രതികൂല സാഹചര്യങ്ങളെല്ലാം ഒത്തുചേർന്നിരിക്കുന്നു- മക്കയുടെ പ്രധാനപ്പെട്ട മൂന്ന് യോദ്ധാക്കൾ

ആദ്യം തന്നെ നിലംപൊത്തി; പ്രചണ്ഡവാതം പോലുള്ള മുസ്‌ലിംകളുടെ അദ്ഭുതകരമായ കുതിച്ചുകയറ്റം; മണൽത്തരികൾ മുഖത്തേക്കടിച്ചുവീശിയ ശക്തമായ കാറ്റ് ഖുറൈശികളുടെ അവശേഷിച്ച ആത്മവീര്യവും കെടുത്തുന്നതായിരുന്നു. അവരുടെ മുഖ്യസേനാധിപൻ അബൂജഹ്ൽ, അലിയുടെ വാളിന്നിരയായി; ഒട്ടേറെ മക്കാനേതാക്കൾ മണൽപ്പരപ്പിൽ വീണുറങ്ങി. അവസാനം അവർക്ക് തോൽവി ഉറപ്പായി. അവരുടെ നേതാക്കൾക്ക് കാലിടറി. അവരാകെ അനിശ്ചിതത്വത്തിലാണെന്ന് പ്രവാചകൻ മനസ്സിലാക്കി. അവർക്കുനേരെ മണൽവാരിയെറിഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു: "നിങ്ങളുടെ കണ്ണുകളടഞ്ഞുപോകട്ടെ." പിന്നെ തന്റെ അനുയായികളുടെ നേരെ തിരിഞ്ഞു: "ധൈര്യമായിരിക്കൂ കൂട്ടരേ. ശത്രുവിനെ തുരത്തുക; വിജയം നിങ്ങളുടേതാണ്." ഈ വാക്കുകളോടെ മുസ്‌ലിംകളുടെ വീര്യം പതിന്മടങ്ങ് വർധിച്ചു. ഓരോരുത്തരും എല്ലാ ശക്തിയും സംഭരിച്ച് അന്തിമപോരാട്ടം നടത്തി. ഖുറൈശികൾക്ക് അത് വലിയ ആഘാതമായിരുന്നു. ശത്രുക്കൾ തിരിച്ചോടിയതോടെ വിജയം പൂർണമായി.

ബദ്റിലെ യുദ്ധഭൂമിയിൽ ഖുറൈശീഭാഗത്തുനിന്ന് എഴുപതുപേർ മരിച്ചുവീണിരുന്നു. അത്രതന്നെയാളുകൾ തടവുകാരായി പിടിക്കപ്പെടുകയും ചെയ്തു. അബൂജഹ്ൽ, വലീദ്, ഉത്ബ തുടങ്ങി പ്രമുഖ നേതാക്കളിൽ പലരും മരിച്ചവരിൽ ഉൾപ്പെടുന്നു. അബ്ബാസും ഉഖ്ബയും തടവുകാരായി. ഒട്ടേറെ യുദ്ധമുതലും മുസ്‌ലിംകൾക്ക് കിട്ടി. പതിനാല് മുസ്‌ലിംകൾ രക്തസാക്ഷിത്വം വരിച്ചു. തങ്ങളുടെ ദൗത്യത്തിന്റെ അജയ്യതയിലുള്ള വിശ്വാസം ദൃഢപ്പെടുത്താൻ യുദ്ധം മുസ്‌ലിംകളെ സഹായിച്ചു.

യുദ്ധത്തടവുകാരിൽ പ്രവാചകന്റെ പിതൃവ്യനായ അബ്ബാസുമുണ്ട്. ഉറച്ച ഖുറൈശിയായിരുന്നുവെങ്കിലും പ്രവാചകനോട് അബ്ബാസ് കാണിച്ചിരുന്ന സഹിഷ്ണുതയും പരിഗണനയും കണക്കിലെടുത്ത് അയാളെ വിട്ടയച്ചു. പ്രവാചകനെ ക്ഷണിക്കാൻ വന്ന യസ്‌രിബുകാരോട് അബ്ബാസ് പറയുകയുണ്ടായി: "അദ്ദേഹത്തിന്റെ ദൗത്യത്തിൽ ആത്മാർഥമായി വിശ്വസിക്കുന്നുവെങ്കിൽ മാത്രം കൊണ്ടുപോയ്ക്കൊള്ളുക. ശത്രുക്കൾക്ക് ഒറ്റുകൊടുക്കാനാണെങ്കിൽ കൊണ്ടുപോകരുത്." നബിക്ക് അതോർമയുണ്ട്. സൈനബിനെ പിതാവ് തിരിച്ചുനൽകുമെന്ന വ്യവസ്ഥയിലാണ് അബുൽആസിനെ വിട്ടത്. പ്രവാചകനെ അപകീർത്തിപ്പെടുത്തി വേദനിപ്പിക്കുന്നതിൽ ഒരു വൈമനസ്യവും കാണിക്കാതിരുന്ന നള്റിൽനിന്നും ഉഖ്ബയിൽനിന്നും പശ്ചാത്താപം പ്രതീക്ഷിക്കാമായിരുന്നില്ല. അതുകൊണ്ടുതന്നെ അവർക്ക് പരമാവധി യുദ്ധപ്പിഴ വിധിച്ചു. എന്നാൽ നള്റിന്റെ മകളുടെ നിലവിളി കേട്ടപ്പോൾ നബിയുടെ ആർദ്രഹൃദയം വിങ്ങി; കണ്ണുകൾ നിറഞ്ഞു. അവളുടെ പിതാവിന്റെ ജീവൻ തിരിച്ചുനൽകാൻ തനിക്കാവില്ലല്ലോ എന്ന് ആത്മാർഥമായും അദ്ദേഹം പരിതപിച്ചു. നബിയുടെ ഈ സ്വഭാവ സവിശേഷതക്ക് തെളിവാണ് യുദ്ധ

ത്തടവുകാരോട് ദയാപൂർവം പെരുമാറണമെന്ന അവിടുത്തെ നിർദേശം.

ഇസ്‌ലാമിന്റെ ഉയർച്ചയിൽ ബദ്ർവിജയം ഒരു നാഴികക്കല്ലാണ്. പതിനേഴു വർഷത്തോളം പുതിയ മതത്തെ പീഡിപ്പിക്കുകയും അവിശ്വസിക്കുകയും ചെയ്ത ഖുറൈശികൾക്ക് കടുത്ത പരാജയമാണ് സംഭവിച്ചത്. അവരുടെ സൈനികശേഷി ബദ്റിൽ കുഴിച്ചുമൂടപ്പെട്ടു. ഈ തോൽവി ഭാവിയിലേക്ക് ഒരു ദുശ്ശകുനമായിട്ടാണ് മക്കാനിവാസികൾ കണ്ടത്- ഇസ്‌ലാം പിടിയുറപ്പിച്ചു കഴിഞ്ഞു. ഇനി ഈ പ്രസ്ഥാനത്തെ നിസ്സാരമാക്കിത്തള്ളാനോ അതിന്റെ സ്വാധീനശക്തി കുറച്ചുകാണാനോ സാധ്യമല്ല. അത് സജീവ ഭീഷണിയായിത്തീർന്നിരിക്കുന്നു. മുസ്‌ലിംദൃഷ്ട്യാ നോക്കുമ്പോഴും ഈ വിജയം അത്ര തന്നെ പ്രാധാന്യമർഹിക്കുന്നതാണ്. മദീനയിൽ അതവർക്ക് അഭിമാനകരമായ ഒരന്തസ്സ് നേടിക്കൊടുത്തിരിക്കുന്നു. ഇന്നോളം അന്നാട്ടുകാരുടെ ഔദാര്യത്തിലാണ് തങ്ങൾ കഴിയുന്നത് എന്ന ഒരു തോന്നലുണ്ടായിരുന്നു. മുമ്പെന്നത്തേതിനെയുംകാൾ പ്രവാചകന്റെ നില ഇതോടെ ഭദ്രമായി. അദ്ദേഹത്തിന്റെ ശത്രുക്കളുടെ പദ്ധതികളെ അത് അസ്തശക്തമാക്കി. പ്രതിയോഗിയുടെ വീക്ഷണത്തെ തന്നെ അത് അലോസരപ്പെടുത്തി.

എന്നാൽ, മുഹമ്മദ് എന്ന മനുഷ്യനിൽ വിജയം ഒരു മാറ്റവും വരുത്തിയില്ല. യുദ്ധത്തിനിടയിലും അവിടുന്ന് ഒരു ഉരുക്കുമനുഷ്യനായി കാണപ്പെട്ടു. വിജയത്തിലും, പഴയതുപോലെ സദ്ഹൃദയനായ പ്രവാചകൻ തന്നെയായിരുന്നു അദ്ദേഹം. യുദ്ധത്തടവുകാരോടുള്ള ദയാപൂർവവും സൗമനസ്യപൂർണവുമായ പെരുമാറ്റം അനുയായികളെപ്പോലും അദ്ഭുതപ്പെടുത്തി. വിജയത്തിന്റെ അവകാശം തന്നിലോ, അനുയായികളിലോ ആരോപിക്കാനദ്ദേഹം മുതിർന്നില്ല. അതെല്ലാം ദൈവത്തിനുള്ളതാണ്. "അവൻ നമുക്ക് വിജയം വാഗ്ദാനം ചെയ്തിരുന്നു."- അദ്ദേഹം പറഞ്ഞു: "വാക്ക് പാലിക്കുകയും ചെയ്തു. നമ്മോടൊപ്പം യുദ്ധഭൂമിയിൽ ഒരായിരം മലക്കുകളും പൊരുതുന്നുണ്ടായിരുന്നു." യുദ്ധമുതലിനെ ചൊല്ലി അദ്ദേഹത്തിന്റെ അനുയായികളിൽ ചിലർ കലഹിച്ചപ്പോൾ "വിജയം അല്ലാഹുവിന്റെ സഹായത്താൽ മാത്രം കരഗതമാകുന്നതാണ്; എന്തെന്നാൽ, അവിശ്വാസികളെ അരിഞ്ഞുവീഴ്ത്തിയത് മുസ്‌ലിംകളല്ല; അല്ലാഹുവാണ്" എന്ന ഉദ്ബോധനത്തോടെ, അവ വീതിക്കാൻ വിശുദ്ധ ഖുർആൻ നിർദേശിച്ചു. അഞ്ചിലൊരു ഭാഗം പൊതുഖജനാവിലേക്ക് കാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവെക്കാനും നിർദേശിക്കപ്പെട്ടു.

# 7

മദീനയുടെ ഭരണാധികാരിയെന്ന നിലയിലുള്ള പ്രവാചകന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഖുറൈശികളുമായുള്ള സമരത്തെക്കുറിച്ചുമുള്ള വിവരണം തുടരുംമുമ്പ്, അവിടുത്തെ സ്വകാര്യജീവിതത്തിലെ

പ്രധാന സംഭവങ്ങളിലേക്ക് നമുക്ക് ചെറുതായൊന്ന് തിരിഞ്ഞുനോക്കാം. ഖദീജയുടെ മരണം നബിതിരുമേനിയുടെ ജീവിതത്തിനുണ്ടാക്കിയ നഷ്ടം എത്ര വലുതാണെന്ന് നമുക്കറിയാം. അബൂബക്റിന്റെ പുത്രി ആഇശ, അബ്സീനിയയിലെ മുസ്‌ലിം അഭയാർഥിയുടെ വിധവ സൗദ എന്നിവരുമായുണ്ടായ വിവാഹബന്ധത്തെക്കുറിച്ചും നാം പരാമർശിച്ചു. വിവാഹാവസരത്തിൽ ആഇശക്ക് അതിനുള്ള പ്രായമായിട്ടില്ലാതിരുന്നതിനാൽ, പ്രായപൂർത്തിയാകുന്നതുവരെ പിതാവിനോടൊപ്പമാണവൾ കഴിഞ്ഞതെന്നും ഓർക്കേണ്ടതുണ്ട്. ഈ വിവാഹങ്ങൾ നടക്കുന്ന കാലത്ത് നബി, ജീവിതത്തിലെ അങ്ങേയറ്റം നിർണായകമായ ഒരു ദശാസന്ധിയിലൂടെ കടന്നുപോവുകയായിരുന്നു. ഏതാനും വർഷങ്ങൾക്കകം വലിയ വലിയ സംഭവങ്ങളാണുണ്ടായത്. ശിഅ്ബിലെ കുന്നുകളിൽ ഒളിവുജീവിതം നയിച്ചിരുന്ന പ്രവാചകൻ ഇപ്പോൾ മദീനയിൽ അധികാരത്തിന്റെ ഔന്നത്യത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ഈ ഇടവേളയിൽ ആഇശ നേടാവുന്നത്ര പാണ്ഡിത്യവും വിജ്ഞാനവും നേടി. വിവാഹമെന്നാൽ എന്താണെന്ന്, അതിന്റെ ഉദ്ദേശ്യവും പ്രത്യാഘാതങ്ങളും എന്തൊക്കെയാണെന്ന് ഇപ്പോൾ അവർക്കറിയാം. വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയുടെ പത്നിയാണ് താനെന്ന് അവർക്ക് തികഞ്ഞ ബോധമുണ്ട്. പിതാവിന്റെ ആത്മസുഹൃത്തു മാത്രമല്ല; ഇസ്‌ലാമിന്റെ നേതാവും മദീനയുടെ ഭരണാധികാരിയുമാണദ്ദേഹം. സാധാരണയിൽ കവിഞ്ഞ സൗന്ദര്യം പ്രകൃതി അവർക്ക് നൽകിയിട്ടുണ്ട്; അത്ര തന്നെ ബുദ്ധിശക്തിയും. ഈ അവസരത്തിലാണ് പതിനഞ്ചാം വയസ്സിൽ ആഇശ പ്രവാചകന്റെ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നത്.

ഒരു പത്നിയുടെ കർത്തവ്യനിർവഹണത്തിൽ ആഇശക്ക് നല്ലൊരു തുണയായിരുന്നു സൗദ.

തികഞ്ഞ നീതിബോധത്തോടെ ഇരുവർക്കും തുല്യമായ താമസസൗകര്യമാണ് നബി ചെയ്തുകൊടുത്തത്. സന്ദർശനകാര്യത്തിലും ആ തുല്യത അവിടുന്ന് നിലനിർത്തി.

ഒരിക്കൽ പ്രവാചകനോട് ആഇശ പറഞ്ഞു: "അങ്ങ് സ്നേഹിക്കുന്ന വൃദ്ധയായ ഖദീജയേക്കാൾ കാണാൻ കൊള്ളില്ലേ എന്നെ?"

പ്രവാചകന്റെ പുരികമുയർന്നു: "എന്റെ ഹൃദയത്തിൽ ഖദീജക്കുള്ള സ്ഥാനം മറ്റൊരു സ്ത്രീക്കുമില്ല. എനിക്ക് സ്നേഹിതരില്ലാതിരുന്നപ്പോൾ അവളെനിക്ക് സ്നേഹം തന്നു; ലോകം മുഴുവൻ എന്നെ സംശയിച്ചപ്പോൾ അവളെന്നിൽ വിശ്വാസമർപ്പിച്ചു."

ഈ മറുപടി പിന്നീടൊരിക്കലും ആഇശക്ക് മറക്കാനാവുമായിരുന്നില്ല.

പ്രവാചകൻ വിജയശ്രീലാളിതനായി മദീനയിൽ പ്രവേശിച്ചപ്പോൾ, അത് നോക്കിനിന്ന സ്ത്രീകളിൽ ഒരു സുന്ദരിയുണ്ടായിരുന്നു- ഹഫ്സ.

തന്റെ പിതാവ് ഉമറിനോടൊപ്പം നിൽക്കുകയായിരുന്നു അവർ. കടന്നു പോകവെ കൈയിലിരുന്ന വിശുദ്ധ ഖുർആനടങ്ങുന്ന വിലപ്പെട്ട ഒരു സഞ്ചി അദ്ദേഹം അവരെ ഏൽപിച്ചു. പിതാവിന്റെ രൂപവും ഊഷ്മളപ്രകൃതവും ജന്മനാ ലഭിച്ച ഹഫ്സ്വ, ബദ്റിൽ മരണമടഞ്ഞ ഒരു മുസ്‌ലിം യുവാവിന്റെ വിധവയായിരുന്നു. അപ്പോഴും യൗവനത്തിന്റെ വസന്തം വിട പറഞ്ഞിട്ടില്ല. അബൂബക്റിനും പിന്നീട് ഉസ്മാനും അവരെ വിവാഹം ചെയ്തുകൊടുക്കാൻ ഉമർ ആലോചിച്ചതാണ്. എന്നാൽ, അവർ ഇരുവരും പ്രശാന്തമായ കടലിൽ ജീവിതനൗക തുഴയാനാഗ്രഹിക്കുന്നവരായിരുന്നു. ഹഫ്സ്വയുടെ ആകർഷണീയതയാവട്ടെ ഒരു പ്രക്ഷുബ്ധ സാഗരത്തിന്റേതായിരുന്നു. അബൂബക്റും ഉസ്മാനും വിവാഹാഭ്യർഥന നന്ദിപൂർവം നിരസിച്ചപ്പോൾ പ്രവാചകൻ, പ്രശ്നം പരിഹരിക്കുകയുണ്ടായി; അങ്ങനെ സൗദയോടും ആഇശയോടുമൊപ്പം ഹഫ്സ്വയും അവിടുത്തെ പത്നീപദം പങ്കിട്ടു.

പ്രവാചകന്റെ കുടുംബത്തിലുണ്ടായ മറ്റൊരു പ്രധാന സംഭവം സൈദും ഉമൈമ മകൾ സൈനബും തമ്മിലുള്ള വിവാഹമാണ്. അബ്ദുൽ മുത്ത്വലിബിന്റെ മകളാണ് ഉമൈമ. ഒരിക്കൽ അടിമയായിരുന്ന സൈദ്, സ്വതന്ത്രനാക്കപ്പെട്ടുവെങ്കിലും പ്രവാചകനോട് കൂറും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് അവിടുത്തെ അനുയായിയായി തുടരുകയാണ് ചെയ്തതെന്ന് നമുക്കറിയാം. സൈദിനെ വളർത്തുപുത്രനായേറ്റെടുത്തുകൊണ്ടാണ് നബിതിരുമേനി ആ യുവാവിന്റെ കൂറിനു പ്രതിഫലം നൽകിയത്.

സൈനബിനെ അവളുടെ വിവാഹത്തിനു മുമ്പുതന്നെ ബന്ധുവായ മുഹമ്മദിന് അറിയാമായിരുന്നു. ഒരിക്കൽ അടിമയായിരുന്ന സൈദിന് സൈനബിനെ വിവാഹംചെയ്തുകൊടുക്കുന്നതിൽ അവളുടെ സഹോദരൻ എതിർപ്പു പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഒരു മുസ്‌ലിം സ്ത്രീയെ വിവാഹം ചെയ്യുന്നതിൽ അത്തരം ഉച്ചനീചത്വങ്ങളൊന്നും ഒരു മുസൽമാന് പ്രതിബന്ധമായിക്കൂടെന്നു പ്രവാചകനു നിർബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിർദേശാനുസാരമാണ് അബ്ദുൽ മുത്ത്വലിബിന്റെ പൗത്രിയും ഖുറൈശി ഗോത്രജയുമായ സൈനബ് ഒരിക്കൽ അടിമയായിരുന്ന സൈദിന്റെ ഭാര്യയായിത്തീർന്നത്.

ബദ്ർയുദ്ധം കഴിഞ്ഞ്, അലി ഫാത്വിമയെ വിവാഹം ചെയ്തു. നബിയുടെ ഓമനപുത്രിയായ ഫാത്വിമക്ക് ആഇശയുടെ പ്രായമാണ്. ഖദീജയുടെ വിയോഗത്തിനു ശേഷം ഫാത്വിമയോളം പ്രവാചകന്റെ ജീവിതത്തെ സാർഥകമാക്കിയ മറ്റൊരു സ്ത്രീ ഉണ്ടായിട്ടില്ല. ഉമ്മയുടെ സദ്ഗുണങ്ങളെല്ലാം അവൾക്ക് കിട്ടിയിട്ടുണ്ട്; നബി അവളിൽ കണ്ടത് തന്നെതന്നെയാണ്. ഹൃദയാന്തരാളത്തിൽ അവിടുന്ന് സൂക്ഷിച്ചുവെച്ച വിലപ്പെട്ട രത്നം. അവിടുത്തെ അപ്രമാദിത്വത്തിൽ ഉമ്മക്കുണ്ടായിരുന്ന വിശ്വാസം, അവി

ടുത്തെ വിശാല മനസ്കത-അതെല്ലാം അവൾക്കും കിട്ടിയിട്ടുണ്ട്. അവൾ വിശ്വസ്തയാണ്; മുറതെറ്റാതെ നമസ്കരിക്കുന്നവളാണ്. സ്വന്തം പ്രായക്കാരായ മറ്റു പെൺകുട്ടികളെപ്പോലെ നിഗൂഢസൂത്രങ്ങളോ മറ്റു ദുഃസ്വഭാവങ്ങളോ ഇല്ല. അവളെ നൽകുമ്പോൾ, തനിക്കേറ്റവും പ്രിയപ്പെട്ട ഒന്നിനെ അലിക്ക് നൽകുകയായിരുന്നു പ്രവാചകൻ. അലിയും ഈ അംഗീകാരം അർഹിക്കുന്നുണ്ട്. കാരണം, അദ്ദേഹത്തിന്റെ അകളങ്കമായ ആത്മാർഥതയും കർത്തവ്യബോധവും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ബദ്ർ യുദ്ധത്തിൽ അലി കാണിച്ച സാഹസികതയും തന്റേടവും സുഹൃത്തുക്കളുടെയും ശത്രുക്കളുടെയും പ്രശംസ ഒന്നുപോലെ ആർജിച്ചതാണ്. തന്റെ പ്രിയപ്പെട്ട ഫാത്വിമക്ക് തികച്ചും അനുഗുണനായ ഒരു പുരുഷൻ ലോകത്തുണ്ടെങ്കിൽ അത് അലിയാണെന്ന് നബിതിരുമേനിക്കുറപ്പുണ്ടായിരുന്നു.

ഖാസിമിന്റെ മരണാനന്തരം, നബിക്ക് ഒരാൺകുഞ്ഞുണ്ടായില്ല. സൈദിലും അലിയിലും അവിടുന്ന് കണ്ടത് കറതീർന്ന സ്വർണമാണ്. എന്നാൽ ദത്തുപുത്രൻ, എത്രതന്നെ നല്ലവനായിരുന്നാലും സ്വന്തം രക്തത്തിൽ പിറന്ന മകന് സമമാവില്ലല്ലോ. ഇത് പ്രകൃതി മനുഷ്യന് നൽകുന്ന സഹജമായ മനോഭാവമത്രെ. കുബേരനായാലും കുചേലനായാലും, മഹാനായാലും സാധാരണക്കാരനായാലും ഈ ഒരു വൈകാരികാംശം സ്വാഭാവികം മാത്രം. തന്റെ പ്രതിച്ഛായയിൽ, തന്റെ ശരീരത്തിൽനിന്നു പിറന്ന ഒരു പുത്രനുണ്ടായിക്കാണാൻ ഓരോരുത്തനും ആഗ്രഹിക്കുന്നു. ഇസ്‌ലാം മത പ്രവാചകനായ, മദീനയുടെ ഭരണകർത്താവായ, ബദ്റിലെ ജേതാവായ മുഹമ്മദും ഇക്കാര്യത്തിൽ ഒരു സാധാരണ മനുഷ്യൻ മാത്രം. ഏതൊരു പിതാവിനും അഭിമാനം നൽകുന്ന പവിത്രമനസ്കരായ, സ്നേഹസമ്പന്നരായ പെൺമക്കളുണ്ടെങ്കിലും ഒരു പുത്രനുവേണ്ടി ആ ഹൃദയം ദാഹിച്ചുകൊണ്ടിരുന്നു.

ബദ്ർയുദ്ധമുണ്ടാക്കിയ ആഹ്ലാദം ഏറെനാൾ നീണ്ടുനിന്നില്ല. ഏതാനും ദിവസം കഴിഞ്ഞു. പ്രവാചകപുത്രി റുഖിയ മരണമടഞ്ഞു. ഭർത്താവായ ഉസ്മാനോടൊപ്പം അബ്സീനിയയിൽ അഭയാർഥിയായി പോയ റുഖിയ, പ്രവാചകന്റെ യുദ്ധവിജയമറിഞ്ഞ്, സകുടുംബം മദീനയിലെത്തി താമസിച്ചുതുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഉസ്മാനുമായുള്ള ബന്ധം തുടരണമെന്ന് നബിതിരുമേനി ആഗ്രഹിച്ചു. അതുകൊണ്ടാണ് റുഖിയയുടെ അനുജത്തിയെയും അദ്ദേഹത്തിനുതന്നെ വിവാഹം ചെയ്തുകൊടുത്തത്. റുഖിയയുടെ വിയോഗം പ്രവാചകനെയും ഉസ്മാനെയും ഒരുപോലെ ദുഃഖത്തിലാഴ്ത്തിയിരുന്നതിനാൽ വിവാഹം ആഘോഷമില്ലാതെയാണ് നടന്നത്.

# 8

ഹിജ്റ മൂന്നാംവർഷം ബദ്റിൽവച്ച് ഖുറൈശികളുടെ അഹങ്കാരത്തിന് മുസ്ലിംകൾ ആഘാതമേൽപിച്ചിട്ട് പന്ത്രണ്ടു മാസം കടന്നുപോയി. ഇക്കാലത്തിനിടയിൽ, മിക്ക യുദ്ധത്തടവുകാരും മോചിതരായി സ്വരാജ്യത്തേക്ക് പോയി. നാലായിരം ദിർഹം മോചനദ്രവ്യം കെട്ടിവെക്കാൻ കഴിഞ്ഞവരെ, അപ്പോൾ തന്നെ വിമുക്തരാക്കിയിരുന്നു. അതിന് കഴിവില്ലാത്ത ചിലരെയും വിട്ടയച്ചു. വായിക്കാനും എഴുതാനും അറിഞ്ഞിരുന്നവർ പത്തു കുട്ടികൾക്ക് വീതം അറബിലിപിയും വ്യാകരണവും പഠിപ്പിച്ചുകൊടുക്കേണ്ടതുണ്ടായിരുന്നു. അവരിലാരോടും തന്നെ പരുഷമായ പെരുമാറ്റമൊന്നും ഉണ്ടായില്ല; പ്രവാചകൻ അത് പ്രത്യേകം നിഷ്കർഷിച്ചിരുന്നു.

മക്കയിൽ തിരിച്ചെത്തിയ അവർ, നബിയുടെയും മറ്റു മുസ്ലിംകളുടെയും ഈ മനുഷ്യത്വത്തെക്കുറിച്ച് മറ്റുള്ളവരോട് പറഞ്ഞു. ചിലർ പ്രത്യേകം നന്ദി പ്രകടിപ്പിക്കുകയും ചെയ്തു: "മദീനക്കാർ അനുഗ്രഹിക്കപ്പെടട്ടെ. അവർ നടന്നുകൊണ്ട് ഞങ്ങളെ ഒട്ടകപ്പുറത്തേറ്റി; അവർ ഈന്തപ്പഴംകൊണ്ട് തൃപ്തിപ്പെട്ട് ഞങ്ങൾക്ക് അപ്പം തന്നു." ഇസ്ലാമിനെ പ്രകോപനപരമായ രീതിയിൽ അധിക്ഷേപിച്ച കുറ്റത്തിന് തന്നെ പ്രവാചകന്റെ മുമ്പാകെ ഹാജരാക്കിയ സംഭവം ഒരു ഖുറൈശി പണ്ഡിതൻ വിവരിച്ചു. കുറ്റവാളിയുടെ രണ്ടു പല്ലുകൾ ഇളക്കിയെടുക്കാൻ നബിയോട് അദ്ദേഹത്തിന്റെ അനുയായികൾ അനുവാദം തേടി. എന്നാൽ പ്രവാചകൻ പറഞ്ഞു: "അയാളെ വെറുതെ വിടൂ. ഞാനയാൾക്ക് അംഗവൈകല്യം വരുത്തിയാൽ പടച്ചവൻ എനിക്കും അംഗവൈകല്യം വരുത്തും."

എന്നാൽ ഈ അഭിപ്രായപ്രകടനങ്ങളൊന്നും ഖുറൈശികളിൽ വേരുറച്ചുകഴിഞ്ഞ വിദ്വേഷം തുടച്ചുനീക്കിയില്ല. ബദ്റിൽ ആയുധശേഷി കുറഞ്ഞ മദീനക്കാരിൽനിന്നുണ്ടായ പരാജയം, ഗോത്രങ്ങൾക്കിടയിൽ അവർക്കുണ്ടായിരുന്ന അന്തസ്സും പ്രശസ്തിയും ഇടിച്ചുതാഴ്ത്തിയിരിക്കുന്നു. ഇത്തരമൊരു അപഖ്യാതി അവർക്ക് സഹിക്കാനാവുമായിരുന്നില്ല.

ദിവസങ്ങൾ കടന്നുപോകുന്തോറും, പ്രതികാരചിന്ത കൂടുതൽ കൂടുതൽ രൂക്ഷമായിത്തീർന്നു. അതൊരു വികാരാവേശമായി, അദമ്യദാഹമായി വളരുകയായിരുന്നു.

വിജയത്തിലും പരാജയത്തിലും ഒരുപോലെ പ്രവാചകൻ ജനങ്ങളുടെ ഐശ്വര്യത്തിനുവേണ്ടി അനവരതം പ്രവർത്തിച്ചുകൊണ്ടിരുന്നു. അഴിമതി പുരളാത്ത ദൃഢചിത്തനായ ഭരണകർത്താവായിരുന്നു അദ്ദേഹം. ഇസ്ലാമിനെക്കുറിച്ചുള്ള ആഭാസകവിതകളെഴുതിയതിന്, വഞ്ചനാപരമായ ഉപജാപങ്ങൾ നടത്തിയതിന് ചില ജൂതന്മാർ വധിക്കപ്പെട്ടു, മറ്റുള്ളവരെ നാടുകടത്തി; അവരിലൊരാൾ പ്രശസ്തനായ ഒരു കവിയായിരുന്നു- കഅ്ബ്. മദീനയിൽ നിന്ന് ബഹിഷ്കൃതനായപ്പോൾ മക്കയിലെത്തിയ അയാൾക്ക് അവിടെ വലിയ സ്ഥാനമാണ് ലഭിച്ചത്. നാടുകടത്തൽ, നബിയോടും ഇസ്ലാമിനോടുമുള്ള അയാളുടെ രോഷാഗ്നി

ആളിക്കത്തിച്ചു. മുസ്‌ലിംകളെക്കുറിച്ച് ആക്ഷേപഹാസ്യകവിതകളെഴുതിയ അയാൾ ഖുറൈശികളുടെ ബദ്ർ പരാജയത്തെക്കുറിച്ച് വിലാപഗീതങ്ങൾ രചിച്ചു; മക്കാപട മദീന സംഹരിക്കുമെന്ന് പ്രവചിക്കുന്ന കവിതകൾ പടച്ചുണ്ടാക്കുന്നു; ഈ കവിതകൾ വ്യാപകമായ ജനസമ്മതി അയാൾക്ക് നേടിക്കൊടുക്കുന്നു; അവരുടെ വൈകാരികാവേശത്തെ ഊതിക്കത്തിക്കുന്നു. ശത്രുതാപ്രവർത്തനങ്ങൾ ഇനി വൈകിക്കൂടെന്ന അവസ്ഥയെത്തി.

കഅ്ബിന്റെ വികാരം, അയാളുടെ വിവേകത്തെ നയിച്ചു. ചഞ്ചലമനസ്കരായ ചില നേതാക്കളുടെ മനസ്സ് അനുകൂലമാക്കിയെടുക്കാം എന്ന പ്രതീക്ഷയോടെ അയാൾ മദീനയിലേക്ക് യാത്രയായി. എന്നാൽ, അയാൾ മുസ്‌ലിംകളുടെ പിടിയിൽ അകപ്പെടുകയായിരുന്നു. അയാളെ ശിക്ഷിക്കാൻ, വിസ്തരിച്ച വിചാരണയൊന്നും ആവശ്യമായി വന്നില്ല. ഭ്രഷ്ട് കൽപനകൾ ലംഘിക്കുകയും വികാരങ്ങൾ ആളിക്കത്തിക്കുകയും ഖുറൈശികൾക്കും മദീനക്കുമിടയിൽ ഒരു സംഘട്ടനം അനിവാര്യമാക്കിത്തീർക്കുകയും ചെയ്തവനാണ് കഅ്ബ്. അത്തരമൊരുത്തന് ഒരൊറ്റ ശിക്ഷയേ വേണ്ടൂ- അറ്റുവീഴുന്ന ശിരസ്സോടൊപ്പം അവന്റെ കവിതയെഴുത്തും തീരും.

എന്നാൽ അരങ്ങൊരുങ്ങിക്കഴിഞ്ഞിരുന്നു. കഅ്ബിന്റെ മരണം ശത്രുക്കളുടെ ശക്തി വർധിപ്പിച്ചതേയുള്ളൂ. സൈനികവൈദഗ്ധ്യത്തിനും അക്ഷീണയത്നത്തിനും അറബികൾക്കിടയിൽ പ്രശസ്തനായ അബൂസുഫ്‌യാനാണല്ലോ അവരുടെ പടനായകൻ. ഖുറൈശികളെയും മറ്റു ചില ഗോത്രങ്ങളെയും തട്ടിയുണർത്താനുള്ള അയാളുടെ ശ്രമം വിജയകരമായിരുന്നു. ബദ്റിൽ പരാജയപ്പെടുത്തിയവരോട് പകവീട്ടാൻ, അങ്ങനെ മൂവായിരം വരുന്ന സായുധരായ ഒരു പടയെയും നയിച്ച് അബൂസുഫ്‌യാൻ പുറപ്പെട്ടു. അയാളുടെ ഇരുവശത്തും മക്കയിലെ ധീരരിൽ ധീരരായ രണ്ടു യുവസേനാധിപന്മാർ- അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമയും വലീദിന്റെ മകൻ ഖാലിദും. എഴുനൂറിൽ കുറയാത്ത കാലാൾപ്പടയും ഇരുനൂറോളം അശ്വഭടന്മാരും ആ സൈന്യത്തിൽ അണിനിരന്നു. യോദ്ധാക്കളുടെ ആവേശമേറ്റാൻ ഒരു വലിയ സംഘം സ്ത്രീകളും സൈന്യത്തെ അനുയാത്ര ചെയ്തിരുന്നു.

ഉഹുദിലാണ് ഇത്തവണ സൈന്യങ്ങൾ പോരിന്നിറങ്ങിയത്. ഖുറൈശികൾ മദീനയിലെത്താറായി. നഗരാതിർത്തിയിൽനിന്ന് ഒരു മണിക്കൂർ യാത്രയേ ഉള്ളൂ ഉഹുദിലേക്ക്. അബൂസുഫ്‌യാൻ വിശ്രമത്തിന്നായി വഴിയിലൽപം തങ്ങി. കിട്ടിയ അവസരമുപയോഗിച്ച് മദീനക്കാരുടെ കൃഷിയും പഴത്തോട്ടങ്ങളും മറ്റും നശിപ്പിക്കാനും അവർ മറന്നില്ല. പ്രവാചകൻ തന്റെ ആളുകളുമായി ആലോചിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ശത്രുവിനെ നേരിടാൻ മുസ്‌ലിം സൈന്യം അപര്യാപ്തമാണ്. എന്തോ

ഉൾവിളിയാലെന്നപോലെ അദ്ദേഹം അപകടം മുന്നേ കണ്ടറിയുന്നു; മദീനയുടെ അതിർത്തികൾക്കകത്തുതന്നെ നിൽക്കുന്നതാണ് മുസ്‌ലിം സൈന്യത്തിനുത്തമം എന്നതിന്റെ സൂചന. പ്രവാചകന്റെ കൂട്ടത്തിലുള്ള മുതിർന്നവരും ആ അഭിപ്രായത്തോട് യോജിക്കുന്നവരാണ്. എന്നാൽ ചെറുപ്പക്കാർക്ക് യുദ്ധത്തിന് തിടുക്കമായിരുന്നു: എന്ത്! ഖുറൈശികൾ നമ്മുടെ കൊയ്യാറായ വിളകളും പഴത്തോട്ടങ്ങളും നശിപ്പിക്കുന്നത് കണ്ടില്ലേ? ഇനിയെങ്ങനെയാണ് മദീനക്കാർ അയൽക്കാരുടെ മുഖത്ത് നോക്കുക? പിന്നെയെന്ത് ആത്മാഭിമാനം?- യുവത്വം ആത്മാഭിമാനഭരിതമാണ്; അത് സ്വന്തം കാഴ്ചപ്പാടിൽ ഉറച്ചുനിൽക്കുന്നു. അതുകൊണ്ട് പ്രവാചകൻ ഒരായിരം പേരടങ്ങുന്ന മുസ്‌ലിം സേനയെ നയിച്ചുകൊണ്ട്, അസ്തമയത്തോടെ മദീനയിൽനിന്ന് പുറത്തേക്ക് കടന്നു; അവരിൽ നൂറു പേർക്കേ കവചങ്ങളുള്ളൂ. അക്കൂട്ടത്തിൽ അശ്വസേനയേ ഇല്ലായിരുന്നു.

യുദ്ധസന്നാഹവുമായി രാത്രി കഴിച്ചുകൂട്ടി. പ്രവാചകനോടൊപ്പം അലി, ഹംസ, അബൂബക്ർ തുടങ്ങിയ അദ്ദേഹത്തിന്റെ വിശ്വസ്താനുയായിക ളുണ്ട്. പ്രവാചകന്റെ സേനയോടൊപ്പം ചേരാൻ പുറപ്പെട്ട അബ്ദുല്ലാ ഹിബ്നു ഉബയ്യിന്റെ മുന്നൂറംഗസൈന്യം ശത്രുവിനെ കണ്ടതോടെ തിരി ഞ്ഞുപോവുകയായിരുന്നു.

പിറ്റേന്ന് രാവിലെ എഴുനൂറോളം വരുന്ന മുസ്ലിംകൾ, നാലിരട്ടിയി ലധികമുള്ള ശത്രുക്കളുമായി ഏറ്റുമുട്ടി. മേഘശകലങ്ങൾ ആകാശത്തിൽ ഒഴുകിനടന്നു. ഉദയകിരണങ്ങൾ രണഭൂവിനെ ശോണാഭമാക്കി. ഖുറൈ ശികളുടെ കൊടിക്കൂറകൾ കാറ്റിൽ പാറിക്കളിച്ചു. മക്കക്കാരുടെ തമ്പിൽ പാട്ടും കൂത്തും കേട്ടു. തുളച്ചുകയറുന്ന സ്ത്രൈണശബ്ദങ്ങൾ കേട്ടു: "ധൈര്യമായിരിക്കൂ; അബ്ദുദ്ദാറിന്റെ മക്കളേ, ധൈര്യമായിരിക്കൂ. നിങ്ങൾ സ്ത്രീസംരക്ഷകർ. നിങ്ങളുടെ വാൾത്തുമ്പു കൊണ്ട് വീടിനെ രക്ഷി ക്കുക." ഇടിമുഴക്കം പോലുള്ള ശബ്ദത്തിൽ ആയിരക്കണക്കിന് കണ്ഠ ങ്ങൾ അതിനോട് പ്രതികരിക്കുകയായി. വീണ്ടും സ്ത്രീകൾ പറയുന്നു: "ഞങ്ങൾ, വിഭാതപുത്രികൾ, ശത്രുവിനെ ധീരമായെതിരിട്ടാലും. സുഗ ന്ധതൈലം തേച്ച കേശഭാരത്തോടെ, രത്നാഭരണങ്ങളണിഞ്ഞ കഴുത്തു കളോടെ നിങ്ങളെ ഞങ്ങൾ മാറോടു ചേർക്കാം. പലായനം ചെയ്താൽ, ഞങ്ങൾ വെറുപ്പോടെ നിങ്ങളെ പുറന്തള്ളും." പിന്നെയും ശക്തമായ സംഘഗാനം ആകാശത്ത് മാറ്റൊലികൊള്ളുന്നു.

മുസ്ലിംകളും ആവേശരഹിതരായിരുന്നില്ല. അബ്ദുല്ലാഹിബ്നു ഉബ യ്യിന്റെ സേന തിരിഞ്ഞുപോയത് അവരുടെ ദൃഢനിശ്ചയത്തിന് ആക്കം കൂട്ടി. ഒരു വൃദ്ധൻ പ്രവാചകസന്നിധിയിൽ ചെന്ന്, പടയിൽ ചേരാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു: "തിരുദൂതരേ, ഞാൻ ഖബ്റിലേക്ക് കാലുനീട്ടിയ ഒരു കിഴവൻ. അല്ലാഹുവിനുവേണ്ടി ശത്രുക്കളെ ഒന്നു വീക്കാനുള്ള അവ സരം എനിക്ക് തന്നാലും." തനിക്ക് വേണ്ടത്ര ഉയരമുണ്ടെന്ന് വരുത്താൻ ഒരു പയ്യൻ കുതികാലൂന്നി നിൽക്കുന്നു. എവിടെയും ഈ വിധത്തിലുള്ള ആവേശപ്രകടനങ്ങൾ ദൃശ്യമാണ്. ബദ്റിൽ മുസ്ലിംകൾ മൂന്നിരട്ടിയാ

ളുകളോടാണ് പൊരുതിയതെങ്കിൽ ഇവിടെ ശത്രുവിന്റെ സംഖ്യ നാലിരട്ടിയാണ്. ചെറുപ്പക്കാർപോലും ക്ഷുഭിതരായി കാണപ്പെട്ടു. മുഖലാവണ്യവും ബലമായ ഉടലുമുള്ള അവരുടെ ഇളംഒലീവുനിറമാർന്ന ചർമം, അറേബ്യൻ സൂര്യതാപമേറ്റ് കപിലവർണമായി. തിരിച്ചുകിട്ടിയ പഴയ ആവേശത്തോടെ അവർ മക്കയുടെ കരുത്തുറ്റ സൈന്യത്തെ ചെറുത്തുനിന്നു; പൂർവോപരി ആത്മവിശ്വാസത്തോടെ.

ബദ്റിലെപ്പോലെ അദ്ദേഹം പിൻനിരയിലല്ല. തുടക്കം മുതലേ സൈന്യത്തിന്റെ നേതൃത്വമേറ്റെടുത്തിരുന്നു. തന്റെ പടനായകർക്ക് നിർദേശങ്ങൾ നൽകിക്കൊണ്ട്, കുതിരപ്പുറത്ത് അങ്ങോട്ടുമിങ്ങോട്ടും കുതിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. ചുവന്നൊരു ശിരോവസ്ത്രം ആ മുഖത്തിന് അസാധാരണമായൊരു തേജസ്സ് നൽകുന്നുണ്ട്. എവിടെ നോക്കിയാലും അദ്ദേഹത്തെ കാണാം. തന്റെ യോദ്ധാക്കളെ, അവർ നേരിടുന്ന ഭീഷണിയെയും കർത്തവ്യബോധത്തെയും കുറിച്ച് ബോധവാന്മാരാക്കുന്നു; അങ്ങേയറ്റത്തെ ശൗര്യം ആവശ്യമായ സന്ദർഭമാണെന്നുണർത്തി പ്രോത്സാഹിപ്പിക്കുന്നു-ദൈവദൂതനായ മുഹമ്മദ് തന്നെയാണ് ഈ രീതിയിൽ യുദ്ധനേതൃത്വം നൽകുന്നത്. ഉഹുദ് പർവതത്തിനു പിന്നിൽ കടലിന്നഭിമുഖമായുള്ള ഉയർന്ന സ്ഥലത്താണ് നബിയും കൂട്ടരും നിലയുറപ്പിച്ചത്. കിഴക്കാംതൂക്കായ, ഉഹുദിന്റെ കൂർത്തപാറകൾ, ഒരു വലിയ ഭിത്തിയായി. അതിന്റെ ഏകാന്തതയെ ഭഞ്ജിക്കാൻ ഒരു കിളിപോലുമില്ല. അതിന്റെ ഊഷരതയെ ഇല്ലാതാക്കാൻ ഒരു തകരച്ചെടിപോലുമില്ല. ദൂരെ, നഗരപ്രാന്തത്തിൽനിന്ന് നോക്കിയാൽ അതിന്റെ ഭീഷണമായ പാറകൾ തല ഉയർത്തിനിൽക്കുന്നത് കാണാം. ഒരു വലിയ വിള്ളലിലൂടെയല്ലാതെ, ഉഹുദിനെ അതിക്രമിക്കാനാവില്ല. എന്ത് സംഭവിച്ചാലും, അനങ്ങിപ്പോകരുതെന്ന് നിർദേശം നൽകി അമ്പത് വില്ലാളിവീരന്മാരെ അദ്ദേഹം അവിടെ നിർത്തുന്നു. എല്ലാ അർഥത്തിലും മുസ്ലിംസേനയെ സംരക്ഷിക്കുകയാണ് അവരുടെ ചുമതല. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിർദേശങ്ങൾ സംശയമറ്റതാണ്: ''എന്തു സംഭവിച്ചാലും നിങ്ങളുടെ സ്ഥാനങ്ങളിൽതന്നെ നിലയുറപ്പിക്കുക. നാം ജയിച്ചാലും തോറ്റാലും ഇവിടെനിന്നിളകരുത്- നമുക്ക് നല്ലതിനുവേണ്ടിയാണെന്ന് തോന്നിയാൽ പോലും! ശത്രുവിനെ നിരീക്ഷിച്ചുകൊണ്ടിരിക്കുക. അവർ നമ്മെ പിന്നിലാക്കാൻ നോക്കുമ്പോൾ, ശരവർഷമാരംഭിക്കുക.''

വലിയൊരു ചന്ദ്രക്കലയുടെ നടുവിലെന്നോണമാണ് അബൂസുഫ്യാന്റെ മുന്നേറ്റം. അയാളുടെ തൊട്ടുപിന്നിൽ മക്കയിലെ ബിംബങ്ങൾ; അതിനു പിന്നിൽ ഖുറൈശി കൂട്ടരും. ഇക്‌രിമയുടെയും ഖാലിദിന്റെയും മേൽനോട്ടത്തിലാണ് സൈന്യം; രണ്ടു പേർക്കുമുണ്ട് നൂറുവീതം കുതിരപ്പട്ടാളക്കാർ. തങ്ങളുടെ പുരുഷന്മാരെ യുദ്ധത്തിന് പ്രേരി

* ചിലരുടെ അഭിപ്രായത്തിൽ 40 പേർ എന്നാണ്- വിവ.

പ്പിച്ചുകൊണ്ട് ഖുറൈശി സ്ത്രീകളുണ്ട് പിൻനിരയിൽ. മുസ്‌ലിം സേന യാകട്ടെ ഹംസയുടെ നിയന്ത്രണത്തിലാണ്; സഹായത്തിന് അലിയുണ്ട്.

ഖുറൈശികളുടെ ആദ്യത്തെ ആക്രമണം അലക്ഷ്യരീതിയിലായി രുന്നു. അത് മുസ്‌ലിം അണികളിൽ കാര്യമായ ചലനമൊന്നുമുണ്ടാക്കി യില്ല. ഉഹുദ് പർവതത്തിലെ പാറകൾപോലെ അവർ അചഞ്ചലരായി ഒരുമിച്ചുനിന്നു. ഖുറൈശികൾ പിൻവാങ്ങി, പിൻവാങ്ങി ഒരു ഭിത്തിയായി മാറുകയായിരുന്നു. ഹംസയും അലിയും വെട്ടിത്തിളങ്ങുന്ന വാൾ ചുഴറ്റിവീശി അവിശ്വാസികളുടെ മധ്യത്തിലേക്ക് ചാടിവീണു; അവരുടെ പിന്നാലെ മുസ്‌ലിം കാലാൾപ്പടയും. ഭയാനകമായ യുദ്ധം തുടങ്ങിക്ക ഴിഞ്ഞു. മനുഷ്യശിരസ്സുകൾ പൊടിപടലങ്ങളിൽ കിടന്നുരുണ്ടു. മണൽത്തരികൾ മനുഷ്യരക്തം വീണു ചുമന്നു.

മുമ്പൊരിക്കലുമില്ലാത്ത വിധം ഉജ്ജ്വലമായി മുസ്‌ലിംകൾ പൊരുതി. ബദ്റിൽ പോലും അവരിത്രയും അദ്ഭുതകരമായ ശൗര്യം പ്രദർശിപ്പിച്ചി ട്ടില്ല. ഓരോ യോദ്ധാവും നായകനാണിന്ന്. ഉഹുദ് പർവതം സാക്ഷ്യംവഹിച്ച ആ ധീരോദാത്ത പ്രകടനങ്ങൾ വിവരിക്കാൻ തന്നെ ഒരു പുസ്തകമെഴുതേണ്ടിയിരിക്കുന്നു. നിരാശയിൽ നിന്നുയിർക്കൊണ്ട ആവേശത്തോടെ ഖുറൈശികളും പോരാടുന്നു. തലമുറകളായി മക്കയുടെ നേതൃത്വം വഹിച്ചുപോന്ന അബ്ദുദ്ദാറിന്റെ കുടുംബത്തിൽപെട്ട ഏഴുപേർ മുസ്‌ലിംകളുടെ വാളിനിരയായി.

തന്റെ വളഞ്ഞവാൾ ചുഴറ്റി ത്വൽഹ, അലിയെ വെല്ലുവിളിച്ചു: "നിങ്ങ ളൊക്കെ സ്വർഗത്തിലും, ഞങ്ങൾ നരകത്തിലുമാണ് പോവുകയെന്നല്ലേ നിങ്ങൾ പറയുന്നത്. വാ, സ്വർഗത്തിലേക്ക് ഞാൻ നിന്നെ അയച്ചുതരാം."

"എന്നാൽ അതു തന്നെ കാണാം; നരകം പൂകുന്നത് നീ തന്നെയാ യിരിക്കും." അലി തന്റെ പ്രതിയോഗിയുടെ മേൽ ചാടിവീണു. കടുത്ത ഏറ്റുമുട്ടലുണ്ടായി. അവസാനം ത്വൽഹ നിലംപതിച്ചു.

"ത്വൽഹാ, തയ്യാറായോ?" -അലി ചോദിച്ചു.

"ദയ വിചാരിക്കണേ"- ത്വൽഹ കെഞ്ചി.

അയാളെ അവിടെ വിട്ടിട്ട് അലി, യുദ്ധം രൂക്ഷമായി നടക്കുന്ന സ്ഥല ത്തേക്ക് പാഞ്ഞു.

മക്കക്കാർ അൽപമൊന്നിടറി. അവർക്ക് യുദ്ധത്തിൽ മുൻകൈ നഷ്ട പ്പെടുകയാണ്. അബൂസുഫ്‌യാന്നും പടക്കും ആശയക്കുഴപ്പമായി. മുസ്‌ലിംകളുടെ ചെറുത്തുനിൽപ് നേരിടാനാവാതെ അവർ പിന്നാക്കം പോകാൻ നിർബന്ധിതരായി. എല്ലാ വശത്തുനിന്നും 'അല്ലാഹു അക്ബർ' എന്ന മന്ത്രധ്വനികളുയർന്നു മാറ്റൊലി കൊണ്ടു. വിജയം ഒരിക്കൽകൂടി പ്രവാചകാനുയായികൾക്ക് കരഗതമാവുകയാണ്. ബദ്ർ ആവർത്തിക്ക

പ്പെടുന്നു. മുസ്‌ലിം ഹൃദയങ്ങളിൽ ആഹ്ലാദം തിരയടിച്ചുയരുന്നു. വിജയം സുനിശ്ചിതമാക്കാൻ അവർ ശത്രുക്കളുടെ മേൽ ആഞ്ഞടിക്കുകയാണ്. ഖുറൈശികളെ അനുധാവനം ചെയ്ത്, മുസ്‌ലിം വില്ലാളികൾ മറ്റുള്ള വരെ പിന്നിലാക്കി കുതിച്ചു; യുദ്ധഭൂമിയിൽ അവർ തിരിച്ചെത്താൻ വൈകി.

ഖാലിദ് അത്ര പൊരിഞ്ഞ യുദ്ധത്തിലൊന്നും ഏർപ്പെട്ടിരുന്നില്ല. അയാ ളുടെ കുതിരപ്പട്ടാളം അടിയന്തര ഘട്ടത്തിൽ ചാടിയിറങ്ങാൻ സന്നദ്ധ രായി നിൽക്കുകയായിരുന്നു– അവസരം പാർത്ത് നിൽക്കുകയായിരുന്നു ഖാലിദ്– യുദ്ധം നടക്കുന്നിടത്തേക്ക് വലിഞ്ഞു കയറാനല്ല; കുതിരപ്പടക്ക് എപ്പോഴാണ് ഇടക്ക് ചാടിവീണ് ആശയക്കുഴപ്പമുണ്ടാക്കാൻ കഴിയുക എന്ന് നോക്കി മാത്രം. മക്കയുടെ മഹാസൈന്യത്തെ മുസ്‌ലിംകൾ പിന്നി ലാക്കി കഴിഞ്ഞെന്ന് സംഭ്രമത്തോടെ അയാൾ നോക്കിക്കണ്ടു. എന്നാൽ, മുസ്‌ലിം വില്ലാളികൾ തങ്ങളുടെ സ്ഥാനം വിട്ടിട്ടാണ് മറ്റുള്ളവരോടൊപ്പം ചേർന്നതെന്ന് പൊടുന്നനെ അയാൾ മനസ്സിലാക്കി.

യുദ്ധത്തിന്റെ വിധി പലപ്പോഴും നിർണയിക്കപ്പെടുക, നിസ്സാരമായ കാരണങ്ങളാലായിരിക്കും. ഖാലിദ് പിന്നെ വൈകിച്ചില്ല; തന്റെ നൂറ് കുതി രപ്പട്ടാളക്കാരോടൊപ്പം ഉഹുദ് മലയുടെ വിള്ളലിലൂടെ യുദ്ധഭൂമിയിലെത്തി. യുദ്ധത്തിന്റെ ഗതി മാറുകയായി; യുദ്ധത്തിൽ മുൻകൈയുണ്ടായിരുന്ന മുസ്‌ലിംകൾക്ക് ഇപ്പോൾ ചെറുത്തുനിൽക്കേണ്ടിവന്നിരിക്കുന്നു; ശത്രു ക്കളാൽ അവർ വളയപ്പെട്ടിരിക്കുന്നു.

പ്രവാചകന്റെ സൈന്യം ആപദ്ഘട്ടത്തെ അഭിമുഖീകരിക്കുകയാണ്, പല മക്കക്കാരെയും വീഴ്ത്തിയ ഹംസ വധിക്കപ്പെട്ടു. ഒരു ഖുറൈശിയു മായി ഏറ്റുമുട്ടിക്കൊണ്ടിരിക്കെ, വഹ്ശി എന്ന നീഗ്രോ ആഞ്ഞെറിഞ്ഞ കുന്തം പിന്നിൽ തറച്ചാണ് അദ്ദേഹം രക്തസാക്ഷിയായത്. എണ്ണപ്പെട്ട നിമിഷങ്ങൾ. പതിവുപോലെ അലി ശക്തമായ പ്രകടനം കാഴ്ചവെക്കു ന്നുണ്ട്. പ്രവാചകന്റെ ധൈര്യം, ചുറ്റുമുള്ളവർക്ക് ആവേശം പകരുന്നുണ്ട്. ശത്രു ശക്തമെന്നു തോന്നുന്നിടങ്ങളിൽ പാഞ്ഞെത്തി അദ്ദേഹം അവരെ ഉത്തേജിപ്പിക്കുന്നു: "വിശ്വാസികളേ മുന്നേറുക. അല്ലാഹു നമ്മോടൊപ്പ മുണ്ട്. വിജയം നമ്മുടേതാണ്." വിശ്വാസികളെ ഒരുമിപ്പിക്കുന്ന കാഹള മായിരുന്നു അദ്ദേഹത്തിന്റെ ശബ്ദം. പൂർവോപരി ശക്തിയോടെ അവർ പൊരുതുന്നു; അത് ശത്രുവിന്റെ ശ്രദ്ധയെ ആകർഷിച്ചു. പ്രവാചകന്റെ ചുവന്ന ശിരോവസ്ത്രവും ശബ്ദഗാംഭീര്യവും പോകുന്നിടത്തെല്ലാം അദ്ദേ ഹത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നുണ്ട്. അദ്ദേഹം ഇപ്പോൾ ശത്രു വിന്റെ ലക്ഷ്യമായിത്തീർന്നിരിക്കുന്നു. വായുവിലൂടെ കുന്തങ്ങൾ പാഞ്ഞു; അവ തൊട്ടു തൊട്ടില്ലെന്നമട്ടിൽ അദ്ദേഹത്തെ കടന്നുപോയി. ചുഴറ്റിവീ ശിയ വാളുകൾക്കും അദ്ദേഹത്തെ അപകടപ്പെടുത്താൻ കഴിഞ്ഞില്ല. പ്രവാ ചകൻ അപ്പോഴും ഊർജസ്വലനായിരുന്നു.

എന്നാൽ എത്രനേരം? അദ്ദേഹത്തിന്റെ മുന്നണിപ്പോരാളി മിസ്അബുബ് നു ഉമൈർ നിലംപതിച്ചിരിക്കുന്നു. മിസ്അബിന് പ്രവാചകനോട് സാദൃശ്യമുണ്ടായിരുന്നതിനാൽ അവിടുന്ന് മരിച്ചതായി ഒരു വാർത്ത യുദ്ധഭൂമിയിൽ പരന്നു. അതേസമയം നബിക്ക് മുറിവേറ്റിരുന്നു. അവിടുന്ന്, മരിച്ചതായുള്ള കിംവദന്തി സ്വന്തം അണികളിലും ശത്രുനിരയിലും ഒരുപോലെ പ്രചരിച്ചു. അത് ശത്രുസൈന്യത്തിന് കൂടുതൽ വീര്യം പകർന്നു. അത്രതന്നെ മുസ്ലിം അണികളെ അസ്തപ്രജ്ഞരാക്കി. അൽപനേരംമുമ്പ് ഖുറൈശികളെ തുരത്തിക്കൊണ്ടിരുന്ന മുസ്ലിംകൾ ഇപ്പോൾ പിൻവാങ്ങാനുള്ള ശ്രമത്തിലാണ്. മദീനയിലേക്ക് മടങ്ങുകയേ നിവൃത്തിയുള്ളൂ. എന്നാൽ, പെട്ടെന്നുതന്നെ നബിയുടെ ചുവന്ന തലപ്പാവും പടച്ചട്ടയും തിരിച്ചറിയപ്പെട്ടു; അവിടുന്നിപ്പോഴും ജീവനോടെയുണ്ട്. ഉമർ, അബൂബക്ർ, അലി തുടങ്ങി പത്തുപന്ത്രണ്ടു പേർ ചുറ്റുമുണ്ട്. അബൂബക്ർ കുനിഞ്ഞുനിന്ന് അവിടുത്തെ മുറിവുകളിൽ നിന്ന് രക്തം തുടച്ചുമാറ്റുകയാണ്. നബിക്ക് ചുറ്റും വിശ്വാസികൾ ഒരു മനുഷ്യഭിത്തി തീർത്തിരിക്കുന്നു. ഉമർ ഭയാനകമായ ഭാവത്തിലാണ്; കണ്ണുകളിൽ രോഷാഗ്നി; പുരികങ്ങളിൽ സ്വേദബിന്ദുക്കൾ. പ്രകൃതി അദ്ദേഹത്തിന് ഭീമാകാരവും അസാമാന്യ ശക്തിയും നൽകിയിട്ടുണ്ട്. തന്റെ കരുത്തു മുഴുവൻ അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ട്. അലിയെ യുദ്ധം ഒരു തരത്തിലും തളർത്തിയിട്ടില്ല. അദ്ദേഹത്തിന്റെ സഹോദരൻ ജഅ്ഫറും അത്യദ്ഭുതകരമായ യുദ്ധനൈപുണ്യം പ്രദർശിപ്പിക്കുന്നുണ്ട്. ഒടുവിൽ, പടിപടിയായി പാറയിലേതെങ്കിലുമൊരു മുനമ്പിലെത്തിപ്പെടാനുള്ള ഉത്സാഹത്തിലായി അവർ. അങ്ങനെ മക്കാപടയുടെ ശക്തിയെ ചെറുത്തുനിൽക്കുകയാണവർ.

അൽപമകലെനിന്ന് അബൂസുഫ്യാൻ വിളിച്ചുചോദിച്ചു: "നിങ്ങളുടെ കൂട്ടത്തിൽ മുഹമ്മദുണ്ടോ?" ഇല്ലെന്നു പറഞ്ഞപ്പോൾ അബൂബക്റുണ്ടോ എന്നായി ചോദ്യം. അതിനു മറുപടി മറ്റൊന്നായിരുന്നില്ല. അതു കേട്ടപ്പോൾ അബൂസുഫ്യാൻ അലറുകയായി: "ഹുബ്ലിന് സ്തുതി; അവർ മരിച്ചല്ലോ." കരുത്തനായ ഉമറിനെ കുറച്ചൊന്നുമല്ല അത് ചൊടിപ്പിച്ചത്: "അല്ലാഹുവിന്റെ പ്രവാചകനും അബൂബക്റും ജീവനോടെത്തന്നെയുണ്ട്, നിങ്ങൾക്ക് അവർ തിരിച്ചടി നൽകുന്നുണ്ട്."

പകൽ കെട്ടടങ്ങുമ്പോഴും യുദ്ധത്തിന്റെ വിധി നിർണയിക്കപ്പെട്ടിരുന്നില്ല. മുസ്ലിം കാലാൾപ്പട തന്നെയാണിപ്പോഴും അഭേദ്യരായി മുന്നിട്ടുനിൽക്കുന്നത്. യുദ്ധവീരരായ ഖുറൈശികൾ എണ്ണത്തിൽ കുറഞ്ഞിട്ടുണ്ട്; ഇതവരെ നിരാശരാക്കിയിട്ടുണ്ട്. നബിയും അവിടുത്തെ അനുയായികളും ജീവനോടെയിരിക്കുന്നുവെന്നതാണ് അവരെ കൂടുതൽ ഹതാശരാക്കുന്നത്. ഒരാൾക്കെതിരെ നാലുപേർ വീതമുണ്ടായിട്ടും മുസ്ലിംകളെ പറ്റെ വീഴ്ത്താനാവുന്നില്ല; ഖാലിദിന്റെ തന്ത്രങ്ങളൊന്നും അവ

രോട് വിലപ്പോകുന്നില്ല. ഹംസയെയും മറ്റു കുറേ മുസ്‌ലിംകളെയും ഖുറൈശികൾ കൊന്നൊടുക്കിയെങ്കിലും ഒറ്റയാളെപ്പോലും യുദ്ധത്തട വുകാരനായി പിടിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. മൃതദേഹങ്ങളോടു പോലും അവർ ക്രൂരമായിട്ടാണ് പെരുമാറുന്നത്: ഹംസയുടെ ജഡം കുത്തി ക്കീറുകയാണ് ഹിന്ദ് എന്ന രാക്ഷസി. ആ പാവനാത്മാവിന്റെ കരൾ അവൾ ചവച്ചുതുപ്പുന്നു; കുടൽ മാലയായി അണിഞ്ഞിരിക്കുന്നു. ശത്രു ക്കളുടെ തലയറുത്ത് അവർ സംതൃപ്തിയടയുന്നു. ഉഹുദ് വിജയത്തിന്റെ ഓർമക്കായി മക്കയിലേക്ക് കൊണ്ടുപോകാൻ ജഡങ്ങളുടെ മൂക്കും ചെവിയും അറുത്തെടുക്കുന്നു. അവർക്ക് പകവീട്ടണമെന്നല്ലാതെ മറ്റൊരു വിചാരമില്ല. മദീനയെ ആക്രമിക്കാനോ അധികാരം പിടിച്ചെടുക്കാനോ അവർക്ക് ഉദ്ദേശ്യമില്ല. ഇസ്‌ലാമിന്റെ ദൈവത്തെ കഅ്ബയിലെ ദൈവ ങ്ങൾ ജയിച്ചുവെന്നൊന്നും അവർ വിളംബരപ്പെടുത്താൻ പോകുന്നില്ല. പുറപ്പെടുമ്പോൾ അത്തരം മനോഹര പ്രതീക്ഷകളൊക്കെ ഉണ്ടായിരു ന്നുവെങ്കിലും മാതൃഭൂമിയിലേക്ക് മടങ്ങുന്നത് പശ്ചാത്താപ പുരുഷാരമാ യിട്ടാണ്. മക്കയിലേക്ക് മടങ്ങുമ്പോൾ തങ്ങളുടെ വിജയത്തിന്റെ ദുരൂഹ മായ ഫലങ്ങളിൽ അബൂസുഫ്‌യാൻ തീർത്തും നിരാശനായിരുന്നു. അയാൾ തന്റെ പടനായകരുമായാലോചിച്ച്, യുദ്ധഭൂമിയിലേക്ക് മടങ്ങാനും ഉഹുദ് യുദ്ധത്തിൽ പരിക്ഷീണരായ മുസ്‌ലിംകളെ ഉന്മൂലനാശം വരു ത്താനും തീരുമാനിച്ചു. അവർ തിരിച്ചുവന്നേക്കാമെന്ന് നബിയും വിചാ രിച്ചിരുന്നു. അവരെ മദീനയിൽ പരസ്യമായി നേരിടാമെന്നും അദ്ദേഹം കരുതി. അബൂസുഫ്‌യാൻ മടക്കയാത്രയിൽ, പ്രവാചകനെ സ്നേഹി ക്കുന്ന ഒരു ബന്ധുവിനെ കണ്ടുമുട്ടി; നബി കൂടുതൽ ശക്തമായ ഒരു സേനയുമായി, പ്രതികാരം ചെയ്യാൻ മക്കയിലേക്ക് തിരിച്ചിരിക്കയാണെന്ന് അയാൾ പറഞ്ഞു. അബൂസുഫ്‌യാന്റെ പട പരിക്ഷീണമായിരുന്നു; അതു കൊണ്ട് മക്കയിലേക്ക് അപ്പോൾ തന്നെ മടങ്ങി.

ഹംസയുടെ മരണം നബിയുടെ ഹൃദയത്തെ അഗാധമായ ദുഃഖത്തി ലാഴ്ത്തി. ഖുറൈശികൾ യുദ്ധരംഗത്തുനിന്ന് പിൻവാങ്ങിയപ്പോൾ, അവി ടുന്ന് ഹംസയുടെ മയ്യിത്ത് കണ്ടുപിടിക്കാനുള്ള ശ്രമത്തിലായിരുന്നു. അത് കുത്തിക്കീറി വികൃതമാക്കപ്പെട്ടിരുന്നു. മറ്റു മൃതശരീരങ്ങളോടൊപ്പം അതും ഒരു രക്തസാക്ഷിയോടുള്ള സ്നേഹാദരങ്ങളോടെ സംസ്കരി ക്കപ്പെട്ടു. ശിരോമുണ്ഡനം ചെയ്തും ഉടുപ്പുകൾ വലിച്ചുകീറിയും മാറ ത്തടിച്ചും ദുഃഖം പ്രകടിപ്പിക്കുന്ന പരമ്പരാഗതമായ നാട്ടുനടപടികൾ കർശനമായി പ്രവാചകൻ നിരോധിച്ചു. കരയാൻ വിരോധമില്ല; കാരണം അത് മാനുഷികമാണ്. ഹംസയെക്കുറിച്ച് പ്രവാചകൻ പറയുന്നു: "ഹംസ യുടെ പേർ അല്ലാഹുവിന്റെ സിംഹമെന്ന് ഏഴാം ആകാശത്തിൽ സുവർണലിപികളാൽ എഴുതപ്പെട്ടിരിക്കുന്നു." പ്രവാചകൻ, പരേതാത്മാ ക്കൾക്കു വേണ്ടി ഏഴുവട്ടം പ്രാർഥിച്ചു. ശത്രുമിത്ര ഭേദമന്യേ, ജഡങ്ങ ളെല്ലാം, അവർ മരിച്ചുവീണിടത്തുതന്നെ സംസ്കരിച്ചു. അതിനു മീതെ

മണൽക്കൂനകളുയർത്തി; ഭാവിതലമുറകൾക്ക് തിരിച്ചറിയാൻ വേണ്ടി.

ഉഹുദിലെ പരാജയത്തിൽ നബിതിരുമേനി അസ്വാഭാവികമായി ഒന്നും കണ്ടില്ല. യഥാർഥത്തിൽ വിജയം മുസ്ലിംകളുടെ ഭാഗത്തായിരുന്നു; എന്നാൽ, വില്ലാളികൾ ഖാലിദിന് അവസരം സൃഷ്ടിച്ചുകൊടുക്കുക യായിരുന്നു. ഉഹുദിൽ "നിങ്ങൾ ശത്രുവിനെ പരാജയപ്പെടുത്തിയപ്പോൾ അല്ലാഹു അവന്റെ വാഗ്ദാനം പാലിച്ചു; പക്ഷേ, നിങ്ങൾ പ്രവാചകന്റെ ആജ്ഞ ലംഘിച്ച് അനുസരണക്കേട് കാണിക്കുകയും യുദ്ധമുതലിൽ ആശവെക്കുകയും ചെയ്തു'' എന്നു വിശുദ്ധ ഖുർആൻ പറയുന്നു. എന്നാൽ, രണഭൂമിയിൽ നിർദിഷ്ട സ്ഥാനങ്ങളിൽനിന്ന് വ്യതിചലിച്ച കുറ്റത്തിന് അവർക്ക് ശിക്ഷയൊന്നും നൽകുകയുണ്ടായില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു; അവൻ കരുണാമയനല്ലോ എന്നാണ് ഖുർആൻ പറയുന്നത്. യുദ്ധത്തിൽ മരിച്ചുവീണവർക്ക് വലിയ പ്രതിഫലം നൽകപ്പെടും. യുദ്ധഭൂമിയിൽ പ്രവാചകൻ മരിച്ചുവീണിരുന്നുവെങ്കിൽ പോലും ഇസ്ലാം മരിക്കുകയില്ലെന്ന് ഖുർആൻ സ്പഷ്ടമാക്കുന്നു; കാരണം, അദ്ദേഹം ഒരു സന്ദേശവാഹകൻ മാത്രമാണ്. സത്യം, അതിനുവേണ്ടി വാദിക്കുന്നവൻ വധിക്കപ്പെട്ടാലും, സത്യമല്ലാതാകുന്നില്ല. വിശ്വാസികൾ ഒരിക്കലും സത്യം പരിത്യജിക്കയില്ല.

ആപദ്ഘട്ടത്തെക്കുറിച്ചുള്ള ഈ ഖുർആനികസൂക്തങ്ങളിലെ ഉദാത്തതയും ദൃഢവിശ്വാസവും മഹത്വവും പ്രകടമാണ്. "നിങ്ങൾ ഇപ്പോഴത്തെ സ്ഥിതിയിലായതിനു കാരണം, അല്ലാഹുവല്ല. നിങ്ങൾ തിന്മയിൽനിന്നകന്നു നിൽക്കുകയും അല്ലാഹുവിന്റെ സന്ദേശത്തിൽ വിശ്വസിക്കുകയും ചെയ്താൽ നിങ്ങൾക്കാണ് വിജയം." "വിശ്വസിക്കുന്നവരേ, ക്ഷമിക്കുക. എല്ലാവരോടും ക്ഷമ കാണിക്കുക; നിങ്ങൾക്ക് വിജയം കൈവരിക്കണമെങ്കിൽ അല്ലാഹുവിനോടുള്ള കർത്തവ്യം നിങ്ങൾ പാലിക്കുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കുക."

**അഞ്ച്**

# യോദ്ധാവ്

**മ**ദീനയിൽപോലും, ഉഹുദിലെ പരാജയം നബിതിരുമേനിയെക്കുറിച്ച് അഭിപ്രായാന്തരമുണ്ടാക്കി. മുസ്ലിംകൾക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾക്കും അനുസരണക്കും അപ്പോഴും മങ്ങലേറ്റിരുന്നില്ല. ഇപ്പോഴും അദ്ദേഹം തന്നെയാണ് അവരുടെ നേതാവും ആത്മീയാചാര്യനും. മതകാര്യങ്ങളിലെന്നതുപോലെത്തന്നെ, രാഷ്ട്രവ്യവഹാരത്തിലും അദ്ദേഹത്തിന്റെ തീർപ്പിനേ നിയമസാധുതയുള്ളൂ. പ്രധാനമായും രണ്ട് അഭിപ്രായങ്ങളാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പരിഗണനീയമായിട്ടുള്ളത്: അക്ഷ

ന്തവ്യമായ അനുസരണക്കേട് കാണിച്ചില്ലായിരുന്നുവെങ്കിൽ ഉഹുദ് ഒരു വിജയമായിരുന്നേനെ; ഖുറൈശികളെ തുരത്താനും കഴിഞ്ഞേനെ. അല്ലാഹു വിശ്വാസികൾക്ക് നൽകിയ വാഗ്ദാനം പാലിച്ചില്ല എന്ന ആക്ഷേപത്തിന് ഒരു നീതീകരണവുമില്ല.

അതേസമയം മദീനക്കു പുറത്ത്, അയൽഗോത്രങ്ങളുടെ സമീപനത്തിൽ ഈ യുദ്ധമുണ്ടാക്കിയ മാറ്റം പ്രകടമായിരുന്നു. ബദ്ർ വിജയമുണ്ടാക്കിയ മതിപ്പ് ഇല്ലാതായിത്തീർന്നിരിക്കുന്നു. മദീനയുടെ അധികാരം പഴയതുപോലെ മാനിക്കപ്പെടാതിരിക്കുന്നു. ഒട്ടും താമസിയാതെത്തന്നെ മുസ്‌ലിംകൾ, ഖുറൈശികളുടെ കൈയാൽ ഉന്മൂലനം ചെയ്യപ്പെടുമെന്ന് യഹൂദരും ക്രിസ്ത്യാനികളും അറബികളും ഒരുപോലെ വിശ്വസിക്കുന്നു. മുസ്‌ലിം സൈന്യത്തിൽ നല്ലൊരു ഭാഗം ഉഹുദിൽ രക്തസാക്ഷികളായി എന്നത് രഹസ്യമല്ല തന്നെ. ആ നഷ്ടം നികത്താൻ മദീനക്ക് അടുത്തൊന്നും സാധ്യമല്ല.

മദീനയുടെ അതിർത്തികൾ അതിക്രമിച്ചു കടക്കാൻ പല അയൽക്കാരും പരിപാടിയിടുന്നതായി വാർത്തകൾ ലഭിച്ചുകൊണ്ടിരുന്നു. നിതാന്ത ജാഗ്രതയാവശ്യമായ ഈ സ്ഥിതിവിശേഷത്തെ, അതിന്റെ ആപത്തുകളെ നബിതിരുമേനി സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ, നിലവിലുള്ള സാഹചര്യത്തിൽ തന്റെ അനുയായികൾക്കെതിരായ കൈയേറ്റം തടയാനോ ചതിയന്മാരെ വേണ്ടതുപോലെ ശിക്ഷിക്കാനോ അദ്ദേഹത്തിന് സാധ്യമല്ല.

ഈ സമയത്താണ് ബനൂആമിർ, ബനൂസുലൈം എന്നീ ഗോത്രങ്ങളുടെ കൈയിൽനിന്ന് അംറുബ്നു ഉമയ്യ രക്ഷപ്പെട്ട വാർത്ത മദീനയിൽ പ്രചരിച്ചത്. ഈ ഗോത്രങ്ങളുടെ നേതാവായ അബൂബർറാഅ് ഇസ്‌ലാം ആശ്ലേഷിക്കാനും തന്റെ ജനങ്ങൾക്കിടയിൽ മതപ്രചാരണത്തിന് മുസ്‌ലിംകളുടെ സഹായം തേടാനുമായി പ്രവാചകസന്നിധിയിലെത്തിയത് അധികദിവസം മുമ്പായിരുന്നില്ല. പ്രവാചകനാവട്ടെ, ഉത്തമവിശ്വാസത്തോടെ അംറുബ്നു ഉമയ്യ ഉൾപ്പെടെ എഴുപതുപേരെ* അയക്കുകയും ചെയ്തു. അവർ ബിഅ്ർമഊന എന്ന സ്ഥലത്ത് എത്തി, ഒരു തോട് കടക്കാറായപ്പോൾ ഒരു വലിയ സംഘം ഭടന്മാർ വളഞ്ഞതായി മനസ്സിലാക്കി. അബൂബർറാഅ് മുസ്‌ലിംകളെ വകവരുത്താൻ അവർക്ക് ആജ്ഞ നൽകി. അംറിന്റെ കൂട്ടാളികളൊന്നടങ്കം വധിക്കപ്പെട്ടു; അദ്ദേഹം മാത്രം രക്ഷപ്പെട്ടു. അൽഖാറയിലേക്കയച്ച ആറ് മുസ്‌ലിം പ്രബോധകർക്ക് നേരിടേണ്ടിവന്നതും ഇതേപോലുള്ള അനുഭവമായിരുന്നു. അവരിൽ രണ്ടുപേർ ഖുറൈശികൾക്ക് വിൽക്കപ്പെടുകയും ചെയ്തു. ഇവരിൽ ഖുബൈബിനെ വാങ്ങിയത് ഹാരിസിന്റെ ബന്ധുക്കളായിരുന്നു. ബദ്റിൽ വച്ച് ഹാരിസിനെ കൊന്നത് ഖുബൈബ് ആയിരുന്നുവല്ലോ. പരേതാത്മാക്കൾക്ക് ബലിയർപ്പിക്കാൻ ശരിയായ ഒരു ഇരയെ കിട്ടിയ സന്തോഷമാണ് അവർക്ക്.

ഉത്സവപ്രതീതിയാർന്ന ഒരു ദിവസമാണ് വധം നടന്നത്.

തടവുകാരനായി പിടിക്കപ്പെട്ട സൈദിനെ മറ്റൊരു കുടുംബം വാങ്ങി ച്ചതും ഇതേ ഉദ്ദേശ്യത്തോടെത്തന്നെ. സൈദിനെ വധിച്ചത് കുറേകൂടി പ്രാധാന്യമുള്ള സംഭവമായിരുന്നു. അബൂസുഫ്‌യാനെപ്പോലുള്ള പ്രമു ഖർ ആ ദൃശ്യം കണ്ടാനന്ദിക്കാൻ ക്ഷണിക്കപ്പെട്ടിരുന്നു.

ഈ അറുകൊലകളെക്കുറിച്ചുള്ള വാർത്തകൾ നബിതിരുമേനിക്ക് അത്യഗാധമായ വേദന ഉളവാക്കി. എന്നാൽ, ഇപ്പോൾ പകവീട്ടാനുള്ള സമയമല്ല.

ഈ വിപത്തുകൾക്കു പുറമെയാണ് മദീനയിലേക്ക് മടങ്ങുന്ന അംറു ബ്നു ഉമയ്യയുടെ കൈയാൽ കൊല്ലപ്പെട്ട രണ്ടുപേരുടെ 'രക്തപ്പിഴ' (**Blood Money**) ആവശ്യപ്പെട്ടുകൊണ്ട് ബനൂനളീർ എന്ന പ്രബല യഹൂദഗോത്ര ക്കാർ വന്നത്. നിയമമനുസരിച്ച് ആ തുക മുഴുവൻ കൊടുക്കാൻ മുസ്‌ലിം കൾ ബാധ്യസ്ഥരാണ്.

ഇതുസംബന്ധിച്ച ഒത്തുതീർപ്പു സംഭാഷണങ്ങളുടെ സമാപനത്തിൽ നളീർ ഗോത്രക്കാർ പ്രവാചകന്റെയും അബൂബക്റിന്റെയും ബഹുമാ നാർഥം ഒരു സദ്യ നടത്തി. അവർ ധാരാളം കല്ലും ചുടുകട്ടയും മച്ചിൻപു റത്ത് സംഭരിച്ചുവെച്ചിരുന്നു. ഇത് മനസ്സിലാക്കിയ നബിതിരുമേനി വിരു ന്നിന്റെ പിന്നിലെ ചതിയെക്കുറിച്ച് തൊട്ടടുത്തിരുന്ന അബൂബക്റിനെ ധരിപ്പിക്കുന്നു. ഇരുവരും ആതിഥേയരുടെ കണ്ണിൽ പൊടിയിട്ട് അവിടെ നിന്ന് മദീനയിലേക്ക് രക്ഷപ്പെട്ടു. നബി ഉടനെ തിരിച്ചുവരും എന്നു കരുതി നളീർ ഗോത്രക്കാർ കാത്തിരുന്നു.

വഞ്ചനാത്മകമായ ഈ അക്രമശ്രമം നബിയുടെ അനുയായികളെ രോഷാകുലരാക്കി. യഹൂദരോട് പകവീട്ടാൻ ഉമറിന് തിടുക്കമായി. പ്രവാ ചകൻ ഒറ്റയ്ക്കല്ല തിരിച്ചെത്തിയത്; എന്തിനും സന്നദ്ധരായ മുസ്‌ലിം യോദ്ധാക്കൾ കൂടെയുണ്ടായിരുന്നു. യഹൂദത്താവളത്തിനു ചുറ്റും അവർ ഉപരോധമേർപ്പെടുത്തി. യഹൂദരുടെ വിളകൾ നശിപ്പിച്ചും ഈന്തപ്പനകൾ വെട്ടിവീഴ്ത്തിയും അവർ പരിഭ്രാന്തി സൃഷ്ടിച്ചു.

ഏതാനും വെള്ളിത്തുട്ടുകൾക്കുവേണ്ടി തന്റെ രക്ഷകനെ ഒറ്റുകൊ ടുത്തത് ഒരു ജൂതനാണല്ലോ. യഹൂദന്റെ ജീവിതത്തിൽ എല്ലാറ്റിനുമാ ധാരം പണമാണ്. മറ്റെന്തിനേക്കാളും വിലപ്പെട്ടതാണവന് പണം. ഉപ രോധം ആറ് ദിവസത്തോളം നീണ്ടുനിന്നു. നളീർ ഗോത്രക്കാർ സമാധാ നത്തിനുള്ള ശ്രമത്തിലായി. പ്രശ്നം ഒറ്റയടിക്ക് എന്നന്നേക്കുമായി പരി ഹരിച്ച്, കുറേ യഹൂദന്മാരുടെ മൂക്കുകൾ മദീനയിൽ പ്രദർശിപ്പിക്കണ മെന്നായിരുന്നു ഉമറിന്റെയും അലിയുടെയും ആഗ്രഹം. എന്നാൽ ചോര ച്ചൊരിച്ചിൽ കൂടാതെ കഴിക്കണമെന്നായിരുന്നു അല്ലാഹുവിന്റെ ദൂതന്ന്.

യഹൂദർ കീഴടങ്ങിയതുതന്നെ വേണ്ടത്ര വിജയമായി. നളീർ ഗോത്രക്കാരോട് നല്ല പിഴ വാങ്ങിയതിനുശേഷം നബി മദീനയിലേക്ക് മടങ്ങി.

വിശ്വാസഘാതകരാൽ താൻ വലയം ചെയ്യപ്പെട്ടിരിക്കെ പ്രതികാര ദാഹം കൊടുമ്പിരിക്കൊള്ളുന്ന ഒരു സന്ദർഭത്തിൽ, വിദ്വേഷത്തിന്റെയും ശത്രുതയുടെയും വികാരങ്ങൾക്ക് പ്രവാചകൻ വഴിപ്പെട്ടിരുന്നെങ്കിൽ അതിൽ അദ്ഭുതപ്പെടാനുണ്ടാകുമായിരുന്നില്ല. തന്നെ വധിക്കാൻ ഗൂഢാലോചന നടത്തിയവരാണ് ശത്രുക്കൾ; തന്റെ അനുയായികളെ നിഷ്കരുണം വകവരുത്തിയവരാണവർ; ഇസ്‌ലാമികാധിപത്യത്തിനെതിരെ സംഘടിതമായ ആക്രമണത്തിന് ഒരുങ്ങിപ്പുറപ്പെട്ടവരാണവർ. ഉഹുദ് യുദ്ധം ഭൗതികമായി അദ്ദേഹത്തിന്റെ അധികാരത്തെ ബലഹീനമാക്കിയിട്ടുണ്ടെന്നത് നേരുതന്നെ. ആമിർ ഗോത്രക്കാരുടെ വഞ്ചനയും അൽഖാറയിൽ പ്രബോധനത്തിനു പോയ മുസ്‌ലിംകളെ ചതിച്ചുകൊന്നതും ന്യായീകരിക്കാവുന്ന സ്ഥിതിയിലാണോ മദീന? പക്ഷേ, ഈ അനീതികൾക്ക് വിദ്വേഷം കൊണ്ടാണ് മറുപടി പറഞ്ഞിരുന്നതെങ്കിൽ മുഹമ്മദിന്റെ മനുഷ്യത്വം എങ്ങനെ സാധൂകരിക്കപ്പെടും? ശത്രുക്കളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ എന്ന് പ്രാർഥിക്കുക മാത്രമാണദ്ദേഹം ചെയ്തത്: “നിന്റെ അനുയായികൾക്കേൽപിച്ച ആഘാതത്തിന് നീ തന്നെ അവരെ ശിക്ഷിക്കുക; നിന്റെ പ്രവാചകനെ നശിപ്പിക്കാൻ ശ്രമിച്ചവരെ നീ തന്നെ നശിപ്പിച്ചാലും.”

എന്നാൽ, പ്രവാചകനാണെന്നിരുന്നാൽപോലും തന്റെ കാര്യങ്ങളിൽ ഇടപെടുന്നത് അല്ലാഹു പൊറുക്കുകയില്ല. ശക്തമായ ഒരു താക്കീതാണ് അല്ലാഹു മുഹമ്മദിന് നൽകിയത്: “തീർച്ചയായും അവർ ചെയ്തത് അനീതി തന്നെ; എന്നാൽ അവൻ അവരോട് കരുണ കാണിക്കണോ ശിക്ഷിക്കണോ എന്നതിനെക്കുറിച്ച് നീ വേവലാതിപ്പെടേണ്ടതില്ല.” അന്ധന്റെ കാര്യത്തിലുണ്ടായതുപോലെ, അല്ലാഹു നബിയെ ശാസിച്ച ഈ സംഭവവും വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു- എക്കാലത്തേക്കുമായി. എന്നാൽ ഈ താക്കീതുകൾ പ്രവാചകന്റെ മാനുഷിക ദൗർബല്യങ്ങൾക്കെന്നതുപോലെത്തന്നെ അദ്ദേഹത്തിന്റെ സത്യസന്ധതക്കും വിശ്വസ്തതക്കും തെളിവാണ്.

## 2

നളീർ ഗോത്രത്തിനെതിരായ സംഘടിതനീക്കത്തിന് മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. യുദ്ധത്തിൽ പിടിച്ചെടുത്ത മുതലിന്റെ അഞ്ചിൽ നാലുഭാഗവും ഭടന്മാർക്കായി വീതിക്കപ്പെട്ടു. ബാക്കി ഒരു ഭാഗം നബിയുടെ തീർപ്പിനു വിട്ടു. മുഹാജിറുകളുടെ-മക്കയിൽനിന്ന് നബിയോടൊപ്പം ഹിജ്റ ചെയ്ത അനുയായികൾ-സാമ്പത്തികനില അപ്പോഴും മെച്ചപ്പെട്ടിരുന്നില്ല. അതിന് രണ്ടു മാർഗങ്ങളേ ഉണ്ടായിരുന്നുള്ളൂ: അൻസ്വാരിക

ളുടെ സ്വത്തിൽ ഗണ്യമായ ഒരു ഭാഗം അവർക്ക് കൊടുക്കുകയോ യുദ്ധ മുതലിൽ നല്ലൊരു ഭാഗം അവർക്ക് നൽകുകയോ ചെയ്യുക. യുദ്ധമുതൽ മുഴുവൻ നബിയുടെ തീരുമാനമനുസരിച്ച് വിതരണം ചെയ്യാമെന്ന് അൻസ്വാരികളൊന്നടങ്കം സമ്മതിച്ചു. ഇതിന് നിയമപ്രാബല്യം നൽകുന്ന സൂക്തവും അവതരിക്കുകയുണ്ടായി. നളീർ ഗോത്രക്കാരിൽനിന്ന് പിടിച്ചെടുത്ത മുതലുകളത്രയും മുഹാജിറുകൾക്ക് നൽകപ്പെട്ടു. അവരുടെ സാമ്പത്തികമായ ശോച്യാവസ്ഥ പരിഗണിച്ച് അത് വിട്ടുകൊടുക്കാനുള്ള ഹൃദയവിശാലത അൻസ്വാരികൾക്കുണ്ടായിരുന്നു.

എന്നാൽ, നളീർ യഹൂദരിൽനിന്ന് പിടിച്ചെടുത്ത വിലപിടിച്ച മുതൽ മുഴുവൻ പരിത്യജിക്കാൻ അൻസ്വാരികളുടെ ഈ ഹൃദയവിശാലത അനുവദിക്കുമായിരുന്നുവോ? സാധാരണ തലത്തിന്നപ്പുറം പ്രവർത്തിക്കാൻ മനുഷ്യരെ പ്രചോദിപ്പിക്കുന്ന എന്തോ അദൃശ്യശക്തി ആ ആധ്യാത്മിക നേതാവിനുണ്ടായിരുന്നില്ലേ? മക്കാകുന്നുകളിൽ ഒരു സ്വപ്നാടകനായി അദ്ദേഹം വളരെ ദൂരം അലഞ്ഞിട്ടുണ്ട്. അറഫാ മലയിൽ ദീർഘകാലം, താഴെ കൺബയോടുരുമ്മിനിൽക്കുന്ന മക്കാനഗരിയിലേക്ക് നോക്കി അദ്ദേഹമിരുന്നിട്ടുണ്ട്.

ബദ്ർ യുദ്ധത്തിനുശേഷം ഏതാനും വർഷംകൊണ്ട് അദ്ദേഹത്തിലേൽപിക്കപ്പെട്ട പരിപാടികൾ പൂർത്തിയായി. പക്ഷേ, ഉഹുദ് മുതൽ ചക്രവാളം പിന്നെയും മേഘമാലകൾക്ക് പിന്നിലായി. വിശ്വാസവഞ്ചകർ സർപ്പത്തെപ്പോലെ ഇഴയുകയാണ്. തീരേ വിചാരിക്കാത്തിടത്ത് അത് കടന്നുവന്ന് പ്രതിയോഗിയെ വിഷപ്പല്ലുകൊണ്ട് അമർത്തുന്നു. ഈ സന്ദർഭത്തിൽ പ്രവാചകന്റെ ശത്രുക്കൾ പെരുകിയിരിക്കുകയാണ്. മദീനക്കത്തും പുറത്തും നിറഞ്ഞുകവിഞ്ഞിരിക്കുന്നു- അറബികൾ, യഹൂദർ, ക്രിസ്ത്യാനികൾ....

അറബികളുടെ ശത്രുത മനസ്സിലാക്കാവുന്നതേയുള്ളൂ. സമൂഹത്തിൽ സ്വാധീനശക്തിയുള്ള നല്ലൊരു വിഭാഗത്തെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ തിരുനബിക്ക് കഴിഞ്ഞിട്ടുണ്ട്. ഖുറൈശികളുടെ അധികാരത്തിന് ഇടിവുതട്ടിയിരിക്കുന്നു. മദീനയിൽ സ്വതന്ത്രമായൊരു ഭരണം സ്ഥാപിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു. പിന്തുടർച്ചാവകാശത്തെ സംബന്ധിച്ച നിയമങ്ങളിൽ, വിവാഹനിയമങ്ങളിൽ അദ്ദേഹം വിപ്ലവകരമായ മാറ്റങ്ങളാണുണ്ടാക്കിയിരിക്കുന്നത്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അനുഷ്ഠാനാചാരങ്ങളാണ് തുടച്ചുനീക്കിയിരിക്കുന്നത്. തന്റെ ഗോത്രത്തിന്റേതുൾപ്പെടെയുള്ള ബിംബാരാധനയെയും ബഹുദൈവ വിശ്വാസത്തെയും അദ്ദേഹം ഇകഴ്ത്തുന്നു.

* വിവാഹമുക്ത മൂന്നു ആർത്തവകാലത്തിനുമുമ്പ് പുനർവിവാഹിതയാകാൻ ശരീഅത്ത് അനുവദിക്കുന്നില്ല. ഈ കാലത്ത് അവൾക്ക് ഗർഭമുണ്ടായിട്ടുണ്ടോ എന്നറിയാനാണിത്- വിവ.

മനസ്സാക്ഷിക്ക് പ്രവാചകൻ പൂർണസ്വാതന്ത്ര്യം അനുവദിക്കുന്ന സാഹചര്യത്തിൽ യഹൂദരുടെ ശത്രുത നിസ്സാരമാവാൻ വയ്യ. ഇഷ്ടവും അനിഷ്ടവും യുക്തിയുടെ നിയമത്താൽ എന്നും നിയന്ത്രിക്കാവുന്ന താണോ? മോശമായി പെരുമാറുന്ന യജമാനന്റെ കൈ നക്കുന്ന നായ യെയും പാലുകൊടുത്ത കൈക്ക് കടിക്കുന്ന പാമ്പിനെയും പോലുള്ള വർ മനുഷ്യർക്കിടയിലുണ്ട്. അവർ തങ്ങളെ സ്നേഹിക്കുന്നവരെ വെറു ക്കുന്നു; നന്ദികേടു കാണിക്കുന്നു.

ഇതുതന്നെയാണ് മദീനയിലെ ജൂതരുടെ കാര്യവും. പുതിയ ഭരണാ ധികാരി നൽകിയ സ്വാതന്ത്ര്യാവകാശങ്ങളെല്ലാം അവർ വിസ്മരിച്ചുക ളഞ്ഞു. അവർ ഇസ്‌ലാമിനെതിരെ ഗൂഢാലോചന നടത്തുകയായി– പ്രത്യേകിച്ച് ഖുറൈശികളുമായി. അവരുടെ വിരോധം ആളിക്കത്തിച്ച ചില സംഭവങ്ങളുമുണ്ടായി– കഅ്ബ് എന്ന കവി വധിക്കപ്പെട്ടതും അബൂ റാഫിഇസ്സലാം എന്ന മറ്റൊരു ജൂതന് ഇതേവിധി ഉണ്ടായതും അവയി ലുൾപ്പെടുന്നു. നളീർ ഗോത്രക്കാരുടെ അടിയറവ് മുതൽ യഹൂദരുടെ ഉപജാപങ്ങൾ ഉപരിതലത്തിൽനിന്ന് ഉള്ളറകളിലേക്ക് മാറുകയായി. മുസ്‌ലിംകൾക്കിടയിൽ അനൈക്യമുണ്ടാക്കുകയാണ് ഇപ്പോൾ അവരുടെ ഉദ്ദേശ്യം. പ്രവാചകനെയും അനുയായികളെയും അപകീർത്തിപ്പെടു ത്താനും ഖുർആനികസൂക്തങ്ങൾ വികലമായും തെറ്റായും ഉരുവിട്ട് സ്വേച്ഛാനുസാരം ദുർവ്യാഖ്യാനം ചെയ്യാനും മദീനയിൽ കിട്ടിയ അവ സരം യഹൂദർ പാഴാക്കിയില്ല. ഉയർന്ന വിദ്യാഭ്യാസനിലവാരവും ബുദ്ധി ശക്തിയും ജന്മസിദ്ധമായ കഴിവുകളും ഉണ്ടായിരുന്നതുകൊണ്ട് അനൈ ക്യത്തിന്റെ വിത്തുകൾ വ്യാപകമായി വിതറാൻ അവർക്ക് കഴിഞ്ഞു. വിദ്വേഷത്തിന്റെയും രഹസ്യമായ വിധ്വംസകപ്രവർത്തനങ്ങളുടെയും കേളീരംഗമായിത്തീർന്നു, മദീന.

മദീനയുടെ പ്രാന്തപ്രദേശത്ത് കഴിഞ്ഞിരുന്ന ബനൂഖൈനുഖാഇൽ നിന്നാണ് ഇത്തവണ ആദ്യമായി വെല്ലുവിളി ഉണ്ടായത്. ഇവരുടെ ശത്രു താപരമായ പ്രവർത്തനങ്ങൾ നെടുനാളായി നഗരത്തെ അലോസരപ്പെ ടുത്താൻ തുടങ്ങിയിട്ട്; അതുകൊണ്ടുതന്നെ പ്രവാചകൻ അവർക്ക് അന്ത്യ ശാസനമയച്ചു: “ഒന്നുകിൽ അതിർത്തിയിൽനിന്ന് ഒഴിഞ്ഞുപോവുക; അല്ലെങ്കിൽ ഇസ്‌ലാമിൽ ചേർന്ന് രാഷ്ട്രത്തിന്റെ ഭാഗമായിത്തീരുക.”

മറുപടി ധിക്കാരസ്വരത്തിലുള്ളതായിരുന്നു: “മുഹമ്മദ്, ഖുറൈശിക ളുടെ മേലുണ്ടാക്കിയ വിജയത്തിൽ അത്ര ഊറ്റം കൊള്ളാനൊന്നുമില്ല. അത് യുദ്ധകല എന്തെന്നറിയാത്തവരുമായുള്ള കാര്യം. ഞങ്ങളെ നേരി ടാൻ ഒരുക്കമാണെങ്കിൽ, വിജയം അത്ര എളുപ്പത്തിൽ നേടാവുന്ന ഒന്ന ല്ലെന്ന് തെളിയിച്ചുതരാം.”

ഈ മറുപടി അയച്ചിട്ട് ഖൈനുഖാഅ് ഗോത്രക്കാർ തങ്ങളുടെ കോട്ട

ക്കുള്ളിൽ സ്വയം അടച്ചുപൂട്ടിയിരുന്നു; മുഹമ്മദിന് കഴിയുമെങ്കിൽ വന്നു തുറക്കട്ടെ എന്ന ഒരു വെല്ലുവിളിയോടെ. യഹൂദന്മാരുടെ ഈ ഭീഷണി ആത്മവിശ്വാസത്തോടെ നേരിട്ടുകൊണ്ട്, മദീനയിൽനിന്നുള്ള മുസ്ലിം സേന ഖൈനുഖാഅ് ഗോത്രക്കാരുടെ ചുറ്റും ഉപരോധമേർപ്പെടുത്തി. ഈ യുദ്ധം ഏറെ നീണ്ടുനിന്നില്ല. രണ്ടാഴ്ച കഴിഞ്ഞപ്പോൾ സ്ത്രീകളും കുട്ടികളുമുൾപ്പെടെ ഗോത്രമൊന്നടങ്കം പുറത്തുവന്നു. ഡേവിഡ്, അമ്മൊണൈറ്റ്സിനെ ചെയ്തതുപോലെ മുഹമ്മദിന് അവരെ തീച്ചൂളയിലിട്ട് വേവിക്കാമായിരുന്നു. അവിടുത്തെ കാരുണ്യം ഒരിക്കൽ കൂടി അദ്ദേഹത്തിന്റെ തീരുമാനത്തെ ഉത്കൃഷ്ടമാക്കി. സ്ഥലം കാലിയാക്കാൻ നിർദേശിക്കുക മാത്രമാണ് അവരോടദ്ദേഹം ചെയ്തത്. അവർ പിന്നീട് ഒട്ടും തന്നെ താമസിപ്പിച്ചില്ല, ഒഴിഞ്ഞുപോകാൻ.

# 3

തുടർന്നുള്ള പത്തുപതിനെട്ടു മാസത്തെ ഇത്തരം ചെറുസംഘട്ടനങ്ങളെല്ലാം വിവരിക്കേണ്ട ആവശ്യമില്ല. ഹിജ്റയുടെ നാലും അഞ്ചും വർഷങ്ങളിൽ ഖുറൈശികളുടെയും യഹൂദരുടെയും ശത്രുതയുടെ പ്രധാനകേന്ദ്രം മുഹമ്മദ്നബി തന്നെയായിരുന്നു. നളീറും ഖൈനുഖാഉം, മദീനയിൽ സർഗശക്തി പ്രകടിപ്പിക്കാൻ അനുവാദമില്ലാത്ത ചില കവികളും ഖൈബറിലേക്കും മറ്റു ജൂതക്കോട്ടകളിലേക്കും പലായനം ചെയ്തു. ചെല്ലുന്നേടത്തെല്ലാം അറബ് ഗോത്രങ്ങളുടെ തകർച്ചയെക്കുറിച്ച് അവർ മുന്നറിയിപ്പ് നൽകുകയും, പൊതുശത്രുവായ മുഹമ്മദ്നബിക്കെതിരെ സംഘടിക്കാൻ ആഹ്വാനം നൽകുകയും ചെയ്തു. മതത്തിന്റെ മുഖപടമണിഞ്ഞ ദുരാഗ്രഹിയും കഠിനഹൃദയനും കാരുണ്യലാഞ്ഛനയില്ലാത്തവനുമായ ഒരു സ്വേച്ഛാധികാരിയായി നബിയെ ചിത്രീകരിക്കാൻ, പ്രതികാരവാഞ്ഛ അവരെ പ്രേരിപ്പിച്ചു; ഇന്നോളം എല്ലാ ആക്രമണങ്ങളെയും ചെറുത്തുനിന്ന തന്റെ വർഗത്തിന്റെ കാലുകളിൽ ചങ്ങലയിടുകയാണ് അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്ന് വരച്ചുകാട്ടി. അവർ അപഹാസ്യകരമായ രീതിയിൽ ഇസ്ലാമിന്റെ വിജയം ചിത്രീകരിച്ചതെങ്ങനെയാണെന്നോ? അറബ് രക്തംകൊണ്ട് ചുവന്ന വാളുമായി മുഹമ്മദ്നബി കഅ്ബാ ദേവാലയത്തിൽ നിൽക്കുന്നു; തകർന്ന അൾത്താരകളുടെ അവശിഷ്ടങ്ങൾക്കിടയിൽ പരിഭ്രാന്തരായ ദൈവങ്ങളും!

ആപത്തിനെക്കുറിച്ചുള്ള ഭയം, ഒരുകൈകൂടി നോക്കാൻ മക്കക്കാരെ പ്രേരിപ്പിച്ചു. ജൂതന്മാരുമായുള്ള കൂട്ടുകെട്ടിൽ അവർ സന്തുഷ്ടരാണ്. മുഹമ്മദിന്റെയും ഇസ്ലാമിന്റെയും നാമങ്ങൾ ചരിത്രത്തിൽനിന്ന് തുടച്ചുനീക്കാൻ ഇതുമാത്രമാണ് കരണീയമെന്നറിയാവുന്ന യഹൂദർക്കിടയിലാകട്ടെ, ഈ സഖ്യം ജനസമ്മതിയാർജിച്ചുകഴിഞ്ഞു. ഈ രാഷ്ട്രീയസഖ്യത്തിൽ മറ്റു ഗോത്രങ്ങളും ഭാഗഭാക്കായി. ഒരൊറ്റ പൊതുലക്ഷ്യത്തോടെ

ഒരു വലിയ സൈന്യം മദീനയിലേക്ക് പുറപ്പെടാൻ ഒരുങ്ങുകയായി.

ഈ കാലത്ത് അവതീർണമായ സൂറകൾ ഇസ്‌ലാമിന്റെ ശത്രുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നുണ്ട്; മുസ്‌ലിംകളെ ഒന്നിച്ചുനിൽക്കാൻ ആഹ്വാനം ചെയ്യുകയും: ''വിശ്വസിക്കുന്നവരേ, ദൈവത്തോടുള്ള കർത്തവ്യം പാലിക്കാൻ ജാഗ്രതയോടെയിരിക്കുക, അല്ലാഹുവിന്റെ ഉട മ്പടി മുറുകെപ്പിടിക്കുക. നിങ്ങൾ അസംഘടിതരാവരുത്. നിങ്ങൾ, മുസ്‌ലിംകളേക്കാൾ ശ്രേഷ്ഠരായി ആരുമില്ല. അവർക്ക് (യഹൂദർക്ക്) നിങ്ങളെ ഒന്നും ചെയ്യാനാവില്ല.'' മുസ്‌ലിംകളുമായല്ലാതെ മറ്റാരുമായും ഈ അവസരത്തിൽ സൗഹൃദം വേണ്ടെന്നും അവരെ ഉപദേശിക്കുന്നു: ''അവർ നിങ്ങളെ സ്നേഹിക്കാതിരിക്കുമ്പോഴും അവരെ നിങ്ങൾ സ്നേഹിക്കും. കൂടെ കഴിയുമ്പോൾ 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന് പറയുകയും പിരിഞ്ഞുപോയാൽ നിങ്ങളോടുള്ള വിദ്വേഷത്താൽ വിര ലറ്റം കടിക്കുകയും ചെയ്യുന്നവരാണവർ. അവരോട് പറയുക: 'നിങ്ങളുടെ കോപാഗ്നിയിൽ മരിക്കുക.' നിശ്ചയമായും ഒരുത്തന്റെ ഹൃദയത്തിനകത്ത് എന്താണുള്ളതെന്ന് അല്ലാഹുവിനേ അറിയൂ.''

യഹൂദരുടെ ഈ പ്രവണതയെക്കുറിച്ച് വിശുദ്ധ ഖുർആനിൽനിന്ന് പ്രചോദനം വരിക്കുന്നവർ ഒട്ടും തന്നെ അദ്ഭുതപ്പെടില്ല. അവരുടെ മനശ്ശാ സ്ത്രത്തിൽ ഇത് പുതിയതൊന്നുമല്ല. "നിന്നെ അവർ തിരസ്കരിച്ചേക്കാം. സുസ്പഷ്ടമായ തെളിവുകളും ഉജ്ജ്വലമായ വേദങ്ങളുമായി നിനക്കു മുമ്പേ വന്ന പ്രവാചകരെയും നിസ്സംശയം അവർ നിരാകരിച്ചിട്ടുണ്ട്."

വിശ്വാസികളുടെ ആത്യന്തിക വിജയത്തെക്കുറിച്ച് ഒരു ശങ്കക്കും അവ കാശമില്ല. പക്ഷേ, അവർ പ്രവാചകനോടുള്ള കൂറിൽനിന്ന് അണുവിട വ്യതിചലിച്ചുകൂടാ. വിജയത്തിലേക്കുള്ള പാതയിൽ എന്തെല്ലാം പ്രയാ സങ്ങളുണ്ടായാലും അവയെല്ലാം പ്രസന്നചിത്തരായി നേരിടാൻ തയ്യാ റായിരിക്കണം. "അല്ലയോ വിശ്വസിക്കുന്നവരേ, ക്ഷമപാലിക്കുക, സഹ നശക്തിയോടെ പോരാടുക. ദൃഢനിശ്ചയത്തോടെ തുടരുക; അല്ലാഹു വിന്റെ മാർഗത്തിൽ കൃത്യനിർവഹണത്തിൽ ശ്രദ്ധിക്കുക. എന്നാൽ, നിങ്ങൾ വിജയികളാവും." വിശ്വാസികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട പ്രതി ഫലം മഹത്താണ്.

"അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുന്നവൻ വധിക്കപ്പെട്ടാലും വിജ യശ്രീലാളിതനായാലും അല്ലാഹു അവന് മഹത്തായ പ്രതിഫലം നൽകും.''

ഇസ്‌ലാമിന്റെ ചരിത്രത്തിലാദ്യമായി, യുദ്ധത്തിൽ പങ്കെടുക്കാനുള്ള ഒരു നിർദേശം വിശ്വാസികൾക്ക് ലഭിക്കുന്നു: "ചെകുത്താന്റെ ചങ്ങാതി മാർക്കെതിരെ പൊരുതുക. അല്ലാഹുവിന്റെ വഴിയിൽ അവർക്കെതിരെ പൊരുതുക. ഒരു സദുദ്ദേശ്യത്തിൽ പങ്കുചേർന്നവർക്കെല്ലാം അതിന്റെ

വിഹിതമുണ്ട്. ചീത്ത കാര്യത്തിൽ കൂട്ടുചേരുന്നവർക്ക് അതിന്റേതായ വിഹിതവും." "മരണത്തെ ഭയപ്പെടേണ്ടതായിട്ടില്ല. അല്ലാഹു ഇച്ഛിക്കുമ്പോഴേ മരണമുണ്ടാവുകയുള്ളൂ; അവൻ വിചാരിക്കുമ്പോൾ നിങ്ങൾക്കുചുറ്റും ഗോപുരങ്ങൾ തന്നെ ഉയർത്തിയാലും മരണം നിങ്ങളെ കൊണ്ടുപോവുക തന്നെ ചെയ്യും."

വിശ്വാസികളെ നശിപ്പിക്കുന്നതിൽ അവിശ്വാസികൾ ജയിച്ചാലും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും അവർക്കുണ്ടാവില്ലെന്നും ഖുർആൻ ഓർമിപ്പിക്കുന്നു. "എന്നാൽ, വിശ്വാസികളോടൊപ്പം അല്ലാഹു ഉണ്ട്. ശത്രുവിന് സ്വന്തം ആത്മാക്കളെയല്ലാതെ മറ്റൊന്നും നശിപ്പിക്കാനാവില്ല."

# 4

ഏതാണ്ട് ഇക്കാലത്താണ് മദീനയിൽ പുതിയ സാമൂഹികനിയമങ്ങളുണ്ടാകുന്നത്; കൊലപാതകം, ശാരീരിക പീഡനം, അടിമത്തം തുടങ്ങിയ കാര്യങ്ങളിൽ.

വിശുദ്ധ ഖുർആൻ പറയുന്നു: "ദൈവം ആദരണീയമാക്കിയ ഒന്നിനേയും കൊല്ലരുത്, മതിയായ കാരണമില്ലാത്തിടത്തോളം. ഒരുത്തൻ തെറ്റായി വധിക്കപ്പെട്ടാൽ, പ്രതികാരം ചെയ്യുന്നതിനുള്ള അവകാശം അയാളുടെ ഏറ്റവുമടുത്ത ബന്ധുവിനായിരിക്കും." " ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ വധിക്കാൻ പാടില്ല."

ഉദ്ദേശ്യപൂർവം അഥവാ, മനഃപൂർവം നടത്തുന്ന കൊലപാതകത്തിനു വിശുദ്ധ ഖുർആൻ വിധിക്കുന്ന ശിക്ഷ മരണമാണ്. റോമക്കാരുടെയും ജൂതന്മാരുടെയും ഈജിപ്തുകാരുടെയും നിയമങ്ങളിൽനിന്ന് ഇസ്‌ലാമിക നിയമം വേർതിരിച്ചറിയാം. ഘാതകന്റെ ജീവൻ, കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾക്ക് അവകാശപ്പെട്ടതാണ്. അവർക്ക് തൃപ്തിപ്പെടുമെങ്കിൽ മരണശിക്ഷക്ക് പകരം പിഴ ഒടുക്കിയാലും മതി. എന്നാൽ, ഒരിക്കൽ പിഴ കൊണ്ട് തൃപ്തിപ്പെട്ടാൽ പിന്നെ പ്രതികാരമായി കൊല നടത്താൻ പാടില്ല; അതു നിഷിദ്ധമാണ്.

ദുരുദ്ദേശ്യപൂർവം നടത്തുന്ന വധക്കേസ്സുകളെ പലതരത്തിൽ വേർതിരിച്ചിട്ടുണ്ട്. ചില കുറ്റകൃത്യങ്ങൾക്ക് പിഴശിക്ഷ മതിയെന്നത് മോശയുടെയും ഹമ്മുറാബിയുടെയും നിയമസംഹിതകളുണ്ടാക്കിയ വലിയ നേട്ടമാണ്. ജീവനൊടുക്കുന്നതിനു മാത്രമല്ല പ്രതികാരനിയമം (The lextalionis) അനുമതി നൽകുന്നത്; മരണകാരണമായ പരിക്കുകളേൽപിക്കുന്നതും ഇതിൽപെടുത്തുന്നുണ്ട്. "നിങ്ങൾ പകവീട്ടാനുദ്ദേശിക്കുന്നുവെങ്കിൽ, നിങ്ങളോടു ചെയ്ത കുറ്റത്തിന്റെ പരിധി കവിഞ്ഞ നിലയിലാവരുത്. എന്നാൽ, ക്ഷമാപൂർവം പൊറുക്കുന്നതാണ് ഉത്തമം." വിശുദ്ധ ഖുർആൻ

പറയുന്നു: "ജീവന്നു ജീവനും കണ്ണിന് കണ്ണും മൂക്കിന് മൂക്കും ചെവിക്ക് ചെവിയും പല്ലിന് പല്ലും പ്രതികാരം ചെയ്യാമെന്ന് നാം തൗറാതിലൂടെ നിയമമാക്കി. എന്നാൽ, തന്റെ കുറ്റകൃത്യത്തിന് പകരം പിഴയൊടുക്കാനാണ് ഒരാൾ ആഗ്രഹിക്കുന്നതെങ്കിൽ അത് മതിയാകും."

അടിമത്തം പ്രകൃത്യാനുസൃതമാണെന്നും ചില വർഗങ്ങൾ അടിമകളാവാൻ ഉദ്ദേശിക്കപ്പെട്ടവരാണെന്നും അരിസ്റ്റോട്ടൽ പറഞ്ഞിട്ടുണ്ട്. ഈ വീക്ഷണത്തിനുള്ള കാരണം എന്തുതന്നെയായിരുന്നാലും അടിമത്തത്തെ സാമൂഹികമായ അസമത്വമായിട്ടാണ് നബി കണ്ടത്; അത് പരിഷ്കരിക്കാൻ വേണ്ടി അദ്ദേഹം ശബ്ദമുയർത്തി. റോമൻനിയമം പ്രകൃത്യാനുസാരിയായ, നിയമസാധുതയാർന്ന ഒരു സ്ഥാനമായിട്ടാണ് അതിനെ അംഗീകരിച്ചത്. നൂറ്റാണ്ടുകളായി അടിമത്തം യഹൂദ സാമൂഹികസമ്പ്രദായത്തിന്റെ ഭാഗമാണ്.

ക്രൈസ്തവ സഭ അടിമക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു. ക്രൈസ്തവനായ ജസ്റ്റീനിയൻ ചക്രവർത്തിയുടെ ഭരണത്തിൽ സമാഹരിക്കപ്പെട്ട 'ഡൈജസ്റ്റി'ൽ അടിമത്തത്തെ പ്രകൃതിദത്ത നിയമങ്ങളുടെ ഭാഗമായിട്ടാണ് വിവരിക്കുന്നത്.

അതെന്തുമാകട്ടെ, മുഹമ്മദിന്റെ സമീപനം തികച്ചും വ്യത്യസ്തമായിരുന്നു. ഒരിക്കൽ ഒരാൾ അദ്ദേഹത്തെ സമീപിച്ച് ചോദിച്ചു: "നരകാഗ്നിയിൽ നിന്നു മോചിപ്പിച്ച് എന്നെ സ്വർഗത്തോടടുപ്പിക്കുന്ന സത്പ്രവൃത്തി എന്തായിരിക്കും?"

"ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ ഒരു അടിമക്ക് മോചനദ്രവ്യം നൽകുക. ഒരു അടിമക്ക് സ്വാതന്ത്ര്യം നൽകുന്നതായിരിക്കും അല്ലാഹു ഏറ്റവുമധികം ഇഷ്ടപ്പെടുന്ന പ്രവൃത്തി".

ഒരു കഥയുണ്ട്. ഒരിക്കൽ അബൂമസ്ഊദ് എന്ന അൻസ്വാരി ഒരടിമയെ അടിക്കുന്നത് നബി കാണാനിടയായി. അവിടുന്ന് പറഞ്ഞു: "അബൂമസ്ഊദ്, നിങ്ങൾ അടിമയേക്കാൾ വലിയവനാണെങ്കിൽ നിങ്ങളേക്കാൾ വലിയവനായി അല്ലാഹു ഉണ്ട്."

അബൂമസ്ഊദ് തിരിഞ്ഞുനോക്കിയപ്പോൾ പ്രവാചകനെ കണ്ടു. സ്വന്തം പ്രവൃത്തിയിൽ ലജ്ജ തോന്നി. അടിമയെ മോചിപ്പിക്കാൻ സ്വയം സന്നദ്ധനായി. നബി പറഞ്ഞു: "നിങ്ങൾ ചെയ്തത് ഒരു നല്ല കാര്യം. അല്ലെങ്കിൽ നിങ്ങൾ നരകാഗ്നിയിൽ വേവുമായിരുന്നു".

വിധവകളോടും അനാഥകളോടുമെന്നതുപോലെ തന്നെ അടിമകളോടും മനുഷ്യത്വത്തോടെ പെരുമാറണമെന്നാവശ്യപ്പെടുന്നവയായിരുന്നു പുതിയ നിയമങ്ങൾ. പല വഴിക്കും അടിമകളെ സ്വതന്ത്രരാവാൻ അവ സഹായിച്ചു. ഒരടിമയെ അയാളുടെ യജമാനന് വേണമെങ്കിൽ മോചി

പ്പിക്കാം. തന്റെ പ്രത്യേക സേവനങ്ങളുടെ പേരിൽ അയാൾക്ക് മോചനം ആവശ്യപ്പെടാം. മോചനദ്രവ്യം നൽകി സ്വതന്ത്രനാവാം. ഒരിക്കൽ സ്വത ന്ത്രനായാൽ, മുമ്പ് അടിമയായിരുന്നു എന്നതിന്റെ പേരിലുള്ള യാതൊരു ദോഷവും അയാൾക്കില്ല. തന്റെ ഗോത്രത്തിൽ മറ്റാർക്കുമുള്ള അവകാ ശങ്ങൾ അയാൾക്കുമുണ്ടായിരിക്കും. അയാൾ ഒരു മുസൽമാനാണെങ്കിൽ ഇഷ്ടമുള്ള പെണ്ണിനെ വിവാഹം കഴിക്കാം. ഒരുകാലത്ത് തന്റെ അടിമ യായിരുന്ന ദത്തുപുത്രൻ സൈദിന് തന്റെ ബന്ധുവായ സൈനബിനെ നബി വിവാഹം ചെയ്തുകൊടുത്തത് ഇക്കാര്യത്തിൽ ജനങ്ങൾക്ക് മാതൃ കയായിട്ടാണ്.

# 5

ഇക്കാലത്തെ പ്രവാചകന്റെ ഗാർഹികമായ സ്വകാര്യ ജീവിതത്തെ ക്കുറിച്ച് പറയുമ്പോൾ ഒരിക്കൽകൂടി സൈദിനെ പരാമർശിക്കേണ്ടിവ രുന്നു. ബദ്ർ യുദ്ധത്തിനു മുമ്പ് നബിതിരുമേനിക്ക് രണ്ട് ഭാര്യമാരുണ്ടാ യിരുന്നു- സൗദയും ആഇശയും. പിന്നീട് ഉമറിന്റെ മകൾ ഹഫ്സ്വയും അദ്ദേഹത്തിന്റെ പത്നിയായിത്തീർന്നു. അടുത്ത പതിനെട്ടു മാസ ങ്ങൾക്കകം അക്കൂട്ടത്തിൽ മൂന്ന് സ്ത്രീകൾകൂടി അധികമായി. ഉഹുദ് യുദ്ധത്തിൽ ഇസ്‌ലാമിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച അബ്ദുല്ലാ ഹിബ്നു ജഹ്ശിന്റെ വിധവയാണിവരിൽ ആദ്യത്തെ സ്ത്രീ. ബനുൽമുസ്ത്വലിഖ് ഗോത്രത്തലവനായിരുന്ന ഹാരിസിന്റെ പുത്രി ജുവൈരിയയായിരുന്നു മറ്റൊരുവൾ. മദീനയുടെ അടുത്തുതന്നെ കഴിഞ്ഞിരുന്ന, ആർക്കും വഴിപ്പെടാത്ത ആ ഗോത്രവുമായുള്ള യുദ്ധത്തെ ത്തുടർന്നു മുസ്‌ലിംകൾ ബന്ദികളായി പിടിച്ച 600 പേരിൽ ഹാരിസും ജുവൈരിയയുമുണ്ടായിരുന്നു. യുദ്ധാനന്തര ചർച്ചകളെ തുടർന്ന് പിതാവും മകളും ഇസ്‌ലാം ആശ്ലേഷിച്ചു. ജുവൈരിയയെ പ്രവാചകൻ വിവാഹം കഴിക്കുകയും ചെയ്തു. ആ ഗോത്രത്തെ സംബന്ധിച്ചേട ത്തോളം ആഹ്ലാദകരമായ സന്ദർഭമായിരുന്നു അത്. മുസ്‌ലിംകളുമായുള്ള ബാന്ധവം, അവരുടെ സ്വാതന്ത്ര്യം ഉറപ്പാക്കി.

പ്രവാചകബന്ധുവായ സൈനബിന്റെ പ്രശ്നം അത്രവേഗം പരിഹ രിക്കാവുന്നതായിരുന്നില്ല. അബ്ദുൽ മുത്ത്വലിബിന്റെ പേരക്കിടാവ്; സുന്ദരി, ബുദ്ധിമതി, അറബി ലിപി പഠിച്ചവൾ. ഖുർആൻ ഓതാനറിയാം. നബിയുമായുള്ള അടുത്ത ബന്ധം, മദീനയിലെ സ്ത്രീകൾക്കിടയിൽ അവർക്ക് പ്രത്യേക സ്ഥാനം നേടിക്കൊടുത്തിരുന്നു. വർഷങ്ങളായി നബി യോട് വളരെ അടുപ്പമുണ്ടായിരുന്നു സൈനബിന്. അദ്ദേഹത്തിന്റെ നേട്ട ങ്ങളെല്ലാം തന്റേതുകൂടിയാണ്. സമർഥയായ സൈനബിന് സൈദിനെ യാണ് പ്രവാചകൻ കണ്ടുവെച്ചിട്ടുള്ളത്. സ്വതന്ത്രനാണ് സൈദ്. നബി യുടെ ദൗത്യത്തിൽ ആദ്യകാലത്തു തന്നെ വിശ്വാസമർപ്പിച്ചവൻ. അവി ടുത്തോട് ഏറ്റവുമധികം കൂറുള്ളവൻ. പല സാഹസിക സംഭവങ്ങളിലും

കൂടെ നിന്നിട്ടുള്ളവൻ. പക്ഷേ, ഈ നിർദേശമുണ്ടായപ്പോൾ സൈനബും അവളുടെ സഹോദരനും അതിനെ എതിർക്കുകയാണുണ്ടായത്. എന്നാൽ, നബിയുടെ നിർദേശം അനുസരിക്കാതിരിക്കാനാവുമായിരുന്നില്ല. അങ്ങനെ സൈനബ് സൈദിന്റെ ഭാര്യയായി.

എന്തായിരുന്നാലും ആ ദാമ്പത്യം സന്തുഷ്ടമായ ഒന്നായിരുന്നില്ല. സൈനബിന് അറിവും സാമാന്യ ധാരണയുമൊക്കെയുണ്ടായിരുന്നെങ്കിലും പ്രഥമമായും അവൾ ഒരു സ്ത്രീയാണ്. തന്റെ കുടുംബത്തെ സൈദിന്റെ കുടുംബവുമായി അവൾ താരതമ്യപ്പെടുത്തിനോക്കി. അവൾ കണ്ണാടിനോക്കി സ്വന്തം സൗന്ദര്യം ആസ്വദിച്ചു. വിവാഹജീവിതത്തിൽ സൈദും സംതൃപ്തനായിരുന്നില്ല. അയാൾ ലാളിത്യം ഇഷ്ടപ്പെടുന്നവനാണ്; പതുക്കെപ്പതുക്കെ ഈ സംഘർഷം വളർന്നു വലുതായി, പൊട്ടിത്തെറിയുടെ വക്കിലെത്തി. ഈ സന്ദർഭത്തിലാണ് പാവം സൈദ് പ്രവാചകസന്നിധിയിലെത്തിയത്. തന്നെ ദുരിതത്തിൽനിന്ന് കരകയറ്റിത്തരണമെന്ന് നിരാശയോടെ അദ്ദേഹം പ്രവാചകനോട് അപേക്ഷിച്ചു.

''എന്തിന്?'' നബി ആരാഞ്ഞു: ''അവളിലെന്തെങ്കിലും കുറ്റം കണ്ടുവോ?''

"ഇല്ല. പക്ഷേ, ഞങ്ങൾക്കിനിയും ഒന്നിച്ച് കൂടുതൽ നാൾ പോകാനാവില്ല"- സൈദ് പ്രത്യുത്തരിച്ചു.

"പോയി നിന്റെ ഭാര്യയെ പരിചരിക്കൂ".

സൈദ് വീട്ടിലെത്തി. തന്നാലാവും വിധം നന്നായി ഭാര്യയോട് പെരുമാറാൻ ശ്രമിച്ചു. എന്നാൽ, ദാമ്പത്യരഥയാത്ര എന്നിട്ടും സുഗമമായില്ല. എന്തെല്ലാം ചെയ്തിട്ടും കാര്യങ്ങൾ നേരാംവണ്ണമാകുന്നില്ലെന്ന് കണ്ടപ്പോൾ സൈനബിനെ അവളുടെ ഇഷ്ടത്തിന് വിടുന്നതായിരിക്കും ഈ ദുരിതത്തിൽനിന്ന് രക്ഷപ്പെടാനുള്ള പോംവഴിയെന്ന് സൈദ് കരുതി. അദ്ദേഹം അവരെ മൊഴിചൊല്ലി. സൈനബ് ഒട്ടും താമസിയാതെ വേർപിരിഞ്ഞു. സൈദിനും ആശ്വാസം. അവളുടെ സൗന്ദര്യത്തിൽ അയാൾ

ആഹ്ലാദം കണ്ടിരുന്നു; എന്നാൽ, അവളുടെ അസാന്നിധ്യത്തിൽ കൂടുതൽ ആഹ്ലാദമുണ്ടായിരുന്നു.

ഇദ്ദ* കഴിഞ്ഞപ്പോൾ പ്രവാചകൻ തന്നെ വിവാഹം ചെയ്യണമെന്ന് സൈനബ് ആഗ്രഹം പ്രകടിപ്പിച്ചു. അതനുസരിച്ച്, അവർ അദ്ദേഹത്തിന്റെ അഞ്ചാമത്തെ പത്നിയായി.

സൈദ്, നബിക്ക് മകനെപ്പോലെയായിരുന്നതിനാൽ, ഈ വിവാഹം മദീനയിൽ സംസാരവിഷയമായി. അമ്മായിയമ്മയെ വരെ വിവാഹം കഴിക്കുന്നത് നിഷിദ്ധമല്ലാത്ത ആ പ്രാകൃതസമൂഹത്തിൽ ദത്തുപുത്രൻ മൊഴിചൊല്ലിയ ഭാര്യയെ ദത്ത് പിതാവ് വിവാഹം ചെയ്യുന്നത് പൊറുക്കാനാവുമായിരുന്നില്ല. എന്നാൽ ഇത്തരം ആശങ്കകൾ അസ്ഥാനത്താണ്. കാരണം ഒരു ദത്തുപുത്രൻ എല്ലാ അർഥത്തിലും യഥാർഥ മകന് പകരമാവുകയില്ല. എന്നാൽ, പഴഞ്ചൻ വിശ്വാസം വെച്ചുപുലർത്തിയിരുന്നവർ നബിയും സൈനബും തമ്മിലുള്ള വിവാഹബന്ധത്തെക്കുറിച്ച് പല അപവാദങ്ങളും പറഞ്ഞുണ്ടാക്കി.

ഇക്കാലത്തുതന്നെ നബിയുടെ ഗാർഹികാന്തരീക്ഷത്തെ അലോസരപ്പെടുത്തിയ മറ്റൊരു സംഭവമുണ്ടായി. ബനുൽമുസ്ത്വലിഖ് യുദ്ധത്തിനു ശേഷമുള്ള മടക്കയാത്രയിലാണത് സംഭവിച്ചത്. നബിയോടൊപ്പമുണ്ടായിരുന്ന ആഇശ, സൈന്യം മടക്കയാത്ര തുടങ്ങിയപ്പോൾ പിന്നിലായിപ്പോയി. ആഇശ, പല്ലക്കിലുണ്ടെന്ന ധാരണയോടെ ഒട്ടകക്കാരൻ അതുമായി മുന്നോട്ടുപോയി. വാസ്തവത്തിൽ അവിടെയെവിടെയോ കളഞ്ഞുപോയ മാലയും തെരഞ്ഞു നടക്കുകയായിരുന്നു നബിപത്നി. പകലൊടുങ്ങുവോളം യാത്ര ചെയ്തിട്ടും നിർഭാഗ്യവാനായ ആ ഒട്ടകക്കാരന് തന്റെ അബദ്ധം മനസ്സിലായില്ല. അഥവാ മനസ്സിലായിരുന്നെങ്കിൽതന്നെ അയാളും സമാധാനം പറയേണ്ടിവരുമായിരുന്നു. പരിഭ്രാന്തയായി വിഷമിച്ചുനിന്ന ആഇശയെ അതുവഴി വന്ന മുസ്‌ലിം സേനാനായകൻ സ്വഫ്‌വാനുബ്നു മുഅത്ത്വൽ കാണാനിടയായി. ഒരു രാത്രി കടന്നുപോയി. സ്വഫ്‌വാൻ സുമുഖനായിരുന്നതുകൊണ്ട് ഇത് അപവാദം പ്രചരിക്കാനിടയായി. നബിയുടെ കുടുംബത്തിന്റെ അന്തസ്സും അഭിമാനവും ഇടിച്ചുകാണിക്കാൻ അബ്ദുല്ലാഹിബ്നു ഉബയ്യ് ഈ സന്ദർഭം വിനിയോഗിച്ചു. തിരിച്ചെത്തിയ ആഇശയെ ഭർത്താവും മാതാപിതാക്കളും ചോദ്യം ചെയ്തു. ആഇശ നടന്ന സംഭവം വിവരിച്ചു: “നബി ഓരോ തവണ യാത്ര പോകുമ്പോഴും അനുയാത്ര ചെയ്യുന്നതിനെച്ചൊല്ലി ഭാര്യമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടാകാറുണ്ട്. അപ്പോൾ നറുക്കിടുകയും നറുക്ക് കിട്ടുന്നവരെ അനുയാത്ര ചെയ്യാൻ അനുവദിക്കുകയുമാണ് പതിവ്. ഇത്തവണ എനിക്കാണ് നറുക്ക് കിട്ടിയത്. പ്രവാചകപത്നിമാർക്കുള്ള മഞ്ചലിൽ പർദ്ദയണിഞ്ഞ് ഞാൻ പോയി. സൈന്യം മടക്കയാത്ര തുടങ്ങാറായപ്പോൾ ഒരു അവശ്യകാര്യം നിർവഹിക്കാൻ പോയ ഞാൻ പിന്നിലായി

പ്പോയി. അപ്പോഴേക്ക് സൈന്യം നീങ്ങിക്കഴിഞ്ഞിരുന്നു. ഇതിനിടയിൽ എന്റെ മാല നഷ്ടപ്പെട്ടതായറിഞ്ഞ്, അത് തിരക്കിപോയി. ഞാൻ നഷ്ട പ്പെട്ട സ്വർണാഭരണം തെരഞ്ഞുനടക്കവേ, ഭടന്മാർ എന്റെ മഞ്ചലെടുത്ത് ഒട്ടകപ്പുറത്തേറ്റി യാത്രയായിക്കഴിഞ്ഞിരുന്നു. മഞ്ചലിനു ഭാരമില്ലായിരു ന്നെങ്കിലും അതിനകത്ത് ആളില്ലെന്ന് ഭടന്മാർക്ക് മനസ്സിലായില്ല. കാരണം, ഞാൻ കൃശഗാത്രയായതുകൊണ്ട് അത്ര ഭാരം തോന്നുകയില്ലല്ലോ. ഒടു വിൽ തെരഞ്ഞുനടന്ന മാല കിട്ടി; സന്തോഷത്തോടെ ഞാൻ മഞ്ചലി രുന്ന സ്ഥലത്ത് തിരിച്ചെത്തി. അപ്പോഴാണ് മഞ്ചലും ഒട്ടകവും പൊയ്ക്ക ഴിഞ്ഞെന്ന് മനസ്സിലായത്. ഞാൻ ഉച്ചത്തിൽ നിലവിളിച്ചെങ്കിലും മറുപടി കിട്ടിയില്ല. എന്റെ നിലവിളികൊണ്ട് അന്തരീക്ഷം നിറഞ്ഞുവെങ്കിലും അതാരും കേട്ടതേയില്ല. മഞ്ചലിൽ ഞാനില്ലെന്നറിയുമ്പോൾ ഒട്ടകക്കാ രൻ എന്നെ തിരക്കി തിരിച്ചുവരും എന്ന് ഞാൻ ആശിച്ചു. പക്ഷേ, ആരും തിരിച്ചുവന്നില്ല. നിലവിളിച്ച് നിലവിളിച്ച് തളർന്നുവീണ് ഞാനുറങ്ങിപ്പോയി. പിന്നണി കാവൽസേനയുടെ ചുമതല വഹിച്ചിരുന്ന സ്വഫ്വാൻ അതു വഴി പോകവെ, പർദയില്ലാത്ത എന്നെ കണ്ട് തിരിച്ചറിഞ്ഞു. എന്നെ കണ്ട മാത്രയിൽ അദ്ദേഹം പറഞ്ഞു: 'ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജി ഊൻ.' അല്ലാഹുവാണ! അതല്ലാതെ മറ്റൊരു സംഭാഷണവും ഞങ്ങൾ തമ്മിലുണ്ടായിട്ടില്ല. ഞാനെന്റെ മുഖമക്കന ശരിയാക്കി. അദ്ദേഹത്തിന്റെ ഒട്ടകപ്പുറത്തിരുന്നു. കയറാൻ അദ്ദേഹമെന്നെ സഹായിക്കുക മാത്രം ചെയ്തു. സൈന്യത്തോടൊപ്പം ചെന്നു ചേരുന്നതുവരെ സ്വഫ്വാൻ ഒട്ട കത്തിന്റെ കടിഞ്ഞാൺ പിടിച്ചു കൂടെ നടക്കുകയായിരുന്നു."

അനുനയക്ഷമയായ ആഇശയുടെ പെരുമാറ്റത്തിൽ തെറ്റൊന്നും ഉണ്ടായിരുന്നില്ല. തീർച്ചയായും നിർഭാഗ്യകരമായ ഒരു സംഭവം തന്നെ. പക്ഷേ, ഇതൊക്കെ എവിടെയും എപ്പോഴും സംഭവിക്കുന്നതാണല്ലോ. ആഇശ പറയുന്നത് സത്യമാണെന്ന് നബിക്കറിയാം; സ്വഫ്വാനെയും അദ്ദേഹത്തിന് നന്നായറിയാം. മര്യാദക്കാരനാണ്; ആദരണീയനാണ്. യോദ്ധാവെന്ന നിലയിലും സുഹൃത്ത് എന്ന നിലയിലും കർത്തവ്യബോ ധമുള്ളവനാണ്. ആഇശയെക്കുറിച്ചുള്ള എല്ലാ സംശയവും ദൂരീകരിച്ചു കൊണ്ട് ഒരു സൂക്തം ആയിടെ അവതരിക്കുകയും ചെയ്തു.

ആഇശയും അലിയും തമ്മിലുള്ള ബന്ധം ദുഷ്കരമാവുകയെന്ന ദൗർഭാഗ്യകരമായ ഒരു ഫലമാണ് ഈ സംഭവംകൊണ്ടുണ്ടായത്. അലി യുടെ പ്രേരണയാണ് താനിത്രമാത്രം ചോദ്യം ചെയ്യപ്പെടാൻ കാരണ മെന്ന് അവർ കരുതി. ഇത്തരം കാര്യങ്ങളിൽ വളരെ കണിശക്കാരനാണ് അലി; അത് തന്നെ നേരിട്ടു ബാധിക്കുന്നതല്ലെങ്കിൽക്കൂടെ വിശദമായി അന്വേഷണം വേണമെന്ന കാര്യത്തിൽ പ്രവാചകനേക്കാൾ നിർബന്ധം പിടിച്ചു അദ്ദേഹം. ഒരുപക്ഷേ, അലിയുടെ സദുദ്ദേശ്യത്തോടെയുള്ള ആശ ങ്കകളെ, അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ അപവാദങ്ങളെപ്പോലെയായി

രിക്കാം ആഇശ പരിഗണിച്ചത്.

അലിയും ആഇശയും തമ്മിൽ പിന്നീടൊരിക്കലും ബന്ധം സുഖകര മായില്ല.

എന്നാൽ ഇതൊന്നും അലിയെക്കുറിച്ചുള്ള പ്രവാചകന്റെ അഭിപ്രാ യത്തിൽ മാറ്റം വരുത്തിയില്ല; അലിക്ക് പ്രവാചകനോടുള്ള ബഹുമാനാ ദരങ്ങളിലും. നബിതിരുമേനിയുടെ ഓമനപുത്രി ഫാത്വിമയുമായുള്ള വിവാഹത്തിനുശേഷം, തന്റെ പ്രിയങ്കരനായ നേതാവുമായുള്ള അലി യുടെ ബന്ധം കൂടുതൽ സുദൃഢമായി.

# 6

മൂന്നാമതും മദീന ആക്രമിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുകൊ ണ്ടിരിക്കുന്ന വിവരം നബിതിരുമേനി അറിയാതിരുന്നില്ല. പ്രവാചകന്നെ തിരെ ഖുറൈശികൾ രൂപംനൽകിയ സഖ്യത്തെയും യഹൂദന്മാരുടെ രഹ സ്യപദ്ധതികളെയും കുറിച്ച് അദ്ദേഹത്തിന്റെ ദൂതന്മാർ അപ്പപ്പോൾ വിവരം നൽകിക്കൊണ്ടിരുന്നു. ഇപ്പോഴും അദ്ദേഹം പുതിയ സാഹചര്യത്തെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്; കാലാനുസൃതമായ പ്രതി രോധതന്ത്രത്തിന് രൂപം നൽകുകയാണ്. ആൾബലത്തിലും ആയുധബ ലത്തിലും മികച്ചുനിൽക്കുന്ന സൈന്യങ്ങൾക്കെതിരെ തന്റെ പ്രദേശങ്ങൾ ചെറുത്തുനിൽക്കുക എളുപ്പമല്ലെന്ന് അദ്ദേഹത്തിനറിയാം. അതുകൊണ്ട് മദീനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് തീരുമാനം; നഗരഭിത്തികൾക്കു ള്ളിൽ തന്റെ നില ഭദ്രമാക്കാനും. പേർഷ്യയിൽ ഒരിക്കൽ ഗവർണറായി സേവനമനുഷ്ഠിച്ചിട്ടുള്ള പേർഷ്യക്കാരനായ സൽമാന്റെ സേവനം ഭാഗ്യ വശാൽ ഇത്തവണ നബിക്ക് ലഭിച്ചിട്ടുണ്ട്. അക്കാലത്തെ ഏറ്റവും പുരോ ഗമിച്ച യുദ്ധതന്ത്രമാണ് അദ്ദേഹം അവലംബിച്ചത്. നഗരത്തിനുചുറ്റും ആഴത്തിൽ കിടങ്ങുകുഴിക്കാൻ അദ്ദേഹം പ്രവാചകനെ ഉപദേശിച്ചു. അറ ബികളുടെ യുദ്ധതന്ത്രത്തിൽ തികച്ചും അപരിചിതമായ ഒരു പുതിയ രീതിയായിരുന്നു ഇത്. ആ പേർഷ്യക്കാരന്റെ നിർദേശാനുസരണം പ്രവർത്തിക്കാൻ മദീനാ നഗരം മുഴുവൻ തേനീച്ചക്കൂട്ടം പോലെ ഇളകി യിറങ്ങി. എല്ലായിടത്തും മൺവെട്ടിയും കൂന്താലിയും മണ്ണിനോട് പൊരു തുന്ന ശബ്ദം; ഊർജസ്വലമായി പണിയിലേർപ്പെട്ട മുസ്‌ലിം പടയാളിക ളുടെ ഉത്സാഹനിർഭരമായ ശബ്ദങ്ങൾ. അവരോടൊപ്പം ജോലി ചെയ്തു കൊണ്ട് പ്രവാചകൻ മാതൃക കാണിക്കുകയാണിവിടെ. പാറപോലെ ഉറച്ച മണ്ണ്; പക്ഷേ, അദ്ദേഹത്തിന്റെ തീരുമാനം അതിനേക്കാൾ ഉറച്ചതാ യിരുന്നു. എന്തെങ്കിലും തടസ്സം നേരിടുമ്പോൾ ഉടനെ അദ്ദേഹം പരിഹ രിക്കുകയായി. പ്രതിബന്ധങ്ങളെ നിഷ്പ്രയാസം തരണം ചെയ്യാനുള്ള പ്രകൃതിസിദ്ധമായ കഴിവ് അദ്ദേഹത്തിനുണ്ട്; ഒപ്പം ദിവ്യസഹായവും. അങ്ങനെ ആഴമുള്ള ഒരു വലിയ കിടങ്ങ് തീർന്നുകൊണ്ടിരിക്കുന്നു. ദുഷ്ക

രമായ, ലഹരിപിടിപ്പിക്കുന്ന അദ്ഭുതങ്ങൾ സൃഷ്ടിക്കുന്ന ആ പരി ശ്രമശീലത്തിന്റെ മറ്റൊരു ഫലം.

അങ്ങനെ ദീർഘകാലത്തേക്കുള്ള അവശ്യസാധനങ്ങളും ആയുധ ങ്ങളും സജ്ജമായ ആ കിടങ്ങ് മക്കക്കാരുടെ ആക്രമണത്തെ നേരിടാൻ ഒരുങ്ങി.

മുഹമ്മദിന് ഇനി അബൂസുഫ്‌യാനെ ധൈര്യപൂർവം അഭിമുഖീക രിക്കാം. അതിന് അധികം കാത്തുനിൽക്കേണ്ടിവന്നില്ല. ചക്രവാളം ധൂമ മേഘങ്ങളാലിരുണ്ടു. ശക്തമായ ശത്രുസൈന്യം അടുത്തടുത്ത് വരുക യാണ്. പതിനായിരത്തോളം ഭടന്മാർ അക്കൂട്ടത്തിലുണ്ടെന്ന് ഒരുപക്ഷം; ഇരുപതിനായിരത്തിൽ ഒരാൾപോലും കുറയില്ലെന്ന് മറ്റൊരുപക്ഷം. വിവിധ ഭാഗങ്ങളിൽനിന്നും ശത്രുസൈന്യനിരകൾ പ്രത്യക്ഷപ്പെട്ടുകൊ ണ്ടിരുന്നു. ബനൂഗത്ഫാന്റെയും ബനൂനളീറിന്റെയും സൈന്യങ്ങൾക്ക് പിന്നാലെ, കഅ്ബുബ്നു അസദിന്റെ നേതൃത്വത്തിൽ ജൂതപ്പടയും. മദീ നക്ക് ചുറ്റും ശത്രുശിബിരങ്ങളിൽ ആക്രമണസന്നാഹങ്ങൾ നടന്നുകൊ ണ്ടിരുന്നു. തേച്ചുമിനുക്കിയ പരിചകളും കുന്തങ്ങളും വെയിലിൽ അഗ്നി നാവുകൾ പോലെ വെട്ടിത്തിളങ്ങുന്നു. ഭൂമി കുന്തങ്ങളുടെയും ഖഡ്ഗ ങ്ങളുടെയും കാടായിത്തീർന്നിരിക്കുന്നു. ഉത്സാഹത്തിമിർപ്പിന്റെ ആരവ ങ്ങൾ ഇടിമുഴക്കംപോലെ അന്തരീക്ഷത്തെ പിടിച്ചുകുലുക്കുന്നു. അതേ സമയം മദീന ശിലാഭൂതമായ നിശ്ശബ്ദതയിലാണ്.

"അവർ താഴെനിന്നും മീതെനിന്നും നിങ്ങളുടെ നേരെ വന്നു. കണ്ണു കൾ ചേതനയറ്റു. ഹൃദയം പറിഞ്ഞ് തൊണ്ടയിലെത്തിയതായിതോന്നി. അല്ലാഹുവിനെക്കുറിച്ചുള്ള ചിന്തകളിൽനിന്നുപോലും നിങ്ങൾ വ്യതിച ലിക്കാൻ തുടങ്ങുകയായിരുന്നു".

പിൻവാങ്ങുന്നതായിരിക്കും കൂടുതൽ സുരക്ഷിതമെന്ന് ചിലർ നബിയെ ഉപദേശിച്ചു. അറേബ്യയുടെ ചരിത്രത്തിൽ ഇത്രയും വലിയ ഒരു സൈന്യം ഒത്തുചേർന്നിട്ടില്ല. എതിരാളികളാവട്ടെ, ആയുധത്തിലും ആൾബലത്തിലും പരിചയസമ്പത്തിലും വളരെ പിന്നിൽ. അയൽപ ക്കത്തെ ബനൂഖുറൈള എന്ന യഹൂദഗോത്രവും സഖ്യസേനയിൽ ചേർന്നി ട്ടുണ്ട്; അവരുടെ സജീവ പിന്തുണ വലിയ സഹായമാണ്. എല്ലാ പ്രതി ജ്ഞകളും ഉടമ്പടികളും വലിച്ചെറിഞ്ഞാണ് അവർ സഖ്യസേനയിൽ ചേർന്നത്. മദീനയുമായുള്ള ഉടമ്പടി കരാറുകൾ പാലിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് ഒത്തുതീർപ്പു സംഭാഷണത്തിനായി പ്രവാചകൻ സഅ ്ദുബ്നു മുആദിനെയും സഅ്ദുബ്നു ഉബാദയെയും അയച്ചതാണ്. ഖുറൈളക്കാരുടെ മറുപടി ഇങ്ങനെയായിരുന്നു: "ഞങ്ങളെക്കൊണ്ട് അനു സരിപ്പിക്കാൻ നിങ്ങളുടെ മുഹമ്മദ് ആരാണ്? അല്ലാഹുവിന്റെ പ്രവാചക നാണത്രെ! നിങ്ങൾ പോയാട്ടെ; നമ്മൾ തമ്മിൽ ഒരു ഉടമ്പടിയുമില്ല."

ജൂതന്മാരുടെ സമീപനംകൂടി അറിഞ്ഞതോടെ മുസ്‌ലിം പാളയങ്ങളിൽ സംത്രാസമുണ്ടായി. ഇത് വഞ്ചനയല്ലേ? അതെ, വഞ്ചനതന്നെ. നന്ദികേടല്ലേ? അതല്ലാതെ മറ്റൊന്നുമല്ല. എന്നാൽ ഇതുപോലെ വഞ്ചനയും നന്ദികേടും മറ്റെന്നെങ്കിലുമുണ്ടായിട്ടുണ്ടോ?

ഈ വഞ്ചനകൾക്കും സ്വന്തം അണികളിൽ പടർന്നുപിടിച്ച പരിഭ്രാന്തികൾക്കുമിടയിൽ ആ സൈനികനേതാവ്, അങ്ങേയറ്റത്തെ സഹനശക്തിയുടെ പ്രതീകമായി അചഞ്ചലനായി നിലകൊണ്ടു. അപ്പോഴും അഭൗമമായ ഒരു പ്രശാന്തത ആ മുഖത്ത് നിറഞ്ഞുനിന്നു. അദ്ഭുതാവഹമായ അക്ഷോഭ്യതയോടെ, യാതൊരു മനശ്ചാഞ്ചല്യവുമില്ലാതെ അദ്ദേഹം തീരുമാനങ്ങളെടുക്കുകയും കൽപനകൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു.

മദീനയുടെ ഭരണച്ചുമതല ഇബ്നു ഉമ്മിമഖ്തൂമിനെ ഏൽപിച്ചതുകൊണ്ട് അദ്ദേഹത്തിന് യുദ്ധത്തിൽ പൂർണമായി ശ്രദ്ധകേന്ദ്രീകരിക്കാം. മൂവായിരം വരുന്ന തന്റെ ഭടന്മാരെ അദ്ദേഹം നഗരത്തിലെ മണൽക്കോട്ടകളിൽ അനുയോജ്യസ്ഥാനങ്ങളിൽ നിയോഗിച്ചു. യുദ്ധമാരംഭിച്ചാൽ ശത്രു കിടങ്ങ് കടക്കാൻ ശ്രമിക്കും. സഖ്യസേനകൾ മുസ്‌ലിംകളെ അവരുടെ കോട്ടകളിൽനിന്ന് പുറത്തുവരാൻ ആവുന്നതൊക്കെ ചെയ്യും. എന്നാൽ തന്റേതായ രീതിയിലല്ലാതെ, ശത്രുവിനോട് പൊരുതുന്നതിനുള്ള യാതൊരു പ്രലോഭനവും നബിക്കുണ്ടായില്ല. കിടങ്ങ് ആക്രമിക്കാനുള്ള ഓരോ ശ്രമവും സഖ്യസേനക്ക് കനത്ത നഷ്ടമുണ്ടാക്കിക്കൊണ്ട് തുരത്തപ്പെട്ടു. കാലാൾപ്പടക്കു നേരെ, കുതിരപ്പട്ടാളക്കാർക്കു നേരെ തുരുതുരാ ശരവർഷമുണ്ടായി. തന്റെ യുദ്ധതന്ത്രങ്ങളൊന്നും മദീനയുടെ അപ്രതിരോധ്യതയുടെ മുന്നിൽ വിലപ്പോവില്ലെന്ന് അബൂസുഫ്‌യാന് ബോധ്യമായി.

പ്രതിരോധം ഒരു മാസത്തോളം നീണ്ടുനിന്നു. അതിന് അഭൗതികമായ ഫലങ്ങളുണ്ടായി. ഓരോ ദിവസം കഴിയുന്തോറും സഖ്യസേനയുടെ ആത്മവിശ്വാസം ശിഥിലമായിക്കൊണ്ടിരുന്നു; അത്രതന്നെ പ്രതിരോധത്തെക്കുറിച്ചുള്ള പ്രതീക്ഷ ശക്തമാവുകയും. ശത്രുക്കൾക്കിടയിൽ ചേരിതിരിവുണ്ടായി. അനുകൂലമായ ഈ സാഹചര്യം മുതലെടുക്കാൻ നബി കാലവിളംബം വരുത്തിയില്ല. താനേറ്റെടുത്ത എല്ലാ ചുമതലകളും വിജയകരമായി നിർവഹിച്ചിട്ടുള്ള പ്രവാചകൻ അനുരഞ്ജനത്തിന്റെ മാർഗത്തിലും താൻ പിന്നിലല്ലെന്ന് സ്ഥാപിക്കുകയായിരുന്നു. തന്റെ ശത്രുക്കളുടെ കൂട്ടുകെട്ടിനെ, പല വിഭാഗങ്ങളാക്കി ശിഥിലമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തങ്ങൾക്കിടയിൽ വളർന്നുകൊണ്ടിരിക്കുന്ന അനൈക്യത്തെക്കുറിച്ച് ഖുറൈശി നേതാക്കൾ ഉത്കണ്ഠാകുലരായി; എന്നാൽ ശിഥിലീകരണത്തിന്റെ വിത്തുകൾ വളർന്നുകഴിഞ്ഞിരുന്നു.

പ്രകൃതിയും മക്കക്കെതിരായിത്തീർന്നു. കരിമേഘങ്ങൾ സൂര്യനെ

മറച്ചുവെച്ചു. ഭൂമി ഇരുണ്ട നിഴൽപ്പാടുകളിലായി. ആയുധങ്ങളിൽ മഴ ത്തുള്ളികൾ വീണു. ആഞ്ഞടിച്ച കാറ്റിൽ കൂടാരങ്ങളുലഞ്ഞു. പാളയ ങ്ങളിലും കിടങ്ങിലും നിഷ്കരുണമായ മാരീവർഷം. കൊടുങ്കാറ്റ് ആഞ്ഞ ടിക്കുന്നു, രാവുകളിൽ സീൽക്കാരമുയർത്തിക്കൊണ്ട്. അസ്ഥികളിൽ തുള ച്ചുകയറുന്ന തണുപ്പ്. കൂടാരങ്ങളും ആയുധങ്ങളും മഴവെള്ളത്തിൽ കുതിർന്നു.

പിറ്റേന്ന് നരച്ച മേഘങ്ങൾക്കുമീതെ സൂര്യൻ ഉദിച്ചുയർന്നപ്പോൾ, അതിന്റെ കിരണങ്ങൾ സ്വർണച്ഛായംകൊണ്ട് ചിത്രം വരയ്ക്കുമ്പോൾ ആദ്യമുണർന്ന മദീനാവാസികൾ ആഹ്ലാദത്തോടെ നോക്കി ക്കണ്ടു-തെക്കോട്ട് തിരിച്ചുപോകുന്ന ഖുറൈശികളെ. അവരുടെ കൂട്ടാളി കൾ കൊടുങ്കാറ്റിൽ പാറിപ്പോയി. കേട്ട വാർത്തകൾ ശരിയാണ്; സഖ്യ സേന പിൻവാങ്ങിക്കഴിഞ്ഞു. ഇതോടെ ഇസ്‌ലാമിനെ നിർമാർജനം ചെയ്യാ മെന്ന ഖുറൈശികളുടെ വ്യാമോഹം എന്നന്നേക്കുമായി പൊലിഞ്ഞു പോയി. അഹങ്കാരം നശിച്ച അബൂസുഫ്‌യാനും ഭഗ്നാശമായ സൈന്യ വുമാണ് മക്കയിലേക്ക് മടങ്ങുന്നത്. കഅ്ബയിലെ ദൈവങ്ങൾ അവരുടെ മനസ്സിൽ നിസ്സഹായരായി തൂങ്ങിക്കിടന്നു.

# 7

സ്വാഭാവികമായും മദീനക്കാർ ആഹ്ലാദഭരിതരായി. എന്നാൽ, വഞ്ച കരായ ഖുറൈളാ ഗോത്രക്കാരെക്കൂടി അമർച്ച ചെയ്യാതെ വിജയം പൂർണ മാവുമായിരുന്നില്ല. അല്ലെങ്കിൽ അവർ മദീനയെ ശത്രുക്കൾക്ക് ഒറ്റുകൊ ടുക്കുമായിരുന്നു. പരിക്ഷീണരായിരുന്നു മുസ്‌ലിംകൾ. പടച്ചട്ടകൾ ഊരി യെറിഞ്ഞു തങ്ങളുടെ കുടുംബത്തോട് ചെന്നുചേരാനും യുദ്ധവിജയമാ ഘോഷിക്കാനും അവർക്ക് തിരക്കായി. എന്നിട്ടും കുറേ ദിവസത്തേക്ക് അതിന്നായില്ല. ആദ്യമായി ഖുറൈളാ ഗോത്രക്കാർ, തങ്ങളുടെ ചെയ്തി കൾക്ക് വിശദീകരണം നൽകണം. ആ യഹൂദരുടെ കോട്ടയിൽ തന്നെ മുസ്‌ലിംകൾ ഉപരോധമേർപ്പെടുത്തി. ബലപരീക്ഷണം നീണ്ടുനിന്നു. ഇരു പത്തഞ്ചു ദിവസത്തിനുള്ളിൽ എഴുനൂറോളം പുരുഷന്മാരും അത്രതന്നെ സ്ത്രീകളും കുട്ടികളുമുൾപ്പെടുന്ന ആ ഗോത്രമൊന്നടങ്കം കീഴടങ്ങി.

അവർക്ക് നൽകേണ്ട തക്ക ശിക്ഷയെന്ത് എന്നതാണിപ്പോഴത്തെ പ്രശ്നം. മുമ്പ് പല സംഭവങ്ങളിലെയും പോലെ പ്രവാചകൻ തങ്ങളോട് കരുണ കാണിക്കുമെന്നും മദീനയുടെ അതിർത്തി വിട്ടുപോവാനേ പറ യുകയുള്ളൂവെന്നുമാണ് ഖുറൈളാ ഗോത്രക്കാർ പ്രതീക്ഷിച്ചത്. ഒരു പക്ഷേ, പ്രവാചകൻ മാത്രമാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടി യിരുന്നതെങ്കിൽ അവിടുന്ന് അവർക്ക് പൊറുത്തുകൊടുക്കുകയും വിട്ടു വീഴ്ച കാണിക്കുകയും ചെയ്തേനെ. എന്നാൽ ഉമറും, മറ്റു സൈനിക

നേതാക്കളും ആ വിശ്വാസ ഘാതകർക്ക് പാപത്തിന്റെ മുഴുവൻ പ്രതിഫലവും നൽകണമെന്ന ഉറച്ച അഭിപ്രായക്കാരായിരുന്നു. ചർച്ചകൾ നടന്നു. പ്രശ്നം ഉഭയകക്ഷികളുടെയും ഒരു പൊതുസ്നേഹിതന്റെയും തീരുമാനത്തിനു വിടാമെന്നായി. ജൂതന്മാർക്ക് നിർദേശം സ്വീകാര്യമായി. അവർ സഅ്ദുബ്നു മുആദിന്റെ പേർ നിർദേശിച്ചു. മുസ്ലിംകൾക്ക് അതംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. സഅ്ദ് തങ്ങൾക്കനുകൂലമായ തീരുമാനമെടുക്കുമെന്നാണ് യഹൂദർ കരുതിയത്. എന്നാൽ യുദ്ധത്തിന്റെ യഥാർഥ കാരണക്കാർ ആരെന്നറിയാമായിരുന്ന സഅ്ദിന്റെ മനസ്സിനെ മദീനാ ഉപരോധം വല്ലാതെ മുറിവേൽപിച്ചിരുന്നു.

ഖുറൈളാ ഗോത്രക്കാർ, സഅ്ദിന്റെ പിതാവും തങ്ങളുമായുള്ള ബന്ധമൊക്കെ പറഞ്ഞ് അദ്ദേഹത്തിന്റെ അനുഭാവവും സഹതാപവും പിടിച്ചുപറ്റാൻ ശ്രമിച്ചു. എല്ലാ കണ്ണുകളും സഅ്ദിന്റെ മുഖത്ത് പതിച്ചു. അദ്ദേഹത്തിന്റെ തീർപ്പ് എന്താകുമോ ആവോ!

ആ രാജകുമാരൻ ഒടുവിൽ തന്റെ തീരുമാനം അറിയിക്കുകയായി: "യഹൂദരുടെ വേദത്തിൽ പറഞ്ഞിട്ടുണ്ട്- 'ദൈവം നിന്റെ ശത്രുവിനെ പിടിതന്നാൽ, ഓരോ പുരുഷനോടും വാൾകൊണ്ട് പകവീട്ടണം. എന്നാൽ, സ്ത്രീകളെയും കുട്ടികളെയും കന്നുകാലികളെയും എന്നല്ല, അവരുടെ എല്ലാ വസ്തുക്കളെയും നിങ്ങൾക്ക് സ്വന്തമാക്കാം; അവരുടെ മണ്ണിൽ വിളയുന്നതൊക്കെയും ഭക്ഷിക്കാം. അതെല്ലാം ദൈവം തമ്പുരാനായ യഹോവ നിങ്ങൾക്ക് തന്നിട്ടുള്ളതത്രെ.' ഖുറൈളാ ഗോത്രക്കാരോട് അവരുടെ ഈ വേദനിയമങ്ങളനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. എല്ലാ പുരുഷന്മാരെയും വാളിനിരയാക്കണം. സ്ത്രീകളെയും കുട്ടികളെയും സ്വത്തുക്കളോടൊപ്പം പിടിച്ചുവെക്കണം."

വഞ്ചകരുടെ അന്ത്യം കാണാൻ മദീനാവാസികളൊന്നടങ്കം എത്തിയിരുന്നു. അവരിൽ യഹൂദരുണ്ട്; ക്രിസ്ത്യാനികളുണ്ട്; സാബിഉകളുണ്ട്. നഗരപ്രമുഖരുണ്ട്; അയൽദേശത്തെ നേതാക്കളുണ്ട്. അവരുടെ സാന്നിധ്യത്തിൽ വധശിക്ഷ നടപ്പാക്കപ്പെട്ടു.

അങ്ങനെ യഹൂദരുടെ വിശ്വാസപാതകത്തിന് യഹൂദനിയമമനുസരിച്ചുള്ള ശിക്ഷ ലഭിച്ചു.

**ആറ്**

# ജേതാവ്

**അ**ഹ്സാബ് യുദ്ധം അഥവാ 'കിടങ്ങുയുദ്ധം' വിജയിച്ചതോടെ ഇസ്ലാമിന്റെ അന്തസ്സുയർന്നു. അത് പ്രവാചകന്റെ കീർത്തി കൂടുതൽ പരത്തി. ആ അദ്ഭുത മനുഷ്യനെ ഒരു നോക്കു കാണാൻ അറേബ്യയുടെ എല്ലാ

ഭാഗത്തുനിന്നും ആളുകൾ വന്നുകൊണ്ടിരുന്നു. വൈരാഗിയായ യതിവര്യൻ. ഇല്ലായ്മക്കാരനായ സാധാരണക്കാരൻ. അലക്സാണ്ടറുടെ ധിഷണാശക്തിയും, സിസറോയുടെ വാഗ്വൈഭവവും ക്രിസ്തുവിന്റെ കാരുണ്യവും സീസറിന്റെ അധികാരവും-എല്ലാം സമ്മേളിച്ച അസാധാരണ വ്യക്തിത്വം. സമാധാനകാലത്ത് അദ്ദേഹം ദൈവമാർഗം ഉപദേശിക്കുന്ന മാന്യനായ ഒരു ഗുരുവര്യനാണ്; ഉൾക്കാഴ്ചയുള്ള നേതാവാണ്; നീതിമാനായ ന്യായാധിപനാണ്. കരുണാർദ്രനായ ഭരണാധികാരിയാണ്. യുദ്ധഭൂമിയിലാവട്ടെ, മികച്ച തന്ത്രജ്ഞനും. ദൃഢപ്രജ്ഞനും അക്ഷോഭ്യനും, കാര്യകാരണബോധമുള്ള പ്രായോഗികമതിയുമാണദ്ദേഹം. അദ്ദേഹത്തിന്റെ പ്രബോധനം ആ ജീവിതത്തിൽനിന്നു വിഭിന്നമല്ല. അദ്ദേഹത്തിന്റെ മതം മാലാഖമാർക്കു വേണ്ടിയുള്ളതല്ല; ജീവിക്കുന്ന മനുഷ്യർക്കു വേണ്ടിയുള്ളതാണ്. അദ്ദേഹത്തിന്റെ ദൈവം കരുണാമയനും വാത്സല്യനിധിയുമാകുന്നു. അദ്ദേഹത്തിന്റെ ജീവിതം അനുയായികൾക്ക് വായിച്ചെടുക്കാനാവുന്ന തുറന്ന പുസ്തകമാണ്. അദ്ദേഹം ഒരു തീരുമാനമെടുക്കുമ്പോൾ അതിനു പിന്നിൽ നിഗൂഢമായ യാതൊരു ദുരുദ്ദേശ്യവുമുണ്ടാവുകയില്ല; അത് തുറന്ന ചർച്ചക്ക് വിധേയമാണ്. അദ്ദേഹത്തിന്റെ അനുയായികൾ ആത്മസ്നേഹിതരും സഹപ്രവർത്തകരുമാണ്. അവർക്കിടയിൽ ഒരു പെരുമാറ്റച്ചട്ടം നടപ്പാക്കാനൊരുങ്ങുമ്പോൾ അദ്ദേഹം തന്നെ ആദ്യമാതൃക കാണിച്ചുകൊടുക്കുന്നു- അത് സ്ത്രീകളോടോ അയൽഗോത്രക്കാരോടോ ശത്രുക്കളോടോ ഉള്ള പെരുമാറ്റമാണെങ്കിലും. തനിക്ക് തെറ്റു സംഭവിക്കുമ്പോൾ-മനുഷ്യനായതുകൊണ്ടുതന്നെ അദ്ദേഹത്തിനും തെറ്റ് സംഭവിക്കാം- പരസ്യമായി അദ്ദേഹം ലജ്ജയും പശ്ചാത്താപവും പ്രകടിപ്പിക്കുന്നു. അദ്ദേഹം പ്രാർഥിക്കുന്നത്, ഉപവസിക്കുന്നത്, ദാനധർമങ്ങൾ ചെയ്യുന്നത്, അടിമകളെ മോചിപ്പിക്കുന്നത്, വിവാഹം ചെയ്യുന്നത്-എല്ലാം മറ്റുള്ളവർക്ക് കൂടി മാതൃകയായിട്ടാണ്. മനുഷ്യവംശത്തിന്റെ നിലനിൽപിന് അനിവാര്യമായതുകൊണ്ടാണ് അദ്ദേഹം സന്തത്യുൽപാദനം നടത്തുന്നത്. തൊഴിലിന്റെ മഹത്വം സ്ഥാപിക്കാനാണ് സ്വന്തം കൈകൊണ്ട് ജോലി ചെയ്യുന്നത്. മനുഷ്യനായ, പ്രവാചകനായ, ജേതാവായ മുഹമ്മദ് ഇങ്ങനെയൊക്കെയാണ്. "തീർച്ചയായും അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ഉത്തമമാതൃകയുണ്ട്" എന്ന് വിശുദ്ധ ഖുർആൻ പറഞ്ഞതിൽ അദ്ഭുതമില്ല. ഈ പ്രസ്താവത്തിൽ തരിമ്പും അതിശയോക്തിയില്ല. അദ്ദേഹം തികച്ചും അനുകരണാർഹനായ മാതൃകാപുരുഷനത്രെ.

ലോകം നിലനിൽക്കുന്നതു തന്നെ ശ്രേഷ്ഠതക്കു വേണ്ടിയാണ്; അത് ഈ ഭൂമിയെ സുഖദമാക്കുന്നു. മഹാന്മാരിൽ നാം വിശ്വാസമർപ്പിക്കുന്നത് സ്വാഭാവികം മാത്രം. നമ്മുടെ കുഞ്ഞുങ്ങൾക്കും വീഥികൾക്കും നാം അവരുടെ പേരിടുന്നു. അവരുടെ കൃതികളും ചിത്രങ്ങളും നാം വീടുകളിൽ സൂക്ഷിക്കുന്നു. അവരുടെ ജീവിതത്തിലെ സംഭവങ്ങൾ നാം നിത്യജീവി

തത്തിൽ അനുസ്മരിക്കുന്നു. അവരുടെ മഹത്വം വംശപരമ്പരകളുടെ അഭിമാനമായിത്തീരുന്നു. ഒരു നഗരത്തിലെ അസാധാരണ വ്യക്തിത്വ മുള്ള മനുഷ്യൻ, നഗരവാസികളുടെ മുഴുവൻ അഭിമാനഭാജനമാകുമല്ലോ. ചെറുപ്പത്തിലെ നമ്മുടെ കളിക്കൂട്ടുകാർ, പിന്നീട് മഹാന്മാരായിത്തീരു മ്പോൾ അത് നമ്മെ വിസ്മയഭരിതരാക്കുന്നില്ല; കാരണം, മഹത്വത്തി ലേക്കുള്ള അന്വേഷണം ചെറുപ്പകാലത്തെ സ്വപ്നമായിരിക്കും. മാനു ഷ്യകത്തിൽ വിലപ്പെട്ട ചിലത് അദ്ദേഹത്തിന് ചെയ്യാനുണ്ടായിരിക്കും.

ഏറ്റവും വലിയ മഹാനെയാണ് മുഹമ്മദ്നബിയിൽ നാമിപ്പോൾ കാണുന്നത്. ഒരു കാലത്ത് രാജ്യഭ്രഷ്ടനായിരുന്ന, ഉപദേശിയായിരുന്ന ആ മനുഷ്യൻ ഇന്നൊരു ചക്രവർത്തിയാണ്-ഭൗതികതലത്തിലും ആത്മീ യതലത്തിലും. ആളുകൂടുന്നിടത്തൊക്കെ ആകർഷണകേന്ദ്രമാണദ്ദേഹം. യുവാക്കൾക്കും വൃദ്ധന്മാർക്കും പ്രിയങ്കരനായ വീരനേതാവ്. രാജ്യ ത്തിന്റെ എല്ലാ ഭാഗത്തുനിന്നും വിവിധ തുറകളിലുള്ള ആളുകൾ അദ്ദേ ഹത്തിന്റെ പ്രഭാഷണം കേൾക്കാനെത്തുന്നു. അതിന്റെ മാസ്മരികതയി ലലിയുന്നു.

ഇത്ര വലിയൊരു മഹാനെ കണ്ടെത്തിയതിൽ, അദ്ദേഹത്തിന്റെ നിയോഗത്തിൽ തങ്ങളർപ്പിച്ച വിശ്വാസം വിജയസാക്ഷാത്കാരം കണ്ട തിൽ മദീനക്കാർ അഭിമാനവിജൃംഭിതരാണ്. ആറു വർഷത്തെ ഭരണ സാഹചര്യങ്ങളും അദ്ദേഹത്തിന്റെ വ്യക്തിത്വവും അദ്ദേഹത്തിൽ ഒരു സവി ശേഷ ഭരണകർത്താവിനെ രൂപപ്പെടുത്തിയിട്ടുണ്ട്. തന്റെ ഗോത്രത്തിന്റെ നൈസർഗിക കഴിവുകൾ അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനശൈലി ഉൾക്കൊണ്ടിട്ടുണ്ട്. മക്കയിലും അദ്ദേഹത്തിന്നനുകൂ ലമായ ഒരു വികാരം വീണ്ടും ഉരുത്തിരിഞ്ഞിരിക്കുന്നു. അദ്ദേഹ ത്തിൽനിന്ന് പലരും പ്രചോദനമുൾക്കൊള്ളുന്നു; തങ്ങളുടെതന്നെ ചരി ത്രത്തിന്റെ ഭാഗമായി അവരത് കാണുന്നു. മുഹമ്മദ് ഒരു യതിവര്യനൊ ന്നുമല്ല. തെരുവിൽ കാണാൻ കഴിയുന്ന ഏതൊരു മനുഷ്യനെയും പോലൊരു സാധാരണക്കാരൻ. ജന്മനാ, താൻ അഭിജാതനാണെ ന്നൊന്നും അദ്ദേഹം അവകാശപ്പെടുന്നുമില്ല. ഒരു സാധാരണക്കാരന്റെ അഭിരുചികളെന്തൊക്കെയാണോ അതിന്റെയെല്ലാം നല്ല ഭാവങ്ങൾ അദ്ദേ ഹത്തിലുണ്ട്. വിജയം അദ്ദേഹത്തെ അർധ ദേവനാക്കിയിട്ടില്ല. അതൊക്കെ ഏതൊരാൾക്കും നേടാവുന്നതേയുള്ളു എന്ന മട്ടിന്നാണ് പ്രാധാന്യം. താൻ ജീവിക്കുന്ന കാലം, ചിന്ത, വിശ്വാസം, ഉദ്ദേശ്യലക്ഷ്യ ങ്ങൾ, തന്റെ സമുദായത്തിന്റെ ജീവിതവും പ്രത്യാശകളും- ഇതിനോ ടൊക്കെയുള്ള ആത്മാർഥതയിൽനിന്നാണ് അദ്ദേഹത്തിന്റെ ശക്തി ഉയിർക്കൊള്ളുന്നത്. അമ്പരപ്പിക്കുന്ന, വിജയത്തിന്റെയും മഹത്വത്തി ന്റെയും ഒരു കാലഘട്ടത്തെ വിളംബരം ചെയ്യാൻ വന്ന അവധൂതനെ യാണ് അദ്ദേഹത്തിൽ അറേബ്യ കാണുന്നത്.

സഖ്യകക്ഷികളുടെ മേലുള്ള നബിയുടെ മേൽക്കോയ്മ സ്ഥാപിച്ചു കഴിഞ്ഞതുകൊണ്ട്, മർക്കടമുഷ്ടിക്കാരായ ചെറുസംഘങ്ങളെ കീഴ്പ്പെടുത്തുക താരതമ്യേന എളുപ്പമായിരുന്നു. പതുക്കെ, എന്നാൽ സംശയലേശമില്ലാത്ത വിധം ഇസ്‌ലാമിന്റെ സ്വാധീനം വ്യാപിപ്പിക്കുകയായിരുന്നു. പ്രബലമായ പ്രതിയോഗികളില്ല. ഹിജ്റ ആറാം വർഷം പ്രവാചകൻ ബക്ർ ഗോത്രത്തിനെതിരെ ഇബ്നു സലാമിന്റെ നേതൃത്വത്തിൽ ഒരു കാലാൾപ്പടയെ അയച്ചു. രാത്രി സഞ്ചരിച്ചും, പകൽ വിശ്രമിച്ചും ഇബ്നു സലാം മദീനയിൽ തിരിച്ചെത്തി. കൂടെ അമ്പത് ഒട്ടകങ്ങളും മൂവായിരം ചെമ്മരിയാടുകളും. ബക്ർ ഗോത്രത്തലവനെ ഇബ്നു സലാം പ്രവാചകന് കാഴ്ചവെക്കുന്നു. എന്നാൽ, അവിടുന്ന് പ്രതികാരം ചെയ്തില്ല; പീഡനങ്ങളിൽ ആത്മസംതൃപ്തി അനുഭവിക്കുന്ന പ്രകൃതമല്ല അദ്ദേഹത്തിന്റേത്. മറിച്ച്, കരുണാർദ്രനാണദ്ദേഹം. തന്റെ തടവുകാരനോടദ്ദേഹം പെരുമാറുന്നത് അയാളുടെ പ്രായത്തെയും അവസ്ഥയെയും മാനിച്ചുകൊണ്ടാണ്. ഈ പെരുമാറ്റം തമീമ എന്ന ഗോത്രത്തലവന്റെ മനസ്സ് മാറ്റിമറിച്ചു. അദ്ദേഹം ഇസ്‌ലാം ആശ്ലേഷിച്ചു. അപ്പോഴും തന്റെ ഗോത്രത്തിന്റെ തലവനാണയാൾ. നവമുസൽമാന്റെ ഉത്സാഹപ്രകർഷവുമായി തന്റെ ആളുകളുടെ അടുത്തെത്തിയ തമീമക്ക് ഇസ്‌ലാമിലൂടെ അവരെ ഉദ്ധരിക്കാൻ തിടുക്കമായി. ഒരൊറ്റ രാത്രികൊണ്ട് ശത്രുവിനെ ആത്മ മിത്രമാക്കിത്തീർക്കുന്ന ഇസ്‌ലാമിന്റെ മാസ്മരിക പ്രഭാവം ഒരിക്കൽകൂടെ തെളിയിക്കപ്പെട്ടു. ഏതാനും ദിവസം മുമ്പുവരെ മുസ്‌ലിംകളുടെ ബദ്ധവൈരിയായിരുന്ന തമീമ ഇപ്പോൾ ഖുറൈശികളുടെ ഏറ്റവും വലിയ ശത്രുവാണ്. വടക്കുനിന്നു മക്കയിലേക്കുള്ള ഒട്ടകപ്പാതയിലാണ് തമീമയുടെ അതിർത്തി. ഈ വഴി അയാൾ തടസ്സപ്പെടുത്തുകയായി. ഭക്ഷ്യസാധനങ്ങളെത്തിക്കാൻ കഴിയാതെ മക്ക ക്ഷാമത്തെ അഭിമുഖീകരിച്ചു. അത് കണ്ടിട്ടൊന്നും തമീമ ചഞ്ചലനായില്ല. ഒടുവിൽ അറ്റകൈയെന്നോണം മക്കാനിവാസികൾ പ്രവാചകന്റെ സഹായം തേടി; ബക്ർ ഗോത്രത്തലവനെ ഉപരോധത്തിൽനിന്ന് പിന്തിരിപ്പിക്കാൻ. നബിയുടെ ഹൃദയം ആർദ്രമായി. രണ്ടേ രണ്ട് വാചകങ്ങൾ മാത്രം അദ്ദേഹം തമീമക്ക് എഴുതി: "എന്റെ ജനങ്ങളെ ജീവിക്കാൻ അനുവദിക്കുക; അവരുടെ ചരക്കുവണ്ടികളെ പോകാൻ അനുവദിക്കുക." പ്രവാചകന്റെ കൽപന തമീമ അനുസരിച്ചതുകൊണ്ട് വറുതിയിൽനിന്ന് മക്കക്കാർ തൽക്കാലം രക്ഷപ്പെട്ടു.

തന്റെ കാലത്തെ ക്രിസ്ത്യാനികളുടെ, യഹൂദരുടെ അംഗീകൃത കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണീ മനോഭാവം. യുദ്ധവുമായി ബന്ധമില്ലാത്തവരെ, പ്രത്യേകിച്ച്, സ്ത്രീകളെയും കുട്ടികളെയും രോഗികളെയും ഒരു വിധത്തിലും ഉപദ്രവിക്കരുതെന്നാണ് തന്റെ സൈനിക നേതാക്കൾക്ക് അദ്ദേഹം കൊടുക്കാറുള്ള നിർദേശം. ഒരു തരത്തിലും കളവോ വഞ്ചനയോ ശിശുഹത്യയോ ചെയ്യരുതെന്നും കൽപനയുണ്ട്. നബിയുടെ ഇത്തരം അന്ത്യശാസനകളെ ഇസ്രാഈലീപ്രവാചകന്റെ ആജ്ഞയോട്

താരതമ്യപ്പെടുത്തുന്നവരുണ്ട്: "അങ്ങനെ ശത്രുദേവൻ പറഞ്ഞു: ഇനി പോയി അമാലികിനെ അടിച്ച് പറ്റെ നിർമാർജനം ചെയ്യുക. സ്ത്രീപുരുഷന്മാരെയും കൈക്കുഞ്ഞുങ്ങളെയും മുലകുടിക്കുന്ന കുഞ്ഞുങ്ങളെയും കാളയെയും ആടിനെയും ഒട്ടകത്തെയും കഴുതയെയും- എല്ലാറ്റിനെയും അരിഞ്ഞുവീഴ്ത്തുക.''

അനാഥരെ സഹായിക്കുകയും പാവങ്ങൾക്ക് ആശ്വാസം നൽകുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്യുന്നതിലൂടെ അവിരാമം ദൈവിക മാർഗത്തിൽ സഞ്ചരിക്കുന്ന ഒരാളിൽ, തീർച്ചയായും ആർദ്രവികാരങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. അവിടുത്തെ സ്നേഹകാരുണ്യങ്ങൾ സ്വന്ത മാളുകളോട് മാത്രമായൊതുങ്ങുന്നതല്ല; പക്ഷിമൃഗാദികളടങ്ങുന്ന സൃഷ്ടി ജാലവും പങ്കിടുന്നതാണത്. "ദൈവത്തെ ഭയപ്പെടുക" അദ്ദേഹം തന്റെ ആളുകളോട് പറഞ്ഞു: "സുഖമില്ലാത്ത മൃഗങ്ങളെക്കൊണ്ട് ജോലി ചെയ്യിക്കരുത്. ഭൂമിയിലെ ജന്തുക്കളും ആകാശത്തിലെ പറവകളും നിങ്ങളെപ്പോലെത്തന്നെ അല്ലാഹുവിലേക്ക് ഒടുവിൽ മടങ്ങുന്നവരാണ്."

# 2

നബിയും സഹചാരികളും മക്കവിട്ടു പോന്നിട്ട് ആറു സംവത്സരം കഴിഞ്ഞു. കഅ്ബ സന്ദർശിക്കാനുള്ള ചിരകാലാഭിലാഷമുണ്ടവർക്ക്. ഇപ്പോൾ മദീന ശാന്തമാണ്. അയൽഗോത്രങ്ങളിൽനിന്നൊന്നും തൽക്കാലം പുതിയ കുഴപ്പമൊന്നുമില്ല. തീർഥയാത്രാ മാസം അടുത്തെത്തിക്കഴിഞ്ഞു. അതുകൊണ്ട് ഇക്കാര്യത്തിൽ ആളുകളുടെ ആഗ്രഹം സാധിതമാകുമെന്ന് പ്രവാചകന് പ്രത്യാശ തോന്നി. ഈ സമയത്താണ് ഇങ്ങനെയൊരു ദൈവിക സൂക്തമുണ്ടായത്: "അല്ലാഹു വിചാരിച്ചാൽ നിങ്ങൾ മക്കയിലെ ദേവാലയത്തിൽ സുരക്ഷിതമായി, നിർഭയം പ്രവേശിക്കും. നിങ്ങളറിയാത്തത് അല്ലാഹു അറിയുന്നു. അവൻ നിങ്ങൾക്ക് ഒരു വലിയ വിജയമാണ് ഒരുക്കിവെച്ചിരിക്കുന്നത്."

ഈ വെളിപാട് പൊതുവേ ആഹ്ലാദമാണുണ്ടാക്കിയത്. ഇസ്‌ലാം സാക്ഷാത്കരിക്കാൻ പോകുന്ന ഒരു പുതിയ വിജയത്തെക്കുറിച്ചുള്ള പ്രവചനമായി പരക്കെ അത് സ്വീകരിക്കപ്പെടുകയും ചെയ്തു. ഈ വെളിപാടിന്റെ വാർത്ത മദീനയിൽനിന്ന് മക്കയിലേക്ക് കാട്ടുതീ പോലെ പടർന്നു. മുഹാജിറുകളും അൻസ്വാറുകളും ആഹ്ലാദപൂർവം യാത്രക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. നഗരം മുഴുവൻ ആ തീർഥയാത്രക്കുള്ള തയ്യാറെടുപ്പിലാണ്. അതേസമയം മക്കക്കാർ ഭയത്തോടും ആശങ്കയോടും കൂടിയാണീ വാർത്ത ശ്രവിച്ചത്. തീർഥയാത്രയുടെ മറവിൽ, ഒരാക്രമണത്തിനുള്ള പരിപാടിയായിരിക്കുമോ ഇത്? വിശുദ്ധ മാസത്തിലാണെങ്കിൽ യുദ്ധം നിഷിദ്ധമാണ്. പക്ഷേ, മുഹമ്മദ് അങ്ങനെ ചെയ്യുമെന്ന് മക്കക്കാർ വിശ്വസിക്കുന്നില്ല. ഖുറൈശികൾ സ്വാഭാവികമായും ജാഗ്രതയോടെയിരുന്നു.

എന്നാൽ, പ്രവാചകന്നാവട്ടെ, യാതൊരു ആക്രമണപരിപാടിയുമുണ്ടായിരുന്നില്ല; പക ആ മനസ്സിൽനിന്നെപ്പോഴേ ഒഴിഞ്ഞുപോയിരിക്കുന്നു. താൻ ജനിച്ചുവളർന്ന, തന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒത്തിരി ഓർമകളുണർത്തുന്ന തന്റെ പ്രിയനാട് ഒന്ന് സന്ദർശിക്കുക മാത്രമാണദ്ദേഹത്തിന്റെ ഉദ്ദേശ്യം. സ്വഫാ, മർവാ കുന്നുകൾക്കിടയിൽ ഒന്നു സഞ്ചരിക്കണം. വിശുദ്ധ കഅ്ബയൊന്നു കൺകുളിർക്കെ കാണണം, അത്രമാത്രം. അല്ലാഹു എല്ലാ തലങ്ങളിലുമുള്ള വിജയംകൊണ്ട് തന്നെ അനുഗ്രഹിച്ചിട്ടുണ്ട്. പൂർവ പ്രവാചകനായ ഇബ്റാഹീം നബി പടുത്തുയർത്തിയ പവിത്രമായ ആരാധനാ മന്ദിരത്തിലെത്തി ലോകൈകനാഥന് നന്ദി പറയണമെന്നേയുള്ളൂ അദ്ദേഹത്തിന്.

മക്കക്കാരുടെ സംശയത്തെക്കുറിച്ച് നബി തന്റെ സഹപ്രവർത്തകരുമായി ആലോചിച്ചു. ഒടുവിൽ ഇക്കൊല്ലം തെരഞ്ഞെടുക്കപ്പെട്ട കുറച്ചുപേർ മാത്രം ഹജ്ജ് തീർഥയാത്രക്ക് പോയാൽ മതിയെന്ന് തീരുമാനിച്ചു. അതുകൊണ്ട് ബലികർമത്തിനുള്ള മൃഗങ്ങളെയും കൊണ്ട് ആയിരത്തിനാനൂറ് പേർ മാത്രമാണ് വിശുദ്ധ നഗരിയിലേക്ക് പുറപ്പെട്ടത്.

തീർഥയാത്രാവേളയിൽ കൊണ്ടുനടക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള വാളുകളല്ലാതെ മറ്റൊരായുധവും അവർ എടുത്തിരുന്നില്ല. മതപരമായ ഒരു തീർഥയാത്രയാണതെന്ന് വ്യക്തമായിരുന്നെങ്കിലും ഖുറൈശികൾക്ക് വിശ്വാസം വന്നില്ല. തീർഥയാത്രയുടെ മറവിലുള്ള ആക്രമണശ്രമമായിത്തന്നെ അവരതിനെ കരുതുകയും മക്കാപ്രവേശം തടയാൻ തീരുമാനിക്കുകയും ചെയ്തു. നിരായുധരായ മുസ്‌ലിം തീർഥാടകരുടെ നേരേ പകവീട്ടാൻ മക്കക്കാർ ഈ അവസരം ഉപയോഗിക്കുമെന്ന് പ്രവാചകൻ മനസാ കരുതിയതുമില്ല.

മക്കയിൽനിന്നേറെ അകലത്തിലല്ലാതെ, ഹുദൈബിയാ കുന്നിനു മുകളിൽ വച്ച് ഖുറൈശികളുടെ സന്ദേശവാഹകർ നബിയുമായി കണ്ടു. ഒന്നുകിൽ യാത്ര അവസാനിപ്പിച്ചു തിരിച്ചുപോകണം, അല്ലെങ്കിൽ യുദ്ധത്തിന് തയാറാവണം. വഴി പ്രശ്നമുന്നയിച്ച് ഒരു യുദ്ധത്തിനുള്ള ഒരുക്കത്തിലാണ് ഖുറൈശികളും കൂട്ടാളികളും. ബലപ്രയോഗം കൂടാതെ മുസ്‌ലിംകളെ മക്കയിൽ പ്രവേശിക്കാൻ അനുവദിക്കരുതെന്ന് മക്കക്കാർ പ്രതിജ്ഞയെടുത്തിട്ടുള്ളതായി അവർ നബിയെ അറിയിക്കുന്നു. എന്നാൽ, ഈ തീർഥയാത്രക്ക് സമാധാനപരമായ ഉദ്ദേശ്യമേയുള്ളൂവെന്നും, അതിന് അനുമതി നൽകണമെന്നും പ്രവാചകൻ ആവശ്യപ്പെട്ടു.

ഏതാനും ദിവസം നടന്ന അനുരഞ്ജന ചർച്ചകൾ എവിടെയുമെത്തിയില്ല. ഒടുവിൽ ഖുറൈശികളുടെ നേതാവ് തിരിച്ചെത്തി തന്റെ ആളുകളോട് പറഞ്ഞു:

“മുഹമ്മദിനെ മുസ്‌ലിംകൾ ബഹുമാനിക്കുന്നത് കണ്ട് ഞാനദ്ഭുത

പ്പെട്ടുപോയി. അദ്ദേഹത്തിന്റെ കൊച്ചുകൊച്ചാവശ്യങ്ങൾപോലും ഒരു വിശുദ്ധ കർമം പോലെയാണവർ നിർവഹിക്കുന്നത്. കൊട്ടാരങ്ങളിൽ ഞാൻ കഴിഞ്ഞിട്ടുണ്ട്. ഖുസ്രുവിനെയും ഹെർക്കുലീസിനെയും ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഒരു രാജാവും, മുഹമ്മദിനെ അദ്ദേഹത്തിന്റെ അനുയായികൾ ആദരിക്കുന്നതുപോലെ ആദരിക്കപ്പെടുന്നത് ഞാൻ കണ്ടിട്ടില്ല."

ഖുറൈശികളുടെ അടുത്തേക്ക് ഒരു ദൂതനെ അയയ്ക്കുക എന്ന ഊഴം വന്നപ്പോൾ പ്രവാചകൻ അതിന്നായി തെരഞ്ഞെടുത്തത് ഉസ്മാനെയാണ്. ശ്രദ്ധാപൂർവം, ജാഗ്രതയോടെ ഉസ്മാൻ ആ ദൗത്യം നിർവഹിച്ചു. ഖുറൈശികൾ അദ്ദേഹത്തോട് പറഞ്ഞു: "ഉസ്മാൻ, താങ്കൾക്ക് വ്യക്തിപരമായി തീർഥയാത്രാനുഷ്ഠാനങ്ങൾ കഅ്ബയിൽ ചെയ്യാം; എന്നാൽ മുഹമ്മദിന്.......അത് അനുവദിക്കാനാവില്ല."

ആ നിർദേശം ഉസ്മാനെ അലോസരപ്പെടുത്തി: "എന്റെ പ്രവാചകൻ എനിക്കു മുമ്പേ മാതൃക കാണിച്ചുതരാതെ ഞാൻ ഉദ്ദേശ്യം നിർവഹിക്കുകയാണെങ്കിൽ അത് ദൈവം ഇഷ്ടപ്പെടില്ല."

ഉസ്മാന്റെ മറുപടി അവരെ ശുണ്ഠിപിടിപ്പിക്കുകയാണുണ്ടായത്. സംഭാഷണം നീണ്ടുപോയതിനാൽ അദ്ദേഹം തിരിച്ചെത്താൻ വൈകി. ഉസ്മാൻ വധിക്കപ്പെട്ടു എന്ന കിംവദന്തി പരന്നു. ഇത് ഇരുകൂട്ടരെയും ഒരു യുദ്ധത്തിന്റെ വക്കത്തെത്തിച്ചു. ഒരു രാഷ്ട്രവും മറ്റൊരു രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങൾക്ക് വിരുദ്ധമായാണ് ഖുറൈശികൾ പ്രവർത്തിച്ചിരിക്കുന്നത്. മുസ്ലിം പാളയങ്ങളിൽ വികാരം കൊടുമ്പിരിക്കൊണ്ടു. പടർന്നുപന്തലിച്ച ഒരു മരത്തിനു ചോട്ടിൽ സമ്മേളിച്ച തീർഥാടകർ, തങ്ങളുടെ മതത്തിന്റെയും സമുദായത്തിന്റെയും അഭിമാനം സംരക്ഷിക്കാൻ, അവസാനത്തെയാളും ശേഷിക്കുന്നതുവരെ, ഖുറൈശികൾ കൊന്നൊടുക്കിയാൽ പോലും പോരാടാൻ തീരുമാനിച്ചു.

ഒരു യുദ്ധമുണ്ടായാൽ അതിന്റെ ഫലം എന്താണെന്നറിയില്ല. ഈ സാഹചര്യത്തിൽ അതിന്റെ നിരർഥകത ഖുറൈശികൾ മനസ്സിലാക്കി. അവർ ഉസ്മാനെ തിരിച്ചയച്ചു. അവർക്കുവേണ്ടി സുഹൈലുബ്നു അംറ് നബിയുമായുള്ള അനുരഞ്ജന ചർച്ച പുനരാരംഭിച്ചു. താൽക്കാലികമായ യുദ്ധവിരാമത്തിന് നിശ്ചയിച്ചു; വ്യവസ്ഥകൾ രേഖാമൂലമാക്കി വെക്കണമെന്നും.

അലിയാണ് കരാർ എഴുതുന്നത്. അദ്ദേഹം 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്ന് ആരംഭിച്ചപ്പോൾ സുഹൈൽ അതിനെ എതിർത്തു. ശൈലിയിലെ ഇസ്ലാമികവത്കരണമാണ് അയാൾക്ക് അംഗീകരിക്കാൻ കഴിയാതിരുന്നത്. പകരം 'ബിസ്മിക അല്ലാഹുമ്മ' (അല്ലാഹുവേ, നിന്റെ നാമത്തിൽ) എന്ന് എഴുതണമെന്ന് നിർബന്ധിച്ചു. "എങ്കിൽ അങ്ങനെയാവട്ടെ" എന്ന് നബി പറഞ്ഞപ്പോൾ അലി അതനുസരിച്ചു. "അല്ലാഹു

വിന്റെ പ്രവാചകനായ മുഹമ്മദും ഖുറൈശികളും തമ്മിലുള്ള ഒരു ഉട മ്പടിയാണിത്'' എന്ന് നബിതിരുമേനി പറഞ്ഞുകൊടുത്തപ്പോൾ വീണ്ടും ഉടക്കുണ്ടായി.

സുഹൈൽ വീണ്ടും എതിർപ്പ് പ്രകടിപ്പിച്ചു: "താങ്കളെ അല്ലാഹുവിന്റെ ദൂതനായി ഞങ്ങൾ അംഗീകരിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്കെതിരെ ഞങ്ങൾ ആയുധമേന്തില്ലല്ലോ. ഇന്ന ആളുടെ മകൻ എന്ന് എഴുതിയാൽ മതി.''

അതും നബി നിസ്സാരമായിട്ടാണെടുത്തത്. "അതാണ് നിങ്ങൾക്കി ഷ്ടമെങ്കിൽ ആയിക്കോട്ടെ.''

''എഴുതൂ''-അലിയുടെ നേരെ തിരിഞ്ഞ് അദ്ദേഹം പറഞ്ഞു: "അബ്ദുല്ലാ മകൻ മുഹമ്മദും അംറ് മകൻ സുഹൈലും തമ്മിലുള്ള സമാധാന ഉടമ്പടിയാണ് താഴെ വിവരിക്കുന്നത്." പിന്നെ വ്യവസ്ഥകളും പറഞ്ഞുകൊടുത്തു:

ഒന്ന്: ഈ വർഷം മുസ്‌ലിംകൾ മടങ്ങിപ്പോകണം.

രണ്ട്: അടുത്ത വർഷം വന്ന് മൂന്നുദിവസം തങ്ങി മടങ്ങിപ്പോകാം.

മൂന്ന്: ആയുധസജ്ജരായി വരരുത്. വാൾ കൂടെ കൊണ്ടുവരാം. പക്ഷേ, അത് ഉറയിൽതന്നെ വെക്കണം.

നാല്: മക്കയിൽ അവശേഷിക്കുന്ന മുസ്‌ലിംകളെ കൂടെക്കൊണ്ടുപോ വരുത്. മുസ്‌ലിംകളിൽ ആരെങ്കിലും മക്കയിലേക്ക് തിരിച്ചുവരാൻ ആഗ്ര ഹിക്കയാണെങ്കിൽ അവരെ തടയുകയുമരുത്.

അഞ്ച്: മുസ്‌ലിംകളിലോ അവിശ്വാസികളിലോ പെട്ട ആരെങ്കിലും മദീനയിലേക്ക് പോയാൽ അവരെ തിരിച്ചയക്കണം. എന്നാൽ, മുസ്‌ലിം കളിൽ ആരെങ്കിലും മക്കയിലേക്ക് വരുകയാണെങ്കിൽ അവരെ തിരിച്ച യക്കുന്നതല്ല.

ആറ്: മുസ്‌ലിംകളോ അവിശ്വാസികളോ ആരുമായും സന്ധിയി ലേർപ്പെടാൻ അറബ് ഗോത്രങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

ഏഴ്: ഈ സന്ധി ഏഴുവർഷം വരെ നീണ്ടുനിൽക്കുന്നതാണ്.

മദീനയിൽ വച്ച് അവതരിച്ച ഖുർആനികസൂക്തത്തെ, ഖുറൈശിക ളുടെ മേൽ കൈവരിക്കാനിരിക്കുന്ന മഹാവിജയത്തെക്കുറിച്ചുള്ള സൂച നയായിട്ടാണ് നബിയുടെ അനുയായികൾ പ്രത്യേകിച്ച് ഉമർ, വ്യാഖ്യാ നിച്ചിരുന്നത്. സംഭവങ്ങൾ ഈ രീതിയിൽ വഴിതിരിഞ്ഞപ്പോൾ സ്വാഭാ വികമായും അവർക്ക് നൈരാശ്യമുണ്ടായെന്നത് വ്യക്തം.

ബലികർമം നിർവഹിക്കാതെ നാട്ടിലേക്ക് മടങ്ങാൻ അദ്ദേഹം പറ

ഞ്ഞപ്പോൾ തനിക്കുചുറ്റും പരന്ന നിശ്ശബ്ദത, തന്റെ അനുയായികളുടെ വികാരം പ്രതിഫലിപ്പിക്കുന്നതായി നബിതിരുമേനി മനസ്സിലാക്കി. പിന്നെ അദ്ദേഹം വിലക്കിയില്ല. അദ്ദേഹം ദേഹശുദ്ധി വരുത്തി; തല മുണ്ഡനം ചെയ്തു; പിന്നെ ബലിയർപ്പിക്കാൻ കൊണ്ടുവന്ന ഒട്ടകങ്ങളെ തന്റെ കൈയിലുണ്ടായിരുന്ന കത്തികൊണ്ടറുത്തു. അദ്ദേഹത്തിന്റെ മാതൃക അപ്രതിരോധ്യമായിരുന്നു. അദ്ദേഹത്തെ സംശയിച്ചതിൽ അനുയായി കൾക്ക് ലജ്ജ തോന്നി. ബലിമൃഗങ്ങളുടെ രക്തം ഭൂമിയിൽ കവിഞ്ഞൊ ഴുകി. ഭക്തിയും ആവേശവും വീണ്ടും മുസ്‌ലിം മനസ്സുകളിൽ സാന്ദ്ര മായി. പ്രവാചകൻ അനുയായികളോടൊപ്പം മദീനയിലേക്ക് മടങ്ങിയത് വിഷണ്ണരായിട്ടല്ല. അവർക്ക് സ്വന്തം തെറ്റ് ബോധ്യമായി. സംശയമില്ല; വിജയകരമായ മക്കാപ്രവേശം അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതു തന്നെ. പക്ഷേ, ആ ദൈവവചനം ഈ പ്രത്യേക യാത്രയെ പരാമർശി ക്കുന്നതല്ല. ഹുദൈബിയാ സന്ധിയനുസരിച്ച് അടുത്ത വർഷം നടക്കേണ്ട സംഭവം തീരുമാനിച്ചിട്ടുണ്ട്. പ്രവാചകന്റെ ക്രാന്തദർശിത്വത്തിന്റെ സ്ഥിരീ കരണമാണത്. വിശുദ്ധ ഖുർആനിലെ വാഗ്ദാനങ്ങളും പ്രവചനങ്ങളും സാക്ഷാത്കരിക്കാതെ പോയ സംഭവങ്ങളില്ല. പിന്നെ എന്തിനവർ അല്ലാ ഹുവിനെ സംശയിക്കണം?

# 3

ഖുറൈളാ ഗോത്രത്തോട് മാതൃകാപരമായി പെരുമാറിയിട്ടും യഹൂദ ഗോത്രങ്ങൾക്കിടയിൽ ഉപജാപങ്ങൾ നിയന്ത്രണാതീതമായി പെരുകി ക്കൊണ്ടിരുന്നു. ജൂതന്മാർ ഒരിക്കലും മുസ്‌ലിംകളായിത്തീരില്ലെന്നത് സുസ്പഷ്ടം; അവരുമായി കൂട്ടുകെട്ടിലേർപ്പെടാനും കഴിയുമായിരുന്നില്ല. അവരിപ്പോഴും കൂടുതൽ കൂടുതൽ കോട്ടകൾ കെട്ടിക്കൊണ്ടിരിക്കുന്നു. അവരുടെ സമീപനം ശത്രുതയുടേതാണ്. മദീനയുടെ സംരക്ഷണം പരി ഗണിക്കുമ്പോൾ, അവർക്കെതിരെ പൊതുവായ പ്രചാരണം നടത്തുക യല്ലാതെ മറ്റു മാർഗമൊന്നുമില്ലെന്ന് നബി മനസ്സിലാക്കി; യഹൂദർ സഹ മതവിശ്വാസികളോ സുഹൃത്തുക്കളോ ആയിരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അവരെ കീഴ്പ്പെടുത്തുകയേ തരമുള്ളൂവെന്നും.

ബദ്റിൽ പൊരുതിയ ന്യൂനപക്ഷ സേനയുടെയോ ഉഹുദിൽ പരാ ജയം കണ്ട അച്ചടക്കമില്ലാത്ത സൈന്യത്തിന്റെയോ നേതാവല്ല ഇപ്പോൾ മുഹമ്മദ്. ഗണ്യമായ അംഗബലമുള്ള, പരിചയസമ്പത്തും ആയുധശേ ഷിയുമുള്ള ഒരു സൈന്യത്തിന്റെ നായകനാണ്. അദ്ദേഹം തന്നെ സാമർഥ്യവും ക്ഷമയും വേണ്ടത്രയുള്ള സൈനികനാണ്. ആക്രമണം, പിന്മാറ്റം, പിന്തുടരൽ, ആയുധങ്ങളുടെ ഉപയോഗം, പടനിലത്തിലെ പരി ണാമങ്ങൾ തുടങ്ങി എല്ലാ തരത്തിലുമുള്ള യുദ്ധതന്ത്രങ്ങൾ അദ്ദേഹം തന്റെ യോദ്ധാക്കൾക്ക് പഠിപ്പിച്ചുകൊടുത്തു. അവരുടെ കഷ്ടപ്പാടുകളെ

ന്നുതന്നെയായാലും അതേ തീവ്രതയോടെത്തന്നെ അദ്ദേഹം ഏറ്റെടുത്തു-അവരെപ്പോലെ അധ്വാനിച്ചു; അവർ കഴിക്കുന്ന ഭക്ഷണം തന്നെ കഴിച്ചു; അവരോടൊപ്പം ഉറങ്ങി. എല്ലാം അചഞ്ചലമായ അച്ചടക്കനിയമങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ശത്രുവിനെ അവഗണിക്കാതെത്തന്നെ, തങ്ങളുടെ ലക്ഷ്യത്തെക്കുറിച്ചുള്ള ദൃഢവിശ്വാസത്തോടെ, വീറോടെ, തങ്ങളുടെ നേതാക്കളുടെ വിവേകപൂർവമായ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ അവർ പഠിച്ചുകഴിഞ്ഞു. ഈ ശക്തിയുടെ പിൻബലത്തിൽ യഹൂദ ഭീഷണി എന്ന പ്രശ്നം ശാശ്വതമായി അവസാനിപ്പിക്കാൻ പ്രവാചകൻ ഉറച്ചുകഴിഞ്ഞു.

അങ്ങനെ, നാലായിരം കാലാൾസൈനികരെയും ഇരുനൂറ് അശ്വഭടന്മാരെയും നയിച്ചുകൊണ്ട്, യഹൂദശക്തി നശിപ്പിച്ചല്ലാതെ മടങ്ങുകയില്ലെന്ന ദൃഢനിശ്ചയവുമായി പ്രവാചകൻ പുറപ്പെട്ടു. ഏതാനും മാസത്തേക്ക് മുസ്‌ലിം സേന തികച്ചും കർമനിരതമായിരുന്നു- ഒരു കോട്ട കഴിഞ്ഞാൽ മറ്റൊരു ദുർഗം; പിന്നെ മറ്റൊന്ന്. ശക്തികേന്ദ്രങ്ങളിൽനിന്ന് ശക്തികേന്ദ്രങ്ങളിലേക്കുള്ള ജൈത്രയാത്രയായിരുന്നു അത്. എല്ലായിടത്തും ഇസ്‌ലാമിന്റെ സൈന്യത്തിനാണ് വിജയം. എല്ലാം തകർത്ത് തവിടുപൊടിയാക്കുന്ന യുദ്ധതന്ത്രം. ചെറുത്തുനിന്ന നൂറുകണക്കിന് യഹൂദർ മുസ്‌ലിംകളുടെ ശരപാതമേറ്റ് നിലംപതിച്ചു. മദീനയിലെ അജയ്യരായ യോദ്ധാക്കളുടെ കാൽക്കീഴിൽ കണക്കില്ലാത്ത യുദ്ധമുതൽ കുമിഞ്ഞുകൂടി. അൽക്കാലി, വാദി അൽഖുറ, വതീശ്, സുലാലിം, ഫദക്, ഖൈബർ-ഇവയെല്ലാം കീഴടങ്ങുകയോ കീഴടക്കപ്പെടുകയോ ചെയ്തു. യഹൂദരുടെ ദുർഗങ്ങളിൽ ഏറ്റവും വിലപ്പെട്ട ഖൈബർ, മിക്കവാറും അപ്രതിരോധ്യമായ മലമുകളിലാണ് സ്ഥിതിചെയ്തിരുന്നത്. ഇസ്‌ലാമിന്റെ സൈനിക ശക്തിയെ ദിവസങ്ങളോളം അത് ചെറുത്തുനിൽക്കുകയും ചെയ്തു. ആ കോട്ട എങ്ങനെ കീഴടക്കാം എന്നാലോചിച്ച് അനവധി മണിക്കൂറുകൾ നബി തന്റെ തമ്പിനുള്ളിൽ കഴിച്ചുകൂട്ടിയിട്ടുണ്ട്. പല പദ്ധതികൾ ചർച്ചചെയ്തു. അബൂബക്റിന്റെ നേതൃത്വത്തിൽ നടന്ന ആക്രമണം ചെറുക്കപ്പെട്ടു. ഉമറിനും അതേ വിധി തന്നെയാണ് നേരിട്ടത്. എന്നാൽ ധീരനായ അലിയെ ഭാഗ്യം തുണച്ചു. വിവിധ ആക്രമണങ്ങളിലൂടെ അദ്ദേഹം ഒത്തിരി യഹൂദരെ കശാപ്പുചെയ്തു. അനേകം പേർക്ക് മാരകമായ മുറിവേൽപിച്ച യഹൂദനേതാവ് ഹാരിസിനെ തട്ടി താഴെയിട്ടു; കോട്ടയുടെ ഗവർണറായിരുന്ന മർഹെബിനെ യമപുരിക്കയച്ചു. ഒടുവിൽ, ഖൈബർ ദുർഗം അലി കീഴടക്കി; വിലതീരാത്ത യുദ്ധമുതൽ കൈവശപ്പെടുത്തിക്കൊണ്ട്.

തുടർന്ന് നടന്ന സമാധാനസംഭാഷണങ്ങളിൽ തങ്ങളുടെ ഉൽപാദനത്തിന്റെ പകുതിയും മദീനക്ക് നൽകിക്കൊള്ളാമെന്ന വ്യവസ്ഥയിൽ ഖൈബറിലെ യഹൂദരെ മോചിപ്പിച്ചു.

ഖൈബർ യുദ്ധം നബിയും സ്വഫിയ എന്ന യഹൂദവനിതയും തമ്മി ലുള്ള വിവാഹബന്ധത്തിലൂടെയും സ്മരണീയമാകുന്നു. യുദ്ധത്തിൽ ഭർത്താവ് കൊല്ലപ്പെട്ട സ്വഫിയയെ തടവുകാരിയായി പിടിക്കുകയായി രുന്നു. ഒടുവിൽ സമാധാനം സ്ഥാപിക്കപ്പെട്ടപ്പോൾ മുസ്ലിംകളുമായുള്ള ബന്ധം സുദൃഢമാക്കാൻ മനോഹരിയായ സ്വഫിയയെ നബി വിവാഹം ചെയ്യണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു. സ്വഫിയയും അതാഗ്രഹി ച്ചിരുന്നു. ഒരു തടവുകാരിയായി അദ്ദേഹത്തിന്റെ മുമ്പിലേക്ക് ആനയി ക്കപ്പെട്ടപ്പോൾ തന്റെ സങ്കൽപത്തിലുള്ള യഥാർഥ പുരുഷനെയാണ് അവ രദ്ദേഹത്തിൽ കണ്ടത്. കാഴ്ചയിൽ സുഭഗൻ; പെരുമാറ്റത്തിൽ മാന്യൻ. ഉറച്ച തീരുമാനവും ഹൃദയവിശാലതയുമുള്ള ആ മനുഷ്യനെ അനുയാ യികൾ എന്തുമാത്രം ആദരിക്കുന്നു! അദ്ദേഹത്തിനുവേണ്ടി മുസ്ലിമാ കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു, സ്വഫിയ. ഒരു മഹാനും യുദ്ധത്തടവു കാരിയും തമ്മിലുള്ള വിവാഹം സാധാരണഗതിയിൽ അഭിലഷണീയ മായി കരുതപ്പെട്ടിരുന്നില്ല. യുദ്ധമുതലിൽ പങ്കുപറ്റാത്ത പാവപ്പെട്ടവനാ യിരുന്നു ജേതാവെന്നതിനാൽ വിവാഹസദ്യക്ക് വന്നവർ ആഹാരം കൂടെ കൊണ്ടുവരേണ്ടിയിരുന്നു. ആ മംഗളകർമം അങ്ങേയറ്റം ആഹ്ലാദനിർഭര മായി. കാരണം, സ്വഫിയയുടെ സൗന്ദര്യം നാടെങ്ങും കീർത്തികേട്ടതാ യിരുന്നു; ഖൈബർ വിജയമാകട്ടെ, ഏതൊരു സൈന്യത്തിനും അഭിമാ നകരവും. വിരുന്നുകാർ പിരിഞ്ഞപ്പോൾ, തന്റെ ജീവിതത്തിലെ അഭിമാ നപൂർവമായ നിമിഷത്തിനുവേണ്ടി സ്വഫിയ ആ മഹാജേതാവിന്റെ തമ്പി ലെത്തി.

# 4

ഉമറിനെയും ചില വിശ്വാസികളെയും നിരാശരാക്കിയ ഹുദൈബിയാ സന്ധി വിജയത്തിന്റെ മുന്നോടിയായിരുന്നുവെന്ന് തെളിയിക്കപ്പെടുക തന്നെ ചെയ്തു. അറേബ്യൻ നഗരങ്ങളിൽ മദീനയുടെ നാമം ഇന്നോളം ഇത്രയേറെ ആദരിക്കപ്പെട്ടിട്ടില്ല. അതിന്റെ ഭരണാധികാരി, ലോകത്തിലെ ജേതാക്കളായ രാജാക്കന്മാരുടെ നിരയിലാണിന്ന്. യഹൂദന്മാരുടെ മേലുള്ള വിജയം അദ്ദേഹത്തിന്റെ കീർത്തിയും ഇസ്ലാമിന്റെ ശക്തിയും പെരു പ്പിച്ചിരിക്കുന്നു.

വളരെ വർഷം മുമ്പ്, മക്കയിൽ വച്ചുതന്നെ മുഹമ്മദ് അറിഞ്ഞിരുന്നു, ഇസ്ലാമിന്റെ സന്ദേശം ഖുറൈശികൾക്ക് മാത്രമായിട്ടുള്ളതല്ല, ലോക ത്തിനു മുഴുവനുമായിട്ടുള്ളതാണെന്ന്. ഇസ്ലാമിന്റെ ദൈവം 'റബ്ബുൽ ആലമീൻ' (പ്രപഞ്ചങ്ങളുടെ നാഥൻ) ആണ്. അവൻ 'റബ്ബുന്നാസ്' ആണ്; 'മലികുന്നാസ്' ആണ്; 'ഇലാഹുന്നാസ്' ആണ്-നാഥൻ, രാജാവ്, മനു ഷ്യരുടെ ദൈവം. യഹൂദന്മാരുടെയല്ല, ക്രിസ്ത്യാനികളുടെയല്ല, മുസ് ലിംകളുടേതുമല്ല; സൃഷ്ടിജാലങ്ങളുടെ മുഴുവൻ ദൈവം. അതുകൊണ്ടു തന്നെ പ്രവാചകൻ പ്രബോധനം ചെയ്യുന്ന മതം സങ്കുചിതമാവാൻ വയ്യ.

എന്നാൽ, ഇതുവരെ തന്റെ ജനതക്കല്ലാതെ മറ്റാർക്കും ഈ മഹത്തായ ദൗത്യം എത്തിക്കാനുള്ള സന്ദർഭം ലഭിച്ചിട്ടില്ല.

മറ്റു രാജ്യങ്ങളിൽ ഇസ്‌ലാമികസന്ദേശമെത്തിക്കാനുള്ള സമയം ഇപ്പോൾ സമാഗതമായിരിക്കുകയാണെന്ന് പ്രവാചകന് തോന്നി. ഒരു വെള്ളിയാഴ്ച സമൂഹപ്രാർഥനാവേളയിൽ, വിദേശങ്ങളിലേക്ക് പ്രതിപുരുഷന്മാരെ അയക്കാൻ താനുദ്ദേശിക്കുന്നതായും അവരെ അവിടെ വച്ച് തെരഞ്ഞെടുക്കണമെന്നും നബി പറഞ്ഞു. ആ നിർദേശം സഹർഷം സ്വീകരിക്കപ്പെട്ടു.

'മുഹമ്മദുർറസൂലുല്ലാ' എന്ന മുദ്രയോടുകൂടിയ ഒരു കത്ത് അബ്ദുല്ലാ ഹിബ്നു ഹുദാഫ, പേർഷ്യൻ രാജാവ് കിസ്റാക്കു സമർപ്പിച്ചു. അത് വായിച്ച് അർഥം പറയാൻ രാജാവ് ദ്വിഭാഷിയെ ഏൽപിച്ചു:

"പേർഷ്യൻ രാജാവ് കിസ്റാക്ക് ദൈവദൂതനായ മുഹമ്മദ്"

ഈ സംബോധനതന്നെ തിരുമനസ്സിനെ രോഷാകുലനാക്കി. അദ്ദേഹം അത് പിച്ചിച്ചീന്തി തറയിലെറിഞ്ഞു. അബ്ദുല്ലാ തിരിച്ചുവന്ന് തന്റെ അനുഭവം വിവരിച്ചപ്പോൾ നബി പറഞ്ഞു: "എന്റെ കത്ത് ചീന്തിയെറിഞ്ഞതുപോലെത്തന്നെ അവന്റെ സാമ്രാജ്യവും ശിഥിലമാകും."

കിസ്റാ സംഗതി തന്റെ രോഷപ്രകടനത്തിൽ മാത്രം ഒതുക്കുന്നില്ല. 'പ്രവാചകനായി സ്വയം നടിക്കുന്ന ആ ഭ്രാന്തനെ' പിടിച്ചുകൊണ്ടുവരാൻ അറേബ്യയിലെ തന്റെ വൈസ്രോയി ബാദാന് അയാളെഴുതി. അബ്ദുല്ലാഹിബ്നു ഹുദാഫ തിരിച്ചെത്തിയതിന്റെ പിന്നാലെ കിസ്റായുടെ ഉത്തരവ് നടപ്പാക്കാൻ ബാദാന്റെ സന്ദേശവാഹകർ മദീനയിലെത്തുകയായി. എന്നാൽ, പ്രവാചക സന്നിധിയിലെത്തിയതോടെ ആ പേർഷ്യക്കാർ വിറക്കാൻ തുടങ്ങി. അറബികൾക്കിടയിൽ അദ്ദേഹത്തിന്റെ ശക്തി എന്തെന്ന് അവർക്ക് നന്നായറിയാം.

അവരോട് നബി പറഞ്ഞു: "എന്റെ മതവും സാമ്രാജ്യവും വലിയ താമസംകൂടാതെ കിസ്റായുടേതിനേക്കാൾ വലുതാകും. ഇസ്‌ലാമിലേക്ക് ഞാൻ ക്ഷണിക്കുന്നു എന്നുകൂടി അദ്ദേഹത്തോട് പറയുക."

അവർ ബാദാനെ ഈ മറുപടി അറിയിച്ചു. ഈ സമയത്താണ് സ്വന്തം മകൻ ഷീറവൈഹി കിസ്റായെ വധിച്ചതായി ബാദാൻ അറിയുന്നത് -കിസ്റായും തന്റെ പിതാവ് ഹുർമുസിനെ കൊല്ലുകയാണല്ലോ ഉണ്ടായത്. പ്രവാചകന്റെ ക്ഷണം സ്വീകരിക്കാൻ ബാദാനു സ്വാതന്ത്ര്യമുണ്ട്; അദ്ദേഹം ഇസ്‌ലാമികസമൂഹത്തിൽ പരസ്യമായി ചേർന്നു.

പ്രവാചകൻ പ്രതിപുരുഷനെ അയച്ച രണ്ടാമത്തെ ചക്രവർത്തിയാണ് ഹെർക്കുലീസ്. ദിഹ്‌യതുൽ കൽബി നബിയുടെ കത്തുമായി ചെന്നപ്പോൾ സീസർ ആദരവോടെയാണ് സ്വീകരിച്ചത്. ആ വാക്കുകളുടെ

അർഥം അദ്ദേഹം ശരിക്കും ഉൾക്കൊണ്ടു.

"ബിസ്മില്ലാഹിർറഹ്മാനിർറഹീം,

റോമക്കാരുടെ ചക്രവർത്തി ഹെർക്കുലീസിന് അല്ലാഹുവിന്റെ ദൂതൻ മുഹമ്മദുബ്നു അബ്ദില്ലായുടെ ആശംസകൾ. സത്യവിശ്വാസത്തിന്റെ ദീപശിഖയുമായി മുന്നോട്ടു പോകുന്നവന് ശാന്തി. ഞാൻ അങ്ങയെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നു. മുസ്ലിമാവുക; ദൈവം പ്രതിഫലം നൽകും; എന്റെ മതത്തിൽ അങ്ങ് ചേരുന്നില്ലെങ്കിൽ ദൈവദൃഷ്ടിയിൽ അങ്ങ് തെറ്റുകാരനാകും; മറ്റേത് അവിശ്വാസിയെയും പോലെ. നാം തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾക്ക് അറുതിവരുത്തണമെന്ന് ക്രിസ്ത്യാനികളോട് ഞാൻ അപേക്ഷിക്കുന്നു. നമുക്ക് ഏകദൈവത്തെ മാത്രം പ്രാർഥിക്കാം. അവനുമായി ആരെയും പങ്കുചേർക്കാതിരിക്കാം. ഇസ്ലാമിലേക്കുള്ള എന്റെ ക്ഷണം സ്വീകരിക്കാൻ വൈമനസ്യമുണ്ടെങ്കിൽ മദീനക്കു വിധേയമാവുകയെങ്കിലും ചെയ്യുക."

കത്ത്, വായിച്ചതിനുശേഷം ഹെർക്കുലീസ് ബഹുമാനപൂർവം ഇരിപ്പിടത്തിൽ വെച്ചു. മുസ്ലിം പ്രതിപുരുഷനെ ബഹുമാന്യനായ ഒരതിഥിയായി സ്വീകരിക്കാൻ അദ്ദേഹം നിർദേശം നൽകി. തിരിച്ചുവരുന്നതുവരെ, പ്രശസ്തമായ സീസറിന്റെ കൊട്ടാരത്തിൽ ദിഹ്യക്ക് രാജോചിതമായ സ്വീകരണമാണ് ലഭിച്ചത്. ഹെർക്കുലീസിന്റെ സൂര്യൻ ഇപ്പോൾ ഉച്ചിയിലെത്തിയിരിക്കുന്നു. അദ്ദേഹമിപ്പോൾ വൃത്തികേടുകളുടെ അടിമയല്ല; പൊതുജനങ്ങളുടെ ദുരന്തങ്ങളുടെ നിസ്സംഗനായ സാക്ഷിയല്ല. പൊയ്പോയത് യൗവനത്തിന്റെ പരീക്ഷണനാളുകൾ. റോമിനുവേണ്ടി ഹെർക്കുലീസ് പല യുദ്ധങ്ങളിലായി ഒട്ടേറെ വിജയം കൊയ്തെടുത്തിട്ടുണ്ട്. അതെല്ലാം അദ്ദേഹത്തിന്റെ പ്രതാപം വർധിപ്പിച്ചിട്ടുണ്ട്. ഇസ്ലാമിനെ അദ്ദേഹം ആശ്ലേഷിക്കുന്നതോടെ, അത് ലോകത്തിലെ വലിയ മതങ്ങളിലൊന്നായിത്തീരും. എന്നാൽ, അദ്ദേഹം അൽപം സാവകാശം ആവശ്യപ്പെട്ടു. പ്രവാചകന്നുള്ള വിലപ്പെട്ട പാരിതോഷികങ്ങളുമായിട്ടാണ് ദിഹ്യ മദീനയിലേക്ക് മടങ്ങിയത്. ഈ സമയത്താണ് ഒരു വാണിജ്യദൗത്യവുമായി ഗാസയിലെത്തിയ അബൂസുഫ്യാനിൽനിന്ന് നബിയെക്കുറിച്ചും ഇസ്ലാം മതതത്ത്വങ്ങളെക്കുറിച്ചും ഹെർക്കുലീസ് അറിയാനിടയായത്. നബിയോട് വിരോധമുണ്ടായിരുന്നിട്ടും അബൂസുഫ്യാൻ സത്യം തുറന്നുപറഞ്ഞുപോയി: "തമ്പുരാനേ, അയാളുടെ അനുയായികൾ പെരുകിക്കൊണ്ടിരിക്കയാണ്. ആരും അയാളെ കൈവിടുന്നില്ല."

ദിഹ്യ ഗ്രീക്ക് കൊട്ടാരത്തിൽ പോയപ്പോൾതന്നെ, ഹാത്വിബ് കോപ്റ്റിക് രാജകുമാരൻ മുഖൗഖിസിനെ സന്ദർശിച്ചു; ഇസ്ലാമികദൗത്യവുമായിത്തന്നെ. ഗ്രീക്കുകാരുടെ പേരിലാണ് ഭരിക്കുന്നതെങ്കിലും അവരോട് മുഖൗഖിസിന് കഠിനമായ വെറുപ്പാണ്. എന്നാൽ ഇസ്ലാം സ്വീക

രിച്ചുകൊണ്ട് പുതിയ ശത്രുക്കളെ ക്ഷണിച്ചുവരുത്താൻ അദ്ദേഹത്തിന് ഉദ്ദേശ്യമില്ല. നബിയുടെ ദൂതനെ ബഹുമാനപൂർവം സ്വീകരിച്ച് ക്ഷണത്തിന് അദ്ദേഹം ഇങ്ങനെ മറുപടി നൽകി:

"അബ്ദുല്ലാ മകൻ മുഹമ്മദിന് കോപ്റ്റിക് രാജകുമാരൻ മുഖൗഖിസിന്റെ അഭിവാദനങ്ങൾ. ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് അങ്ങയച്ച കത്ത് ഞാൻ വായിച്ചു. ഈ നിർദേശം തികച്ചും എന്റെ പരിഗണനയിലുണ്ട്. ഒരു പ്രവാചകൻ വരേണ്ട സമയമായെന്ന് പ്രവചിക്കപ്പെട്ടിട്ടുണ്ടെന്ന് എനിക്കറിയാം; പക്ഷേ, അത് സിറിയയിൽ നിന്നായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. അതെന്തായാലും അങ്ങയുടെ സന്ദേശവാഹകനെ ഒരു പ്രതിപുരുഷനോടുള്ള എല്ലാ ആദരങ്ങളോടും കൂടി ഞാൻ സ്വീകരിക്കുകയുണ്ടായി. എനിക്കുവേണ്ടി അങ്ങേക്ക് അഭിജാതരായ രണ്ട് കോപ്റ്റിക് പെൺകുട്ടികളെ അദ്ദേഹം സമ്മാനിക്കും. കൂടാതെ വെളുത്ത ഒരു കോവർ കഴുതയെയും. ഞങ്ങളുടെ നാട്ടിലുണ്ടാക്കിയ ചില വസ്ത്രങ്ങളും മേത്തരം തേനും വെണ്ണയും കൊടുത്തയക്കുന്നു."

പ്രതീക്ഷിച്ചതുപോലെത്തന്നെ, ഈ ദൗത്യങ്ങളിൽ ഏറ്റവും വലിയ വിജയം അബ്സീനിയയിലേതായിരുന്നു. ഇതിനകം അവിടെ ഉണ്ടായിരുന്ന മുസ്‌ലിം അഭയാർഥികൾ ഇസ്‌ലാമിക പ്രചാരണത്തിനുവേണ്ടതെല്ലാം ചെയ്തുവെച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് നബിയുടെ ദൂതൻ കൊട്ടാരത്തിലെത്തിയപ്പോൾ ഉജ്ജ്വലമായ വരവേൽപ്പാണ് ലഭിച്ചത്. അദ്ദേഹം ആദരപൂർവം ഉപവിഷ്ടനാക്കപ്പെട്ടു; അദ്ദേഹത്തിന്റെ കൊച്ചു കൊച്ചാവശ്യങ്ങൾപോലും വളരെ ശ്രദ്ധാപൂർവം പരിചരിക്കപ്പെട്ടു. അദ്ദേഹം പ്രത്യേകമായി സഭ വിളിച്ചുകൂട്ടി പ്രവാചകന്റെ കത്ത് ഉച്ചത്തിൽ വായിച്ചു:

"ബിസ്മില്ലാഹിർറഹ്മാനിർറഹീം,

അബ്സീനിയൻ ചക്രവർത്തി നജ്ജാശിക്ക് അല്ലാഹുവിന്റെ ദൂതൻ മുഹമ്മദിന്റെ അഭിവാദനം. പ്രപഞ്ച പരിപാലകനും ശാന്തിദായകനും വിശുദ്ധനും അനന്യനുമായ ദൈവത്തിനത്രെ സ്തുതി. മർയമിന്റെ പുത്രൻ ഈസാ ദൈവദൂതനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആദമിനെ സൃഷ്ടിച്ചതുപോലെ ദൈവം ഈസായെയും സൃഷ്ടിച്ചു. എന്നെ സംബന്ധിച്ചാണെങ്കിൽ ഞാൻ അല്ലാഹുവിന്റെ വെറുമൊരു ദൂതൻ. സ്വർഗഭൂമികളുടെ മുഴുവൻ അധീശനായ, അതുല്യനായ, ഏകനായ അല്ലാഹുവിനെ ആരാധിക്കുന്ന ജീവിതക്രമത്തിലേക്ക് അങ്ങയെ ക്ഷണിക്കുകയാണെന്റെ ദൗത്യം."

ചക്രവർത്തി ആ കത്ത് കണ്ണുകളോട് ചേർത്തുവെച്ചു. പിന്നെ തന്റെ സിംഹാസനത്തിൽ നിന്നിറങ്ങിവന്നു. കൊട്ടാരത്തിൽ തന്റെ മുമ്പിലിരുന്ന ജഅ്ഫറിന്റെയും മറ്റു മുസ്‌ലിം അഭയാർഥികളുടെയും സാന്നിധ്യത്തിൽ

ഒരു മുസൽമാനായി അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തു. അനന്തരം പ്രവാചകന് ഇങ്ങനെ ഒരു മറുപടി എഴുതാൻ കൽപിച്ചു:

"ബിസ്മില്ലാഹിർറഹ്മാനിർറഹീം,

അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദിന് നജ്ജാശിയുടെ സലാം. ദൈവദൂതരേ, അങ്ങേക്ക് സർവേശ്വരന്റെ ശാന്തിയും അനുഗ്രഹവും ഉണ്ടാവട്ടെ. എന്നെ ഇസ്ലാമിലേക്ക് നയിച്ചവനല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. പ്രവാചകാ, അവിടുന്നയച്ച കത്ത് ഞാൻ വായിച്ചു. യേശുവിനെക്കുറിച്ച് അവിടുന്ന് പറയുന്നതാണ് ശരി. താൻ എന്താണോ, അതിലേറെ യാതൊന്നും തന്നെ അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. അങ്ങ് അല്ലാഹുവിന്റെ ദൂതനും സത്യസന്ധനും ആണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസം ജഅ്ഫറിന്റെയും മുഴുവൻ രാജസഭയുടെയും മുമ്പാകെ ഞാൻ പ്രഖ്യാപിച്ചുകഴിഞ്ഞു. ഞാൻ എന്റെ മകൻ ആരിഹയെ അങ്ങോട്ടയക്കുന്നു. അങ്ങ് ഇഷ്ടപ്പെടുമെങ്കിൽ അങ്ങയോടുള്ള ആദരങ്ങൾ പ്രകടിപ്പിക്കാനും അങ്ങയിൽനിന്ന് സത്യവിശ്വാസത്തിന്റെ അധ്യാപനങ്ങൾ ഉൾക്കൊള്ളാനും ഞാൻ തിരുസന്നിധിയിൽ എത്തിച്ചേരുന്നതാണ്."

കിട്ടിയ മറുപടികളിൽ ബനൂഗസ്സാനിലെ ക്രൈസ്തവ രാജകുമാരൻ ഷറഹ്ബീലുബ്നു അംറിന്റേതു മാത്രമാണ് അനുകൂലമല്ലാതിരുന്നത്. മധ്യ അറേബ്യയുടെ ഒരു ഭാഗം കൈവശം വെച്ചുകൊണ്ടിരുന്ന ബനൂഗസ്സാൻ സിറിയ വരെ വ്യാപിച്ചിരുന്നു. പ്രവാചകന്റെ കത്തിന് അപഹാസ്യരൂപത്തിലുള്ള മറുപടിയാണയാൾ നൽകിയത്: "മറുപടി ഞാൻ നേരിട്ടുതന്നെ തരാം." തിരിച്ചുവരും വഴി മുസ്ലിം ദൂതനെ ഒരു ബനൂഗസ്സാൻകാരൻ  കൊലപ്പെടുത്തിയത്, നേതാവിന്റെ നിർദേശാനുസരണമാണെന്നതിൽ സംശയിക്കാനില്ല. ഈ കുറ്റകൃത്യത്തെക്കുറിച്ചറിഞ്ഞപ്പോൾ പ്രവാചകന് ഗസ്സാൻ ഗോത്രത്തോട് അടക്കവയ്യാത്ത പകയാണ് തോന്നിയത്.

യമാമാ പ്രവിശ്യയുടെ ഭരണാധികാരി ഹൗദയുടെ പ്രതികരണവും പ്രകോപനപരമായിരുന്നു: "ഇനിയും തന്റെ മതത്തെക്കുറിച്ച് സംസാരിക്കാനാണ് ഭാവമെങ്കിൽ മദീനക്കെതിരെ ഞാൻ യുദ്ധം ചെയ്യുമെന്നു മുഹമ്മദിനോട് ചെന്നു പറഞ്ഞേക്കൂ."

ഹൗദയുടെ ഭീഷണിയെക്കുറിച്ചു കേട്ടപ്പോൾ പ്രവാചകൻ തിരിച്ചടിച്ചു: "ആ ബഹുമതി ഞാനയാൾക്ക് കൊടുക്കില്ല."

പേർഷ്യൻ ഗൾഫിനടുത്തു സ്ഥിതിചെയ്യുന്ന ബഹ്റൈനിലെ രാജാവിന് അയച്ച സന്ദേശം അനുകൂല ഫലമാണുളവാക്കിയത്. അദ്ദേഹവും നാട്ടുകാർ മുഴുവനും മുസ്ലിംകളായി.

മറ്റു രംഗങ്ങളിലും ഇസ്‌ലാം അഭൂതപൂർവമായ വിജയമാണ് കൈവരിച്ചുകൊണ്ടിരുന്നത്. നിനച്ചിരിക്കാത്ത കോണുകളിൽനിന്ന് എണ്ണമില്ലാതെ പുതുവിശ്വാസികൾ വന്നുകൊണ്ടിരുന്നു. ഇവയിലേറ്റവും പ്രധാനം ഖാലിദുബ്നു വലീദിന്റെ ഇസ്‌ലാംമതാശ്ലേഷമത്രെ. ഈ മതപരിവർത്തനം മക്കയിൽ പരിഭ്രാന്തി സൃഷ്ടിച്ചു. ഒരു ഖുറൈശി മുസൽമാനായി എന്നതല്ല പ്രശ്നം-മുസ്‌ലിംകളിൽ പകുതിയും അവർ തന്നെയാണല്ലോ. എന്നാൽ, ഗോത്രത്തിന്റെ ഔന്നത്യത്തിലിരിക്കുന്ന വലീദിന്റെ മകനായ, അദ്ദേഹത്തിന്റെ അനന്തരാവകാശിയായ ഖാലിദ്- അതവർക്ക് വിശ്വസിക്കാനാകുമായിരുന്നില്ല. ഉഹുദിലെ വിജയശിൽപിയായ ഖാലിദ് മക്കയിലെ സൈനികജേതാക്കളിൽ ഏറ്റവും സമർഥനായിരുന്നു. പോരെങ്കിൽ, ചെറുപ്പവും. ഭാവിയിലെ ഒരു വലിയ വാഗ്ദാനം. വളരെ കാലമായി മുസ്‌ലിംകളുടെ മുഖ്യശത്രുവായിരുന്നു അദ്ദേഹം. തന്റെ പൂർവ പിതാക്കളുടെയും ഗോത്രദൈവങ്ങളുടെയും വിശ്വാസം വലിച്ചെറിയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്തായിരിക്കും? തന്റെ കഴിവുകളത്രയും പ്രകടിപ്പിക്കാൻ ഇസ്‌ലാം വിശാലമായ കളമൊരുക്കുമെന്ന വ്യാമോഹമാണോ? മുസ്‌ലിംകൾ സ്ഥാനമാനങ്ങൾ നൽകാൻ തയ്യാറായതുകൊണ്ടുണ്ടായ ഭൗതിക മോഹങ്ങളാണോ? ഇതെല്ലാം കെട്ടുകഥകൾ മാത്രം. ഖാലിദ് മുസ്‌ലിം സങ്കേതത്തിലേക്ക്, ഉമറും മറ്റു പലരും മുമ്പ് വന്നതുപോലെ സ്വയം കടന്നുവരുകയായിരുന്നു. എന്തെങ്കിലും ആവശ്യപ്പെടാനല്ല അദ്ദേഹം വന്നത്. ഹൃദയത്തിന്റെ വിവരിക്കാനാവാത്ത ഉൾവിളി കേട്ട് വന്നതാണദ്ദേഹം. ഒരു കാലത്ത് സജീവ സാബിഅ് ആയിരുന്നുവെന്നത് സജീവ മുസൽമാനായിത്തീരാൻ അദ്ദേഹത്തിന് തടസ്സമായില്ല. അവിശ്വാസികൾക്കുവേണ്ടി അതുവരെ അനുഷ്ഠിച്ചുപോന്ന സേവനങ്ങൾ ഇനി സത്യവിശ്വാസത്തിനുള്ളതാണ്.

ഖാലിദിന്റേത് ഒരു തുടക്കമായിരുന്നു. അദ്ദേഹത്തെത്തുടർന്ന് പല പ്രമുഖരും മുസ്‌ലിംകളായി. അബ്സീനിയയിൽ മുസ്‌ലിം അഭയാർഥികൾക്കെതിരെ ഖുറൈശികൾക്കുവേണ്ടി രണ്ടു പ്രാവശ്യം വാദിച്ച അംറുബ്നുൽ ആസ് ആണ് അവരിലൊരാൾ. കഅ്ബയുടെ നടത്തിപ്പുകാരിലൊരാളായ ഉസ്മാനും അദ്ദേഹത്തിന്റെ പാത പിന്തുടർന്നു. എന്തെങ്കിലും ഭൗതികതാൽപര്യമാണ് ഉസ്മാനെ ഇസ്‌ലാമിൽ ചേരാൻ പ്രേരിപ്പിച്ചതെന്ന് ആരും പറയില്ല. കാരണം, അറേബ്യയിലെ അത്യുന്നത സ്ഥാനമാണ് അദ്ദേഹം വഹിക്കുന്നത്. മുസ്‌ലിമാകുന്നതിലൂടെ അത് വലിച്ചെറിയുകയാണദ്ദേഹം.

ഈ മതപരിവർത്തനങ്ങൾ മുസ്‌ലിം അണികളിൽ ആഹ്ലാദാഭിമാനങ്ങളുയർത്തി. ഇസ്‌ലാമിന്റെ ചരിത്രത്തിൽ ഒരു സുവർണ യുഗത്തിന്റെ ലക്ഷണങ്ങളായിട്ടാണ് അവരതിനെ കണ്ടത്.

# 5

പേർഷ്യൻ ചക്രവർത്തി കിസ്റാ, തിരുനബിയുടെ കത്ത് പിച്ചിച്ചീന്തി കാറ്റിൽ പറത്തിയത് നാം കണ്ടു. നബിയുടെ ദൂതൻ ഹാരിസിന് ബസ്വറയിലെ ഷറഹ്ബീലുബ്നു അംറിൽ നിന്നുണ്ടായ സ്വീകരണം എത്രമാത്രം ദൗർഭാഗ്യകരമായിപ്പോയെന്നും നമുക്കറിയാം. ഈ ധിക്കാരത്തെക്കുറിച്ചറിഞ്ഞപ്പോൾ തന്നെ, ഇതിന് പ്രതികാരം വീട്ടാതിരുന്നുകൂടെന്ന് നബി തീരുമാനിച്ചതാണ്. എന്നാൽ അതിന്റെ പ്രത്യാഘാതം കാണാനുള്ള കണ്ണുകൾ അദ്ദേഹത്തിനില്ലാഞ്ഞിട്ടല്ല. ബസ്വറക്കെതിരായ യുദ്ധം പ്രഖ്യാപിച്ചാൽ, അത് അതിശക്തമായ ബൈസന്റിയയുടെതന്നെ ശത്രുതയെ വിളിച്ചുവരുത്തലായിരിക്കും. ഗ്രീക്കു സാമ്രാജ്യവുമായി ഒരു അറേബ്യൻ രാജ്യം ഏറ്റുമുട്ടുന്നത് ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും. തീ എവിടേക്കെല്ലാം കത്തിപ്പടരും എന്നാര് കണ്ടു? ആ കാട്ടുതീ ഏഷ്യയിലേക്കും വ്യാപിക്കുകയില്ലെന്നും സീസർമാരുടെ ശക്തമായ സാമ്രാജ്യത്തെ ഭസ്മമാക്കുകയില്ലെന്നും ആർക്ക് പറയാനാവും?

ബസ്വറക്കെതിരെ സൈന്യത്തെ അയക്കുന്നതിൽനിന്ന് നബിയെ പിന്തിരിപ്പിക്കാൻ ഭവിഷ്യത്ചിന്തകൾക്ക് കഴിഞ്ഞില്ല. തന്റെ ദത്തുപുത്രൻ സൈദിന്റെ നേതൃത്വത്തിലാണ്, മൂവായിരം പട്ടാളക്കാരടങ്ങുന്ന സൈന്യത്തെ നബി സിറിയയിലെ മുഅ്തയിലേക്ക് അയച്ചത്. അന്നാട്ടുകാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക; നിരാകരിച്ചാൽ ബലപരീക്ഷണത്തിന് പ്രശ്നം വിടുക. ഒരു കാലത്ത് അടിമയായിരുന്ന സൈദിന്റെ കീഴിൽ തങ്ങളെ നിയോഗിച്ചതിൽ, പൊതുവേ ദുരഭിമാനികളായ ഖുറൈശികൾക്ക് യാതൊരു മുറുമുറുപ്പും ഉണ്ടായില്ല. കാരണം, എല്ലാ അർഥത്തിലും ഇസ്‌ലാം അത്തരം ദുഃസ്വഭാവങ്ങൾ അവരിൽനിന്ന് തുടച്ചുമാറ്റിയിരുന്നു. യുദ്ധഭൂമിയിൽ സൈദ് രക്തസാക്ഷിത്വം വരിക്കുകയാണെങ്കിൽ, അദ്ദേഹത്തിന് പകരം സൈന്യത്തിന് നേതൃത്വം നൽകുന്നതിന് അബ്സീനിയയിൽനിന്ന് ആയിടെ വന്ന ജഅ്ഫറുബ്നു അബീത്വാലിബിനെ തിരുനബി നിർദേശിച്ചിരുന്നു. നിർഭാഗ്യവശാൽ, ജഅ്ഫറും മരണമടയുകയാണെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമിയെയും നിർദേശിച്ചിരുന്നു-അബ്ദുല്ലാഹിബ്നു റവാഹ.

സിറിയൻ മലയോരപ്രദേശമായ മുഅ്തയിൽ മദീനാസൈന്യം ആദ്യമായി ഗ്രീക്ക്-റോമൻ പടയുമായി ഏറ്റുമുട്ടി. ചുട്ടുപൊള്ളുന്ന മണലാരണ്യത്തിലൂടെ ദീർഘദൂരം നടന്നുവന്ന സൈദിന്റെ സേന, ക്ഷീണിച്ചവശരായിരുന്നു. ശത്രുവുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ എണ്ണത്തിൽ കുറവായിരുന്നുതാനും. എന്നാൽ, ഏഴുകൊല്ലത്തെ സൈനികവിജയങ്ങൾ തങ്ങളുടെ അജയ്യതയെക്കുറിച്ചുള്ള ആത്മവിശ്വാസം മുസ്‌ലിം യോദ്ധാക്കളിൽ സുദൃഢമാക്കിയിരുന്നു. പതിനായിരത്തോളം വരുന്ന ഒരു

വലിയ സൈന്യത്തോടാണ് എതിരിടുന്നതെന്ന യാഥാർഥ്യം അവരെ ചഞ്ചലരാക്കിയില്ല. അവരെ സംബന്ധിച്ചിടത്തോളം വിജയത്തിനും രക്തസാക്ഷിത്വത്തിനും സമാന്തരമായി മറ്റൊരു മാറ്റംകൂടി ഈ ധർമയുദ്ധത്തിനുണ്ട്. പരലോകത്തെന്നതുപോലെ ഈ ലോകത്തും തങ്ങൾക്ക് ഫലം ലഭിക്കുമെന്ന് അവർക്കുറപ്പുണ്ട്. അതുകൊണ്ട് അവർ യുദ്ധഭൂമിയിലേക്ക് കുതിച്ചുചാടി.

യുദ്ധം സുദീർഘവും രക്തരൂഷിതവുമായിരുന്നു. അന്തരീക്ഷത്തിലൂടെ പാഞ്ഞുപോകുന്ന കുന്തങ്ങൾ. വെയിലിൽ വെട്ടിത്തിളങ്ങുന്ന ഖഡ്ഗങ്ങൾ. ശബ്ദാരവങ്ങൾ. മറിഞ്ഞുവീണു ചാവുന്ന പടക്കുതിരകളുടെ ആർത്തനാദം-യുദ്ധം അതിശക്തമായിരുന്നു. ഭൂമി ചോര കുടിച്ചു ചുവന്നു. ഇസ്‌ലാമിന്റെ കൊടിക്കൂറ അത്യുയരത്തിൽ പറപ്പിച്ചുകൊണ്ട് സൈദ് രണഭൂമിയിൽ ഒരു വീരനായകന് ചേർന്നവിധം ധീരോദാത്തമായി പൊരുതി മരിച്ചുവീണു. രണാങ്കണത്തിന് ചൈതന്യം പകർന്നുകൊണ്ടിരുന്ന ആ കൈ നിശ്ചേതനമായി; എന്നാൽ ഒട്ടും കുലുങ്ങാതെ ജഅ്ഫർ പതാക ഏറ്റെടുത്തു; ഒടുവിൽ ആ കരവും ഛേദിക്കപ്പെട്ടു. അന്ത്യനിമിഷം വരെ ആ പതാക ചോരയൊലിക്കുന്ന കൈകളിൽ മുറുകെപ്പിടിച്ചുവെങ്കിലും ജഅ്ഫറും മരിച്ചുവീണു. ഇനി അബ്ദുല്ലായുടെ ഊഴമാണ്; മുസ്‌ലിം സേനയെ നയിക്കാൻ. ധീരോദാത്തമായ പ്രകടനങ്ങൾ അബ്ദുല്ലയും കാഴ്ചവെക്കാതിരുന്നില്ല. പക്ഷേ, കൂടുതൽ സംഖ്യാബലമുള്ള ശത്രുസേനയുടെ കൈകളാൽ അദ്ദേഹവും ഇസ്‌ലാമിനു വേണ്ടി ചാരിതാർഥ്യത്തോടെ രക്തസാക്ഷിത്വം വരിച്ചു.

അബ്ദുല്ലാഹിബ്നു റവാഹ നിലംപതിച്ചപ്പോൾ മദീനാപടക്ക് ഒരു നായകനില്ലാതായി. ഉടനെ ഖാലിദ് മുന്നോട്ടുവന്നു. അദ്ദേഹം പതാകയെടുത്തുകൊണ്ട് അട്ടഹസിച്ചു: “മുസ്‌ലിംകളേ മുന്നോട്ട്. വിജയമല്ലെങ്കിൽ സ്വർഗം നമ്മുടേതാണ്.” ഒരു പുതിയ ആവേശം യുദ്ധത്തിന് നിറം പകർന്നു. ഖാലിദ് സമർഥമായി തന്റെ അണികൾക്ക് നിർദേശങ്ങൾ നൽകി. ശത്രുക്കളുടെ മധ്യത്തിലേക്ക് അവർ ചൂഴ്ന്നുകയറി, അവരുടെ ബറ്റാലിയനുകളെ ചിതറിത്തെറിപ്പിച്ചു. രാവോളം അദ്ദേഹത്തിന്റെ ജൈത്രയാത്രയായിരുന്നു.

യുദ്ധനേതൃത്വത്തിലും സാഹസികതയിലും അന്യാദൃശമായ സാമർഥ്യത്തിന്റെ ചരിത്രമുള്ള ഖാലിദിനെ, രാത്രി ചേർന്ന യുദ്ധ കൗൺസിൽ ഐകകണ്ഠ്യേന സേനാനായകനായി തെരഞ്ഞെടുത്തു. തുടർന്നുള്ള യാമങ്ങളിൽ, അടുത്ത ദിവസത്തെ പടനീക്കങ്ങൾക്കും യുദ്ധതന്ത്രങ്ങൾക്കും രൂപം നൽകുകയായിരുന്നു.

രണഭൂമിയിൽ എന്തിനും തയ്യാറായിനിൽക്കുന്ന ഖാലിദിനെ കണ്ടുകൊണ്ടാണ് പ്രഭാതം കൺതുറന്നത്. അദ്ദേഹം തന്റെ സൈന്യത്തെ കഴി

യാവുന്നേടത്തേക്കെല്ലാം വ്യാപിപ്പിച്ചു. സേനാവിഭാഗങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാർച്ച് ചെയ്തുകൊണ്ടിരുന്നു. ശത്രുപാളയത്തിൽനിന്ന് നോക്കിയപ്പോൾ അവർക്ക് തോന്നിയത് മുസ്‌ലിം സൈന്യത്തിന് സംഖ്യാബലം കൂടിയിട്ടുണ്ടെന്നാണ്. രാത്രി അതിന്റെ തയ്യാറെടുപ്പായിരുന്നിരിക്കും എന്നവർ കരുതി. ഗ്രീക്ക് അണികളിൽ ആശാഭംഗം സൃഷ്ടിക്കുന്നതിനുള്ള ആ തന്ത്രം വിജയകരമായി. ശത്രുക്കൾക്ക് അതിന്റെ മുഴുവൻ സൈന്യത്തെയും നിയോഗിക്കാൻ ഖാലിദ് ഒട്ടും സമയം കൊടുത്തില്ല; അവർക്കെതിരെ ആഞ്ഞടിക്കാൻ അദ്ദേഹം തന്റെ യോദ്ധാക്കൾക്ക് നിർദേശം നൽകി. മൂന്നു ഭാഗത്തുനിന്നും ശത്രുസൈന്യത്തെ മുസ്‌ലിംകൾ ആക്രമിച്ചു. ഈ യുദ്ധതന്ത്രം ആപൽക്കരം തന്നെയായിരുന്നു; എന്നാൽ, സാഹസികനായ ഖാലിദിന് ദുർബലമായ ചെറുത്തുനിൽപ്പിനെ മാത്രമേ അഭിമുഖീകരിക്കേണ്ടിവന്നുള്ളൂ. ഗ്രീക്കുകാർ പൊടുന്നനെ ആയുധങ്ങളും ഭാണ്ഡങ്ങളും ഉപേക്ഷിച്ച് തിരിഞ്ഞോടാൻ തുടങ്ങി.

ഖാലിദ് ഒത്തിരി യുദ്ധമുതലുകളുമായി വിജയശ്രീലാളിതനായി മദീനയിൽ തിരിച്ചെത്തി. യുദ്ധത്തിൽ ഒരു പടനായകൻ എന്ന നിലയിൽ പ്രകടിപ്പിച്ച സാമർഥ്യത്തെ മാനിച്ച് അന്നു മുതൽ 'സൈഫുല്ല' (അല്ലാഹുവിന്റെ ഖഡ്ഗം) എന്നാണ് അദ്ദേഹം വിളിക്കപ്പെടുന്നത്. യുദ്ധത്തിന്നിടയിൽ, ഒമ്പത് വാളുകൾ അദ്ദേഹത്തിന്റെ കയ്യിലിരുന്ന് തകർന്നിട്ടുണ്ട്. മറ്റു സേനാനായകരും തികഞ്ഞ ധീരതയാണ് പ്രകടിപ്പിച്ചത്. ജഅ്ഫറിന്റെ ശരീരത്തിൽ വാളുകൊണ്ടുള്ള നാൽപത് വെട്ടുകളും കുന്തപ്പാടുകളും കാണാനുണ്ടായിരുന്നു.

തന്റെ മുൻഗാമികളായ സൈദ്, ജഅ്ഫർ, അബ്ദുല്ല എന്നീ സേനാനായകരുടെ മൃതശരീരങ്ങളുമായിട്ടാണ് ഖാലിദ് മദീനയിൽ തിരിച്ചെത്തിയത്. തന്റെ ധീരപുത്രന്മാരുടെ വേർപാടിൽ മദീന വിലപിച്ചു. നബി കണ്ണീർ വാർത്തു. മുറിവുകൾകൊണ്ട് പൊതിയപ്പെട്ട അവരുടെ ജഡങ്ങൾ അവസാനമായൊന്നു കാണാൻ നാട്ടുകാരെത്തി. ഇസ്‌ലാമിനു വേണ്ടി ധീരോദാത്തമായി പൊരുതി വീരമൃത്യു വരിച്ചവരാണവർ. പ്രവാചകന് ദുഃഖം അടക്കാൻ കഴിഞ്ഞില്ല. വർഷങ്ങളായി തന്റെ വാത്സല്യഭാജനങ്ങളായ സൈദും ജഅ്ഫറും വിട്ടുപിരിഞ്ഞിരിക്കുന്നു. ജഅ്ഫറിന്റെ കൊച്ചുമകനെ അദ്ദേഹം കൈയിലെടുത്ത് ഹൃദയപൂർവം മാറോടു ചേർത്തു. അവനെ അശ്രുധാരയാൽ കുളിപ്പിച്ചു. സൈദിന്റെ മകൾ ചാരത്തുവന്നപ്പോഴും അദ്ദേഹത്തിന് ദുഃഖമടക്കാൻ കഴിഞ്ഞില്ല.

പ്രവാചകനെ ഈ നിലയിൽ കണ്ട ഒരു സ്നേഹിതൻ ചോദിച്ചു: "നബിയേ, അങ്ങ് ഇങ്ങനെ കരഞ്ഞാലോ?"

"ഇത് ഒരു സ്നേഹിതന്നുവേണ്ടി മറ്റൊരു സ്നേഹിതന്റെ കണ്ണീരാണ്"- നബിയുടെ മറുപടി ഇതായിരുന്നു.

ആ ധീരരക്തസാക്ഷികൾക്ക് സമുചിതമായ അന്ത്യകർമങ്ങളാണ് നഗരം ഒരുക്കിയത്. അനേകായിരങ്ങൾ പങ്കെടുത്ത ജനാസയിൽ നഗര പ്രമുഖരെല്ലാം ഉണ്ടായിരുന്നു. പരേതാത്മാക്കളുടെ പരലോക രക്ഷക്കു വേണ്ടി പ്രവാചകനും മറ്റുള്ളവരും പ്രാർഥിച്ചു. പിന്നെ പതുക്കെ ആ മൃത ശരീരങ്ങൾ അരുമയോടെ ഖബ്റിലേക്കു വെച്ചു.

# 6

മദീന ശാന്തമായി. അറബികൾ ഗോത്രങ്ങളൊന്നിച്ച് ഇസ്ലാം മതത്തെ ആശ്ലേഷിച്ചു. അത് യഹൂദരുടെ ഗർവിന് ഒട്ടൊന്നുമല്ല മങ്ങ ലേൽപ്പിച്ചത്. ഗ്രീക്കുകാരിൽനിന്നിപ്പോൾ വലിയ ആപത്തൊന്നും പ്രതീ ക്ഷിക്കാനില്ല; പേർഷ്യക്കാരുടെ ആക്രമണവും ഭയപ്പെടാനില്ല. അൽഖ ദ്ർ മാസം സമാഗതമായി. ഹുദൈബിയാ സന്ധിയുടെ രണ്ടാം വകുപ്പനു സരിച്ച് മുസ്ലിംകൾക്ക് ഇപ്പോൾ മക്കയിൽ ഹജ്ജ് കർമത്തിന് പോകാം. മരങ്ങളെല്ലാം പൂവണിഞ്ഞു. കുളിർതെന്നൽ വീശി. പ്രവാചകനെ അനേകം പേർ അനുഗമിച്ചു. അങ്ങനെ ഹിജ്റയുടെ (പലായനത്തിന്റെ) ഏഴാം വർഷം ആ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു-“അല്ലാഹുവിന്റെ ഇച്ഛയുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾ പുണ്യഗേഹത്തിൽ പ്രവേ ശിക്കും. ചിലർ തല മുണ്ഡനം ചെയ്തും ചിലർ തലമുടി മുറിച്ചും. നിങ്ങൾ ഭയപ്പെടേണ്ട.” ഉടമ്പടി പ്രകാരം അനുവദിക്കപ്പെട്ട ഉറയിലിട്ട വാളുകളല്ലാതെ വിശ്വാസികൾ ആയുധങ്ങളൊന്നും കൊണ്ടുപോയില്ല. അറുക്കാനുള്ള ആടുകളെയും മക്കയിലേക്ക് കൊണ്ടുപോയിരുന്നു.

മക്ക വിജനമായി. അവിടത്തുകാർ കുബേര കുചേലഭേദമന്യേ മൂന്നു ദിവസത്തേക്ക് വീടൊഴിഞ്ഞുപോയി പ്രാന്തപ്രദേശത്തെ കുന്നുകളിൽ താമസിച്ചു. അവിടെയിരുന്നാൽ അവർക്ക് നബിയുടെയും അനുയായിക ളുടെയും നീക്കം നിരീക്ഷിക്കാം. അപൂർവ വികാരങ്ങളുണർത്തുന്ന അസാധാരണമായൊരു ദൃശ്യമാണത്. ഒരു കാലത്ത് തങ്ങൾ കിറുക്ക നെന്ന് കരുതിയ, പിന്നെ രാജ്യ ഭ്രഷ്ടനാക്കിയ, തലക്ക് വിലയിട്ട ആ മനുഷ്യനെ, താഴെ ആൾക്കൂട്ടത്തിന് നടുവിലവർ കണ്ടു. ഒരിക്കൽ തങ്ങ ളുടെ ബന്ധുക്കളായിരുന്ന, സ്നേഹിതരായിരുന്ന ധാരാളം പേരെയും കണ്ടു. അതെല്ലാം ആറേഴു വർഷം മുമ്പു മാത്രമാണ്. എല്ലാം ഓർമ യിൽ സജീവമായി തെളിഞ്ഞുനിൽക്കുന്ന ഹ്രസ്വമായ കാലയളവ്. അന്ന് തെരുവുകളിൽ തന്റെ വാക്കുകളുടെ മാസ്മരികതയിൽ ലയിച്ചിരിക്കുന്ന ചെറിയ ചെറിയ സംഘങ്ങളോട് മുഹമ്മദ് പ്രബോധനം നടത്തിക്കൊ ണ്ടിരിക്കെ, ഭൂരിപക്ഷം വരുന്ന മറ്റുള്ളവർ അദ്ദേഹത്തിന്റെ വാഗ്ദാനങ്ങ ളെക്കുറിച്ചും താക്കീതുകളെക്കുറിച്ചും പരിഹസിച്ചു ചിരിക്കുകയായിരുന്നു. ഈ കുറഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ വന്നിട്ടുള്ളത് എന്തൊരു മാറ്റ മാണ്? നിയമഭ്രഷ്ടനായ മുഹമ്മദ്, ഇപ്പോൾ അറേബ്യയിലെ ഭരണാധി

കാരികളിൽ ഏറ്റവും ശക്തനാണ്. സ്വന്തം ബന്ധുമിത്രാദികളുൾപ്പെടുന്ന ഖുറൈശികളായിരുന്നു അദ്ദേഹത്തെ പീഡിപ്പിച്ചത്; അവരുടെ പ്രതാപമെല്ലാം കെട്ടുപോയി. അവരുടെ സൈന്യം ചിന്നിച്ചിതറിപ്പോയി; അവരുടെ സാർഥവാഹക സംഘങ്ങൾക്കിപ്പോൾ മുസ്‌ലിംകളുടെ സൗമനസ്യത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അവരുടെ വംശത്തിൽപെട്ട പ്രമുഖരെല്ലാം ഒന്നൊന്നായി മദീനയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

മുസ്‌ലിം മനസ്സുകളിലുമുണ്ട് സാന്ദ്രമായ വികാരങ്ങൾ. നീണ്ടുനിൽക്കുന്ന വിപ്രവാസത്തിനുശേഷം നാട്ടിലെത്തിയ പലരും തങ്ങളുടെ സ്വന്തം വീടുകൾ സന്ദർശിക്കുന്നു. തങ്ങളുടെ ദൈവത്തിലും പ്രവാചകനിലും അവരർപ്പിച്ച വിശ്വാസം ഒട്ടും വൃഥാവിലായില്ല തന്നെ. ചിലർ കരയുന്നുണ്ട്; പക്ഷേ, ആനന്ദബാഷ്പമാണ്; ഹൃദയം അത്രമാത്രം ആഹ്ലാദഭരിതമാണ്. ചിലർ വിശുദ്ധ നഗരി ആദ്യമായി സന്ദർശിക്കുകയാണ്. ഇബ്റാഹീം നബി സ്ഥാപിച്ച ആരാധനാലയത്തെയും ശ്യാമശിലയെയും നബിതിരുമേനിയാൽ വെറുക്കപ്പെട്ട അനേകം വിഗ്രഹങ്ങളെയും കുറിച്ച് അവർ കേട്ടിട്ടുണ്ടെന്നേയുള്ളൂ. തങ്ങളുടെ കഠിനാധ്വാനത്തിന്റെയും കഷ്ടപ്പാടുകളുടെയും ആഹ്ലാദകരമായ പര്യവസാനമായി ഈ സംഭവത്തെ കാണുന്നവരും കുറച്ചല്ല.

വേദിയിലെ പ്രധാന വ്യക്തിയിലാണ് എല്ലാ കണ്ണുകളും. അദ്ദേഹത്തിന്റെ ചെറിയ ചലനങ്ങൾ പോലും ശ്രദ്ധിക്കപ്പെടുന്നു. എല്ലാം അദ്ദേഹത്തിന് സുപ്രധാനമാണ്; എല്ലാം അവർക്ക് താൽപര്യമുള്ളതാണ്. അദ്ദേഹം ആരാധനാലയത്തിൽ കടക്കുന്നു; വിശുദ്ധ കർമങ്ങൾ ചെയ്യുന്നു. സ്വഫാ- മർവാ കുന്നുകൾക്കിടയിൽ നടക്കുന്നു. കഅ്ബയുടെ വാതിൽക്കൽ പ്രാർഥിക്കുന്നു.

മുസ്‌ലിംകൾ മൂന്നു ദിവസം മാത്രമേ മക്കയിൽ തങ്ങിയുള്ളൂ. ഉംറ കർമങ്ങളെല്ലാം അനുഷ്ഠിച്ചതിനുശേഷം, ഉടമ്പടി വ്യവസ്ഥയനുസരിച്ച് നാലാമത്തെ ദിവസം അവർ നഗരംവിട്ടു. പ്രവാചകന്റെയോ അനുയായികളുടെയോ മനസ്സിൽ ആക്രമണലക്ഷ്യങ്ങളൊന്നുമുണ്ടായിരുന്നില്ല എന്നതുകൊണ്ട് ഖുറൈശികൾക്ക് മക്ക ഒഴിഞ്ഞുപോകേണ്ട ഒരാവശ്യവുമില്ലായിരുന്നു. ചെറുപ്പത്തിലേ 'അൽ അമീൻ' (വിശ്വസ്തൻ) എന്നറിയപ്പെട്ടിരുന്ന മുഹമ്മദിൽനിന്ന് വിശ്വാസവഞ്ചനയുണ്ടാകുമെന്ന് വിചാരിച്ചതാണബദ്ധം. കാലം പല പരിവർത്തനങ്ങളുണ്ടാക്കിയെങ്കിലും താൻ പറയുകയോ എഴുതുകയോ ചെയ്ത വാക്കുകളിൽനിന്ന് വ്യതിചലിക്കുന്ന പ്രകൃതക്കാരനല്ലല്ലോ അദ്ദേഹം. ഇപ്പോഴും അദ്ദേഹം 'അൽ അമീൻ' തന്നെ.

# 7

എന്നാൽ അദ്ദേഹത്തിന്റെ ശത്രുക്കളുടെ കാര്യം അങ്ങനെയാണോ? യഹൂദരുടെ വിശ്വാസവഞ്ചന വിവരണാതീതമത്രെ. ഖുറൈശികളാവട്ടെ കൊണ്ടാലും പഠിക്കാത്ത കൂട്ടർ. പ്രവാചകൻ മക്കവിട്ട് ഒട്ടു വൈകുംമുമ്പേ അവർ തനിനിറം കാണിക്കാൻ തുടങ്ങി. പ്രവാചകനുമായി സഖ്യത്തിലേർപ്പെട്ടിട്ടുള്ള ബക്ർ ഗോത്രക്കാരെ ആക്രമിച്ച് അവർ കൂട്ടക്കശാപ്പു ചെയ്തു; അവരുടെ പാടങ്ങളിൽ മാലിന്യങ്ങൾ വിതറി. സഖ്യകക്ഷികൾക്കുകൂടി ബാധകമായ ഹുദൈബിയാ സന്ധിയുടെ നഗ്നമായ ലംഘനമായിരുന്നു ഇത്. ഖുറൈശികളുടെ ഈ അക്രമത്തിന്, തങ്ങളുമായുള്ള സൗഹൃദക്കരാറനുസരിച്ച് മുസ്‌ലിംകൾ പകരം ചോദിക്കണമെന്ന് ആക്രമണവിധേയരായ ആ നിർഭാഗ്യവാന്മാർ ആവശ്യപ്പെട്ടു.

മുസ്‌ലിം വൃത്തങ്ങളിൽ പൊതുവേ ജനസമ്മതിയില്ലാത്ത ഹുദൈബിയാ സന്ധി ലംഘിക്കാൻ നബി അവസരം പാർത്തിരിക്കുകയായിരുന്നുവെന്ന് ഈ സന്ദർഭത്തെക്കുറിച്ച് ഇസ്‌ലാമിന്റെ ചില വിമർശകർ ആരോപിക്കുന്നുണ്ടെന്നത് ഇവിടെ വിസ്മരിക്കുന്നില്ല. മറ്റു ചിലർ ആരോപിക്കുന്നത്, സാമ്രാജ്യ വികസന മോഹമാണ്. മക്കകൂടി അധീനപ്പെടുത്താതെ ഇസ്‌ലാമിന്റെ വിജയം പൂർണമാകുമായിരുന്നില്ലെന്ന് അവർ കരുതുന്നു. മക്കയെ എന്നെങ്കിലും അദ്ദേഹം അത്യാഗ്രഹത്തോടെ നോക്കിയിരുന്നുവോ എന്നതല്ല, അറേബ്യയിൽ, മക്കകൂടി അധീനപ്പെടുത്തിയാൽ ഭരണാധികാരിയെന്ന നിലയിൽ തന്റെ അധികാരം പൂർണമാകുമെന്ന് അദ്ദേഹം വിചാരിക്കുന്നുവോ എന്നതുമല്ല സത്യത്തിൽ ഇവിടെ യഥാർഥ പ്രശ്നം. ആ വിശുദ്ധ നഗരിയെക്കുറിച്ച് അദ്ദേഹത്തിന് വല്ല ആക്രമണോദ്ദേശ്യവുമുണ്ടായിരുന്നുവെങ്കിൽ, താനും അനേകം അനുയായികളും അവിടെ തങ്ങിയ ദിവസങ്ങൾ തന്നെ അദ്ദേഹം അതിന്നുപയോഗിക്കുമായിരുന്നുവെന്ന് സ്പഷ്ടം. ആളുകളൊക്കെ ഒഴിഞ്ഞുപോയതിനാൽ ചെറുത്തുനിൽപ്പിനെപ്പോലും അഭിമുഖീകരിക്കേണ്ടിവരുമായിരുന്നില്ല. എന്നാൽ, അദ്ദേഹം പോയതുപോലെത്തന്നെ മടങ്ങി; മക്കക്ക് ഒരു പോറലുമേൽപ്പിച്ചില്ല. അദ്ദേഹത്തിന് ആക്രമണലക്ഷ്യമുണ്ടായെങ്കിൽ അതിന് കാരണക്കാർ തികച്ചും തങ്ങൾക്കനുകൂലമായ ഒരു സന്ധി പിച്ചിച്ചീന്തിയ ഖുറൈശികൾ തന്നെയാണ്. സന്ധി ലംഘിക്കപ്പെട്ടതോടെ, ആയുധപ്രയോഗത്തിന് ഇരുകൂട്ടർക്കും സ്വാതന്ത്ര്യമുണ്ടായി.

ബനൂബക്ർകാരെ ആക്രമിച്ചത് ഗുരുതരമായ തെറ്റായിപ്പോയെന്ന് വൈകിയാണെങ്കിലും ഖുറൈശികൾക്ക് ബോധ്യമായി. പ്രവാചകകോപത്തെക്കുറിച്ചോർത്ത് അവർക്ക് ആശങ്കയുണ്ട്. ഉചിതമായ ഒത്തുതീർപ്പുണ്ടാക്കാനായി അവർ അബൂസുഫ്‌യാനെ മദീനയിലേക്കയച്ചു. അബൂസുഫ്‌യാൻ ഇസ്‌ലാമികാസ്ഥാനത്തെത്തിയ ഉടനെ, ആയിടെ നബിയുടെ പത്നിയായിത്തീർന്ന തന്റെ മകൾ ഉമ്മുഹബീബയുടെ വീട്ടിലേക്കാണ് ചെന്നത്. ആ വലിയ മനുഷ്യനോട് ശിപാർശ ചെയ്യാൻ അയാൾ മക

ളോട് കെഞ്ചി. വൃദ്ധനായ അബൂസുഫ്യാൻ സജല നേത്രങ്ങളോടെ പറഞ്ഞു: "ഉമ്മുഹബീബ, നിന്റെ പിതാവിനുവേണ്ടി നീ ഇത് ചെയ്യില്ലേ?"

ഉമ്മുഹബീബക്ക് പിതാവിനോട് തീർച്ചയായും സ്നേഹാദരങ്ങളുണ്ട്. തന്റെ ആദ്യഭർത്താവിനോടൊപ്പം തുടക്കത്തിൽ തന്നെ മുസ്‌ലിമായിത്തീർന്ന അവരെ ഖുറൈശികൾ വളരെയേറെ പീഡിപ്പിച്ചിട്ടുണ്ട്. അബ്സീനിയയിൽ അഭയം പ്രാപിച്ചവരുടെ കൂട്ടത്തിൽ ഉമ്മുഹബീബയുമുണ്ടായിരുന്നു. അതുകൊണ്ട് അൽപം സഹതാപം അബൂസുഫ്യാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, മകളുടെ ശാന്തമായ മറുപടി ഇങ്ങനെയായിരുന്നു: "ഇത് അല്ലാഹുവിന്റെ നബിയുടെ വിരിപ്പാണ്. വിഗ്രഹാരാധകനായ അങ്ങ് അതിലിരിക്കരുത്."

മകളെ ശപിച്ചുകൊണ്ട് അയാൾ അബൂബക്റിനെയും അലിയെയും സമീപിച്ചു. അതും വിജയിച്ചില്ല. ഒടുവിൽ പ്രവാചകനെത്തന്നെ നേരിൽ ചെന്നുകണ്ടു. എന്നാൽ, അവിടുന്ന് ഇതേക്കുറിച്ച് ഒരു വാക്കുമുരിയാടിയില്ല.

ഭഗ്നാശനായി മക്കയിൽ തിരിച്ചെത്തിയ അബൂസുഫ്യാൻ ഉണ്ടായതെല്ലാം വിവരിച്ചു.

മദീനയിൽ രഹസ്യമായ പടയൊരുക്കങ്ങൾ നടന്നുകൊണ്ടിരുന്നു. ചാരപ്രവൃത്തി ആരോപിച്ച് ഹാത്വിബുബ്നു അബീബൽതഅ എന്നൊരാളെ പ്രവാചകസന്നിധിയിൽ കൊണ്ടുവന്നു. ഹാത്വിബ് എഴുതിയ ഒരു കത്ത് പിടിച്ചെടുത്തിട്ടുണ്ട്. അതിൽ പറയുന്നു: "മക്കാനിവാസികളേ, ജാഗ്രത! പ്രവാചകൻ നിങ്ങളെ ആക്രമിക്കാൻ ഒരുങ്ങുകയാണ്. വേഗം പ്രതിരോധിക്കുക." മക്കയിലുള്ള തന്റെ ഭാര്യയെയും മക്കളെയും രക്ഷിക്കുക മാത്രമായിരുന്നു തന്റെ കത്തിന്റെ ഉദ്ദേശ്യമെന്ന് ഹാത്വിബ് വിഷണ്ണനായി പറഞ്ഞു. തനിക്ക് ഖുറൈശികളോട് സ്നേഹമുണ്ടെന്നറിഞ്ഞാൽ അവർ തന്റെ കുടുംബത്തോടും നന്നായി പെരുമാറുമല്ലോ എന്നയാൾ കരുതി. ഉമർ അയാളുടെ തല വെട്ടുവാനാണ് ആവശ്യപ്പെട്ടത്: "നബിയേ, ഇവൻ നുണയനാണ്; കപടവിശ്വാസിയാണ്; ചാരനാണ്. നമുക്കിവന്റെ തലവെട്ടാം."

"ഉമർ"- പ്രവാചകൻ ഉറപ്പിച്ചു പറഞ്ഞു: "എന്റെ സ്നേഹിതന്റെ ചോര വെറുതെ ഒഴുക്കേണ്ട. ബദ്റിൽ നമുക്കുവേണ്ടി പൊരുതിയ ആളാണ് ഹാത്വിബ്." പിന്നെ തിരിഞ്ഞ് ആ കുറ്റവാളിയോട് പറഞ്ഞു: "പൊയ്ക്കോ; നിനക്ക് പൊറുത്തുതന്നിരിക്കുന്നു."

മക്കക്കാർ അനിശ്ചിതത്വത്തിലാണ്ട് തപ്പുകയായിരുന്നു. അവർ മുസ്‌ലിം സേന വരുന്നുണ്ടോ എന്നറിയാൻ അടുത്തുള്ള കുന്നുകളിൽ അഗ്നികുണ്ഡങ്ങളെരിച്ചു.

രംഗനിരീക്ഷണം നടത്തിക്കൊണ്ടിരുന്ന അബൂസുഫ്‌യാൻ പ്രവാചക പിതൃവ്യൻ അബ്ബാസിനെ കാണാനിടയായി.

"അബ്ബാസല്ലേ?"- അബൂസുഫ്‌യാൻ തിരക്കി.

"തന്നെ."

"താങ്കളുടെ പിന്നിൽ കാണുന്നതെന്താണ്?"

"പ്രവാചകനായ മുഹമ്മദും പതിനായിരം അനുയായികളും; നിങ്ങളെ കാണാൻ വരുകയാണ്."

"ഞങ്ങളെന്താണിപ്പോ ചെയ്യേണ്ടത്?"

"കീഴടങ്ങുക. അല്ലെങ്കിലും നിങ്ങൾക്കത് വേണ്ടിവരും."

അബ്ബാസിനോടൊപ്പം അബൂസുഫ്‌യാൻ മുസ്‌ലിം പാളയത്തിലെത്തി. കേമ്പിന്റെ ചുമതല ഉമറിനായിരുന്നു. ബിംബാരാധകരുടെ നേതാവിനെ കണ്ടയുടനെ ഉമർ തിരിച്ചറിഞ്ഞു.

"അല്ലാഹുവിന് സ്തുതി. ഞാനെന്താണീ കാണുന്നത്? ഉടമ്പടി ഉണ്ടാവും മുമ്പ് അബൂസുഫ്‌യാൻ ഞങ്ങൾക്കിടയിൽ?"- പരുഷസ്വരത്തിൽ അദ്ദേഹം ചോദിച്ചു: "ദൈവം ഒന്നേയുള്ളൂവെന്ന് ഇപ്പോഴെങ്കിലും വിശ്വസിക്കാമോ?"

"എനിക്കതിൽ സംശയമേയില്ല."

"മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നോ?"

"ഉണ്ടായതെല്ലാം പൊറുക്കുക; ഞാൻ വിചാരിച്ചത് മറ്റൊരു വിധത്തിലായിരുന്നു."

"എന്നാൽ"-നീരസത്തോടെ ആ മുസൽമാൻ പറഞ്ഞു: "നിന്റെ ചിന്ത അവസാനിപ്പിച്ചുകളയാം." അത് പറയലും അബൂസുഫ്‌യാന്റെ നേരെ വാളോങ്ങിയതും ഒരുമിച്ചായിരുന്നു.

തക്ക സമയത്ത് നബിതിരുമേനി വന്നതുകൊണ്ട് അബൂസുഫ്‌യാൻ രക്ഷപ്പെട്ടു.

അബ്ബാസ് പറഞ്ഞു: "അബൂസുഫ്‌യാൻ, ഇനി അല്ലാഹുവിന്റെ നബിയെ വണങ്ങുക." അങ്ങനെ അബൂസുഫ്‌യാനും ഇസ്‌ലാമിൽ ചേർന്നു.

മുസ്‌ലിം സൈന്യത്തിന്റെ സുശിക്ഷിതമായ അച്ചടക്കത്തിൽ ഖുറൈശി നേതാവിന് ബഹുമാനംതോന്നി. മുസ്‌ലിം പാളയത്തെ കണ്ടതിന് ശേഷം അബ്ബാസിനോട് അബൂസുഫ്‌യാൻ പറഞ്ഞു: "തീർച്ചയായും നിങ്ങളുടെ സഹോദരപുത്രന്റെ സാമ്രാജ്യത്തെ ദൈവം ശക്തമാക്കിയി

രിക്കുന്നു. അദ്ദേഹത്തെ പിന്നിലാക്കാൻ മറ്റാരെങ്കിലുമുണ്ടോ എന്ന് ഞാൻ സംശയിക്കയാണ്.''

അറബികളുടെ ജേതാവിന് കീഴ്പ്പെടാൻ തന്റെ നാട്ടുകാരെ ഉപദേശിക്കുന്നതിന് അബൂസുഫ്യാൻ വേഗം തിരിച്ചുപോയി.

നിർദിഷ്ട ദിവസം പുലർച്ചേതന്നെ മുസ്ലിം സേന മക്കയിലേക്ക് നീങ്ങി. ഒരു യുദ്ധംകൂടി രൂപംകൊള്ളുകയാണ്; ഫലം എന്തുതന്നെയായാലും നേരിടാൻ തയ്യാറായി അവർ നീങ്ങി. ഖുബൈസ് കുന്നുവഴി മക്കയിലേക്ക് കടക്കാൻ സുബൈർ തന്റെ സൈന്യത്തിന് ഉത്തരവു നൽകി. ഖുബൈസിലേക്കുള്ള വഴിയിലെ മലയിടുക്കുകൾക്ക് കാവൽ നിൽക്കുകയാണ് സഅ്ദിന്റെ നേതൃത്വത്തിലുള്ള സൈന്യവിഭാഗം. അലിയുടെ അശ്വസേന ഹജൂം കുന്നിൽ നിലയുറപ്പിച്ചിരിക്കുന്നു. നഗരാതിർത്തികളിലേക്കാണ് ഖാലിദിന്റെ നേതൃത്വത്തിലുള്ള സൈന്യത്തെ നിയോഗിച്ചിരിക്കുന്നത്. ആവശ്യം വന്നാൽ, എന്തിനും തയ്യാറായി പ്രവാചകൻ പിൻനിരപ്പട്ടാളത്തെ നയിക്കുന്നു. ശത്രു ആക്രമിച്ചാലല്ലാതെ യുദ്ധത്തിലേർപ്പെട്ടുപോകരുതെന്ന് തന്റെ എല്ലാ പടനായകർക്കും അദ്ദേഹം നിർദേശം നൽകിയിട്ടുണ്ട്. യാതൊരു എതിർപ്പും നേരിടേണ്ടിവരാത്തതുകൊണ്ട് സുബൈർ വിഷമം കൂടാതെ നഗരകവാടത്തിലെത്തി. എന്നാൽ, ഖാലിദിന് ചെറുത്തുനിൽപ്പിനെ അഭിമുഖീകരിക്കേണ്ടതുണ്ടായിരുന്നു. മുന്നേറുന്ന മുസ്ലിം കാലാൾപ്പടയുടെ നേരെ ശരവർഷം ചെയ്തുകൊണ്ട് പല ഖുറൈശീ ബറ്റാലിയനുകളും ഖാലിദിന് മാർഗതടസ്സമുണ്ടാക്കി. ആക്രമണത്തിന് ഖാലിദ് ആജ്ഞ നൽകുകയായി. ദൂരെനിന്ന് ഇതുകണ്ട പ്രവാചകൻ സംഭവമെന്തെന്ന് വിളിച്ചുചോദിച്ചു: "പടച്ചവനേ, ഞാനെന്താണീ കാണുന്നത്? ഞാൻ വേണ്ടെന്നു പറഞ്ഞതല്ലേ ഇത്?" ശത്രു ആക്രമിച്ചപ്പോൾ ആത്മരക്ഷാർഥം ഖാലിദ് പൊരുതുകയാണെന്നായിരുന്നു അദ്ദേഹത്തിനു ലഭിച്ച മറുപടി. രക്തച്ചൊരിച്ചിൽ കഴിയുന്നതും ഒഴിവാക്കണമെന്ന് നിർദേശിച്ച് അദ്ദേഹം ഉടൻ തന്നെ ദൂതനെ അങ്ങോട്ടയച്ചു. എന്നാൽ അതൊരു ചെറിയ സംഘട്ടനം മാത്രമായിരുന്നു. അജയ്യനായ ഖാലിദ് വിജിഗീഷുവായി മക്കാമതിലുകൾക്കടുത്തെത്തി.

പ്രഭാതം പുലരുമ്പോഴേക്ക് നഗരകവാടങ്ങളെല്ലാം മുസ്ലിംകളുടെ അധീനത്തിലായിക്കഴിഞ്ഞിരുന്നു. വിജയകരമായ മക്കാപ്രവേശത്തിന് അവർ ഒരുങ്ങിക്കഴിഞ്ഞു. തെളിഞ്ഞ മേഘശൂന്യമായ ആകാശം. പ്രകാശധാരയൊഴുക്കിക്കൊണ്ട് കുന്നുകൾക്ക് മീതെ സൂര്യനുദിച്ചു. പതിനായിരം കുന്തങ്ങൾ വിദ്യുല്ലേഖപോലെ തിളങ്ങി. വിജയപതാകകൾ കാറ്റിലിളകിക്കളിച്ചു. തെരുവുകളിലൂടെ മനുഷ്യർ കവിഞ്ഞൊഴുകി. അങ്ങനെ, താൻ പിറന്നുവീണ, വിശുദ്ധ കേന്ദ്രമായ മക്കയിലേക്ക്, പിന്നിൽ ധീരയോദ്ധാക്കളുടെ അകമ്പടിയോടെ, നീണ്ട ജൈത്രയാത്ര നയിച്ചുകൊണ്ട് പ്രവാചകൻ പ്രവേശിച്ചു. അദ്ദേഹത്തിനു മുന്നിൽ ഇസ്ലാമിന്റെ വിജയ

പതാകയേന്തി അഭിമാനവിജൃംഭിതനായ അലി കുതിരപ്പുറത്തുണ്ട്; അദ്ദേഹത്തിന്റെ വലതുവശത്തുതന്നെ വിശ്വസ്ത സുഹൃത്ത് അബൂബക്ർ; ഇടത്ത് ഉമർ; നബിയുടെ തൊട്ടുപിന്നിൽ സൈദിന്റെ മകൻ ഉസാമ.

ആ ഘോഷയാത്ര നേരെ ചെന്നത് കഅ്ബാലയത്തിലേക്കാണ്. വള

ഞ്ഞുപുളഞ്ഞ ആ തെരുവീഥികളിലൂടെ കടന്നുപോകുമ്പോൾ താൻ ആൾക്കൂട്ടത്തിലൊരുവനായി, അജ്ഞാതനും ഏകാകിയുമായിക്കഴിഞ്ഞ ആ നാളുകൾ അദ്ദേഹത്തിന്റെ മനസ്സിൽ ചിത്രങ്ങളെന്നോണം തെളിഞ്ഞുവന്നു. ദൗർഭാഗ്യത്തിന്റെ, കഷ്ടപ്പാടുകളുടെ, നൈരാശ്യത്തിന്റെ, പീഡനങ്ങളുടെ കാലം. ദീർഘ കാലമായി വിസ്മരിക്കപ്പെട്ട ഇന്നലെയുടെ സ്വപ്നങ്ങൾ. ഈ വിജയത്തിൽ പങ്കുചേരാൻ തന്റെ പ്രിയ സഖാക്കളിൽ പലരും കൂടെ ഇല്ലാതായിപ്പോയതോർക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സ് വിങ്ങുന്നു. അവരെല്ലാം വഴിയിൽ വീണുപോയവരാണ്. ഖദീജ? ഇന്നു ജീവിച്ചിരുന്നുവെങ്കിൽ ഖദീജ എന്തു പറയുമായിരുന്നു? സൈദിന്റെയും ജഅ്ഫറിന്റെയും അതുപോലുള്ള നൂറുകണക്കിന് സുഹൃത്തുക്കളുടെയും ജീവത്യാഗമാണ് വിജയത്തിന്റെ ഈ അവിസ്മരണീയ മുഹൂർത്തത്തിലെത്തിച്ചത്.

പുരാതനമായ വിശുദ്ധ കഅ്ബയുടെ അങ്കണത്തിലെത്തിയപ്പോൾ പ്രവാചകൻ തന്റെ അണികളോട് അൽപസമയം നിൽക്കാൻ പറഞ്ഞു. പിന്നെ ആകാശത്തേക്ക് കൈകളുയർത്തി ഉച്ചത്തിൽ അൽഫത്ഹ് ഓതി: “ബിസ്മില്ലാഹിർറഹ്മാനിർറഹീം...... നാം നിങ്ങൾക്ക് സ്പഷ്ടമായ വിജയം നൽകിയിരിക്കുന്നു.... ആകാശഭൂമികളിലുള്ള സൈന്യങ്ങളത്രയും അല്ലാഹുവിന്റേതാകുന്നു.... അവൻ സർവജ്ഞനാണ്.... ഇപ്പോൾ നിങ്ങൾക്ക് കൈവന്നിട്ടുള്ള, ഇനിയും കൈവരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലാത്ത ഒട്ടേറെ വാഗ്ദാനങ്ങൾ.... അല്ലാഹു നൽകിയിട്ടുണ്ട്... അല്ലാഹു നിങ്ങളുടെ ശത്രുക്കളെ വലയം ചെയ്തിരിക്കയാണ്; എന്തു കൊണ്ടെന്നാൽ, എല്ലാറ്റിനേക്കാളും ശക്തിമാൻ അല്ലാഹുവാണ്.”

ആ പുണ്യഗേഹത്തിന്റെ പ്രവേശന ദ്വാരത്തിൽവച്ച് നബിതിരുമേനി തല ഒരു കറുത്ത ഉറുമാൽകൊണ്ട് മറച്ചു; അതേ നിറത്തിൽതന്നെയുള്ള ഉടുപ്പ് ഊരി തോളിലിട്ടു. ആ താരസമുച്ചയത്തിലെ പ്രോജ്ജ്വല നക്ഷത്രമായ അദ്ദേഹം അറേബ്യ മുഴുവൻ കീഴടക്കിയ ജേതാവ് എന്നതിലുപരി ഇപ്പോഴും ആ പഴയ നാടൻ ഉപദേശിയായിട്ടാണ് തോന്നിച്ചത്.

കഅ്ബയിൽ അല്ലാഹുവിന്റെ സ്ഥാനം അപഹരിച്ചിരുന്ന മുന്നൂറിൽപരം വിഗ്രഹങ്ങളെ തച്ചുടയ്ക്കുകയാണ് ആദ്യമായദ്ദേഹം ചെയ്തത്. ആ വിശുദ്ധ മന്ദിരത്തിന്റെ കളങ്കം നീക്കാൻ അതാവശ്യമായിരുന്നു. ചുമരുകളിൽ പതിച്ചിരുന്ന സ്ത്രീകളുടെ ചിത്രങ്ങൾ അദ്ദേഹം ചീന്തിയെറിഞ്ഞു. ഇബ്റാഹീം നബിയുടെയും ഇസ്മാഈൽ നബിയുടെയും ചിത്രങ്ങൾ ഉണ്ടായിരുന്നതും നശിപ്പിച്ചു. ഒരു വടിയുമായി 'ഹുബ്ൽ' എന്ന വിഗ്രഹത്തിനടുത്തേക്ക് ചെന്നു, അതിന്റെ മുഖത്തേക്ക് നോക്കി. ആ മുഖ്യദൈവം കഷ്ണമാവാൻ താമസമുണ്ടായില്ല. പ്രവാചകന്റെ അനുയായികൾ ഹുബ്ലിന്റെ സഹദൈവങ്ങളെയും തകർത്തു. പിന്നീട് വിശുദ്ധ മന്ദിരത്തെ പ്രദക്ഷിണം ചെയ്തതിനുശേഷം പ്രവാചകൻ പുണ്യശിലയുടെ മൂലയിൽ ആദരപൂർവം സ്പർശിച്ചു. അനന്തരം തന്റെ പരിശ്രമങ്ങളെല്ലാം വിജയപരിസമാപ്തിയിലെത്തിച്ച അല്ലാഹുവിന്റെ മഹാകാരുണ്യത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർഥിച്ചു. പിന്നെ സംസം കിണറ്റിന്നരികിലേക്ക് പോയി, കൈക്കുമ്പിളിൽ തീർഥജലം പകർന്ന് ആത്മാവിന്റെ ദാഹം ശമിപ്പിച്ചു.

ഇങ്ങനെ പല ചടങ്ങുകളും കഴിഞ്ഞപ്പോൾ അദ്ദേഹം അവിടെ കൂടിയ വമ്പിച്ച പുരുഷാരത്തെ അഭിസംബോധന ചെയ്തു. വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചു: "ദൈവം ഒന്നു മാത്രം. അവൻ വാഗ്ദാനങ്ങൾ പാലിച്ചു; തന്റെ അടിയാറുകളെ സഹായിച്ചു. ശത്രുക്കളെ ചിന്നിച്ചിതറിക്കുകയും അവരുടെ സൈന്യത്തെ പരാജയപ്പെടുത്തുകയും ചെയ്തത് അവൻ മാത്രം. വിഗ്രഹങ്ങളെ മേലിൽ ആരാധിക്കുകയില്ലെന്ന് നിങ്ങളെക്കൊണ്ട് സത്യം ചെയ്യിക്കുവാൻ അവൻ എന്നെ ഭരമേൽപ്പിച്ചിരിക്കുന്നു. ബുദ്ധിയും ജീവനുമില്ലാത്ത ശിലകളെ മേലിൽ നിങ്ങൾ ആരാധിക്കരുത്. ഈശ്വരനിന്ദകമായ അനുഷ്ഠാനങ്ങൾ ഇനി തുടരരുത്."

ആയുധബലംകൊണ്ട് കൈവരിക്കുന്ന വിജയങ്ങളിൽ പരാജിതരെ തടവുകാരാക്കുകയും അവരുടെ മുതലുകൾ പിടിച്ചെടുക്കുകയും അവരിൽ പ്രധാനപ്പെട്ടവരെ വധിക്കുകയുമൊക്കെയാണല്ലോ പൊതുവേ ജേതാക്കൾ ചെയ്യാറ്. മുഹമ്മദിന്റെ അനുഭാവത്തിനുവേണ്ടി യാചിക്കാവുന്ന വിധം ലഘുവായ കുറ്റങ്ങളല്ലതാനും ഖുറൈശികളുടേത്.

"ഞാൻ നിങ്ങളോട് എങ്ങനെ പെരുമാറും എന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?"- അദ്ദേഹം ഗൗരവത്തിൽ ഖുറൈശികളോട് ചോദിച്ചു.

"മാന്യനായ സഹോദരന്റെ മാന്യനായ മകൻ എന്ന നിലയിൽ"- ഒറ്റ സ്വരത്തിലായിരുന്നു മറുപടി.

''എന്നാൽ, അങ്ങനെയാവട്ടെ''- അദ്ദേഹം പറഞ്ഞു: ''ഇന്നു നിങ്ങൾക്കെതിരെ പ്രതികാരമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ. പോകൂ. നിങ്ങൾ സ്വതന്ത്രരാണ്."

തനിക്കും ഇസ്‌ലാമിനുമെതിരെ ഖുറൈശികൾ ഇതഃപര്യന്തം ചെയ്തി ട്ടുള്ള പാതകങ്ങൾ ഓർമിച്ചുകൊണ്ട് അവരോട് ഇത്രയും ദയാവായ്പ് കാണിച്ചതെന്തുകൊണ്ടാണെന്ന് അന്ന് സായാഹ്നത്തിൽ ഉമർ നബിയോട് ചോദിക്കുകയുണ്ടായി.

"എന്താണെന്നോ?"- അദ്ദേഹം പറഞ്ഞു: "അവരെ ഇനി ശാസിക്കാ നില്ല. എന്തിനധികം! അവരും അവരുടെ മക്കളും മക്കളുടെ മക്കളും ഇനി മുസ്‌ലിംകളായിരിക്കും."- ആത്മാർഥമായി അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവാചകന്റെ കാരുണ്യത്തിനും മഹാമനസ്കതക്കും ഇതിനുമുമ്പും ഉദാഹരണങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, ഖുറൈശികൾക്ക് പൊറുത്തുകൊ ടുക്കാനദ്ദേഹം കാണിച്ച സന്നദ്ധത ചരിത്രത്തിൽ അത്യപൂർവമായ ഒരു സംഭവമത്രെ. ഹംസയുടെ കരൾ ചവച്ചുതുപ്പിയ അബൂസുഫ്‌യാന്റെ പത്നി ഹിന്ദ്; ഹംസയെ പിന്നിൽനിന്ന് കുത്തിക്കൊന്ന വഹ്ശി; ഇസ്‌ലാ മിനെതിരെ ആക്രമിക്കുകയും പടയോട്ടം നടത്തുകയും ചെയ്ത അബൂ സുഫ്‌യാൻ; അന്നു രാവിലെ ഖാലിദ് മക്കയിൽ പ്രവേശിക്കുന്നതിനെ തടസ്സപ്പെടുത്തുകയും ഉഹുദിൽ ഖുറൈശിപ്പടക്ക് നേതൃത്വം നൽകുകയും ചെയ്ത ഇക്‌രിമതുബ്നു അബീജഹ്ൽ; നബിയെ ആഭാസകരമായ രീതി യിൽ തന്റെ കലാരൂപത്തിലൂടെ പരിഹസിച്ച കരീബ എന്ന നർത്തകി-ഇവർക്കെല്ലാമുൾപ്പെടെയാണ് പൊതുമാപ്പ് നൽകിയതെന്നറി യുമ്പോഴാണ് മുഹമ്മദ്നബിയുടെ മഹാമനസ്കത സത്യത്തിൽ വിസ്മ യാവഹമാകുന്നത്.

# 8

ഹിജ്റ ഒമ്പതാം വർഷം റമദാൻ മാസം ഇരുപത്തൊന്നാം തീയതി വെള്ളിയാഴ്ചയാണ് മക്ക കീഴടങ്ങിയത്. ഭരണകൂടത്തിന്റെയും മതത്തി ന്റെയും കാര്യങ്ങൾ ശരിപ്പെടുത്താനായി ഒന്നര മാസം പ്രവാചകൻ അവിടെ തങ്ങി. ഇക്കാലത്ത് അദ്ദേഹം കഅ്ബയുടെ താക്കോൽ ഉസ്മാനെ തിരിച്ചേൽപ്പിച്ചു; ഇസ്‌ലാം ആശ്ലേഷിക്കുന്നതിന് മുമ്പും അദ്ദേ ഹമാണ് അത് സൂക്ഷിച്ചിരുന്നത്. പ്രവാചകൻ എല്ലാ ദിവസവും സ്വഫാ കുന്നിൻമേൽ ചെന്നിരിക്കുക പതിവായി. ലോകം അന്നോളം കണ്ടിട്ടി ല്ലാത്ത, മേലിലും കാണാനിടയില്ലാത്ത ഒരു ദൃശ്യം അവിടെ നിത്യവും അരങ്ങേറി. തന്റെ സമൂഹത്തിൽ ഏറ്റവും പാവപ്പെട്ടവർ മാത്രം അണി യാറുള്ള സാധാരണ വസ്ത്രം ധരിച്ചുകൊണ്ട് അനേകായിരം ഭക്തജന ങ്ങളുടെ ആദരപുരുഷനായ ആ മഹാൻ ഒരു പാറപ്പുറത്തിരിക്കുന്നു. ഏക ദൈവത്തിനും തന്റെ ദൗത്യത്തിന്റെ വിശ്വാസ്യതക്കും അദ്ദേഹത്തിന് സാക്ഷ്യപത്രം ലഭിക്കയായി:

"അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്

അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹ്....”

തിരുസന്നിധിയിലെത്തിയ ഗോത്രക്കാരും ജനങ്ങളും ആ പ്രതിജ്ഞ ഏറ്റുചൊല്ലി; അഖബാ കുന്നിൽ യസ്രിബുകാർ അദ്ദേഹത്തോട് ഏറ്റു ചൊല്ലിയതുപോലെ: അല്ലാഹുവല്ലാതെ മറ്റൊരു ദൈവത്തെയും ആരാധിക്കുകയില്ല. മോഷ്ടിക്കുകയില്ല; വ്യഭിചരിക്കില്ല; ശിശുഹത്യ ചെയ്യില്ല; കള്ളത്തരം ചെയ്യില്ല....

ഏകദൈവമതം മക്കയിൽ കൊണ്ടുവന്നതും ആ ദൈവത്തെ ആരാധിക്കാൻ കഅ്ബാമന്ദിരം പണിതതും ഇസ്മാഈൽ നബിയാണെന്നും ഓർക്കുക. ദീർഘകാലം ആ പുണ്യഗേഹത്തിന്റെ പരിശുദ്ധി നിലനിന്നു. ഭക്തന്മാരുടെ എണ്ണം പെരുകിയപ്പോൾ ആ മന്ദിരത്തിൽ അവർക്കെല്ലാം ഒരേസമയം സ്ഥലമില്ലാതായി; ചിലരെല്ലാം അതിന്റെ ഓരോ കല്ലെടുത്തു കൊണ്ട് താമസസ്ഥലത്തേക്ക് പോയി. ഈ വസ്തുക്കൾ ആദ്യത്തിൽ, ഇസ്മാഈൽ നബിയുടെ മതത്തെക്കുറിച്ച് ഓർമിപ്പിക്കുന്ന ഒന്നുമാത്ര മായിരുന്നു. ക്രമേണ ആ ശിലകൾ തന്നെ ആരാധ്യവസ്തുക്കളായി മാറി. അവയുടെ സാന്നിധ്യം സ്വയം വിശദീകരിച്ചിരുന്ന യഥാർഥ ഉദ്ദേശ്യങ്ങൾ മാഞ്ഞുപോയി. പിന്നീട് ശിലകൾക്ക് രൂപം ഉണ്ടായിത്തുടങ്ങി. മനുഷ്യ രൂപത്തോട് അല്ലെങ്കിൽ ജനനേന്ദ്രിയത്തോട് സാദൃശ്യമുള്ള രൂപങ്ങൾ. ദേവന്മാരും ദേവിമാരും പിറന്നു. അഴിമതി വളർന്നു. ഗോത്രദൈവങ്ങളുടെ കേന്ദ്രമായി മക്ക മാറി. തലമുറകളായി ഇത് തുടർന്നു. അയൽനാടുക ളിൽനിന്ന് ഭക്തന്മാരെത്തി. മുഹമ്മദ്നബി ബഹുദൈവാരാധനക്കും ബിംബപൂജക്കുമെതിരെ ശബ്ദമുയർത്തുന്നതുവരെ അറബികളുടെ മത കേന്ദ്രമെന്ന നിലയിൽ മക്കയുടെ ആധികാരികത അവിതർക്കിതമായി രുന്നു.

കഅ്ബയിലെ വിഗ്രഹങ്ങളെ വലിച്ചെറിഞ്ഞ പ്രവാചകൻ, അതു പോലെ, മറ്റു ബിംബങ്ങളെയും ഉപേക്ഷിക്കാൻ ജനങ്ങളെ ക്ഷണിച്ചു കൊണ്ട് അറേബ്യയുടെ എല്ലാ ഭാഗത്തേക്കും ദൂതന്മാരെ അയച്ചു. എന്നാൽ, ഏകദൈവ വിശ്വാസത്തിലേക്ക് പ്രേരിപ്പിക്കുക മാത്രമേ ചെയ്യാവൂ എന്നും അത് ഒരു കാരണവശാലും ബലപ്രയോഗത്തിലേക്ക് കടക്കരുതെന്നും അവർക്ക് നിർദേശം നൽകിയിരുന്നു. അവർ സമാധാ നത്തിന്റെ ദൂതന്മാരാണ്. അവർ പ്രചരിപ്പിക്കുന്ന മതം ഇസ്ലാം-സമാ ധാനം-ആണ്. അവരുടെ അഭിവാദനത്തിൽ തന്നെയുണ്ട് ആ ദൗത്യ ത്തിന്റെ സംഗ്രഹം മുഴുവൻ-നിങ്ങൾക്ക് സമാധാനമുണ്ടാവട്ടെ.

# 9

ഓരോ ദിവസം കഴിയുന്തോറും കൂടുതൽ കൂടുതൽ ഗോത്രങ്ങൾ ഏക ദൈവത്വത്തിലും മുഹമ്മദ്നബിയുടെ പ്രവാചകത്വത്തിലുമുള്ള

വിശ്വാസം പ്രകടിപ്പിച്ച് മുന്നോട്ടുവന്നു. ഇസ്‌ലാം മതം ഇപ്പോൾ അതിന്റെ പൂർണതയിലെത്തിയിട്ടുണ്ട്. അതിന്റെ പ്രവാചകനായ മുഹമ്മദ്നബി അധികാരത്തിന്റെ ഔന്നത്യത്തിലാണ്. എല്ലാ കണ്ണുകളും അദ്ദേഹത്തിൽ. ഇസ്‌ലാമിനെക്കുറിച്ചാണ് എല്ലായിടത്തെയും ചർച്ചകൾ.

ഇസ്‌ലാമിക ചരിത്രത്തിന്റെ സുപ്രധാനമായ ഈ ഘട്ടത്തിൽ ഈ മതത്തെയും അതിന്റെ പ്രവാചകനെയും കുറേകൂടെ അടുത്തുനിന്ന് നോക്കിക്കാണുന്നത് കൗതുകകരമായിരിക്കും. യഥാർഥത്തിൽ ഇസ്‌ലാം മനുഷ്യവംശത്തിന് മുഴുവൻ സമാധാനമേകുന്ന ഒരു വിശ്വാസസംഹിത യാണോ? ഇതിന് ബലം നൽകുന്ന യുക്തിപൂർവമായ കാരണങ്ങളുണ്ട്:

ഒന്ന്: ഇസ്‌ലാം അതിന്റേതായ പ്രത്യേക സ്വഭാവത്തിൽ അഭിമാനിക്കുന്നു. ഒരു യഥാർഥ മുസൽമാനാകുന്നതിന് സത്യം നിരാകരിക്കേണ്ട ആവശ്യമില്ല. അതായത് വിശുദ്ധ ഖുർആന് മുമ്പ് ലോകത്തവതരിച്ചിട്ടുള്ള മറ്റു മതങ്ങളുടെ സത്യസന്ധതയും നിഷേധിക്കേണ്ടതില്ല. ഇസ്‌ലാം, അത് മുന്നോട്ടുവെക്കുന്നത് മനുഷ്യവംശത്തിന് അറിയാൻ കഴിയാത്ത പുതിയ വാദങ്ങളാണെന്ന് വാദിക്കുന്നില്ല. ദൈവത്തിന്റെ ഏകത്വവും അവന്റെ സൃഷ്ടികളുടെ ഐക്യവുമെന്ന സത്യം, അതിന്റെ നൈസർഗികമായ സൗന്ദര്യത്തോടെ ലളിതമായി പ്രബോധനം ചെയ്യുകയാണ് അതിന്റെ ദൗത്യം. വിശുദ്ധ സൂക്തങ്ങളുള്ള പരിശുദ്ധ താളുകളോടുകൂടിയ, ഒരു ഗ്രന്ഥമാണത്.

രണ്ട്: ഇസ്‌ലാം എളുപ്പം മനസ്സിലാക്കാൻ കഴിയുന്ന മതമാണ്. ഒരു കൊച്ചുകുട്ടിക്കായാലും ഒരു പണ്ഡിതന്നായാലും ഒരുപോലെ സുഗ്രഹമാണതിന്റെ ലാളിത്യം. മരിച്ചവരുടെ ദേഹാന്തര പ്രാപ്തിയെക്കുറിച്ചുള്ള തത്ത്വങ്ങളോ ശാസ്ത്രത്തിനും സാമാന്യബോധത്തിനും വിശ്വസിക്കാനാവാത്ത അദ്ഭുത കൃത്യങ്ങളോ അതിനില്ല. യുക്തിക്കും കാര്യകാരണബന്ധത്തിനും വിരുദ്ധമായ അന്ധവിശ്വാസങ്ങൾ അത് നമ്മിൽ അടിച്ചേൽപ്പിക്കുന്നില്ല. ഹൃദയവും ബുദ്ധിയും വിഭിന്ന പാതകളിലൂടെ സഞ്ചരിക്കേണ്ട ആവശ്യകത അത് സൃഷ്ടിക്കുന്നില്ല. തന്റെ ബുദ്ധിശക്തിയെ പരുക്കേൽപ്പിക്കാതെ തന്നെ ഒരു മുസൽമാന് തന്റെ വിശ്വാസം മുറുകെപ്പിടിക്കാം. ഒരു മുസൽമാന് ദൈവത്തിന്റെ ഏകത്വത്തിലും വിശുദ്ധ ഖുർആനിലൂടെ വെളിപ്പെട്ട സത്യത്തിലും അതിനുമുമ്പ് വന്ന ദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിക്കേണ്ടിയിരിക്കുന്നു. അനുഷ്ഠാന കാര്യങ്ങളാവട്ടെ, പ്രാർഥനയിൽ കൂട്ടുചേരുകയും വിശാലാർഥത്തിൽ ദാനം ചെയ്യുകയുമത്രെ. ഒരു നല്ല മുസൽമാനാവാൻ തത്ത്വം മാത്രമല്ല പ്രയോഗവും ആവശ്യമാകുന്നു. വെറും വിശ്വാസംകൊണ്ട് മാത്രം കാര്യമില്ല. വിശ്വസിച്ച് സൽക്കർമങ്ങൾ ചെയ്യുന്നവരെക്കുറിച്ച് ഖുർആൻ ആവർത്തിച്ചാവർത്തിച്ച് ഊന്നിപ്പറയുന്നുണ്ട്.

മൂന്ന്: ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ 'തെരഞ്ഞെടുക്കപ്പെട്ട ജനം' പോലുള്ള എന്തെങ്കിലും സങ്കുചിതത്വമോ പക്ഷപാതമോ ഇല്ല. ഏക ദൈവ സിദ്ധാന്തത്തിൻമേൽ സ്വാഭാവികമായും ഉയർന്നുവരുക മനുഷ്യസമുദായത്തിനു മുഴുവൻ ബാധകമായ വിശാലമായ ഒരു സാമുദായിക സങ്കൽപമാണല്ലോ. "മനുഷ്യരേ, നാം നിങ്ങളെ സ്ത്രീപുരുഷന്മാരായി സൃഷ്ടിച്ചു. നിങ്ങൾ പരസ്പരം മനസ്സിലാക്കാൻ നിങ്ങളെ കുടുംബങ്ങളും ഗോത്രങ്ങളുമാക്കി", "മാർഗദർശകനില്ലാതെ ഒരു സമുദായവും കടന്നുപോയിട്ടില്ല." ഏതെങ്കിലും ഒരു മതത്തിൽപെട്ടവർക്ക് മാത്രമല്ല അല്ലാഹുവിന്റെ കാരുണ്യവും മോക്ഷവും ലഭ്യമാവുക: "നമ്മോട് ചോദിക്കുക. നാം ഉത്തരം നൽകുന്നവനാണ്," "നമ്മുടെ കാരുണ്യം എല്ലാവർക്കുമായിട്ടുള്ളതാകുന്നു", "അന്ത്യനാളിൽ ഒരാത്മാവും നീതി ലഭിക്കപ്പെടാതെ പോവില്ല." ജനനംകൊണ്ട് ആരും ആദരണീയരായിത്തീരുന്നില്ല; നിറമോ വർഗമോ ഭാഷയോ കൊണ്ടാരും മോശക്കാരാകുന്നുമില്ല. മഹത്വത്തിന് ഒരേ ഒരു മാനദണ്ഡം എല്ലാവർക്കുമായി തുറന്നുവെച്ചിരിക്കുന്നു: "തീർച്ചയായും സ്വന്തം കർത്തവ്യത്തെക്കുറിച്ച് ഏറ്റവും ശ്രദ്ധിക്കുന്നവനാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങളിൽ ശ്രേഷ്ഠൻ." ഒരു മതപ്രഭാഷണത്തിൽ പ്രവാചകൻ പറയുകയുണ്ടായി: "നീഗ്രോ അടിമയാണ് നിങ്ങളെ ഭരിക്കാൻ നിയോഗിക്കപ്പെടുന്നതെങ്കിൽ അയാളെ അനുസരിക്കുക." പ്രവാചകന്റെയും അനുയായികളുടെയും മാതൃകകൾ, നബിയുടെ അധ്യാപനങ്ങൾ വ്യക്തമാക്കുന്നത് ഇവയെല്ലാം കേവലം ഗ്രന്ഥത്തിലൊതുങ്ങുന്ന സിദ്ധാന്തങ്ങളല്ല; ജീവിതത്തിൽ പകർത്തേണ്ട പ്രായോഗിക തത്ത്വങ്ങളാണ് എന്നാണ്.

നാല്: എല്ലാ മുസ്‌ലിംകൾക്കുമിടയിൽ ഇസ്‌ലാം സാഹോദര്യം സ്ഥാപിക്കുന്നു. "നിങ്ങൾ നിങ്ങളെത്തന്നെ സ്നേഹിക്കുന്നതുപോലെ നിങ്ങളുടെ സഹോദരനെയും സ്നേഹിക്കാത്തിടത്തോളം ദൈവവിശ്വാസിയല്ല" എന്ന് നബി പറയുമ്പോൾ മുസ്‌ലിംകൾക്കിടയിൽ സാഹോദര്യത്തിന്റെ ഭരണമാണദ്ദേഹം സങ്കൽപിക്കുന്നതെന്ന് വ്യക്തം.

അഞ്ച്: സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും മതമത്രെ ഇസ്‌ലാം. ഇസ്‌ലാമിന്റെ നാമം അർഥമാക്കുന്നതുപോലെ, അതിന്റെ ഏറ്റവും വലിയ സവിശേഷത സമാധാന സ്ഥാപനമാകുന്നു. ദൈവസമാധാനം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ദൈവേച്ഛക്കുള്ള സമ്പൂർണമായ സമർപ്പണമത്രെ; സ്രഷ്ടാവിന്റെ നിയമങ്ങളുടെ അനുസരണം. സഹജീവികളോട് കാണിക്കുന്ന നന്മയിലൂടെയാണ് മനുഷ്യരാശിക്കു സമാധാനം കരഗതമാവുക. "തന്നെ അല്ലാഹുവിന് സമർപ്പിക്കുന്നവർക്കും അപരരോട് നന്മ ചെയ്യുന്നവർക്കും പ്രതിഫലമുണ്ട്."

ആറ്: ഇസ്‌ലാം ഒരു തത്ത്വത്തിന്റെ കേവല വിവരണമല്ല; പ്രായോഗികമായ സാന്മാർഗിക നിയമങ്ങളുടെ സംഹിതയും നിത്യജീവിതത്തിനുള്ള

മാർഗദർശനവുമാണ്. ദൈവത്തോടുള്ള കർത്തവ്യത്തോടൊപ്പം തന്നെയാണ് മനുഷ്യനോടുള്ള കർത്തവ്യവും. അവനവനോട്, സഹജീവിയോട്, സ്ത്രീകളോട് ഉണ്ടായിരിക്കേണ്ട കർത്തവ്യബാധ്യത. സകാത്ത്, വിശ്വാസ സംരക്ഷണം, കരാർപാലനം, കളവും മദ്യവും നിഷിദ്ധാഹാരവും വർജിക്കൽ, സ്ത്രീകളോടും അടിമകളോടും അനാഥകളോടുമുള്ള നീതിപൂർവമായ പെരുമാറ്റം തുടങ്ങിയവ ഇസ്‌ലാമിന്റെ ക്രിയാത്മകമായ നിർദേശങ്ങളിൽ ചിലതു മാത്രം. നിങ്ങളിൽ ഉത്തമൻ കർത്തവ്യബോധമുള്ളവനാണെന്ന ദൈവകൽപന ഇസ്‌ലാമിന്റെ ഈ വശങ്ങളിൽ പ്രയോഗക്ഷമമാണ്.

ഏഴ്: വെറും വിശ്വാസത്തെ ആസ്പദമാക്കിയല്ല ഇസ്‌ലാം പ്രതിഫലം നൽകുന്നത്; പ്രത്യുത, സ്വഭാവവും പ്രവൃത്തിയും നോക്കിയാണ്.

എട്ട്: ഇസ്‌ലാം എല്ലാ സാമൂഹിക അനീതികളും തുടച്ചുനീക്കുന്നു. അടിമക്ക് മോചനത്തിനുള്ള അവകാശം പൂർണമായി അതംഗീകരിക്കുന്നു. വെറും സ്വാതന്ത്ര്യം മാത്രമല്ല. സൈന്യത്തെ നയിക്കാനും രാജ്യം ഭരിക്കാനും അഭിജാത കുടുംബത്തിലെ സ്ത്രീയെ വിവാഹം ചെയ്യാനും അവന് അവകാശമുണ്ട്. ഇസ്‌ലാമിൽ സ്ത്രീക്ക് സ്വത്തവകാശവും പിന്തുടർച്ചാവകാശവുമുണ്ട്. അവളുടെ ദാമ്പത്യബന്ധം പാരസ്പര്യത്തിലധിഷ്ഠിതമാണ്. ചാപല്യത്തിൽനിന്നും അനീതിയിൽനിന്നും സ്ത്രീക്ക് ഇസ്‌ലാം സംരക്ഷണം നൽകുന്നു. ചില പരിതഃസ്ഥിതികളിൽ അവൾക്ക് വിവാഹബന്ധം വിടർത്താനും അവകാശമുണ്ട്. ഒരു കർത്തവ്യമെന്ന നിലയിൽ പാവങ്ങളെ സഹായിക്കാൻ സന്നദ്ധമാവുന്നതിന് ആദ്യമായി ഇസ്‌ലാം ഒരു പദ്ധതി ആവിഷ്കരിക്കുന്നു. അതിന് അളവ് നിശ്ചയിച്ചിട്ടുണ്ട്. പാവപ്പെട്ടവന്ന് അത് ധാരാളം; കൊടുക്കുന്നവന്നാവട്ടെ ആദായത്തിന്റെ ഒരു ചെറിയ ഭാഗം മാത്രവും– ജീവസന്ധാരണത്തിനോ അഭിവൃദ്ധിക്കോ ഒരു തടസ്സവുമില്ല.

ഒമ്പത്: മനുഷ്യപ്രകൃതിയെ കണക്കിലെടുക്കുന്ന മതമാണ് ഇസ്‌ലാം. പ്രകൃത്യാ അവൻ ഒരു ഏകപത്നീവ്രതക്കാരനല്ല. ഭാര്യയും ഭർത്താവും തമ്മിൽ വിയോജിപ്പുണ്ടായെന്ന് വരാം. അവരെത്ര നല്ലവരായാലും ജീവിതത്തിന്റെ വർണശബളിമ കയ്യൊഴിക്കേണ്ട ആവശ്യമില്ല; പട്ടിണി കിടക്കേണ്ടതില്ല; ശരീരം വികൃതമാക്കേണ്ടതില്ല; സ്നേഹം ഇല്ലാതായാൽ പിന്നെ ദാമ്പത്യം തുടരണമെന്ന് നിർബന്ധമില്ല; ഭക്ഷ്യമാംസാദികൾക്കുള്ള സാമാന്യാഗ്രഹങ്ങൾ പരിത്യജിക്കേണ്ടതില്ല. ഭൂമിയിലോ സ്വർഗരാജ്യത്തിലോ മാത്രമായി ഒതുങ്ങാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല. തിരിച്ചടിക്കാൻ നിങ്ങളുടെ ശരീരത്തിലെ ഓരോ അണുവും ആവശ്യപ്പെടുമ്പോൾ ശത്രുവിന്ന് മറ്റേ കവിളും അടിക്കാൻ കാണിച്ചുകൊടുക്കേണ്ടതില്ല; അഥവാ, നീതിശൂന്യമായ നിയമങ്ങളെ അനുസരിക്കേണ്ടതില്ല; മർദകരെ സഹിക്കേണ്ടതില്ല.

പത്ത്: ഈശ്വരാരാധനയോടൊപ്പം കൃഷിക്കും ആർജനശീലത്തിനും സ്ഥാനം നൽകുന്ന പ്രഥമ മതമാണ് ഇസ്‌ലാം. അതുകൊണ്ടുതന്നെ ഇസ്‌ലാമിൽ മതവും ശാസ്ത്രവും അന്യോന്യബന്ധിതമാണ്. ശാസ്ത്രം പുരോഗമനോന്മുഖമായതിനാൽ മാനുഷ്യകത്തിന് മുഴുവനുമായുള്ള ഇസ്‌ലാം കാലാതീതവുമാകുന്നു. പ്രപഞ്ചത്തിൽ നിഗൂഢമായ പ്രകൃതിയുടെ ശക്തിസാധ്യതകളെ ചൂഷണം ചെയ്യുകയെന്നത് പ്രവാചകദൃഷ്ടിയിൽ മനുഷ്യസമുദായ സേവനം മാത്രമല്ല, ഈശ്വരമഹത്വത്തിന്റെ പ്രകീർത്തനം കൂടിയാണ്. അദ്ദേഹം പറയുന്നു: "ജ്ഞാനാർഥിയായി വീടു വിട്ടുപോകുന്നവൻ ഈശ്വര മാർഗത്തിലാണ് ചരിക്കുന്നത്." അദ്ദേഹം തുടരുന്നു: "സ്ത്രീയായാലും പുരുഷനായാലും ജ്ഞാനാർജനം എല്ലാവരുടെയും കർത്തവ്യമാണ്." "പണ്ഡിതന്റെ പേനയിലെ മഷിത്തുള്ളി രക്തസാക്ഷിയുടെ ചോരത്തുള്ളിയേക്കാൾ വിലപ്പെട്ടതാണ്." "ജ്ഞാനാർജനം തെറ്റും ശരിയും തിരിച്ചറിയാനുള്ള കഴിവു നിങ്ങൾക്കേകും. സ്വർഗത്തിലേക്കുള്ള പാത തിരിച്ചറിയാനുള്ള കഴിവ് നിങ്ങൾക്കേകും. സ്വർഗത്തിലേക്കുള്ള പാതയിൽ നിങ്ങൾക്കത് പ്രകാശമേകും; വിജനതയിൽ അത് നിങ്ങൾക്ക് സുഹൃത്താവും; ഏകാന്തതയിൽ തുണയാകും; ആനന്ദത്തിലേക്കുള്ള മാർഗദർശിയാകും; നിങ്ങളുടെ കഷ്ടപ്പാടുകൾ ദൂരീകരിക്കും; സുഹൃത്തുക്കൾക്കിടയിൽ അത് നിങ്ങൾക്ക് ആഭരണമാകും; ശത്രുക്കൾക്കെതിരെ ആയുധമാകും."

അങ്ങനെ വിശുദ്ധ ഖുർആൻ ഇസ്‌ലാമിക ലോകത്ത് വർണാഭമായ ഒരു സാഹിത്യ സംഭാവന മാത്രമല്ല ധാർമിക സാമൂഹിക നിയമങ്ങളുടെ സംഗ്രഹം കൂടിയാണ്. മാനവജീവിതമാകുന്ന തീക്കനലിനെ ഊതിക്കത്തിക്കുന്ന ദൈവാനുഗ്രഹമത്രെ അത്.

ലോകത്തിന്നോളമുണ്ടായിട്ടുള്ള മഹാ ഗുരുക്കന്മാരിൽ മുഹമ്മദ്നബിക്ക് മാത്രമാണ് താൻ പ്രപഞ്ചനം ചെയ്ത ആദർശാശയങ്ങൾ പ്രയോഗത്തിൽ പരീക്ഷിച്ചുനോക്കാൻ സാധിച്ചിട്ടുള്ളത്. കാരുണ്യത്തിന്റെയും സഹിഷ്ണുതയുടെയും അത്യുദാത്തമായ വികാരങ്ങൾ യേശുക്രിസ്തു പ്രകടിപ്പിച്ചിട്ടുണ്ട്. കഠിനമായി പീഡിപ്പിക്കപ്പെടുമ്പോഴും ശത്രുക്കളോട് പൊറുക്കുകയായിരുന്നു അദ്ദേഹം: "ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല." എന്നാൽ, അതുകൊണ്ടൊന്നും ശത്രുക്കൾ അദ്ദേഹത്തെ പീഡിപ്പിക്കാതിരുന്നില്ല. മാനി, സൊറാസ്റ്റർ, ബുദ്ധൻ-ഇവരെല്ലാം ക്രിസ്തുവിനെപ്പോലെത്തന്നെയായിരുന്നു; അവരുടെ മരണംവരെ മാത്രമായിരുന്നു അതെല്ലാം. വലിയൊരു വിഭാഗം ജനങ്ങൾ, അവരുടെ അധ്യാപനങ്ങൾ മനസ്സിലാക്കാനോ ജീവിതത്തിൽ പകർത്താനോ കൂട്ടാക്കിയില്ല. എന്നാൽ ഇസ്‌ലാമാകട്ടെ, അതിന്റെ പ്രവാചകന്റെ ജീവിതകാലത്തുതന്നെ കറതീർത്ത രത്നമാണത്. തനിക്കു മുമ്പ് വന്ന മറ്റു പ്രവാചകന്മാരിൽനിന്ന് വിഭിന്നമായി മുഹമ്മദ്നബി, അനാഥൻ തുടങ്ങി രാജാവ് വരെ; ആദർശ

വാദി തൊട്ട് പ്രായോഗിക മനുഷ്യൻ വരെ ജീവിതത്തിന്റെ എല്ലാ ഘട്ട ങ്ങളിലൂടെയും കടന്നുപോയിട്ടുണ്ട്. മകൻ, പിതാവ്, ഭർത്താവ്, അയൽക്കാ രൻ, വ്യാപാരി, ഉപദേശി, പീഡിപ്പിക്കപ്പെട്ട അഭയാർഥി, സുഹൃത്ത്, യോദ്ധാവ്, പടത്തലവൻ, ജേതാവ്, ന്യായാധിപൻ, ഭരണകർത്താവ്, നിയ മശിൽപി, രാഷ്ട്രതന്ത്രജ്ഞൻ, സമ്രാട്ട്-അങ്ങനെ എന്തെല്ലാം റോളുക ളിൽ അദ്ദേഹം മാതൃകകൾ കാണിച്ചിരിക്കുന്നു. അധ്യാപനങ്ങളുടെ ഉദാ ത്തതയോ വികാരങ്ങളുടെ മഹനീയതയോ കൊണ്ട് അദ്ദേഹത്തെ വില യിരുത്തേണ്ട ആവശ്യമില്ല. അദ്ദേഹത്തിന്റെ കർമങ്ങൾ നോക്കിയാൽ മതി.

മുഹമ്മദ്നബിയുടെ സൈനിക നേട്ടങ്ങളിലുള്ള മതിപ്പല്ല സ്വഫാ പർവ തത്തിൽ വച്ച് ഒരു വലിയ കൂട്ടം ആളുകളെ ഇസ്‌ലാമിലേക്ക് ആകർഷി ച്ചത്. ഭാഗ്യദേവതയുടെ മന്ദസ്മിതംകൊണ്ട് ഒന്നും പറയാനില്ല; അവൾ ചഞ്ചലയാണ്; അസ്ഥിര പ്രകൃതക്കാരിയാണ്. ഒരു സാധാരണ ബദുവിന്റെ ലളിതമായ വസ്ത്രം ധരിച്ച് തങ്ങളുടെ മുന്നിലിരുന്ന ആ മനുഷ്യനാണ് അവരെ കൂടുതലായി ആകർഷിച്ചത്. വിജയം അദ്ദേഹത്തെ ഉന്മത്തനാ ക്കിയിട്ടില്ലെന്ന്, വിജയപരാജയങ്ങളിൽ അദ്ദേഹം നോക്കുന്നത് ദൈവത്തി ലേക്കാണെന്ന് അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും നിന്നവർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്-അത്രതന്നെ ആത്മാർഥത മാനുഷ്യകത്തോടും അദ്ദേ ഹത്തിനുണ്ടെന്ന് അവർക്കറിയാം.

മക്കക്കാർ, പീഡനകാലത്തെ മുഹമ്മദിനെയാണ് അറിഞ്ഞിരുന്നത്. മദീനയിലെ അദ്ദേഹത്തിന്റെ സുവർണ കാലഘട്ടത്തെക്കുറിച്ചവർക്ക് കേട്ട റിവേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അവരുടെ മധ്യത്തിൽ അദ്ദേഹമുണ്ട്. അദ്ദേഹമവരോട് മതപ്രഭാഷണം നടത്തുന്നു; അവരുടെ രാഷ്ട്രീയകാ ര്യങ്ങളിലിടപെടുന്നു. വ്യക്തിപരവും സാമൂഹികവുമായ വിവിധ കർമ ങ്ങൾക്ക് ആഹ്വാനം നൽകുന്നു. തങ്ങളുടെ പ്രവാചക ചക്രവർത്തിയെ ഇപ്പോൾ അവർക്ക് അടുത്തുനിന്നു കാണാം.

എങ്ങനെയുള്ള മനുഷ്യനെയാണവർ കണ്ടത്?

തന്നെ പ്രശംസിക്കുന്ന കവിതകൾ വായിച്ചു കേൾക്കുമ്പോൾ ലജ്ജയും അസഹ്യതയും പ്രകടിപ്പിക്കുന്ന ഒരാൾ, കൊള്ളക്കൊടുക്കുക ളിൽ നീതിനിഷ്ഠ പുലർത്തുന്നയാൾ-മാർക്കറ്റ്വിലകൊടുത്ത് സാധന ങ്ങൾ വാങ്ങുകയും തക്കവില കൊടുക്കാൻ കഴിയാത്തപ്പോൾ വാങ്ങാ തിരിക്കുകയും ചെയ്തു, അദ്ദേഹം. ഇനി കടം വാങ്ങേണ്ടിവന്നാൽതന്നെ അത് തിരിച്ചുകൊടുക്കുന്നതുവരെ അദ്ദേഹത്തിന് മനസ്സമാധാനമില്ല. ജന നത്തിന്റെയും സമ്പത്തിന്റെയും പേരിലുള്ള വിവേചനം അദ്ദേഹത്തിന് അഹിതമാണ്. ഹജ്ജ് തീർഥാടനവേളയിൽ ഖുറൈശികൾക്കായി നീക്കി വെച്ചിരിക്കുന്ന ഒരു സ്ഥലമുണ്ട്-മുസ്ദലിഫ. അതിപ്പോൾ എല്ലാവർക്കു

മായി തുറന്നിട്ടിരിക്കയാണ്. അവിടെ ആദ്യമായെത്തുന്നവർക്ക് അഭിമാനിക്കാൻ വകയുണ്ട്. അധികാരത്തിലും പ്രതാപത്തിലും ഒട്ടും ഗർവില്ലാത്ത ഒരാളെയാണ് അവരദ്ദേഹത്തിൽ കാണുന്നത്. അടിമകളോ സാധാരണക്കാരോ ആരു ക്ഷണിച്ചാലും അദ്ദേഹം സ്വീകരിക്കും. രോഗികളെ സന്ദർശിക്കുന്നു; ജനാസയെ അനുഗമിക്കുന്നു; ദുഃഖിതരെ ആശ്വസിപ്പിക്കുന്നു. സാധാരണക്കാരനെപ്പോലെ ആളുകൾക്കിടയിൽ നടക്കുന്നു. ആവശ്യമായിടത്തെല്ലാം സഹായഹസ്തവുമായെത്തുന്നു. ആവശ്യമായവർക്കെല്ലാം ഉപദേശം നൽകുന്നു. അദ്ദേഹത്തിന്റെ ഭക്ഷണക്രമവും ജീവിതരീതിയും അതീവ ലളിതമാണ്. അതിഥിസൽക്കാരപ്രിയനാണദ്ദേഹം. നല്ലൊരു കുതിരയോട്ടക്കാരനായ നബി ഒട്ടകപ്പുറത്താണ് സഞ്ചരിക്കുക. എന്നാൽ, നടന്നുപോകുന്നതിലദ്ദേഹത്തിന് നാണക്കേടൊന്നുമില്ല. ചപല പ്രകൃതിയല്ല അദ്ദേഹത്തിന്റേത്. തമാശ ആസ്വദിക്കാനും ഹൃദയപൂർവം ചിരിക്കാനും അദ്ദേഹത്തിന് കഴിയും. ഒഴിവുള്ളപ്പോൾ കുട്ടികളോടൊപ്പം കളിക്കാനും സുഹൃത്തുക്കളോടൊപ്പം ഓട്ടമത്സരത്തിൽ പങ്കെടുക്കാനും അദ്ദേഹം സമയം കണ്ടെത്തും. പൂക്കളുടെ ഭംഗിയും സൗരഭ്യവും അദ്ദേഹം ആസ്വദിക്കാറുണ്ട്. ജീവിതരീതി ലളിതമാണെങ്കിലും ജീവിതത്തിലെ നല്ല സംഗതികൾ പരിത്യജിക്കാനുള്ള സ്വഭാവ വൈകൃതമൊന്നും അദ്ദേഹത്തിനില്ല. സ്നേഹിക്കുന്നവർക്ക് അദ്ദേഹം അത് തിരിച്ചു നൽകുന്നു. ഊഷ്മളഹൃദയനായ സുഹൃത്ത്, സൗമ്യനായ ഭർത്താവ്, നീതിമാനായ യജമാനൻ-ഇതെല്ലാമാണ് നബി. മാതൃകാസമ്പന്നനായ ഭരണാധികാരിയാണദ്ദേഹം. ക്രിസ്തുവിനെപ്പോലെ ആർദ്രഹൃദയനായ അദ്ദേഹത്തിന്റെ മനസ്സിൽ പാവങ്ങൾക്കും നിർഭാഗ്യവാന്മാർക്കും പ്രത്യേകമിടമുണ്ട്. കൊച്ചുകുഞ്ഞുങ്ങളോട് വാത്സല്യമാണദ്ദേഹത്തിന്. തുറന്ന മനസ്സ്, ചർച്ചകൾ ഇഷ്ടമാണ്; സദ്ഗുണമുള്ളവരോട് ആദരവാണ്. തെറ്റ് പറ്റിയാലതദ്ദേഹം തുറന്നു സമ്മതിക്കും-ദൈവമാകട്ടെ, മനുഷ്യനാകട്ടെ, അതിന്റെ പേരിൽ ശകാരിച്ചാലതിൽ പരിഭവമില്ല. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ഗുണം, അദ്ദേഹം തന്നെ വിശേഷിപ്പിച്ചതുപോലെ താനൊരു വെറും ദൈവദൂതനായ മനുഷ്യനേക്കാൾ മീതെ ആയിരുന്നില്ല എന്നതാണ്.

**ഏഴ്**

# മനുഷ്യൻ

**മു**സ്‌ലിംകളുമായി സഖ്യത്തിലേർപ്പെടാൻ, അവരുടെ ഭരണത്തിനു കീഴ്പ്പെടാൻ, അല്ലെങ്കിൽ പുതിയ മതം സ്വീകരിക്കാൻ വിവിധ ഗോത്രങ്ങൾ ഒന്നൊന്നായി മക്കയിലേക്കു വന്നുകൊണ്ടിരുന്നു. അപ്പോൾ, ഹവാസിനുകളും സഖീഫുകളും പ്രവാചകന്നെതിരെ ശക്തമായ പ്രതിഷേധം പടുത്തുയർത്തുകയായിരുന്നു. മുസ്‌ലിംകൾ ഒരു ആക്രമണത്തെ നേരി

ടാൻ തയ്യാറാകുന്നതിനു മുമ്പ് മക്കയെ ആക്രമിച്ച് നിസ്സഹായമാക്കുക എന്നതായിരുന്നു അവരുടെ പദ്ധതി.

അവസരോചിതമായി, യുദ്ധത്തിനു പുറപ്പെടാൻതന്നെ മുസ്‌ലിംകളുടെ നായകൻ തീരുമാനിച്ചു. ശത്രുവിന്റെ ആക്രമണ പരിപാടി അണിയറയിൽ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ പന്തീരായിരം ഭടന്മാരെ നയിക്കാൻ അദ്ദേഹം തയ്യാറായിക്കഴിഞ്ഞിരുന്നു. മദീനയിൽനിന്നു തന്നെ അനുഗമിച്ച പതിനായിരം പേർക്കു പുറമെ രണ്ടായിരം പേരെ ആ പ്രദേശത്തുനിന്ന് അദ്ദേഹം സൈന്യത്തിൽ ചേർത്തിരുന്നു. ഒരൊറ്റ നേതാവിനു കീഴിൽ അത്രയും വലിയൊരു സൈന്യം അറേബ്യയുടെ ചരിത്രത്തിൽ ഇതഃപര്യന്തം അണിചേർന്നിട്ടില്ല. അതൊരു ധീരമായ, ഉജ്ജ്വലമായ ദൃശ്യമായിരുന്നു. പ്രവാചകന്റെ ഒരനുയായിക്ക് പറയാതിരിക്കാൻ കഴിഞ്ഞില്ല: “നമ്മുടേതുപോലെ ശക്തമായൊരു സൈന്യത്തെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല.” ഈ പൊങ്ങച്ചപ്രകടനത്തിന് പ്രവാചകൻ അയാളെ ശാസിക്കുകയാണുണ്ടായത്.

മക്കയിൽനിന്ന് ഒരു ദിവസം സഞ്ചരിച്ചാൽ എത്താൻ കഴിയുന്ന ഹുനൈൻ താഴ്‌വരയിൽ പ്രവാചകൻ തമ്പടിച്ചു. എവിടെ നോക്കിയാലും നീലാകാശത്തിലേക്ക് തല ഉയർത്തിനിൽക്കുന്ന പർവതങ്ങൾ. മുന്നിൽ തന്നെ ഔതസ് മല. ഇവിടെ, പുലർച്ചക്കു മുമ്പ് ശത്രുവിനെ ഒന്നമ്പരപ്പിച്ചുകളയാമെന്ന് പ്രവാചകൻ പ്രത്യാശിച്ചു. പക്ഷേ, രാത്രി ആ പരിപാടിക്ക് തുരങ്കം വെച്ചുകളഞ്ഞു. ഹവാസിനുകളുടെ നേതാവായ മാലിക് ഇരുളിന്റെ മറവിൽ തന്റെ സൈന്യത്തിൽ പകുതിയുമായി ഗിരിനിരയിലെത്തി; ബാക്കിയുള്ളവരെ പിൻനിരയിലേക്കും അയച്ചു. മുസ്‌ലിംസേന ചെകുത്താന്നും കടലിനുമിടയിൽ പെട്ടിരിക്കുന്നതാണ് നേരം പുലർന്നപ്പോൾ കണ്ടത്. പ്രവാചകന്റെ സേനാംഗങ്ങൾക്ക് മിക്കവർക്കും ധൈര്യം ചോർന്നുപോയി. അവർ അഭയം തേടി അയൽപ്രദേശങ്ങളെ പ്രാപിച്ചു. മറ്റുള്ളവർ അർധമനസ്സോടെയാണ് യുദ്ധത്തിന് തയ്യാറായത്. പ്രവാചകൻ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. ഇരുപതു വർഷത്തെ കഠിനപ്രയത്നം ഒരു ദിവസംകൊണ്ട് ഇല്ലാതാവുകയെന്നു വെച്ചാൽ.......!

മുസ്‌ലിംസേന ഇരുവശത്തും ദുർബലമായി പൊരുതിക്കൊണ്ടിരുന്നു. യുദ്ധം സുദീർഘവും രക്തരൂഷിതവുമായിരുന്നു. പല വിപര്യയങ്ങൾക്കും ശേഷം, വിജയം ബിംബാരാധകർക്കും മുസ്‌ലിംകൾക്കുമിടയിൽ ഒരുപോലെ ചാഞ്ചാടിക്കൊണ്ടിരിക്കുമ്പോൾ അതാ പലായനം ചെയ്യുന്ന ശത്രുവിനും ജൈത്രയാത്ര ചെയ്യുന്ന മുസ്‌ലിംകൾക്കും സായാഹ്നം സാക്ഷ്യം വഹിക്കുകയായി.

ഹവാസിനുകൾ അഭയംതേടിയ ത്വാഇഫ് വരെ നബി, മാലികിനെ തോൽപിച്ച്, അനുധാവനം ചെയ്തു ചെന്നു. ഒരുഗ്ര സംഘട്ടനത്തിനു

ശേഷം കീഴടങ്ങിയ ആ നഗരത്തിന് മുസ്‌ലിംകൾ ഉപരോധമേർപ്പെടുത്തി. യുദ്ധമുതലുകൾ അനവധിയായിരുന്നു-ആറായിരം തടവുകാർ, നാൽപതിനായിരം ആടുകൾ, നാലായിരം ഔൺസ് വെള്ളി, ഇരുപത്തിനാല് ഒട്ടകങ്ങൾ. ഏറെത്താമസിയാതെ ഹവാസിൻ എല്ലാ വ്യവസ്ഥകളും സമ്മതിച്ച് അവരെല്ലാം മുസ്‌ലിംകളായി. തങ്ങളുടെ മുതലുകൾ തിരിച്ചു നൽകണമെന്ന് അവർ യാചിക്കയായി; തടവുകാരെയും.

“എന്റെ പടയാളികൾ നിങ്ങളുടെ ആവശ്യങ്ങൾ മുഴുവൻ സമ്മതിച്ചെന്നു വരില്ല. ഏതെങ്കിലുമൊന്നുമാത്രം ആവശ്യപ്പെടുക”- നബി പറഞ്ഞു.

പത്തു ദിവസത്തെ തിരക്കിട്ട ആലോചനകൾക്കു ശേഷം തടവുകാരെയെങ്കിലും വിട്ടയക്കണമെന്ന് ഹവാസിനുകൾ അപേക്ഷിച്ചു. സ്ത്രീപുരുഷന്മാരും കുട്ടികളുമടക്കം ആറായിരം പേർ അങ്ങനെ മോചിതരായി. മാലികിന്, മുസ്‌ലിമായതിൽ അഭിനന്ദിച്ച് പാരിതോഷികമായി നൂറ് ഒട്ടകങ്ങളെ നൽകുകയും ചെയ്തു. അയാളുടെ വ്യക്തിപരമായ മുതലുകളും തിരിച്ചുകൊടുത്തു. പൊതുമുതലായിത്തീർന്ന യുദ്ധമുതലിന്റെ അഞ്ചിലൊന്ന് ഹവാസിനുകളോടുള്ള സൗമനസ്യത്തിന്റെ സൂചനയെന്നോണം മടക്കിക്കൊടുത്തു. മാലികിനെ ത്വാഇഫിലെ ഗവർണറായി നിയമിച്ചതിനു ശേഷം, തനിക്ക് വിജയം നൽകിയ അല്ലാഹുവിന് നന്ദി പറയാൻ നബി മക്കയിലെത്തി.

പിടിച്ചെടുത്ത യുദ്ധമുതലുകൾ തിരിച്ചുകൊടുക്കുകയെന്നത് രേഖപ്പെടുത്തപ്പെടേണ്ട സംഭവമാണ്. അനന്തരം അവ പങ്കുവെച്ചപ്പോൾ പഴയ മദീനാ മുസ്‌ലിംകളേക്കാൾ സിംഹഭാഗവും ലഭിച്ചത് നവ മുസ്‌ലിംകളായ മക്കക്കാർക്കാണ്. ഇതിൽ അൻസ്വാരികളിൽ ചിലർ അലോസരപ്പെട്ടപ്പോൾ പ്രവാചകൻ പറഞ്ഞു: “അൻസ്വാരികളേ, നിങ്ങൾക്കു കിട്ടിയ യുദ്ധമുതലുകളിൽ നിങ്ങൾ തൃപ്തരല്ലെന്ന് ഞാൻ കേട്ടു. ഇരുളിൽ അലഞ്ഞു ഞാൻ നിങ്ങളുടെ അടുത്തെത്തിയത്, അല്ലാഹു ശരിയായ വഴി കാണിച്ചതുകൊണ്ടായിരുന്നുവെന്ന് ഞാനോർമിപ്പിക്കട്ടെ. ദുഃഖിതരായ നിങ്ങൾക്കവൻ ആഹ്ലാദം തന്നു. ശത്രുതയോടെ പരസ്പരം കലഹിച്ചിരുന്ന നിങ്ങളുടെ ഹൃദയങ്ങളിലവൻ പരസ്പരസ്നേഹവും സൗഹൃദവും ഉളവാക്കി; ശരിയല്ലേ?”

“അല്ലാഹുവിന്റെ നബിയേ, സത്യം തന്നെ”- അൻസ്വാരികളുടെ നേതാവ് പറഞ്ഞു.

“അല്ല അൻസ്വാരികളേ, അത് മാത്രമല്ല, എന്റെ വിളിക്ക് യഥാർഥത്തിൽ ഉത്തരം നൽകിയവർ നിങ്ങളാണ്. യൗവനത്തിന്റെ നാളുകളിൽ ഞാൻ പരീക്ഷിക്കപ്പെടുകയായിരുന്നു. നുണയനെന്നു പറഞ്ഞു എന്റെ ജനങ്ങൾ എന്നെ തിരസ്കരിച്ചപ്പോൾ ഞാൻ നിങ്ങളുടെ അടുത്തുവന്നു;

നിസ്സഹായനായൊരു അഭയാർഥിയായി ഞാൻ നിങ്ങളെ സമീപിച്ചു; നിങ്ങൾ എന്നെ വിശ്വസിച്ചു; നിങ്ങളെന്നെ സഹായിച്ചു. ഞാൻ സമുദായഭ്രഷ്ടനായിരുന്നു; പാവപ്പെട്ടവനായിരുന്നു; നിങ്ങളെനിക്ക് അഭയം നൽകി. ഞാൻ അസ്വസ്ഥനായിരുന്നു; നിങ്ങളെന്നെ സാന്ത്വനിപ്പിച്ചു. അൻസ്വാരികളേ, പ്രാപഞ്ചികനേട്ടങ്ങൾ സമചിത്തത നഷ്ടപ്പെടുത്താൻ നിങ്ങൾ സ്വയം അനുവദിക്കുകയാണോ? അല്ലാഹുവാണെ സത്യം; ഞാൻ നിങ്ങളെ ഒരിക്കലും കൈവെടിയില്ല. അൻസ്വാരികളേ, മനുഷ്യരാശി മുഴുവൻ വന്നാലും ഞാൻ നിങ്ങളോടൊപ്പമായിരിക്കും."

സദസ്സ് ഇളകിമറിഞ്ഞു. അവരൊന്നിച്ച് പറഞ്ഞു: "അവിടുന്ന് ഞങ്ങളോടൊപ്പമുണ്ടായേ തീരൂ. യുദ്ധമുതലിനെക്കുറിച്ച് ഇനി ഞങ്ങൾ കലഹിക്കില്ല."

അങ്ങനെ ഹിജ്റയുടെ എട്ട് സംവത്സരങ്ങൾ പൂർത്തിയായി. മുസ്ലിംകളുടെ നേട്ടങ്ങൾക്ക് ഒന്നിലധികം പ്രത്യേകതകളുണ്ടായിരുന്നു. മക്കാവിജയവും ഗ്രീക്കുകാരുടെ പരാജയവും ഹുനൈൻ വിജയവും ഇസ്ലാമിന്റെ പൂർത്തീകരണവും. നബിയുടെ സ്വകാര്യജീവിതത്തിലും ഇത് ആനന്ദകരമായ ഒരു ഘട്ടമായിരുന്നു. ഈജിപ്തിലെ മുഖൗഖിസ് അയച്ചുകൊടുത്ത മാരിയ എന്ന കോപ്റ്റിക് യുവതിയിൽ അദ്ദേഹത്തിന് ഒരു കുഞ്ഞു ജനിച്ചു. അവന് ഇബ്റാഹീം എന്നു പേരിട്ടു. ഒരു ആൺകുഞ്ഞിനുവേണ്ടിയുള്ള നീണ്ട കാലത്തെ കാത്തിരിപ്പിനു ശേഷം കൈവന്ന ആ ഭാഗ്യം കുടുംബത്തിൽ അതിരറ്റ ആഹ്ലാദമുയർത്തി. ഖദീജയുടെ വിയോഗത്തിനുശേഷം പല കുടുംബിനികളും അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ആഇശയെയും ഹഫ്സ്വയെയും പോലെ സുന്ദരികൾ. ആവശ്യമുണ്ടായിട്ടല്ല; സാഹചര്യമാണ് അദ്ദേഹത്തെ അവരുമായുള്ള ദാമ്പത്യബന്ധത്തിൽ എത്തിച്ചത്. യഹൂദരെ പ്രീതിപ്പെടുത്താൻ സ്വഫിയയെയും ഖുറൈശികളെ തൃപ്തിപ്പെടുത്താൻ മൈമൂനയെയും ബനുൽ മുസ്ത്വലിഖുകാരെ സന്തോഷിപ്പിക്കാൻ ജുവൈരിയയെയും വിവാഹം ചെയ്യുകയായിരുന്നു അദ്ദേഹം. മറ്റു വിവാഹങ്ങളൊക്കെ, തന്റെ അനുയായികളിൽ പ്രിയപ്പെട്ടവരുടെ വിധവകളുമായിട്ടായിരുന്നു– ഉമ്മുഹബീബ, സൗദ, ഹഫ്സ്വ ഇവരെല്ലാം ഈ പട്ടികയിൽപെടുന്നു. മാരിയ–നൈലിന്റെ തീരത്തുനിന്ന് കിട്ടിയ ആ മനോഹര കുസുമം– ഭാര്യയായത് ഇത്തരം കാരണങ്ങളാലൊന്നുമല്ല. അതിന് കൂടുതൽ സാധാരണമായ ഒരു പശ്ചാത്തലമുണ്ടായിരുന്നു.

മക്കാവിജയംപോലെ, ബൈസാന്റിയൻ വിജയംപോലെ അദ്ദേഹത്തിന് ആഹ്ലാദകരമായിരുന്നു ഇബ്റാഹീമിന്റെ ജനനവും.

## 2

പത്താം വർഷത്തിന്റെ ആരംഭഘട്ടം. ദൂരസ്ഥലങ്ങളിൽനിന്ന്-യമനിലും ബഹ്റൈനിലും നിന്ന്, പേർഷ്യയുടെയും സിറിയയുടെയും അതിർത്തിഘട്ടങ്ങളിൽനിന്ന് മദീനയിലേക്കുള്ള പ്രതിനിധിപ്രവാഹം. ചിലർ ഇസ്ലാമിനെ ആശ്ലേഷിക്കുന്നു; മറ്റു ചിലർ സഖ്യമുണ്ടാക്കുന്നു. ഇസ്ലാമിന്റെ സൂര്യൻ ഇപ്പോൾ അതിന്റെ മധ്യാഹ്നപ്രഭയിലാണ്. തെളിഞ്ഞ ആകാശത്ത് അത് പ്രോജ്ജ്വലിക്കുകയാണ്. രക്തബന്ധുക്കൾ തമ്മിലുള്ള കലഹവും ബഹുദൈവതാനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞ പ്രാകൃതയുഗം അറിവിന്റെയും ധാരണയുടെയും മാനുഷികതയുടെയും പ്രബുദ്ധ യുഗത്തിന് വഴിമാറിക്കൊടുത്തിരിക്കുന്നു. ഇസ്ലാമിനും അതിന്റെ പ്രവാചകന്നും അഭിവാദ്യമർപ്പിക്കാൻ വടക്കുനിന്നും തെക്കുനിന്നും പ്രതിപുരുഷന്മാരെത്തിക്കൊണ്ടിരുന്നു.

മുസ്ലിം രാഷ്ട്രത്തിന്റെ സഖ്യകക്ഷിയെന്ന നിലയിൽ തങ്ങളുടെ കർത്തവ്യാവകാശങ്ങൾ രേഖപ്പെടുത്തിയ ചർമപത്രങ്ങളുമായിട്ടാണ് ചിലർ മടങ്ങിയതെങ്കിൽ, മറ്റു ചിലർ ഇസ്ലാമിക നേതാവിന്റെ ഉപഹാരങ്ങളുമായിട്ടാണ് തിരിച്ചുപോയത്. ഇനിയും ചിലർ തങ്ങളുടെ ജനങ്ങളെ പുതുമതത്തെക്കുറിച്ച് പഠിപ്പിക്കാൻ അധ്യാപകരുമായിട്ടാണ് പോയത്. ഭൂരിഭാഗം പേരും തങ്ങളുടെ വിശ്വാസം ഉപേക്ഷിച്ച് പുതുവിശ്വാസം സ്വീകരിച്ചു; ജീർണവസ്ത്രമുപേക്ഷിച്ച് പുതുവസ്ത്രമണിയുന്നവരെപ്പോലെ.

അക്കൂട്ടത്തിൽ സഖീഫ് ഗോത്രക്കാരും സോപാധികമായി ഇസ്ലാം സ്വീകരിക്കാൻ വന്നിരുന്നു. രണ്ടഭ്യർഥനകളാണ് അവർക്കുണ്ടായിരുന്നത്. നമസ്കാരത്തിൽനിന്ന് അവരെ ഒഴിവാക്കണമെന്നത് ആദ്യത്തെ ആവശ്യം. പിന്നെ, ലാത്ത എന്ന അവരുടെ വിഗ്രഹദൈവത്തെ മൂന്ന് വർഷംകൂടി നിലനിർത്താൻ അനുവദിക്കണം. ഈ അഭ്യർഥന നടക്കുമ്പോൾ സന്നിഹിതനായിരുന്ന ഉമറിന് കോപമടക്കാൻ കഴിഞ്ഞില്ല. അതിന്നനുവദിക്കരുതെന്ന് പ്രവാചകനെ പ്രേരിപ്പിക്കുംവിധം ഉമർ പറഞ്ഞു: "നിങ്ങൾ നരകാഗ്നിയിൽ വെന്തെരിയും."

"ഞങ്ങൾ സംസാരിക്കുന്നത് മുഹമ്മദിനോടാണ്, നിങ്ങളോടല്ല."- സഖീഫ് ദൂതൻ പരുഷമായി പറഞ്ഞു.

"നല്ലത്"- പ്രവാചകൻ പറഞ്ഞു: "നിങ്ങളുടെ നിർദേശം സ്വീകാര്യമല്ല. നിങ്ങൾക്ക് രണ്ടിലൊന്ന് തെരഞ്ഞെടുക്കാം. ഒന്നുകിൽ ഇസ്ലാം, അല്ലെങ്കിൽ ലാത്ത."

സഖീഫുകാർ ഇടിവെട്ടേറ്റതുപോലെയായി.

"ആറു മാസം കൂടിയെങ്കിലും? വെറും ആറുമാസം മാത്രമാണ് ലാത്തക്കുവേണ്ടി ഞങ്ങൾ യാചിക്കുന്നത്."

"ഇല്ല."

“എങ്കിൽ ഒരു മാസം?”

“ഇല്ല, ഒരു മണിക്കൂർ പോലും അനുവദിക്കാനാവില്ല.”

അവർ സ്വന്തം നഗരത്തിലേക്ക് മടങ്ങി. ഒപ്പം പോയ ഏതാനും മുസ്ലിം യോദ്ധാക്കൾ ലാത്തയെ തച്ചുടച്ചുകളഞ്ഞു.

അങ്ങനെ, ഇസ്ലാമിന്റെ സന്ദേശം വ്യാപകമായിക്കൊണ്ടിരുന്നു. വിശുദ്ധ ഖുർആനിലെ അധ്യായങ്ങൾ (സൂറകൾ) വ്യവസ്ഥാപിതമായ രീതിയിൽ ചിട്ടപ്പെടുത്താൻ നബി നിർദേശം നൽകി. എല്ലാ അധ്യായങ്ങളും പൂർണമായി മനഃപാഠമാക്കിയ പലരും ഉണ്ടായിരുന്നു. അതുകൊണ്ട് കൈയെഴുത്തുപ്രതികൾ നഷ്ടപ്പെട്ടാലും ഖുർആനികസൂക്തങ്ങൾ നഷ്ടപ്പെടുകയില്ല എന്നുറപ്പുണ്ടായിരുന്നു. ഒരു വരിപോലും, ഒരു ച്ചാരണം പോലും തെറ്റാതെ വിശുദ്ധ ഖുർആൻ അതിന്റെ മൂലശുദ്ധിയോടെ നിലനിർത്താൻ ഇത് വളരെ സഹായിച്ചു. യഥാർഥത്തിൽ വെളിപാടിന്റെ ആദ്യവർഷങ്ങളിൽതന്നെ വിലപ്പെട്ട ആ വിശുദ്ധോക്തികൾക്ക് മൂലഭ്രംശം സംഭവിക്കാതിരിക്കാൻ പ്രവാചകൻ മുൻകരുതൽ എടുത്തിരുന്നു. ദിവ്യവചനങ്ങൾ അവതരിച്ച ഉടനെ അത് പറഞ്ഞുകൊടുക്കുകയാണദ്ദേഹം ചെയ്തിരുന്നത്. ആദ്യം ഇവയിലധികവും എഴുതിയെടുത്തിരുന്നത് സൈദുബ്നു സാബിത് ആയിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ആ കർത്തവ്യം അബൂബക്ർ, ഉമർ, അലി, അബ്ദുല്ലാഹിബ്നു മസ്ഊദ്, സുബൈർ, ഖാലിദ് തുടങ്ങി പലരും പങ്കിട്ടിട്ടുണ്ട്. ദിവ്യവചനങ്ങളല്ലാതെ മറ്റൊന്നും തന്നെ എഴുതിപ്പോകരുതെന്ന് അദ്ദേഹം അവരോട് നിർദേശിച്ചിരുന്നു; ദിവ്യസൂക്തമേത് പ്രവാചകവചനമേത് എന്ന ആശയക്കുഴപ്പം ഉണ്ടാവാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്.

ഇതാണ് ഇസ്ലാമികനിയമത്തിന്, അതായത് ശരീഅത്തിന് അടിസ്ഥാനം. മതേതരനിയമത്തെ അപേക്ഷിച്ച് ജീവിതത്തിന്റെ എല്ലാ വശങ്ങളെയും പരാമർശിക്കുന്ന ഈ നിയമത്തിന് വ്യാപകമായ പ്രായോഗികതലങ്ങളുണ്ട്- ദൈവത്തോടും അയൽവാസിയോടും തന്നോടുതന്നെയുമുള്ള കർത്തവ്യങ്ങൾ. ശരീഅത്ത് സദാചാരവും മതപരവും നിയമപരവുമായ ഒരു പെരുമാറ്റസംഹിതയാണ്. അത് മുസൽമാന്റെ സ്വകാര്യജീവിതത്തെ മാത്രം നിയന്ത്രിക്കുന്ന ഒന്നല്ലതന്നെ. പിന്തുടർച്ചാവകാശം, വിവാഹം, വിവാഹമോചനം എന്നിവയുടെയെല്ലാം നിയമങ്ങൾ സ്പഷ്ടമായി നിർവചിക്കപ്പെട്ടിരിക്കുന്നു. ക്രിമിനൽ നിയമത്തിന്റെ ശാഖകളുമുണ്ടതിന്. ഇസ്ലാമിന്റെ നിയമം അതിന്റെ മതതത്ത്വങ്ങളും പ്രയോഗവുമെന്നതുപോലെത്തന്നെ പ്രഥമമായും ദൈവപ്രോക്തമാണ്; ദൈവവചനങ്ങൾ മാത്രമുൾക്കൊള്ളുന്ന വിശുദ്ധ ഖുർആനിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടുള്ളതാണ്. രണ്ടാമത്, പ്രവാചകവചനങ്ങളും പ്രവാചകചര്യകളുമടങ്ങുന്ന ഹദീസുകളെ ആസ്പദമാക്കിയുള്ളതാണ്; അവ ഖുർആനികാധ്യാപനങ്ങൾക്ക് അനുബന്ധമായി പരിഗണി

ക്കപ്പെടുന്നു. കാരണം, ജനങ്ങളുടെ കണ്ണിൽ പ്രവാചകൻ ഒരു പ്രചോദനശക്തിയാണ്. താൻ പോകുന്നിടത്തെല്ലാം അദ്ദേഹം സമൂഹപ്രാർഥന നയിക്കുന്നു. അദ്ദേഹത്തിന്റെ പരമോന്നത കോടതിയിലാണ് ആളുകൾ ആവലാതികളുമായെത്തുന്നത്. പൊതുഭരണവും സൈനികവ്യൂഹവും അദ്ദേഹത്തിന്റെ കീഴിലാണ്. മദീനയിലെ ഒരു ന്യായാധിപനിലൂടെയെന്നോണമാണ്, നബിയിലൂടെ ഇസ്‌ലാമിക നിയമം വികാസം പൂണ്ടു തുടങ്ങുന്നത്. വിശുദ്ധ ഖുർആനാണ് അദ്ദേഹത്തിനു മാർഗനിർദേശം നൽകിയത്. ഖുർആൻ നിശ്ശബ്ദത പാലിക്കുന്നിടത്ത് അദ്ദേഹം സ്വന്തം തീർപ്പുകൾ കൽപിച്ചു. നീതിന്യായപരവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് നിയമിക്കപ്പെട്ട തന്റെ കീഴുദ്യോഗസ്ഥന്മാരോട് ഖുർആനെ അടിസ്ഥാനപ്രമാണമായി ആദ്യമെടുക്കണമെന്നാണ് അദ്ദേഹം നിർദേശിച്ചത്. അതിനുശേഷം അത്തരം കേസുകളിൽ പ്രവാചകന്റേതായ എന്തെങ്കിലും കീഴ്‌വഴക്കമോ മാതൃകയോ ഉണ്ടോ എന്നു നോക്കി അതനുസരിച്ച് പ്രവർത്തിക്കണം. അതു രണ്ടുമില്ലെങ്കിൽ സ്വന്തം യുക്തിയും ബുദ്ധിയും അനുസരിച്ച്, ഏറ്റവും നീതിപൂർവം തീരുമാനങ്ങളെടുക്കാൻ അവർ അനുവദിക്കപ്പെട്ടിരിക്കുന്നു. ഈ അവകാശം നബിതന്നെ വ്യക്തമായി അംഗീകരിച്ചിട്ടുള്ളതാണ്. യമനിലേക്ക് ഗവർണറായി നിയമിതനായ മുആദിനോട്, അവിടത്തെ ജനങ്ങളുടെ മേൽ എന്ത് നിയമമാണ് നടപ്പാക്കാൻ പോകുന്നതെന്ന് പ്രവാചകൻ ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറയുകയുണ്ടായി: "ഖുർആനിക നിയമം."

"ദിവ്യഗ്രന്ഥത്തിൽ വ്യക്തമായ നിർദേശമൊന്നും കണ്ടില്ലെങ്കിലോ?"

"പ്രവാചകചര്യകൾ പിന്തുടരും."

"പ്രവാചകചര്യയിലും കണ്ടില്ലെങ്കിലോ?"

"ഞാൻ എന്റേതായ തീരുമാനമെടുക്കും."

"അല്ലാഹുവിന്നു സ്തുതി"- കരങ്ങളുയർത്തി അദ്ദേഹം പറഞ്ഞു: "നിന്റെ പ്രവാചകന് നീ ഇച്ഛിക്കുന്ന രീതിയിൽ മാർഗദർശനം നൽകുന്നത് നീ മാത്രം."

ഖുർആന്റെ അധ്യാപനങ്ങളുമായി പൊരുത്തപ്പെടുന്നതാണീ സംഭവം. പല സൂക്തങ്ങളിലും യുക്തിപ്രയോഗത്തെ അഭിനന്ദിക്കുന്നുണ്ട്. അത് ബുദ്ധിപൂർവകവും പ്രബുദ്ധവുമായ ഒരു നീതിന്യായ വ്യവസ്ഥക്ക് അസ്തിവാരമിട്ടു. ആനുഷംഗികമായി പറയട്ടെ, ഇസ്‌ലാമിക നിയമസംഹിതയിൽ ഒന്നുംതന്നെ വിട്ടുപോയിട്ടില്ല. അത് ഉന്നതസ്ഥാനീയർക്കും താഴേക്കിടയിലുള്ളവർക്കും ഒരുപോലെ ബാധകമാണ്.

ഇസ്‌ലാമിന്റെ പ്രാദേശികാതിർത്തി കൂടുതൽ വ്യാപിച്ചപ്പോൾ, സാമ്രാജ്യത്തിന്റെ എല്ലാ ഭരണകാര്യങ്ങളിലും പ്രവാചകന് നേരിട്ട് ഇടപെടാൻ

കഴിയില്ലെന്നുവന്നു. ചില കർത്തവ്യങ്ങൾക്ക് അദ്ദേഹം പ്രതിനിധികളെ ചുമതലപ്പെടുത്തി. ഇസ്‌ലാമിന്റെ ശക്തി മദീനാ നഗരത്തിൽ മാത്രമായി ഒതുങ്ങിയിരുന്നപ്പോൾ പോലും ബദ്ർ, ഖൈബർ തുടങ്ങിയ യുദ്ധത്തിനും മറ്റും പോകുമ്പോൾ മദീനയുടെ ഭരണകാര്യം അദ്ദേഹം ഒരു ഡെപ്യൂട്ടിയെ ഏൽപിച്ചിരുന്നു. ഇപ്പോൾ ദൂരെയുള്ള സാമ്രാജ്യഭാഗങ്ങളിൽ നികുതി പിരിക്കുന്നതിനും മറ്റുമായി ഗവൺമെന്റ് ഏജൻസികളെ നിയോഗിച്ചു. ഓരോ മുസൽമാനും നിർബന്ധമായി നൽകേണ്ട സകാത്ത് (ഇത് രാഷ്ട്രത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ളതാണ്), അമുസ്‌ലിംകൾ നൽകേണ്ട ജിസ്‌യ (പൗരനികുതി), ഖറാജ് (ഭൂനികുതി), യുദ്ധത്തിൽ പിടിച്ചെടുത്ത മുതലിന്റെ അഞ്ചിലൊന്ന്- ഇവയായിരുന്നു സർക്കാറിന്റെ വരുമാന മാർഗങ്ങൾ.

# 3

മിക്ക ഗോത്രങ്ങളും മുസ്‌ലിം ഭരണത്തിന് കീഴ്പ്പെടുകയോ അതുമായി സഖ്യമുണ്ടാക്കുകയോ ചെയ്തിരുന്നതുകൊണ്ട് അറേബ്യയിൽ സമാധാനം നിലനിന്നിരുന്നുവെങ്കിലും ഒരു ആപത്ക്കരമായ ഭീഷണി ചക്രവാളത്തിൽ തൂങ്ങിക്കിടന്നിരുന്നു. പേർഷ്യക്കാരുടെമേൽ നേടിയ വിജയം, അഗസ്റ്റസിന്റെ കാലത്തെ റോമാക്കാരെപ്പോലെ ഹെർക്കുലീസിനെ ലഹരി പിടിപ്പിച്ചു. അറേബ്യൻ സാമ്രാജ്യം കീഴ്പ്പെടുത്താനുള്ള ഒരു വ്യാമോഹമായി അത് വളർന്നു. ബൈസാന്റിയൻ സാമ്രാജ്യത്തിലെ സാമന്ത രാജാക്കന്മാർ, ഭീകര രക്ഷസ്സുകളെപ്പോലെ സിറിയൻ അതിർത്തികളിൽ കൂടി.

വിപുലമായ പടയൊരുക്കം നടന്നുകൊണ്ടിരിക്കുന്നുവെന്ന വാർത്ത നബിയുടെ ചെവികളിലെത്തി. സമാധാനം നിലനിർത്താൻ താൻ എത്ര തന്നെ ശ്രമിച്ചിട്ടും അതിന് കഴിയുന്നില്ല. ഗുരുതരമായ ഒരു വിപത്തിനെ ഗൗരവപൂർവം ഇപ്പോൾ തന്നെ നേരിടേണ്ടിയിരിക്കുന്നു. സാമ്രാജ്യനായകനോ ഭരണാധികാരികളോ മാത്രമല്ല, മുസ്‌ലിംകൾ ഒന്നടങ്കം ആ ഭീഷണിയെ അഭിമുഖീകരിക്കേണ്ടതുണ്ട്. അറബ് ഗോത്രങ്ങൾക്കെതിരെ വിജയകരമായ യുദ്ധതന്ത്രമാണ് രൂപം കൊണ്ടത്. എന്നാൽ, സുസംഘടിതരായ ഗ്രീക്കുകാർക്കെതിരെ കാര്യമായ ഒരുക്കങ്ങളൊന്നും ചെയ്തിരുന്നില്ല. ആൾബലവും ആയുധബലവും കുറവ്, ശത്രുക്കൾക്കെതിരെ അതിവേഗമുള്ള കൗശലപൂർവമുള്ള യുദ്ധതന്ത്രമാണാവശ്യം. വൻ യുദ്ധങ്ങളാണിക്കാലത്തിന്റെ പ്രത്യേകത. ശത്രുവിനോട് തുല്യനിലയിലുള്ള ഒരു സൈന്യത്തെ പടക്കളത്തിലിറക്കാൻ നബിയും അദ്ദേഹത്തിന്റെ സേനാനായകരും ശ്രമിച്ചുതുടങ്ങി. റജബ് മാസത്തിലായിരുന്നു ഈ പടനീക്കം. ഗ്രീഷ്മത്തിന്റെ മധ്യത്തിലാണ് അറേബ്യ. ഗ്രീഷ്മത്തിൽ ഇത്രമാത്രം എരി

പൊരികൊള്ളുന്ന ഒരു ഭൂവിഭാഗം മറ്റെങ്ങുമില്ല. സൈന്യത്തിലേക്ക് ആളെ കിട്ടാൻ വേനൽക്കാലം തടസ്സമായി. പലരും ചഞ്ചലചിത്തരായി കാണപ്പെട്ടു. ചിലർ സൈന്യത്തിൽനിന്ന് വിട്ടുപോവുക വരെ ചെയ്തു. ചൂടിനെക്കുറിച്ച് പരാതിപ്പെടുന്നവരെ നബി ഭീകരമായ നരകച്ചൂടിനെക്കുറിച്ചാണ് ഓർമിപ്പിച്ചത്. എന്നാൽ, എല്ലാ കാര്യങ്ങളും പരിഗണിക്കുമ്പോൾ അദ്ദേഹത്തിന്റെ ആഹ്വാനത്തിനുള്ള പ്രതികരണം അദ്ഭുതകരമായിരുന്നു. ഇസ്‌ലാമിനുവേണ്ടി തങ്ങൾക്കുള്ളതെല്ലാം നൽകാൻ തയ്യാറായവർ കുറച്ചൊന്നുമായിരുന്നില്ല. പുതിയ സൈനിക വിജയങ്ങളുണ്ടാകുമെന്ന് ചിലർ പ്രതീക്ഷിച്ചു.

എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. മദീനയിലെ ഭരണകൂടത്തിന്റെ ചുമതല വിശ്വസ്തനായ അലിയെ ഏൽപിച്ചതിനുശേഷം ഇരുപതിനായിരം കാലാൾഭടന്മാരെയും ആറായിരം അശ്വഭടന്മാരെയും നയിച്ചുകൊണ്ട് നബി സിറിയൻ അതിർത്തിയിലേക്ക് പുറപ്പെട്ടു. ചുട്ടുപൊള്ളുന്ന വെയിൽ സഹിക്കാനാവാതെ, പൊടിപടലങ്ങൾ ശ്വസിച്ചും ദാഹിച്ചുവലഞ്ഞും നൂറുകണക്കിന് യോദ്ധാക്കൾ വഴിയിൽ വീണു. യാതൊരു മുറുമുറുപ്പും പരാതിയുമില്ലാതെ, തങ്ങളെ നയിച്ചുകൊണ്ടിരുന്ന നേതാവിന്റെ മാതൃക മാത്രമാണ്, സൈന്യത്തിന്റെ ആവേശം നിലനിർത്താനുണ്ടായിരുന്നത്; തീരുമാനത്തിലുറച്ചുനിൽക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നത്.

മദീനക്കും ദമാസ്കസിനും ഇടക്കുള്ള തബൂക്കിൽ എത്തിയപ്പോൾ ആ പ്രദേശത്തിന്റെ ശാദ്വലത അവരെ അൽപം വിശ്രമിക്കാൻ പ്രേരിപ്പിച്ചു. അവിടെ എത്തിയപ്പോഴാണദ്ദേഹം അറിയുന്നത്, ഗ്രീക്കുകാർക്ക് തന്റെ സാമ്രാജ്യത്തെ ആക്രമിക്കാൻ ഉടനെയൊന്നും പരിപാടിയില്ലെന്ന്. ദമാസ്കസും സിറിയയുടെ ഒരു ഭാഗവും തന്റെ രാജ്യത്തോട് കൂട്ടിച്ചേർക്കാനുള്ള ആൾബലമൊക്കെ പ്രവാചകന്റെ സൈന്യത്തിനുണ്ട്. പക്ഷേ, സാമ്രാജ്യവികസനത്തെക്കുറിച്ചുള്ള അലക്സാണ്ട്രിയൻ വ്യാമോഹങ്ങളൊന്നും അദ്ദേഹത്തിനില്ല. താരതമ്യേന അദ്ദേഹത്തിന് പ്രായം കൂടുതലാണ്. നല്ല സുഖവുമില്ല. തന്റെ ജീവിതദൗത്യം പൂർത്തിയായിക്കഴിഞ്ഞു; സ്വപ്നങ്ങൾ യാഥാർഥ്യമായിക്കഴിഞ്ഞു. അതുകൊണ്ട് തബൂക്കിൽ കിട്ടിയ വാർത്ത അദ്ദേഹത്തെ ആശ്വസിപ്പിച്ചു. പിന്നെ നാട്ടിലേക്ക് തിരിച്ചുപോകാൻ വൈകിയില്ല.

മടക്കയാത്ര ആരംഭിക്കുംമുമ്പ് ഒരു സംഭവമുണ്ടായി. സിറിയൻ അതിർത്തിക്കടുത്ത് കിടക്കുന്ന നഗരമുഖ്യന്മാർ ഒരു ക്രിസ്ത്യൻ രാജകുമാരനുവേണ്ടി ഒരഭ്യർഥന നടത്തി. ആ രാജകുമാരൻ, തബൂക്കിൽ നബി എത്തിയതറിഞ്ഞ ഉടനെ തന്റെ കോട്ടയിൽ സ്വയം ബന്ധനസ്ഥനായിക്കൊണ്ട്, തന്നെ ആക്രമിക്കാൻ കഴിയുമോ എന്ന് മുസ്‌ലിം സേനയെ വെല്ലുവിളിച്ചു. ആ വെല്ലുവിളി സ്വീകരിച്ച് ഖാലിദിന്റെ നേതൃത്വത്തിൽ നാനൂറ് അശ്വഭടന്മാരെ നബി അയച്ചു. ഒളിച്ചിരുന്ന ക്രിസ്ത്യാനികളെ

ഖാലിദ് കൗശലപൂർവം വശീകരിച്ച് പുറത്തുകൊണ്ടുവന്നു. കോട്ട പിടിച്ചടക്കിയ ഖാലിദ് ആയിരം ഒട്ടകങ്ങളും എണ്ണൂറ് കുതിരകളും നാനൂറ് തടവുകാരും ഉൾപ്പെടുന്ന യുദ്ധമുതലുകളുമായിട്ടാണ് തബൂക്കിലേക്ക് മടങ്ങിയത്. ധിക്കാരിയായ ആ രാജകുമാരന് നബി പൊറുത്തുകൊടുത്തു. കൂറും ബഹുമാനവും കാണിക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ അയാളുടെ വസ്തുവകകൾ തിരിച്ചുകൊടുക്കുകയും ചെയ്തു.

# 4

ഹിജ്റ ഒമ്പതാം വർഷം, തബൂക് സംഭവത്തിനു മുമ്പ് അവതരിച്ചുതുടങ്ങിയ 'അൽ ബറാഅ' എന്ന സൂറഃ മദീനയിലേക്കുള്ള മടക്കത്തോടെ പൂർത്തിയായി. ഇസ്ലാമികചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നായ ആ അധ്യായം ഇപ്പോൾ പൂർത്തിയായിരിക്കുന്നു. വഞ്ചകരെന്ന് ആവർത്തിച്ച് തെളിയിച്ചിട്ടുള്ളവരും മുസ്ലിംകളും തമ്മിലുള്ള വ്യക്തമായ വിഭജനത്തെയാണത് കുറിക്കുന്നത്. 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്നാരംഭിക്കാത്ത ഏക സൂറയാണിത്.

ആദ്യ സൂക്തം തന്നെ അധ്യായത്തിന്റെ യഥാർഥ സ്വഭാവം വ്യക്തമാക്കുന്നു: " നിങ്ങൾ സന്ധിയിലേർപ്പെട്ട ബിംബാരാധകരോടുള്ള അല്ലാഹുവിന്റെയും പ്രവാചകന്റെയും മുക്തിപ്രഖ്യാപനമത്രെ ഇത്." കരാറുകൾ വീണ്ടും വീണ്ടും ലംഘിക്കപ്പെട്ടത് അതോർമിപ്പിക്കുന്നു. പല വിശ്വാസലംഘനങ്ങൾക്കുശേഷവും അവിശ്വാസികൾ കുറ്റസമ്മതം നടത്തിയിട്ടും ഖുർആൻ അതുവരെ സമാധാനത്തിന് മാത്രമേ ഉപദേശിച്ചിട്ടുള്ളൂ. പക്ഷേ, എന്നും ഇത് ക്ഷമിക്കാൻ സാധ്യമാണോ? ഇക്കാര്യത്തിൽ 'അൽബറാഅ' മുസ്ലിംകൾക്ക് സ്പഷ്ടമായ നിർദേശം നൽകുന്നു:

"പുണ്യമാസങ്ങൾ കഴിയുവോളം കാത്തിരിക്കുക. അപ്പോൾ അല്ലാഹുവും അവന്റെ പ്രവാചകനും വിഗ്രഹാരാധകരോട് ഇനിയും സൗമനസ്യം കാട്ടേണ്ടതില്ലെന്ന് പ്രഖ്യാപിക്കും. (പറയുക:) നിങ്ങൾ പശ്ചാത്തപിക്കുകയാണെങ്കിൽ- അതാണ് നിങ്ങൾക്ക് നല്ലത്. നിങ്ങളങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെ കോപത്തിൽനിന്ന് നിങ്ങൾക്ക് രക്ഷയില്ല. വിഗ്രഹാരാധകരെ കഠിന ശിക്ഷയെക്കുറിച്ച സുവാർത്ത അറിയിക്കുക. പുണ്യമാസങ്ങൾ കഴിഞ്ഞാൽ എവിടെ കണ്ടാലും വിഗ്രഹാരാധകരെ കശാപ്പ് ചെയ്യുക; അവരെ തടവുകാരായി പിടിക്കുക; അവരുടെ നഗരങ്ങളിൽ ഉപരോധമേർപ്പെടുത്തുക; കഴിയാവുന്നിടത്തോളം അവരെ തുരത്തുക. അവരുമായി നിങ്ങളെങ്ങനെ സന്ധിയോ സഖ്യമോ ഉണ്ടാക്കും? മേൽക്കൈ കിട്ടുമ്പോൾ അവരതിനെ മാനിക്കാതിരിക്കില്ലേ? അവർ വാക്കുകൾകൊണ്ട് നിങ്ങളെ തൃപ്തിപ്പെടുത്തുമ്പോൾ ഹൃദയം അവരോട് സത്യസന്ധത പുലർത്തുന്നില്ല. അവരോട് പൊരുതുക! നിങ്ങ

ളുടെ കൈയാൽ തന്നെ അല്ലാഹു അവരെ ശിക്ഷിക്കും. അവൻ അവരുടെ മേൽ നിങ്ങൾക്ക് വിജയം നൽകും.” ഉടമ്പടിവ്യവസ്ഥകൾ പാലിക്കാത്ത അവിശ്വാസികൾക്കെതിരായിട്ടാണ് ഈ യുദ്ധാഹ്വാനം നടത്തിയിട്ടുള്ളതെന്ന് വ്യക്തം. ഈ അധ്യായം അവിശ്വാസികൾക്ക് മസ്ജിദ് പ്രവേശം നിഷേധിക്കുകയും ചെയ്യുന്നുണ്ട്. ഇസ്‌ലാമിനെതിരായ യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ശ്രമങ്ങൾ പരാജയപ്പെടുത്തുമെന്നും പ്രഖ്യാപിക്കുന്നുണ്ട്; അവരുടെ പുരോഹിതരുടെയും സന്യാസിമാരുടെയും ഭൗതിക മോഹങ്ങൾ ഈ അധ്യായം വിവരിക്കുന്നു. തബൂക്കിൽ പോകാൻ വൈമനസ്യം കാണിച്ചവരെയും ചാഞ്ചല്യം പ്രകടിപ്പിച്ചവരെയും ഓടിപ്പോയവരെയും അത് ശാസിക്കുന്നു. അല്ലാഹുവിന്റെയും പ്രവാചകന്റെയും മാർഗങ്ങളിലൂടെ ചരിക്കുന്നവർക്ക് അത് പ്രതിഫലം വാഗ്ദാനം ചെയ്യുന്നു: “നദികളൊഴുകുന്ന പൂന്തോട്ടങ്ങളിൽ, അല്ലാഹുവിന് പ്രീതിയുള്ള എല്ലാം അവർ ആസ്വദിക്കും”. ഇസ്‌ലാമിന്റെ യഥാർഥ ലക്ഷ്യമായ സത്യപ്രചാരണത്തിന് ഓരോ മുസൽമാനും സംഭാവനയർപ്പിക്കണമെന്ന് ആ സൂറയുടെ അവസാനം ആഹ്വാനം ചെയ്യുന്നു.

ഇസ്‌ലാമിന്റെ ഈ അന്ത്യശാസനം വഞ്ചകരായ ഗോത്രങ്ങളെ അലി അറിയിച്ചപ്പോൾ അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

“അലിയേ, നിങ്ങളുടെ ബന്ധു മുഹമ്മദിനോട് ചെന്നു പറയുക, കരാറുകളെല്ലാം ഞങ്ങൾ വലിച്ചെറിഞ്ഞുകളഞ്ഞുവെന്ന്, വാളും കുന്തവും കൊണ്ട് പരിഹരിക്കാവുന്നതല്ലാത്ത ഒരു കരാറും അദ്ദേഹവുമായി ഞങ്ങൾക്കില്ലെന്ന്.”

പക്ഷേ, ഈ വീരവാദം അവരെ എങ്ങും എത്തിച്ചില്ല. ഹുനൈൻ-ത്വാഇഫ് വിജയം അവിശ്വാസികളുടെ ശക്തി എന്നന്നേക്കുമായി തകർത്തുകഴിഞ്ഞിരുന്നു.

# 5

ഹിജ്റ പത്താം വർഷം അവസാനിക്കാറായി. നബി തിരുമേനിക്ക് ഇപ്പോൾ അറുപത്തിമൂന്ന് വയസ്സുണ്ട്. തന്റെ ദൗത്യം പൂർത്തിയായെന്ന് അദ്ദേഹത്തിന് തോന്നി. അല്ലാഹു വാഗ്ദാനങ്ങളെല്ലാം പാലിച്ചിരിക്കുന്നു-തന്റെ വ്യക്തിജീവിതത്തിനും തന്നിലൂടെ വിളംബരം ചെയ്ത മതത്തിനും വിജയം പ്രദാനം ചെയ്തുകൊണ്ട്. യാത്രയുടെ അന്ത്യം അടുത്തുകഴിഞ്ഞുവെന്ന് അദ്ദേഹത്തിന്റെ പ്രായവും ആരോഗ്യവും സൂചിപ്പിക്കുന്നുണ്ട്. സൂര്യൻ അസ്തമിക്കുകയായി. വിജയത്തിന്റെ സൗവർണ രാജികൾ വാരിത്തൂവിയ സന്ധ്യാകാശം.

താൻ പ്രബോധനം ചെയ്ത മതം ചുറ്റും വളർന്നുവലുതായതദ്ദേഹം

കാണുന്നുണ്ട്. രാജാക്കന്മാരും കവികളും യോദ്ധാക്കളും ഗോത്രങ്ങളും ഏകദൈവവിശ്വാസത്തിനു വേണ്ടി വാദിക്കുന്നു. ഒരു കാലത്ത് താനും യസ്രിബുകാരും രഹസ്യമായി ചെയ്ത പ്രതിജ്ഞ അവർ ആവർത്തിക്കുന്നു. തന്റെ സമകാലികരിൽനിന്ന് തന്റെ ദൗത്യത്തിന് ഇത്ര വലിയ സ്വീകരണമുണ്ടാകുമെന്നദ്ദേഹം പ്രതീക്ഷിച്ചിട്ടില്ല. ദീർഘകാലത്തെ കഠിന യാതനകളും മോഹഭംഗങ്ങളും കഴിഞ്ഞ പത്തുവർഷത്തെ ഉജ്ജ്വല വിജയത്തോടെ മാഞ്ഞുപോയിരിക്കുന്നു.

ദൈവകാരുണ്യത്തെക്കുറിച്ചോർത്ത് സ്വയം അഭിമാനിക്കുന്ന ഈ സന്ദർഭത്തിലും അദ്ദേഹത്തിന് ഒരു വലിയ നഷ്ടം സംഭവിച്ചു. ജനനം മുതൽക്കേ തന്റെ കൺമണിയായ, ഹൃദയാഹ്ലാദമായ കൊച്ചു ഇബ്റാഹീമും തന്നെ വിട്ടുപിരിഞ്ഞു-വരും തലമുറകളുമായി തന്നെ കൂട്ടിക്കൊളുത്തേണ്ടുന്ന ലോലമായ കണ്ണി. ആരെയും വശീകരിക്കുന്ന മന്ദസ്മിതം, ചുരുണ്ട തലമുടി, അഴകും ആരോഗ്യവുമുള്ള ഇബ്റാഹീം ഏതൊരു കുടുംബത്തിനും അഭിമാനം നൽകുന്ന കുട്ടിയായിരുന്നു. ഉമ്മ മാരിയ ആകട്ടെ, തന്റെ പൊന്നുമോനിൽ കാണുന്നത് തന്റെ പ്രിയപ്പെട്ടവന്റെ രൂപം തന്നെയാണ്. മറ്റു വിശ്വാസികൾക്കും ഇബ്റാഹീമിനോട് അതിരറ്റ വാത്സല്യമായിരുന്നു-ആണുങ്ങൾക്ക് അവനോട് ബഹുമാനമാണെങ്കിൽ പെണ്ണുങ്ങളാഗ്രഹിക്കുന്നത് എല്ലാ കുഞ്ഞുങ്ങളും അവനെപ്പോലെ ആയിരുന്നെങ്കിൽ എന്നാണ്.

എന്നാൽ, വാത്സല്യനിധികളായ മാതാപിതാക്കളിൽനിന്ന്, തന്നെ സ്നേഹിക്കുന്ന ജനങ്ങളിൽനിന്ന് അവനെ മരണം അപഹരിക്കുകയായിരുന്നു. മാരിയയുടെ ഹൃദയം തകർന്നുപോയി. പ്രവാചകൻ തന്റെ ദുഃഖം കണ്ണീരായൊഴുക്കി. പിന്നെ, ആ പിഞ്ചുപൈതലിന്റെ മൃദുലകോമള ശരീരം കൈകളിലെടുത്ത് അദ്ദേഹം ഒരു ഈന്തപ്പനത്തൈയിന്റെ ചോട്ടിൽ സംസ്കരിച്ചു. ആ ഖബ്റിടത്തിനു മീതെയുള്ള മണ്ണ് സ്വന്തം കൈകൊണ്ട് മിനുസപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. "ദുഃഖഭരിതരായ ഹൃദയത്തിന് ഇതൊരാശ്വാസമാണ്"- അദ്ദേഹം പറയുകയുണ്ടായി. "അതുകൊണ്ട് പരേതാത്മാക്കൾക്ക് നഷ്ടമോ നേട്ടമോ ഇല്ലെങ്കിൽ പോലും ജീവിക്കുന്നവരുടെ ഹൃദയഭാരം കുറയ്ക്കും."

ആരോഗ്യം മോശമായി വരുകയാണ്. സന്ധ്യാവെളിച്ചം മറയുകയാണ്. രാച്ചെല്ലും മുമ്പേ, ജീവിതാന്ത്യത്തിനു മുമ്പേ ഒരിക്കൽ കൂടി തീർഥാടനത്തിനായി മക്കയിൽ പോകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു-അവിടെ അവസാനമായി ബലിയർപ്പിക്കണം. തന്റെ ജനങ്ങൾക്ക് അന്ത്യസന്ദേശം നൽകണം. നബി മക്കയിലേക്ക് പോവുകയാണെന്ന വാർത്ത കാട്ടുതീ പോലെ അറേബ്യയാകമാനം വ്യാപിച്ചു. ഒരു വലിയ പുരുഷാരം മക്കയിലെത്തി- മക്ക കണ്ടിട്ടുള്ളതിൽവെച്ചേറ്റവും വലിയ

തീർഥാടകപ്രവാഹം. കൃത്യമായി പറഞ്ഞാൽ ഒരു ലക്ഷത്തി ഇരുപത്തി നാലായിരമാളുകൾ. ഹജ്ജ്മാസം നാലാം തീയതിയാണ് പ്രവാചകൻ എത്തുന്നത്. തീർഥാടനത്തിലെ കർമങ്ങളെല്ലാം അദ്ദേഹം അനുഷ്ഠിച്ചു. ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ളവർ അന്ന് ഹജ്ജിനെത്തിയിരുന്നു-ഗോത്രത്തലവന്മാർ, യോദ്ധാക്കൾ, പണ്ഡിതന്മാർ, കവികൾ, അധ്യാപകർ, വ്യാപാരികൾ, നെയ്ത്തുകാർ, വീട്ടുജോലിക്കാർ തുടങ്ങി എല്ലാവരും. അവിടെ ഒരു വിവേചനവുമില്ല. രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള മുസ്ലിംകളുടെ ഒരു മഹാസമ്മേളനമാണത്. എല്ലാവരും അവിടെ സമ്മേളിച്ചിരിക്കുന്നത് സഹോദരന്മാരായിട്ടാണ്. ഇസ്ലാമിൽ നിന്നുൾക്കൊണ്ട സ്നേഹം നിറഞ്ഞ ഹൃദയങ്ങളോടു കൂടിയാണ്.

ഹജ്ജ് കർമാനന്തരം ഒട്ടകപ്പുറത്ത് കയറിയ നബി തന്റെ ജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. അവിസ്മരണീയമായൊരു മുഹൂർത്തമായിരുന്നു അത്. അതിന് സാക്ഷ്യം വഹിച്ചവരുടെ മനസ്സുകളിൽ ഉർനാ താഴ്വര ഏറെനാൾ തങ്ങിനിന്നിരിക്കണം. ആബാലവൃദ്ധം ജനങ്ങൾ പങ്കെടുത്ത ഒരു മനുഷ്യമഹാസമുദ്രമായിരുന്നു അത്. മിക്കവരും വെയിലേറ്റു കറുത്തവരാണ്. സുന്ദരന്മാരും സുന്ദരികളും ഏറെയുണ്ടാ കൂട്ടത്തിൽ. എല്ലാവരും നിശ്ശബ്ദരായി, ദത്തശ്രദ്ധരായി കാതോർത്തിരുന്നു. മന്ത്രമധുരവും എന്നാൽ സ്പഷ്ടവുമായ സ്വരത്തിലാണ് അദ്ദേഹം സംസാരിച്ചത്. ഓരോ വാചകം പൂർത്തിയാകുമ്പോഴും ആൾക്കൂട്ടത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് അത് ഉച്ചത്തിൽ ആവർത്തിക്കും; ദൂരെയുള്ളവർക്ക് കേൾക്കാൻ കഴിയുമാറ്. തന്റെ ശ്രോതാക്കളോട് അദ്ദേഹം ചെയ്തത് ഉദാത്തമായൊരു പ്രഭാഷണമായിരുന്നു. എക്കാലവും ഓർമിക്കപ്പെടുന്ന ഒരു സന്ദേശം, എക്കാലത്തെയും ഇസ്ലാംമതാനുയായികൾക്കുള്ള ദൃഷ്ടാന്തം. കാരുണ്യത്തിന്റെ ജീവവായു ഉൾക്കൊള്ളുന്നതാണത്. മനുഷ്യർ തമ്മിലുള്ള ഇടപാടുകളെ അവ നീതിപൂർവകവും പ്രയോഗക്ഷമവുമാക്കുന്നതായിരുന്നു; അപരിമേയമായ സാഹോദര്യത്താൽ മുസ്ലിംകളെ ഒന്നടങ്കം കൂട്ടിക്കൊളുത്തുന്നതായിരുന്നു; ഒരു സാമൂഹികക്രമത്തിന് അന്തിമ രൂപം നൽകുന്നതായിരുന്നു; ലോകത്ത് ഇതഃപര്യന്തം കണ്ടിട്ടുള്ള ഏത് സമൂഹത്തെയുംകാൾ അനീതിയിലും പീഡനത്തിലും നിന്ന് മനുഷ്യരെ മോചിപ്പിക്കുന്നതായിരുന്നു:

"ജനങ്ങളേ! എന്റെ വാക്കുകൾ കേട്ടാലും. ഞാൻ നിങ്ങളോടൊപ്പം എത്രനാൾ ഉണ്ടായിരിക്കും എന്നറിയില്ല. ഓർക്കുക: ഒരു കാലത്തും നിങ്ങൾ പരസ്പരം ജീവനും സ്വത്തും അപഹരിക്കരുത്.

"ഓരോ മനുഷ്യന്നും അവന്റെ അനന്തരാവകാശമുണ്ടായിരിക്കണമെന്ന് അല്ലാഹു കൽപിച്ചിട്ടുണ്ട്. തന്റെ അനന്തരാവകാശിയെ മറ്റു വിധത്തിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ഒസ്യത്തും പ്രമാണവും നിയമവിരുദ്ധ

മാകുന്നു.

“ജനങ്ങളേ! നിങ്ങൾക്ക് സ്വന്തം ഭാര്യമാരുടെ മേൽ അവകാശമുണ്ട്; അവർക്ക് നിങ്ങളുടെ മേലും. ദാമ്പത്യവിശ്വാസത്തെ മാനിക്കാൻ അവർ ബാധ്യസ്ഥരാണ്. അവർ മര്യാദകേട് കാണിച്ചാൽ കഠിനമായല്ലാതെ നിങ്ങൾക്ക് ശിക്ഷിക്കാം. നിങ്ങളുടെ ഭാര്യമാർ വിശ്വസ്തത പാലിക്കുന്ന വരും മര്യാദക്കാരുമാണെങ്കിൽ അവരെ സമുചിതമായി സംരക്ഷിക്കുക. അല്ലാഹു നിങ്ങളെ ഏൽപിച്ച നിധിയാണവർ.

“നിങ്ങൾ കഴിക്കുന്ന ആഹാരവും നിങ്ങൾ ധരിക്കുന്ന വസ്ത്രവും നിങ്ങളുടെ അടിമക്കും നൽകുക. അവർ തെറ്റു ചെയ്യുകയാണെങ്കിൽ പൊറുത്തുകൊടുക്കാൻ മനസ്സനുവദിക്കാത്തപക്ഷം അവരെ വിൽക്കുക. കാരണം, അവരെല്ലാം തന്നെ ദൈവത്തിന്റെ അടിമകളാണ്. അവരെ പീഡിപ്പിച്ചുകൂടാ.

“അല്ലയോ ജനങ്ങളേ, കേട്ടാലും! ഞാൻ പറയുന്നതെന്തെന്ന് ശ്രദ്ധി ച്ചാലും! ഇത് മനസ്സിലുറപ്പിക്കുക: ഓരോ മുസൽമാനും മറ്റൊരു മുസൽമാന്റെ സഹോദരനാകുന്നു. നിങ്ങളെല്ലാവരും തുല്യർ. തുല്യ അവ കാശങ്ങളുള്ളവർ; അതുപോലെ തുല്യ ബാധ്യതകളുമുണ്ട്. പൊതുവായ ഒരു സാഹോദര്യശൃംഖലയിലെ അംഗങ്ങളാണ് നിങ്ങളെല്ലാം.”

പിന്നെ അദ്ദേഹത്തിന്റെ സ്വരം ഉയർന്നു: “അല്ലാഹുവേ, ഞാൻ നിന്റെ ദൗത്യം ഇതാ പൂർത്തിയാക്കിയിരിക്കുന്നു.”

ജനങ്ങളോടായി ചോദിക്കുന്നു: “അല്ലാഹുവിന്റെ ദൗത്യം ഞാൻ നിങ്ങളിലെത്തിച്ചില്ലയോ?” ഇടിനാദം പോലൊരു സ്വരം താഴ്വരയിൽ പ്രതിധ്വനിച്ചു. ആയിരമായിരം കണ്ഠങ്ങളിൽനിന്ന്, ഒറ്റ സ്വരത്തിൽ ഉയർന്നു: “അല്ലാഹുവിന്റെ പ്രവാചകാ, അവിടുന്ന് തീർച്ചയായും ദൗത്യം നിറവേറ്റിയിട്ടുണ്ട്.”

അനന്തരം മരുഭൂമിയിലെ പ്രവാചകന്റെ അന്തിമസന്ദേശങ്ങളും മന സ്സിലേറ്റി തീർഥാടകരുടെ ആ വലിയ പുരുഷാരം പിരിഞ്ഞുപോയി.

# 6

ഹിജ്റ പതിനൊന്നാം വർഷം. സ്വഫർ മാസം അവസാനിക്കാറാ കുന്നു. ഇസ്ലാം മതം പൂർത്തീകരിച്ചതായുള്ള ദൈവികസന്ദേശം നബിക്ക് ലഭിച്ചു: “ഈ ദിവസം നിങ്ങളുടെ മതം നിങ്ങൾക്ക് പൂർത്തിയാക്കിത്ത ന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു.” മക്കയിൽവെച്ച് ഹജ്ജ് വേളയിൽ, അദ്ദേഹത്തിന് ഇങ്ങ നെയൊരു വെളിപാടുണ്ടായിരുന്നു: “അല്ലാഹുവിന്റെ സഹായവും വിജ

യവും കൈവരുമ്പോൾ, മനുഷ്യർ കൂട്ടത്തോടെ അല്ലാഹുവിന്റെ മതത്തിലേക്ക് വരുന്നത് നീ കാണുമ്പോൾ, ദൈവത്തെ പ്രകീർത്തിക്കുക; അവന്റെ കാരുണ്യത്തിന് ഇരക്കുക.”

നബി രോഗശയ്യയിലായി. അദ്ദേഹത്തിന്നറിയാം ഇത് തന്റെ അന്തിമ ശയ്യ കൂടിയാണെന്ന്. ഉസാമ ഇബ്നു സൈദിന്റെ നേതൃത്വത്തിൽ സിറിയയിലേക്കയച്ച സൈനിക ദൗത്യത്തിന്റെ ഫലമറിയുന്നതു വരെ ജീവിച്ചിരിക്കാൻ അദ്ദേഹത്തിന് വിധിയുണ്ടാകുമോ? ഗ്രീക്കുകാർ ഒരു മുസ്‌ലിം പ്രതിപുരുഷനെ വധിച്ചതിന് പകവീട്ടുകയാണ് മുസ്‌ലിം സൈന്യത്തിന്റെ ലക്ഷ്യം.

ഭാര്യ സൈനബിന്റെ വസതിയിൽ വച്ചാണ് നബി രോഗഗ്രസ്തനായത്. രോഗം കൂടുതലായപ്പോൾ അദ്ദേഹത്തെ ആഇശയുടെ വീട്ടിലേക്ക് മാറ്റി. മാരക ജ്വരം ബാധിച്ച നബി കഠിനവേദനയനുഭവിച്ചുകൊണ്ടാണിവിടെ കിടന്നത്.

കൃശഗാത്രയായ ആഇശയുടെ മടിയിൽ തല ചായ്ചു കിടക്കുകയാണ്.

തനിക്ക് കഴിയുമ്പോഴെല്ലാം പള്ളിയിൽ നമസ്കാരത്തിന് നേതൃത്വം നൽകിയിട്ടുണ്ട്. തനിക്ക് അനങ്ങാൻ വയ്യെന്ന നില വന്നപ്പോൾ അബൂബക്റിനെ അതിന് നിയോഗിച്ചു. കഴിഞ്ഞ ദിവസം പള്ളിയിൽ ചെന്നപ്പോൾ തന്നെ ആക്രമിച്ചിട്ടുള്ള കഠിന രോഗത്തെക്കുറിച്ച് അവിടെ വന്നവരോട് അദ്ദേഹം പറഞ്ഞു; അടുത്ത ദിവസം തനിക്ക് വരാൻ കഴിഞ്ഞേക്കില്ലെന്ന് സൂചിപ്പിക്കുകയും. ആർക്കെങ്കിലും താൻ വല്ല വായ്പയും തിരിച്ചുകൊടുക്കാനുണ്ടെങ്കിൽ ഓർമിപ്പിക്കണമെന്നുകൂടി അദ്ദേഹം പറയുകയുണ്ടായി. ഒരു ജൂതൻ എഴുന്നേറ്റ് മൂന്ന് ദിർഹമിനുവേണ്ടി അവകാശമുന്നയിച്ചു; അപ്പോൾ തന്നെ അത് കൊടുക്കുകയും ചെയ്തു.

രോഗം അതിവേഗം വർധിച്ചു. പ്രവാചകന്റെ ദീർഘായുസ്സിനുവേണ്ടി മദീന മുഴുവൻ അസ്വസ്ഥമായി. കണ്ണീരൊഴുക്കിക്കൊണ്ട് കട്ടിലിന്നരികെ ഫാത്വിമ ഇരുന്നു. ‘‘ഫാത്വിമാ’’, അവിടുന്ന് മകളെ സാന്ത്വനിപ്പിച്ചു: “കണ്ണീർ തുടച്ചുകളയൂ.” മൂടൽമഞ്ഞ് പുതച്ച നിലാവുപോലെ ഫാത്വിമ മന്ദഹസിച്ചു. പിതാവിന്റെ സാന്ത്വനം മകളെ കൂടുതൽ ദുഃഖിതയാക്കുകയായിരുന്നു.

തന്റെ സുഹൃത്തുക്കളെ ഓരോരുത്തരെയായി അടുത്തു വിളിച്ച് അദ്ദേഹം അവരോട് സംസാരിച്ചു. ചെറുത്തുനിൽക്കാനാവാത്ത വിധം സമുദ്രത്തിലേക്കാഴ്ന്നുപോകുന്നതായദ്ദേഹത്തിനു തോന്നിയിരിക്കണം. പക്ഷേ, എന്നത്തേയും പോലെ അദ്ദേഹം നിർഭയനാണ്. തന്റെ അന്ത്യസംസ്കാര കർമം എങ്ങനെ വേണമെന്ന് ശാന്തനായി കുടുംബാംഗങ്ങളോട് പറയുകയാണ്.

ഇരുപത്തിമൂന്ന് വർഷം മുമ്പ് താൻ നിയോഗിക്കപ്പെട്ട പ്രവാചകദൗത്യം അങ്ങനെ മുഹമ്മദ്നബി പൂർത്തിയാക്കി. മനക്കരുത്തോടെ എന്നും അദ്ദേഹം ഈ അന്ത്യം പ്രതീക്ഷിച്ചിരുന്നതാണ്. മരണത്തെ അഭിമുഖീകരിച്ചപ്പോൾ പോലും സാധാരണ മനുഷ്യരുടെ ഹൃദയദൗർബല്യങ്ങളൊന്നും അദ്ദേഹം പ്രകടിപ്പിച്ചില്ല തന്റെ പ്രവാചകജീവിതത്തിന്റെ സവിശേഷതയായിരുന്ന ഇച്ഛാശക്തിയോ സ്വഭാവദാർഢ്യമോ ഒട്ടും ചോർന്നുപോയില്ല.

ലോകത്തിന്റെ മുഖച്ഛായ മാറ്റാൻ, മാനവതയെ പുതിയ രഥ്യയിലൂടെ നയിക്കാൻ ജനിക്കുന്ന ദൈവദൂതരിലൊരാളായിരുന്നുവെന്ന് അന്ത്യനിമിഷങ്ങളിൽപോലും അദ്ദേഹം തെളിയിച്ചു.

ആഇശയുടെ സ്നേഹപൂർണമായ പരിചരണമേറ്റ് കിടന്ന അന്ത്യനിമിഷങ്ങളിൽ അന്ത്യപ്രവാചകന്റെ മനക്കണ്ണുകളിലൂടെ കഴിഞ്ഞതെല്ലാം നാടകീയദൃശ്യങ്ങൾ പോലെ ഒന്നൊന്നായി കടന്നുപോയിട്ടുണ്ടാവണം. ഒരനാഥനായി ജനിച്ചുവളർന്ന ബാലൻ. അബ്ദുൽ മുത്ത്വലിബിന്റെ തോളിലേറി കളിച്ചത്, അബൂത്വാലിബിന്റെ കൂടെ സഞ്ചരിച്ചത്, ധനികയായ ഖദീജക്കുവേണ്ടി കച്ചവടക്കാരനായി ഒരൊട്ടകത്തോടൊപ്പം മണലാരണ്യങ്ങളിലൂടെ അലഞ്ഞുനടന്നത്, വിവാഹിതനാവുന്നത്- എല്ലാം തെളിഞ്ഞു തെളിഞ്ഞുവരുന്നു. വീട്ടിനു ചുറ്റും കുട്ടികളോടൊപ്പം ഓടിക്കളിക്കുന്നു. എത്ര വേഗമാണ് പതിനഞ്ചു വർഷങ്ങൾ കടന്നുപോയത്! ദൈവവും മനുഷ്യനും തമ്മിലുള്ള യുദ്ധഭൂമിയായിത്തീർന്ന അറേബ്യ നിനവിൽ വരുന്നു. ആദ്യ വെളിപാടിന്റെ വിസ്മയ ദൃശ്യം തെളിയുന്നു. ഖദീജയുടെ ഊഷ്മളമായ അനുതാപം, അലിയുടെ ആവേശം, ഉമറിന്റെ മതപരിവർത്തനം, ഖുറൈശികൾക്കിടയിലെ സംത്രാസം, ഉന്നത സ്ഥാനങ്ങൾ നൽകാമെന്ന പ്രലോഭനം, പീഡനം, ഭ്രഷ്ട്, പലായനം....യസ്രിബിൽ നിന്നുവന്ന ആറു പേരുമായി കണ്ടുമുട്ടാനിടയായ യാദൃച്ഛിക സംഭവം നിനവിൽ വരുകയായി. മദീനയിലേക്കുള്ള അവരുടെ ക്ഷണം, ബദ്ർ യുദ്ധം, ഇസ്ലാമിന്റെ ഭാവിയുടെ മീതെ തലനാരിഴയിൽ തൂങ്ങിക്കിടക്കുന്ന അജ്ഞാത വിധിയുടെ മുഹൂർത്തങ്ങൾ, ഉഹുദിൽനിന്ന് ഒളിച്ചോടിയ യോദ്ധാക്കൾ, അഹ്സ്വാബ് വിജയം, ഹുദൈബിയാ ഉടമ്പടി, ഉമറിന്റെ അസംതൃപ്തി, ജൂതന്മാരുടെ വഞ്ചനകൾ, ബനൂഖുറൈള ഗോത്രക്കാർ, ഹഫ്സ്വയും സ്വഫിയയുമായുള്ള വിവാഹം, പെട്ടെന്നുണ്ടായ ഇസ്ലാമിന്റെ ഭാഗ്യോദയം, പുതിയ മതത്തിലേക്ക് വിവിധ ഗോത്രങ്ങളുടെയും പ്രമുഖ വ്യക്തികളുടെയും ആഗമനം, മക്കാവിജയം, അറേബ്യയുടെ നാലു കോണുകളിലേക്കും വ്യാപിച്ച ഇസ്ലാമിക സാമ്രാജ്യം, ഹെർക്കുലീസിനും മുഖൗഖിസിനുമുള്ള ക്ഷണം, മാരിയ പ്രദാനം ചെയ്ത ഇബ്റാഹീം, ഉർനാ താഴ്വരയിൽ നിശ്ശബ്ദം കേട്ടിരിക്കുന്ന വമ്പിച്ച സദസ്സ്.

അന്ത്യപ്രവാചകൻ അന്ത്യനിമിഷങ്ങളിലൂടെ കടന്നുപോയ്ക്കൊണ്ടി

രിക്കവേ, അദ്ദേഹത്തിന്റെ നേട്ടങ്ങൾ ജനങ്ങളുടെ നിനവിലും ഉയർന്നുവന്നുകൊണ്ടിരുന്നു. തങ്ങൾ ആരാധിച്ചിരുന്ന വിഗ്രഹദൈവങ്ങളെക്കുറിച്ച് അവർക്ക് ഓർമയുണ്ട്. സുഗ്രഹവും എന്നാൽ സമഗ്രവുമായ ലളിതമായ ഒരു വിശ്വാസത്തിലേക്ക് അദ്ദേഹം തങ്ങളെ കൈപിടിച്ചുയർത്തുകയായിരുന്നു. ലോകത്തിലെ മറ്റെല്ലാ വിശ്വാസികളെയും പിന്നിലാക്കുന്ന ഒരു മതം. തിന്മ ചെയ്യുന്നവരെ ശിക്ഷിക്കുകയും നന്മ ചെയ്യുന്നവർക്ക് പ്രതിഫലം നൽകുകയും ചെയ്യുന്ന, സമസ്ത പ്രപഞ്ചങ്ങളുടെയും നാഥനായ ഏകദൈവത്തിന്റെ മതം. തങ്ങളുടെ ഭാഷയെ ധന്യവും സംഗീതസാന്ദ്രവുമാക്കി പരിപൂർണതയിലെത്തിച്ച വിശുദ്ധ ഖുർആൻ അവതരിച്ചത് ഈ മനുഷ്യനിലൂടെയാണ്. ഉജ്ജ്വലമായ ബിംബകൽപനകളും ആശയങ്ങളും കൊണ്ട് സമ്പൂർണമാണത്. മൃഗങ്ങളുടെ കരച്ചിലും തിരമാലകളുടെ മർമരവും ഇടിമുഴക്കവും കാറ്റിന്റെ നിശ്വാസവും- പ്രകൃതിയുമായി അങ്ങേയറ്റത്തെ ലയൈക്യമുണ്ടതിന്. വളരെക്കാലം അദ്ദേഹം അനുഭവിക്കേണ്ടിവന്ന അപമാനവും പീഡനങ്ങളും അദ്ദേഹത്തിന്റെ യശസ്സുയർത്താനേ സഹായിച്ചിട്ടുള്ളൂ-തന്റെ ദൗത്യത്തിലുള്ള വിശ്വാസം നിലനിർത്തിയതിനുള്ള ബഹുമതി കൂടിയുണ്ടദ്ദേഹത്തിന്. നബിയുടെ സഹനശക്തിയെയും ധീരതയെയും കുറിച്ച് രണ്ടഭിപ്രായമില്ല. ജൂതന്മാരും ക്രിസ്ത്യാനികളും മാത്രമല്ല, ജനിച്ചുവളർന്ന സ്വന്തം ഗോത്രം, ഖുറൈശിക്കൂട്ടം പോലും അദ്ദേഹത്തെ തിരസ്കരിക്കുകയായിരുന്നു. വിദ്വേഷവും ശബ്ദാരവങ്ങളും തന്റെ പാതയിൽ നിന്നദ്ദേഹത്തെ അൽപംപോലും പിന്തിരിപ്പിച്ചില്ല. പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ കഴിയുന്ന കരുത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. അനേക കാലമായി നിലനിന്നുപോന്ന കുടുംബപ്പകകളുടെ സ്ഥാനത്ത് പരസ്പരൈക്യത്തിന്റെ പവിത്ര ശൃംഖലകൾ തീർത്തുകൊണ്ട് അദ്ദേഹം സ്ഥാപിച്ച പ്രായോഗിക സാഹോദര്യക്രമം ചരിത്രത്തിൽ ആദ്യത്തേതാണ്. നബിയും അദ്ദേഹത്തിന്റെ സൈന്യവും വിജയമോ, രക്തസാക്ഷിത്വമോ രണ്ടിലൊന്നിനു വേണ്ടിയേ യുദ്ധം ചെയ്തിട്ടുള്ളൂ. വെറുമൊരു ഭൗതിക സാമ്രാജ്യമല്ല അദ്ദേഹം പടുത്തുയർത്തിയത്; ജനഹൃദയങ്ങളിലെ സാമ്രാജ്യമാണ്. മുസ്ലിംകളോട് ഏത് ത്യാഗത്തിനും അദ്ദേഹത്തിനാവശ്യപ്പെടാമായിരുന്നു. പുതുതായി ഇസ്‌ലാം വിശ്വസിച്ചവരാകട്ടെ അർപ്പിത ചേതസ്സുകളായി ആവേശപൂർവം പ്രവർത്തിച്ചു. ശത്രുപക്ഷത്തെ ധീരരും ബുദ്ധിശാലികളുമായ ആളുകളെപ്പോലും തന്റെ മതത്തിലേക്ക് ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതുകൊണ്ടുതന്നെ മദീനയിലെ കൊച്ചു രാജ്യത്തിൽനിന്ന് ശക്തമായ ഒരു സാമ്രാജ്യമായി അത് വികസിച്ചു. അറേബ്യയിൽ രൂപം കൊണ്ട മണൽക്കാറ്റ് ബൈസാന്റിയക്കാരുടെയും പേർഷ്യക്കാരുടെയും സാമ്രാജ്യഹൃദയങ്ങളിലേക്ക് ഇസ്‌ലാമിനെ വ്യാപിപ്പിക്കുമെന്ന് അന്നേ ക്രാന്തദർശികളായ നിരീക്ഷകർ കണ്ടിരുന്നു. ചുട്ടുപൊള്ളുന്ന മരുഭൂമി ചവിട്ടിക്കടന്ന് ഗ്രീക്കുകാരുടെ മേൽ ഇതിനകം ഖാലിദ് നേടിയ വിജയം ചരിത്രത്തിലെ അദ്ഭുത സംഭവങ്ങളിലൊന്നത്രെ. ഈജിപ്തും

പേർഷ്യയും സ്പെയ്നും ആക്രമിക്കാനും പിറണീസിലും സിന്ധു തടത്തിലും ഇസ്‌ലാമിന്റെ കൊടിക്കൂറ പറപ്പിക്കാനും ഉൽക്കടമായി ആഗ്രഹിക്കുന്നവരുമുണ്ട്. മുഹമ്മദ്നബി ഉണർത്തിയ മാന്ത്രിക ചൈതന്യമാണിത്.

യാത്ര ഒടുങ്ങുകയായി. കഠിന വേദന ഇപ്പോഴൽപ്പം കുറവുണ്ട്. ആഇശയുടെ മടിയിലാണ് നബിയുടെ തല. ഒരു മയക്കത്തിലാണദ്ദേഹം. പെട്ടെന്ന് ഞെട്ടിയുണരുന്നു. കണ്ണുകൾ വാതിൽക്കലെന്തോ തെരയുന്നു. വാതിൽക്കൽ മരണത്തിന്റെ മലക്ക് നിൽപുണ്ട്; അറച്ചറച്ച് അടുത്തുവരുന്നു. മുഹമ്മദ് യാത്രയ്ക്കൊരുങ്ങിക്കഴിഞ്ഞു. പതുക്കെ അവിടുന്ന് മന്ത്രിച്ചു: "അല്ലാഹു അക്ബർ."

ആഇശ കുനിഞ്ഞുനോക്കി. അവിടുന്ന് നിത്യത പൂകിയെന്നറിഞ്ഞു.

മരണവാർത്ത നഗരത്തിലെത്തിയതോടെ പരിഭ്രാന്തി പടർന്നു. ചിലർക്ക് സംസാരശക്തി നഷ്ടപ്പെട്ടു; മറ്റു ചിലർക്ക് മനസ്സാന്നിധ്യം ഇല്ലാതായി. മസ്ജിദിൽ വാർത്ത അറിയാൻ കാത്തുനിൽക്കുന്ന വമ്പിച്ച പുരുഷാരം. നബി മരിച്ചുവെന്ന് ആരോ പറഞ്ഞപ്പോൾ അത് വിശ്വസിക്കാൻ കഴിയാതെ ഉമർ അയാളെ വധിക്കാനൊരുങ്ങി: "മുഹമ്മദ്നബി മരിച്ചിട്ടില്ല; അദ്ദേഹം മരിക്കുകയുമില്ല. അതസാധ്യം."

അബൂബക്ർ പള്ളിയിൽ പ്രവേശിച്ചു. അദ്ദേഹം അവരോടടുത്തു. എല്ലാ കണ്ണുകളും അദ്ദേഹത്തിലാണ്. ഉമർ വേദനയോടെ ആ മുഖത്തേക്കുനോക്കി. അബൂബക്ർ ഒരു കൈ ഉയർത്തി. മൂകത.

മൃദുസ്വരത്തിൽ അദ്ദേഹം പറഞ്ഞു: "മുസ്‌ലിംകളേ, മുമ്പ് മരിച്ചുപോയ പൂർവപ്രവാചകരെപ്പോലെ അല്ലാഹുവിന്റെ ദൂതൻ മാത്രമാണ് മുഹമ്മദ്. അദ്ദേഹം മനുഷ്യനാണ്. അദ്ദേഹം മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്താൽ അവിടുന്ന് നിങ്ങൾക്ക് തന്ന വിശ്വാസം നിങ്ങൾ കൈവെടിയുമോ? ആകാശങ്ങളിലും ഭൂമിയിലുമുള്ള സർവസ്വവും അല്ലാഹുവിന്റേതാണ്; അല്ലാഹുവിലേക്ക് മടങ്ങേണ്ടതുമാണ്. അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദ് മരിച്ചു." സ്വല്ലല്ലാഹു അലൈഹി വസല്ലം.